# സമ്പൂർണ്ണ ശിഷ്യത്വ സുവിശേഷവത്ക്കരണം

## (The Complete Discipleship Evangelism)

**48 Lesson course - 3 levels**

**ഭാഗം – 1**

## Level 1 - 16 Lessons


***ആൻഡ്രൂ വോമ്മക്ക്***

***Andrew Wommack***

***and***

***ഡോൺ ക്രോ***

***Don Krow***

The Complete Discipleship Evangelism
Title in Malayalam: സമ്പൂർണ്ണ ശിഷ്യത്വ സുവിശേഷവത്ക്കരണം
48-Lesson Course
Level 1 (16 Lessons)

Copyright © 2012, Andrew Wommack
Permission is granted to duplicate or reproduce for discipleship purposes on the condition that it is distributed free of charge.

Andrew Wommack Ministries Inc.
P.O. Box 3333, Colorado Springs, CO 80934-3333
www.awmi.net

ISBN: xxx-xx-xxxxxx-x-x
© 2020 Andrew Wommack Ministries India
info@awmindia.net www.awmindia.net

Item Code: ML 417-1/3

Published and sold by Charis Initiatives Pvt. Ltd.

# സമ്പൂർണ്ണ ശിഷ്യത്വ സുവിശേഷവത്ക്കരണം

## ഭാഗം – 1

### ഉള്ളടക്കം


1. നിത്യജീവൻ 5
2. രക്ഷ കൃപയാൽ 13
3. നീതീകരണം കൃപയാൽ 23
4. ദൈവവുമായുള്ള ബന്ധം 29
5. ദൈവത്തിന്റെ പ്രകൃതി 38
6. മാനസാന്തരം 47
7. സമർപ്പണം 57
8. ജലസ്നാനം 65
9. ക്രിസ്തുവിലുള്ള വ്യക്തിത്വം – ഭാഗം –1 72
10. ക്രിസ്തുവിലുള്ള വ്യക്തിത്വം – ഭാഗം –2 80
11. ഒരു ക്രിസ്ത്യാനി പാപം ചെയ്യുമ്പോൾ എന്തു സംഭവിക്കുന്നു? 87
12. ദൈവ വചനത്തിന്റെ സമഗ്രത 94
13 ദൈവം കുറ്റക്കാരനല്ല 102
14 ആത്മനിറവുള്ള ഒരു ജീവിതത്തിന്റെ ശക്തി 110
15. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതെങ്ങനെ? 118
16. അന്യഭാഷയിൽ സംസാരിക്കുന്നതു കൊൺടുള്ള പ്രയോജനങ്ങൾ 126

## പാഠം 1

# നിത്യജീവൻ

### *ആൻഡ്രൂ വോമ്മക്ക്*

തിരുവെഴുത്തിലെ വളരെ സുപരിചതമായ ഒരു വാക്യമാണ് യോഹന്നാൻ 3–ാം അദ്ധ്യായത്തിലെ 16–ാം വാക്യം. ചെറുപ്പം മുതൽ എല്ലാവർക്കും അറിയാവുന്നതാണെന്ന് തോന്നുന്നെങ്കിലും അത് തെറ്റിദ്ധരിക്കപ്പെടുകയും തെറ്റായി പ്രയോഗിക്കപ്പെടുകയും ചെയ്യപ്പെട്ടിരിക്കുന്ന എന്നെനിക്കു തോന്നുന്നു. യോഹന്നാൻ 3: 16 പറയുന്നു: "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

യേശു വന്ന്, നാം നശിച്ചുപോകാതിരിക്കാൻ വേണ്ടി നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു എന്ന് പഠിപ്പിക്കാനായിട്ടാണ് ഈ വചനം പരമ്പരാഗതമായി ഉപയോഗിക്കപ്പെടുന്നത്. അതു വളരെ സത്യം തന്നെ, യേശു ഭൂമിയിൽ വന്നതിന്റെയും നമുക്കുവേണ്ടി മരിച്ചതിന്റെയും യഥാർത്ഥ ഉദ്ദേശ്യം നമുക്ക് നിത്യജീവൻ പ്രാപിക്കാൻ കഴിയേണ്ടതിനത്രേ എന്നാണ് ഈ വാക്യം പറയുന്നതും. നമ്മുടെ പാപങ്ങൾ, നമുക്കും നമ്മുടെ നിത്യജീവനും ഇടയിൽ ഒരു തടസ്സമായി നിന്നിരുന്ന എന്നത് അങ്ങനെ സംഭവിച്ചു.

യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്നത് സത്യം തന്നെ. നാം യേശുവിൽ വിശ്വസിച്ചാൽ നാം നശിച്ചുപോകുന്നില്ല എന്നതു സത്യം തന്നെ. എന്നാൽ സുവിശേഷത്തിൽ അതിലും വളരെ കൂടുതൽ കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. സുവിശേഷത്തിന്റെ യഥാർത്ഥ സന്ദേശം ദൈവം നമുക്ക് നിത്യജീവൻ തരാൻ ആഗ്രഹിക്കുന്നു എന്നതാണ്. ഞാൻ അതു വിശദീകരിക്കട്ടെ.

ക്രൂശിക്കപ്പെട്ടതിന്റെ തലേരാത്രി പ്രാർത്ഥിക്കുമ്പോൾ യേശു പറഞ്ഞു, “ഏകസത്യ ദൈവമായ നിന്നേയും, നീ അയച്ചിരിക്കുന്ന യേശു ക്രിസ്തുവിനേയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു.” (യോഹന്നാൻ 17:3 ) ഏക സത്യ ദൈവമായ പിതാവിനേയും, പിതാവ് അയച്ച പുത്രനേയും അറിയുന്നതാണ് നിത്യജീവൻ എന്ന് ഇതു പറയുന്നു. അതാകുന്നു നിത്യജീവൻ. നിത്യജീവൻ എന്നാൽ എന്നേക്കും ജീവിച്ചിരിക്കുക എന്നതാണെന്ന് ഒത്തിരിപ്പേരും കരുതുന്നു. ശരിയാണ്, ഓരോ വ്യക്തിയും എന്നേക്കും ജീവിയ്ക്കുന്നു. ഒരു വ്യക്തി മരിക്കുന്നതോടുകൂടി ആ വ്യക്തി ഇല്ലാതാകുന്നു എന്നത് ഒരു തെറ്റായ ധാരണ ആകുന്നു. ആത്മാവും പ്രാണനും ദൈവത്തിലേക്ക് മടങ്ങിപോകുന്നു. ശരീരം കല്ലറയിൽ ദ്രവിക്കുന്നു. വാസ്തവത്തിൽ, ഈ ഭൂമിയിൽ ജീവിക്കുന്ന ഓരോ വ്യക്തിയും മരണാനന്തരം ആത്മാവിൽ തന്റെ ജീവൻ തുടരുകയാണ്. ആയതിനാൽ, നിത്യജീവൻ എന്നാൽ എന്നേയ്ക്കും ജീവിക്കുക എന്നതാണ് എന്നു പറയുന്നത് സത്യത്തിന്റെ പൂർണ്ണത ആകുന്നില്ല. എല്ലാവരും എന്നേക്കും ജീവിക്കുന്നു. ദൈവത്തോടുകൂടിയുള്ള നിത്യജീവൻ ഒരു വ്യക്തിക്ക് യാന്ത്രികമായി ലഭിക്കുന്നതല്ല എന്ന് ഈ വാക്യം വ്യക്തമാക്കുന്നു.

ചിലർ പറഞ്ഞേക്കും “നിത്യജീവൻ എന്നത് നരകത്തിൽ എന്നേക്കും ജീവിച്ചിരിക്കുക എന്നതിന് വിപരീതമായി സ്വർഗ്ഗത്തിൽ എന്നേക്കും ജീവിച്ചിരിക്കുക എന്നതാണ്.” എന്നാൽ യോഹന്നാൻ 17–ാം അദ്ധ്യായത്തിന്റെ 3–ാം വാക്യത്തിൽ യേശു പറഞ്ഞതിൻ പ്രകാരം നിത്യജീവൻ എന്നത്, ദൈവത്തേയും യേശുക്രിസ്തുവിനേയും അറിയുന്നതാണ്. അത് ഒരു ബുദ്ധിപരമായ അറിവിലും കൂടുതലാണ്. “അറിയുക” എന്ന പദം തിരുവെഴുത്തിലുടനീളം ഉപയോഗിച്ചിരിക്കുന്നത് വളരെ അടുത്ത വ്യക്തിപരമായ ഒരു ബന്ധത്തെക്കുറിച്ച് വിവരിക്കാനാണ്.

സ്വർഗ്ഗത്തിൽ എന്നേക്കും ജീവിക്കുക എന്നത് ഒരു വലിയ കാര്യം തന്നെ. എങ്കിലും രക്ഷയുടെ യഥാർത്ഥമായ ഉദ്ദേശ്യം അതിലും ഉപരിയായി ദൈവവുമായി ഏറ്റവും അടുത്ത വ്യക്തിപരമായ ഒരു ബന്ധം ഉൺടാവുക എന്നതാണ്. വളരെയധികം ജനങ്ങൾ ദൈവത്തോട് തങ്ങളുടെ പാപക്ഷമയ്ക്കായി നിലവിളിച്ചിട്ടുണ്ടെങ്കിലും, അവർക്ക് ദൈവവുമായി വളരെ അടുത്ത ബന്ധം ഉൺടാകുക എന്ന ലക്ഷ്യം ഇല്ലായിരുന്നു.

രക്ഷയുടെ യഥാർത്ഥമായ ഉദ്ദേശ്യം വിശദീകരിക്കാത്തത് നാം സുവിശേഷത്തോട് ചെയ്യുന്ന ഒരു അപമര്യാദ ആണ്. നമുക്കു ഭാവിയിൽ

മാത്രം പ്രയോജനപ്പെടുന്ന, ആത്മീയ കാര്യങ്ങളെ മാത്രം കൈകാര്യം ചെയ്യുന്ന, ഒന്നായി രക്ഷയെ നാം അവതരിപ്പിക്കുമ്പോൾ, നിത്യതയിൽ, നാം ആളുകളെ സഹായിക്കുന്നില്ല. ഈ ഭൂമിയിൽ അക്ഷരാർത്ഥത്തിൽ, നരകതുല്യമായ അനുഭവങ്ങളിൽ ജീവിക്കുന്ന ചിലരുണ്ട്. പലരും നിരാശയിലും, ദാരിദ്ര്യത്തിലും കലഹത്തിലും ജീവിക്കുന്നവരും, തള്ളപ്പെട്ടവരും, മുറിവേറ്റവരും, വിവാഹ ജീവിതത്തിൽ പരാജയപ്പെട്ടവരും ആണ്. ജനങ്ങൾ ദിനം തോറുമുള്ള നിലനിൽപ്പിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ്. പലരും പ്രശ്നങ്ങളാകുന്ന വെള്ളത്തിനു മീതെ തല ഉയർത്തിപ്പിടിക്കുവാൻ ശ്രമിക്കുന്നവരാണ്. ഭാവിയെ മാത്രം കൈകാര്യം ചെയ്യുന്ന ഒന്നായി രക്ഷയെ കാണിക്കുമ്പോൾ, ദൈനംദിന ജീവിത ബദ്ധപ്പാടിൽപ്പെട്ടവർ രക്ഷയെക്കുറിച്ചുള്ള തങ്ങളുടെ തീരുമാനം മാറ്റിവയ്ക്കുന്നു.

സത്യം എന്തെന്നാൽ, യേശു വന്നത് നമുക്ക് നരകത്തിലെ ശിക്ഷക്കും ശാപത്തിനും പകരം, സ്വർഗ്ഗത്തിൽ അനുഗ്രഹീതരായി എന്നേക്കും ജീവിക്കുന്നതിനു വേണ്ടിയുള്ള നമ്മുടെ നിത്യ ലക്ഷ്യത്തെ സ്വാധീനിക്കാൻ വേണ്ടി മാത്രമല്ല, പിന്നെയോ നമ്മെ ഇപ്പോഴത്തെ ഈ ദുഷ്ട ലോകത്തിൽ നിന്നും സ്വതന്ത്രരാക്കാനും കൂടിയാണ് (ഗലാത്യർ 1:4) യേശു വന്നത് പിതാവായ ദൈവവുമായുള്ള അടുപ്പവും വ്യക്തിബന്ധവും ഇന്നു നിനക്ക് തരുവാനാണ്.

യേശു വന്നത് നിന്നെ ദൈവവുമായുള്ള അടുത്ത വ്യക്തിബന്ധത്തിലേക്ക് മടക്കി കൊൺടുവരാനാണ്. യേശു നിന്നെ സ്നേഹിക്കുന്നു. യേശു നിന്നെ വ്യക്തിപരമായി അറിയുവാൻ ആഗ്രഹിക്കുന്നു. മറ്റേതൊരു ഉറവിടത്തിൽ നിന്നും ലഭിക്കുവാൻ കഴിയാത്ത, മെച്ചപ്പെട്ട നിലവാരം ഉള്ള ഒരു ജീവിതം നിനക്ക് തരുവാൻ യേശു ആഗ്രഹിക്കുന്നു.

യോഹന്നാൻ 10–ാം അദ്ധ്യായത്തിന്റെ 10–ാം വാക്യത്തിൽ യേശു ഇപ്രകാരം പറയുന്നു. "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ (സാത്താനെ പരാമർശിക്കുന്നു) വരുന്നില്ല; അവർക്ക് ജീവൻ ഉൺടാകുവാനും സമൃദ്ധിയായിട്ടു ഉൺടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്." ദൈവം നിനക്ക് നിത്യജീവൻ തരാൻ ആഗ്രഹിക്കുന്നു. ദൈവം നിനക്ക് സമൃദ്ധമായ ജീവിതം തരാൻ ആഗ്രഹിക്കുന്നു. അത് ഇന്നു നിങ്ങൾക്ക് ആവശ്യമാണ് – നിങ്ങൾ അത് ആഗ്രഹിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചത് നിന്റെ പാപം ക്ഷമിക്കുവാൻ മാത്രം

അല്ല, നിന്നെ അവനോട് അടുപ്പിക്കുവാൻ വേൺടി കൂടെയാണ്. നിങ്ങൾ രക്ഷകനെ അറിയുന്നില്ലാ എങ്കിൽ, ആ ലക്ഷ്യത്തിനവേൺടി നിങ്ങൾ അവനെ അറിയണം. ഇതിനകം നിങ്ങൾ വീൺടു ജനനം പ്രാപിച്ച വ്യക്തി ആണെങ്കിൽ, കേവലം പാപക്ഷമ ലഭിക്കുന്നതിൽ നിന്നും അപ്പുറം പോയി, പിതാവിന്റെ കൂടെയുള്ള നിത്യ ജീവനിൽ പ്രവേശിക്കേൺടിയിരിക്കുന്നു.

## നിത്യജീവനെക്കുറിച്ചുള്ള വസ്തുതകൾ

A. സുവിശേഷത്തിന്റെ ഉദ്ദേശ്യം നിത്യജീവൻ ആകുന്നു. (യോഹന്നാൻ 3:16)
B. നിത്യജീവൻ എന്നത് ദൈവത്തെ അറിയുന്നതാണ്. (യോഹന്നാൻ 17:3)
C. ദൈവത്തെ അറിയുക എന്നത് ദൈവവുമായുള്ള ഒരു അടുത്ത ബന്ധം ആകുന്നു. (1 കൊരിന്ത്യർ 6: 16–17)
D. നിത്യജീവൻ ഇപ്പോൾ ലഭ്യമാണ് (1 യോഹന്നാൻ 5:12)
E. ദൈവം നിങ്ങളുമായി ഒരു വ്യക്തിപരമായ ബന്ധം ആഗ്രഹിക്കുന്നു. (വെളിപ്പാട് 3:20)

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. യോഹന്നാൻ 3:16 വായിക്കുക. ദൈവം യേശുവിനെ ലോകത്തിലേക്ക് അയച്ചതിന്റെ ഉദ്ദേശ്യം എന്താണ് ?

   **യോഹന്നാൻ 3:16** – *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.*

2. വേദപുസ്തകത്തിൽ "അറിയുക" എന്ന പദം വളരെ അടുത്ത വ്യക്തിപരമായ ബന്ധം എന്ന അർത്ഥത്തിലാണ്. (ഉല്പത്തി 4:1) യോഹന്നാൻ 17:3 വായിക്കുക. ഈ വാക്യപ്രകാരം നിത്യമായ / ശാശ്വതമായ ജീവൻ എന്നാൽ എന്താണ്?

   **ഉല്പത്തി 4:1** – *അനന്തരം മനുഷ്യൻ തന്റെ ഭാര്യയായ ഹവ്വയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ചു. കയിനെ പ്രസവിച്ചു; യഹോവയാൽ എനിക്കൊരു പുരുഷ പ്രജ ലഭിച്ചു എന്നു പറഞ്ഞു.*

   **യോഹന്നാൻ 17:3** – *ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതത്രേ നിത്യജീവൻ ആകുന്നു.*

3. 1 യോഹന്നാൻ 5:11–12 വായിക്കുക. ഈ വാക്യപ്രകാരം എപ്പോഴാണ് നിത്യമായ / ശാശ്വതമായ ജീവൻ ആരംഭിക്കുന്നത്.?

   **1 യോഹന്നാൻ 5:11–12** – *ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യ ജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതുതന്നെ. (12) പുത്രനുള്ളവനു ജീവൻ ഉണ്ട്; ദൈവപുത്രനില്ലാത്തവനു ജീവനില്ല.*

4. യോഹന്നാൻ 10:10 വായിക്കുക. ഏതു വിധത്തിലുള്ള ജീവൻ നമുക്ക് തരാനാണ് യേശു വന്നത്?

**യോഹന്നാൻ 10:10** – *മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവൻ ഉൺടാകുവാനും സമൃദ്ധിയായിട്ടു ഉൺടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്.*

5. സ്വന്തം വാചകത്തിൽ സമൃദ്ധമായ ജീവന്റെ സ്വഭാവം എന്താണ് എന്ന് വിവരിക്കുക.

6. ലോകത്തിന്റെ പാപങ്ങൾക്കു വേൺടി മരിക്കുവാൻ ദൈവം തന്റെ പുത്രനെ അയച്ചു എന്നും, അതുമൂലം വിശ്വസിക്കുന്ന നമുക്ക് ദൈവം നിത്യമായ / ശാശ്വതമായ ജീവൻ തരുന്നു എന്നും നിങ്ങൾ വിശ്വസിക്കുന്നുവോ?

7. നിത്യമായ / ശാശ്വതമായ ജീവൻ എന്നത് വെറും കാലദൈർഘ്യം മാത്രമല്ല, പിന്നെയോ ജീവിതത്തിന്റെ നിലവാരത്തെയും വ്യാപ്തി യെയും ഉൾക്കൊള്ളുന്നു എന്ന് നിങ്ങൾക്കു വ്യക്തമായോ?.

# ഉത്തര സൂചിക

1. യോഹന്നാൻ 3:16 വായിക്കുക. ദൈവം യേശുവിനെ ലോകത്തിലേക്ക് അയച്ചതിന്റെ ഉദ്ദേശ്യം എന്താണ് ?

***ലോകത്തെ രക്ഷിപ്പാനും, യേശുവിൽ വിശ്വസിക്കുന്ന എല്ലാ വർക്കും പാപത്തിന്റെ ശിക്ഷ മാറ്റി നിത്യജീവൻ കൊടുപ്പാനുമാണ്.***

2. വേദപുസ്തകത്തിൽ "അറിയുക" എന്ന പദം വളരെ അടുത്ത വ്യക്തിപരമായ ബന്ധം എന്ന അർത്ഥത്തിലാണ്. (ഉല്പത്തി 4:1) യോഹന്നാൻ 17:3 വായിക്കുക. ഈ വാക്യപ്രകാരം നിത്യമായ / ശാശ്വതമായ ജീവൻ എന്നാൽ എന്താണ്?

***നിത്യജീവൻ എന്നത് ദൈവത്തേയും യേശു ക്രിസ്തുവിനേയും അറിയുക എന്നതാണ്. (ഏറ്റവും അടുത്ത് അറിയുക, ശാരീരികമായി അറിയുക എന്നല്ല)***

3. 1 യോഹന്നാൻ 5:11–12 വായിക്കുക. ഈ വാക്യപ്രകാരം എപ്പോഴാണ് നിത്യമായ / ശാശ്വതമായ ജീവൻ ആരംഭിക്കുന്നത്.?

***നമ്മൾ പുത്രനെ (യേശുക്രിസ്തുവിനെ) നമ്മുടെ ജീവിതത്തിലേയ്ക്ക് സ്വീകരിക്കുമ്പോൾ.***

4. യോഹന്നാൻ 10:10 വായിക്കുക. ഏതു വിധത്തിലുള്ള ജീവൻ നമുക്ക് തരാനാണ് യേശു വന്നത്?

***സമൃദ്ധമായ ജീവൻ!***

5. സ്വന്തം വാചകത്തിൽ സമൃദ്ധമായ ജീവന്റെ സ്വഭാവം എന്താണ് എന്ന് വിവരിക്കുക.

***കള്ളൻ എന്തു ചെയ്യാൻ വന്നു എന്ന് യേശുപറയുന്നതിന്റെ വിപരീതമായ ജീവനാണ് സമൃദ്ധമായ ജീവൻ.***

6. ലോകത്തിന്റെ പാപങ്ങൾക്കു വേണ്ടി മരിക്കുവാൻ ദൈവം തന്റെ പുത്രനെ അയച്ചു എന്നും, അതുമൂലം വിശ്വസിക്കുന്ന നമുക്ക് ദൈവം നിത്യമായ / ശാശ്വതമായ ജീവൻ തരുന്നു എന്നും നിങ്ങൾ വിശ്വസിക്കുന്നുവോ?

**വിശ്വസിക്കുന്നു.**

7. നിത്യമായ / ശാശ്വതമായ ജീവൻ എന്നത് വെറും കാലദൈർഘ്യം മാത്രമല്ല, പിന്നെയോ ജീവിതത്തിന്റെ നിലവാരത്തെയും വ്യാപ്തി യേയും ഉൾക്കൊള്ളുന്നു എന്ന് നിങ്ങൾക്കു വ്യക്തമായോ?.

***ആയി.***

## പാഠം 2

# രക്ഷ കൃപയാൽ

### *ഡോൺ ക്രോ*

യേശു പലപ്പോഴും ആത്മീയ സത്യങ്ങൾ വിശദീകരിക്കുന്ന ഉപമകളും കഥകളും ഉപയോഗിച്ചു. ലൂക്കോസ് 18 ന്റെ 9–14 വരെയുള്ള വേദഭാഗത്തിന്റെ തുടക്കത്തിൽ പറയുന്നു ''*തങ്ങൾ നീതിമാന്മാർ എന്നു ഉറച്ചു മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ച് അവൻ ഒരു ഉപമ പറഞ്ഞതെന്നാൽ.*" തങ്ങൾ നീതിമാന്മാർ എന്ന് സ്വയം ധരിച്ച്, മറ്റെല്ലാവരേയും പുച്ഛിക്കുകയും നിന്ദിക്കുകയും ചെയ്തിരുന്ന ഒരു വിഭാഗം ജനത്തെയാണ് യേശു ഇവിടെ ലക്ഷ്യമിട്ടത്. തങ്ങൾ ചെയ്ത കാര്യങ്ങളിൽ വിശ്വാസമർപ്പിച്ചിരുന്ന ഈ കൂട്ടരോടാണ് യേശു ഈ ഉപമ പറഞ്ഞത്. നാം അങ്ങിനെയുള്ളവരെ സ്വയം നീതികരിക്കുവർ എന്ന് പറയുന്നു. "ഞങ്ങൾ നിങ്ങളേക്കാൾ മേന്മയുള്ളവർ" എന്ന് സ്വയം പുകഴ്ത്തി, മറ്റുള്ളവരെ താഴ്ന്നവരായി കാണുന്നവർ എന്ന് യേശു അവരെ കുറിച്ച് പറഞ്ഞതും അതുതന്നെയാണ്.

10–ാം വാക്യത്തിൽ യേശു പറയുന്ന, ''*രണ്ട് മനുഷ്യർ പ്രാർത്ഥിപ്പാൻ ദൈവാലയത്തിൽ പോയി; ഒരുത്തൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ*". നമ്മുടെ ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ, അവർ പ്രാർത്ഥിക്കാൻ പള്ളിയിൽ പോയി. ഒരാൾ പരീശനായിരുന്നു. പരീശൻ വളരെ മതഭക്തനായിരുന്നു. ആ പദത്തിന്റെ യഥാർത്ഥ അർത്ഥം "വേർപെട്ടവൻ" എന്നാണ്. അതായത്, അതീവ മതനിഷ്ട ഉള്ളതിനാൽ, ഒരർഥത്തിൽ "എന്നെ അശുദ്ധമാക്കരുത്! എന്നോട് കൂടുതൽ അടുക്കരുത്. ഞാൻ മറ്റുള്ളവരേപ്പോലെയല്ല! ഞാൻ ആരേക്കാളും മെച്ചപ്പെട്ടവനാണ്!" എന്നിങ്ങനെ പറയുന്നവൻ. യേശു ഇവിടെ പറഞ്ഞിരിക്കുന്ന മറ്റെ മനുഷ്യൻ ചുങ്കക്കാരനായിരുന്നു. ചുങ്കക്കാരായിട്ടുള്ളവർ ദുഷ്ടവർത്തിക്കാരും പാപികളും മറ്റുള്ളവരെ വഞ്ചിക്കുന്നവരും ആയി ദുഷ്കീർത്തികേട്ടവർ ആണ്. അവർ സാധ്യമായ ഏത് വിധേനയും ചുങ്കം പിരിച്ച്, കൂടുതലും സ്വന്തം പോക്കറ്റിലിടുകയും,

കുറച്ച് റോമൻ ഭരണകൂടത്തിന് കൊടുക്കുകയും ചെയ്തിരുന്നു. അതിനാൽ ആളുകൾ ഒരു അനുകൂല മനോഭാവത്തോടെയല്ല അവരെ കണ്ടിരുന്നത്.

തുടർന്ന് 11 – ാം വാക്യത്തിൽ, *"പരീശൻ നിന്നുകൊണ്ട് തന്നോടു തന്നെ ഇങ്ങനെ പ്രാർഥിച്ചു: ദൈവമേ, ഞാൻ പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ, ഈ ചുങ്കക്കാരനെപ്പോലെയോ അല്ലായ്കയാൽ, ഞാൻ നിന്നെ വാഴ്ത്തുന്നു."* ഇവിടെ പറഞ്ഞിരിക്കുന്നത് നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവൻ ആരോടാണ് പ്രാർത്ഥിച്ചത്? അവൻ "ദൈവമേ" എന്ന് വിളിക്കുകയും ശരിയായ പദങ്ങൾ ഉപയോഗിക്കുകയും ചെയ്തു എങ്കിലും, അവൻ തന്നോടു തന്നെയാണ് പ്രർത്ഥിച്ചത്. ദൈവം അവന്റെ പ്രാർത്ഥന സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് തുടർന്ന് നമുക്ക് കാണാം. അവൻ പ്രാർത്ഥിച്ചത് ശ്രദ്ധിക്കുക, "ഞാൻ മറ്റുള്ളവരെപ്പോലെ അല്ലാത്തതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു". ഈ പരീശൻ, ഈ മതാനുയായി, പറഞ്ഞു, "ഞാൻ മറ്റുള്ളവരെപ്പോലെയല്ല, ഞാൻ പാപിയല്ല, ഞാൻ പിടിച്ചുപറിക്കാരനും, നീതികെട്ടവനും, വ്യഭിചാരം ചെയ്യുന്നവനും അല്ല, ഇവിടെ പ്രാർത്ഥിക്കുവാൻ വന്ന ഈ ചുങ്കക്കാരനെ പ്പോലെയും അല്ല". അവൻ മറ്റുള്ളവരേക്കാൾ മെച്ചപ്പെട്ടവൻ എന്ന് സ്വയം ധരിച്ച് മറ്റുള്ളവരെ പുച്ഛിക്കയും, നിന്ദിക്കയും ചെയ്യുന്നതായി കാണുന്നു.

12–ാം വാക്യത്തിൽ പരീശൻ പറയുന്നു, *"ഞാൻ ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു, നേടുന്നതിൽ ഒക്കെയും പതാരം കൊടുത്തുവരുന്നു."* അവൻ പറഞ്ഞത്, "ഞാൻ ചെയ്യുന്നത് ശ്രദ്ധിക്കുക". ഉപവസിക്കുക എന്നതിന്റെ അർത്ഥം നിങ്ങൾക്ക് അറിയാമോ? അതിന ർത്ഥം ഭക്ഷണം വെടിഞ്ഞ് ഇരിക്കുക എന്നാണ്. അവൻ ദേവാലയത്തിന് പതാരവും കൊടുത്തിരുന്നു. "എന്നെ അസഹ്യപ്പെടുത്തരുത്! ഞാൻ ഒരു നല്ല ജീവിതം നയിക്കുന്നു! ഞാൻ ദാനം കൊടുക്കുന്നു! ദേവാലയത്തിൽ പതാരം കൊടുക്കുന്നു!" ഇപ്രകാരം പറയുന്ന കൂട്ടത്തിൽപ്പെടുന്ന ഒരു വ്യക്തിയാണ് ഈ പരീശൻ.

13–ാം വാക്യത്തിൽ, *"ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ടു ആകാശത്തേക്കു കണ്ണുകൾ പോലും ഉയർത്താതെ, മാറത്തടിച്ച്, ദൈവമേ, പാപിയായ എന്നോടു കരുണയുാകണമേ"* എന്നു പറഞ്ഞു. അവന്റെ ശരീരഭാഷ ശ്രദ്ധിക്കുക. *"ദൂരത്തു നിന്നുകൊണ്ട്"*. അവൻ ദേവാലയത്തിനുള്ളിൽ പോലും കടന്നില്ല. തന്റെ ജീവിതത്തെയും ചെയ്ത

പ്രവർത്തികളെയും കുറിച്ച് വളരെ ലജ്ജിച്ചതിനാൽ, അവൻ ദൂരത്തുനിന്ന്, സ്വർഗ്ഗത്തിലേക്ക് നോക്കുവാൻപോലും കണ്ണ് ഉയർത്താതെ മാറത്തടിച്ചു. പഴയനിയമത്തിൽ, മാറത്തടിക്കുന്നതിനേപ്പറ്റി വേദപുസ്തകം പറയുമ്പോൾ പലപ്പോഴും "ദൈവമേ, ഞാൻ ചെയ്തവയേക്കുറിച്ച് ഞാൻ അനുതപിക്കുന്നു" എന്ന് പറയുന്ന രീതിയിൽ, തങ്ങളുടെ വസ്ത്രം കീറുമായിരുന്നു. ദൈവം നിരസിക്കയില്ലാത്ത, അനുതപിക്കുന്ന ഹൃദയത്തിന്റെ, നുറുങ്ങിയ ആത്മവീര്യത്തിന്റെ, പശ്ചാത്താപത്തിന്റെ ഒരു അടയാളമായിരുന്നു അത്. ഈ ചുങ്കക്കാരൻ, പാപിയായിരുന്നു എങ്കിലും "ദൈവമേ, പാപിയായ എന്നോട് കരുണയുൺടാകണമേ" എന്നു ദൈവത്തോടു നിലവിളിച്ചു.

14–ാം വാക്യം പറയുന്നു, "അവൻ നിതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി. മറ്റവൻ അങ്ങനെയല്ല. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും എന്നു ഞാൻ നിങ്ങളോടു പറയുന്നു." ചുങ്കക്കാരൻ നീതികരിക്കപ്പെട്ടവനായി, അതായത് ദൈവമുമ്പാകെ നീതിമാനെന്നു പ്രഖ്യാപിക്കപ്പെട്ടവനായി, ദൈവത്താൽ ക്ഷമിക്കപ്പെട്ടവനായി, ദൈവവുമായുള്ള ഒരു നല്ല ബന്ധത്തിൽ വീട്ടിലേക്കു പോയി. എന്തുകൊൺട് ദൈവം അവന്റെ പാപം അവനോട് ക്ഷമിച്ചു? എന്തുകൊൺട് ചുങ്കക്കാരന് നീതികരിക്കപ്പെട്ടവനായി വീട്ടിൽ പോകാൻ കഴിഞ്ഞു; എന്തുകൊൺട് പരീശനെ ദൈവം നീതികരിച്ചില്ല? കാരണം, പരീശൻ "ഞാൻ മറ്റുള്ളവരെക്കാൾ മെച്ചപ്പെട്ടവൻ! ഞാൻ പാപിയല്ല! ഞാൻ മറ്റുള്ളവരെപ്പോലെ അല്ല" എന്നുതന്നെത്തന്നെ പുകഴ്ത്തി. പക്ഷേ, ദൈവത്തിന്റെ മുമ്പാകെ നില്പാൻപോലുമുള്ള യോഗ്യത ഇല്ലായെന്നും, ദൈവത്തിനു കൊടുപ്പാൻ തന്റെ പക്കൽ ഒന്നുമില്ല എന്നും ചുങ്കക്കാരൻ മനസ്സിലാക്കി. അവനൊരു പാപിയായ മനുഷ്യനായിരുന്നു. വേദപുസ്തകം പറയുന്നത് യേശു വന്നത് നീതിമാന്മാരെയല്ല, പാപികളെ രക്ഷിപ്പാനത്രേ എന്നാണ്. നാം എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു. ഈ ചുങ്കക്കാരൻ പാപിയായിരുന്നെങ്കിലും തന്നെതന്നെ താഴ്ത്തുകയും പാപക്ഷമ ദൈവത്തിൽ നിന്ന് പ്രാപിക്കുകയും ചെയ്തു.

നാം കൃപയാൽ ഉള്ള രക്ഷയെക്കുറിച്ചാണ് പറയുന്നത്. കൃപ എന്നത് വളരെ ആശ്ചര്യകരമായ ഒരു പദം ആകുന്നു. അതിന്റെ അർത്ഥം വ്യക്തമാക്കുന്ന, ഒരു അംഗീകരിക്കപ്പെട്ട നിർവ്വചനം ആണ് ഞാൻ ഇവിടെ തരാൻ പോകുന്നത്. എന്നാൽ കൃപ എന്നതിന്റെ അർത്ഥം ഈ നിർവ്വചനത്തെ കവിയുന്നതാണ്. പുതിയ നിയമം എഴുതപ്പെട്ട ഗ്രീക്കുഭാഷയിൽ കൃപ എന്ന പദം "Charis" എന്നാകുന്നു. കൃപയുടെ ഒരു അംഗീകരിക്കപ്പെട്ട

നിർവ്വചനം ഇതാ: യാതൊരു അർഹതയും ഇല്ലാത്തവർക്ക്, ദൈവത്തിൽ നിന്നും ലഭിക്കുന്ന, സൗജന്യവും അനർഹവുമായ ആനുകൂല്യമാണ് കൃപ. ഈ ചുങ്കക്കാരൻ, ദൈവത്തിൽ നിന്ന് യാതൊന്നും അർഹിച്ചിരുന്നില്ല. എങ്കിലും അവൻ തന്നെ എളിമപ്പെടുത്തിയതിനാൽ, അവന് ദൈവാനുകൂല്യം ലഭിച്ചു. ഗ്രീക്കു ഭാഷയിൽ 'Charisma' എന്ന വേറൊരു പദം ഉണ്ട്. അത് ദൈവകൃപയെ വ്യക്തമാക്കുന്ന ഒരു പ്രത്യേക വെളിപ്പെടുത്തൽ ആകുന്നു. ഈ ചുങ്കക്കാരന് ദൈവികദാനമായി നീതികരണവും നിരപ്പും ലഭിച്ചു.

റോമർ 5: 17-ൽ പറയുന്നു, *"കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും".* ദൈവവുമായുള്ള ഒരു നല്ല ബന്ധം, അവൻ നിങ്ങൾക്കും എനിക്കും ദാനമായി തരുന്നു. ഈ വാക്യം പ്രകാരം, യേശുക്രിസ്തുവിൽ കൂടി മാത്രം ലഭിക്കുന്ന, നീതിയുടെ ആ ദാനം ചുങ്കക്കാരൻ കണ്ടെത്തി. യോഹന്നാൻ 1 :17-ൽ പറയുന്നു, "ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു." തന്നെത്തന്നെ താഴ്ത്തുന്ന, ദൈവത്തിന്റെ മുമ്പാകെ നില്പാൻ യോഗ്യത ഇല്ലായെന്നു മനസ്സിലാക്കുന്ന, ദൈവത്തിന്റെ കരുണക്കായി നിലവിളിക്കുന്നവർക്ക് മാത്രം ലഭിക്കുന്നതാണ് ഈ കൃപ. അങ്ങിനെയുള്ളവർ മാത്രം കരുണയും ദൈവക്ഷമയും കണ്ടെത്തുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. ലൂക്കോസ്. 18:9 വായിക്കുക. ഉപമ എന്നാൽ എന്താകുന്നു?

   **ലൂക്കോസ് 18:9-12** – *തങ്ങൾ നീതിമാന്മാർ എന്നു ഉറച്ചു മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ചു അവർ ഒരു ഉപമ പറഞ്ഞതെന്തെന്നാൽ; രണ്ടു മനുഷ്യർ പ്രാർത്ഥിക്കാൻ ദൈവാലയത്തിൽ പോയി; ഒരുത്തൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ. പരീശൻ നിന്നുകൊു തന്നോടു തന്നെ; ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടു വട്ടം ഉപ വസിക്കുന്നു; നേടുന്നതിൽ ഒക്കെയും പതാരം കൊടുത്തിരുന്നു എന്നിങ്ങനെ പ്രാർത്ഥിച്ചു.*

2. ലൂക്കോസ് 18:9 വായിക്കുക. ഈ ഉപമ ആരെ ഉദ്ദേശിച്ചാണ് യേശു പറഞ്ഞത്?

3. ലൂക്കോസ് 18:9 വായിക്കുക (ആ വാക്യത്തിന്റെ അവസാനഭാഗം). സ്വയം നീതികരിക്കുന്നവൻ മറ്റുള്ളവരോട് ഒരു പ്രത്യേക മനോഭാവം കാണിക്കുന്നു. ലൂക്കോസ് 18:9 പ്രകാരം ആ മനോഭാവം എന്താണ്?

   a) അവർ മറ്റുള്ളവരെ ഇഷ്ടപ്പെടുന്നു
   b) അവർ മറ്റുള്ളവരെ വെറുക്കുന്നു. അഥവാ പുച്ഛിക്കുന്നു.
   c) അവർ മറ്റുള്ളവരെ സ്നേഹിക്കുന്നു.

4. ലൂക്കോസ് 18:10 വായിക്കുക. രണ്ടുപേർ പ്രാർത്ഥിക്കാൻ പോയി. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ അവർ എവിടെയാണ് പ്രാർത്ഥിക്കാൻ പോയത്?

5. ലൂക്കോസ് 18:10 വായിക്കുക. ഇവർ ആരായിരുന്നു?

6. ലൂക്കോസ് 18:11 വായിക്കുക. പരീശന്റെ പ്രാർത്ഥന എന്തായിരുന്നു?

7. ലൂക്കോസ് 18:12 വായിക്കുക. ഉപവാസത്തിന്റ അർത്ഥം എന്താണ്?

8. ലൂക്കോസ് 18:12 വായിക്കുക. പതാരം കൊടുക്കുക എന്നതിന്റെ അർത്ഥം എന്താണ്?

9. ലൂക്കോസ് 18:13 വായിക്കുക. ചുങ്കക്കാരൻ എവിടെയാണ് നിന്നത്? എന്തുകൊണ്ട്?

**ലൂക്കോസ് 18:13–14** – *ചുങ്കക്കാരനോ ദൂരത്തുനിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു; ദൈവമേ, പാപിയായ എന്നോടു കരുണയുാകണമേ എന്നു പറഞ്ഞു. അവൻ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി. മറ്റവൻ അങ്ങനെയല്ലാ. തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും എന്നു ഞാൻ നിങ്ങളോടു പറയുന്നു.*

10. ലൂക്കോസ് 18:13 വായിക്കുക. എന്തുകൊണ്ട് ചുങ്കക്കാരൻ മുകളിലേക്ക് നോക്കാതെ തല കുനിച്ചു നിന്നു?

11. ലൂക്കോസ് 18:13 വായിക്കുക. ചുങ്കക്കാരൻ എന്താണ് പ്രാർത്ഥിച്ചത്?

12. ലൂക്കോസ് 18:14 വായിക്കുക. ഇവരിൽ ആരാണ് ദൈവം നീതികരിച്ചവനായി വീട്ടിലേക്ക് പോയത്?

13. ലൂക്കോസ് 18:14 വായിക്കുക. പരീശനല്ല, ചുങ്കക്കാരൻ എന്തുകൊണ്ട് ദൈവമുമ്പാകെ നീതികരിക്കപ്പെട്ടവനായി തീർന്നു.

14. ലൂക്കോസ് 18:14 വായിക്കുക. ദൈവം ചുങ്കക്കാരനോട് ക്ഷമിച്ചുവോ?

15. റോമർ 10:13 വായിക്കുക. നീ ഇപ്പോൾ മുട്ടുകുത്തി "ഞാൻ പാപിയാകുന്നു; എന്നോട് ക്ഷമിക്കണമെ" എന്ന് നിന്റെ ഹൃദയത്തിൽ നിന്ന് ദൈവത്തോട് നിലവിളിച്ചാൽ, ഈ ചുങ്കക്കാരനെ സ്വീകരിച്ചതുപോലെ ദൈവം നിന്നെ സ്വീകരിക്കുമോ?

**റോമർ 10:13** – *കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും*

**1 യോഹന്നാൻ 1 : 8–9** – *നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെതന്നെ വഞ്ചിക്കുന്നു, നമ്മളിൽ സത്യം ഇല്ല. (9) നാം*

*നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടും പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.*

# ഉത്തര സൂചിക

1. ലൂക്കോസ്. 18:9 വായിക്കുക. ഉപമ എന്നാൽ എന്താകുന്നു?

***ആത്മീയ സത്യങ്ങൾ വിവരിക്കുന്ന കഥയാണ് വേദപുസ്തകത്തിലെ ഉപമ.***

2. ലൂക്കോസ് 18:9 വായിക്കുക. ഈ ഉപമ ആരെ ഉദ്ദേശിച്ചാണ് യേശു പറഞ്ഞത്?

***തങ്ങൾ നീതിമാന്മാർ എന്ന് സ്വയം ധരിച്ചിരുന്നവരെ ഉദ്ദേശിച്ചാണ്; അതായത്, സ്വയം നീതികരിച്ചവർ.***

3. ലൂക്കോസ് 18:9 വായിക്കുക. (ആ വാക്യത്തിന്റെ അവസാനഭാഗം). സ്വയം നീതികരിക്കുന്നവൻ മറ്റുള്ളവരോട് ഒരു പ്രത്യേക മനോഭാവം കാണിക്കുന്നു. ലൂക്കോസ് 18:9 പ്രകാരം ആ മനോഭാവം എന്താണ്?

***b) അവർ മറ്റുള്ളവരെ വെറുക്കുന്നു. അഥവാ പുച്ഛിക്കുന്നു.***

4. ലൂക്കോസ് 18:10 വായിക്കുക. രണ്ടുപേർ പ്രാർത്ഥിക്കാൻ പോയി. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ അവർ എവിടെയാണ് പ്രാർത്ഥിക്കാൻ പോയത്?

***ദേവാലയത്തിൽ***

5. ലൂക്കോസ് 18:10 വായിക്കുക. ഇവർ ആരായിരുന്നു?

***ഒരു പരീശനും ഒരു ചുങ്കക്കാരനും***

6. ലൂക്കോസ് 18:11 വായിക്കുക. പരീശന്റെ പ്രാർത്ഥന എന്തായിരുന്നു?

***ദൈവമേ, ശേഷം മനുഷ്യരെപ്പോലെ ഒരു പാപിയല്ലാത്തതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. ഞാൻ ഒരു പിടിച്ചുപറിക്കാരനോ, നീതികെട്ടവനോ, വ്യഭിചാരിയോ ഈ ചുങ്കക്കാരനെപ്പോലെയോ അല്ല.***

7. ലൂക്കോസ് 18:12 വായിക്കുക. ഉപവാസത്തിന്റ അർത്ഥം എന്താണ്?

***ഭക്ഷണം വെടിയുക.***

8. ലൂക്കോസ് 18:12 വായിക്കുക. പതാരം കൊടുക്കുക എന്നതിന്റെ അർത്ഥം എന്താണ്?

***വരുമാനത്തിന്റെ ദശാംശം കൊടുക്കുക.***

9. ലൂക്കോസ് 18:13 വായിക്കുക. ചുങ്കക്കാരൻ എവിടെയാണ് നിന്നത്?

***ദൂരത്തു നിന്നു.***

എന്തുകൊൺട്?

***ഒരു ഭയങ്കര പാപിയായിരുന്നതിനാൽ, ദേവാലയത്തിനുള്ളിൽ പോകാൻ ലജ്ജ തോന്നി. അതിനാൽ അവൻ പുറത്തു നിന്നു.***

10. ലൂക്കോസ് 18:13 വായിക്കുക. എന്തുകൊൺട് ചുങ്കക്കാരൻ മുകളിലേക്ക് നോക്കാതെ തല കുനിച്ചു നിന്നു?

***അവൻ ലജ്ജിതനായിരുന്നതിനാൽ.***

നിങ്ങൾ എന്നെങ്കിലും ഒരു വ്യക്തിയോട് തെറ്റുചെയ്തതിനാൽ അയാളുടെ മുഖത്ത് നോക്കുവാൻ കഴിയാതെ ലജ്ജിച്ച അനുഭവം ഉൺടായിട്ടുൺടോ?

11. ലൂക്കോസ് 18:13 വായിക്കുക. ചുങ്കക്കാരൻ എന്താണ് പ്രാർത്ഥിച്ചത്?

***ദൈവമേ പാപിയായ എന്നോടു കരുണയുാകണമേ.***

12. ലൂക്കോസ് 18:14 വായിക്കുക. ഇവരിൽ ആരാണ് ദൈവം നീതികരിച്ചവ നായി വീട്ടിലേക്ക് പോയത്?

***ചുങ്കക്കാരൻ***

13. ലൂക്കോസ് 18:14 വായിക്കുക. എന്തുകൊണ്ട് ചുങ്കക്കാരൻ നീതി കരിക്കപ്പെട്ടവനായി, പരീശൻ ആയില്ല?

***എന്തുകൊണ്ടെന്നാൽ ചുങ്കക്കാരൻ തന്നെതന്നെ ദൈവമുമ്പാകെ എളിമപ്പെടുത്തി, പരീശൻ അഹങ്കാരം നിറഞ്ഞവനായിരുന്നു, ഒരു രക്ഷകനെ തനിക്കു ആവശ്യമുണ്ടെന്നു അവനു തോന്നിയില്ല.***

14. ലൂക്കോസ് 18:14 വായിക്കുക. ദൈവം ഈ ചുങ്കക്കാരനോട് ക്ഷമിച്ചുവോ?

***ഉവ്വ്. ക്ഷമിച്ചു***

15. റോമർ 10:13 വായിക്കുക. നീ ഇപ്പോൾ മുട്ടുകുത്തി "ഞാൻ പാപിയാകുന്നു; എന്നോട് ക്ഷമിക്കണമെ" എന്ന് നിന്റെ ഹൃദയത്തിൽ നിന്ന് ദൈവത്തോട് നിലവിളിച്ചാൽ, ഈ ചുങ്കക്കാരനെ സ്വീകരിച്ചതുപോലെ ദൈവം നിന്നെ സ്വീകരിക്കുമോ?

***സ്വീകരിക്കും. എല്ലാ പാപങ്ങളും ക്ഷമിച്ച്, അവൻ എന്നെ ശുദ്ധീകരിക്കും.***

1 യോഹന്നാൻ 1:8–9 കാണുക.

## പാഠം – 3

# നീതികരണം കൃപയാൽ

### *ഡോൺ ക്രോ*

ഇന്നു നാം കൃപയാലുള്ള നീതീകരണം എന്ന വിഷയം ആണ് നോക്കാൻ പോകുന്നത്. റോമർ 3:21–23 പറയുന്നു *"ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നേ ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു. അതിനു ന്യായപ്രമാണവും പ്രവാചകന്മാരും സാക്ഷ്യം പറയുന്നു. ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപംചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു."*

ഈ വേദഭാഗം പറയുന്നത് ശ്രദ്ധിക്കുക, *"ഇപ്പോഴോ ദൈവത്തിന്റെ നീതി ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടു വന്നിരിക്കുന്നു."* ഞാൻ ഒരിക്കൽ ഒരു വ്യക്തിയോട് ചോദിച്ചു, "സ്വർഗത്തിൽ പോകാൻ, എന്തുചെയ്യണം എന്നാണ് നിങ്ങൾ കരുതുന്നത്"? ആ വ്യക്തി മറുപടി പറഞ്ഞു "പത്തു കല്പനകൾ പാലിക്കണം, സ്വന്തം ഭാര്യയോടു വിശ്വസ്ഥനായിരിക്കണം, ഒരു നല്ല സന്മാർഗ ജീവിതം നയിക്കണം, പിന്നെ അതു പോലെയുള്ള കുറെ കാര്യങ്ങളും ചെയ്യണം എന്ന്. ഞാൻ പറഞ്ഞു, "സ്വർഗത്തിൽ പോകാൻ, ദൈവത്തിന്റെ സാന്നിധ്യത്തിൽ, അവന്റെ രാജ്യത്തിൽ ആയിരിക്കാൻ നിങ്ങൾ എന്തു ചെയ്യേണ്ടിയിരിക്കുന്ന എന്നു അറിയാമോ? നിങ്ങൾക്കു ദൈവത്തിന്റെ നീതിക്കു സമം ആയ ഒരു നീതി ഉണ്ടായിരിക്കണം". ആ വ്യക്തി പറഞ്ഞു, "ക്ഷമിക്കണം, ദൈവ നീതിക്കു തുല്യമായ നീതി ഉള്ളവർ ആരും ഇല്ല. ഒരാൾക്കു മാത്രമേ അങ്ങനത്തെ നീതി (വിശുദ്ധി) ഉണ്ടായിരുന്നുള്ളു, അതു യേശുക്രിസ്തു ആയിരുന്നു!" ഞാൻ പറഞ്ഞു, "നിങ്ങൾക്ക് ആശയം കിട്ടി. അതു വളരെ ശരിയാണ്! നാമാരും ന്യായപ്ര മാണം പൂർണ്ണമായി, ബാഹ്യമായോ അകമേയോ പാലിച്ചിട്ടില്ല, പക്ഷെ

ദൈവതിരുമുമ്പിൽ സ്വീകാര്യരാകാൻ, ദൈവ നീതിക്കു തുല്യമായ ഒരു നീതി നമുക്ക ആവശ്യമായിരിക്കുന്നു".

ഇതുതന്നെയാണ് 21–22 വാക്യങ്ങളിൽ പറയുന്നത്, *"ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നേ ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു."* ദൈവം നിങ്ങൾക്കും എനിക്കും തരുന്ന നീതി "യേശു ക്രിസ്തുവിലെ വിശ്വാസത്താൽ" ഉള്ളതാകുന്നു. അതു വിശ്വസിക്കുന്ന എല്ലാവർക്കും ഉള്ളതാണ്. രണ്ടു വിധത്തിൽ ഉള്ള നീതി ഉണ്ട് – മനുഷ്യന്റെ നീതിയും ദൈവത്തിന്റെ നീതിയും. മനുഷ്യന്റെ നീതി എന്നതു ഒരു വ്യക്തിയുടെ നല്ല പെരുമാറ്റവും നല്ല പ്രവർത്തികളും ആകുന്നു. പക്ഷെ അതു ദൈവത്തിന്റെ മുൻപാകെ നമ്മെ അംഗീകാരയോഗ്യമാക്കുന്നില്ല. അതിന് ദൈവത്തിന്റെ നീതിക്കു തുല്യമായ നീതി വേണം. അത് ദൈവം നിങ്ങൾക്കു ന്യായപ്രമാണം കൂടാതെ തരുന്നു.

ഗ്രീക്ക് ഭാഷയിൽ കൊടുത്തിരിക്കുന്നതനുസരിച്ച്, ദൈവം, അവന്റേ തന്നെ നീതി, ന്യായപ്രമാണം ഇല്ലാതെ തരുന്നു എന്നാണ് അർഥം. ന്യായപ്രമാണത്താൽ ഉള്ള നീതി, ദൈവത്താൽ അംഗീകരിക്കപ്പെടുവാൻ വേണ്ടി, ചെയ്ത്, സമ്പാദിച്ച്, നേടി എടുക്കുന്ന ഒന്നാകുന്നു. ദൈവം നിങ്ങളെ സ്വീകരിക്കണമെങ്കിൽ, അത് പ്രവർത്തിയിൽ കൂടി നേടി എടുക്കണമെന്നാണ് എല്ലാ ലോക മതങ്ങളും ഇന്ന കരുതുന്നത്. "സുവിശേഷം" എന്ന പദത്തിന്റെ അർത്ഥം "നല്ല വാർത്ത" എന്നാണ്. യേശുക്രിസ്തു പ്രദാനം ചെയ്യുന്നതിൽ – ന്യായപ്രമാണത്തിനു തുല്യമായ നീതി നമുക്ക തരുന്ന, നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള അവന്റെ കുരിശുമരണത്തിൽ – വിശ്വസിക്കുന്നവർക്ക്, ദൈവം അവന്റെ സ്വന്തം നീതിയും, അംഗീകാരവും ലഭ്യമാക്കുന്നു എന്നതാണ് സുവിശേഷത്തിന്റെ നല്ല വാർത്ത. ന്യായപ്രമാണത്തിന്റെ പ്രവർത്തിയാൽ നാം നേടി എടുക്കാതെ, ന്യായപ്രമാണം കൂടാതെ ഉള്ള നീതി യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വരുന്നു.

22–ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് എല്ലാവരിലേക്കും എല്ലാവരുടെമേലും യേശു ക്രിസ്തുവിലുള്ള വിശ്വാസത്താൽ വരുന്ന നീതിയെക്കുറിച്ചാണ്. ദൈവം എന്തിനാണ് തന്റെ നീതി എല്ലാവർക്കും കൊടുക്കുന്നത്? "ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിതീർന്നു". നീയും ഞാനും പാപം ചെയ്തു, നാം എല്ലാവരും പാപം ചെയ്തു ദൈവത്തിന്റെ മാനദണ്ഡത്തിൽ

നിന്നും പൂർണ്ണതയിൽ നിന്നും അകന്നുപോയി. നമ്മുടെ പാപം കാരണം, നമ്മുടെ ഏറ്റവും വലിയ ആവശ്യം അംഗീകാരവും, ദൈവവുമായുള്ള ശരിയായ ബന്ധവും, നിരപ്പും ആണ്. അത് ദൈവം ന്യായപ്രമാണത്തിന്റെ പ്രവർത്തി കൂടാതെ യേശുവിൽ ഉള്ള വിശ്വാസത്തിൽകൂടി തന്നിരിക്കുന്നു. ദൈവത്തിന്റെ നീതി വരുന്നത്, നിങ്ങളുടെ പ്രവൃത്തിയിൽ കൂടിയോ, നിങ്ങൾ ശ്രമിക്കുന്നതുകൊൺടോ, നിങ്ങൾ സമ്പാദിക്കുന്നതുകൊൺടോ, അല്ലെങ്കിൽ നേടി എടുക്കാനുള്ള നിങ്ങളുടെ ഉദ്യമങ്ങൾ വഴിയോ അല്ല. അത് യേശുവിലുള്ള വിശ്വാസത്തിലും വിധേയത്വത്തിലും ആശ്രയത്തിലും കൂടി മാത്രം വരുന്നതാണ്.

അബ്രഹാം (യഹൂദന്മാരുടെ പൂർവ്വ പിതാവ്) എങ്ങിനെയാണ് രക്ഷിക്കപ്പെട്ടത്? വേദപുസ്തകം പറയുന്നു അബ്രഹാം ദൈവത്തെ വിശ്വസിച്ചു – വൈം അവനു നല്കിയ വാഗ്ദാനം വിശ്വസിച്ചു – അതു അവന് നീതിയായി കണക്കിട്ടു. അബ്രഹാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു എന്നു പ്രസ്താവിക്കപ്പെട്ടത് അബ്രഹാമിനെക്കുറിച്ചു മാത്രം അല്ല. റോമർ 3:21–22 ൽ നാം വായിക്കുന്നു, യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ആണ് ഒരു വ്യക്തി നീതീകരിക്കപ്പെട്ടുന്നത് എന്ന്. വേദപുസ്തകം പറയുന്നു, ക്രിസ്തു നമ്മുടെ പാപപരിഹാരാർത്ഥം ക്രൂശിൽ രക്തം ചൊരിഞ്ഞ കൊടുത്ത വിലയാണ്, ക്രിസ്തുവിൽ വിശ്വസിക്കുക മാത്രം ചെയ്യുന്ന ഒരു വ്യക്തിക്ക്, നീതി കണക്കിടുവാൻ കാരണമാകുന്നത്.

റോമർ 5:17 പറയുന്നു, ‘‘*ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും".* (ഊന്നൽ എന്റേത്). നീതിയുടേയും, അവനുമായുള്ള ശരിയായ ബന്ധത്തിന്റേയും ഒരു സമ്മാനം, ദൈവം നിങ്ങൾക്ക് തരുന്നു. സമ്മാനത്തിന് വിലയുൺട്, പക്ഷേ സ്വീകരിക്കുന്ന വ്യക്തി അതു കൊടുക്കുന്നില്ല. നിങ്ങൾ എനിക്ക് ഒരു സമ്മാനം തന്നിട്ട്, അതിന്റെ വില കൊടുക്കുവാൻ എന്നോട് ആവശ്യപ്പെട്ടാൽ, അതൊരു സമ്മാനമാകില്ല. പക്ഷേ നിങ്ങൾ അതിന് വില കൊടുത്തു. ദൈവം എനിക്കും നിങ്ങൾക്കും നീതി ഒരു സമ്മാനമായി ലഭ്യമാക്കി. നീതിയുടേയും, വെറുതേവിടലിന്റേയും, ദൈവവുമായുള്ള നല്ല ബന്ധത്തിന്റേയും ഈ സമ്മാനം, യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വരുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. തീത്തോസ് 3:5 വായിക്കുക. നമുക്ക് ആവശ്യമായിരിക്കുന്ന നീതി നമുക്കുതന്നെ ചെയ്തെടുക്കുവാൻ കഴിയുമോ?

   **തീത്തോസ് 3:5 –** *അവൻ നമ്മെ നാം ചെയ്ത നീതി പ്രവർത്തികളാലല്ല, തന്റെ കരുണ പ്രകാരമത്രേ രക്ഷിച്ചത്.*

2. 2 കൊരിന്ത്യർ 5:21 വായിക്കുക. ഏതു തരത്തിലുള്ള നീതിയാണ് നമുക്ക് ആവശ്യമായിരിക്കുന്നത്?

   **2 കൊരിന്ത്യർ 5:21 –** *പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്, അവൻ നമുക്ക് വേണ്ടി പാപം ആക്കി.*

3. റോമർ 3:21 വായിക്കുക. ഈ നീതി എങ്ങിനെ നമുക്ക് ലഭിക്കുന്നു?

   **റോമർ 3:21 –** *'ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നേ ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു.*

4. ഫിലിപ്പിയർ 3:9 വായിക്കുക. ന്യായപ്രമാണത്തിന്റെ നീതി എന്താണ്?

   **ഫിലിപ്പിയർ 3:9 –** *ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസം മൂലം, ദൈവം വിശ്വസിക്കുന്നവർക്കു നല്കുന്ന നീതി തന്നേ ലഭിച്ചു.*

5. ഗലാത്യർ 2:21 വായിക്കുക. ദൈവത്തിന്റെ കൃപയെ നമുക്ക് എങ്ങിനെ വ്യർഥാവാക്കാം?

   **ഗലാത്യർ 2: 21 –** *ഞാൻ ദൈവത്തിന്റെ കൃപ വ്യർഥവാക്കുന്നില്ല. ന്യായ പ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചതു വെറുതെയല്ലോ.*

6. റോമർ 5:17 വായിക്കുക. ദൈവത്തിന്റെ നീതി എന്തായിട്ടാണ് നമുക്കു ലഭിക്കുന്നത്?

**റോമൻ 5:17** – *ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ, കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.*

# ഉത്തര സൂചിക

1. തീത്തോസ് 3:5 വായിക്കുക. നമുക്ക് ആവശ്യമായിരിക്കുന്ന നീതി നമുക്കുതന്നെ ചെയ്തെടുക്കുവാൻ കഴിയുമോ?

   ***ഇല്ല***

2. 2 കൊരിന്ത്യർ 5:21 വായിക്കുക. ഏതു തരത്തിലുള്ള നീതിയാണ് നമുക്ക് ആവശ്യമായിരിക്കുന്നത്?

   ***ദൈവത്തിന്റെ നീതി (ക്രിസ്തുവിൽകൂടി ലഭ്യമാകുന്ന)***

3. റോമർ 3:21 വായിക്കുക. ഈ നീതി എങ്ങിനെ നമുക്ക് ലഭിക്കുന്നു?

   ***യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽകൂടി***

4. ഫിലിപ്പിയർ 3:9 വായിക്കുക. ന്യായപ്രമാണത്തിന്റെ നീതി എന്താണ്?

   ***എന്റേതായ ഒരു നീതി – എന്റെ പ്രവൃത്തികളാൽ ഉണ്ടാ ക്കാവുന്ന നീതി***

5. ഗലാത്യർ 2:21 വായിക്കുക. ദൈവത്തിന്റെ കൃപയെ നമുക്ക് എങ്ങിനെ വൃഥാവാക്കാം?

   ***യേശുവിനേയും നമ്മുടെ രക്ഷയ്ക്കായിട്ടുള്ള അവന്റെ മരണത്തെയും വിശ്വസിക്കുന്നതിനു പകരം, സ്വന്തം നന്മപ്രവൃത്തികളാൽ രക്ഷിക്കപ്പെടുവാൻ നമ്മൾ ശ്രമിക്കുന്നതിൽ കൂടി നമുക്ക് ദൈവത്തിന്റെ കൃപയെ വൃഥാവാക്കാം***

6. റോമർ 5:17 വായിക്കുക, ദൈവത്തിന്റെ നീതി എന്തായിട്ടാണ് നമുക്കു ലഭിക്കുന്നത്?

   ***ഒരു സമ്മാനം***

## പാഠം 4

# ദൈവവുമായുള്ള ബന്ധം

## *ആൻഡ്രൂ വോമ്മക്ക്*

ബന്ധപ്പെടാൻ പോകുന്ന വ്യക്തിയെകുറിച്ച് മനസ്സിലാക്കുന്നത് ബന്ധങ്ങളുടെ വിഷയത്തിൽ ഏറ്റവും പ്രധാനമായ കാര്യങ്ങളിൽ ഒന്നായിരിക്കുന്നതുപോലെ, ദൈവവുമായുള്ള ബന്ധത്തിനും അത് ബാധകമാണ്. ദൈവവുമായി ഒരു നല്ല ബന്ധം ഉണ്ടാകുവാൻ, ദൈവത്തിന്റെ പ്രകൃതിയും സ്വഭാവവും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ പ്രകൃതിയെയും സ്വഭാവത്തെയും കുറിച്ചുള്ള ഒരു തെറ്റായ ധാരണയാണ് ദൈവവുമായി ഒരു നല്ല ബന്ധം പലർക്കും ഇല്ലാത്തതിന്റെ കാരണം. പാമ്പിനാൽ ആദവും അവ്വയും പരീക്ഷിക്കപ്പെട്ടപ്പോൾ, ഇതുതന്നെയാണ് സംഭവിച്ചത്. അവർ പ്രലോഭനത്തിൽ പ്രവേശിക്കുകയും, ഒടുവിൽ ദൈവത്തെ അനുസരിക്കാതിരിക്കുകയും, മാനവവംശത്തെ മുഴുവൻ പാപത്തിലേക്ക് തള്ളിവിടുകയും ചെയ്തു. ദൈവത്തിന്റെ പ്രകൃതിയെ കുറിച്ചുള്ള അവരുടെ അറിവില്ലായ്മ, ഈ പ്രലോഭനത്തിന്റെ ഒരു ഭാഗമായിരുന്നു.

ഉല്പത്തി 3:1–5 വരെയുള്ള കഥ മിക്കവർക്കും സുപരിചിതമാണ്. *"യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളേക്കാളും പാമ്പ് കൗശലമേറിയതായിരുന്നു. അത് സ്ത്രീയോട് : തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. സ്ത്രീ പാമ്പിനോട് : തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കുതിന്നാം; എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിനു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയും അരുത് എന്നു ദൈവം കല്പിച്ചിട്ടുണ്ട് എന്ന് പറഞ്ഞു. പാമ്പ് സ്ത്രീയോട്: നിങ്ങൾ മരിക്കയില്ല നിശ്ചയം; അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണ് തുറക്കുകയും നിങ്ങൾ നന്മതിന്മകളെ*

*അറിയുന്നവരായി ദൈവത്തെപ്പോലെ (ദൈവം) ആകയും ചെയ്യും എന്ന് ദൈവം അറിയുന്നു എന്നു പറഞ്ഞു.”* (ബ്രാക്കറ്റ് എന്റേത്)

ഇവിടെ വളരെ കൗശലപൂർണ്ണമായ ഒരു പ്രസ്താവനയാണ് പിശാച് ചെയ്തിരിക്കുന്നത്: ദൈവം ഒരു നല്ല ദൈവം അല്ല...ദൈവം എന്തോ ആദാമിൽ നിന്നും ഹവ്വായിൽ നിന്നും തടഞ്ഞുവച്ചിരിക്കുന്നു... അവർ അവരുടെ പൂർണ്ണ സാധ്യതയിൽ എത്താൻ അവനാഗ്രഹിച്ചില്ല... അവർ അവനേപ്പോലെ ആയിരിക്കാൻ അവൻ ആഗ്രഹിച്ചില്ല...നന്മ തിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നുള്ള കല്പന ദൈവം ഉണ്ടാക്കിയതിന്റെ കാരണം, അവരെ തടസ്സപ്പെടുത്തുവാനോ ഉപദ്രവിക്കുവാനോ ആയിരുന്നു. അവർ ഏറ്റവും നല്ലത് അനുഭവിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല എന്ന് പറഞ്ഞ്, ദൈവത്തെ സാത്താൻ അപകീർത്തിപ്പെടുത്തിയപ്പോൾ, ഒരർത്ഥത്തിൽ, ദൈവത്തിന്റെ പ്രകൃതിക്കും സ്വഭാവത്തിനും എതിരായി വരുകയാണ് അവൻ ചെയ്തത്. ഇന്ന് ജനങ്ങൾക്ക് സംഭവിച്ചു കൊണ്ടിരിക്കുന്നത് കൃത്യമായും അതുതന്നെയാണ്. സാത്താൻ ജനങ്ങളോട് പറയുന്നു, “നിങ്ങൾ ദൈവത്തെ അനുഗമിക്കുകയും ദൈവവചനത്തിന് വിരുദ്ധമായ കാര്യങ്ങളെ പരീക്ഷിക്കാതിരിക്കയും ചെയ്താൽ, ശരിയായ സന്തോഷം ഒരിക്കലും അനുഭവിക്കില്ല. ജീവിതം വിരസമായിരിക്കും... മരിച്ചതായിരിക്കും.” മയക്കുമരുന്ന്, മദ്യം, ലൈഗിംക കാര്യങ്ങൾ, കലാപം, അനിയന്ത്രിതമായ സ്വയ സംതൃപ്തി, ഔദ്യോഗിക തലത്തിൽ ജയം, മറ്റെല്ലാ കാര്യങ്ങളും ഉൾപ്പെടെ ചെയ്തിട്ട്, അവയൊന്നും അവരെ തൃപ്തിപ്പെടുത്താത്ത അനുഭവമാണ് അവരുടേത് എന്നതാണ് ദുഖകരമായ വസ്തുത. ഇത് അവർ മനസ്സിലാക്കുമ്പോഴേക്കും, അവർ അവരുടെ ജീവിതത്തേയും കുടുംബങ്ങളെയും ആരോഗ്യത്തേയും നശിപ്പിച്ച് കഴിഞ്ഞിരിക്കും.

ദൈവം നല്ല ദൈവമാണ്, നമ്മേക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതവും നന്മ മാത്രം ആണ് എന്നതാണ് സത്യം. എന്നാൽ, ഏദൻ തോട്ടത്തിൽ ആദാമിനും ഹവ്വായ്ക്കും എതിരെ ഉപയോഗിച്ചതുപോലെ, ദൈവം നല്ലവൻ അല്ല എന്നു ചിന്തിപ്പിക്കുന്ന പ്രലോഭനങ്ങളെ, സാത്താൻ ഇന്ന് നമ്മുടെ നേർക്കും ഉപയോഗിക്കുന്നു. ബൈബിളിനേപ്പറ്റി വളരെ കുറഞ്ഞ അറിവു മാത്രം ഉള്ളവർക്ക്, അങ്ങനെ തോന്നിയേക്കാം, കാരണം ദൈവം കഠിനമായി, ക്രൂരമായി ജനത്തോട് ഇടപെട്ട അവസരങ്ങൾ വചനത്തിൽ ഉണ്ട്. സംഖ്യാപുസ്തകം: 15:32–36–ൽ, ഒരു മനുഷ്യൻ ശബ്ബത്തുനാളിൽ വിറകുപെറുക്കിയതിനാൽ അവനെ കല്ലെറിഞ്ഞുകൊന്നതായി

കാണുന്നു. അത് വളരെ ക്രൂരമായി തോന്നുന്നു, എന്നാൽ അങ്ങിനെയുള്ള ശിക്ഷകളുടെ പിന്നിലെ ഉദ്ദേശ്യം, വെറും ഒരു സാധാരണ വേദ പുസ്തക വായനകൊൺട് വ്യക്തമാകുന്നില്ല. ശ്രദ്ധയോടുകൂടിയ വേദപുസ്തക പഠനം വെളിപ്പെടുത്തുന്നത്, റോമർ 7:13 ൽ പൗലോസ് പറയുന്നതു പോലെ, നാം ചെയ്ത പാപത്തെ അത്യന്തം പാപകരമാക്കുവാനാണ് പഴയനിയമ കല്പന നല്കപ്പെട്ടത്. അതിന്റെ ഉദ്ദേശ്യം, ജനങ്ങൾക്ക് തങ്ങളുടെ പാപങ്ങൾ മരണകരമായിരുന്നു എന്നും അത് ദൈവത്തിന്റെ നിയമത്തെ ലംഘിക്കുകയായിരുന്നു എന്നും മനസ്സിലാക്കാത്തതായിരുന്നു. മറ്റുള്ളവരുമായി തങ്ങളെ താരതമ്യപ്പെടുത്തുകയും മറ്റുള്ളവരുടെ പ്രവർത്തികളാൽ തങ്ങളുടെ പ്രവർത്തികളെ അളക്കുകയും ചെയ്യുന്ന ഒരു തെറ്റാണ് അവർ ചെയ്തിരുന്നത്.

ഒരു വ്യക്തി പാപം ചെയ്തിട്ട്, കൊല്ലപ്പെടാതിരുന്നാൽ, പാപം അത്ര ചീത്തയൊന്നമല്ല എന്ന വിചാരിച്ച്, അവർ അവരുടെ മാനദണ്ഡങ്ങൾ താഴ്ത്തുന്നു. ശരിയും തെറ്റും എന്താണ് എന്നതിനെ കുറിച്ചുള്ള ശരിയായ കാഴ്ച്ചപ്പാട് അവർക്കു നഷ്ടപ്പെട്ടു. ആയതിനാൽ, പിശാചിനേയും അവന്റെ പ്രലോഭനങ്ങളേയും തള്ളിക്കളഞ്ഞ്, തെറ്റായ തിരഞ്ഞെടുപ്പിന്റെ അന്തിമഫലം എന്താണെന്ന് തിരിച്ചറിയുവാൻ, ശരിയായ ജീവിതത്തിനുള്ള വേൺടരീതിയിലുള്ള ഒരു മാനദണ്ഡത്തിലേക്ക്, ദൈവത്തിന് അവരെ മടക്കി കൊൺടുവരേൺടി വന്നു. അത് ദൈവം ചെയ്തപ്പോൾ, താൻ കൊടുത്ത കല്പന ദൈവത്തിന് പ്രാബല്യത്തിൽ കൊൺടുവരേൺടി വന്നു.

“നിങ്ങൾ ഇതെല്ലാം ചെയ്യും വരെ എനിക്കു നിങ്ങളെ സ്വീകരിക്കുവാനോ സ്നേഹിക്കുവാനോ കഴിയില്ല” എന്നുള്ള ഉദ്ദേശത്തിൽ അല്ല പഴയനിയമത്തിൽ ദൈവം കല്പനകൾ നൽകിയത്. അത് ദൈവത്തിന്റെ പ്രകൃതിയോ സ്വഭാവമോ അല്ല. മറിച്ച്, ശരിയേയും തെറ്റിനേയും കുറിച്ച് ഉള്ള നമ്മുടെ ബോധത്തിന് തീഷ്ണത കൂട്ടുവാനും, നമുക്ക് ഒരു രക്ഷകൻ വേണം എന്ന ആവശ്യബോധത്തിലേക്കു നമ്മെ മടക്കി കൊൺടുവരാനും ആണ് അവ നല്കിയത്. അവരെ സ്നേഹിക്കണമെങ്കിൽ, ദൈവം അവരിൽ പൂർണ്ണത ആവശ്യപ്പെടുന്നു എന്ന് അവർ വിചാരിച്ചതാണ് പ്രശ്നം. അത് അവരുടെ പ്രവൃത്തികളുടെ തോതിനനുസരിച്ചാണ് ദൈവം അവരെ സ്നേഹിക്കുന്നതെന്ന്, ഒത്തിരിപ്പേർക്കും ഉള്ള, ഒരു ചിന്താഗതിയിലേക്ക് അവരെ നയിച്ചു. തങ്ങൾ എല്ലാം കൃത്യമായി, ശരിക്കു ചെയ്യുവാൻ ശ്രമിക്കും വരെ

ദൈവം തങ്ങളെ സ്വീകരിക്കില്ല എന്ന് അവർക്കു തോന്നുന്നു. വേദപുസ്തകത്തിലെ സന്ദേശം അതല്ല.

ദൈവത്തിന്റെ ഹൃദയത്തിലെ ആഗ്രഹം മനുഷ്യനെ ദൈവത്തോട് നിരപ്പിക്ക എന്നതാണ്, അല്ലാതെ അവരെ ന്യായം വിധിക്കാനോ ... പാപം കണക്കിൽ പെടുത്താനോ...അവരുടെ പാപങ്ങൾ അവർക്കെതിരെ പിടിക്കാനോ അല്ല. വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ളവർക്കും, ഇപ്പോൾ നിങ്ങൾക്കും വേണ്ടിയുള്ള ദൈവത്തിന്റെ ഹൃദയം അതാണ്. 1 യോഹന്നാൻ 4:8 ൽ പറഞ്ഞിരിക്കുന്ന പ്രകാരം, “ദൈവം സ്നേഹമാകുന്നു” എന്നുള്ള അവന്റെ ഹൃദയം നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ പാപങ്ങളെയും, ദൈവത്തിൽനിന്ന് നിങ്ങളെ വേർപെടുത്തുന്ന എന്തിനേയും മാറ്റിക്കളയുവാൻ ദൈവം തിരയുന്നു. അത് ദൈവം യേശുവിലൂടെ ചെയ്തുകഴിഞ്ഞു. നമ്മുടെ പ്രവർത്തികളാലല്ല, യേശു നമ്മുടെ പാപങ്ങളെ വഹിച്ചു എന്ന് വിശ്വസിച്ച്, അത് സ്വീകരിക്കുന്നതു വഴി, ദൈവവുമായുള്ള ബന്ധം ദൈവം നമുക്കു നൽകുന്നു. ജീവിതത്തിലെ പരാജയങ്ങൾ വകവക്കാതെ, ദൈവവുമായുള്ള ബന്ധം ഇന്നു നമുക്ക് പ്രാപിക്കാൻ സാധിക്കും. നിങ്ങൾ കർത്താവായ യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുക എന്നു മാത്രമേ ദൈവം ആവശ്യപ്പെടുന്നുള്ളു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. ഉല്പത്തി 3:1 വായിക്കുക. സാത്താൻ ഹൗവ്വായോട് എന്താണ് ചോദിച്ചത്?

   **ഉല്പത്തി 3:1** – *യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളേക്കാളും പാമ്പ് കൗശലമേറിയതായിരുന്നു. അത് സ്ത്രീയോട് : തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പ്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു*

2. ഉല്പത്തി 2:17 ഉം 3:3 ഉം വായിക്കുക. ദൈവം ആദാമിനോട് പറഞ്ഞതിനോട് എന്തുപദം/പദങ്ങൾ ആണ് ഹവ്വ കൂട്ടിചേർത്തത്?

   **ഉല്പത്തി 2:17** – *എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും.*

   **ഉല്പത്തി 3:3** – *എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിനു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയും അരുത് എന്ന് ദൈവം കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു.*

3. ഉല്പത്തി 3:6 വായിക്കുക. ഒരിക്കൽ സാത്താൻ ഹവ്വായുടെ മനസ്സിൽ ദൈവത്തിന്റെ വചനത്തെക്കുറിച്ച് സംശയം ഉളവാക്കിയതിനുശേഷം ഈ വാക്യ പ്രകാരം അവൾ എന്ത് ചെയ്തു?

   **ഉല്പത്തി 3:6** – *ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിക്കാൻ കാമ്യവുമെന്ന് സ്ത്രീ കണ്ടു. ഫലം പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു.*

4. ഉല്പത്തി 3:9–10 വായിക്കുക. ആദാമും അവ്വായും പാപം ചെയ്തതിനു ശേഷവും ദൈവം അവരുമായി ആശയവിനിമയം നടത്തുകയും ബന്ധം പിന്തുടരുകയും ചെയ്തുവോ?

**ഉല്പത്തി 3:9–10** – *യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു നീ എവിടെ എന്ന് ചോദിച്ചു. തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ടു ഞാൻ നഗ്ന നാക കൊൺടു ഭയപ്പെട്ടു ഒളിച്ചു എന്ന് അവൻ പറഞ്ഞു.*

5. ഉല്പത്തി 3:22–24 വായിക്കുക. എന്തുകൊൺടാണ് ദൈവം ആദാമിനെയും അവ്വായെയും ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കിയത്?

**ഉല്പത്തി 3:22–24** – *യഹോവയായ ദൈവം : മനുഷ്യൻ നന്മതിന്മകളെ അറിവാൻതക്കവണ്ണം നമ്മിൽ ഒരുത്തനെപ്പോലെ ആയിതീർന്നിരിക്കുന്നു, ഇപ്പോൾ അവൻ കൈനീട്ടി ജീവവൃക്ഷത്തിന്റെ ഫലംകൂടെ പറിച്ചുതിന്നു. എന്നേക്കും ജീവിപ്പാൻ സംഗതി വരരുത് എന്നു കല്പിച്ചു. അവനെ എടുത്തിരുന്ന നിലത്തു കൃഷി ചെയ്യേതിനു യഹോവയായ ദൈവം അവനെ ഏദൻ തോട്ടത്തിൻനിന്നും പുറത്താക്കി. ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു. ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാൻ അവൻ ഏദൻ തോട്ടത്തിനു കിഴക്ക് കെരൂബുകളെ തിരിഞ്ഞുകൊൺടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി.*

6. ഇത് ദൈവത്തിന്റെ ശിക്ഷയായിട്ടല്ല, കരുണയാലുള്ള പ്രവർത്തിയായി കാണാൻ നിങ്ങൾക്ക് കഴിയുന്നുവോ?

7. റോമർ 5:17 വായിക്കുക. ദൈവത്തിന്റെ ധാരാളമായ കൃപയും നീതി ദാനവും എങ്ങിനെ പ്രാപിക്കാം?

A. വാങ്ങുക
B. സമ്പാദിക്കുക
C. സ്വീകരിക്കുക

**റോമർ 5:17** – *ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നി മിത്തം വാണ എങ്കിൽ, കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.*

8. റോമർ 6:23 വായിക്കുക. നാം പാപം ചെയ്താൽ അർഹിക്കുന്നത് എന്താണ്?

**റോമർ 6:23** – *പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാ വരമോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ.*

9. കൃപയാൽ, എന്താണ് അതിനു പകരമായി ദൈവം നമുക്കു തരുന്നത്?

10. റോമർ 10:3 വായിക്കുക. ദൈവമുമ്പാകെ സ്വന്തം നീതി സ്ഥാപിക്കുവാൻ നാം ശ്രമിച്ചാൽ, ഏതിലാണ് നാം പരാജയപ്പെടുന്നത്?

**റോമർ 10:3** – *അവൻ ദൈവത്തിന്റെ നീതി അറിയാതെ സ്വന്ത നീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊൺടു ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല.*

11. 1 യോഹന്നാൻ 1:9 ഉം റോമർ 4:3 – ഉം വായിക്കുക. നാം വിശ്വസിക്കുക മാത്രം ചെയ്താൽ, അവനെതിരായുള്ള നമ്മുടെ സർവ പാപങ്ങളെയും കുറ്റങ്ങളെയും എന്ത് ചെയ്യും എന്നാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്?

**1 യോഹന്നാൻ 1:9** – *നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.*

**റോമർ 4:3** – *തിരുവെഴുത്തു എന്തു പറയുന്നു? "അബ്രഹാം ദൈവത്തെ വിശ്വസിച്ചു; അതു അവനു നീതിയായി കണക്കിട്ടു" എന്നു തന്നേ.*

12. ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഇത് എന്താണ് നിങ്ങളോടു പറയുന്നത്?

# ഉത്തര സൂചിക

1. ഉല്പത്തി 3:1 വായിക്കുക. സാത്താൻ ഹൗവ്വായോട് എന്ത് ചോദ്യമാണ് ചോദിച്ചത്?

   ***“തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പ്പിച്ചിട്ടുണ്ടോ?”***

2. ഉല്പത്തി 2:17 ഉം 3:3 ഉം വായിക്കുക. ദൈവം ആദാമിനോട് പറഞ്ഞതിനോട് എന്തുപദം/പദങ്ങൾ ആണ് ഹവ്വ കൂട്ടിചേർത്തത് ?

   ***തൊടുകയും അരുത്***

3. ഉല്പത്തി 3:6 വായിക്കുക ഒരിക്കൽ സാത്താൻ ഹവ്വായുടെ മനസ്സിൽ ദൈവത്തിന്റെ വചനത്തെക്കുറിച്ച് സംശയം ഉളവാക്കിയതിനുശേഷം ഈ വാക്യ പ്രകാരം അവൾ എന്ത് ചെയ്തു ?

   ***വൃക്ഷഫലം പറിച്ചുതിന്നു.***

4. ഉല്പത്തി 3:9–10 വായിക്കുക. ആദാമും അവ്വായും പാപം ചെയ്തതിനു ശേഷവും ദൈവം അവരുമായി ആശയവിനിമയം നടത്തുകയും ബന്ധം പിന്തുടരുകയും ചെയ്തുവോ?

   ***ചെയ്തു***

5. ഉല്പത്തി 3:22–24 വായിക്കുക. എന്തുകൊൺടാണ് ദൈവം ആദാമിനെയും അവ്വായെയും ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കിയത്?

   ***ജീവവൃക്ഷത്തിന്റെ ഫലം തിന്ന് പാപിയായ അവസഥയിൽ എന്നേക്കും ജീവിക്കാതിരിക്കാൻ വേൺടി***

6. ഇത് ദൈവത്തിന്റെ ശിക്ഷയായിട്ടല്ല കരുണയാലുള്ള പ്രവർത്തിയായി കാണാൻ നിങ്ങൾക്ക് കഴിയുന്നുവോ?

   ***കഴിയുന്നു***

7. റോമർ 5:17 വായിക്കുക. ദൈവത്തിന്റെ ധാരാളമായ കൃപയും നീതി ദാനവും എങ്ങിനെ പ്രാപിക്കാം?

### C. സ്വീകരിക്കുക

8. റോമൻ 6:23 വായിക്കുക. നാം പാപം ചെയ്താൽ അർഹിക്കുന്നത് എന്താണ്?

*മരണം*

9. കൃപയാൽ, എന്താണ് അതിനു പകരമായി ദൈവം നമുക്കുതരുന്നത്?

***യേശുവിലുള്ള നിത്യജീവൻ***

10. റോമൻ 10:3 വായിക്കുക. ദൈവമുമ്പാകെ സ്വന്തം നീതി സ്ഥാപിക്കുവാൻ നാം ശ്രമിച്ചാൽ, ഏതിലാണ് നാം പരാജയപ്പെടുന്നത്?

***നമ്മുടെ നീതിയായി യേശുവിന് കീഴ്പ്പെടുവാൻ***

11. 1 യോഹന്നാൻ 1:9 ഉം റോമർ 4:3 – ഉം വായിക്കുക. നാം വിശ്വസിക്കുക മാത്രം ചെയ്താൽ, അവനെതിരായുള്ള നമ്മുടെ സർവ പാപങ്ങളെയും കുറ്റങ്ങളെയും എന്ത് ചെയ്യും എന്നാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്?

***അവയെ നീക്കും, മറക്കും, ക്ഷമിക്കും***

12. ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഇത് എന്താണ് നിങ്ങളോടു പറയുന്നത്?

***ദൈവം കരുണയും സ്നേഹവും ഉള്ളവൻ ആണെന്ന്.***

പാഠം 5

# ദൈവത്തിന്റെ പ്രകൃതി

## *ആൻഡ്രൂ വോമ്മക്ക്*

ദൈവവുമായുള്ള ഒരു ദൃഢബന്ധം ഉണ്ടാകുവാൻ, നാം ദൈവത്തിന്റെ പ്രകൃതിയും, അവന്റെ യഥാർഥ സ്വഭാവവും അറിയണം. അവൻ നമ്മുടെ പാപം നിമിത്തം നമ്മോടു കോപിക്കുന്ന ദൈവമോ, അതോ നമ്മുടെ പ്രവൃത്തികളെ കണക്കിൽ എടുക്കാതെ നമുക്ക് അവന്റെ ജീവനും അനുഗ്രഹങ്ങളും തരാനാഗ്രഹിക്കുന്ന, കരുണയുള്ള ദൈവമോ? ദൈവത്തിന് മാറ്റം വരുകയോ, വ്യത്യസ്തമായി പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല എങ്കിലും, തിരുവചനങ്ങൾ ദൈവത്തെക്കുറിച്ച് രണ്ടു വ്യത്യസ്ത വീക്ഷണങ്ങൾ നമുക്കു തരുന്നു. ബൈബിളിൽ ഉപ യോഗിച്ചിരിക്കുന്ന പദപ്രയോഗത്തിൽ, "ദൈവം മനുഷ്യരുടെ പാപങ്ങളെ അവർക്കെതിരെ പിടിച്ചു" എന്നു പറയുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു.

ഇതിനെ കുഞ്ഞുങ്ങളെ വളർത്തുന്നതിനോട് താരതമ്യപ്പെടുത്താം. അവർ വളരെ ചെറുപ്പം ആയിരിക്കുമ്പോൾ, അവരുമായി ന്യായവാദം ചെയ്യാനോ, എന്തുകൊണ്ട് അവർ നല്ലതായി പെരുമാറണം, എന്തുകൊണ്ട് അവർ സ്വാർത്ഥരായിരിക്കരുത്, അവരുടെ സഹോദരങ്ങളിൽ നിന്നും കളിപ്പാട്ടങ്ങൾ തട്ടി എടുക്കരുത് എന്നൊക്കെ അവരെ പറഞ്ഞു മന സ്സിലാക്കാനോ സാധ്യമല്ല. എന്തെല്ലാം അനുസരിക്കണം എന്നു അവരോട് പറയുക, അനുസരിച്ചില്ലാ എങ്കിൽ, പാകത്തിനുള്ള ശിക്ഷ നല്കി അവരെ അച്ചടക്കം പഠിപ്പിക്കുക. ദൈവത്തെയോ സാത്താനെയോ കുറിച്ച് അവർക്ക് അറിവില്ല എങ്കിൽ തന്നെ, നിയമങ്ങൾ നടപ്പാക്കണം. അല്ലാത്തപക്ഷം സ്വാർത്ഥരായിരിക്കുമ്പോൾ അവർ പിശാചിന് ഇടം കൊടുക്കുന്നു. അതിന്റെ ആശയം അവർക്ക് അറിയില്ല എങ്കിലും, അത് ആവർത്തിച്ചാൽ ശിക്ഷിക്കപ്പെടും എന്ന് അവർ ഗ്രഹിക്കുന്നു.

ഒരു അർത്ഥത്തിൽ, ദൈവം ഇതാണ് പഴയനിയമത്തിൽ ചെയ്തത്. വീണ്ടും ജനനം പ്രാപിച്ച് പുതിയനിയമത്തിൻ കീഴിൽ നമുക്കുള്ള ആത്മീയ കാഴ്ചപ്പാട്, വീണ്ടുജനനം പ്രാപിക്കുന്നതിന് മുമ്പ്, അവർക്കില്ലായിരുന്നു. അതിനാൽ, ജനത്തെ പാപങ്ങളിൽ നിന്നു തിരിക്കാൻ, ദൈവം അവർക്ക് നിയമങ്ങൾ കൊടുക്കുകയും, അതു നടപ്പിലാക്കാൻ ചിലപ്പോൾ മരണശിക്ഷ തന്നെയും, കൊടുക്കുകയും ചെയ്യേണ്ടിയിരുന്നു. സാത്താൻ പാപത്താൽ ജനത്തെ നശിപ്പിച്ചുകൊണ്ടിരുന്നതിനാൽ, പാപത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും, അവ നടപ്പിലാക്കുകയും ചെയ്യേണ്ടി വന്നു. നമ്മുടെ പാപങ്ങൾ മൂലം, ദൈവം നമ്മെ വാസ്തവത്തിൽ സ്നേ ഹിക്കുന്നില്ല എന്നൊരു തെറ്റായ ധാരണ ഇത് ഉളവാക്കി, പക്ഷേ ദൈവവചനം പഠിപ്പിക്കുന്നത് അതല്ല. റോമർ 5:13 പറയുന്നു, " പാപമോ, ന്യായപ്രമാണം വരെ ലോകത്തിൽ ഉണ്ടായിരുന്നു. എന്നാൽ ന്യായപ്ര മാണം ഇല്ലാതിരിക്കുമ്പോൾ പാപത്തെ കണക്കിടുന്നില്ല". "ന്യായപ്രമാണം വരെ" എന്നതിന്റെ അർത്ഥം, മോശ വഴി, യഹൂദ രാജ്യത്തിനു ബാധകമായ പത്ത് കല്പനകളും, ആചാരപരമായ നിയമങ്ങളും ദൈവം കൊടുത്തതു വരെ എന്നാണ്. അതുവരെ പാപം ലോകത്തിൽ ഉണ്ടായിരുന്നു എങ്കിലും പാപത്തെ കണക്കിലാക്കിയില്ല. "കണക്കിലാക്കുക" എന്നത് കണക്കെഴുത്തുമായി ബന്ധപ്പെട്ട ഒരു പദമാണ്; ഉദാഹരണമായി നിങ്ങൾ കടയിൽ പോയി സാധനം വാങ്ങിയിട്ട്, "അത് എന്റെ കണക്കിൽ ഇടുക" എന്നു പറയുന്നു. അത് കണക്കിൽ ഇട്ടു കഴിയുമ്പോൾ അത് നിങ്ങളുടെ കണക്കിൽ രേഖപ്പെടുത്തുകയും, നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് വസൂലാക്കപ്പെടുകയും ചെയ്യുന്നു. അത് അവർ കണക്കിൽ ഉൾക്കൊള്ളിച്ചില്ലായെങ്കിൽ, അതിന്റെ അർത്ഥം അത് നിങ്ങളുടെ കണക്കിൽ, നിങ്ങൾക്കെതിരെ രേഖപ്പെടുത്തിയിട്ടില്ലാ എന്നാകുന്നു.

ഈ വാക്യം പറയുന്നത്, പത്തുകല്പനകൾ വരുന്നതുവരെ പാപം ജനത്തിന് എതിരായി കണക്കിൽ എടുത്തിരുന്നില്ല എന്നാണ്. അത് ഒരു വിസ്മയകരമായ പ്രസ്താവനയാകുന്നു. ഉല്പത്തി 3–ഉം, 4–ഉം അദ്ധ്യായം കാണുക. ആദാമും ഹവ്വായും ദൈവത്തിന് എതിരായി പാപം ചെയ്തപ്പോൾ, ദൈവം വിശുദ്ധനും മനുഷ്യൻ ഇപ്പോൾ പാപിയും ആയതുകൊണ്ട്, പാപമുള്ള മനുഷ്യ വർഗ്ഗവുമായി യാതൊന്നും ചെയ്യാൻ ദൈവത്തിനു കഴിയുമായിരുന്നില്ല എന്നതാണ് കൂടുതൽ പേർക്കും ഉള്ള ധാരണ. വിശുദ്ധി ഉള്ള ദൈവത്തിന് വിശുദ്ധി ഇല്ലാത്ത മനുഷ്യനുമായി ഒന്നും ചെയ്യാനില്ലാത്തതിനാൽ, ദൈവത്തിന്റെ സാന്നിധ്യത്തിൽ നിന്നും

അവനെ നീക്കുവാനായി, ദൈവം അവരെ ഏദൻ തോട്ടത്തിൽ നിന്നും പുറത്താക്കി എന്ന് അവർ കരുതുന്നു. നിങ്ങൾ ശരിയായ പ്രവൃത്തികളിലൂടെ നിങ്ങളെ നേരെയാക്കുന്നതുവരെ, ദൈവത്തിനു ഇനി വീണ്ടും നിങ്ങളുമായി ഒരു ബന്ധം സാധ്യമല്ല എന്ന് അവർ കൂടുതലായി കരുതുന്നു. യേശു കൊൺടുവന്ന സന്ദേശത്തിന് വിരുദ്ധമാണ് അത്. റോമർ 5:8 പറയുന്നു, ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേൺടി മരിക്കയാൽ, ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. ആകയാൽ പുതിയ നിയമം പഠിപ്പിക്കുന്നത്, നിങ്ങളുടെ പ്രവൃത്തികളാൽ വെടിപ്പാകുന്നതിന് മുമ്പുതന്നെ, അതായത് നീ പാപത്തിൽ ജീവിക്കുമ്പോൾ തന്നെ, ദൈവം തന്റെ സ്നേഹം നിന്നിലേയ്ക്ക് നീട്ടി എന്നാണ്. നി ങ്ങളുടെ ജീവിതത്തെ മാറ്റാൻ പോകുന്ന, സുവിശേഷത്തിന്റെ മഹത്തായ സത്യങ്ങളിലൊന്ന്, നിങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ ദൈവം നിങ്ങളെ സ്നേഹിക്കുന്നു എന്ന് മനസ്സിലാക്കുകയാണ്. നിങ്ങൾ അവന്റെ സ്നേഹം സ്വീകരിച്ചാൽ, ഇപ്പോഴത്തെ അവസ്ഥയിൽ തുടരാൻ നിങ്ങൾ ആഗ്രഹിക്കാത്ത അത്ര അളവിൽ ദൈവം നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ മാറും, ദൈവസ്നേഹത്തിന്റെ ഒരു ഉപോൽപ്പന്നം ആയി നിങ്ങൾക്കു മാറ്റം സംഭവിക്കും, ദൈവസ്നേഹം കിട്ടാൻ വേൺടിയല്ല.

ഉല്പത്തി 4–ാം അദ്ധ്യായത്തിൽ, ആദാമും ഹവ്വായും പാപം ചെയ്ത ശേഷവും ദൈവം അവരുമായി സംസാരിക്കുന്നതായും കൂട്ടായ്മ ഉള്ളതായും കാണുന്നു. കയീനും ഹാബേലുമായി ദൈവം സംസാരിച്ചു, അവനു ബലി അർപ്പിക്കാനായി അവർ വന്നപ്പോൾ, കേൾക്കത്തക്ക ശബ്ദത്തിൽ ദൈവം അവരോടു സംസാരിച്ചു. ദൈവശബ്ദം കേൾക്കുന്ന പരിചയം അവർക്കുൺടായിരുന്നു എന്ന്, അവരുടെ പ്രതികരണത്തിൽ നിന്നും നമുക്ക് കാണാം. അത് അവരെ ഭയപ്പെടുത്തിയില്ല. കയീൻ തന്റെ സഹോദരനായ ഹാബേലിനെ കൊന്ന് ഭൂമിയിലെ ആദ്യത്തെ കൊലയാളി ആയപ്പോൾ, കേൾക്കത്തക്ക ശബ്ദത്തിൽ ദൈവം ചോദിച്ചു,"നിന്റെ സഹോദരൻ ഹാബേൽ എവിടെ?" കയീൻ കുറ്റബോധം ഇല്ലാത്തവിധം ദൈവത്തോട് കള്ളം പറഞ്ഞു. നിരന്തരമായി ദൈവശബ്ദം കേൾക്കുന്ന ഒരാൾക്കു മാത്രമേ ഭയം ഇല്ലാതെ അങ്ങിനെ പ്രതികരിക്കുവാൻ കഴിയൂ. ഇവയെല്ലാം പറയുന്നത്, സാധാരണ വിശ്വസിച്ചിരിക്കുന്നതുപോലെ മനുഷ്യനുമായുള്ള കൂട്ടായ്മ വിഛേദിക്കാതെ, ദൈവം അതു തുടർന്നുകൊൺടേയിരുന്നു എന്നാണ്. മനഷ്യന്റെ പാപങ്ങൾ ദൈവം അവന്റെ പേരിൽ കണക്കു വച്ചില്ല. ദൈവം അവരുടെ പാപങ്ങളെ മറച്ചു എന്നോ, അവർ തെറ്റായിരുന്നില്ല

എന്നോ അതിനർഥമാകുന്നുണ്ടോ? ഇല്ല, ഈ കാരണത്താലാണ് ദൈവം മനുഷ്യന് അവസാനം കല്പന കൊടുത്തത്. ശരിയായ ഒരു നിലവാരത്തിലേക്ക് മനുഷ്യനെ മടക്കി കൊൺടു വരുവാൻ, ദൈവത്തിന് നി യമം കൊടുക്കേൺടി വന്നു. മനു ഷ്യന് ഒരു രക്ഷകനെ ആവശ്യമാണെന്നും, എളിമയോടെ പാപക്ഷമ ഒരു സമ്മാനമായി സ്വീകരിക്കണം എന്നും, ദൈവത്തിന് മനുഷ്യനെ കാണിച്ചുകൊടുക്കേൺടതായിവന്നു. മതം ഇവയെല്ലാം വളച്ചൊടിച്ച്, നി യന്ത്രിച്ച്, കല്പന കൊടുത്തത് അത് പാലിച്ച് ദൈവത്തിൽ നിന്ന് ക്ഷമയും അംഗീകാരവും ലഭിക്കാനാണ് എന്നു പഠിപ്പിക്കുന്നത് ദു:ഖകരമാണ്. അല്ല! പഴയനിയമ കല്പനയുടെ ഉദ്ദേശം, സ്വയം രക്ഷിക്കുന്ന കാര്യത്തിൽ നിങ്ങൾ നിരാശരായി, “ദൈവമേ, ഇതാണ് നിന്റെ വിശുദ്ധിയുടെ നില വാരമെങ്കിൽ, എനിക്കതു സാധ്യമല്ല. എന്നോട് ക്ഷമിക്കേണമേ, കരുണ കാണിയ്ക്കേണമേ” എന്ന് പറയിപ്പിക്കത്തക്ക നിലയിൽ നിങ്ങളുടെ പാപത്തെ വലുതാക്കി കാണിക്കുക എന്നതാണ്. ദൈവത്തിന്റെ ആകമാനം ഉള്ള പ്രകൃതം എപ്പോഴും സ്നേഹം തന്നെ ആകുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. റോമർ 5:13 വായിക്കുക. "കണക്കിടുക" എന്ന പദത്തിന്റെ അർത്ഥം എന്താകുന്നു?

**റോമർ 5:13** – *പാപമോ, ന്യായപ്രമാണം വരെ ലോകത്തിൽ ഉണ്ടായിരുന്നു, എന്നാൽ ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപത്തെ കണക്കിടുന്നില്ല.*

2. റോമർ 7:7 വായിക്കുക. ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം എന്താണ്?

**റോമർ 7:7** – *ആകയാൽ നാം എന്തു പറയേണ്ടു? ന്യായപ്രമാണം പാപം എന്നോ? ഒരു നാളും അരുതു. എങ്കിലും ന്യായപ്രമാണത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല; മോഹിക്കരുത് എന്നു ന്യായപ്രമാണം പറയാതിരുന്നെങ്കിൽ ഞാൻ മോഹത്തെ അറികയില്ലായിരുന്നു.*

3. ഗലാത്യർ 3:24 വായിക്കുക. ഈ വാക്യ പ്രകാരം ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം എന്താണ്?

**ഗലാത്യർ 3:24** – *അങ്ങിനെ നാം വിശ്വാസത്താൽ നീതികരിക്കപ്പെടേണ്ടതിന്, ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു.*

4. യോഹന്നാൻ 8: 1–11 വായിക്കുക. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് യേശു എങ്ങിനെയാണ് പെരുമാറിയത് ?

**യോഹന്നാൻ 8: 1–11** – *യേശുവോ ഒലിവ് മലയിലേക്ക് പോയി. അതികാലത്തു അവൻ പിന്നെയും ദൈവാലയത്തിൽ ചെന്നു; ജനം ഒക്കെയും അവന്റെ അടുക്കൽ വന്നു; അവൻ ഇരുന്നു അവരെ ഉപദേശിച്ചുകൊിരിക്കുമ്പോൾ ശാസ്ത്രിമാരും പരീശന്മാരും വ്യഭിചാരത്തിൽ പിടിച്ചിരുന്ന ഒരു സ്ത്രീയെ കൊണ്ടുവന്നു നടുവിൽ നിറുത്തി അവനോട്: ഗുരോ, ഈ സ്ത്രീയെ വ്യഭിചാരകർമ്മത്തിൽ തന്നേ പിടിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവരെ കല്ലെറിയേണം എന്നു മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോട് കല്പിച്ചിരിക്കുന്നു; നീ ഇവളെക്കുറിച്ച് എന്തു പറയുന്നു എന്നു ചേദിച്ചു. ഇതു അവനെ*

*കുറ്റം ചുമത്തുവാൻ സംഗതി കിട്ടേണ്ടതിനു അവനെ പരീക്ഷിച്ചു ചോദിച്ചതായിരുന്നു. യേശുവോ കുനിഞ്ഞു വിരൽകൊണ്ടു നിലത്തു എഴുതിക്കൊണ്ടിരുന്നു. അവർ അവനോട് ചോദിച്ചു കൊണ്ടിരിക്കുമ്പോൾ അവൻ നിവർന്നു: നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ എന്ന് അവരോട് പറഞ്ഞു. പിന്നെയും കുനിഞ്ഞു വിരൽ കൊണ്ട് നിലത്തു എഴുതിക്കൊണ്ടിരുന്നു. അവർ അതു കേട്ടിട്ട് മനസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായിട്ട് മൂത്തവരും ഇളയവരും ഓരോരുത്തനായി വിട്ടുപോയി; യേശുവും നടുവിൽ നില്ക്കുന്ന സ്ത്രീയും മാത്രം ശേഷിച്ചു. യേശു നിവിർന്ന് അവളോട്: സ്ത്രീയേ, അവർ എവിടെ? നിനക്ക് ആരും ശിക്ഷ വിധിച്ചില്ലയോ എന്നു ചോദിച്ചതിന്: ഇല്ല കർത്താവേ, എന്ന് അവൾ പറഞ്ഞു. ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല, പോകൂ ഇനി പാപം ചെയ്യരുത് എന്ന് യേശു പറഞ്ഞു.*

5. യേശുവിന്റെ വാക്കുകളും പ്രവൃത്തിയും ദൈവത്തിന്റെ യഥാർത്ഥ സ്വഭാവം പ്രതിഫലിപ്പിച്ചുവോ? യോഹന്നാൻ 3:34 കാണുക.

   **യോഹന്നാൻ 3:34** – *ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു; അവൻ ആത്മാവിനെ അളവ് കൂടാതെയല്ലോ കൊടുക്കുന്നത്.*

6. 1 യോഹന്നാൻ 4: 8 വായിക്കുക. ഈ വാക്യ പ്രകാരം ദൈവത്തിന്റെ യഥാർത്ഥ പ്രകൃതി എന്താണ്?

   **1 യോഹന്നാൻ 4: 8** – *സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ.*

7. റോമർ 5:6 വായിക്കുക. നമ്മൾ എന്തായിരിക്കുമ്പോഴാണ് ദൈവത്തിന്റെ സ്നേഹം നമ്മോട് പ്രകടിപ്പിച്ചത് ?

   **റോമർ 5:6** – *നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു തക്കസമയത്തു അഭക്തർക്കുവേണ്ടി മരിച്ചു.*

8. റോമർ 5:8 വായിക്കുക. നാം എന്തായിരിക്കുമ്പോഴാണ് ദൈവം നമ്മെ സ്നേഹിച്ചത്?

**റോമർ 5:8** – *ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.*

9. റോമർ 5:10 വായിക്കുക. നാം എന്തായിരിക്കുമ്പോഴാണ് ദൈവം നമ്മെ സ്നേഹിച്ചത്?

**റോമർ 5:10** – *ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോട് നിരപ്പു വന്നു എങ്കിൽ, നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും.*

10. യേശുക്രിസ്തുവിന്റെ ബലി നിങ്ങളുടെ പാപത്തിന്റെ വിലയായി വിശ്വസിച്ചുകൊണ്ട്, നിന്നോടു ക്ഷമിച്ച്, നിന്റെ രക്ഷകനും നാഥനും ആകണമെ എന്ന് യേശുവിനോട് നിങ്ങൾ അപേക്ഷിച്ചാൽ, ദൈവം അവന്റെ യഥാർത്ഥ സ്വഭാവം ആയ കരുണയും കൃപയും നിന്നോടു കാണിക്കുമോ?

# ഉത്തര സൂചിക

1. റോമർ 5:13 വായിക്കുക. “കണക്കിടുക” എന്ന പദത്തിന്റെ അർത്ഥം എന്താകുന്നു?

   ***ഒരാളിന്റെ കണക്കിൽ എഴുതുക.***

2. റോമർ 7:7 വായിക്കുക. ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം എന്താണ്?

   ***പാപത്തെക്കുറിച്ചു ബോധം ഉൺടാക്കുക.***

3. ഗലാത്യർ 3:24 വായിക്കുക. ഈ വാക്യ പ്രകാരം ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം എന്താണ്?

   ***യേശുക്രിസ്തുവെന്ന രക്ഷകനെ ആവശ്യം ഉൺടെന്നു മനുഷ്യ വർഗ്ഗത്തെ കാണിക്കുക.***

4. യോഹന്നാൻ 8: 1–11 വായിക്കുക. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് യേശു എങ്ങിനെയാണ് പെരുമാറിയത്?

   ***കരുണയിലും കൃപയിലും***

5. യോഹന്നാൻ 3:34 വായിക്കുക. യേശുവിന്റെ വാക്കുകളും പ്രവൃത്തിയും ദൈവത്തിന്റെ യഥാർത്ഥ സ്വഭാവം പ്രതിഫലിപ്പിച്ചുവോ?

   ***പ്രതിഫലിപ്പിച്ചു***

6. 1 യോഹന്നാൻ 4: 8 വായിക്കുക. ഈ വാക്യ പ്രകാരം ദൈവത്തിന്റെ യഥാർത്ഥ പ്രകൃതി എന്താണ്?

   ***സ്നേഹം***

7. റോമർ 5:6 വായിക്കുക. നമ്മൾ എന്തായിരിക്കുമ്പോഴാണ് ദൈവത്തിന്റെ സ്നേഹം നമ്മോട് പ്രകടിപ്പിച്ചത്?

   ***നാം ബലഹീനർ ആയിരിക്കുമ്പോൾ അതായത് നാം നിസ്സഹായരും അഭക്തരും ആയിരിക്കുമ്പോൾ***

8. റോമർ 5:8 വായിക്കുക. നാം എന്തായിരിക്കുമ്പോഴാണ് ദൈവം നമ്മെ സ്നേഹിച്ചത്?

***പാപികൾ***

9. റോമർ 5:10 വായിക്കുക. നാം എന്തായിരിക്കുമ്പോഴാണ് ദൈവം നമ്മെ സ്നേഹിച്ചത്?

***ശത്രുക്കൾ***

10. യേശുക്രിസ്തുവിന്റെ ബലി നിങ്ങളുടെ പാപത്തിന്റെ വിലയായി വിശ്വസിച്ചുകൊൺട്, നിന്നോടു ക്ഷമിച്ച്, നിന്റെ രക്ഷകനും നാഥനും ആകണമെ എന്ന് യേശുവിനോട് നിങ്ങൾ അപേക്ഷിച്ചാൽ, ദൈവം അവന്റെ യഥാർത്ഥ സ്വഭാവം ആയ കരുണയും കൃപയും നിന്നോടു കാണിക്കുമോ?

***കാണിക്കും***

## പാഠം 6

# മാനസാന്തരം

### *ഡോൺ ക്രോ*

മാനസാന്തരം എന്താണെന്നതിനേപ്പറ്റി ചില ആൾക്കാർക്ക് ഒരു തെറ്റിധാരണയുണ്ട്. മാനസാന്തരം എന്നത് പൂർണ്ണതയല്ല, പിന്നേയോ ദിശയിൽ ഉണ്ടാകുന്ന ഒരു മാറ്റം ആണ്. നാം ഇവിടെ മുടിയനായ പുത്രൻ അല്ലെങ്കിൽ നഷ്ടപ്പെട്ട മകന്റെ ഉപമയേപ്പറ്റിയാണ് പറയാൻ പോകുന്നത്. മാനസാന്തരത്തെ പൂർണ്ണമായി ചിത്രീകരിക്കുന്ന ഒരു കഥയാണ് യേശു ഇവിടെ പറയുന്നത്. ലൂക്കോസ് 15:11 – 12 ൽ യേശു പറഞ്ഞു, *"പിന്നെയും അവൻ പറഞ്ഞു. ഒരു മനുഷ്യന്നു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവരിൽ ഇളയവൻ അപ്പനോട് : അപ്പാ, വസ്തുവിൽ എനിക്കുവരേണ്ടുന്ന പങ്കു തരേണമേ എന്നു പറഞ്ഞു. അവൻ അവർക്കു മുതൽ പകുത്തുകൊടുത്തു"*

വളരെ അസാധാരണമായി, ഇളയ മകൻ തന്റെ പിതാവ് മരിക്കുന്നതിനു മുമ്പെ, അവന്റെ അവകാശം ചോദിക്കുകയും പിതാവ് അവന്റെ അപേക്ഷ അനുവദിക്കുകയും പുത്രന്മാർക്ക് അവകാശം കൊടുക്കുകയും ചെയ്തു. 13–ാം വാക്യത്തിൽ പറയുന്നു, *"ഏറെനാൾ കഴിയും മുമ്പെ ഇളയ മകൻ സകലവും സ്വരൂപിച്ചു ദൂരദേശത്തേക്ക് യാത്രയായി. അവിടെ ദുർന്നടപ്പുകാരനായി ജീവിച്ചു. വസ്തു നാനാവിധമാക്കിക്കളഞ്ഞു."* ഇളയമകൻ അവന് അവകാശമായി ലഭിച്ച അവന്റെ സ്വത്ത് എല്ലാം എടുത്ത് ദൂരദേശത്തേക്കു പോകുകയും അവിടെ ദുർനടപ്പുകാരനായി ജീവിച്ച് വസ്തു നാനാവിധമാക്കിക്കളഞ്ഞു. ഒരു തർജ്ജമ പറയുന്നു, "വിരുന്നിലും വേശ്യാവൃത്തിയിലും പണം ചെലവഴിച്ചു."

വാക്യങ്ങൾ 14 – 15 വായിക്കുക. *"എല്ലാം ചെലവഴിച്ച ശേഷം ആ ദേശത്തു കഠിനക്ഷാമം ഉണ്ടായിട്ട് (ആ ദേശം ഒന്നുമില്ലാത്ത*

*അവസ്ഥയിലായി ആളുകൾ പട്ടിണിയായി) അവന്നു മുട്ടു വന്നു തുടങ്ങി. അവൻ ആ ദേശത്തിലെ പൗരന്മാരിൽ ഒരുത്തനെ ചെന്ന് ആശ്രയിച്ചു. അവൻ അവനെ തന്റെ വയലിൽ പന്നികളെ മേപ്പാൻ അയച്ചു"* (ബ്രാക്കറ്റ് എന്റേത്). ആ ദേശത്ത് ഒരു മനുഷ്യന്റെ വേലക്കാരനായി ഒരു ജോലി അവനു ലഭിച്ചു. അയാളുടെ പന്നികളെ തീറ്റുവാൻ അവനെ അയച്ചു. 16–ാം വാക്യം പറയുന്നു, *"പന്നി തിന്നുന്ന വാളവര കൊൺ്ടു വയറുനിറപ്പാൻ അവൻ ആഗ്രഹിച്ചു. എങ്കിലും ആരും അവനു കൊടുത്തില്ല."* അവന് വളരെ വിശന്നു, പട്ടിണിയുടെ സമയത്ത് അവൻ പറഞ്ഞു, "എനിക്ക് പന്നിയുടെ തീറ്റയോ – എന്തെങ്കിലുമോ തരിക", പക്ഷെ ആരും ഒന്നും അവന് കൊടുത്തില്ല. അവന്റെ സ്വത്ത് എല്ലാം അവൻ ധൂർത്തടിച്ചിരുന്നു. 17–ാം വാക്യത്തിൽ തുടരുന്നു, *"അപ്പോൾ സുബോധം വന്നിട്ട് അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊൺ്ട് നശിച്ചു പോകുന്നു!"* ഒരു തർജ്ജിമ പറയുന്നു, "അവന്ന സുബോധം വന്നപ്പോൾ." മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവന്റെ പിതാവിന്റെ ജോലിക്കാർക്ക് ആവശ്യത്തിൽ അധികം ഭക്ഷണം ഉൺ്ടായിരുന്നു, എങ്കിലും അവൻ വിശപ്പുകൊൺ്ട് മരിക്കയായിരുന്നു.

അവൻ ഒരു തീരുമാനം എടുത്തു – അവൻ മാനസാന്തരപ്പെട്ടു. ഒരു വ്യക്തി തിരിഞ്ഞുവന്ന് ഒരു പുതിയ ദിശയിലേയ്ക്ക് നീങ്ങുവാൻ മുഖാന്തരമാകുവാൻ തക്കവണ്ണം ഹൃദയത്തിലും മനസ്സിലും ഉടാകുന്ന രൂപാന്തരമാണ് മാനസാന്തരം. 18–19 വാക്യങ്ങളിൽ അവൻ പറയുന്നു, *"ഞാൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ ചെന്നു അവനോട് : അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമെ"* എന്നു പറയും. "അപ്പാ, എന്നെ നിന്റെ ഒരു അടിമ ആക്കേണമേ. ഞാൻ നിന്നോടു പാപം ചെയ്തു. നിന്റെ പണം എല്ലാം ദുർവ്യയം ചെയ്തു. ദൈവത്തോടു പാപം ചെയ്തു." എന്നിട്ട് അവൻ എഴുന്നേറ്റ് അവന്റെ അപ്പന്റെ അടുത്തേക്കുപോയി. മാനസാന്തരം എന്നത് കേവലം ഒരു മനോഭാവ വ്യത്യാസമോ, മനസ്സുമാറ്റമോ, ഹൃദയത്തിന്റെ മാറ്റമോ അല്ല; പിന്നെയോ എന്തു വിശ്വസിക്കുന്നുവോ അതിനൊത്തവണ്ണം പ്രവർത്തിച്ച് തിരിച്ചു വന്ന് (മടങ്ങി) ഒരു പുതിയ ലക്ഷ്യത്തിലേക്കു പോകുന്നതാണ്. നാം എല്ലാവരും നമ്മുടെ പിതാവായ ദൈവത്തിൽ നിന്നും, നമ്മുടെ ഭവനമാകുന്ന സ്വർഗ്ഗത്തിൽനിന്നും പുറം തിരിച്ചു. യെശയ്യാവ് 53:6–ൽ വേദപുസ്തകം പറയുന്നു, *"നാം എല്ലാവരും*

*ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തരും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു."* എന്നാൽ ദൈവം തന്റെ കരുണയിൽ നമ്മുടെ പാപങ്ങൾ എടുത്ത് യേശുവിൽ ചുമത്തി.

ആ കഥ 20–24 വരെയുള്ള വാക്യങ്ങളിൽ തുടരുന്നു. "അങ്ങനെ അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽപോയി." ഒരു രാത്രി, ഈ കഥ നേരത്തെ കേട്ടിട്ടില്ലാതിരുന്ന ഒരു മനുഷ്യനോട് ഞാൻ പറഞ്ഞപ്പോൾ ആ മനുഷ്യൻ കരുതിയത് പുത്രൻ മടങ്ങി വന്നപ്പോൾ പിതാവ് ഇപ്ര കാരം പറയും, "മകനെ , നീ എന്താണ് ചെയ്തതെന്ന് നോക്കുക. ഞാൻ ജീവിതകാലം മുഴുവൻ കൊൺടു സമ്പാദിച്ചതെല്ലാം നീ പാഴാക്കി. നീ എന്റെ ഒരു അടിമയായിരിക്ക." ലോകത്തിലെ മിക്ക മാതാപിതാക്കളും ഒരു പക്ഷേ കോപിച്ച് അതുപോലെയുള്ള മനോഭാവം പുലർത്തി എന്നുവരാം. എന്നാൽ ഈ പിതാവിന്റെ മനോഭാവം ശ്രദ്ധിക്കുക: "ദൂരത്തു നിന്നു തന്നേ അപ്പൻ അവനെ കൺടു മനസ്സലിഞ്ഞു ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു. (പിതാവിന്റെ ഹൃദയത്തിൽ നിന്നും മകനോടുള്ള സ്നേഹം പുറത്തുവന്നു) മകൻ അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരുക്കുന്നു; ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല എന്നു പറഞ്ഞു. അപ്പൻ തന്റെ ദാസന്മാരോട്: വേഗം മേല്ത്തരമായ അങ്കികൊൺടുവന്ന് ഇവനെ ധരിപ്പിപ്പിൻ. ഇവന്റെ കൈക്കു മോതിരവും കാലിനു ചെരിപ്പും ഇടുവിൻ. തടിപ്പിച്ച കാളക്കുട്ടിയെ കൊൺടുവന്ന് അറുപ്പിൻ; നാം തിന്നു ആനന്ദിക്ക, ഈ എന്റെ മകൻ മരിച്ചവനായിരുന്നു. വീൺടും ജീവിച്ചു; കാണാതെ പോയിരുന്നു; കൺടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു. അങ്ങിനെ അവർ ആനന്ദിച്ചു തുടങ്ങി." (ബ്രാക്കറ്റ് എന്റേത്). അവർ വിരുന്നുസല്ക്കാരം തുടങ്ങി.

ഇത് ഞാൻ ഒരിക്കൽ ഒരു മനുഷ്യനോടു പറഞ്ഞപ്പോൾ ആ മനുഷ്യൻ പറഞ്ഞു, "യേശു പറയുന്നത് എന്തെന്നു ഞാൻ കാണുന്നു. ഞാൻ സ്വർഗ്ഗസ്ഥനായ പിതാവിങ്കലേക്ക് അവന്റെ കരുണക്കായി തിരിയുകയും 'പിതാവേ, ഞാൻ നിനക്കെതിരായി പാപം ചെയ്തു, നിന്റെ മകനായിരിക്കാൻ ഞാൻ യോഗ്യനല്ല' എന്നു പറയുകയും ചെയ്താൽ, അവൻ എന്നെ സ്വീകരിക്കും." നമ്മുടെ സ്വർഗ്ഗീയ പിതാവിനു അലിവുൺടാകും, അവൻ നിന്നെ ഒരു അടിമയാക്കുകയില്ല. അവൻ നിന്നെ പൂർണ്ണ മകനായി പുനസ്ഥാപിക്കും. ദൈവം കാത്തിരിക്കുന്നു. നിങ്ങൾ ദൈവത്തിൽ നിന്നും പുറം തിരിഞ്ഞോ? എന്തുകൊൺട് ഇന്നു തന്നെ നിങ്ങൾ പിതാവിങ്കലേക്കും നിങ്ങളുടെ സ്വർഗ്ഗീയ ഭവനത്തിലേക്കും തിരിയുന്നില്ല?

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മാനസാനന്തരം. നിർവ്വചനം എന്താണ്?

2. ലൂക്കോസ് 13:1–5 വായിക്കുക. നശിച്ചുപോകാതിരിക്കാൻ ഒരു വ്യക്തി എന്താണ് ചെയ്യേണ്ടത്?

**ലൂക്കോസ് 13:1–5** – *ആ സമയത്തുതന്നേ അവിടെ ഉണ്ടായിരുന്ന ചിലർ പീലാത്തോസ് ചില ഗലീലക്കാരുടെ ചോര അവരുടെ യാഗങ്ങളോടു കലർത്തിയ വർത്തമാനം അവനോട് അറിയിച്ചു. അതിന് അവൻ ഉത്തരം പറഞ്ഞത്. ആ ഗലീലക്കാർ ഇത് അനുഭവിക്കയാൽ എല്ലാ ഗലീലക്കാരിലും പാപികൾ ആയിരുന്നു എന്നു നിങ്ങൾക്കു തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചുപോ കും എന്നു ഞാൻ നിങ്ങളോട് പറയുന്നു. അല്ല ശിലോഹാമിലെ ഗോപുരം വീണു മരിച്ചുപോയ ആ പതിനെട്ടുപേർ യരുശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാർ ആയിരുന്നു എന്നു തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നു ഞാൻ നിങ്ങളോട് പറയുന്നു.*

3. 2 പത്രോസ് 3:9 വായിക്കുക, എല്ലാവരെയും കുറിച്ച് ദൈവത്തിന്റെ ആഗ്രഹം എന്താണ്?

**2 പത്രോസ് 3:9** – *ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു, നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു.*

4. ലൂക്കോസ് 16 :19–31 വായിക്കുക. ലൂക്കോസ് 16: 28 ൽ ധനികനായ മനുഷ്യൻ മരിച്ചവരിൽ ഒരാൾ തിരിച്ച് വരുവാനും, തന്റെ സഹോദരന്മാരോട് സംസാരിക്കുവാനും എന്തുകൊണ്ട് ആഗ്രഹിച്ചു?

**ലൂക്കോസ് 16 :19–31** – *ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനമ്പ്രതി ആഢംബരത്തോടെ*

*സുഖിച്ചുകൊൺടിരുന്നു. ലാസർ എന്നു പേരുള്ളൊരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരക്കൽ കിടന്നു. ധനവാന്റെ മേശയിൽ നിന്നു വീഴുന്നതു തിന്നു വിശപ്പടക്കുവാൻ ആഗ്രഹിച്ചു. നായ്ക്കളും വന്നു. അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്ക് കൊൺടുപോയി. ധനവാനും മരിച്ചു. അടക്കപ്പെട്ടു. പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ട് നോക്കി ദൂരത്തു നിന്നു അബ്രഹാമിനേയും അവന്റെ മടിയിൽ ലാസറിനേയും കൺടു. അബ്രഹാം പിതാവേ, എന്നോട് കനിവുൺടാകണമേ ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേൺടതിന് അവനെ അയക്കേണമേ. ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു. അബ്രഹാം മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവവണ്ണം തിന്മയും പ്രാപിച്ചു എന്നു ഓർക്ക, ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു. നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയൊരു പിളർപ്പുൺടാക്കിയിരിക്കുന്നു. ഇവിടെ നിന്നു നിങ്ങളുടെ അടുക്കൽ കടന്നുവരാൻ ഇച്ഛിക്കുന്നവർക്ക് കഴിവില്ല. അവിടെനിന്നു ഞങ്ങളുടെ അടുക്കൽ കടന്നു വരുവാനും പാടില്ല എന്നു പറഞ്ഞു. അതിനു അവൻ എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്ന് ഞാൻ അപേക്ഷിക്കുന്നു. എനിക്കു അഞ്ചു സഹോദരന്മാർ ഉൺട്. അവരും ഈ യാതനാസ്ഥലത്തു വരാതിരിപ്പാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു. അബ്രഹാം അവനോട് അവർക്കു മോശയും പ്രവാചകന്മാരും ഉൺടല്ലോ അവരുടെ വാക്കു അവർ കേൾക്കട്ടെ എന്നു പറഞ്ഞു. അതിനു അവൻ അല്ലല്ല, അബ്രഹാം പിതാവേ, മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റ് അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു. അവൻ അവനോട് അവർ മോശയുടേയും പ്രവാചകന്മാരുടേയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റ് ചെന്നാലും വിശ്വസിക്കയില്ലഎന്നുപറഞ്ഞു.*

5. ലൂക്കോസ് 16:30 വായിക്കുക. യാതനാസ്ഥലത്ത് (നരകം) പോകാതിരിക്കാൻ ആ സഹോദരന്മാർ എന്താണ് ചെയ്യേൺടത്?

6. അപ്പൊ. പ്രവർത്തികൾ 26:18 വായിക്കുക. വ്യക്തമായി പറയുന്നില്ല എങ്കിലും ഈ വാക്യം അനുതാപത്തെക്കുറിച്ചാണ് പറയുന്നത്. അനുതപിക്കുന്നവർക്ക് എന്ത് സംഭവിക്കുന്നു?

**അപ്പൊ. പ്രവർത്തികൾ 26:18 –** *അവർക്ക് പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിനു അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നി ന്നും ദൈവത്തിലേക്ക് തിരിപ്പാനും ഞാൻ ഇപ്പോഴും നിന്നെ അവരുടെ അടുക്കലേക്ക് അയക്കുന്നു എന്ന് കല്പിക്കുന്നു*

7. അപ്പൊ. പ്രവർത്തികൾ 26:20 വായിക്കുക. ഈ വാക്യത്തിന്റെ അവസാന ഭാഗത്ത് മൂന്ന് കാര്യങ്ങൾ പുറജാതിക്കാർ ചെയ്യേണ്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്താണ് ആ മൂന്ന് കാര്യങ്ങൾ?

**അപ്പൊ.പ്രവർത്തികൾ 26:20–** *ആദ്യം ദമസ്കൊസിലും യരുശലേമിലും യഹൂദ്യദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാന സാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരത്തിനു യോഗ്യമായ പ്രവർത്തികൾ ചെയ്യേണം എന്നു പ്രസംഗിച്ചു.*

8. മത്തായി 7:21–23 വായിക്കുക. ദൈവത്തിന്റെ ഹിതത്തിനുപകരം ഈ ജനം എന്തു ചെയ്തു എന്നാണ് യേശു പറഞ്ഞത്?

**മത്തായി 7:21 –23 –** *എന്നോടു കർത്താവേ കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാ മത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നന്മ പ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടുപറയും. അന്നു ഞാൻ അവരോട് : ഒരു നാളും നി ങ്ങളെ അിറഞ്ഞിട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും.*

9. കേവലം അധരസേവയ്ക്ക് എതിരായി യഥാർത്ഥമായ മാനസാന്തരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇത് എന്താണ് കാണിക്കുന്നത്?

10. യെശയ്യാവ് 55:7 വായിക്കുക. എന്താണ് ദുഷ്ടർ ചെയ്യേണ്ടത് ?

**യെശയ്യാവ് 55:7 –** *ദുഷ്ടൻ തന്റെ വഴിയെയും നീതി കെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ*

*അവരോടു കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ, അവൻ ധാരാളം ക്ഷമിക്കും.*

11. അനീതി പ്രവർത്തിക്കുന്നവൻ ചെയ്യേണ്ട രണ്ടു കാര്യങ്ങൾ എന്തൊക്കെയാണ്?

12. മുകളിൽ പറഞ്ഞകാര്യങ്ങൾ ചെയ്യുന്നവർക്കുവേണ്ടി ദൈവം എന്ത് ചെയ്യും?

13. ലൂക്കോസ് 15:7 വായിക്കുക. മാനസാന്തരപ്പെടുന്ന പാപിയോട് സ്വർഗ്ഗം എങ്ങിനെ പ്രതികരിക്കും?

**ലൂക്കോസ് 15:7** – *അങ്ങനെ തന്നെ മാനസാന്തരം ആവശ്യമില്ലാത്ത തൊണ്ണൂറ്റിഒൻപത് നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.*

14. അപ്പൊ.പ്രവർത്തികൾ 3:19 വായിക്കുക. നിങ്ങൾ പശ്ചാത്തപിച്ചു മാനസാന്തരപ്പെട്ടാൽ, നിങ്ങളുടെ പാപങ്ങൾക്ക് എന്തു സംഭവിക്കും?

**അപ്പൊ. പ്രവർത്തികൾ 3:19** – *ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ; എന്നാൽ കർത്താവിന്റെ സന്നിധിയിൽ നിന്നു ആശ്വാസകാലങ്ങൾ വരും.*

# ഉത്തര സൂചിക

1. മാനസാനന്തരം. നിർവ്വചനം എന്താണ്?

*A. അത് ഒരു പുതിയ ദിശയിലേക്കുള്ള സമർപ്പണമാണ്*

*B. അത് മനസ്സിന്റെ മാറ്റം ആണ്*

*C. പഴയ വഴികളിൽ നിന്നും ദൈവത്തിന്റെ വഴിയിലേക്ക്, ദൈവത്തിങ്കലേക്ക് തിരിയുവാൻ ഒരാളെ ഇടയാക്കുന്ന, ഹൃദയത്തിൽ വന്ന മാറ്റം.*

*D. ദിശയിൽ വന്ന മാറ്റം, പൂർണ്ണതയല്ല.*

*E. ജീവിതത്തെ ആകെമാനം ഒരു പുതിയ ദിശയിലേക്ക് തിരിക്കുന്ന ഒരു തീരുമാനം എടുക്കുക*

*F. പഴയ വഴികളിൽ നിന്നും തിരിഞ്ഞ് ദൈവത്തിലും ദൈവീക വഴികളിലും പൂർണ്ണമായി സമർപ്പിക്കുക.*

*G. ഒരു വ്യക്തിയിലേയ്ക്ക്, അതായത് യേശുക്രിസ്തുവിലൂടെ ദൈവത്തിലേക്കു തിരിയുക.*

2. ലൂക്കോസ് 13:1-5 വായിക്കുക. നശിച്ചുപോകാതിരിക്കാൻ ഒരു വ്യക്തി എന്തു ചെയ്യണം?

*മാനസാന്തരപ്പെടണം*

3. 2 പത്രോസ് 3:9 വായിക്കുക. എല്ലാ മനുഷ്യർക്കും വേണ്ടി ദൈവം എന്താണ് ആഗ്രഹിക്കുന്നത്?

*എല്ലാവരും മാനസാന്തരപ്പെടുക*

4. ലൂക്കോസ് 16:19–31 വായിക്കുക. ലൂക്കോസ് 16:28–ൽ ധനികനായ മനുഷ്യൻ, മരിച്ചവരിൽ ഒരാൾ തിരിച്ച് വരുവാനും തന്റെ സഹോദരന്മാരോട് സംസാരിക്കുവാനും എന്തുകൊണ്ട് ആഗ്രഹിച്ചു?

*അവർ യാതനാസ്ഥലത്ത് വരാതിരിക്കാൻ*

5. ലൂക്കോസ് 16:30 വായിക്കുക. യാതനാസ്ഥലത്ത് (നരകം) പോകാതിരിക്കാൻ ആ സഹോദരന്മാർ എന്താണ് ചെയ്യേണ്ടത്?

***അവർ മാനസാന്തരപ്പെടണം***

6. അപ്പൊ.പ്രവർത്തികൾ 26:18 വായിക്കുക. കൃത്യമായി പറയുന്നില്ല എങ്കിലും, ഈ വാക്യം അനുതാപത്തെക്കുറിച്ചാണ് പറയുന്നത്. അനുതപിക്കുന്നവർക്ക് എന്ത് സംഭവിക്കും?

***A. കണ്ണുകൾ തുറക്കപ്പെടും***

***B. ഇരുട്ടിൽനിന്ന് പ്രകാശത്തിലേക്ക് തിരിയും***

***C. സാത്താന്റെ ശക്തിയിൽനിന്ന് ദൈവത്തിലേക്ക് തിരിയും***

***D. പാപക്ഷമ ലഭിക്കും***

***E. അവകാശം ലഭിക്കും***

7. അപ്പൊ.പ്രവർത്തികൾ 26:20 വായിക്കുക. ഈ വാക്യത്തിന്റെ അവസാന ഭാഗത്ത് പുറജാതിക്കാർ മൂന്ന് കാര്യങ്ങൾ ചെയ്യേണ്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്താണ് ആ മൂന്ന് കാര്യങ്ങൾ?

***A. മാനസാന്തരപ്പെടുക***

***B. ദൈവത്തിലേയ്ക്ക് തിരിയുക***

***C. തങ്ങളുടെ പ്രവർത്തിയാൽ മാനസാന്തരത്തെ തെളിയിക്കുക.***

8. മത്തായി 7:21–23 വായിക്കുക. ദൈവത്തിന്റെ ഹിതത്തിനുപകരം ഈ ജനം എന്തു ചെയ്തു എന്നാണ് യേശു പറഞ്ഞത്?

***ദുഷ്ടത അല്ലെങ്കിൽ അധാർമ്മികത***

9. ദൈവത്തോടുള്ള വെറും അധരസേവയ്ക്ക് ബദലായി, യഥാർത്ഥ മാനസാന്തരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇത് എന്താണ് കാണിക്കുന്നത്?

***രക്ഷ ഹൃദയത്തിൽ നിന്നാണ്, അധരസേവയല്ല***

10. യെശയ്യാവ് 55:7 വായിക്കുക. ദുഷ്ടർ എന്തു ചെയ്യണം?

***അവരുടെ വഴി ഉപേക്ഷിക്കണം***

11. അനീതി പ്രവർത്തിക്കുന്നവൻ ചെയ്യേണ്ട രണ്ടു കാര്യങ്ങൾ എന്താണ്?

***അവരുടെ വിചാരങ്ങൾ വിട്ട് ദൈവത്തിലേക്ക് തിരിയണം***

12. മേല്പറഞ്ഞകാര്യങ്ങൾ ചെയ്യുന്നവർക്കായി ദൈവം എന്ത് ചെയ്യും?

***കരുണകാണിച്ച് ധാരാളമായി ക്ഷമിക്കും.***

13. ലൂക്കോസ് 15:7 വായിക്കുക. മാനസാന്തരപ്പെടുന്ന ഒരു പാപിയോട് സ്വർഗ്ഗം എങ്ങിനെ പ്രതികരിക്കും?

***സ്വർഗ്ഗം സന്തോഷിക്കും***

14. അപ്പൊ.പ്രവർത്തികൾ 3:19 വായിക്കുക. നിങ്ങൾ മാനസാന്തരപ്പെടുകയും തിരിയുകയും ചെയ്താൽ നിങ്ങളുടെ പാപങ്ങൾക്ക് എന്ത് സംഭവിക്കും?

***പാപങ്ങൾ മാഞ്ഞുകിട്ടും***

## പാഠം – 7

# സമർപ്പണം

### *ഡോൺ ക്രോ*

**ലൂക്കോസ് 14:25–26 – ഏറിയ പുരുഷാരം അവനോടുകൂടെ പോകുമ്പോൾ അവൻ തിരിഞ്ഞു അവരോടു പറഞ്ഞത്. എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തം ജീവനെയും കൂടെ പകെക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല.**

*"ഏറിയ പുരുഷാരം അവനോടുകൂടെ പോകുമ്പോൾ അവൻ തിരിഞ്ഞു അവരോടു പറഞ്ഞതു"* (ലൂക്കോ 14:25). യേശുവിന്റെ ഈ കാലത്തെ ശുശ്രൂഷയിൽ യേശുവിനെ പിന്തുടർന്നിരുന്ന അനവധി ആളുകൾ ഉൺടായിരുന്നു. ഇംഗ്ലീഷ് ഭാഷ അതു വ്യക്തമാക്കുന്നില്ല, എങ്കിലും ഗ്രീക്കുഭാഷയിൽ, അത് തുടർന്നുകൊൺടിരിക്കുന്ന ഒരു പ്രക്രിയയായിട്ടാണ് എഴുതിയിരിക്കുന്നത്. ഇതിന്റെ അർത്ഥം ആ സമയത്ത് ധാരാളം ആൾക്കാർ വീൺടും വീൺടും തുടർച്ചയായി യേശുവിനെ അനുഗമിക്കാൻ തുടങ്ങി എന്നാണ്. ഒരു പക്ഷെ യേശു ചെയ്ത അത്ഭുതങ്ങൾ കാരണമോ, അല്ലെങ്കിൽ അവൻ അവർക്ക് ഭക്ഷിപ്പാൻ കൊടുത്തതുകൊൺടോ ആയിരിക്കാം, കാരണം നമുക്ക് വ്യക്തമായി അറിയില്ല. പക്ഷെ ധാരാളം ജനങ്ങൾ യേശുവിനെ അനുഗമിച്ചുകൊൺടിരുന്നു. ഈ സമയത്താണ് യേശു തിരിഞ്ഞ്, മനപൂർവ്വം അവരോട് എന്തോ പറഞ്ഞതു കാരണം പലരും അവനെ അനുഗമിക്കാതെ തിരിഞ്ഞുപോയി.

*"എന്റെ അടുക്കൽ വരികയും* (അതായത് ആരെങ്കിലും എന്റെ കൂടെ പോകാനോ എന്നെ സേവിയ്ക്കുവാനോ എന്നെ അനുഗമിക്കുവാനോ, അതാണ് നിബന്ധന) *അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും*

*സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുക യില്ല".* (ലൂക്കോസ് 14:26, ബ്രാക്കറ്റ് എന്റേത് ) ഈ വാക്യഭാഗം നോക്കി യപ്പോൾ ഞാൻ ചിന്തിച്ചു, *കർത്താവേ, അത് അങ്ങിനെ അർത്ഥമാക്കാൻ നിനക്ക് കഴിയില്ല. "പകയ്ക്കുക" എന്ന പദത്തിന്റെ അർത്ഥം എന്താണ്? ഒരു പക്ഷെ കുറച്ചു സ്നേഹിക്കുക അങ്ങിനെ വല്ല ആശയം ആയിരിക്കും.* എന്നാൽ ഞാൻ അത് കൂടുതലായി പഠിച്ചപ്പോൾ മനസ്സിലായി അക്ഷ രാർത്ഥത്തിൽ ആ പദത്തിന്റെ അർത്ഥം "പകയ്ക്കുക" എന്നുതന്നെയാണ്.

ഒരു ആശയം ഊന്നിപ്പറയുവാൻ യേശു ഏറ്റവും ശക്തമായ പദം ഉപ യോഗിച്ചു. യേശു പറഞ്ഞു, നിങ്ങളുടെ പിതാവിനെയോ, മാതാവിനെയോ സഹോദരിയെയോ, സഹോദരനെയോ സ്വന്തജീവനെതന്നെ പകയ്ക്കു ന്നില്ല എങ്കിൽ, എന്റെ ശിഷ്യനായിരിപ്പാൻ നിങ്ങൾക്ക് കഴികയില്ല. ഞാൻ നിങ്ങളോട് ചോദിക്കട്ടെ: ഈ ഭൂമിയിൽ നിങ്ങളുടെ ഏറ്റവും അടുത്ത ബ ന്ധം ആരുമായിട്ടാണ്. മാതാവും പിതാവും, അല്ലെങ്കിൽ ജീവിതപങ്കാളി യും മക്കളും. നിങ്ങളുടെ ഭാര്യ നിങ്ങൾക്ക് എതിരെ തിരിയുകയോ, നി ങ്ങളെ ഉപേക്ഷിക്കയോ, അല്ലെങ്കിൽ മാതാപിതാക്കൾ മരിച്ചുപോകയും ചെയ്താലോ? ആരു നിങ്ങൾക്കൊപ്പം കാണും? നിങ്ങളുടെ സഹോദ രന്മാരും സഹോദരിമാരും. യേശു പറഞ്ഞു, നിങ്ങൾ അവരെ പകയ്ക്കു ന്നില്ലെങ്കിൽ എന്റെ ശിഷ്യനായിരിക്കാൻ കഴികയില്ല. യേശു എന്താണ് പറയുന്നത്.?

നമുക്കുള്ള ഏറ്റവും അടുത്ത ബന്ധങ്ങളെക്കുറിച്ചാണ് യേശു പറയു ന്നത്. നിങ്ങളിൽ നിന്നും ഒരു സമർപ്പണം ആണ് അവൻ ചോദിക്കുന്നത്. അവൻ ഏറ്റവും പരമപ്രധാനമായിരിക്കുന്ന ഒരു സമർപ്പണം. നിങ്ങളുടെ ജീവിതത്തിൽ ഒന്നാമതായിരിക്കാൻ അവൻ ആഗ്രഹിക്കുന്നു. അവനു നി ങ്ങളുമായുള്ള ബന്ധത്തെ, നിങ്ങൾക്ക് ഭൂമിയിൽ ഉള്ള ഏറ്റവും അടുത്ത ബ ന്ധങ്ങളുമായി അവൻ താരതമ്യപ്പെടുത്തുവാൻ പോകുന്നു. "പകയ്ക്കുക" എന്നത് ഒരു രൂപകമാണ്, ഒരു താരതമ്യ പദം. യേശു പറയുന്നു, "എനിക്ക് നീയുമായുള്ള ബന്ധം, എല്ലാ ഭൗതിക കാര്യങ്ങളേക്കാളും മേലെ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്ര ഏറ്റവും പ്രധാനമാണ്". നിങ്ങ ളുടെ ഭാര്യയയേക്കാളും മക്കളേക്കാളും അമ്മയേക്കാളും അപ്പനേക്കാളും സഹോദരീസഹോദരങ്ങളേക്കാളും കൂടുതലായി നിങ്ങൾ സ്നേഹിക്കുന്ന ഒരാളുൺട്. അത് ആരെന്ന് നിങ്ങൾക്കറിയാമോ? അത് ദൈവമല്ല ... അത്

നിങ്ങളാണ്. മറ്റ് എല്ലാ ബന്ധങ്ങളേക്കാളും കൂടുതലായി നിങ്ങൾ നിങ്ങളെത്തന്നെ സ്നേഹിക്കുന്നു.

എന്തുകൊണ്ട് വിവാഹബന്ധങ്ങൾ തകരുന്നു? എന്തുകൊണ്ട് ആളുകൾ വിവാഹമോചനം നടത്തുന്നു? എന്തുകൊന്നൊൽ ജീവിതപങ്കാളിയേക്കാൾ അധികമായി തങ്ങളേത്തന്നെ അവർ സ്നേഹിക്കുന്നു. "ഞാൻ ആഗ്രഹിക്കുന്നതുപോലെ നിങ്ങൾ ചെയ്യുന്നില്ല, ആയതിനാൽ ഞാൻ നിങ്ങളെ ഒഴിവാക്കുന്നു."

യേശു പറയുന്നു, നിങ്ങളുടെ സ്വാർത്ഥജീവിതത്തേക്കാൾ ഞാനുമായുള്ള ബന്ധം ഒന്നാമതായിരിക്കണം. അതാണ് ശരിയായിട്ടുള്ള ശിഷ്യത്വം. വില മുടക്കാത്ത ശിഷ്യത്വത്തെ കുറിച്ചല്ല യേശുപറയുന്നത്. നാം അവനെ അനുഗമിക്കാൻ അവൻ ആവശ്യപ്പെടുന്നു. അവൻ നമ്മളുടെ ജീവിതത്തിൽ ഒന്നാമതായിരിക്കാൻ അവൻ ചോദിക്കുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. ലൂക്കോസ് 9: 57–62 വായിക്കുക. യേശുവിനെ അനുഗമിക്കാനുള്ള സമർപ്പണം ഏതു നിലയിലുള്ളതായിരിക്കണം എന്നാണ് ഈ വേദ ഭാഗം പറയുന്നത്?

   **ലൂക്കോസ് 9: 57–62** – *അവർ വഴി പോകുമ്പോൾ ഒരുത്തൻ അവനോടു നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു. യേശു അവനോടു, "കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവജാതിക്കു കൂടും ഉണ്ട്; മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല" എന്നു പറഞ്ഞു. വേറൊരുത്തനോടു എന്നെ അനുഗമിക്ക എന്നു പറഞ്ഞാറെ അവൻ ഞാൻ മുമ്പേ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം എന്നു പറഞ്ഞു. അവൻ അവനോടു: "മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ; നീയോ പോയി ദൈവരാജ്യം അറിയിക്ക" എന്നു പറഞ്ഞു. മറ്റൊരുത്തൻ കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം, ആദ്യം എന്റെ വീട്ടിലുള്ളവരോടു യാത്ര പറവാൻ അനുവാദം തരേണം എന്നു പറഞ്ഞു. യേശു അവനോടു: "കലപ്പെക്കു കൈ വച്ച ശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാകുന്നവനല്ല" എന്നു പറഞ്ഞു.*

2. ലൂക്കോസ് 8: 13–14 വായിക്കുക. ചില ആൾക്കാർ ക്രിസ്തീയ വിശ്വാസത്തിൽ നിന്ന് തിരിഞ്ഞുപോകയോ വീണു പോകയോ ചെയ്യുന്നത് എന്തുകൊണ്ട്?

   **ലൂക്കോസ് 18 :13–14** – *പാറമേലുള്ളവരോ കേൾക്കുമ്പോൾ വചനം സന്തോഷത്തോടെ കൈക്കൊള്ളുന്നവർ എങ്കിലും അവർക്കു വേരില്ല; അവർ തൽക്കാലം വിശ്വസിക്കയും പരീക്ഷാസമയത്തു പിൻവാങ്ങിപ്പോകയും ചെയ്യുന്നു. മുള്ളിനടിയിൽ വീണതോ കേൾക്കുന്നവൻ എങ്കിലും പോയി ചിന്തകളാലും ധനത്താലും സംസാരഭോഗങ്ങളാലും ഞെരുങ്ങി പൂർണ്ണമായി ഫലം കൊടുക്കാത്തവരത്രേ.*

3. യെഹസ്കേൽ 16:8 വായിക്കുക. വിവാഹം എന്ന ഉദാഹരണത്തിലൂടെ ദൈവം തനിക്കു തന്റെ ജനവുമായുള്ള ബന്ധത്തെ ചിത്രീകരിച്ചിരിക്കുന്നു. ഈ ബന്ധത്തിൽ നാം ആരുടെ വകയായി തീരുന്നു?

**യെഹസ്കേൽ 16:8** – *ഞാൻ നിന്റെ അരികെ കൂടി കടന്നു നിന്നെ നോക്കിയപ്പോൾ നിനക്കു പ്രേമത്തിന്റെ സമയമായി എന്നു കണ്ടിട്ടു എന്റെ വസ്ത്രം നിന്റെമേൽ വിരിച്ചു നിന്റെ നഗ്നത മറച്ചു. ഞാൻ നിന്നോട് സത്യവും നിയമവും ചെയ്തു നീ എനിക്കുള്ളവൾ ആയിതീർന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്.*

4. 1 കൊരിന്ത്യർ 6:19 വായിക്കുക. നിങ്ങൾ ആരുടേതാണ്?

**1 കൊരിന്ത്യർ 6: 19–20** – *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരംകൊൺട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ.*

5. 1 കൊരിന്ത്യർ 6.20 വായിക്കുക. നിങ്ങളുടെ ജഡവും ആത്മാവും ആരുടെ വകയാണ്?

**1 കൊരിന്ത്യർ 6.20** – *ആകയാൽ നിങ്ങളുടെ ശരീരംകൊൺട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ.*

6. യാക്കോബ് 4:4 വായിക്കുക. നിങ്ങൾക്ക് ദൈവത്തിന് എതിരായി ആത്മീയ വ്യഭിചാരം ചെയ്യാൻ സാധിക്കുമോ?

**യാക്കോബ് 4:4** – *വ്യഭിചാരിണികളായുള്ളോരെ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു.*

7. റോമർ 1:25 വായിക്കുക. ദൈവത്തിന്റെ ദൃഷ്ടിയിൽ ആത്മീയ വ്യഭിചാരത്തിൽ എന്ത് ഉൾപ്പെടുന്നു?

**റോമർ 1:25** – *ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു. അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ.*

8. യോഹന്നാൽ 2:23–25 വായിക്കുക. സമർപ്പണത്തെയും വിശ്വാസ ത്തെയും കുറിച്ച് എന്താണ് ഈ വേദഭാഗത്തിൽ നിന്നും നമുക്ക് പഠിക്കാൻ കഴിയുന്നത്?

**യോഹന്നാൻ 22: 23–25** – *പെസഹപെരുന്നാളിൽ യരുശലേമിൽ ഇരിക്കുമ്പോൾ അവൻ ചെയ്ത അടയാളങ്ങൾ കണ്ടിട്ടു പലരും അവന്റെ നാമത്തിൽ വിശ്വസിച്ചു. യേശുവോ എല്ലാവരെയും അറികകൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേല്പിച്ചില്ല. മനുഷ്യനി ലുള്ളത് എന്തു എന്നു സ്വതവെ അറിഞ്ഞിരിക്കയാൽ തനിക്കു മനു ഷ്യനെക്കുറിച്ചു യാതൊരുത്തന്റേയും സാക്ഷ്യം ആവശ്യമായിരുന്നില്ല.*

9. ലൂക്കോസ് 14:28–30 വായിക്കുക. യേശുവിനെ അനുഗമിക്കാൻ കൊടു ക്കേണ്ടി വരുന്ന വില നിങ്ങൾ കണക്കുകൂട്ടിയിട്ടുണ്ടോ? അവനെ അനുഗമിക്കാൻ നീ ആഗ്രഹിക്കുന്നുവോ?

**ലൂക്കോസ് 14:28–30** – *നിങ്ങളിൽ ആരെങ്കിലും ഒരു ഗോപുരം പണിവാൻ ഇച്ഛിച്ചാൽ ആദ്യം ഇരുന്നു അതു തീർപ്പാൻ വക ഉണ്ടോ എന്നു കണക്കു നോക്കുന്നില്ലയോ? അല്ലെങ്കിൽ അടിസ്ഥാനം ഇട്ടശേഷം തീർപ്പാൻ വകയില്ല എന്നു വന്നേക്കാം; കാണുന്നവർ എല്ലാം; ഈ മനുഷ്യൻ പണിവാൻ തുടങ്ങി, തീർപ്പാനോ വകയില്ല എന്നു പരിഹസിക്കുമല്ലോ.*

# ഉത്തര സൂചിക

1. ലൂക്കോസ് 9:57–62 വായിക്കുക. .യേശുവിനെ അനുഗമിക്കാനുള്ള സമർപ്പണം ഏതു നിലയിലുള്ളതായിരിക്കണം എന്നാണ് ഈ വേദ ഭാഗം പറയുന്നത്?

   ***പരിപൂർണ്ണകീഴടങ്ങൽ***

2. ലൂക്കോസ് 8:13–14 വായിക്കുക. ചില ആൾക്കാർ ക്രിസ്തീയ വിശ്വാസ ത്തിൽനിന്ന് തിരിഞ്ഞുപോകയോ, വീണുപോകയോ ചെയ്യുന്നത് എന്തു കൊണ്ട്?

   ***അവർ ദൈവവചനത്തിൽ ഒരിക്കലും വേരൂന്നിയിട്ടില്ലായിരുന്നു. ഈ ലോകത്തിലെ ചിന്തകളും ധനങ്ങളും സുഖങ്ങളും അവരെ ഞെരുക്കി കളഞ്ഞു.***

3. യെഹസ്കേൽ 16:18 വായിക്കുക. വിവാഹം തന്നെ ഉദാഹരണത്തിലൂടെ ദൈവം തനിക്കു തന്റെ ജനവുമായുള്ള ബന്ധത്തെ ചിത്രീകരിച്ചിരിക്കുന്നു. ഈ ബന്ധത്തിൽ നാം ആരുടെ വകയായിതീരുന്നു?

   ***ദൈവത്തിന്റെ***

4. 1. കൊരിന്ത്യർ 6:19 വായിക്കുക. നിങ്ങൾ ആരുടേതാണ്?

   ***ദൈവത്തിന്റെ***

5. 1. കൊരിന്ത്യർ 6:20 വായിക്കുക. നിങ്ങളുടെ ആത്മാവും ജഡവും ആരുടെ വകയാണ്?

   ***ദൈവത്തിന്റെ***

6. യാക്കോബ് 4:4 വായിക്കുക. നിങ്ങൾക്ക് ദൈവത്തിന് എതിരായി ആത്മീയ വ്യഭിചാരം ചെയ്യാൻ സാധിക്കുമോ?

   ***സാധിക്കും***

7. റോമർ 1:25 വായിക്കുക. ദൈവത്തിന്റെ ദൃഷ്ടിയിൽ ആത്മീയ വ്യഭിചാരത്തിൽ എന്ത് ഉൾപ്പെടുന്നു?

***ഹൃദയം ദൈവത്തിൽ നിന്നും തിരിഞ്ഞ് വിഗ്രഹ (ദൈവത്തേക്കാൾ നിങ്ങൾ പ്രാധാന്യം കൊടുക്കുന്നവസ്തുക്കൾ) ങ്ങളിലേക്ക് പോകുന്നത്.***

8. യോഹന്നാൻ 2:23–25 വായിക്കുക. സമർപ്പണത്തെയും വിശ്വാസത്തെയും കുറിച്ച് എന്താണ് ഈ വേദഭാഗത്തിൽ നിന്നും നമുക്ക് പഠിക്കാൻ കഴിയുന്നത്?

***യേശു നമ്മുടെ ഹൃദയം പൂർണ്ണമായി ആഗ്രഹിക്കുന്നു. (പരിപൂർണ്ണ സമർപ്പണം.)***

9. ലൂക്കോസ് 14:28–30 വായിക്കുക. യേശുവിനെ അനുഗമിക്കാൻ കൊടുക്കേണ്ടി വരുന്ന വില നിങ്ങൾ കണക്കുകൂട്ടിയിട്ടുണ്ടോ? അവനെ അനുഗമിക്കാൻ നീ ആഗഹിക്കുന്നുവോ?

## പാഠം – 8

# ജലസ്നാനം

### *ഡോൺ ക്രോ*

**ചോദ്യം:** "സ്വർഗ്ഗത്തിൽ പോകുവാൻ സ്നാനപ്പെടണോ എന്ന് എനിക്ക് അറിയേൺടതത് ആവശ്യമായിരിക്കുന്നു. ഞാൻ ദൈവത്തെ സ്നേഹിക്കുന്നു. 7 വയസ്സുള്ളപ്പോൾ ഞാൻ സ്നാനപ്പെട്ടതാണ്. എനിക്ക് ഇപ്പോൾ 18 വയസ്സ്. മുഖ്യ വിഭാഗങ്ങളിൽപ്പെടാത്ത ഒരു സഭയിലെ ഒരാൾ എന്നോടുപറഞ്ഞത്, അത്രചെറുപ്പത്തിൽ രക്ഷിക്കപ്പെടുവാനോ, സ്നാനപ്പെടുവാനോ ആർക്കും കഴിയില്ല എന്നാണ്. സ്വർഗ്ഗത്തിൽ പോ കണമെങ്കിൽ സ്നാനപ്പെട്ടിരിക്കണം എന്നും അവർ പറഞ്ഞു. എന്നാൽ എന്റെ ബാപ്റ്റിസ്റ്റ് കുടുംബം പറയുന്നത്, അതിന്റെ ആവശ്യമില്ല എന്നാണ്. എനിക്ക് സ്വർഗ്ഗത്തിൽ പോകണം. എന്നെക്കൊൺട് സാധിക്കുന്നത്ര ഞാൻ ദൈവത്തിനുവേൺടി മാത്രം ജീവിക്കുന്നു. എന്നാൽ, ഞാൻ വീൺടും സ്നാനപ്പെടണമോ എന്നെനിക്കറിയണം, അതിനു വേൺടിയെന്നു കരുതപ്പെടുന്ന പ്രായം എനിക്കായതുകൊൺട്. എന്നെ എത്രയും വേഗം സഹായിക്കേണമേ. ദൈവം അനുഗ്രഹിക്കട്ടെ. നന്ദി."

**മറുപടി:** രക്ഷയും പാപക്ഷമയും സൗജന്യദാനമായി യേശുക്രിസ്തുവിലെ വിശ്വാസത്തിൽകൂടി വരുന്നതാണ്. അപ്പോസ്തല പ്രവർത്തികൾ 10:43 പറയുന്നു. *"അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാ മം മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരുടെയും സാക്ഷ്യം പറയുന്നു."* രക്ഷ വിശ്വാസത്തിലൂടെ വരുന്നു. അതായത് യേശുക്രിസ്തുവിലും അവൻ നിന്നെ ദൈവത്തോടു നിരപ്പിക്കുവാൻ ചൊരിഞ്ഞ രക്തത്തിലും ഉള്ള വിശ്വാസത്തിലൂടെയും, അതിൽ ആശ്രയിക്കുന്നതിലൂടെയും രക്ഷ ലഭിക്കുന്നു. അപ്പോസ്തലപ്രവർത്തികൾ 10: 44–48 ൽ അവർ രക്ഷിക്കപ്പെട്ടതായി ഉറപ്പിച്ചുകൊൺടു സ്നാനത്തിനുമുമ്പെ അവർക്കു പരിശുദ്ധാത്മാവിനെ കൊടുത്തതായി വായിക്കുന്നു.

അതുശരിയാണെങ്കിലും, മറ്റവസരങ്ങളിൽ പാപക്ഷമ സ്നാനപ്പെട്ട സമയത്ത് സംഭവിച്ചതായി കാണുന്നു (അപ്പോ പ്രവൃത്തികൾ 2:38). എന്തുകൊൺടെന്നാൽ, ജ്ഞാനസ്നാനം എന്നത് ഒരു വ്യക്തി യേശുവിലേക്ക് അനുതാപത്തിലൂടെയും വിശ്വാസത്തിലൂടെയും കൂടെ തിരിയുന്നതിനെ പ്രകടമാക്കുന്ന ഒരു പ്രവർത്തിയാണ് (മർക്കോസ് 16:16 പറയുന്നു, *"വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും"*). സ്നാനം ദൈവത്തോടു നല്ല മനസാക്ഷിക്കായുള്ള ഒരു അപേക്ഷയുമാണ്. (അപ്പോ: പ്രവൃത്തികൾ 22:16, 1 പത്രോസ് 3:21)

നിങ്ങൾ ഏഴാം വയസ്സിൽ ഹൃദയപൂർവ്വം യേശുവിലേക്കു തിരിഞ്ഞു സ്നാനപ്പെട്ടു എങ്കിൽ, ദൈവം നിങ്ങളുടെ ശിശുതുല്യമായ വിശ്വാസം സ്വീകരിക്കുന്നു. ജ്ഞാനസ്നാനത്തിന് ചില നിബന്ധനകൾ ഉൺട്. ഒരു നിബന്ധന അനുതാപമാണ്. യേശുവിലേക്കും, അവന്റെ പാപക്ഷമയിലേക്കും നിങ്ങൾ തിരിയാൻ കാരണമാക്കിയ, ഹൃദയത്തിന്റേയും മനസ്സിന്റേയും ഒരു മാറ്റം നിങ്ങൾക്കുൺടായോ (അപ്പൊ. പ്രവൃത്തികൾ 2:38, 20:21,17:30)? നിങ്ങളുടെ കർത്താവും രക്ഷിതാവും ആയി യേശുവിൽ നിങ്ങൾ വിശ്വാസം പ്രകടമാക്കിയോ (മർക്കോസ് 16:16, യോഹന്നാൻ 3:16, റോമർ 10:9-10)? ഇല്ലാ എങ്കിൽ, ഇപ്പോൾ തന്നെ യേശുവിലേക്ക് തിരിയുക; പാപങ്ങളിൽ നിന്നും പശ്ചാത്തപിച്ച്, പാപക്ഷമക്കായി അവന്റെ കൃപയിലേക്കു തിരിയുക.അവനെ അനുഗമിക്കാനുള്ള ആ തീരുമാനം ജലസ്നാനത്തിലൂടെ മുദ്ര ചെയ്യുക.

**ജ്ഞാനസ്നാനം യേശുവിലുള്ള ഒരാളുടെ വിശ്വാസത്തെ പ്രകടമാക്കുന്ന ഒരു പ്രവൃത്തിയാകുന്നു.** ആ വിശ്വാസം ഇല്ലാത്ത പ്രവൃത്തി അർത്ഥമില്ലാത്തതാണ്. യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചവർ, തങ്ങളുടെ വിശ്വാസം പ്രകടമാക്കുവാനും പരസ്യമായി യേശുവിനെ ഏറ്റുപറയുവാനും ഒരുക്കമുള്ളവർ ആയിരുന്നു. യേശുവിന്റെ കൽപനയോട് "വേൺടാ" എന്നു പറയുന്നവർ, ഒരു പരിധിവരെ നിർജീവ വിശ്വാസം ആണ് കാണിക്കുന്നത്. **ജനങ്ങൾക്ക് പ്രകടമാകാൻ ഒരുക്കമില്ലായെങ്കിൽ ആ വിശ്വാസം നിർജ്ജീവമാണ്.** (യാക്കോബ് 2:18-19) വിശ്വാസം മാത്രമാണ് രക്ഷിക്കുന്നത്, എന്നാൽ ആ രക്ഷിക്കുന്ന വിശ്വാസം ഒരിക്കലും തനിച്ചല്ല. അത് എപ്പോഴും സ്വയം പ്രകടിപ്പിക്കാൻ സന്നദ്ധതയുള്ളതാണ്. ജ്ഞാനസ്നാനം, ആ വിശ്വാസം പ്രകടമാക്കാനുള്ള ഒരു വഴിയാണ്. **ജ്ഞാനസ്നാനം അല്ല യേശുവാണ് രക്ഷിക്കുന്നത്. ജലം അല്ല,**

**യേശുവിന്റെ രക്തം ആണ് പാപങ്ങളെ കഴുകി കളയുന്നത്.** വിശ്വാസം അവന്റെ രക്തം നിങ്ങളുടെമേൽ തളിക്കുന്നു. ചില അവസരങ്ങളിൽ, ഒരാൾ ജ്ഞാനസ്നാനം സ്വീകരിക്കുന്ന സമയത്ത് പ്രകടമാക്കപ്പെടുന്നു. (അപ്പൊ.പ്രവർത്തികൾ 22:16). നിങ്ങൾ മാനസാന്തരപ്പെട്ടുവോ എന്നതാണ് ചോദ്യം? നിങ്ങൾ, യേശുവിൽ വിശ്വസിക്കുന്നുവോ? വിശ്വസിക്കുന്നു എങ്കിൽ സ്നാനം എന്തുകൊൺട് താമസിപ്പിക്കുന്നു. എഴുന്നേൽക്കുക, സ്നാനപ്പെടുക.!

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. ഈ ചെറുപ്പക്കാരന്റെ ചോദ്യം എന്താണ്?

2. അപ്പൊ. പ്രവൃത്തികൾ 10:43 പ്രകാരം രക്ഷ നമുക്ക് എങ്ങിനെ വരുന്നു?

   **അപ്പൊ. പ്രവൃത്തികൾ 10:43** – *അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു.*

3. രക്ഷിക്കപ്പെടുന്ന സമയത്ത് സാധാരണ നടക്കുന്ന വിശ്വാസത്തിന്റെ ഒരു പ്രകടനമാണ് ജ്ഞാനസ്നാനം. അപ്പൊ. പ്രവർത്തികൾ 2:38 ഈ സത്യം എങ്ങിനെ വിശദമാക്കുന്നു?

   **അപ്പൊ പ്രവൃത്തികൾ 2:38** – *പത്രോസ് അവരോടു : നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളും പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും.*

4. മർക്കോസ് 16:16 – ഈ സത്യം എങ്ങിനെ വിശദീകരിക്കുന്നു?

   **മർക്കോസ് 16:16** – *വിശ്വസിക്കയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.*

5. സ്നാനം എന്നത് കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഒരു വഴിയാണ്. അപ്പൊ. പ്രവൃത്തികൾ 22:16 – ആ സത്യം എപ്രകാരം വിശദമാക്കുന്നു?

   **അപ്പൊ. പ്രവൃത്തികൾ 22:16** – *ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റ് അവന്റെ നാമം വിളിച്ച് പ്രാർത്ഥിച്ച് സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളയുക എന്നുപറഞ്ഞു.*

6. സ്നാനം ദൈവത്തോട് നല്ല മനസാക്ഷിക്കായുള്ള ഒരു അപേക്ഷയാണ്. 1 പത്രോസ് 3:21 – ഈ സത്യം എങ്ങിനെ ഉറപ്പാക്കുന്നു?

**1 പത്രോസ് 3:21** – *സ്നാനമോ ഇപ്പോൾ ജലത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ*

7. അപ്പൊ. പ്രവൃത്തികൾ 2:38 പ്രകാരം സ്നാനത്തിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്?

8. മർക്കോസ് 16:16 പ്രകാരം സ്നാനത്തിനുള്ള നിബന്ധനകൾ എന്താണ്?

9. ഒരു ശിശുവിന് അനുതപിയ്ക്കാൻ കഴിയുമോ?

10. ഒരു ശിശുവിന് വിശ്വസിക്കാൻ കഴിയുമോ?

11. അപ്പൊ. പ്രവൃത്തികൾ 10:43–48 വായിക്കുക. ക്രിസ്തുവിലുള്ള വിശ്വാസത്തിനുശേഷം ഒരു വിശ്വാസി എടുക്കേണ്ട അടുത്ത പടി എന്താണ്?

**അപ്പൊ: പ്രവൃത്തികൾ 10:43–48** – *അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു ഈ വാക്കുകളെ പത്രോസ് പ്രസ്താവിക്കുമ്പോൾ തന്നെ വചനം കേട്ട എല്ലാവരുടെയും മേൽ പരിശുദ്ധാത്മാവു വന്നു. (44) അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ (45) പത്രോസിനോടു കൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവും എന്ന ദാനം ജാതികളുടെമേലും പകർന്നതുകണ്ട് വിസ്മയിച്ചു. (46) നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കുകഴിയും എന്നു പറഞ്ഞു. (47) പത്രോസ് അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കാൻ കൽപിച്ചു. അവൻ ചില ദിവസം അവിടെ താമസിക്കേണം എന്നും അവർ അപേക്ഷിച്ചു. (48)*

# ഉത്തര സൂചിക

1. ഈ ചെറുപ്പക്കാരന്റെ ചോദ്യം എന്താണ്?

   ***അവൻ സ്വർഗ്ഗത്തിൽ പോകാൻ സ്നാനപ്പെടണമോ***

2. അപ്പൊ.പ്രവൃത്തികൾ 10:43 പ്രകാരം രക്ഷ നമുക്ക് എങ്ങിനെ വരുന്നു.?

   ***ഒരു സൗജന്യദാനമായി യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ***

3. രക്ഷിക്കപ്പെടുന്ന സമയത്ത് നടക്കുന്ന വിശ്വാസത്തിന്റെ ഒരു പ്രകടനമാണ് സ്നാനം. അപ്പൊ.പ്രവൃത്തി 2:38– ഈ സത്യം എങ്ങനെ വിശദമാക്കുന്നു.?

   ***പത്രോസ് പറഞ്ഞു "മാനസാന്തരപ്പെട്ട് സ്നാനപ്പെടുക"***

4. മാർക്കോസ് 16:16 ഈ സത്യം എങ്ങിനെ വിശദീകരിക്കുന്നു?

   ***യേശുപറഞ്ഞു, "വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" എന്നതിൽ ഒരേ സമയത്ത് രൺടും നടക്കാം എന്ന് സൂചിപ്പിക്കുന്നു.***

5. സ്നാനം എന്നത് കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഒരു വഴിയാണ്. അപ്പൊ. പ്രവൃത്തി 22:16 ആ സത്യം എപ്രകാരം വിശദമാക്കുന്നു?

   ***തിരുവെഴുത്ത് പറയുന്നു, ഒരു വ്യക്തി യേശുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുമ്പോൾ, അവന്റെ പാപങ്ങൾ കഴുകി മാറ്റപ്പെടുന്നു. പ്രത്യക്ഷത്തിൽ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നത് വാച്യമായോ (ലൂക്കോസ് 18:13) അല്ലെങ്കിൽ, ഈ വാക്യപ്രകാരം സ്നാനം എന്ന പ്രവൃത്തിയിൽ കൂടിയോ ആകാം.***

6. സ്നാനം ദൈവത്തോട് നല്ല മനസാക്ഷിക്കായുള്ള ഒരു അപേക്ഷയാണ്. പത്രോസ് 3:21 ഈ സത്യം ഉറപ്പാക്കുന്നുവോ?

   ***ഉറപ്പാക്കുന്നു.***

7. അപ്പൊ. പ്രവൃത്തികൾ 2:38 പ്രകാരം സ്നാനത്തിനുള്ള നിബന്ധന എന്താണ്?

***അനുതാപം***

8. മാർക്കോസ് 16:66 പ്രകാരം സ്നാനത്തിനുള്ള നിബന്ധന എന്താണ്?

***ഒരു വ്യക്തി വിശ്വസിക്കണം***

9. ഒരു ശിശുവിന് അനുതപിയ്ക്കാൻ കഴിയുമോ?

***ഇല്ല***

10. ഒരു ശിശുവിന് വിശ്വസിക്കാൻ കഴിയുമോ?

***ഇല്ല***

11. അപ്പൊ. പ്രവൃത്തികൾ 10:43–48 വായിക്കുക. ക്രിസ്തുവിലുള്ള വിശ്വാസത്തിനുശേഷം ഒരു വിശ്വാസി എടുക്കേണ്ട അടുത്ത പടി എന്താണ?

***ജലസ്നാനം***

## പാഠം 9

# ക്രിസ്തുവിലുള്ള വ്യക്തിത്വം – ഭാഗം 1

### *ആൻഡ്രൂ വോമ്മക്ക്*

2 കൊരിന്ത്യർ 5:17 പറയുന്നു, ''*ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയത് കഴിഞ്ഞുപോയി ഇതാ അത് പുതിയതായി തീർന്നിരിക്കുന്നു.*" "ക്രിസ്തുവിൽ" എന്ന പദം ദൈവവുമായുള്ള ഒരു നിർണ്ണായക ബന്ധത്തെ കാണിക്കുവാനായി മൂന്നൂറിൽപരം പ്രാവശ്യം പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുൺട്. അത് നടന്നുകഴിഞ്ഞാൽ, നീ ഒരു പുതിയ ജീവി ആയിതീരുന്നു. ചില തർജ്ജിമകൾ "പുതിയ സൃഷ്ടി" എന്നു പറഞ്ഞിരിക്കുന്നു.

ക്രിസ്തുവിൽ ഉള്ള പുതിയ വ്യക്തിത്വത്തെ കുറിച്ച് മനസ്സിലാക്കേൺടതിന് അത്യന്താപേക്ഷിതമെന്നു ഞാൻ കരുതുന്ന, ഗൗരവമായ ഒരു വിഷയത്തിലേയ്ക്ക് ഇത് നയിക്കുന്നു. ഇത് ശാരീരിക മണ്ഡലത്തിൽ സംഭവിച്ചതല്ല. ഇത് നമ്മുടെ ശരീരത്തെപ്പറ്റിയല്ല പറയുന്നത്. നമ്മുടെ ശരീരം ആകെ മാറുകയോ, നമ്മുടെ മുഖച്ഛായക്കു മാറ്റം വരുകയോ ചെയ്യുന്നില്ല. ഒരു മനുഷ്യൻ രക്ഷിക്കപ്പെടുന്നതിനു മുമ്പെ വണ്ണം ഉള്ള ആളായിരിന്നു എങ്കിൽ, ഭക്ഷണക്രമം നടത്തിയില്ല എങ്കിൽ, രക്ഷിക്കപ്പെട്ട ശേഷവും അയാൾ വണ്ണം ഉള്ള ആൾ തന്നെ ആയിരിക്കും. മിക്ക ആൾക്കാരും യാഥാർത്ഥത്തിൽ "അവർ" എന്നു കരുതിയിരിക്കുന്ന, മാനസികമോ വൈകാരികമോ ആയ ഭാഗത്തെക്കുറിച്ചല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. രക്ഷിക്കപ്പെടും മുമ്പെ നിങ്ങൾ വളരെ സമർത്ഥനായിരുന്നില്ല എങ്കിൽ, രക്ഷിക്കപ്പെട്ടതിനു ശേഷവും സമർത്ഥനായിരിക്കില്ല. എന്നാൽ, അതേ ഓർമ്മകളും ചിന്തകളും നിങ്ങളിൽ തുടരും.

മൂന്നാമത് ഒരു ഘടകം ഉൺട്. ഈ വാക്യപ്രകാരം, ആദ്യം പറഞ്ഞ ഘടകങ്ങൾ ഒഴിവാക്കുമ്പോൾ, മാറ്റം വന്നത് ഈ മൂന്നാമത്തെ

ഘടകത്തിനു – നമ്മുടെ ആത്മീയ മനുഷ്യനു – തന്നെ ആകണം. ഇത് തെളിയിക്കുന്ന ഒരു വചനഭാഗമാണ് 1 തെസ്സലോനിക്യർ 5:23 ൽ പൗലോസ് തെസ്സലോനി ക്യർക്കു വേണ്ടി പ്രാർത്ഥിക്കുന്നത്, *"സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാ ണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടും വണ്ണം കാക്കപ്പെടുമാറാകട്ടെ."* ഈ വേദഭാഗത്തിൽ നിന്നും വ്യക്തമാകുന്നു ന മുക്ക് ഒരു ആത്മാവും, ദേഹിയും, ദേഹവും ഉൺടെന്ന്. ദേഹം എന്ന ഘടകം വളരെ പ്രത്യക്ഷമാണ്. അത് കാണപ്പെടുന്ന, പുറമെയുള്ള മനുഷ്യനാണ്. അതിനപ്പുറത്ത് നാം എല്ലാവരും അംഗീകരിക്കുന്ന വെറെ ഒരു ഘടകം ഉൺട് – നമ്മുടെ വൈകാരിക, മാനസിക ഘടകം. തിരുവെഴുത്ത് അതിനെ ദേഹി (soul)എന്നു പറയുന്നു. ശരീരം കൊൺട് ഒരു വ്യക്തിക്ക് നമ്മെ സ്പർശിക്കുവാൻ കഴിഞ്ഞില്ലെങ്കിലും, വാക്കുകൾ കൊൺട്, ബലപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യത്തക്ക രീതിയിൽ നമ്മെ സ്പർശിക്കുവാൻ കഴിയും എന്ന് നമുക്കറിയാം. കൂടുതൽ ആളുകളും അവരുടെ ദേഹം, ദേഹി ഘടകങ്ങളുമായി പൊരുത്തത്തിലാണ്, എന്നാൽ ആത്മാവ് എന്ന വേറൊരു ഘടകം ഉൺട്.

ആത്മാവ് എന്ന ഘടകം ആണ് രക്ഷിക്കപ്പെടുന്നതോടുകൂടി വ്യത്യാസപ്പെടുന്നതും പുതുതാകുന്നതും. യാഥാർത്ഥത്തിൽ അതാണ് ജീവന് നിദാനമായ ഘടകം. യാക്കോബ് 2:26 ൽ പറയുന്നു, *"ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു."* നമ്മുടെ ശരീരത്തിന് ജീവൻ പ്രദാനം ചെയ്യുന്ന ജീവശ്വാസം ആത്മാവിൽ നി ന്നാണ് എന്ന് അതു കാണിക്കുന്നു. നമ്മുടെ ജീവന്റെ ഉറവിടം ആത്മാവാണ്. ഉല്പത്തി 2 –ാം അദ്ധ്യായത്തിൽ, ദൈവം ആദാമിനെയും അവ്വായെയും സൃഷ്ടിച്ചപ്പോൾ, ആദാമിന്റെ ശരീരം പൂർത്തിയായിരുന്നു, എങ്കിലും ദൈവം ആദാമിലേക്ക് ജീവശ്വാസം ശ്വസിച്ചു. "ശ്വസിക്കുക" എന്ന് പഴയനി യമത്തിൽ ഉപയോഗിച്ചിരിക്കുന്ന എബ്രായ പദം ശ്വാസം എന്ന അതേ പദം തന്നെയാണ്; അത് "ആത്മാവ്" എന്ന് മറ്റിടങ്ങളിൽ തർജ്ജിമ ചെയ്യപ്പെട്ടിരിക്കുന്നു. ദൈവം ആദാമിന്റെ ദേഹവും ദേഹിയും സൃഷ്ടിച്ചു. എന്നാൽ ദൈവം ആദാമിലേക്ക് ജീവശ്വാസം ഊതിയപ്പോഴാണ് ആദാം ജീവനുള്ള ദേഹിയായി തീർന്നത്. നമുക്കു ജീവൻ പ്രദാനംചെയ്യുന്ന ഭാഗം ആത്മാവാകുന്നു.

രക്ഷിക്കപ്പെടുന്നതിനുമുമ്പ്, അതായത് അവരുടെ ജീവിതത്തിലേക്ക് കർത്താവ് വരുവാനായി, ഒരു പൂർണ്ണ സമർപ്പണത്തിൽ എത്തുന്നതിനു മുമ്പ്, അവരിലുള്ള ആത്മാവ് മരിച്ചതായിരുന്നു. എഫെസ്യർ 2:1 പറയുന്നു, *"അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയർപ്പിച്ചു."* നമുക്കറിയാം വീണ്ടുജനനം പ്രാപിക്കുന്നതിനുമുമ്പെ നാം ജീവൻ ഉള്ളവരായിരുന്നു. മരിച്ചവർ എന്നത് ആത്മീയ മരണത്തെക്കുറിച്ചാണ്. 'ബൈബിളിൽ "മരണം" എന്ന പദത്തിന്റെ അർഥം, ചിലർ ഇന്നു മനസ്സിലാക്കുന്നതു പോലെ, ഇല്ലാതായിത്തീരുക എന്നല്ല. അക്ഷരാർഥത്തിൽ അതിന്റെ അർഥം "വേർപെടൽ" എന്നാണ്. ഒരു വ്യക്തി ശാരീരികമായി മരിക്കുമ്പോൾ, ആ വ്യക്തി ഇല്ലാതെയാകുന്നില്ല. വേദപുസ്തകം പഠിപ്പിക്കുന്നത് ഒന്നുകിൽ ദൈവസാന്നിധ്യത്തിലേക്ക് അല്ലെങ്കിൽ നരകസ്ഥലത്തേക്ക് പോകുന്നു എന്നതാണ്. ദേഹിയും ആത്മാവും തുടർന്നു ജീവിക്കുന്നു, എങ്കിലും മരിക്കുകയും ദ്രവിക്കുകയും ചെയ്യുന്ന ശരീരത്തിൽ നിന്നും അവ വേർപെടുന്നു.

ഉല്പത്തി 2:17 പറയുന്നു, *"അതുതിന്നുന്ന നാളിൽ നിങ്ങൾ മരിക്കും,"* അതിന്റെ അർത്ഥം അവർ ശാരീരികമായി മരിക്കും എന്നല്ല. ആത്മീയമായി മരിച്ച് ദൈവത്തിൽ നിന്നും വേർപെടും എന്നാകുന്നു. ദൈവം നമ്മിലേയ്ക്ക് ഊതിയത് ആത്മാവ് എന്ന ഘടകം ആകുന്നു. അതാണ് ജീവനും പ്രചോദനവും നല്കുന്ന ഘടകം. അത് ദൈവത്തിന്റെ പ്രകൃത്യതീത ജീവനിൽ നിന്നും...അവന്റെ വിശുദ്ധിയും പൂർണ്ണതയും ഉള്ള ജീവനിൽ നിന്നും...വേർപെട്ടു പോയി. ബൈബിൾ പറയുന്ന "Zoe" ജീവിതം അല്ലെങ്കിൽ "സമ്പൂർണ്ണവും, സമൃദ്ധവുമായ ദൈവീക ജീവനിൽ" നിന്നും അത് വേർപെട്ടുപോയി. തൽഫലമായി മനുഷ്യൻ ക്ഷയിക്കാൻ തുടങ്ങി. അവൻ പ്രവർത്തിച്ചു കൊൺടിരിക്കുന്നെങ്കിലും ദൈവത്തെക്കൂടാതെ, സ്വതന്ത്രമായി പ്രവർത്തിക്കുന്നു. വാസ്തവത്തിൽ നമ്മുടെ ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും, എല്ലാ വൈകാരിക സമ്മർദ്ദങ്ങൾക്കും അതാണ് കാരണം.

യോഹന്നാൻ 3:5–ൽ ഉപയോഗിച്ചിരിക്കുന്ന പ്രദപ്രകാരം ഒരു വ്യക്തി കർത്താവിൽ ആകുമ്പോൾ ആ വ്യക്തി പുതിയ ആത്മാവിനെ പ്രാ പിച്ച് വീൺടും ജനിക്കുന്നു. അതേ പ്രകരം ഒരാൾ ശാരീരികമായി ജനിക്കുമ്പോൾ ആത്മാവും, ദേഹിയും, ദേഹവും ഉള്ളവനായി ജനിക്കുന്നു. വീൺടും ജനിക്കുമ്പോൾ അവൻ ക്രിസ്തുവിന്റെ ആത്മാവിനെ പ്രാപിക്കുന്നു. ഗലാത്യർ 4:6 പറയുന്ന പ്രകാരം *"നിങ്ങൾ മക്കൾ ആകകൊൺടു അബ്ബാപിതാവേ*

*എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു."* അക്ഷരാർത്ഥത്തിൽ ദൈവം തന്റെ ആത്മാവിനെ നമ്മുടെ ഉള്ളിൽ വെയ്ക്കുന്നു. തൽഫലമായി നമുക്ക് ഒരു പുതിയ ജീവിത നിലവാരവും, പുതിയ വ്യക്തിത്വവും ലഭിച്ച് നാം ആത്മാവിൽ ആകമാനം ഒരു പുതിയ വ്യക്തി ആയിത്തീരുന്നു.

ആത്മാവിൽ നടന്നത് എന്താണ് എന്ന് ശാരീരികവും മാനസ്സികവുമായ തലത്തിൽ നാം ശിഷ്ടമുള്ള ക്രിസ്തീയ ജീവിതത്തിൽ പഠിക്കുന്നു. സത്യം എന്തെന്നാൽ, നാം യേശുക്രിസ്തുവിനെ കർത്താവായി സ്വീകരിക്കുമ്പോൾ രക്ഷയുടെ മുന്നിൽ ഒരു ഭാഗം കഴിഞ്ഞു. നമ്മുടെ ആത്മാവ് പൂർണ്ണമായും മാറി. നിത്യതയിൽ ഉടനീളം അതേ ആത്മാവ്തന്നെ ആയിരിക്കും നമ്മുക്ക് ഉണ്ടായിരിക്കുന്നത്. ആ ആത്മാവിൽ സ്നേഹവും, സന്തോഷവും, സമാധാനവും, ദൈവത്തിന്റെ പൂർണ്ണ സാന്നിധ്യവും ഉണ്ട്. നിങ്ങളുടെ ആത്മാവിൽ ഇല്ലായ്മയും അപര്യാപ്തതയും ഇല്ല എന്ന് നിങ്ങൾ മനസ്സിലാക്കണം. ആകാരണത്താൽ ദൈവവചനപഠനം ക്രിസ്തീയ ജീവിതത്തിൽ വളരെ അനിവാര്യമായിരിക്കുന്നു. നിങ്ങൾ തികച്ചും ഒരു പുതിയ വ്യക്തിയാണ്, പക്ഷേ നിങ്ങൾക്ക് അറിവ് ലഭിക്കുന്നതുവരെ, നിങ്ങളിൽ മാറ്റം സംഭവിക്കുന്നില്ല. ക്രിസ്തീയ ജീവിതത്തിൽ വിജയം വരുന്നത് ആത്മാവും ജീവനും ആകുന്ന വചനത്തിലേക്കു നോക്കി, നിങ്ങൾ ആരാണെന്നും, ദൈവം എന്തുചെയ്തു എന്നും കണ്ട്, അത് വിശ്വസിക്കുവാൻ തുടങ്ങുമ്പോഴാണ്.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. 2 കൊരിന്ത്യർ 5:17 വായിക്കുക. ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ എന്താകുന്നു?

   **2 കൊരിന്ത്യർ 5:17** – *ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ അത് പുതുതായി തീർന്നിരിക്കുന്നു.*

2. 2 കൊരിന്ത്യർ 5:17 വായിക്കുക. പഴയതിന് എന്ത് സംഭവിച്ചു?

3. 2 കൊരിന്ത്യർ 5:17 വായിക്കുക. എന്തെല്ലാമാണ് പുതിയത് ആയത്?

4. എഫെസ്യർ 2:1 വായിക്കുക. വീണ്ടു ജനനം അഥവാ ജീവൻ പ്രാപിക്കും മുമ്പെ നിന്റെ അവസ്ഥ എന്തായിരുന്നു?

   **എഫെസ്യർ 2:1–5** – *അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയേയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവി നും അധിപതിയായവനെയും അനുസരിച്ച് നടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു, ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായത് ചെയ്തുകൊണ്ടും മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു. കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോട് കൂടെ ജീവിപ്പിച്ചു (കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു).*

5. എഫെസ്യർ 2:2 വായിക്കുക. ഒരു അവിശ്വാസിയായ നിങ്ങൾ എങ്ങിനെ നടന്നു, അല്ലെങ്കിൽ ജീവിച്ചു?

6. എഫെസ്യർ 2:3–5 വായിക്കുക. ദൈവം എന്തിലാണ് സമ്പന്നൻ?

7. എഫെസ്യർ 2:4 വായിക്കുക. എന്തുകൊണ്ട് ദൈവം അത്രക്ക് കരുണാ പൂർണ്ണൻ ആകുന്നു?

8. എഫെസ്യർ 2:5 വായിക്കുക. നാം പാപങ്ങളിൽ മരിച്ചവർ ആയിരുന്നപ്പോഴും ദൈവം നമുക്കായി എന്തു ചെയ്തു?

9. എഫെസ്യർ 2:5 വായിക്കുക. ദൈവം എങ്ങിനെയാണ് നമ്മെ രക്ഷിച്ചത്?

10. 1 കൊരിന്ത്യർ 6:910 വായിക്കുക. ഈ ഭാഗത്ത് പറഞ്ഞിരിക്കുന്ന പട്ടികയിൽ ഏതിലെങ്കിലും നിങ്ങൾ ബന്ധപ്പെട്ടിരുന്നുവോ?

**1 കൊരിന്ത്യർ 6:9–11** – *അന്യായം ചെയ്യുന്നവൻ ദൈവരാജ്യം അവകാശമാക്കയില്ല എന്ന് അറിയുന്നില്ലയോ? നിങ്ങളെ തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയംഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. നിങ്ങളിൽ ചിലർ ഈ വകക്കാരായിരുന്നു. എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നേ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു.*

11. കൊരിന്ത്യർ 6:11 വായിക്കുക. “ആയിരുന്നു” എന്ന പദം ഭൂതകാലമോ, വർത്തമാനകാലമോ അതോ ഭാവികാലമോ?

12. കൊരിന്ത്യർ 6:11 വായിക്കുക. നിങ്ങൾ വീണ്ടു ജനനം പ്രാപിച്ചപ്പോൾ നിങ്ങൾക്ക് സംഭവിച്ച മൂന്നു കാര്യങ്ങൾ എന്തൊക്കെയാണ്?

13. കൊരിന്ത്യർ 6:11 വായിക്കുക. ഇത് ഭൂതകാലമോ, വർത്തമാനകാലമോ അതോ ഭാവികാലമോ?

14. 1 കൊരിന്ത്യർ 6:17 വായിക്കുക. കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനു മായി ____________________ ആകുന്നു.

**1 കൊരിന്ത്യർ 6:17** – *കർത്താവിനോടു പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവ് ആകുന്നു.*

# ഉത്തര സൂചിക

1. 2 കൊരിന്ത്യർ 5:17 വായിക്കുക. ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ എന്താകുന്നു?

   ***ഒരു പുതിയ സൃഷ്ടി***

2. 2 കൊരിന്ത്യർ 5:17 വായിക്കുക. പഴയതിന് എന്ത് സംഭവിച്ചു?

   ***അവയെല്ലാം പോയി***

3. 2 കൊരിന്ത്യർ 5:17 വായിക്കുക. എന്തെല്ലാമാണ് പുതിയത് ആയത് ?

   ***എല്ലാം***

4. എഫെസ്യർ 2:1 വായിക്കുക. വീണ്ടു ജനനം അഥവാ ജീവൻ പ്രാപിക്കും മുമ്പെ നിന്റെ അവസ്ഥ എന്തായിരുന്നു?

   ***അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവനായിരുന്നു.***

5. എഫെസ്യർ 2:2 വായിക്കുക. ഒരു അവിശ്വാസിയായ നിങ്ങൾ എങ്ങിനെ നടന്നു, അല്ലെങ്കിൽ ജീവിച്ചു?

   ***ലോകത്തിന്റെ വഴികളെ പിൻതുടർന്ന്, സാത്താനെ അനുസരിച്ച്; ആത്മാവിൽ അനുസരണക്കേടിൽ ജീവിച്ചു***

6. എഫസ്യർ 2:3–5 വായിക്കുക. ദൈവം എന്തിലാണ് സമ്പന്നൻ?

   ***കരുണയിൽ***

7. എഫെസ്യർ 2:4 വായിക്കുക. എന്തുകൊൺട് ദൈവം അത്രക്ക് കരുണാപൂർണ്ണൻ ആകുന്നു?

   ***നമ്മോടുള്ള അവന്റെ അതീവ സ്നേഹം കാരണം***

8. എഫെസ്യർ 2:5 വായിക്കുക. നാം പാപങ്ങളിൽ മരിച്ചവർ ആയിരുന്നപ്പോഴും ദൈവം നമുക്കായി എന്തു ചെയ്തു?

**ക്രിസ്തുവിനോടു കൂടെ നമ്മെ ജീവിപ്പിച്ചു**

9. എഫെസ്യർ 2:5 വായിക്കുക. ദൈവം എങ്ങിനെയാണ് നമ്മെ രക്ഷിച്ചത്?

***തന്റെ കൃപയാൽ***

10. 1 കൊരിന്ത്യർ 6:9 വായിക്കുക. ഈ ഭാഗത്ത് പറഞ്ഞിരിക്കുന്ന പട്ടികയിൽ ഏതിലെങ്കിലും നിങ്ങൾ ബന്ധപ്പെട്ടിരുന്നുവോ?

***ബന്ധപ്പെട്ടിരിക്കുന്നു***

11. കൊരിന്ത്യർ 6:11 വായിക്കുക. "ആയിരുന്നു" എന്ന പദം ഭൂതകാലമോ, വർത്തമാനകാലമോ അതോ ഭാവികാലമോ?

***ഭൂതകാലം***

12. കൊരിന്ത്യർ 6:11 വായിക്കുക. നിങ്ങൾ വീണ്ടു ജനനം പ്രാപിച്ചപ്പോൾ നിങ്ങൾക്ക് സംഭവിച്ച മൂന്നു കാര്യങ്ങൾ എന്തൊക്കെയാണ്?

***നിങ്ങൾ കഴുകലും ശുദ്ധീകരണവും നീതീകരണവും ദൈവത്തിൽ നിന്നും പ്രാപിച്ചു***

13. കൊരിന്ത്യർ 6:11 വായിക്കുക. ഇത് ഭൂതകാലമോ, വർത്തമാനകാലമോ അതോ ഭാവികാലമോ?

***വർത്തമാനകാലം***

14. 1 കൊരിന്ത്യർ 6:17 വായിക്കുക. കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനു മായി ____________________ ആകുന്നു.

***ഏക ആത്മാവ്***

## പാഠം 10

# ക്രിസ്തുവിലുള്ള വ്യക്തിത്വം - ഭാഗം 2

### *ആൻഡ്രൂ വോമ്മക്ക്*

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, വീണ്ടും ജനിക്കുക എന്നതിന്റെ അർഥം എന്താണെന്നും, നമ്മുടെ ആത്മാവിൽ ഉണ്ടാകുന്ന മാറ്റത്തേക്കുറിച്ചും നാം ചർച്ച ചെയ്തു. *"ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞു പോയി. ഇതാ അത് പുതുതായി തീർന്നിരിക്കുന്നു"* എന്നു പറയുന്ന 2 കൊരിന്ത്യർ 5:17 നാം ഉപയോഗിച്ചു, വീണ്ടും ജനിക്കുമ്പോൾ നമ്മുടെ ആത്മാവിൽ, ആകമാനം ഒരു രൂപാന്തരം നടക്കുന്നതായി നാം കാണുവാൻ തുടങ്ങി. നമ്മുടെ ആത്മാവിൽ എന്തു സംഭവിച്ചു എന്നറിയാനുള്ള ഏകമാർഗ്ഗം ദൈവവചനത്തിൽ കൂടിയാണ്. അത് ബാഹ്യമായ കര്യങ്ങളിൽ കൂടി കാണുവാൻ കഴിയുന്നതല്ല. നമ്മുടെ വികാരങ്ങൾ വഴിയും അതു വിവേചിച്ചറിയാൻ സാധ്യമല്ല, എന്തെന്നാൽ വികാരങ്ങൾ ദേഹീമണ്ഡലത്തിൽ ആകുന്നു. എന്നാൽ നമ്മുടെ ആത്മ ഭാഗത്ത് ഒരു പൂർണ്ണ രൂപാന്തരം ഉണ്ടാകുന്നു.

ഒരു വ്യക്തി യേശുവിനെ അവന്റെ ജീവിതത്തിൽ സ്വീകരിക്കുമ്പോൾ എന്താണ് നടക്കുന്നതെന്ന് കാണിക്കുന്ന ചില വചനങ്ങൾ ഞാൻ ഉപയോഗിക്കട്ടെ. എഫെസ്യർ 4:24 പറയുന്നു, *"സത്യത്തിന്റെ ഫലമായ നീതിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ"*. ഒരു വ്യക്തി വീണ്ടും ജനിക്കുമ്പോൾ, ആത്മാവ് നീതിയുള്ളതും, ശരിക്കും വിശുദ്ധിയുള്ളതും ആയിത്തീരുന്നു. വേദ പുസ്തകം രണ്ടു തരത്തിലുള്ള നീതിയെക്കുറിച്ച് പറയുന്നു.

നിങ്ങളുടെ പ്രവൃത്തികളിൽ കൂടി നിങ്ങൾ ഉളവാക്കുന്ന ഒരു നീ തിയുണ്ട്, ആ വിധത്തിലുള്ള നീതി മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ നി ങ്ങൾ നിലനിർത്തേണ്ടിയിരിക്കുന്നു. നിങ്ങൾ ശരിയായി ജീവിക്കുകയും

പ്രവർത്തിക്കുകയും ചെയ്തില്ല എങ്കിൽ നിന്റെ മേലുദ്യോഗസ്ഥൻ നിന്നെ ജോലിയിൽ നിന്നും പിരിച്ചുവിട്ടേക്കാം, അല്ലെങ്കിൽ ജീവിതപങ്കാളി നിന്നെ ഉപേക്ഷിച്ചേക്കാം; അതിനാൽ നിന്റേതായ നീതി നീ പുലർത്തേണ്ടിയിരിക്കുന്നു. എന്നാൽ, നിന്റെ ബാഹ്യനീതിയുടെ അടിസ്ഥാനത്തിൽ, ദൈവം നിന്നെ അംഗീകരിക്കുന്നില്ല. ദൈവം തന്റേതായ നീതി അക്ഷരാർത്ഥത്തിൽ നിനക്കു തന്നിരിക്കുന്നു.

2 കൊരിന്ത്യർ 5:21 പറയുന്നു, പിതാവായ ദൈവം നമ്മൾ അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു പുത്രനെ നമുക്കു വേണ്ടി പാപം ആക്കി. ആയതിനാൽ, ദൈവം നമുക്കുവേണ്ടി ചെയ്തതിനെ അടിസ്ഥാന മാക്കിയുള്ള, നമ്മുടെ ബാഹ്യമായ സ്വന്തനീതിയേക്കാൾ വളരെ ഉപ രിയായ, ഒരു നീതിയുണ്ട്. ക്രിസ്തുവിലുള്ള വിശ്വാസം വഴി, അത് അക്ഷരാർത്ഥത്തിൽ നമുക്കു ലഭിച്ചു. നമ്മൾ നീതിയിലും സത്യവിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ടു. ആ നീതിയിലേക്ക് നമ്മൾ വളർന്നുകൊണ്ടിരിക്കുകയല്ല, നമ്മൾ ഇപ്പോൾതന്നെ നീതിയുള്ളവരാണ്. ലളിതരീതിയിൽ പറഞ്ഞാൽ നമ്മൾ ദൈവവുമായി നിരപ്പുപ്രാപിച്ചവർ ആകുന്നു.

ക്രിസ്തുവിന്റെ അടിസ്ഥാനത്തിൽ ദൈവം നമ്മിൽ പ്രസാദിച്ചിരിക്കുന്നു, വേറെ ഒന്നിലും അല്ല. ആ രൂപാന്തരം നടന്നത് നമ്മുടെ ആത്മാവിലാണ്. നാം നീതിയിലും വിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ടവർ; നാം പുതിയ സൃഷ്ടികൾ ആണ്. എഫെസ്യർ 2:10 പറയുന്നു, *''നാം അവന്റെ കൈപ്പണിയായി സൽപ്ര വർത്തികൾക്കായിട്ടു ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു."* നമ്മുടെ ആത്മാവിൽ നാം തികഞ്ഞവരും പൂർണ്ണരും ആകുന്നു. അവിടെ പാപമോ ഒരു അപര്യാപ്തതയോ ഇല്ല. എഫെസ്യർ 1:13 ൽ പറയുന്നു "അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൽ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു."

നിങ്ങളിൽ ചിലർ ചിന്തിച്ചേക്കാം, *ശരിയാണ്, ഞാൻ കർത്താവിൽ ആദ്യമായി വിശ്വസിച്ചപ്പോൾ, ഞാൻ പൂർണ്ണമായി മോചിക്കപ്പെട്ടെന്നും ശുദ്ധമാക്കപ്പെട്ടെന്നും, എല്ലാക്കാര്യങ്ങളും നന്നായിരിക്കുന്നു എന്നും ഞാൻ വിശ്വസിച്ചു. എന്നാൽ അതിനുശേഷം ഞാൻ പാപം ചെയ്തു, ദൈവത്തിന്റെ മുമ്പാകെ പരാജയപ്പെട്ടു.* അങ്ങിനെ ചെയ്തു എങ്കിൽ, നിങ്ങളുടെ പ്രവൃത്തിയിലും, മാനസികവും വൈകാരികവുമായാണ്

നിങ്ങൾ പരാജയപ്പെട്ടത്, നിങ്ങളുടെ ആത്മാവ് പാപം ചെയ്തില്ല. ഒരു സ്ത്രീ പഴവർഗ്ഗങ്ങൾ ഭരണിയിൽ ഇട്ടിട്ട് വായുവും മാലിന്യങ്ങളും കടക്കാതെ മെഴുകുകൊണ്ട് ഭദ്രമായി മുദ്രയിടുന്നതുപോലെ നിങ്ങളുടെ ആത്മാവ് മുദ്ര ചെയ്യപ്പെട്ടു. ദൈവം നിങ്ങളെ മുദ്ര ചെയ്തു. അതിനാൽ നിങ്ങൾ വീണ്ടു ജനനം പ്രാപിച്ചപ്പോൾ, നിങ്ങൾക്കൊരു പുതിയ ആത്മാവിനെ ലഭിച്ചു. പാപം നിങ്ങളുടെ ആത്മാവിൽ കടക്കുന്നില്ല. ആയതിനാൽ നിങ്ങൾക്ക് ഒരു പുതിയ വ്യക്തിത്വം ഉണ്ട്. ദൈവവുമായി നിങ്ങൾക്കൊരു ബന്ധം ഉണ്ടാകുവാൻ, നിങ്ങൾ ജഡത്തിൽ അല്ല, ആത്മാവിൽ ആരാണ് എന്നതിന്റെ അടിസ്ഥാനത്തിൽ, നിങ്ങൾക്ക് ദൈവവുമായി കൂട്ടായ്മ ഉണ്ടാകയും അവനെ ആരാധിക്കയും ചെയ്യണം.

ഒരു വ്യക്തി തന്റെ വ്യക്തിത്വം മാറ്റണം എന്നതാണ് ക്രിസ്തീയ ജീവിതത്തിലെ മഹത്തായ രൂപാന്തരം. ഭൗതിക തലത്തിൽ നിങ്ങൾ എന്തു ചെയ്യുന്ന, മനസ്സിൽ നിങ്ങൾ എന്തു ചിന്തിക്കുന്ന എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അല്ല, പ്രത്യുത ദൈവം നിങ്ങൾക്കായി ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ആത്മാവിൽ നിങ്ങൾ ആരാകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ വേണം നിങ്ങൾ ദൈവവുമായി ബന്ധപ്പെടാൻ. അത് പൂർണ്ണമാക്കപ്പെട്ട ഒന്നാണ്, അല്ലാതെ അസ്ഥിരമായതല്ല (മുന്നോട്ടും പുറകോട്ടും മാറിക്കൊണ്ടിരിക്കുന്നില്ല). നിങ്ങൾ നീതിയിലും യഥാർത്ഥ വിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ടവർ ആകുന്നു. അത് നിങ്ങളുടെ ആത്മാവ് എന്ന ഘടകം ആണ്. ദൈവവുമായുള്ള കൂട്ടായ്മക്ക് നിങ്ങൾ ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കണം. നിങ്ങൾ ക്രിസ്തുവിൽ ആരാണെന്നുള്ള തിരിച്ചറിവിൽ നില ഉറപ്പിക്കണം.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. 1 കൊരിന്ത്യർ 6:17 വായിക്കുക. നമ്മുടെ ആത്മാവിൽ, സമ്പൂർണ്ണ രൂപാന്തരം സംഭവിച്ചെന്ന കാര്യം നമക്കറിയാൻ കഴിയുക ദൈവ വചനത്തിൽകൂടി മാത്രമാണ്. നമുക്ക് എന്ത് സംഭവിച്ചു എന്നാണ് ഈ വാക്യം പറയുന്നത് ?

   **1 കൊരിന്ത്യർ 6 : 17** – *കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനു മായി ഏകാത്മാവും ആകുന്നു.*

2. എഫെസ്യർ 3:17 വായിക്കുക. ക്രിസ്തു ഇപ്പോൾ എവിടെ വസിക്കുന്നു?

   **എഫെസ്യർ 3:17** – *ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന് വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി .*

3. എഫെസ്യർ 3:17 വായിക്കുക, ഇത് എങ്ങിനെ സംഭവിക്കുന്നു ?

4. 1 യോഹന്നാൻ 5:12 വായിക്കുക. രക്ഷ ഉള്ളവരാകുവാൻ നമുക്ക് ആരുണ്ടാകണം ?

   **1 യോഹന്നാൻ 5:12** – *പുത്രനുള്ളവനു ജീവൻ ഉണ്ട്;. ദൈവപുത്രനി ല്ലാത്തവനു ജീവൻ ഇല്ല.*

5. കൊലോസ്യർ 1:26–27 വായിക്കുക. പൂർവ്വകാലങ്ങൾക്കും, തലമുറകൾക്കും മറഞ്ഞു കിടന്നിരുന്നതും ഇപ്പോൾ അറിയിക്കപ്പെട്ടിരിക്കുന്നതുമായ മർമ്മം ഏതാണ് ?

   **കൊലോസ്യർ 1:26–27** – *അതു പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മം (രഹസ്യം) എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്കും വെളിപ്പെട്ടിരിക്കുന്നു. അവരോട് ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിനു ഇഷ്ടമായി; മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതാണ്*

6. എഫെസ്യർ 4: 23–24 വായിക്കുക. നീതിയിലും വിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ടത് എന്താണ് ?

**എഫെസ്യർ 4: 23–24** – *നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ചു (24) സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ*

7. 2 കൊരിന്ത്യർ 5:12 വായിക്കുക. ആരുടെ നീതിയാണ് നമുക്ക് ഉള്ളത് ?

**2 കൊരിന്ത്യർ 5:21** – *പാപം അറിയാത്തവനെ, നാം അവനിൽനിന്ന് ദൈവത്തിന്റെ നീതി ആകേൺടതിനും, അവൻ നമുക്കുവേൺടി പാപം ആക്കി*

8. എഫെസ്യർ 1:4 വായിക്കുക. ദൈവത്തിനുമുമ്പാകെ ഒരു വിശ്വാസിയുടെ നിലപാട് എന്താണ് ?

**എഫെസ്യർ 1:4** – *നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആയിരിക്കേൺടതിനു ലോക സ്ഥാപനത്തിനുമുമ്പെ അവനിൽ തിരഞ്ഞെടുക്കയും.*

9. എഫെസ്യർ 1:6 വായിക്കുക. എങ്ങിനെയാണ് നമ്മൾ സ്വീകരിക്കപ്പെട്ടിരുന്നത് ?

**എഫെസ്യർ 1:6** – *അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ*

# ഉത്തര സൂചിക

1. 1 കൊരിന്ത്യർ 6:17 വായിക്കുക. നമ്മുടെ ആത്മാവിൽ, സമ്പൂർണ്ണ രൂപാന്തരം സംഭവിച്ചെന്ന കാര്യം നമക്കറിയാൻ കഴിയുക ദൈവ വചനത്തിൽകൂടി മാത്രമാണ്. നമുക്ക് എന്ത് സംഭവിച്ചു എന്നാണ് ഈ വാക്യം പറയുന്നത് ?

   ***നമ്മുടെ ആത്മാവ് കർത്താവിനോടു പറ്റിച്ചേർന്നു***

2. എഫെസ്യർ 3:17 വായിക്കുക. ക്രിസ്തു ഇപ്പോൾ എവിടെ വസിക്കുന്നു?

   ***നമ്മുടെ ഹൃദയങ്ങളിൽ***

3. എഫെസ്യർ 3:17 വായിക്കുക, ഇത് എങ്ങിനെ സംഭവിക്കുന്നു ?

   ***വിശ്വാസത്താൽ***

4. 1 യോഹന്നാൻ 5:12 വായിക്കുക. രക്ഷ ഉള്ളവരാകുവാൻ നമുക്ക് ആരുണ്ടാകണം ?

   ***പുത്രൻ (യേശുക്രിസ്തു)***

5. കൊലോസ്യർ 1:26–27 വായിക്കുക. പൂർവ്വകാലങ്ങൾക്കും, തലമുറകൾക്കും മറഞ്ഞു കിടന്നിരുന്നതും ഇപ്പോൾ അറിയിക്കപ്പെട്ടിരിക്കുന്നതുമായ മർമ്മം ഏതാണ് ?

   ***മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു***

6. എഫെസ്യർ 4: 23–24 വായിക്കുക. നീതിയിലും വിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ടത് എന്താണ് ?

   ***നമ്മുടെ പുതിയ മനുഷ്യൻ (വീണ്ടും ജനനം പ്രാപിച്ച നമ്മുടെ ആത്മാവ്)***

7. 2 കൊരിന്ത്യർ 5:12 വായിക്കുക. ആരുടെ നീതിയാണ് നമുക്ക് ഉള്ളത് ?

   ***ക്രിസ്തുവിലുള്ള ദൈവത്തിന്റെ നീതി***

8. എഫെസ്യർ 1:4 വായിക്കുക. ദൈവത്തിനുമുമ്പാകെ ഒരു വിശ്വാസിയുടെ നിലപാട് എന്താണ് ?

***വിശുദ്ധരും നിഷ്കളങ്കരും***

9. എഫെസ്യർ 1:6 വായിക്കുക. എങ്ങിനെയാണ് നമ്മൾ സ്വീകരിക്കപ്പെട്ടിരുന്നത് ?

***പ്രിയനായവനിൽ (യേശുക്രിസ്തുവിൽ)***

## പാഠം 11

# ഒരു ക്രിസ്ത്യാനി പാപം ചെയ്യുമ്പോൾ എന്തു സംഭവിക്കുന്നു?

*ഡോൺ ക്രോ*

"ഒരു ക്രിസ്ത്യാനി പാപം ചെയ്യുമ്പോൾ എന്തു സംഭവിക്കുന്നു' എന്നതിനേപ്പറ്റി ഇന്നു നമുക്ക നോക്കാം. വേദപുസ്തകത്തിൽ 1 യോഹന്നാൻ 1:8–9 പറയുന്നു, "*നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.*" ക്രിസ്ത്യാനികളായ നാം ചില പ്പോൾ ഇടറിപോകുകയും പാപം ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഇപ്പോൾ നമുക്കുള്ള പുതിയ പ്രകൃതിയാണ് രൂപാന്തരത്തിനു മുമ്പു ള്ളതിൽ നിന്നും നമ്മെ വ്യത്യസ്ഥരാക്കുന്നത്. പാപം ചെയ്യുന്നത് നമ്മെ ദു:ഖിപ്പിക്കുന്നു. നാം പാപം ചെയ്യുവാൻ ആഗ്രഹിക്കുന്നില്ല; നാം നീതിജീ വിതം ജീവിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ നാം പാപം ചെയ്യുമ്പോൾ എന്തു സംഭവിയ്ക്കുന്നു? നാം വീണ്ടും രക്ഷിക്കപ്പെടണമോ? അതാണോ വേദപുസ്തകം പഠിപ്പിക്കുന്നത്? അങ്ങിനെയാണെങ്കിൽ നമുക്ക് ഒരു ഭദ്രതയും ഇല്ല, മാത്രവുമല്ല ഒരു അർത്ഥത്തിൽ നാം ലോകത്തേക്കാൾ കഷ്ടമായ അവസ്ഥയിലാകുന്നു. കാരണം ലോകം പാപബോധത്താൽ ദണ്ഡിപ്പിക്കപ്പെടുന്നില്ല. വിശ്വാസികൾ എന്ന നിലയിൽ പാപം നമ്മുടെ ശ്രദ്ധ യുടെ കേന്ദ്രമായിരിക്കരുത്. എബ്രായർ 10:2–ൽ പറയുന്നു, വിശ്വാസിക്ക് യേശുക്രിസ്തുവിന്റെ യാഗത്താൽ പാപത്തെക്കുറിച്ച് ഇനി മനോബോധം ഉൺടാകരുത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ജീവിതത്തിന്റെ ശ്രദ്ധാകേന്ദ്രം പാപമായിരിക്കരുത്, ദൈവമായിരിക്കണം.

റോമർ 4:2 പറയുന്നു, *"അബ്രഹാം പ്രവൃത്തിയാൽ നീതികരിക്കപ്പെട്ടു എങ്കിൽ, അവനു പ്രശംസിപ്പാൻ സംഗതി ഉൺട്; ദൈവസന്നിധിയിൽ ഇല്ല താനും"*. രക്ഷ നമ്മുടെ യോഗ്യതയുടേയോ, നമ്മുടെ പ്രവൃത്തികളുടേയോ അടിസ്ഥാനത്തിൽ ആയിരുന്നു എങ്കിൽ, നമുക്ക് വീമ്പിളക്കാമായിരുന്നു. നമുക്കു പറയാമായിരുന്നു, "കർത്താവേ, നീ കുരിശിൽ ചെയ്തതിനെ ഞാൻ വിലമതിക്കുന്നു, പക്ഷെ ഞാൻ ചെയ്ത കാര്യങ്ങളും ഓർക്കുക!" അങ്ങിനെ നിത്യത മുഴുവൻ നാം യേശുവിനേയും, നമ്മൾ ചെയ്ത കാര്യങ്ങൾക്ക് നമ്മളേയും തലോടാൻ പോകുന്നു. അല്ല! മനുഷ്യന്റെ ഭാഗത്ത് പ്രശംസയോ മഹിമയോ ഇല്ലാതിരിക്കത്തക്ക രീതിയിൽ ആണ് ദൈവം രക്ഷ രൂപകല്പന ചെയ്തിട്ടുള്ളത്. എല്ലാ മഹത്വവും പുകഴ്ചയും യേശു ക്രിസ്തുവിൽ മാത്രം (റോമർ 3:27). നിത്യജീവൻ തീർച്ചയായും ഒരു ദാനം ആണ്. അത് സമ്പാദിക്കുവാൻ കഴിയുന്നതല്ല (റോമർ 6:23).

റോമർ 4:2 പറയുന്നു അബ്രഹാം അവന്റേതന്നെ പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടിരുന്നെങ്കിൽ, അവനു സ്വയം പ്രശംസിപ്പാൻ കുറച്ചു കാരണം ഉൺടാകുമായിരുന്നു. എന്നാൽ അതല്ല സംഭവിച്ചത്. ഒരു മനുഷ്യൻ എങ്ങിനെ രക്ഷിക്കപ്പെടും എന്നാണ് തിരുവചനം പറയുന്നത്? അവന്റേതായ പ്രവൃത്തികൾ കൊൺടോ? അവൻ ചെയ്യുന്ന കർമ്മങ്ങൾ കൊൺടോ? എങ്ങിനെയാണ് അബ്രഹാം നീതിമാനായി കണക്കാക്കപ്പെട്ടത് അഥവാ നീതിമാനായി പ്രസ്താവിക്കപ്പെട്ടത്? അവൻ ചെയ്തതോ ചെയ്യാതിരുന്നതോ ആയ പ്രവൃത്തികൾ നിമിത്തമോ, അതോ വിശ്വാസത്തിൽ കൂടി, ദൈവത്തെ പൂർണ്ണമായി വിശ്വസിക്കയും ദൈവത്തിൽ ആശ്രയിക്കയും ചെയ്തതു നിമിത്തമോ? റോമർ 4:3 പറയുന്നു, *"അബ്രഹാം ദൈവത്തെ വിശ്വസിച്ചു. അതു അവന് നീതിയായി കണക്കിട്ടു"*.

ഞാൻ പരാജയപ്പെടുവാനും പാപം ചെയ്യുവാനും ഉള്ള അവസരങ്ങൾ ഉൺടെങ്കിലും,ഞാൻനശിച്ചുപോകാതെഎന്നെനിലനിർത്തുന്നത്എന്താണ്? അത് യേശു എന്റെ പാപങ്ങളെ ക്രൂശിൽ വഹിച്ച എന്നുള്ള താണ. അവനിലുള്ള വിശ്വാസത്തിലൂടെ (അല്ലാതെ എന്റെ പ്രവൃത്തികളിലൂടെ അല്ല) ഞാൻ നീതികരിക്കപ്പെട്ടിരിക്കുന്നു (ദൈവമുമ്പാകെ നീതിയുള്ളവനാ ക്കപ്പെട്ടിരിക്കുന്നു).

റോമർ 4:6 പറയുന്നു, *"ദൈവം പ്രവൃത്തി കൂടാതെ നീതി കണക്കിടുന്ന മനുഷ്യന്റെ ഭാഗ്യം ദാവീദും വർണ്ണിക്കുന്നു"*. പഴയ നിയമത്തിലെ ദാവീദ് പറയുന്നു, ഒരു പുതിയ ഉടമ്പടിയിൽ കൂടി, മനുഷ്യന്റെ പരിശ്രമം

കൂടാതെ അവനു നീതി (ദൈവവുമായുള്ള നല്ല ബന്ധം) കണക്കിട്ടു തരുന്ന ഒരു ദിവസം വരും എന്ന്. തുടർന്ന് 7–ാം വാക്യത്തിൽ പറയുന്നു, ഇതാണ് സാരം: *"കർത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ"* (റോമർ 4:8) അവൻ ചെയ്യില്ലായിരിക്കും, ചിലപ്പോൾ ചെയ്യും ചിലപ്പോൾ ചെയ്യില്ല എന്ന് അത് പറയുന്നില്ല. അവിടെ പറയുന്നത് "കർത്താവ് പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ ആകുന്നു" എന്നാണ്. ഇതിനെ ഗ്രീക്കു ഭാഷയിൽ ഊന്നലോടെയുള്ള നിഷേധം എന്നു വിളിക്കുന്നു. അതിന്റെ അർത്ഥം ദൈവം ഒരിക്കലും പാപം നമ്മുടെ കണക്കിൽ ഉൾപ്പെടുത്തുകയില്ല എന്നാണ്. അതാണ് പുതിയ നിമയത്തിന്റെ നല്ല വാർത്ത. എബ്രായർ 10:16–ൽ പറയുന്നു, *"എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും"* എന്ന്. ആ ഉടമ്പടിയുടെ ഒരു ഭാഗം 17–ാം വാക്യത്തിൽ ദൈവം പറയുന്നതാണ്, *"അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കുകയുമില്ല"*

നാം പാപം ചെയ്യുമ്പോഴും ഏറ്റു പറയുവാൻ സമയം ഇല്ലാതെ വരുമ്പോഴും നീതിയിലും ശരിയായ നിലപാടിലും നമ്മെ നിലനിർത്തുന്നതെന്താണ്? അത് യേശു ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ആണ്. അവന്റെ പേര് യേശു എന്നാകുന്നു, അവൻ ജനത്തെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്നു. (മത്തായി 1:21)

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. റോമർ 4.5 വായിക്കുക. ദൈവം നീതീകരിക്കുന്നവർ ഇപ്രകാരം ഉള്ള വർ ആണ്

   **റോമർ 4:5–6** – *എന്നാൽ പ്രവർത്തിക്കുന്നവനു കൂലി കണക്കിടുന്നതു കൃപയായിട്ടല്ല കടമായിട്ടത്രേ. പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു. ദൈവം പ്രവൃത്തി കൂടാതെ നീതി കണക്കിടുന്ന മനുഷ്യന്റെ ഭാഗ്യം ദാവീദും വർണ്ണിക്കുന്നു.*

2. റോമർ 4:2–3 വായിക്കുക. അബ്രഹാമിനു മുമ്പ് ഇല്ലാതിരുന്ന എന്തോ ദൈവം അവന്റെ കണക്കിൽ ഇട്ടു (അവൻ വിശ്വസിച്ചപ്പോൾ). അത് എന്തായിരുന്നു?

   **റോമർ 4:2–3** – *അബ്രഹാം പ്രവൃത്തിയാൽ നീതികരിക്കപ്പെട്ടു എങ്കിൽ അവനു പ്രശംസിപ്പാൻ സംഗതി ഉൺട്;. ദൈവസന്നിധിയിൽ ഇല്ലതാനും. തിരുവെഴുത്തു എന്തു പറയുന്നു, "അബ്രഹാം ദൈവത്തെ വിശ്വസിച്ചു. അതു അവന്നു നീതിയായി കണക്കിട്ടു."*

3. റോമർ 4:22–24 വായിക്കുക. അബ്രഹാമിനെപ്പോലെ നാമും വിശ്വസിച്ചാൽ, ദൈവം നമ്മുടെ കണക്കിൽ എന്ത് ഇടും?

   **റോമർ 4: 22–24** – *അതുകൊൺടു അത് അവനു നീതിയായി കണക്കിട്ടു. അവനു കണക്കിട്ടു എന്നെഴുതിയിരിക്കുന്നത് അവനെ വിചാരിച്ചു മാത്രമല്ല, പിന്നെയോ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നി ന്നും ഉയിർപ്പിച്ചവനിൽ വിശ്വസിച്ചാൽ, നമുക്കും അത് കണക്കിടപ്പെടും.*

4. റോമർ 4:6 വായിക്കുക. ദൈവം നീതി (നീതികരണം) ഒരു വ്യക്തിയുടെ കണക്കിൽ ഇടുന്നു.

   A) അവരുടെ പ്രവൃത്തിക്ക് ഒത്തവണ്ണം
   B) അവരുടെ പ്രവൃത്തി കൂടാതെ
   C) അവരുടെ നന്മ പ്രകാരം

5. എബ്രായർ 10:14 വായിക്കുക. എത്ര നാളത്തേക്കാണ് വിശ്വസിക്കുന്ന വർക്ക് സൽഗുണപൂർത്തി വരുത്തുന്നത്?

   **എബ്രായർ 10:14** – *ഏക യാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്ന വർക്ക് സദാകാലത്തേക്കും സൽഗുണ പൂർത്തി വരുത്തിയിരിക്കുന്നു.*

6. റോമർ 5:17 വായിക്കുക. നീതി ഇപ്രകാരം ലഭിക്കുന്നു:

   A) അത് സമ്പാദിക്കുന്നു
   B) അത് ദാനമാണ്
   C) അതിനായ് പ്രവർത്തിക്കുന്നു

   **റോമർ 5:17** – *ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതി ദാനത്തിന്റെയും സമൃദ്ധി ലഭിക്കുമ്പോൾ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.*

7. 'ദാനം' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്താണ്?

8. യേശുവിനെ വ്യക്തിപരമായി രക്ഷകനായി വിശ്വസിക്കുമ്പോൾ യേശു നിങ്ങളെ ഏതുവരെ കൊണ്ടുപോകും എന്നു നിങ്ങൾ വിശ്വസിക്കുന്നു?

   A) ദേവാലയം
   B) സ്വർഗ്ഗം
   C) റഷ്യ

## ഉത്തര സൂചിക

1. റോമർ 4.5 വായിക്കുക. ദൈവം നീതികരിക്കുന്നത് ഇപ്രകാരം ഉള്ളവരെ ആണ്.

   ***ദൈവികരല്ലാത്തവർ***

2. റോമർ 4:2–3 വായിക്കുക. അബ്രഹാം വിശ്വസിച്ചപ്പോൾ, അവനു മുമ്പില്ലാതിരുന്ന ഒന്നു ദൈവം അബ്രഹാമിന്റെ കണക്കിൽപ്പെടുത്തി. അതെന്തായിരുന്നു?

   ***നീതി (ദൈവവുമായുള്ള നല്ല നില്പ്)***

3. റോമർ 4:22–24 വായിക്കുക. അബ്രഹാമിനെപ്പോലെ നാമും വിശ്വസിച്ചാൽ ദൈവം നമ്മുടെ കണക്കിൽ എന്ത് ഇടും.

   ***നീതി (ദൈവവുമായുള്ള നല്ല നില്പ്)***

4. റോമർ 4:6 വായിക്കുക. ദൈവം നീതി (നിരപ്പു) ഒരു വ്യക്തിയുടെ കണക്കിൽ ഇടുന്നു.

   ***B. അവരുടെ പ്രവൃത്തി കൂടാതെ***

5. എബ്രായർ 10:14 വായിക്കുക. എത്രനാളത്തേക്കാണ് വിശ്വസിക്കുന്നവർക്ക് സൽഗുണപൂർത്തി വരുത്തുന്നത്?

   ***സദാകാലത്തേക്ക്***

6. റോമർ 5:17 വായിക്കുക. നീതി ഇപ്രകാരം ലഭിക്കുന്നു.

   ***B. ദാനമായി.***

7. 'ദാനം' എന്ന പദം കൊൺട് അർത്ഥമാക്കുന്നതെന്താണ്?

   ***ലഭിക്കുന്ന ആൾ വിലമുടക്കാതെ സൗജന്യം ആയി ലഭിക്കുന്നത്***

8. യേശുവിനെ വ്യക്തിപരമായി രക്ഷകനായി സ്വീകരിക്കുമ്പോൾ യേശു നിങ്ങളെ എവിടെവരെ എത്തിക്കുവാനാണ് നിങ്ങൾ വിശ്വസിക്കേണ്ടത്?

### *B. സ്വർഗ്ഗം*

## പാഠം 12

# ദൈവ വചനത്തിന്റെ സമഗ്രത

## *ആൻഡ്രൂ വോമ്മക്ക്*

മർക്കോസ് നാലാം അദ്ധ്യായം ദൈവവചനത്തിന്റെ സമഗ്രതയെക്കുറിച്ച് – അതിന്റെ ശക്തി, സ്വഭാവം, അതിലുള്ള വിശ്വാസം– ഉള്ള ഒരു അതിശക്തമായ അദ്ധ്യായം ആണ്. കുറഞ്ഞത് പത്തു ഉപമകൾ എങ്കിലും ആ ദിവസം പഠിപ്പിച്ചതായി കാണുന്നു. അതിനു മർക്കോസ് 4–ാം അദ്ധ്യായവും മത്തായി 13 – ഉം ലൂക്കോസ് 8 –ഉം താരതമ്യം ചെയ്യേണ്ടി ഇരിക്കുന്നു. കുറെ ഉപമകൾ അവിടെ ഉണ്ട്, അതിൽ ഒന്ന് വിത്തുവിതയ്ക്കുന്ന ആളിനെ കുറിച്ചാണ്. മർക്കോസ് 4:26 പറയുന്നു, *"പിന്നെ അവൻ പറഞ്ഞതും ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്തു എറിഞ്ഞശേഷം"*. 14–ാം വാക്യത്തിൽ പറയുന്നത് ഈ വിത്ത് ദൈവത്തിന്റെ വചനം ആകുന്നു എന്നത് ശ്രദ്ധിക്കുക. എങ്ങനെ ഒരു കൃഷിക്കാരൻ ആകാം എന്നു ദൈവം യഥാർത്ഥത്തിൽ നിങ്ങളെ പഠിപ്പിക്കയല്ല, പിന്നെയോ പ്രകൃതിയിലെ ഒരു കാര്യം ആത്മീയ സത്യം വിശദമാക്കാൻ ഉദാഹരണമാക്കുകയാണ്. 27–ാം വാക്യം പറയുന്നു, *"രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്തു മുളച്ചു വളരുന്നതുപോലെ ആകുന്നു."* അത് വളരെ പ്രധാന്യം ഉള്ളതാണെന്ന് ഞാൻ വിശ്വസിക്കുന്നു. അത് എങ്ങിനെ സംഭവിക്കുന്നു എന്ന് മനുഷ്യന് യഥാർത്ഥത്തിൽ മനസ്സിലാകുന്നില്ല.

ചില ആൾക്കാർ പറയുന്നു, "നിങ്ങൾ പറയുന്നത് എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എങ്ങിനെയാണ് ദൈവവചനം വായിക്കുന്നത് എന്നെ ശരിക്കും മാറ്റുവാനും, എന്റെ ഉള്ളിൽ ദൈവത്തിന്റെ ജീവൻ വരുത്തുവാനും എങ്ങനെ കാരണമാക്കുന്നത്?" അത് എങ്ങിനെയാണെന്ന് എനിക്ക് ഒട്ടും മനസ്സിലാകുന്നില്ല, പക്ഷെ അത് ശരിയാണെന്ന് എനിക്ക് അറിയാം. നിലത്ത് ഒരു വിത്തിൽ നിന്നും ഒരു ഞാറു മുളയ്ക്കുകയും

അത് കതിരായി നൂറുമേനി ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നത് എങ്ങിനെയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അത് എങ്ങിനെയാണ് എന്ന് ആരും മുഴുവനായി മനസ്സിലാക്കുന്നില്ല. പക്ഷെ അത് സംഭവിക്കുന്നു. അതേ ഞാൻ പറയുന്നു ഇത് സംഭവിക്കുന്നു. ദൈവവചചനം വായിക്കുകയും, അതു നിങ്ങളെ സാന്ദ്രമാക്കിത്തുടങ്ങാൻ അനുവദിക്കുകയും ചെയ്യുമ്പോൾ, അത് നിങ്ങളുടെ മനോഭാവവും അനുഭവവും കാഴ്ചപ്പാടും മാറ്റുന്നു.

28–ാം വാക്യം പറയുന്നു, *"ഭൂമി സ്വയമായി മുമ്പെ ഞാറും പിന്നെ കതിരും പിന്നെ കതിരിൽ നിറഞ്ഞ മണിയും ഇങ്ങനെ വിളയുന്നു."* ഭൂമി വിത്തിനെ വികസിപ്പിക്കാനും മുളപ്പിക്കുവാനും അതിലുള്ള ജീവൻ പുറത്തുവിടുവാനും സൃഷ്ടിക്കപ്പെട്ടതാണ്. നിങ്ങളുടെ ഹൃദയം ഉൺടാക്കപ്പെട്ടത് ദൈവവചനത്തിനു വേൺടിയായിരുന്നു. അതേ ആയിരുന്നു. നിങ്ങളുടെ ഹൃദയത്തിൽ വെയ്ക്കപ്പെടുവാൻ വേൺടി ആയിരുന്ന ദൈവ വചനം സൃഷ്ടിക്കപ്പെട്ടത്. ഒരു വേദപുസ്തകം എടുത്തു ചേർത്ത് പിടിക്കുന്നതുകൊൺടോ, മേശമേൽ വെയ്ക്കുന്നതുകൊൺടോ, അത് കൈയ്യിൽ കൊൺടു നടക്കുന്നതുകൊൺടോ ഒരു ഗുണവും ഇല്ല. അത് നിങ്ങളുടെ ജീവിതത്തിൽ ശക്തി പുറപ്പെടുത്തുന്നില്ല. വചനം എടുത്ത് ഒരു വിത്താക്കി അതിനെ നിങ്ങളുടെ ഹൃദയത്തിൽ നടണം. അതു നിങ്ങൾ ചെയ്യുമ്പോൾ, ഫലം പുറപ്പെടുവിക്കത്തക്ക നിലയിലാണ് നിങ്ങളുടെ ഹൃദയത്തെ ദൈവം രൂപകൽപ്പന ചെയ്തിരിക്കുന്നത്. നിങ്ങളുടെ ജീവിതത്തിലെ കാര്യങ്ങൾ സംഭവിക്കുന്നതിനെ അത് സ്വയമേ വ്യത്യാസപ്പെടുത്തും. വാക്യം തുടരുന്നത് ഇങ്ങിനെയാണ്, *"മുമ്പെ ഞാറും പിന്നെ കതിരും, പിന്നെ കതിരിൽനിറഞ്ഞ മണിയും."* ഇത് സൂചിപ്പിക്കുന്നത് വളർച്ചയ്ക്കും പക്വതയ്ക്കും പല അവസ്ഥകൾ അല്ലെങ്കിൽ പടികൾ ഉൺടെന്നാണ്. എനിക്കും കൂടി യോജിക്കാൻ കഴിയുന്ന, ശരിക്കും നല്ല ചില ദൈവീക കാര്യങ്ങൾക്കായി അവർ ദൈവത്തെ വിശ്വസിക്കുന്ന എന്നും പറഞ്ഞ്, എപ്പോഴും ആളുകൾ എന്റെ അടുക്കൽ വരാറുൺട്. എന്നാൽ ഞാൻ ഉറപ്പുപറയാം, അവർ ഒരു വ്യക്തിയെ പോലും ക്രിസ്തുവിങ്കലേക്ക് നയിക്കുകയോ, യാതൊന്നും ചെയ്യുകയോ ചെയ്തിട്ടില്ലാ എങ്കിൽ, ഒരു ടെലിവിഷൻ ശുശ്രൂഷയോ, റേഡിയോ ശുശ്രൂഷയോ ഈ വരുന്ന ആഴ്ചകളിൽ അവർക്കുൺടാകാൻ പോകുന്നില്ല.

നിങ്ങൾ കാര്യങ്ങൾ പലഘട്ടങ്ങളായാണ് ചെയ്യേൺടിയത്. ദൈവത്തിൽ നിന്ന് പ്രാപിക്കുന്നതും ഘട്ടങ്ങളായാണ്. അതാണ് ഈ ഉപമയിൽ കാണിക്കുന്നത്. ഒന്നാമതായി നിങ്ങൾ തുടങ്ങണം, അതേ തുടർന്ന്

പ്രത്യാശയും വിശ്വാസവും വരുകയും പിന്നീട് അത് ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. വിജയത്തിലേക്ക് എപ്പോഴും പടികൾ ഉണ്ട്. മണിക്കൂറിൽ പൂജ്യം മൈൽ വേഗതയിൽ നിന്നും ആയിരം മൈൽ വേഗതയിലേക്ക് ആരും പെട്ടെന്ന് പോകുന്നില്ല. ഒരു ദൈവിക വാഞ്ച ആണെങ്കിൽ തന്നെ, അത് പ്രാവർത്തികമാകുന്നത് അങ്ങിനെയല്ല. ഈ വേദഭാഗം കാണിക്കുന്നത് ദൈവരാജ്യം ഒരു വിത്തുപോലെ ആകുന്നു എന്നാണ്. ദൈവവചനം നിങ്ങളുടെ ഹൃദയത്തിൽ നടപ്പെടണം. വളർച്ച പടിപടിയായി വരുന്നു.: ആദ്യം ഞാർ, പിന്നെ കതിർ, പിന്നെ കതിരിൽ നിന്ന് കതിർമണി എന്നിങ്ങനെ. അടുത്ത വാക്യം പറയുന്നു, *"ധാന്യം വിളയുമ്പോൾ കൊയ്ത്തായതുകൊൺടു അവൻ ഉടനെ അരിവാൾ വെയ്ക്കുന്നു."* ഘട്ടങ്ങൾ ഉൺടെങ്കിലും, ഫലവത്തിന്റേയും പക്വതയുടേയും ഒരു കാലം വരും.

35–ാം വാക്യത്തിൽ അത് വ്യക്തമാക്കപ്പെട്ടിരിക്കുന്നു, *"അന്നു സന്ധ്യയായപ്പോൾ, നാം അക്കരെക്കു പോകുന്നു എന്നു അവൻ അവരോടു പറഞ്ഞു."* യേശു പകൽ മുഴുവൻ വചനത്തിന്റെ ശക്തിയെക്കുറിച്ചും വചനം ഒരു വിത്തുപോലെ ആണെന്നും അതിൽനിന്നു ദൈവത്തിന്റെ ജീവൻ എങ്ങിനെ നിങ്ങളിലേക്ക് വ്യാപിക്കുന്നു എന്നും പഠിപ്പിക്കുകയായിരുന്നു. ഇത് കുറഞ്ഞത് പത്തു ഉപമകളിലൂടെ അവൻ പഠിപ്പിച്ചിട്ട്, ഒരു പരീക്ഷ അവർക്ക് കൊടുക്കുകയാണ്. അവൻ പറയുന്നു, "ശരി ദൈവത്തിൽ നിന്നുള്ള വചനം ഇതാ – ഇനി നമുക്ക് തടാകത്തിന്റെ മറുകരയ്ക്കുപോകാം." "നമുക്ക് പടകിൽകയറി, കടലിന്റെ പകുതി വഴി പോയിട്ട് മുങ്ങാം" എന്നല്ല പറഞ്ഞത്, പിന്നെയോ "നമുക്ക് അക്കരെക്കുപോകാം" എന്നാണു പറഞ്ഞത്. അതിനുശേഷം അവൻ പടകിൽ കയറി നിദ്രയിലായി. വലിയ കാറ്റുൺടായി, വെള്ളം പടകിൽ നിറഞ്ഞതായും കഥ തുടരുന്നു. ഇത് മേൽതട്ടിനു താഴെ ശയ്യാതലങ്ങൾ ഉള്ള ഒരു വിനോദസഞ്ചാരസവാരികപ്പൽ അല്ലായിരുന്നു എന്നും അതിൽ യേശു നനവു ബാധിക്കാതെ എന്താണ് സംഭവിച്ചുകൊൺടിരിക്കുന്നത് എന്ന് അറിവില്ലാതെ ഇരിക്കയല്ലായിരുന്നു എന്നും നാം ഓർക്കണം. തെറിക്കുന്ന വെള്ളം അകത്തേക്കു വന്നുകൊൺടിരുന്ന ഒരു തുറന്നകപ്പൽ ആയിരുന്നു അത്. യേശു ഉറക്കത്തിലായിരുന്നു. ഇത് പ്രാധാന്യം ഉള്ളതാവാൻ കാരണം, എന്താണ് സംഭവിച്ചുകൊൺടിരുന്നത് എന്ന് അറിഞ്ഞിട്ടും യേശു ഉറങ്ങാൻ ശ്രമിക്കുകയായിരുന്നു എന്നതാണ്. ശിഷ്യന്മാർ അസ്വസ്ഥരായി അവന്റെ അടുത്തുവന്നുചോദിച്ചു, "ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിൽ അങ്ങേക്കു വിചാരമില്ലയോ?" മറ്റൊരു

വാക്കിൽ പറഞ്ഞാൽ അവർ ഇങ്ങനെ പറഞ്ഞു, "എന്തെങ്കിലും ചെയ്യുക! നീ ചെയ്യേണ്ടത്ര നീ ചെയ്യുന്നില്ല."

പലപ്പോഴും ആളുകൾ അതുതന്നെയാണ് ദൈവത്തോടു ഇന്നു ചെയ്യുന്നത്, ഇങ്ങനെ പറയഞ്ഞ്, "ദൈവമേ എന്തുകൊണ്ടു നീ ഒന്നും ചെയ്തില്ല?" ദൈവം ചിലതു ചെയ്തു കഴിഞ്ഞിരിക്കുന്നു. നമുക്കു വേണ്ടി യതെല്ലാം ദൈവം കർത്താവായ യേശുവിന്റെ പാപ പരിഹാര യാഗ ത്തിലൂടെ നൽകിയിരിക്കയാണ്. അവൻ അവന്റെ വചനം ഉണ്ടാക്കി ആ വിത്തുകൾ എല്ലാം നമുക്കു തന്നിരിക്കുന്നു. അതു നമ്മുടെ ഹൃദയത്തിൽ വിതയ്ക്കേണ്ടത് നമ്മുടെ ചുമതലയാണ്. അവൻ തിരുവെഴുത്തുകൾ നമുക്കുതന്നു, ആ വിത്ത് നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുകയും ജീവൻ അവയിൽ നിന്നും വളരുവാൻ തക്കവണ്ണം അവയെ ധ്യാനിക്കുകയും ചെയ്യേണ്ടത് നമ്മുടെ ജോലിയാണ്. എന്നാൽ ശിഷ്യന്മാർ യേശുവിനെ ഉണർത്തിയിട്ടു പറയുവാൻ ആഗ്രഹിച്ചു, "നീ എന്താണ് ഒന്നും ചെയ്യാത്തത്?" അവൻ എഴുന്നേറ്റു, കാറ്റിനേയും തിരമാലയേയും ശാസിച്ചു, ഒരു ശാന്തത വന്നു. എന്നിട്ട് അവൻ ശിഷ്യന്മാരുടെ നേരെ തിരിഞ്ഞു പറഞ്ഞു, "നിങ്ങൾക്ക് എന്താ ഇത്ര ഭയം? നിങ്ങൾക്കെന്താണ് വിശ്വാസം ഇല്ലാത്തത്?" അവൻ "ക്ഷമിക്കണം, ഞാൻ എന്തെങ്കിലും ചെയ്യേണ്ടതായിരുന്നു" എന്നല്ല പറഞ്ഞത്. അല്ല, അവരെ വചനം പഠിപ്പിക്കുക, വാഗ്ദത്തങ്ങൾകൊ ടുക്കുക, എന്നത് മാത്രമായിരുന്നു അവന്റെ ഭാഗം, വചനം എടുക്കുക, വാഗ്ദത്തങ്ങൾ വിശ്വസിക്കുക എന്നത് അവരുടെ ഭാഗം ആയിരുന്നു. യേശു ഭൂമിയിൽ വന്നതിൽകൂടി ദൈവം എല്ലാം നമുക്ക് നൽകി. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും വിജയിക്കാൻ വേണ്ടതെല്ലാം വചനത്തിൽ വിത്തായി നമുക്കു തന്നിരിക്കുന്നു. വിത്താകുന്ന വചനം എടുത്ത്, അതു വായിക്കു കയും ധ്യാനിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതിൽകൂടി, അതിനെ ഹൃദയത്തിൽ നടുകയും, അതിനെ നിങ്ങളുടെ ഉള്ളിൽ വളരാൻ അനുവ ദിക്കുകയും ചെയ്യുക മാത്രമാണ് നിങ്ങൾ ചെയ്യേണ്ടത്. അതു നിങ്ങൾ ചെയ്യുമ്പോൾ, എഴുന്നേറ്റ് നിങ്ങളുടെ ജീവിതത്തിലെ കൊടുങ്കാറ്റുകളെ നിർത്തുവാൻ നിങ്ങൾ പ്രാപ്തരാകും.

യേശു അന്നു പഠിപ്പിച്ചത് ഉൾക്കൊണ്ട്, "വാ നമുക്ക് അക്കരക്ക് പോകാം" എന്നു പറയുന്നതായിരുന്നു അവർക്ക് ദൈവത്തിൽ നിന്നുള്ള ഏറ്റവും നല്ല കാര്യം എന്നു ഞാൻ വിശ്വസിക്കുന്നു. അവർക്ക് പറയാമായി രുന്നു, "ഇന്ന് അവൻ പഠിപ്പിച്ചതെല്ലാം അനുസരിച്ച്, ഇത് ദൈവത്തിന്റെ ഒരു വാഗ്ദാനം ആകുന്നു. ലോകത്തിന്റെ സ്രഷ്ടാവാണ് അക്കരയ്ക്കു

പോകൂ എന്നു പറഞ്ഞത്. അല്ലാതെ പകുതിവഴി പോയിട്ടു വെള്ളത്തിൽ മുങ്ങുക എന്നു അല്ലല്ലോ പറഞ്ഞത്. ആ പറഞ്ഞവാക്ക് വിശ്വാസവുമായി ചേർത്ത് കാറ്റിനേയും തിരമാലയേയും ശാസിക്കുകയും ചെയ്യാമായിരുന്നു. അതുതന്നെയാണ് യേശു പറഞ്ഞത: "അൽപ വിശ്വാസികളേ, നിങ്ങൾ എന്തിന് സംശയിച്ചു?" അത് എന്താണ് എന്ന് നിങ്ങൾക്ക് മനസ്സിലായോ? ദൈവത്തിന്റെ വാക്ക് നമ്മൾ വിശ്വസിക്കയും അതിന്മേൽ പ്രവർത്തിക്കയും വേണം.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മത്തായി 13:19 വായിക്കുക. ദൈവത്തിന്റെ വചനം നമ്മുടെ ഹൃദയത്തിൽ നാം നടുന്നില്ലാ എങ്കിൽ, അതിന് എന്തു സംഭവിക്കും?

   **മത്തായി 13:19** – *ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടുഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതക്കപ്പെട്ടതു എടുത്തു കളയുന്നു. ഇതത്രെ വഴിയരികെ വിതയ്ക്കപ്പെട്ടത്*

2. യോശുവാ 1:8 വായിക്കുക. എപ്പോൾ ആണ് നാം ദൈവവചനം ധ്യാനിക്കേണ്ടത്?

   **യോശുവാ 1:8** – *ഈ ന്യായപ്രമാണപുസ്തകത്തിലുള്ളതു നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുത് അതിൽ എഴുതിയിരിക്കുന്നതു പോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചു കൊണ്ടിരിക്കേണം, എന്നാൽ നിന്റെ പ്രവർത്തി സാധിക്കും, നീ കൃതാർത്ഥനായും ഇരിക്കും.*

3. യോഹന്നാൽ 6:63 വായിക്കുക. ഈ വാക്യപ്രകാരം ദൈവവചനം ______________________________ ആകുന്നു.

   **യോഹന്നാൽ 6:63** – *ജീവിപ്പിക്കുന്നതു ആത്മാവ് ആകുന്നു. മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.*

4. മത്തായി 4:4 വായിക്കുക. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത്, പിന്നെയോ ______________________________

   **മത്തായി 4:4** – *മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു.*

5. എഫെസ്യർ 6:17 വായിക്കുക. ദൈവത്തിന്റ വചനം ഏതു ആയുധം പോലെയാണ്?

**എഫെസ്യർ 6:17** – *രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈകൊള്ളുവിൻ*

6. വാൾ ശത്രുവിന് നാശം ഉൺടാക്കുമോ?

7. റോമർ 8:6 വായിക്കുക. ദൈവത്തിന്റെ വചനത്തിന് നമ്മൾ ശരിയായ സ്ഥാനം ജീവിതത്തിൽ കൊടുക്കുമ്പോൾ, നമുക്ക് ഉൺടാകുന്നത് ____________________________

**റോമർ 8:6** – *ജഡത്തിന്റെ ചിന്ത മരണം ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ.*

8. 2 കൊര്യന്ത്യർ 3:18 വായിക്കുക. നാം ഏതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നുവോ അതിനാൽ നമ്മൾ നിറയപ്പെടും. നാം ഏതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം?

**2 കൊരിന്ത്യർ 3:18** – *എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപ്പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ രൂപമായി രൂപാന്തരപ്പെടുന്നു.*

# ഉത്തര സൂചിക

1. മത്തായി 13–9 വായിക്കുക. ദൈവത്തിന്റെ വചനം നമ്മുടെ ഹൃദയത്തിൽ നാം നടുന്നില്ലാ എങ്കിൽ, അതിന് എന്തു സംഭവിക്കും?

   ***ദുഷ്ടൻ അത് എടുത്തുകൊൺടുപോകും. അതിനാൽ നമ്മുടെ ജീവിതത്തിൽ ഫലം പുറപ്പെടുവിക്കാൻ അതിനു സാധ്യമല്ല.***

2. യോശുവ 1–18 വായിക്കുക. എപ്പോഴാണ് നാം ദൈവവചനം ധ്യാനിക്കേൺടത്?

   ***രാവും പകലും***

3. യോഹന്നാൻ 6:63 വായിക്കുക. ഈ വാക്യപ്രകാരം ദൈവ വചനം ________________________ ആകുന്നു.

   ***ആത്മാവും ജീവനും***

4. മത്തായി 4:4 വായിക്കുക. മനുഷ്യർ അപ്പംകൊൺടു മാത്രമല്ല ജീവിയ്ക്കുന്നത്. പിന്നെയോ, ____________________ കൂടിയാകുന്നു.

   ***ദൈവത്തിന്റെ വായിൽനിന്നും വരുന്ന സകല വചനംകൊൺടും***

5. എഫെസ്യർ 6:17 വായിക്കുക. ദൈവത്തിന്റെ വചനം ഏത് ആയുധം പോലെയാണ്?

   ***വാൾ***

6. വാൾ ശത്രുവിന് നാശം ഉൺടാക്കുമോ?

   ***ഉൺടാക്കും.***

7. റോമർ 8:6 വായിക്കുക, ദൈവത്തിന്റെ വചനത്തിന് നമ്മൾ ശരിയായ സ്ഥാനം ജീവിതത്തിൽ കൊടുക്കുമ്പോൾ നമുക്ക് ഉൺടാകുന്നത്

   ***ജീവനും സമാധാനവും***

8. 2 കൊരിന്ത്യർ 3:18 വായിക്കുക. നാം ഏതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നുവോ, അതിനാൽ നമ്മൾ നിറയപ്പെടും. നാം ഏതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം ?

   ***കർത്താവിലും അവന്റെ മഹത്വത്തിലും***

## പാഠം – 13

# ദൈവം കുറ്റക്കാരനല്ല

## *ആൻഡ്രൂ വോമ്മക്ക്*

ദൈവം എന്റെ ജീവിതത്തിൽ ചെയ്ത പ്രധാനപ്പെട്ട കാരങ്ങളിൽ ഒന്ന്, ഇന്ന് നിങ്ങളുമായി പങ്കുവെയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവർക്കു സംഭവിക്കുന്നതെല്ലാം ദൈവത്തിൽ നിന്നാണെന്നും, ദൈവം എല്ലാം നിയന്ത്രിക്കുന്നു എന്നും ജനങ്ങൾ യാന്ത്രികമായി വിശ്വസിക്കുന്നതായിട്ട് തോന്നുന്നു. അതിന്റെ കാരണം, നിർവ്വചനത്താൽ ദൈവം അത്യുന്ന തനും സർവ്വശക്തനുമാകയാൽ, അവരുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ദൈവം നിയന്ത്രിക്കുന്നു എന്നവർ ഊഹിക്കുന്നു. അവിശ്വാസികളും അങ്ങിനെ വിശ്വസിക്കുന്നു. ഈ വിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്ന അനവധി ക്രിസ്ത്യാനികൾ ഉൺട്. അത് അവരുടെ ജീവിതത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. തിരുവെഴുത്തു പഠിപ്പിക്കുന്നത് ഇതിന് വിരുദ്ധമാണെന്നും, ഈ പാഠം നിങ്ങൾ പഠിക്കേൺടത് വളരെ പ്രധാനമാണെന്നും ഞാൻ വിശ്വസിക്കുന്നു. യാക്കോബ് 1:13–17 പറയുന്നു, *''പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു. താൻ ആരെയും പരീക്ഷിക്കുന്നതുമില്ല ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു. എന്റെ പ്രിയ സഹോദരന്മാരേ, വഞ്ചിക്കപ്പെടരുത്. എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നും ഇറങ്ങിവരുന്നു. അവന് വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല".*

ഈ വാക്യം വളരെ വ്യക്തമാക്കുന്നു ദൈവത്തിൽ നിന്ന് വരുന്നതെല്ലാം നല്ലതാണെന്ന്. യേശു യോഹന്നാൻ 10:10 ൽ പറയുന്നു, *"മോഷ്ടിപ്പാനും*

*അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉൺടാകുവാനും സമൃദ്ധിയായിട്ടു ഉൺടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്."* നല്ലതാണെങ്കിൽ അതു ദൈവത്തിൽ നിന്നും; ദോഷമുള്ളതാണെങ്കിൽ അതു സാത്താനിൽ നിന്നും ആകുന്നു. അത് വളരെ ലളിതമായ ദൈവശാസ്ത്രം ആകുന്നു. അത് വളരെ ഗുരുതരമാകുന്നതിന്റെ കാരണം യാക്കോബ് 4:7 പറയുന്നു, *"ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തു നില് പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും".* ഇതു പറയുന്നത് നാം ദൈവത്തിനു കീഴടങ്ങുകയും അഥവാ നമ്മുടെ നിയന്ത്രണം വിട്ടുകൊടുക്കയും, പിശാചിനെ ചെറുത്തുനിൽക്കയും ചെയ്യണം എന്നാണ്. "ചെറുത്തുനിൽക്കുക" എന്നതിന്റെ അർത്ഥം, എതിരെ സജീവമായി പോരാടുക എന്നാണ്.

ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം – ഉദാഹരണമായി രോഗം, ബിസിനസ്സ് പരാജയം, ഉദ്യോഗനഷ്ടം, മറുതലിക്കുന്ന മക്കൾ അല്ലെങ്കിൽ വിവാഹബന്ധം വേർപ്പെടുത്തൽ – ദൈവത്തിൽ നിന്നാകുന്നു എന്ന് ജനങ്ങൾ വിശ്വസിക്കുമ്പോൾ, അത് അവരെ നിഷ്ക്രിയർ ആക്കുന്നു. ദൈവത്തിൽ നിന്നാണ് ഒരു അവസ്ഥ എന്നും അത് അവരെ ശിക്ഷിക്കുവാനോ രൂപാന്തരപ്പെടുത്തുവാനോ ആകുന്നു എന്നും അവർ യാഥാർത്ഥമായി വിശ്വസ്ക്കുന്നു എങ്കിൽ, അതിനെ ചെറുത്തു നിന്നാൽ, അവർ ദൈവത്തിനെതിരെ പോരാടുകയാണ്. എന്നാൽ യാക്കോബ് 4:7 പറയുന്നു പിശാചിനോട് എതിർത്തു നില്ക്കുവിൻ, അതു നിങ്ങളെ വിട്ട് ഓടിപ്പോകും. നിങ്ങൾ ദൈവത്തിനു കീഴടങ്ങണം. ഇതു കാണിക്കുന്നത് ചില കാര്യങ്ങൾ ദൈവത്തിൽനിന്നും ചില കാര്യങ്ങൾ സാത്താനിൽ നി ന്നും ആണെന്നാണ്. ഈ ലോകത്തിൽ ഒരു ദുഷ്ടശക്തിയുൺട്, നി ങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ദൈവത്തിൽ നിന്നല്ല. ഇത് മനസ്സിലാക്കുന്നില്ലെങ്കിൽ, നിങ്ങൾ സാത്താനു കീഴടങ്ങുകയും, വാസ്തവത്തിൽ അവനെ ശക്തിപ്പെടുത്തുകയും ചെയ്യും.

പലപ്പോഴും അത് തെറ്റായ രീതിയിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ളതുകൊൺട്, റോമാ ലേഖനത്തിൽനിന്നുള്ള ഒരു ഭാഗം ഞാൻ ഇവിടെ കൊൺടുവരുന്നു. പല ശവസംസ്കാര ചടങ്ങുകളിൽ ഞാൻ സംബന്ധിച്ചിട്ടുൺട്, അവിടെ ജനങ്ങൾക്ക് ദൈവത്തെക്കുറിച്ച് യാതൊരു അറിവും ഇല്ല, പള്ളിയിൽ പോകുന്നവരല്ല, തിരുവചനത്തെക്കുറിച്ച് ഒന്നും അറിയില്ല, എങ്കിലും ഈ വാക്യഭാഗം അവർക്ക് അറിയാം. റോമർ 8:28 പറയുന്നു, *"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്,*

*നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കുതന്നേ, സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു."* നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതൊക്കെയും ദൈവമാണ് ചെയ്യുന്നതെന്നും അത് അവൻ ഏതെങ്കിലും വിധത്തിൽ നന്മക്കായി തീർക്കുന്നു എന്നും ഈ വാക്യം വ്യാഖ്യാനിക്കപ്പെടുന്ന. ഒരിക്കൽ ചെറുപ്പക്കാരായ ഒരു ആൺകുട്ടിയുടേയും പെൺകുട്ടിയുടേയും ശവസംസ്കാര ചടങ്ങിൽ ഞാൻ സംബന്ധിക്കുകയുൺടായി. അവർ മദ്യവും ലഹരിമരുന്നും ഒരുമിച്ച് കഴിച്ചിട്ട്, ഒരു തെന്നുന്ന റോഡിൽ അതിവേഗം കാർ ഓടിക്കുകയും, ഒരു മൂലയിൽ കാർതെന്നി ഒരു ടെലിഫോൺ തൂണിൽ ഇടിക്കയും, അവർ രൺടുപേരും മരണപ്പെടുകയും ചെയ്തു. പ്രാസംഗികൻ ഈ വാക്യം ഉദ്ധരിച്ചുകൊൺട് പറഞ്ഞു, "എല്ലാം ഒരുമിച്ച് നന്മക്കായി പ്രവർത്തിക്കുന്ന എന്ന നാം അിയുന്ന," അതിനാൽ ദൈവത്തിന് ഇതിൽ ഒരു ഉദ്ദേശ്യം ഉൺടായിരിക്കണം എന്നും പറഞ്ഞു. ദൈവം ഈ ചെറുപ്പക്കാരുടെ മരണത്തിനു കാരണമായില്ല, ഒരു അർത്ഥത്തിൽ സാത്താനാണ് ഇത് ചെയ്തതെന്നും നിങ്ങൾക്കു പറയാൻ സാധിക്കില്ല. ആ ചെറുപ്പക്കാർ തന്നെയാണ് ഇതിനു കാരണം. അവരുടെ മാതാപിതാക്കളും മറ്റുള്ളവരും പഠിപ്പിച്ച നിലവാരത്തോട് അവർ മറുതലിക്കാനായി സാത്താൻ അവരെ വശീകരിച്ചുകാണും. എങ്കിലും ഒടുവിൽ അവർ തന്നെയാണ് ഉത്തരവാദികൾ. മയക്കുമരുന്നും മദ്യവും കഴിച്ചതും, ടെലിഫോൺ തൂണിൽ ഇടിച്ചതും അവർ തന്നെ. അങ്ങിനെ ഉൺടായ ആ സ്വാഭാവിക കാര്യത്തിന് കാരണം ദൈവം അല്ല.

*"എല്ലാം നന്മക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു"* എന്നതിന്റെ അർത്ഥം എന്താണ്? ഒന്നാമതായി, എല്ലാം ദൈവത്തിൽ നിന്നു വരുന്നു, നന്മക്കായി ഒരുമിച്ച് പ്രവർത്തിക്കുന്ന എന്നു നാം അറിയുന്നതായി ആ വാക്യം പറഞ്ഞില്ല. എല്ലാം നന്മക്കായി വ്യാപരിക്കുന്നു എന്നു പറയുമ്പോൾ തന്നെ ചില വ്യവസ്ഥകൾ വെച്ചിട്ടുൺട: "ദൈവത്തെ സ്നേഹിക്കുന്നവർക്ക്". ദൈവത്തെ സ്നേഹിക്കാത്തവർക്ക് ആ തിരുവചനം നടപ്പാകില്ല. അത് പറയാതെ തന്നെ വളരെ വ്യക്തമാണെങ്കിലും, മയക്കുമരുന്നും മദ്യവും ഉപയോഗിക്കുകയും, ദൈവത്തോടും ദൈവീകതത്വങ്ങളോടും മറുതലിക്കുകയും ചെയ്ത ഈ ചെറുപ്പക്കാരുടെ കാര്യത്തിൽ അത് തെറ്റായി ഉപയോഗിക്കപ്പെടുന്നത് വിസ്മയകരം തന്നെ. ഇത് യാഥാർത്ഥ്യം ആകുന്നത് ദൈവത്തെ സ്നേഹിക്കുന്നവർക്കും നി ർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കും മാത്രമാണ്.

1 യോഹന്നാൻ 3:8 ൽ പറയുന്നു, *"പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി."* പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുവാൻ ദൈവം തന്നെ പ്രത്യക്ഷനായി. അതാണ് ദൈവത്തിന്റെ ഉദ്ദേശം. അത് തന്നെ സ്നേഹിക്കുന്നവർക്കും നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കും മാത്രമാണ് നന്മക്കായി കൂടി വ്യാപരിക്കുന്നത്; അതായത് ദൈവത്തിന്റെ വിളിയിൽ നടക്കുന്നവർക്കും, പിശാചിനെ എതിർത്തു നിൽക്കുന്നവർക്കും, പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കാൻ ഇറങ്ങിയിട്ടുള്ളവർക്കും. സാത്താൻ അവരുടെ ജീവിതത്തിൽ എന്തു ചെയ്യുന്നു എന്ന് പരിഗണിക്കാതെ, പിശാചിനെ എതിർത്തുനി ന്ന്, ദൈവത്തിനു വേണ്ടി ജീവിക്കുന്നവർക്കു പറയാം, അത് നന്മക്കായി തീർക്കുവാൻ ദൈവത്തിനു കഴിയും എന്ന്.

നമ്മുടെ ജീവിതത്തിൽ നടക്കുന്നതിനെ എല്ലാം നിയന്ത്രിക്കുന്നത് ദൈവം അല്ല എന്നു നാം വിവേചിക്കാൻ തുടങ്ങണം. ഒരു ശത്രു കൊല്ലുവാനും മോഷ്ടിക്കുവാനും നശിപ്പിക്കാനുമായ വരുന്ന ഒരു ശത്രു ഉണ്ട്, എന്നാൽ യേശു വന്നത് നമുക്ക് ജീവൻ തരാനാണ്. നാം ജീവൻ തിരഞ്ഞെടുക്കയും നമ്മുടെ ജീവിതത്തിലേക്കു വരുന്നതിനെല്ലാം ദൈവം കുറ്റക്കാരനല്ല എന്നു തിരിച്ചറിയുകയും ചെയ്യണം.

ആരോപിക്കപ്പെടുന്നതു പോലെയുള്ള, അതായത്, കാൻസർ, വൈകല്യങ്ങൾ, നിരാശ, ദുഖം തുടങ്ങിയവ ആളുകളുടെമേൽ കൊണ്ടുവരുന്ന, ഒരു ഭൗതിക മനുഷ്യൻ ആയിരുന്നു ദൈവമെങ്കിൽ, അവനെ അറസ്റ്റു ചെയ്ത് ജയിലിൽ ആക്കുകയോ, അവനെ തടയുകയോ ചെയ്യാതിരിക്കുന്ന ഒരു ഗവൺമെന്റും ഭൂമിയിൽ ഉൺടായിരിക്കുകയില്ലെന്ന് ഞാൻ ഉറപ്പുപറയാം. എന്നിട്ടും, നമ്മുടെ ജീവിതത്തിൽ നാം കൺടിട്ടുള്ളതോ, സങ്കല്പിച്ചിട്ടുള്ളതോ ആയ ഏതൊരാളേക്കാളും വളരെ അധികം കാരുണ്യവാനായ ദൈവം, മനുഷ്യരെ ഇവക്കെല്ലാം വിധേയരാക്കി, ഇതൊക്കെ ചെയ്തുകൊൺട് ചുറ്റിനടക്കുന്നു എന്നു നാം വിചാരിക്കുന്നു. ചില നാശങ്ങൾ പിശാചിന്റെ അക്രമം ഹേതുവായും, മറ്റു ചിലത് പ്രകൃതിയിൽ നിന്നും ഉൺടാകുന്നു. എല്ലാം ദൈവനിശ്ചിതമല്ല. ഇൻഷുറൻസ് കമ്പനികൾ അവരുടെ പോളിസിയിൽ എഴുതുന്നു, "ദൈവത്തിന്റെ പ്രവർത്തികളായ ഭൂമികുലുക്കം, മഹാമാരി." അല്ല, ഇവയുടെ ഒക്കെ ഉത്തരവാദി ദൈവം അല്ല.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. യാക്കോബ് 1:13 വായിക്കുക. തിന്മയാൽ ആളുകൾ പരീക്ഷിക്കപ്പെടുവാൻ ദൈവം കാരണമാക്കുമോ?

   **യാക്കോബ് 1:13** – *പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നും ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു. താൻ ആരെയും പരീക്ഷിക്കുന്നതുമില്ല.*

2. യാക്കോബ് 1:17 വായിക്കുക. നല്ല ദാനങ്ങൾ എവിടെ നിന്നും വരുന്നു?

   **യാക്കോബ് 1:17** – *എല്ലാ നല്ല ദാനവും തികഞ്ഞവരം ഒക്കെയും ഉയരത്തിൽ നിന്നും വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്ന് ഇറങ്ങിവരുന്നു. അവനു വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല.*

3. യോഹന്നാൻ 10:10 വായിക്കുക. ആരാണ് കള്ളൻ?

   **യോഹന്നാൻ 10:10** – *മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്.*

4. യോഹന്നാൻ 10:10 വായിക്കുക. എന്താണ് അവന്റെ ഉദ്ദേശങ്ങൾ?

5. യോഹന്നാൻ 10:10 വായിക്കുക. യേശു വന്നത് എന്തിനാണ്?

6. യാക്കോബ് 4:7 വായിക്കുക. ദൈവത്തിനു കീഴടങ്ങുകയും പിശാചിനോട് എതിർത്തു നിൽക്കുകയും ചെയ്യുന്നതിന്റെ ഫലം എന്താണ്?

   **യാക്കോബ് 4:7** – *ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്ത് നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.*

7. റോമർ 8:28 വായിക്കുക. എല്ലാം ദൈവത്തിൽ നിന്ന് ആകുന്നു എന്ന് റോമ. 8:28 പറയുന്നുവോ?

**റോമർ 8:28** – *എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെടുന്നവർക്കു തന്നേ, സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.*

8. അപ്പൊ.പ്രവർത്തികൾ 10:38 വായിക്കുക. രോഗം ദൈവത്തിൽ നിന്നാകുന്നുവോ?

**അപ്പൊ. പ്രവർത്തികൾ 10:38** – *നസറയനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തും ദൈവം അവനോടുകൂടെ ഇരുന്നതുകൊ് അവൻ നന്മ ചെയ്ത് പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊു സഞ്ചരിച്ചതുമായ വിവരം തന്നേ നിങ്ങൾ അറിയുന്നുവല്ലോ.*

9. 1 യോഹന്നാൻ 3:8 വായിക്കുക. ദൈവപുത്രൻ വന്നതിന്റെ ഉദ്ദേശം എന്തായിരുന്നു?

**1 യോഹന്നാൻ 3:8** – *പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാചു ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി.*

# ഉത്തര സൂചിക

1. യാക്കോബ് 1:13 വായിക്കുക. തിന്മയാൽ ആളുകൾ പരീക്ഷിക്കപ്പെടുവാൻ ദൈവം കാരണമാക്കുമോ?

***ഇല്ല***

2. യാക്കോബ് 1:17 വായിക്കുക. നല്ല ദാനങ്ങൾ എവിടെ നിന്നും വരുന്നു?

***വെളിച്ചങ്ങളുടെ പിതാവിൽ നിന്നും***

3. യോഹന്നാൻ 10:10 വായിക്കുക. ആരാണ് കള്ളൻ?

***പിശാച്***

4. യോഹന്നാൻ 10:10 വായിക്കുക. എന്താണ് അവന്റെ ഉദ്ദേശങ്ങൾ?

***മോഷ്ടിക്കുക, കൊല്ലുക, നശിപ്പിക്കുക***

5. യോഹന്നാൻ 10:10 വായിക്കുക. യേശു വന്നത് എന്തിനാണ്?

***സമൃദ്ധമായ ജീവൻ നമുക്കു തരുവാൻ***

6. യാക്കോബ് 4:4 വായിക്കുക. ദൈവത്തിനു കീഴടങ്ങുകയും പിശാചിനോട് എതിർത്തു നിൽക്കുകയും ചെയ്യുന്നതിന്റെ ഫലം എന്താണ്?

***അവൻ നമ്മെ വിട്ട് ഓടി പോകും***

7. റോമർ 8:28 വായിക്കുക. എല്ലാം ദൈവത്തിൽ നിന്ന് ആകുന്നു എന്ന് റോമ. 8:28 പറയുന്നുവോ?

***ഇല്ല***

8. അപ്പൊ. പ്രവർത്തികൾ 10:38 അപ്പൊ.പ്രവർത്തികൾ 10:38 വായിക്കുക. രോഗം ദൈവത്തിൽ നിന്നാകുന്നുവോ?

***അല്ല***

9. യോഹന്നാൻ 3:8 വായിക്കുക. ദൈവപുത്രൻ വന്നതിന്റെ ഉദ്ദേശം എന്തായിരുന്നു?

***പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ***

### പാഠം 14

# ആത്മനിറവുള്ള ഒരു ജീവിതത്തിന്റെ ശക്തി

## *ഡോൺ ക്രോ*

മർക്കൊസ് 16:15–16 മഹാനിയോഗം എന്നാണ് അറിയപ്പെടുന്നത്. യേശു തന്റെ ശിഷ്യന്മാരോട്, *"നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും."* അപ്പൊ: പ്രവർത്തികൾ 8–ാം അദ്ധ്യായത്തിന്റെ വാക്യങ്ങൾ 5 ലും 12 ലും, ഈ നിയോഗം ശമര്യയിൽ ഫിലിപ്പോസ് വചനം പ്രസംഗിക്കുന്നതിലൂടെ എങ്ങിനെ നിർവ്വഹിക്കപ്പെട്ടിരിക്കുന്നു എന്നു കാണുന്നു. *"ഫിലിപ്പൊസ് ശമര്യപ്പട്ടണത്തിൽ ചെന്നു അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു... എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ളസുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു".*

ചോദ്യം എന്തെന്നാൽ, ശമര്യയിലുള്ള ഈ ജനം മർക്കോസ് 16:15–16 ൽ പറയുന്ന പ്രകാരം ക്രിസ്ത്യാനികൾ ആയോ എന്നുള്ളതാണ്. അതേ, അവർ ക്രിസ്ത്യാനികൾ ആയി. ഫിലിപ്പോസ് ശമര്യ പട്ടണത്തിൽ പോയി, യേശുക്രിസ്തുവിനെ പ്രസംഗിച്ചു, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു. മുമ്പറഞ്ഞ മഹാനിയോഗ പ്രകാരം അവർ രക്ഷിക്കപ്പെട്ടു എന്നു നമുക്കു പറയാം. പക്ഷെ അവർ പരിശുദ്ധാത്മാവിൽ ഉള്ള സ്നാനം പ്രാപിച്ചുവോ?

യോഹന്നാൻ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നതായി വേദപുസ്തകം പറയുന്നു, എന്നാൽ യേശുക്രിസ്തുവിനു മാത്രമെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കാൻ കഴിയൂ. തിരുവെഴുത്തുപ്രകാരം, ജനം വിശ്വസിച്ചു,

രക്ഷിക്കപ്പെട്ടു, ജലത്തിൽ സ്നാനപ്പെട്ടു, പക്ഷെ അവർക്ക് പരിശുദ്ധാത്മാവിന്റെ സ്നാനം ലഭിച്ചിരുന്നില്ല. അപ്പൊ. പ്രവർത്തികൾ 8:14–17 പറയുന്നു, *"അനന്തരം യെരുശലേമിലുള്ള അപ്പസ്തോലന്മാർ, ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്നു കേട്ടു പത്രൊസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്നു, അവർക്ക് പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിനു അവർക്കായി പ്രാർത്ഥിച്ചു. (അന്നുവരെ അവരിൽ ആരുടെ മേലും പരിശുദ്ധാത്മാവു വന്നിരുന്നില്ല, അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്നതേയുള്ളു). അവർ അവരുടെ മേൽ കൈവെച്ചപ്പോൾ അവർക്കു പരിശുദ്ധാത്മാവു ലഭിച്ചു".*

ഒരു വ്യക്തി വിശ്വസിക്കയും, സ്നാനപ്പെടുകയും, രക്ഷിക്കപ്പെടുകയും ചെയ്തുകൊണ്ട് അവർക്ക് പരിശുദ്ധാത്മാവിന്റെ സ്നാനം ലഭിച്ചു എന്ന് അർത്ഥം ആകുന്നില്ല എന്ന് തിരുവെഴുത്തിൽ നമുക്കു കാണാം. പരിശുദ്ധാത്മാവ് അവരുടെ ജീവിതത്തിലേക്ക് വന്നു – യോഹന്നാൻ 20:22–ൽ കാണുന്നു, പരിശുദ്ധാത്മാവ് ശിഷ്യന്മാരെ പുനരുജ്ജീവിപ്പിച്ചതായി – എന്നാൽ പെന്തക്കോസ്തുനാളിലാണ് അവർ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെട്ടതും ദൈവത്താൽ ശക്തരാക്കപ്പെട്ടതും. രക്ഷിക്കപ്പെടുമ്പോഴുള്ള പരിശുദ്ധാത്മാവിന്റെ പുനരുജ്ജീവിപ്പിക്കലും, വ്യക്തികളുടെ മേൽ അവൻ വരുമ്പോൾ നടക്കുന്ന പരിശുദ്ധാത്മാവിന്റെ സ്നാനവും തമ്മിൽ ഒരു വ്യത്യാസമുണ്ട്. വ്യക്തികളുടെമേൽ വന്ന് അവരെ ശക്തരാക്കുന്ന, പരിശുദ്ധാത്മാവിലുള്ള ഒരു നിമജ്ജനമുണ്ട്. ഒരു വ്യക്തി രക്ഷിക്കപ്പെട്ടതാണെങ്കിലും, ആ വ്യക്തിക്ക് പരിശുദ്ധാത്മാവിന്റെ സ്നാനം ലഭിച്ചു എന്ന് അർത്ഥമാകുന്നില്ല.

അപ്പൊ: പ്രവർത്തികൾ 19:1–2 പറയുന്നു, *"അപ്പൊല്ലോസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൗലോസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു എഫെസോസിൽ എത്തി; ചില ശിഷ്യന്മാരെ കണ്ടു, നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നു അവരോടു ചോദിച്ചതിന്നു: പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്നു അവർ പറഞ്ഞു."* പൗലോസ് ചോദിച്ചു, "വിശ്വസിച്ചിട്ട് നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" അവർ പറഞ്ഞു, "പരിശുദ്ധാത്മാവിനെ കുറിച്ച് ഞങ്ങൾക്ക് ഒന്നും അറിഞ്ഞു കൂടാ". പൗലോസ് പറഞ്ഞു, "വിശ്വസിച്ചപ്പോൾ നിങ്ങൾ പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനം പ്രാപിച്ചില്ലാ എങ്കിൽ, എന്തു കൊണ്ടുള്ള സ്നാനമായിരുന്നു നിങ്ങളുടേത്?" അവർ പറഞ്ഞു, "യോഹന്നാന്റെ സ്നാനമാണ് ഞങ്ങൾ സ്വീകരിച്ചത്." ഞാൻ

വിശ്വസിക്കുന്നത്, പൗലോസ് യേശു രക്ഷകനായിരിക്കുന്നതിനേക്കുറിച്ച് കൂടുതൽ പൂർണ്ണമായി അവരോട് വിശദീകരിച്ചു എന്നും, ആ വിശ്വാസികൾ ജലസ്നാനത്തിലൂടെ യേശുവിനോട് ചേരുകയും ചെയ്തു എന്നുമാണ്. 6–7 വാക്യങ്ങളിൽ പറയുന്നു, *"പൗലോസ് അവരുടെ മേൽ കൈവെച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു. ആ പുരുഷന്മാർ എല്ലാം കൂടി പന്ത്രണ്ടോളം ആയിരുന്നു".*

വരുവാനുള്ള മശീഹായിൽ വിശ്വസിച്ചിരുന്ന ശിഷ്യന്മാർ ആയിരുന്നെങ്കിലും, അവർ പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനം പ്രാപിച്ചിരുന്നില്ല. പരിശുദ്ധാത്മാവിലുള്ള സ്നാനം പ്രാപിച്ചില്ലെങ്കിലും, ഒരു വ്യക്തിക്ക് വീണ്ടു ജനനം പ്രാപിക്കാനും ജലത്തിൽ സ്നാനപ്പെടാനും കഴിയും. പരിശുദ്ധാത്മ സ്നാനം മാനസാന്തരത്തിൽ നിന്നും വേറിട്ട വ്യക്തമായ ഒരു അനുഭവമാണ്.

എനിക്ക് ഒരു വ്യക്തിയെ ജലത്തിൽ സ്നാനപ്പെടുത്താൻ കഴിയുമെങ്കിലും, പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുവാൻ കഴിയില്ല; യേശുവിനു മാത്രമേ അതിനു കഴിയൂ. പരിശുദ്ധാത്മാവിൽ നിങ്ങളെ സ്നാനപ്പെടുത്താൻ, നിങ്ങൾ ഇതുവരെയും യേശുവിനോട് അപേക്ഷിച്ചിട്ടില്ല എങ്കിൽ, ഇപ്പോൾ എന്തുകൊണ്ട് ചോദിച്ചു കൂടാ? ലൂക്കോസ് 11:13 പറയുന്നു, *"അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും."* നിങ്ങൾക്ക് ഇന്നു ദൈവത്തോട് ചോദിച്ചു കൂടേ?

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മർക്കോസ് 16:16 വായിക്കുക. എന്നിട്ട് അപ്പൊ. പ്രവൃത്തികൾ 8:5–ഉം 12–ഉം വായിക്കുക. അപ്പൊ പ്രവൃത്തികൾ 8:12ൽ പറഞ്ഞിരിക്കുന്ന ആൾക്കാർ ക്രിസ്ത്യാനികൾ ആയോ ?

**മർക്കൊസ് 16:6** – *വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.*

**അപ്പൊ. പ്രവൃത്തികൾ 8:5** – *ഫിലിപ്പോസ് ശമര്യ പട്ടണത്തിൽ ഇരുന്നു അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു.*

**അപ്പൊ. പ്രവൃത്തികൾ 8:12** – *എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയുന്ന ഫിലിപ്പോസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു.*

2. അപ്പൊ. പ്രവൃത്തികൾ 8:14–16 വായിക്കുക. ഈ ആൾക്കാർക്ക് പരിശുദ്ധാത്മാവിൽ ഉള്ള സ്നാനം ലഭിച്ചിരുന്നുവോ?

**അപ്പൊ. പ്രവൃത്തികൾ 8:14–16** – *അനന്തരം യെരുശലേമിലുള്ള അപ്പൊസ്തലന്മാർ, ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്ന് കേട്ടു. പത്രോസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്നു, അവർക്ക് പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിനു അവർക്കായി പ്രാർത്ഥിച്ചു. അന്നുവരെ അവരിൽ ആരുടെ മേലും ആത്മാവു വന്നിരുന്നില്ല. അവർ കർത്താവായ യേശുവിന്റെ പേരിൽ സ്നാനം ഏറ്റിരുന്നതേയുള്ളു.*

3. അപ്പൊ. പ്രവൃത്തികൾ 19:1–5 വായിക്കുക. ഈ ആൾക്കാർ വിശ്വാസികൾ ആയിരുന്നുവോ?

**അപ്പൊ. പ്രവൃത്തികൾ 19:1–5** – *അപ്പൊല്ലൊസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൗലോസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു. എഫെസോസിൽ എത്തി ചില ശിഷ്യന്മാരെ കണ്ടു. (2) നിങ്ങൾ വിശ്വ*

*സിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന് അവരോട് ചോദിച്ചതിന് പരിശുദ്ധാത്മാവ് ഉൺടെന്നു പോലും ഞങ്ങൾ കേട്ടിട്ടില്ല എന്നു അവർ പറഞ്ഞു. (3) എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം എന്ന് അവൻ അവരോടു ചോദിച്ചതിന്നു യോഹന്നാന്റെ സ്നാനം എന്നു അവർ പറഞ്ഞു. (4). അതിനു പൗലോസ്: യോഹന്നാൻ മാനസാന്തര സ്നാനമത്രേ കഴിപ്പിച്ചു തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കണം എന്നു ജനത്തോടു പറഞ്ഞു എന്ന് പറഞ്ഞു. (5). ഇതു കേട്ടാറെ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു.*

4. അപ്പൊ. പ്രവൃത്തികൾ 19:6–7 വായിക്കുക. അവർക്ക് പരിശുദ്ധാത്മാവിന്റെ സ്നാനം ലഭിച്ചിരുന്നുവോ?

**അപ്പൊ പ്രവൃത്തികൾ 19:6–7** – *പൗലോസ് അവരുടെ മേൽ കൈ വച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു. ആ പുരുഷന്മാർ എല്ലാംകൂടി പന്ത്രണ്ടോളം ആയിരുന്നു.*

5. ലൂക്കോസ് 11:13 വായിക്കുക. പരിശുദ്ധാത്മാവിനെ ലഭിക്കുവാൻ നാം എന്തുചെയ്യണമെന്നാണ് ലൂക്കോസ് 11:13 പറയുന്നത്?

**ലൂക്കോസ് 11:13** – *അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കും നല്ല ദാനങ്ങളെ കൊടുക്കാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും?*

6. 1 കൊരിന്ത്യർ 14: 2 വായിക്കുക. ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കുമ്പോൾ അയാൾ എന്താണ് ചെയ്യുന്നത്?

**1 കൊരിന്ത്യർ 14:2** – *അന്യഭാഷയിൽ സംസാരിക്കുന്നവർ മനുഷ്യരോടല്ല ദൈവത്തോടത്രെ സംസാരിക്കുന്നത്. ആരും തിരിച്ചറിയുന്നില്ലല്ലോ. എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു.*

7. 1 കൊരിന്ത്യർ 14:14 – വായിക്കുക. ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കുമ്പോൾ അയാൾ എന്താണ് ചെയ്യുന്നത്?

**1 കൊരിന്ത്യർ 14:14** – *ഞാൻ അന്യഭാഷയയിൽ പ്രാർഥിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു. എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു*

8. 1 കൊരിന്ത്യർ 14:16–17 വായിക്കുക. ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കുമ്പോൾ എന്താണ് ചെയ്യുന്നത്?

**1 കൊരിന്ത്യർ 14:16–17** – *അല്ല, നീ ആത്മാവ് കൊൺടു സ്തോത്രം ചൊല്ലിയാൽ ആത്മവരമില്ലാത്തവൻ നീ പറയുന്നത് തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിന് എങ്ങനെ ആമേൻ പറയും? നീ നന്നായി സ്തോത്രം ചൊല്ലുന്നു സത്യം; മറ്റവനു ആത്മിക വർദ്ധന വരുന്നില്ല താനും.*

9. അപ്പൊ. പ്രവൃത്തികൾ 2:4 വായിക്കുക. ആരെങ്കിലും ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കുമ്പോൾ, പരിശുദ്ധാത്മാവ് സംസാരിക്കുന്നുവോ അതോ ആ വ്യക്തി സംസാരിക്കുന്നുവോ?

**അപ്പൊ. പ്രവൃത്തികൾ 2:4** – *എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.*

10. അപ്പൊ. പ്രവൃത്തികൾ 2:4 വായിക്കുക. ആരാണ് ആ വ്യക്തിക്ക് ഉച്ചാരണം കൊടുക്കുന്നത്?

# ഉത്തര സൂചിക

1. മർക്കോസ് 16:16 വായിക്കുക. എന്നിട്ട് അപ്പൊ. പ്രവൃത്തികൾ 8:5–ഉം 12–ഉം വായിക്കുക. അപ്പൊ പ്രവൃത്തികൾ 8:12ൽ പറഞ്ഞിരിക്കുന്ന ആൾക്കാർ ക്രിസ്ത്യാനികൾ ആയോ ?

   ***ആയി***

2. അപ്പൊ. പ്രവൃത്തികൾ 8:14–16 വായിക്കുക. ഈ ആൾക്കാർക്ക് പരിശുദ്ധാത്മാവിൽ ഉള്ള സ്നാനം ലഭിച്ചിരുന്നുവോ?

   ***ഇല്ല***

3. അപ്പൊ. പ്രവൃത്തികൾ 19:1–5 വായിക്കുക. ഈ ആൾക്കാർ വിശ്വാസികൾ ആയിരുന്നുവോ?

   ***ആയിരുന്നു***

4. അപ്പൊ. പ്രവൃത്തികൾ 19:6–7 വായിക്കുക. അവർക്ക് പരിശുദ്ധാത്മാവിന്റെ സ്നാനം ലഭിച്ചിരുന്നുവോ?

   ***ഇല്ല***

   കുറിപ്പ്: – രക്ഷയിൽ നിന്നും വ്യത്യസ്ഥമാണ് ഈ അനുഭവം എന്ന് ഇത് കാണിക്കുന്നു.

5. ലൂക്കോസ് 11:13 വായിക്കുക. പരിശുദ്ധാത്മാവിനെ ലഭിക്കുവാൻ നാം എന്തുചെയ്യണമെന്നാണ് ലൂക്കോസ് 11:13 പറയുന്നത്?

   ***ചോദിക്കുക.***

6. 1 കൊരിന്ത്യർ 14: 2 വായിക്കുക. ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കുമ്പോൾ അയാൾ എന്താണ് ചെയ്യുന്നത്?

   ***ദൈവത്തോട് സംസാരിക്കുന്നു. ദൈവീക മർമ്മങ്ങൾ സംസാരിക്കുന്നു***

7. 1 കൊരിന്ത്യർ 14:14 – വായിക്കുക. ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കുമ്പോൾ അയാൾ എന്താണ് ചെയ്യുന്നത്?

***അയാളുടെ ആത്മാവ് ദൈവത്തോടു പ്രാർത്ഥിക്കുന്നു.***

8. 1 കൊരിന്ത്യർ 14:16–17 വായിക്കുക. ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കുമ്പോൾ എന്താണ് ചെയ്യുന്നത്?

***ആത്മാവിൽ ദൈവത്തെ വാഴ്ത്തുകയും നന്ദി പറയുകയും (ദൈവത്തെ സ്തുതിക്കുന്നു.)***

9. അപ്പൊ. പ്രവൃത്തികൾ 2:4 വായിക്കുക. ആരെങ്കിലും ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കുമ്പോൾ, പരിശുദ്ധാത്മാവ് സംസാരിക്കുന്നുവോ അതോ ആ വ്യക്തി സംസാരിക്കുന്നുവോ?

***ആ വ്യക്തി സംസാരിക്കുന്നു***

10. അപ്പൊ. പ്രവർത്തികൾ 2:4 വായിക്കുക. ആരാണ് ആ വ്യക്തിക്ക് ഉച്ചാരണം കൊടുക്കുന്നത്?

***പരിശുദ്ധാത്മാവ്***

പാഠം 15

# പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതെങ്ങനെ?

## *ഡോൺ ക്രോ*

പരിശുദ്ധാത്മാവിനെ എങ്ങിനെ സ്വീകരിക്കാം എന്നാണ് ഇന്ന് നാം പറയാൻ പോകുന്നത്. അപ്പൊ. പ്രവൃത്തികൾ 10:1 പറയുന്നു, "*കൈസര്യയിൽ ഇത്താലിക എന്ന പട്ടാളത്തിൽ കൊർന്നേല്യൊസ് എന്നു പേരുള്ളോരു ശതാധിപൻ ഉണ്ടായിരുന്നു.*" ഇത് ഒരു പട്ടാള പദവിയോ ഒരു പക്ഷെ പടവകുപ്പിന്റെ നായകത്വമോ ആയിരിക്കാം. 2-ാം വാക്യം തുടരുന്നു, "*അവൻ ഭക്തനും തന്റെ സകലഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെട്ടവനുമായി ജനത്തിനു വളരെ ധർമ്മംകൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു.*" അവൻ നീതിമാനും, നല്ലകാര്യങ്ങൾ ചെയ്യുന്നവനും, ദൈവത്തെ ഭയപ്പെടുന്നവനും, ആവശ്യമുള്ളവർക്ക് ധാരാളം ധനസഹായം ചെയ്യുന്നവനും ആയിരുന്നതോടൊപ്പം തന്നെ, അവൻ എപ്പോഴും ദൈവത്തോട് പ്രാർത്ഥിയ്ക്കയും ചെയ്തിരുന്നു എന്ന് വേദപുസ്തകം പറയുന്നു. എന്നാൽ നാം കണാൻ പോകുന്നത്, അവൻ എല്ലാക്കാര്യങ്ങളും ശരിയായി ചെയ്തിരുന്നിട്ടും, ദൈവത്തെ ഭയപ്പെടുന്നവൻ ആയിരുന്നിട്ടും, ഒരു പ്രാർത്ഥനാ ജീവിതം ഉണ്ടായിരുന്നിട്ടും, അവന് യേശുക്രിസ്തുവിൽ കൂടിയുള്ള ഒരു വ്യക്തിപരമായ ബന്ധം ദൈവത്തോട് ഇല്ലായിരുന്നു എന്ന അതിശയിപ്പിക്കുന്ന കാര്യമാണ്.

3-6 വരെയുള്ള വാക്യങ്ങൾ പറയുന്നു, "*അവൻ പകൽ ഏകദേശം ഒമ്പതാം മണി നേരത്തു* (ഉച്ച കഴിഞ്ഞ് ഏതാണ്ടു മൂന്നു മണിക്ക്) *ഒരു ദർശനത്തിൽ ഒരു ദൈവദൂതൻ തന്റെ അടുക്കൽ അകത്തു വരുന്നതു സ്പഷ്ടമായി കണ്ടു. കൊർന്നേല്യോസേ, എന്നു തന്നോടു പറയുന്നത് കേട്ടു. അവൻ അവനെ ഉറ്റുനോക്കി ഭയപരവശനായി എന്താകുന്നു കർത്താവേ എന്നു ചോദിച്ചു. അവൻ അവനോടു: നിന്റെ പ്രാർത്ഥനയും ധർമ്മവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നു. ഇപ്പോൾ യോപ്പയിലേക്ക്*

*ആളയച്ചു, പത്രോസ് എന്നു മറ്റുപേരുള്ള ശിമോനെ വരുത്തുക. അവൻ തോൽകൊല്ലനായ ശിമോൻ എന്നൊരുവനോടു കൂടെ പാർക്കുന്നു. അവന്റെ വീടു കടപ്പുറത്തു ആകുന്നു. നീ എന്താണ് ചെയ്യേണ്ടത് എന്ന് അവൻ നിന്നോടു പറയും" എന്നു പറഞ്ഞു.*

ഇയാൾ ദൈവഭയം ഉള്ളവനും, നല്ല കാര്യങ്ങൾ ചെയ്യുന്നതിൻ പ്രകാരം നീതിമാനും, ദൈവമുമ്പാകെ ഒരു പ്രാർത്ഥനാ ജീവിതം ഉള്ളവനും ആയിരുന്നെങ്കിലും, അവൻ എന്തു ചെയ്യേണം എന്ന് അറിയിക്കുവാൻ ശിമോൻ പത്രോസിനെ വരുത്തുവാൻ അവന് ഒരു ദൂതൻ മുഖാന്തരം അരുളപ്പാടുായി. അപ്പൊ: പ്രവൃത്തി 10:43–ൽ, പത്രോസ് കൊർന്നല്യോസിനോട് എന്തു പറയണം എന്നുള്ള കൃത്യമായ നിർദ്ദേശം നമുക്കു കാണാം. "*അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം* (യേശുക്രിസ്തുവിന്റെ നാമത്തിൽ കൂടി) *പാപമോചനം ലഭിക്കും എന്ന് സകല പ്രവാചക ന്മാരും സാക്ഷ്യം പറയുന്നു."* (ബ്രാക്കറ്റ് എന്റേത്). ഇത് വിസ്മയാവഹം അല്ലേ? അവൻ ചെയ്തിരുന്ന എല്ലാ കാര്യങ്ങളും അവന് അഭിമാനയോഗ്യ മായിരുന്നു എങ്കിലും, അവന് യേശുവിൽക്കൂടി ദൈവവുമായി ഒരു വ്യക്തി പരമായ ബന്ധം ഇല്ലായിരുന്നു. ദൈവം പറഞ്ഞു, "നീ ചെയ്യുന്ന കാര്യങ്ങൾ ഒക്കെ വലുതും, അത്ഭുതകരവും, എന്റെ മുമ്പാകെ ഓർമ്മപ്പെടുത്തുന്നതും ആകുന്നു, എങ്കിലും ഞാൻ എന്താണ് ചെയ്യാൻ പോകുന്നതെന്നു ഞാൻ നിന്നോടു പറയുന്നു. നീ എന്തു ചെയ്യണം എന്ന് നിന്നോട് പറയുവാനായി പത്രോസ് എന്നു പേരുള്ള ഒരു വ്യക്തിയെ ആളയച്ചു വരുത്തുവാൻ നിന്നോടു പറയുവാനായി ഞാൻ ഒരു ദൂതനെ നിന്റെയടുത്ത് അയച്ചു." അപ്പൊ പ്രവർത്തി 10:43ൽ, പത്രോസ് കൊർന്നല്യോസിന്റെ ഭവനത്തിൽ ചെന്നപ്പോൾ പറഞ്ഞു, "*അവനിൽ വിശ്വസിക്കുന്ന* (കർത്താവായ യേശു ക്രിസ്തുവിൽ) *ഏവനും പാപമോചനം ലഭിക്കും"* (ബ്രാക്കറ്റ് എന്റേത്).

എന്താണ് ഇവിടെ സംഭവിച്ചതെന്നു കാണുക. "*ഈ വാക്കുകളെ പത്രോസ് പ്രസ്താവിക്കുമ്പോൾ തന്നേ വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവ് വന്നു.* (അപ്പൊ പ്രവൃത്തി 10:44) ക്രിസ്തുവി ലുള്ള വിശ്വാസത്തെക്കുറിച്ചു കൊർന്നല്യോസ് കേൾക്കുകയും അവന്റെ പാപമോചനത്തിനായി ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുകയും ചെയ്തു. അതു ചെയ്ത ഉടനെ തന്നെ പരിശുദ്ധാത്മാവ് അവന്റെ മേലും ആ ഭവനത്തിൽ ഉണ്ടായിരുന്ന എല്ലാവരുടെ മേലും വന്നു. 45–ാം വാക്യ ത്തിൽ പറയുന്നു, "*അവർ അന്യഭാഷയിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ പത്രോസിനോടു കൂടെ വന്ന പരിച്ഛേ*

*ദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവു എന്ന ദാനം ജാതികളുടെ മേലും പകർന്നതു കണ്ട് വിസ്മയിച്ചു."* അത് അവർക്ക് എങ്ങിനെ മനസ്സിലായി? *"അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ"* (വാക്യം 46).

പുതിയ നിയമത്തിൽ, പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെമേൽ വരുന്ന ഓരോ പ്രാവശ്യവും, ആ വ്യക്തി പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടതിന്റെ തെളിവായി, പരിശുദ്ധാത്മാവിന്റെ ഒരു കൃപാവരം പ്രകടമാകുകയും ചെയ്യുന്നു. പുതിയ നിയമത്തിൽ, അവർ സാധാരണയായി അന്യഭാഷയിൽ സംസാരിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്നു.

ഒരു സന്ധ്യാസമയം Texas-ലെ Dallas-ൽ ഒരു തുറസ്സായ സ്ഥലത്ത് ഞാൻ മുട്ടുമേൽ നിന്ന് പറഞ്ഞു "ദൈവമേ, ആൾക്കാർ പറയുന്നതായ അന്യഭാഷയെ കുറിച്ചോ, പരിശുദ്ധാത്മാവിലുള്ള സ്നാനത്തെക്കുറിച്ചോ, എനിക്ക് അറിയില്ല. എന്നാൽ എന്റെ മാനുഷിക ഭാഷയായ ആംഗ്ലേയ ഭാഷയ്ക്ക് ഉപരിയായി, നിന്നെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും ഏതെങ്കിലും വഴിയുണ്ടെങ്കിൽ, അത് എനിക്ക് വേണം." ഞാൻ ദൈവത്തെ ആരാധിക്കാൻ തുടങ്ങിയതോടുകൂടി പരിശുദ്ധാത്മാവ് എനിക്ക് അതുവരെയും അറിയാത്ത, പഠിക്കാത്ത ഒരു ഭാഷ, ഒരു ഉച്ചാരണം തന്നു. അപ്പൊ: പ്രവൃത്തി 2:4ൽ പറയുന്നു, *"എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി".* ആരാണ് സംസാരിച്ചത്? അവർ സംസാരിച്ചു. ഉച്ചാരണം ആരാണ് നൽകിയത്? പരിശുദ്ധാത്മാവ്.

ലൂക്കോസ് 11:13ൽ പറയുന്നു, *"അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും?"* നിങ്ങൾ ഇപ്പോൾ ചെയ്യേണ്ടത് ഇത്രമാത്രം, ചോദിക്കുക, ലഭിക്കുമെന്ന് വിശ്വസിക്കുക, ദൈവത്തിനു വഴങ്ങുക, ദൈവത്തെ ആരാധിക്കാൻ തുടങ്ങുക. അവനെ ആരാധിക്കുവാനും, പുകഴ്ത്തുവാനുമായി, നിങ്ങൾ പഠിച്ചിട്ടില്ലാത്ത ഒരു ഉച്ചാരണം ദൈവം നിങ്ങൾക്കു തരും.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. രക്ഷയെ പരാമർശിക്കുവാൻ വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന ചില പദങ്ങൾ വിശദീകരിക്കുക.

**യോഹന്നാൻ 3:3** – *യേശു അവനോടു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു, പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു.*

**അപ്പൊ. പ്രവൃത്തികൾ 3:19** – *ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ; എന്നാൽ കർത്താവിന്റെ സമ്മുഖത്തു നിന്നു ആശ്വാസകാലങ്ങൾ വരികയും...*

**മർക്കൊസ് 16:16** – *വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.*

**കൊലസ്സ്യർ 2:13** – *അതിക്രമങ്ങളിലും, നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടുകൂടെ ജീവിപ്പിച്ചു.*

**റോമർ 8:9** – *നിങ്ങളോ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നുവരികിൽ, ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രേ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവന്നുള്ളവനല്ല.*

**മത്തായി 25:46** – *ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും.*

2. അപ്പൊ. പ്രവൃത്തികൾ 11 :15 വായിക്കുക – ഈ വാക്യം പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനത്തിന്റെ അനുഭവത്തെ എങ്ങിനെ വിവരിക്കുന്നു?

**അപ്പൊ. പ്രവർത്തികൾ 11:15** – *ഞാൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കു പരിശുദ്ധാത്മാവ് ആദിയിൽ നമ്മുടെ മേൽ എന്ന പോലെ അവരുടെ മേലും വന്നു.*

3. യേശുവിന്റെ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു (യോഹന്നാൻ 20:22), എന്നിട്ട് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ അവർക്ക് ശരിക്കും പരിശുദ്ധാത്മ സ്നാനം ലഭിച്ചു (അപ്പൊ: പ്രവർത്തികൾ 2:1–4). ഈ ഭാഗങ്ങൾ നോക്കി വസ്തുക്കൾ താരതമ്യപ്പെടുത്തുക. (യോഹന്നാൻ 20:22–ഉം അപ്പൊ: പ്രവർത്തികൾ 2:1–4).

**യോഹന്നാൻ 20:22** – *ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെ മേൽ ഊതി അവരോടും പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ.*

**അപ്പൊ. പ്രവൃത്തികൾ 2:1–4** – *പെന്തക്കെക്കോസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്ന് കൊട്ടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉൺടായി. അവർ ഇരുന്നിരുന്ന വീട് മുഴുവൻ നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി, ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.*

4. അപ്പൊ. പ്രവൃത്തികൾ 1:8 വായിക്കുക. – പരിശുദ്ധാത്മ സ്നാനത്തിന്റെ ഉദ്ദേശ്യം എന്താണ്?

**അപ്പൊ. പ്രവൃത്തികൾ 1:8** – *എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു.*

5. അപ്പൊ. പ്രവൃത്തികൾ 2:38–39 – ഉം 1 കൊരിന്ത്യർ – 1:7 ഉം വായിക്കുക. പരിശുദ്ധാത്മസ്നാനം ഇന്നു നമുക്കും ലഭിക്കുമോ?

**അപ്പൊ. പ്രവൃത്തികൾ 2:38–39** – *പത്രോസ് അവരോടു നിങ്ങൾ മാനസാന്തരപ്പെട്ടു. നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ എല്ലാവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു.*

**1 കൊരിന്ത്യർ 1:7** – *ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നു*

6. ലൂക്കോസ് 11:3 – വായിക്കുക. നിങ്ങൾക്ക് പരിശുദ്ധാത്മ സ്നാനം ലഭിച്ചിട്ടില്ല എങ്കിൽ, ഇപ്പോൾ നിങ്ങൾ എന്തു ചെയ്യണം?

**ലൂക്കൊസ് 11:13** – *അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും?*

7. അപ്പൊ. പ്രവൃത്തികൾ 2:4 വായിക്കുക. – ദൈവം തരുന്ന പ്രാർത്ഥനാ ഭാഷയിൽ നിങ്ങൾ ചോദിക്കയും സ്വീകരിക്കയും സംസാരിക്കുകയും ദൈവത്തെ ആരാധിക്കയും ചെയ്യുമോ?

**അപ്പൊ. പ്രവൃത്തികൾ 2:4** – *എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.*

# ഉത്തര സൂചിക

1. രക്ഷയെ പരാമർശിക്കുവാൻ വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന ചില പദങ്ങൾ വിശദീകരിക്കുക.

   - ***വീണ്ടും ജനിക്കുക (യോഹന്നാൻ 3 :3)***
   - ***മാനസാന്തരം (അപ്പോ. പ്രവർത്തികൾ 3:19)***
   - ***വിശ്വസിക്കുകയും സ്നാനം ഏല്ക്കയും ചെയ്യുക (മർക്കോസ് 16:16)***
   - ***പാപങ്ങൾ ക്ഷമിച്ചു കിട്ടുക (കൊലോസ്യർ 2:13)***
   - ***ക്രിസ്തുവിന്റെ ആത്മാവിനെ ലഭിക്കുക (റോമർ 8:9)***
   - ***നിത്യജീവൻ ലഭിക്കുക (മത്തായി 25:46)***

2. അപ്പൊ പ്രവൃത്തികൾ 11 :15 വായിക്കുക – ഈ വാക്യം പരിശുദ്ധാത്മാവു കൊൺടുള്ള സ്നാനത്തിന്റെ അനുഭവത്തെ എങ്ങിനെ വിവരിക്കുന്നു?

   ***പരിശുദ്ധാത്മാവ് വ്യക്തികളുടെമേൽ വരിക.***

3. യേശുവിന്റെ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു (യോഹന്നാൻ 20:22), എന്നിട്ട് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ അവർക്ക് ശരിക്കും പരിശുദ്ധാത്മ സ്നാനം ലഭിച്ചു (അപ്പൊ: പ്രവർത്തികൾ 2:1–4). ഈ ഭാഗങ്ങൾ നോക്കി വസ്തുക്കൾ താരതമ്യപ്പെടുത്തുക. (യോഹന്നാൻ 20:22 –ഉം അപ്പൊ: പ്രവർത്തികൾ 2:1–4).

   ***യോഹന്നാൻ 20:22 – ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചു. അപ്പോ. പ്രവൃത്തികൾ 2:1–4 അതേ ശിഷ്യന്മാർ പിന്നീട് പരിശുദ്ധാത്മാവു കൊൺടു നിറയപ്പെട്ടു. (ആന്തരികമായും ബാഹ്യമായും ഉള്ള ഒരു നിമജ്ജനം)***

   ശ്രദ്ധിക്കുക. അപ്പോ. പ്രവൃത്തികൾ 1 : 8

4. അപ്പൊ. പ്രവൃത്തികൾ 1:8 വായിക്കുക. – പരിശുദ്ധാത്മ സ്നാനത്തിന്റെ ഉദ്ദേശ്യം എന്താണ്?

***ശുശ്രൂഷയ്ക്കായി / സാക്ഷികൾ ആകുവാൻ ഉള്ള ശക്തീകരണം***

5. അപ്പൊ. പ്രവൃത്തികൾ 2:38–39 – ഉം 1 കൊരിന്ത്യർ – 1:7 ഉം വായിക്കുക. പരിശുദ്ധാത്മസ്നാനം ഇന്നു നമുക്കും ലഭിക്കുമോ?

***ലഭിക്കും. പരിശുദ്ധാത്മാവിന്റെ വരങ്ങൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ സമാപിക്കും, അതു വരെ ഉണ്ടാകും.***

6. ലൂക്കോസ് 11:3 – വായിക്കുക. നിങ്ങൾക്ക് പരിശുദ്ധാത്മ സ്നാനം ലഭിച്ചിട്ടില്ല എങ്കിൽ, ഇപ്പോൾ നിങ്ങൾ എന്തു ചെയ്യണം?

***അതിനായി ചോദിക്കുക***

7. അപ്പൊ പ്രവൃത്തികൾ 2:4 വായിക്കുക. – ദൈവം തരുന്ന പ്രാർത്ഥനാ ഭാഷയിൽ നിങ്ങൾ ചോദിക്കയും സ്വീകരിക്കയും സംസാരിക്കുകയും ദൈവത്തെ ആരാധിക്കയും ചെയ്യുമോ?

***ചെയ്യും. ഞാൻ സംസാരിക്കും, പരിശുദ്ധാത്മാവ് ഉച്ചാരണം തരും (ഭാഷ തരും)***

പാഠം 16

# അന്യഭാഷയിൽ സംസാരിക്കുന്നതു കൊൺടുള്ള പ്രയോജനങ്ങൾ

## *ആൻഡ്രൂ വോമ്മക്ക്*

പരിശുദ്ധാത്മാഭിഷേകം ആദ്യമായി ആളുകളുടെ മേൽ വന്നപ്പോൾ അവിടെ കൂടി ഇരുന്നവരെല്ലാം അന്യഭാഷയിൽ സംസാരിച്ചു എന്നതാണ് അന്നു സംഭവിച്ച ഒരു കാര്യം. അപ്പൊ പ്രവർത്തികൾ 2:4 പറയുന്നു, പെന്തക്കോസ്തു നാളിൽ എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു. ആളുകൾ പരിശുദ്ധാത്മാവ് നിറഞ്ഞപ്പോൾ, ദൈവസാന്നിദ്ധ്യത്തിന്റെ ഒരു പ്രകടനം ഉൺടായതായി, പ്രവൃത്തികളുടെ പുസ്തകത്തിലുടനീളം സ്ഥിരമായി കാണുന്നു.

പരിശുദ്ധാത്മാവ് എന്നാൽ അന്യഭാഷയിൽ സംസാരിക്കുന്നതു കൂടാതെ വളരെ അധികം കാര്യങ്ങളുൺട്, എങ്കിലും അന്യഭാഷയിൽ സംസാരിക്കുക എന്നത് പ്രധാനപ്പെട്ട പ്രകടനങ്ങളിൽ ഒന്നാണ്. 1 കൊരിന്ത്യർ 14:13–14 പറയുന്നു, *"അതുകൊൺട് അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കട്ടെ. ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു. എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു".* നിങ്ങൾ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ, നിങ്ങളുടെ ആത്മാവ് പ്രാർത്ഥിക്കുന്നു. അന്യഭാഷയിൽ നിങ്ങൾ പ്രാർത്ഥിക്കുന്നു എങ്കിൽ, നിങ്ങളുടെ അറിവ് ഫലപ്രദമായിത്തീരാൻ നിങ്ങൾ വ്യാഖ്യാനത്തിനായി പ്രാർത്ഥിക്കുക.

ഞാൻ പരിശുദ്ധാത്മാവിന്റെ സ്നാനം സ്വീകരിക്കയും അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ, എന്റെ

ജീവിതം നാടകസദൃശമായ രീതിയിൽ മാറി എന്ന എന്റെ വ്യക്തിപരമായ സാക്ഷ്യം എനിക്കു തരാൻ കഴിയും. ഞാൻ വിശ്വസിക്കുന്നത് ഞാൻ വീൺടു ജനനം പ്രാപിച്ചപ്പോൾ, ക്രിസ്തു എന്റെ ജീവിതത്തിൽ വന്ന് എല്ലാം അവിടെ നിക്ഷേപിച്ചു. എന്നാൽ പരിശുദ്ധാത്മാവ് എന്റേമേൽ വന്നപ്പോൾ, എനിക്കും മറ്റുള്ളവർക്കും അതു പ്രകടമാകാൻ തുടങ്ങി. ഒന്നു രൺടു കാര്യങ്ങളും സംഭവിച്ചു. ഞാൻ അന്യഭാഷയിൽ സംസാരിച്ച ആദ്യവർഷത്തിൽ, അത് ഭ്രാന്താണെന്നും ഞാൻ എന്റെ സമയം നഷ്ടപ്പെടുത്തുകയാണെന്നും എന്റെ മനസ് എന്നോട് പറഞ്ഞു. അന്യഭാഷയിൽ പ്രാർത്ഥിക്കാൻ എനിക്കു വിശ്വാസം വേൺടിവന്നു, അതുകൊൺടാണ് യൂദാ 20 പറയുന്നത്, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നേ ആത്മീയ വർദ്ധന വരുത്തുക എന്ന്. അത് നിങ്ങളെ സ്വാഭാവികമായ ചിന്തയ്ക്കും യുക്തിയ്ക്കും അതീതമായി, വിശ്വാസത്തിന്റെ ഒരു അമാനുഷികമായ മണ്ഡലത്തിൽ നിങ്ങളെ എത്തിക്കുന്നു.

ഞാൻ അന്യഭാഷയിൽ പ്രാർത്ഥിച്ചപ്പോൾ അനുഭവപ്പെട്ട വേറൊരു കാര്യം, ഞാൻ വർഷങ്ങളോളം ഓർക്കാതിരുന്ന പലരും എന്റെ ഓർമ്മയിൽ വന്നു എന്നതാണ്. ഞാൻ അവർക്കുവേൺടി പ്രാർത്ഥിക്കാൻ തുടങ്ങുകയും ഒന്നു രൺടു ദിവസത്തിനുള്ളിൽ അവർ എന്നെ ബന്ധപ്പെടുകയും അതിശയകരമായ എന്തോ സംഭവിച്ചതായി അറിയാൻ ഇടയാവുകയും ചെയ്തു. ഇതു പലപ്രാവശ്യം സംഭവിച്ചു. ഒടുവിൽ ഇവയെല്ലാം കൂടി കണക്കിലെടുത്തപ്പോൾ എനിക്കു മനസ്സിലായി, ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ എന്റെ മാനസിക പ്രാപ്തിക്ക് അപ്പുറമുള്ള ജ്ഞാനം കൊൺടാണ് ഞാൻ പ്രാർത്ഥിക്കുന്നതെന്ന്. എല്ലാ കാര്യങ്ങളും അറിഞ്ഞിരുന്ന, ക്രിസ്തുവിന്റെ മനസ് ഉൺടായിരുന്ന എന്റെ ആത്മാവ്, എന്റെ ഭൗതിക ജ്ഞാനം കൊൺടു എനിക്ക് ഒരിക്കലും ചെയ്യാൻ കഴിയുമായിരുന്നില്ലാത്ത രീതിയിൽ, മറ്റുള്ളവർക്കു വേൺടി ഞാൻ പ്രാർത്ഥിക്കുകയായിരുന്നു.

ഒരു ദിവസം ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുകയായിരുന്നു. ഞാൻ പറഞ്ഞല്ലോ അന്യഭാഷയിൽ പ്രാർത്ഥിക്കുവാൻ വിശ്വാസം വേൺടിയിരുന്നു എന്ന്. *ഈ ജല്പനത്തിനു പകരം ഉപയോഗപ്രദമായി ഇംഗ്ലീഷിൽ പ്രാർത്ഥിക്കാമായിരുന്നു* ഇത്യാദി ചിന്തകളോട് ഞാൻ പൊരുതിക്കൊൺടിരുന്നു. ഈ ചിന്തകളെ നേരിട്ട്, അവയെ കീഴടക്കി, ഞാൻ പ്രാർത്ഥന തുടർന്നു. നാലു വർഷമായി ഞാൻ കാണാതിരുന്ന ഒരു വ്യക്തി എന്റെ കതകിൽ മുട്ടി. അയാൾ അകത്തുവന്ന്, ഒന്നും സംസാരിക്കാതെ ഇരുന്ന് കരയാനും, ഒരുപാട് പ്രശ്നങ്ങൾ ഉൺടായിരുന്നതിനാൽ,

ഹൃദയം തുറന്നു സംസാരിക്കുവാനും തുടങ്ങി. *ഞാൻ ഇംഗ്ലീഷിൽ പ്രാർത്ഥിക്കേൺടതായിരുന്നു എന്നു വിചാരിച്ചു കൊൺട്* ഞാനവിടെ ഇരുന്നു. എന്റെ അടുത്ത ചിന്ത, 4 വർഷമായി കാണാത്ത ഈ വ്യക്തിക്കുവേൺടി പ്രാർത്ഥിക്കണം എന്ന് എനിക്ക് എങ്ങിനെ അറിയാൻ കഴിഞ്ഞു? ഒടുവിൽ എനിക്ക് മനസിലായി, എന്റെ പ്രാർത്ഥനയിൽ കൂടി ദൈവം എന്നെ ഒരുക്കുകയായിരുന്നു. ഞാൻ എന്റെ ബുദ്ധി കൊൺടുള്ള പ്രാർത്ഥനയിൽ കൂടി കഴിയാത്തവണ്ണം ഞാൻ ആ വ്യക്തിക്കു വേൺടി മദ്ധ്യസ്ഥത ചെയ്യുകയായിരുന്നു. പെട്ടെന്ന്, എനിക്ക് ഒരു വെളിപാടു വരാൻ തുടങ്ങി, ഞാൻ ആ വ്യക്തിയോടു ഇപ്രകാരം പറഞ്ഞു "നിന്റെ പ്രശ്നം എന്താണെന്ന് എനിക്കു പറയാൻ സാധിക്കും." ഞാൻ അവനായി അവന്റെ കഥ മുഴുവനാക്കുകയും, അവനുള്ള ഉത്തരം കൊടുക്കുകയും ചെയ്തു.

ഇതു സംഭവിച്ചത് ഞാൻ ഒരു വിഭാഗീയ സഭയിൽ ആയിരുന്നപ്പോഴാണ് എന്ന് നിങ്ങൾ മനസ്സിലാക്കുക. എനിക്ക് എന്താണ് സംഭവിച്ചതെന്ന് ആ വ്യക്തിക്ക് മനസ്സിലായില്ല, എനിക്കും തീർച്ചയില്ലായിരുന്നു. ഇതു ഞങ്ങൾ രൺടുപേരെയും പരിഭ്രാന്തരാക്കി. പക്ഷെ അത് ദൈവശക്തിയുടെ ഒരു പ്രകടനമായിരുന്നു. അത് ദൈവം അമാനുഷികമായി ഉപയോഗിക്കുകയായിരുന്നു. ഇതുകൊൺട് അർത്ഥമാകുന്നത്: നിങ്ങൾ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ, നിങ്ങളുടെ ആത്മാവാണു പ്രാർത്ഥിക്കുന്നത്. നിങ്ങളുടെ ആത്മാവ് വീൺടും ജനിച്ചിരിക്കയാൽ അതിന് ക്രിസ്തുവിന്റെ മനസ് ഉൺട്, എന്താണ് ചെയ്യേൺടതെന്ന് കൃത്യമായി അറിയുന്നു. ദൈവത്തിൽ നിന്നുള്ള ഒരു അഭിഷേകം അതിനുള്ളതിനാൽ, എല്ലാ കാര്യങ്ങളും നിങ്ങൾ അറിയുന്നു, നിങ്ങളുടെ ആത്മാവിൽ പരിമിതി ഇല്ല. നിങ്ങളുടെ ആത്മാവിൽ പകരപ്പെട്ടിരിക്കുന്ന ശക്തിയിലും വെളിപാടിലും നിങ്ങൾക്കു നടക്കാൻ കഴിയുന്നുവെങ്കിൽ, നിങ്ങളുടെ ഭൗതിക ജീവിതത്തിന് മാറ്റം സംഭവിക്കും. അത് ചെയ്യുവാൻ ഉള്ള ഒരു വഴി – ഒരേ ഒരു വഴിയല്ല – അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങുക എന്നതാണ്. നിങ്ങൾ അതു ചെയ്യുമ്പോൾ, നിങ്ങൾ നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ വർദ്ധിപ്പിക്കയും, നിങ്ങളുടെ ആത്മാവ് മറഞ്ഞിരിക്കുന്ന ദൈവജ്ഞാനത്തിൽ പ്രാർത്ഥിക്കയും, ദൈവത്തിൽ നിന്നു തികവുള്ള വെളിപാടു വരികയും ചെയ്യുന്നു എന്ന് തിരിച്ചറിയുകയും വിശ്വസിക്കുകയും ചെയ്യുക. അതിനുശേഷം 1 കൊരിന്ത്യർ 14:3ൽ പറഞ്ഞിരിക്കുന്നതുപോലെ, നിങ്ങൾക്ക് വ്യാഖ്യാനിക്കുവാൻ കഴിയേൺടതിന് പ്രാർത്ഥിക്കുക. അതിന്റെ അർത്ഥം അന്യഭാഷയിൽ പ്രാർത്ഥിക്കുന്നത് നിർത്തിയിട്ടു, വ്യാഖ്യാനിക്കുവാൻ

വേൺടി മലയാളത്തിൽ പ്രാർത്ഥിക്കണമെന്നല്ല, നിങ്ങളുടെ അറിവ് / വിവേകം ഫലപ്രദമായിത്തീരുന്ന എന്നാണ്.

നിങ്ങൾ ഒരു സഭയിൽ അന്യഭാഷയിൽ സന്ദേശം കൊടുക്കയാണെങ്കിൽ, നിറുത്തി അതിന്റെ വ്യാഖ്യാനവും മലയാളത്തിൽ കൊടുക്കണം. തനിച്ചു പ്രാർത്ഥിക്കുമ്പോൾ, അന്യഭാഷയിൽ പ്രാർത്ഥിക്കുകയും ദൈവം വെളിപാടു തരുന്നു എന്നു വിശ്വസിക്കുകയും ആണ് ഞാൻ ചെയ്യുന്നത്. ചിലപ്പോൾ എന്റെ മനോഭാവം മാറുന്നു. എനിക്ക് പ്രത്യേകമായി ഒന്നും പറയുവാൻ ഇല്ല, എങ്കിലും പെട്ടെന്ന കാര്യങ്ങൾ വ്യക്തമായി കാണുകയും ഒരു വ്യത്യസ്ത വീക്ഷണകോൺ ലഭിക്കുകയും ചെയ്യുന്നു. ചിലപ്പോൾ ഒരു ആഴ്ച വേൺിവരും വ്യക്തമായ വെളിപാടു ലഭിക്കുവാൻ, പക്ഷെ ഞാൻ വിശ്വസിക്കുന്നത്, അന്യഭാഷയിൽ പ്രാർത്ഥിച്ചതും വ്യാഖ്യാനിക്കുവാൻ വിശ്വസിച്ചതും ആ വെളിപാടു ഉൺടാകുവാൻ ഉള്ള ഘടകങ്ങൾ ആയിരുന്നു എന്നാണ്.

പരിശുദ്ധാത്മാവ് ലഭിച്ചു എന്നതിന്റെ തെളിവ് എന്നതിനേക്കാൾ, പലകാരണങ്ങൾ കൊൺടും അന്യഭാഷയിൽ സംസാരിക്കുന്നത് പല കാരണങ്ങൾ കൊൺടും പ്രാധാന്യം ഉള്ളതാണ്. അത് ദൈനംദിന ജീവിതത്തിന്റെ ഒരു ഭാഗമായിരിക്കണം. അത് നമ്മുടെ ബുദ്ധിയിലുൺടാകുന്ന സംശയങ്ങളേയും ഭയത്തേയും മറികടന്ന്, ഹൃദയത്തിൽ നിന്ന് നേരിട്ട് പിതാവിനോട് ആശയ വിനിമയം ചെയ്യാനുള്ള ഒരു വഴിയാണ്. അത് നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ വർദ്ധിപ്പിക്കയും, മറഞ്ഞിരിക്കുന്ന ദൈവികജ്ഞാനത്തെ പുറത്തു കൊൺടുവകകയും ചെയ്യുന്നു. നിങ്ങൾ എല്ലാവരും ഇതിൽ ഒഴുകുവാനും, വിശ്വാസത്തെ പ്രവഹിപ്പിക്കുവാനും, അന്യഭാഷയിൽ സംസാരിക്കുന്നതിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുവാനും പ്രാപ്തരാകട്ടെ എന്ന ഞാൻ പ്രാർത്ഥിക്കുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. യൂദാ 1:20 വായിക്കുക. പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്നത് കൊണ്ട് ലഭിക്കുന്ന വലിയ പ്രയോജം എന്താണ്?

   **യൂദാ 1:20** – *നിങ്ങളോ, പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നേ ആത്മിക വർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർഥിച്ചും*

2. അപ്പൊ പ്രവൃത്തികൾ 2:4 വായിക്കുക. എത്ര പേർ പരിശുദ്ധാത്മാവ് നിറഞ്ഞവരായി?

   **അപ്പൊ. പ്രവൃത്തികൾ 2:4** – *എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.*

3. അപ്പൊ പ്രവൃത്തികൾ 2:4 വായിക്കുക. ആത്മാവ് നിറഞ്ഞതിന്റെ ഫലമായി അവർ എന്തു ചെയ്തു?

4. 1 കൊരിന്ത്യർ 14:14 വായിക്കുക. അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ ഏതു ഭാഗമാണ് പ്രാർത്ഥിക്കുന്നത്?

   **1 കൊരിന്ത്യർ 14:14** – *ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു. എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു.*

5. 1 കൊരിന്ത്യർ 14:2 വായിക്കുക. ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കുമ്പോൾ ആരോടാണ് സംസാരിക്കുന്നത്?

   **1 കൊരിന്ത്യർ 14:2** – *അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രെ സംസാരിക്കുന്നു. ആരും തിരിച്ചറിയുന്നില്ലല്ലോ. എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു.*

6. 1 കൊരിന്ത്യർ 14:2 വായിക്കുക. ഒരു വ്യക്തി അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ എന്താണ് പറഞ്ഞതെന്ന് ആളുകൾ മനസ്സിലാക്കുന്നുണ്ടോ?

7. 1 കൊരിന്ത്യർ 14:2 വായിക്കുക. നിങ്ങൾ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ, നിങ്ങളുടെ ആത്മാവ് എന്താണ് സംസാരിക്കുന്നത്?

8. 1 കൊരിന്ത്യർ 14:4 വായിക്കുക. നിങ്ങൾ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ, നിങ്ങൾ എന്ത് ചെയ്യുന്നു?

**1 കൊരിന്ത്യർ 14:4 –** *അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കുതാൻ ആത്മികവർദ്ധന വരുത്തുന്നു, പ്രവചിക്കുന്നവൻ സഭെക്കു ആത്മിക വർദ്ധന വരുത്തുന്നു.*

9. 1 കൊരിന്ത്യർ 14:16 വായിക്കുക. നിങ്ങൾ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ, നിങ്ങൾ എന്തു ചെയ്തുകൊണ്ടിരിക്കുന്നു?

**1 കൊരിന്ത്യർ 14:16 –** *അല്ല, നീ ആത്മാവു കൊണ്ട് സ്തോത്രം ചൊല്ലിയാൽ ആത്മവരമില്ലാത്തവൻ നീ പറയുന്നതു തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിനു എങ്ങനെ ആമേൻ പറയും?*

## ഉത്തര സൂചിക

1. യൂദാ 1:20 വായിക്കുക. പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്നത് കൊണ്ട് ലഭിക്കുന്ന വലിയ പ്രയോജം എന്താണ്?

   ***പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുമ്പോൾ സ്വയം ആത്മിക വർദ്ധന വരുത്തുന്നു.***

2. അപ്പൊ പ്രവൃത്തികൾ 2:4 വായിക്കുക. എത്ര പേർ പരിശുദ്ധാത്മാവ് നിറഞ്ഞവരായി?

   ***കൂടിയിരുന്ന എല്ലാവരും***

3. അപ്പൊ പ്രവൃത്തികൾ 2:4 വായിക്കുക. ആത്മാവ് നിറഞ്ഞതിന്റെ ഫലമായി അവർ എന്തു ചെയ്തു?

   ***അവർ അന്യഭാഷയിൽ സംസാരിച്ചു***

4. 1 കൊരിന്ത്യർ 14:14 വായിക്കുക. അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ ഏതു ഭാഗമാണ് പ്രാർത്ഥിക്കുന്നത്?

   ***എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു***

5. 1 കൊരിന്ത്യർ 14:2 വായിക്കുക. ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കുമ്പോൾ ആരോടാണ് സംസാരിക്കുന്നത്?

   ***ദൈവത്തോട്***

6. 1 കൊരിന്ത്യർ 14:2 വായിക്കുക. ഒരു വ്യക്തി അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ എന്താണ് പറഞ്ഞതെന്ന് ആളുകൾ മനസ്സിലാക്കുന്നുണ്ടോ?

   ***ഇല്ല***

7. 1 കൊരിന്ത്യർ 14:2 വായിക്കക. നിങ്ങൾ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ, നിങ്ങളുടെ ആത്മാവ് എന്താണ് സംസാരിക്കുന്നത്?

   ***മർമ്മങ്ങൾ / രഹസ്യങ്ങൾ***

8. 1 കൊരിന്ത്യർ 14:4 വായിക്കുക. നിങ്ങൾ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ, നിങ്ങൾ എന്തു് ചെയ്യുന്നു?

*സ്വയം ആത്മിക വർദ്ധന വരുത്തുന്നു*

9. 1 കൊരിന്ത്യർ 14:16 വായിക്കുക. നിങ്ങൾ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ, നിങ്ങൾ എന്തു ചെയ്തുകൊൺടിരിക്കുന്നു?

*ദൈവത്തിന് സ്തോത്രം പറയുന്നു.*

# CONTACT DETAILS

## INDIA

www.awmindia.net        info@awmindia.net

### Locations:

### Hyderabad

42-343/1/188, Near Flora Hotel, Maruthi Nagar
A S Rao Nagar, Hyderabad 500 040, INDIA.
Ph: (040) 4028 0718

### Chennai

72-D, Nandhini Mahal, I Floor, Velachery Main Road
Velachery, Chennai 600 042, INDIA.
Ph: (044) 4202 1820

### Mumbai

Bethel, Plot No 305/E, Mith Chowky, Near Girdhar Park
Malad (W), Mumbai 400 064, INDIA.
Ph: +91 8976549515

### Delhi

Phone: +91 9560591787

## USA

Andrew Wommack Ministries Inc.
PO Box 3333, Colorado Springs CO 80934-3333
www.awmi.net

## UK

Andrew Wommack Ministries - Europe
PO Box 4392, Walsall, WS1 9AR, ENGLAND
www.awme.net

# സമ്പൂർണ്ണ ശിഷ്യത്വ സുവിശേഷവത്ക്കരണം

**(The Complete Discipleship Evangelism)**

**ഭാഗം – 2**

## Level 2 - 16 Lessons


***ആൻഡ്രൂ വോമ്മക്ക്***

***Andrew Wommack***

***and***

***ഡോൺ ക്രോ***

***Don Krow***

The Complete Discipleship Evangelism
Title in Malayalam:സമ്പൂർണ്ണ ശിഷ്യത്വ സുവിശേഷവത്ക്കരണം
48-Lesson Course
Level 2 (16 Lessons)

Copyright © 2012, Andrew Wommack
Permission is granted to duplicate or reproduce for discipleship purposes on the condition that it is distributed free of charge.

Andrew Wommack Ministries Inc.
P.O. Box 3333, Colorado Springs, CO 80934-3333
www.awmi.net

ISBN: xxx-xx-xxxxxx-x-x
© 2020 Andrew Wommack Ministries India
info@awmindia.net www.awmindia.net

Item Code: ML 417-2/3

Published and sold by Charis Initiatives Pvt. Ltd.

# സമ്പൂർണ്ണ ശിഷ്യത്വ സുവിശേഷവത്ക്കരണം

## *ഭാഗം - 2*

## ഉള്ളടക്കം


| | | |
|---|---|---|
| 1. | സ്വയം കേന്ദ്രീകരണം: എല്ലാ ദു:ഖത്തിന്റേയും ഉറവിടം | 5 |
| 2. | ദൈവവചനത്തിന്മേൽ എങ്ങിനെ ധ്യാനിക്കണം? | 13 |
| 3. | മനസ്സു പുതുക്കുന്നത് | 19 |
| 4. | ക്രിസ്തുവിന്റെ സഭയുടെ പ്രാധാന്യം | 28 |
| 5. | വിടുതൽ | 40 |
| 6. | വിശ്വാസിയുടെ അധികാരം | 49 |
| 7. | പാപപരിഹാര ബലിയിൽ സൗഖ്യമുണ്ട് | 60 |
| 8. | സൗഖ്യപ്പെടുന്നതിനുള്ള തടസ്സങ്ങൾ | 69 |
| 9. | മറ്റുള്ളവരോട് ക്ഷമിക്കുന്നത് | 81 |
| 10. | വിവാഹം – ഭാഗം 1 | 93 |
| 11. | വിവാഹം – ഭാഗം 2 | 102 |
| 12. | ദൈവത്തിന്റേതു പോലുള്ള സ്നേഹം – ഭാഗം 1 | 115 |
| 13. | ദൈവത്തിന്റേതു പോലുള്ള സ്നേഹം – ഭാഗം 2 | 126 |
| 14. | സമ്പത്ത് ഭാഗം 1 | 136 |
| 15. | സമ്പത്ത് ഭാഗം 2 | 144 |
| 16. | നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചില്ല എന്നു തോന്നുമ്പോൾ എന്തു ചെയ്യണം? | 151 |

## പാഠം – 1

# സ്വയം കേന്ദ്രീകരണം:
# എല്ലാ ദു:ഖത്തിന്റേയും ഉറവിടം

### *ആൻഡ്രൂ വോമ്മക്ക്*

നാം അനുഭവിക്കുന്ന ഒട്ടേറെ കാര്യങ്ങളുടേയും ഉറവിടം, സ്വയം കേന്ദ്രീകരണം ആണ്. സദൃശ്യവാക്യങ്ങൾ 13–ാം അദ്ധ്യായത്തിൽ ഉള്ള ഒരു വാക്യം നിങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു, കാരണം നിങ്ങളുടെ വേദപുസ്തകത്തിൽ അത് വായിച്ചില്ല എങ്കിൽ നിങ്ങൾ അതു വിശ്വസിക്കുകയില്ല. 10–ാം വാക്യം പറയുന്നു, *"അഹങ്കാരം കൊണ്ട് മാത്രം വിവാദം ഉണ്ടാകുന്നു. ആലോചന കേൾക്കുന്നവരുടെ പക്കലോ ജ്ഞാനം ഉണ്ട്."* വളരെ ആൾക്കാർ ആദ്യം ഇത് ഒരു വിഷയമായി എടുത്തിട്ട് പറയുന്ന, "ഒരു നിമിഷം, വിവാദം അല്ലെങ്കിൽ കലഹം ഉണ്ടാക്കുന്നത് അഹങ്കാരം മാത്രം ആകണമെന്നില്ല. സദൃശ്യവാക്യങ്ങൾ 17:14 പറയുന്നത്, വിവാദം ആണ് കലഹത്തിന്റെ ആരംഭം. ആയതിനാൽ അഹങ്കാരം മാത്രം അല്ല കലഹത്തിന്റെ കാരണം പിന്നെയോ ചില വ്യക്തികൾ എന്നോട് ചെയ്തത് നിമിത്തം ആണ്." മറ്റുചിലർ പറയും, "നിങ്ങൾക്കു മനസ്സിലാകുന്നില്ല, ഞാൻ ഈ വിധത്തിലുള്ള ഒരു വ്യക്തിയാണ് എന്ന്." അല്ല, തിരുവെഴുത്തു പറയുന്നു വിവാദത്തിനു കാരണം അഹങ്കാരം ആകുന്നു എന്ന്. അത് ഒരു പ്രധാനപ്പെട്ട കാരണം എന്നല്ല, അതു മാത്രമാണ് കാരണം. ചിലർ വീണ്ടും ഈ വിഷയമെടുത്തിട്ട് പറയുന്നു, "എനിക്ക് എല്ലാത്തരത്തിലുള്ള പ്രശ്നങ്ങളും ഉണ്ട്, പക്ഷേ അഹങ്കാരം അതിൽ ഒന്നല്ല. എന്തായാലും, ഞാൻ വളരെ കുറഞ്ഞ ആത്മാഭിമാനം ഉള്ള ആളാണ, എനിക്ക് അഹങ്കാരം ഉള്ളതായി കുറ്റം ചുമത്താൻ ആർക്കും യാതൊരു വഴിയും ഇല്ല."

അഹങ്കാരം എന്താണെന്ന് നാം പുനർ നിർവചിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ മറ്റുള്ളവരെക്കാൾ മേന്മയുള്ളവരെന്നു

ചിന്തിക്കുന്നതു മാത്രമല്ല, ലളിതമായി പറഞ്ഞാൽ, എല്ലാത്തിന്റേയും കേന്ദ്രമായി നമ്മളെ തന്നെ കാണുന്നതാണ്. സ്വയം കേന്ദ്രീകരണമാണ് അഹങ്കാരത്തിന്റെ മൂലകാരണം. സംഖ്യാപുസ്തകം 12:2–ൽ, മിറിയാമും അഹരോനും, മോശയുടെ സഹോദരിയും സഹോദരനും, മോശെയ്ക്ക് വിരോധമായി ചേർന്ന് വന്നിട്ട് മിശ്രവിവാഹം സംബന്ധിച്ച് മോശയെ കുറ്റം ആരോപിച്ച് കൊൺടു പറഞ്ഞു, *"യഹോവ മോശ മുഖാന്തിരം മാത്രമേ അരുളി ചെയ്തിട്ടുള്ളുവോ? ഞങ്ങൾ മുഖാന്തിരം അരുളിചെയ്തിട്ടില്ലയോ?"* മോശ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു എന്ന് 3–ാം വാക്യത്തിൽ ഇടവാക്യമായി തിരുവെഴുത്ത് ബ്രായ്ക്കറ്റിൽ പറയുന്നു. അവർ പറഞ്ഞത് കുറ്റമായി എടുക്കാതെ മോശെ അവർക്കു വേൺടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

മോശെ ഭൂമിയിൽ ഉള്ളവരിൽ വെച്ചൊക്കെയും സൗമ്യനായിരുന്നു എന്നു പറയുമ്പോൾ അതിനേകുറിച്ച് ചിന്തിച്ചു നോക്കുക. അന്ന് ഭൂമിയിൽ എത്രപേർ ഉൺടായിരുന്നു എന്ന് നമുക്ക് അറിയില്ല. തീർച്ചയായും ലക്ഷക്കണക്കിന് ആൾക്കാർ ഉൺടായിരുന്നിരിക്കും. അവരിൽ എല്ലാവരിലും വച്ച് മോശെ ഏറ്റവും സൗമ്യനായ ആൾ ആയിരുന്നു. ഇതിനെ സത്യത്തിൽ ഒരു അത്ഭുതകരമായ പ്രസ്താവനയാക്കുന്നത് മോശെ തന്നെയാണ് ഇത് എഴുതിയതെന്നുള്ളതാണ്. നാം വളരെ താഴ്മയും സൗമ്യതയും ഉള്ളവരാണെങ്കിൽ, നാം അതിനെക്കുറിച്ച് ബോധവാന്മാരായിരിക്ക പോലും ഇല്ല എന്നാണ് കൂടുതൽ പേരും വിചാരിക്കുന്നത്. അത് അഹങ്കാരത്തെക്കുറിച്ചുള്ള ഒരു തെറ്റായ ധാരണയാണ്. മറ്റുള്ളവരെക്കാൾ മെച്ചപ്പെട്ടവർ ആണെന്ന് ചിന്തിക്കുന്നതല്ല, അഹങ്കാരം മറിച്ച് അഹങ്കാരം എന്നത് , സ്വയകേന്ദ്രീകരണം ആകുന്നു. അത് ഒരു ദണ്ഡിന്റെ ഒരു വശത്ത് അഹങ്കാരവും മറുവശത്ത് താഴ്ന്ന ആത്മാഭിമാനവും ഉള്ളതു പോലെയാണ്. അവ ഒരേ കാര്യത്തിന്റെ വിരുദ്ധ പ്രകടനങ്ങളാണ്, എന്നാൽ അവ രൺടും ഒരേ ദണ്ഡിൽ തന്നെയാണ്. അത് സ്വയം കേന്ദ്രീകരണമാണ്. നിങ്ങൾ മറ്റുള്ളവരേക്കാൾ മെച്ചമെന്നോ മോശമെന്നോ ചിന്തിക്കുന്നതു വിഷയം അല്ല, നിങ്ങൾ തികച്ചും സ്വയം കേന്ദ്രീകൃതമാണ്. അതിൽകൂടി എല്ലാം അരിച്ചെടുക്കപ്പെടുന്നു. ഭീരുവും ലജ്ജാശീലനുമായ ഒരു വ്യക്തി, തന്നേപ്പറ്റി മാത്രം ചിന്തിച്ചുകൊൺടിരിക്കുന്ന, അഹങ്കാരിയും, സ്വയം കേന്ദ്രീകരിച്ചിരിക്കുന്നവനും ആയ ആളാണ്.

ഞാൻ ഇവിടെ ഉന്നയിക്കുന്ന കാര്യം, സ്വയം കേന്ദ്രീകരണമാണ് എല്ലാ അഹങ്കാരത്തിന്റേയും വാസ്തവത്തിലുള്ള തായ്‌വേര് എന്നതാണ്. അത് സദൃശ്യവാക്യങ്ങൾ 13:10, *"അഹങ്കാരം കൊൺടു വിവാദം മാത്രം ഉൺടാകുന്നു"* എന്നതുമായി നോക്കിയാൽ, അതു പറയുന്നത് നമ്മുടേതായ സ്വയം കേന്ദ്രീകരണമാണ് നമ്മെ കോപിഷ്ടരാക്കുന്നത്, അല്ലാതെ മറ്റുള്ളവർ നമ്മോടു ചെയ്യുന്ന ഒന്നുമല്ല. നമ്മുടെ സ്വയം കേന്ദ്രീകരണം ആണ് മറ്റുള്ളവർ നമ്മോടു ചെയ്യുന്നതിനോടു പ്രതികരിക്കുവാൻ കാരണമാക്കുന്നത്. തെറ്റായ രീതിയിൽ നമ്മോടു പെരുമാറുന്നതിൽ നിന്നും ആളുകളെ തടയാൻ നിങ്ങൾക്കു ഒരിക്കലും കഴിയില്ല. അത് സംഭവിക്കുവാൻ സാധ്യമല്ല. വിശ്വാസം മറ്റുള്ളവരെ നിയന്ത്രിക്കാനുള്ളതല്ല, പിന്നെയോ നിങ്ങളെത്തന്നെയും, നിങ്ങളുടെ ഉള്ളിൽ കൂടി കൊള്ളുന്ന കാര്യങ്ങളേയും കൈകാര്യം ചെയ്യുന്നതിനു സഹായിക്കാൻ ആകുന്നു. അതിനാൽ, മറ്റുള്ളവർ നിങ്ങളോട് എന്തു ചെയ്യുന്നു എന്നത് കാര്യമാക്കേൺടതില്ല.

യേശു ക്രൂശിക്കപ്പെട്ടു കൊൺടിരുന്നപ്പോൾ, തന്നെ ക്രൂശിച്ചു കൊൺടിരുന്നവർക്കു നേരെ തിരിഞ്ഞ്, "പിതാവേ, അവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ, അവരോട് ക്ഷമിക്കേണമേ" എന്ന് പറഞ്ഞു. അവൻ ആ ജനത്തെ നിയന്ത്രിച്ചില്ല, മറിച്ച് സ്വയം നിയന്ത്രിക്കാൻ അവനു കഴിഞ്ഞു. സ്വയം കേന്ദ്രീകരണം ആണ് നമ്മെ കോപിഷ്ഠരാക്കുന്നത്. യേശു തനിക്കു വേൺടിയല്ല ഇവിടെ വന്നത്, അവൻ ലോകത്തെ അത്രക്ക് സ്നേഹിക്കയാൽ, നമുക്കു വേൺടി ലോകത്തിൽ വന്നു. അവൻ കുരിശിൽ തൂങ്ങുന്ന സമയത്ത് അവന്റെ അമ്മയെക്കുറിച്ച് ഓർത്ത് അവന്റെ ശിഷ്യന്മാരിൽ ഒരുവനോട് അമ്മയെ നോക്കുന്ന കാര്യം പറഞ്ഞു. യേശുവിന് ശക്തമായ അനീതിയും, വേദനയും, അവന്റെ വഴിയിൽ വന്ന എല്ലാം നേരിടേൺടി വന്നപ്പോഴും, ക്ഷമിക്കുവാനും, സ്നേഹത്തിൽ പ്രവർത്തിക്കുവാനും കഴിഞ്ഞതിന്റെ കാരണം, അവൻ അവനിൽ കേന്ദ്രീകരിച്ചിരുന്നില്ല എന്നതാണ്.

നിങ്ങളെ കോപികളാക്കുന്നത് നിങ്ങളുടെ തന്നെ സ്വാർത്ഥത ആകുന്നു, എങ്കിലും തിരുവെഴുത്തു പറയുന്നു, നിങ്ങൾ നിങ്ങൾക്കുതന്നെ മരിച്ചവരാകേണം എന്ന്. എന്റെ മുന്നിൽ ഒരു ശവശരീരം ഉൺടായിരുന്നെങ്കിൽ, ഞാൻ അതിനെ ആക്ഷേപിക്കയോ, അതിനെ തൊഴിക്കുകയോ, അതിന്റെ മേൽ തുപ്പുകയോ, അതിനെ അവഗണിക്കുകയോ ചെയ്യാൻ കഴിയും, അത് യഥാർത്ഥത്തിൽ ഒരു ശവമാണെങ്കിൽ പ്രതികരിക്കുകയില്ല. നിങ്ങൾക്ക് ചുറ്റുമുള്ള വസ്തുവകകളോട്, നിങ്ങൾ പ്രതികരിക്കുന്ന രീതിയുടെ

കാരണം, ആ ബാഹ്യമായ കാര്യങ്ങൾ അല്ല, പിന്നെയോ നിങ്ങളുടെ ഉള്ളിൽ എന്താണുള്ളത് എന്നതാണ്. എല്ലാ പ്രതിബന്ധങ്ങളേയും, നിങ്ങളെ തെറ്റായ രീതിയിൽ ഉരുമ്മുന്ന എല്ലാത്തിനേയും എടുത്തു മാറ്റാൻ തക്കവണ്ണം അത്രക്ക് ശക്തമായ വിശ്വാസം നിങ്ങൾക്ക് ഉൺടാകയില്ല. എന്നാൽ നിങ്ങളെത്തന്നെ കൈകാര്യം ചെയ്യാൻ നിങ്ങൾക്കു കഴിയും യേശുക്രിസ്തുവിനെ നിങ്ങളുടെ ജീവിതത്തിന്റെ നാഥനാക്കുകയും, അവനേയും അവന്റെ രാജ്യത്തേയും മറ്റുള്ളവരെയും നിങ്ങളേക്കാൾ കൂടുതലായി സ്നേഹിക്കുകയും ചെയ്യുന്ന അവസ്ഥയിൽ നിങ്ങൾക്ക് എത്തിച്ചേരുവാൻ കഴിയും. അത് നിങ്ങൾ ചെയ്യുകയും, നിങ്ങളുടെ സ്വയത്തെ (സ്വാർഥതയെ) കൈകാര്യം ചെയ്യുകയും ചെയ്യുമ്പോൾ, നിങ്ങളുടെ ജീവിതത്തിൽ കലഹവും വിവാദവും അവസാനിക്കും എന്നു നിങ്ങൾ കൺടെത്തും.

ഈ കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കുന്നതിന്റെ ഒരു പ്രധാനപ്പെട്ട താക്കോൽ, ദൈവരാജ്യം നിങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങൾക്കു വേൺടിയല്ല ദൈവം നിങ്ങൾക്ക് തന്നത് എന്ന് മനസ്സിലാക്കുക എന്നതാണ്. നിങ്ങളുടെ എല്ലാ ആവശ്യങ്ങളും സാധിക്കുന്നതിനുള്ള ഒരു ഉപാധിയായിട്ടല്ല ദൈവം ഇവയെല്ലാം ചെയ്തത്. സ്വയം ത്യജിക്കുന്നതും, നിങ്ങളുടെ ജീവനെ തന്നെയും നഷ്ടപ്പെടുന്നതും വഴിയാണ് ജീവിതം എന്താണെന്ന് നിങ്ങൾ കണാൻ തുടങ്ങുക എന്ന കാര്യം നിങ്ങൾ പഠിക്കേൺടിയിരിക്കുന്നു. നിങ്ങളേക്കാൾ കടുതലായി മറ്റുള്ളവരേയും ദൈവത്തേയും സ്നേഹിക്കുന്നതിലൂടെ, നമ്മുടെ കോപത്തേയും, മുറിവിനേയും, അതുപോലെ നമ്മുടെ ഉള്ളിലുള്ള പലതിനേയും നിങ്ങൾ നിർവീര്യമാക്കാൻ തുടങ്ങുന്നു.

നിങ്ങളുടെ സ്വയകേന്ദ്രീകരണം (സ്വാർഥത) ആണ് നിങ്ങളുടെ ദു:ഖത്തിന്റെ കാരണം എന്നു തിരിച്ചറിയാൻ നിങ്ങളുടെ ഹൃദയത്തെ തുറക്കാൻ, ഞാനിവിടെ പറഞ്ഞ കാര്യങ്ങളെ ദൈവം ഉപയോഗിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കുറ്റം വേറെ എവിടെ എങ്കിലും വയ്ക്കുന്നതിനു പകരം, നിങ്ങൾ തന്നെ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്ത്, അതിനെ നേരിട്ട്, തന്നെത്തന്നെ ദൈവമുമ്പാകെ താഴ്ത്തി, നിങ്ങളിലേക്കു വന്ന്, നിങ്ങളുടെ ജീവിതത്തിൽ അവനെ വലുതാക്കുവാൻ ദൈവത്തോടു അപേക്ഷിക്കുക. നിങ്ങൾക്ക് വിജയത്തിലേക്ക് നടക്കുവാനുള്ള പാത അതാണ്.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മർക്കോസ് 9: 33–34 വായിക്കുക. കഫർന്നഹൂമിലോട്ടു പോകുന്ന വഴിയിൽ ശിഷ്യന്മാർ എന്താണ് വാദിച്ചുകൊണ്ടിരുന്നത്?

   **മർക്കോസ് 9: 33–35** – *അവൻ കഫർന്നഹൂമിൽ വന്നു വീട്ടിൽ ഇരിക്കുമ്പോൾ, നിങ്ങൾ വഴിയിൽ വച്ചു തമ്മിൽ വാദിച്ചതു എന്തു എന്നു അവരോടു ചോദിച്ചു. അവരോ തങ്ങളുടെ ഇടയിൽ വലിയവൻ ആർ എന്നു വഴിയിൽ വച്ച് വാദിച്ചതുകൊണ്ട് മിണ്ടാതിരുന്നു. അവൻ ഇരുന്നു പന്തിരുവരേയും വിളിച്ചു ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകേണം എന്നു പറഞ്ഞു.*

2. ഇത് നാം എല്ലാവരിലുമുള്ള സ്വാർത്ഥതയെ പ്രതിഫലിപ്പിക്കുന്നുവോ?

3. മർക്കോസ് 9: 35 വായിക്കുക. ഈ വാക്യപ്രകാരം ആരെങ്കിലും ഒന്നാമനാകാൻ ഇച്ഛിച്ചാൽ അവൻ എന്താകണം?

4. ലൂക്കോസ് 22: 24–27 –ൽ യേശു പഠിപ്പിച്ചത് വിശദീകരിക്കുക.

   **ലൂക്കോസ് 22: 24–27** – *തങ്ങളുടെ കൂട്ടത്തിൽ ആരെ ആകുന്നു വലിയവനായി എണ്ണേണ്ടതു എന്നതിനെച്ചൊല്ലി ഒരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി. അവനോ അവരോട് പറഞ്ഞതു: "ജാതികളുടെ രാജക്കന്മാർ അവരിൽ കർത്തൃത്വം നടത്തുന്നു. അവരുടെ മേൽ അധികാരം നടത്തുന്നവരെ ഉപകാരികൾ എന്നു പറയുന്നു. നിങ്ങളോ അങ്ങനെയല്ല നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ. ആരാകുന്നു വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു."*

5. സദൃശ്യവാക്യം 13:10 വായിക്കുക. വിവാദം ഉൺടാകുന്നതിന്റെ ഏകകാരണം എന്താണ്?

**സദൃശ്യവാക്യം 13:10** – *അഹങ്കാരം കൊൺടു വിവാദം മാത്രം ഉൺടാകുന്നു. ആലോചന കേൾക്കുന്നവരുടെ പക്കലോ ജ്ഞാനം ഉൺടു.*

6. ഗലാത്യർ 2:20 വായിക്കുക. നാം എപ്രകാരം ജീവിക്കണം?

**ഗലാത്യർ 2:20** – *ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു, ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേൺടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്.*

7. മത്തായി 7:12 വായിക്കുക. സ്വയകേന്ദ്രീകരണത്തിനുള്ള പ്രതിവിധി എന്താണ്?

**മത്തായി 7:12** – *മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ, ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നെ.*

# ഉത്തര സൂചിക

1. മർക്കോസ് 9: 33–34 വായിക്കുക. കഫർന്നഹൂമിലോട്ടു പോകുന്ന വഴിയിൽ ശിഷ്യന്മാർ എന്താണ് വാദിച്ചുകൊൺടിരുന്നത്?

   ***ആരാണ് തങ്ങളിൽ ഏറ്റവും വലിയവൻ എന്നതിനെക്കുറിച്ച് വാദിച്ചു.***

2. ഇത് നാം എല്ലാവരിലുമുള്ള സ്വാർത്ഥതയെ പ്രതിഫലിപ്പിക്കുന്നുവോ?

   ***പ്രതിഫലിപ്പിക്കുന്നു***

3. മർക്കോസ് 9: 35 വായിക്കുക. ഈ വാക്യപ്രകാരം ആരെങ്കിലും ഒന്നാമനാകാൻ ഇച്ഛിച്ചാൽ അവൻ എന്താകണം?

   ***എല്ലാവരുടേയും ശുശ്രൂഷകൻ***

4. ലൂക്കോസ് 22: 24–27 –ൽ യേശു പഠിപ്പിച്ചത് വിശദീകരിക്കുക.

   ***തങ്ങളുടെ കൂട്ടത്തിൽ ആരെ ആകുന്നു വലിയവനായി എണ്ണേൺടതു എന്നതിനെച്ചൊല്ലി ഒരു തർക്കവും അവരുടെ ഇടയിൽ ഉൺടായി. അവനോ അവരോട് പറഞ്ഞതു: "ജാതികളുടെ രാജക്കന്മാർ അവരിൽ കർത്തൃത്വം നടത്തുന്നു. അവരുടെ മേൽ അധികാരം നടത്തുന്നവരെ ഉപകാരികൾ എന്നു പറയുന്നു. നിങ്ങളോ അങ്ങനെയല്ല. നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ. ആരാകുന്നു വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു."***

5. സദൃശ്യവാക്യം 13:10 വായിക്കുക. വിവാദം ഉൺടാകുന്നതിന്റെ ഏകകാരണം എന്താണ്?

   ***അഹങ്കാരം***

6. ഗലാത്യർ 2:20 വായിക്കുക. നാം എപ്രകാരം ജീവിക്കണം?

***ക്രിസ്തുവിന്റെ വിശ്വാസത്താൽ (ക്രിസ്തുവിലുള്ള വിശ്വാസത്താൽ) നമ്മുടേതായ ബലത്തിലോ ബലഹീനതയിലോ കേന്ദ്രീകരിക്കാതെ***

7. മത്തായി 7:12 വായിക്കുക. സ്വയകേന്ദ്രീകരണത്തിനുള്ള പ്രതിവിധി എന്താണ്?

***ദൈവത്തിലും മറ്റുള്ളവരിലും കേന്ദ്രീകരിക്കുക. നമ്മളോട് എന്തു ചെയ്യണമെന്ന് നാം ഇച്ഛിക്കുന്നതുപോലെ മറ്റുള്ളവരോട് ചെയ്യുക.***

## പാഠം – 2

# ദൈവവചനത്തിന്മേൽ എങ്ങിനെ ധ്യാനിക്കണം?

### *ഡോൺ ക്രോ*

*ധ്യാനിക്കുക* എന്ന പദത്തിന്റെ അർത്ഥം "അഗാധമായി ചിന്തിക്കുക, ആലോചിക്കുക, മനസ്സിൽ വരച്ചു കാട്ടുക, ഉദ്ദേശിക്കുക" എന്നൊക്കെയാണ്. ഗ്രീക്കു പദത്തിനു "മനസ്സിൽ എന്തെങ്കിലും ചുറ്റിക്കുക" എന്നൊരർത്ഥം അടങ്ങിയിരിക്കുന്നു. മനസ്സിൽ കാണുക എന്നു തർജ്ജിമ ചെയ്യപ്പെട്ടിട്ടുമുണ്ട്.

വേദപുസ്തക ധ്യാനത്തിനുള്ള രണ്ടു കാരണങ്ങളാണ് "ശരിയായ ജ്ഞാനത്തിൽ ചിന്തിക്കുന്നതും, (മനസ്സു പുതുക്കുക എന്നു കൂടി പറയാം), ദൈവവചനത്തിനു പിറകിലുള്ള ദൈവവുമായി ബന്ധപ്പെടുന്നതും" – പ്രാർത്ഥന, ദൈവത്തെ പുകഴ്ത്തൽ, ധ്യാനിക്കൽ; അതായത്, ആഴമായി ദൈവത്തെക്കുറിച്ച് ചിന്തിക്കുക എന്നിവ വഴി.

*ധ്യാനിക്കുക എന്നത് വിഷയ പ്രകാരം ആകാം* – ഒരു വിഷയം എടുത്ത്, അതിനെക്കുറിച്ച് ചിന്തിക്കുക. ഉദാഹരണമായി ജ്ഞാനസ്നാനം – അതിന്റെ ഗ്രീക്കിലും, എബ്രായഭാഷയിലും, ഒരു നല്ല നിഘണ്ടുവിലും ഉള്ള നിർവ്വചനം ശ്രദ്ധിക്കുക. മൂലഭാഷയിൽ അത് ഏതു പദത്തിൽ നിന്നും വന്നിരിക്കുന്നു എന്നു കണ്ടുപിടിക്കുക. വാക്യങ്ങളുടെ സന്ദർഭത്തേക്കുറിച്ച് പരിഗണിക്കുകയും ആഴമായി ചിന്തിക്കുകയും ചെയ്യുക. അത് മറ്റ് അനുബന്ധ വിഷയങ്ങളേപ്പറ്റി – പാപമോചനം (അപ്പോ. 2:38), മാനസാന്തരം (അപ്പോ. 2:38), വിശ്വാസം (മർക്കോസ് 16:16), മനസ്സാക്ഷി (1 പത്രോസ് 3:21), കർത്താവിനെ വിളിക്കുക (അപ്പോ. 22:16) തുടങ്ങിയവ – പഠിക്കാൻ നിങ്ങളെ നയിക്കും.

നിങ്ങൾക്കുള്ളതോ, അല്ലെങ്കിൽ വചനങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതോ ആയ ചോദ്യങ്ങളേക്കുറിച്ച് നങ്ങൾ ആഴമായി ചിന്തിക്കണം.

ഉദാഹരണത്തിന്, ജ്ഞാനസ്നാനത്തിനു മുമ്പായി എന്തെങ്കിലും യോഗ്യതകൾ പൂർത്തിയാക്കിയിരിക്കണമോ? ജ്ഞാനസ്നാനത്തിന്റെ ഉദ്ദേശം എന്താണ്? എപ്പോഴാണ് അത് പ്രയോഗത്തിലായിരുന്നത്? എന്താണ് സമയ പരിധി?

*വിശദമായിട്ടുള്ള ഒരു പഠനം വഴിയും ധ്യാനിക്കാം – അതായത്, ബൈബിളിലെ ഒരു പുസ്തകം വാക്യങ്ങൾ ഒരോന്നായി പഠിക്കാം.* അതിനുള്ള താക്കോൽ, ഒരു പുസ്തകത്തെക്കുറിച്ച് അതിന്റെ ഉള്ളടക്കവുമായി (വാക്യങ്ങളും അധ്യായങ്ങളും) വളരെ പരിചയം ആകുന്നതു വരെ ആഴത്തിൽ ചിന്തിക്കുക എന്നതാണ്.

*ധ്യാനം എന്നത് പദങ്ങൾ പഠിക്കുന്നതിലൂടെയും ആകാം* – എന്താണ് ചില പദങ്ങളുടെ അർത്ഥം? വിശ്വസിക്കുക എന്നതിന്റെ അർത്ഥം എന്താണ്? കർത്താവ് എന്നതിന്റെ അർത്ഥം എന്താണ്? യേശു എന്ന പദത്തിന്റെ അർത്ഥം എന്താണ്? ക്രിസ്തു എന്ന പദത്തിന്റെ അർത്ഥം എന്താണ്? നീതികരിക്കുക എന്ന പദത്തിന്റെ അർത്ഥം എന്താണ്? ഇത്യാദി.

*വേദപുസ്തകത്തിലെ ഖണ്ഡികകൾ എടുത്തും ധ്യാനിക്കാം. ഒരു ഖണ്ഡിക എന്നത് പല വാചകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചിന്തയുടെ ഒരു ഘടകം ആണ്.* എഴുത്തുകാരൻ ഊന്നലിന്റെ വിഷയം മാറ്റുമ്പോൾ സാധാരണയായി പുതിയ ഖണ്ഡിക തുടങ്ങുന്നു.

വചനം ധ്യാനിക്കുമ്പോൾ ചോദ്യചിഹ്നം മുതലായ ചിഹ്നങ്ങളെക്കുറിച്ചും ചിന്തിക്കുക. ഈ ചോദ്യം എന്തുകൊണ്ട് ചോദിച്ചിരിക്കുന്നു? ഇത് സന്ദർഭവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു, തുടങ്ങിയവ.

വേദപുസ്തക ധ്യാനം എന്നത് വാക്കുകളിലേക്കു മാത്രം നോക്കുക എന്നതല്ല, വചനത്തിന്റെ പിറകിലെ ദൈവത്തെ അന്വേഷിക്കുക എന്നതാണ്.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. "ധ്യാനിക്കുക" എന്ന പദത്തിന്റെ അർത്ഥം എന്താണ്?

2. വേദപുസ്തകപരമായ ധ്യാനത്തിനുള്ള രണ്ടു കാരണങ്ങൾ എന്തൊക്കെയാണ്?

3. വിഷയാധിഷ്ഠിത പഠനം എന്താണ്?

4. ദൈവ വചനങ്ങളുടെ വിശദമായ പഠനം എന്നാൽ എന്താണ്?

5. ലൂക്കോസ് 6:46 വായിക്കുക. "കർത്താവ്" എന്നതിന്റെ അർത്ഥം എന്താണ് എന്നാണ് നിങ്ങൾ ധരിച്ചിരിക്കുന്നത്?

   **ലൂക്കോസ് 6:46** – *നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്നതു ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്ത്?*

6. മത്തായി 1:21 വായിക്കുക. "യേശു" എന്ന പദത്തിന്റെ അർത്ഥം എന്താണ് എന്നാണ് നിങ്ങൾ ധരിച്ചിരിക്കുന്നത്?

   **മത്തായി 1:21** – *അവൾ ഒരു മകനെ പ്രസവിക്കും, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന് യേശു എന്ന് പേർ ഇടേണം എന്നു പറഞ്ഞു.*

7. ലൂക്കോസ് 23:1–2 വായിക്കുക. "ക്രിസ്തു" എന്ന പദത്തിന്റെ അർത്ഥം എന്താണ് എന്നാണ് നിങ്ങൾ വിചാരിക്കുന്നത്?

   **ലൂക്കോസ് 23:1–2** – *അനന്തരം അവർ എല്ലാവരും കൂട്ടമേ എഴുന്നേറ്റ് അവനെപീലാത്തോസിന്റെഅടുക്കൽകൊണ്ടുപോയി.ഇവൻഞങ്ങളുടെ ജാതിയെ മറിച്ചുകളകയും താൻ ക്രിസ്തു എന്ന രാജാവാകുന്നു എന്നു പറഞ്ഞുകൊണ്ട് കൈസർക്ക് കരം കൊടുക്കുന്നതു വിരോധിക്കയും ചെയ്യുന്നതായി ഞങ്ങൾ കണ്ടു എന്നു കുറ്റം ചുമത്തിത്തുടങ്ങി.*

8. എന്താണ് ഒരു ഖണ്ഡിക?

9. വേദപുസ്തക ധ്യാനം എന്നത് വാക്കുകളിലേക്കു മാത്രം നോക്കുക എന്നതല്ല,, പിന്നെയോ ........................................................... എന്നതാണ്.

# ഉത്തര സൂചിക

1. “ധ്യാനിക്കുക” എന്ന പദത്തിന്റെ അർത്ഥം എന്താണ്?

    ***അഗാധമായി ചിന്തിക്കുക, ആഴമായി ആലോചിക്കുക അല്ലെങ്കിൽ മനസ്സിൽ എന്തെങ്കിലും ചുറ്റിക്കുക.***

2. വേദപുസ്തകപരമായ ധ്യാനത്തിനുള്ള രണ്ടു കാരണങ്ങൾ എന്തൊക്കെയാണ്?

    ***ശരിയായ ജ്ഞാനത്തെക്കുറിച്ച് ആഴമായി ചിന്തിക്കുകയും (മനസ്സു പുതുക്കുക) അവന്റെ വാക്കുകളൂടെ പിറകിലുള്ള ദൈവവുമായി ബന്ധപ്പെടുകയും ചെയ്യുക (ദൈവത്തെക്കുറിച്ചു ആഴമായി ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുക.)***

3. വിഷയാധിഷ്ഠിത പഠനം എന്താണ്?

    ***ഒരു വിഷയം വേദപുസ്തകത്തിൽ നിന്നും എടുത്തു അതിനെക്കുറിച്ച് പഠിക്കുകയും ചിന്തിക്കുകയും ചെയ്യുക.***

4. ദൈവ വചനങ്ങളുടെ വിശദമായ പഠനം എന്നാൽ എന്താണ്?

    ***വേദപുസ്തകത്തിലെ ഒരു പുസ്തകം വാക്യങ്ങൾ ഒന്നൊന്നായി പഠിക്കുക.***

5. ലൂക്കോസ് 6:46 വായിക്കുക. “കർത്താവ്” എന്നതിന്റെ അർത്ഥം എന്താണ് എന്നാണ് നിങ്ങൾ ധരിച്ചിരിക്കുന്നത്?

    ***നമ്മുടെ യജമാനൻ എന്നപോലെ നാം അനുസരിക്കുന്ന വ്യക്തി.***

6. മത്തായി 1:21 വായിക്കുക. “യേശു” എന്ന പദത്തിന്റെ അർത്ഥം എന്താണ് എന്നാണ് നിങ്ങൾ ധരിച്ചിരിക്കുന്നത്?

    ***മറ്റുള്ളവരെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്ന ഒരു രക്ഷകൻ***

7. ലൂക്കോസ് 23:1–2 വായിക്കുക. “ക്രിസ്തു” എന്ന പദത്തിന്റെ അർത്ഥം എന്താണ് എന്നാണ് നിങ്ങൾ വിചാരിക്കുന്നത്?

***രാജാവാകാൻ അഭിഷേകം ചെയ്യപ്പെട്ട വ്യക്തി.***

8. എന്താണ് ഒരു ഖണ്ഡിക?

***ചിന്തയുടെ എഴുതപ്പെട്ട ഒരു ഘടകം.***

9. വേദപുസ്തക ധ്യാനം എന്നത് വാക്കുകളിലേക്കു മാത്രം നോക്കുക എന്നതല്ല,, പിന്നെയോ ........................................................ എന്നതാണ്.

***വചനത്തിന്റെ പിറകിലെ ദൈവവുമായി ബന്ധപ്പെടുക.***

## പാഠം – 3

# മനസ്സു പുതുക്കുന്നത്

### *ഡോൺ ക്രോ*

ഇന്നു നാം മനസ്സു പുതുക്കുന്നതിനെക്കുറിച്ച് സംസാരിക്കുവാൻ ആഗ്രഹിക്കുന്നു. രണ്ടു വേദഭാഗങ്ങൾ വായിക്കുവാൻ ഞാൻ താല്പര്യപ്പെടുന്നു. ഒന്നാമതായി ഫിലിപ്പിയർ 4:8. അത് ഇപ്രകാരം പറയുന്നു. *"ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും, ഘനമായതു ഒക്കെയും, നീത ആയതു ഒക്കെയും, നിർമ്മലമായതു ഒക്കെയും, രമ്യമായതു ഒക്കെയും, സൽകീർത്തി ആയതു ഒക്കെയും, സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും, ചിന്തിച്ചുകൊൾവിൻ."* നാം ചിന്തിക്കേണ്ട ചില കാര്യങ്ങൾ ഉണ്ടെന്ന് പൗലോസ് അപ്പോസ്തലൻ വ്യക്തമായി നമ്മോട് പറയുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ നമ്മുടെ ചിന്തകളെ നമുക്ക് തിരഞ്ഞെടുക്കാൻ കഴിയും. റോമർ 7: 22 – 23 പ്രകാരം, ദൈവവചനത്തിനെതിരായ ചിന്തകൾ ചില സമയത്ത് നമുക്കെല്ലാം ഉണ്ടെന്നെനിക്കറിയാം. നമ്മളിൽ പോരാടുന്ന പാപത്തിന്റെ പ്രമാണം നമ്മുടെ മനസ്സിനെ ആക്രമിക്കുന്നു. എന്നാൽ വേദപുസ്തകം ഫിലിപ്പിയ ലേഖനത്തിൽ പറയുന്നു, നാം അവിടെ ഇരുന്ന് നമ്മുടെ ചിന്തകളെ ഒരു കൂടു കെട്ടാൻ അനുവദിക്കേണ്ടതില്ല, എന്തിനേപ്പറ്റി ചിന്തിക്കണമെന്ന് നമുക്കു തിരഞ്ഞെടുക്കാം. സദൃശവാക്യം 23:7–ൽ പറയുന്നത് ഒരു മനുഷ്യൻ തന്റെ മനസ്സിൽ കണക്കു കൂട്ടുന്നതുപോലെയാകുന്നു. ആയതിനാൽ നാം എന്തു ചിന്തിക്കുന്നു എന്നത് വളരെ ഗൗരവമായ വിഷയം ആകുന്നു.

റോമർ 12 1–ഉം 2–ഉം വാക്യങ്ങളിൽ വേദപുസ്തകം പറയുന്നു, *"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത് നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും*

*പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേൺടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ"* മനസ്സു പുതുക്കുന്നതിലൂടെ നമുക്കു രൂപാന്തരപ്പെടുവാൻ കഴിയും എന്ന് വേദപുസ്തകം പറയുന്നു. അപ്പോളോ ബഹിരാകാശ വാഹനം ബഹിരാകാശത്തേക്കു പോയപ്പോൾ ഓരോ പത്തുമിനിറ്റിലും അതിന്റെ പാത തിരുത്തി ക്കൊൺടിരുന്നു എന്ന് നിങ്ങൾ അറിഞ്ഞോ? അവർ ചന്ദ്രനിൽ പോയപ്പോൾ ഒരു വിധം വളഞ്ഞും പുളഞ്ഞും ആണ് പോയത്. അവർ അവസാനം നിലനിത്തിറങ്ങിയപ്പോൾ നിലത്തിറങ്ങാൻ വേൺടി 500 മൈൽ ഉള്ള ഒരു നിയുക്തസ്ഥലം ഉൺടായിരിന്നു. ആ സ്ഥലത്തിന്റെ ഏതാനും അടിക്കള്ളിൽ മാത്രമേ അവർക്കു ഇറങ്ങാൻ പറ്റയുള്ളൂ. എങ്കിലും ആ യാത്ര വിജയകരമായിരുന്നു. നമ്മുടെ യാത്രയ്ക്ക് ഒരു പാത ഉൺടാക്കുകയും, ഒരു ജീവനുള്ള യാഗമായി തീർന്ന്, നാം കർത്താവായ യേശുക്രിസ്തുവിന് പൂർണ്ണമായി സമർപ്പിക്കയും ചെയ്യണം. ജീവനുള്ള യാഗത്തിന്റെ പ്രശ്നം എന്തെന്നാൽ അത് ചിലപ്പോൾ യാഗപീഠത്തിൽ നിന്നും ഇഴഞ്ഞു മാറിയേക്കാം, ആയതിനാൽ നമുക്ക് നമ്മുടെ ചിന്തകളിൽ ഒരു പാത തിരുത്തൽ ആവശ്യമായി വരുന്നു. "ദൈവമേ എനിക്ക് നിന്നെ വേണം, നിന്റെ വഴിയും എനിക്കു വേണം" എന്നു പറയുന്ന ഒരു ഹൃദയം നമുക്ക് ഉൺടാകണം.

നാം മുഴുവനായ ഒരു സമർപ്പണം ചെയ്താൽ മാത്രം പോരാ, പിന്നെയോ, വിജയകരമായ ഒരു ക്രിസ്തീയ ജീവിതം ഉൺടാകുന്നതിന്റെ ഭാഗമായി അടുത്ത പടിയും എടുത്ത് നാം മനസ്സു പുതുക്കി രൂപാന്തരപ്പെടേൺടി ഇരിക്കുന്നു. ലൗകികമായ ഫലങ്ങൾ നാം ആഗ്രഹിക്കുന്നില്ല എങ്കിൽ, ലോകത്തെപ്പോലെ നാം ചിന്തിക്കരുത്. ഫിലിപ്പിയർ 4:8–ൽ വായിക്കുന്നതുപോലെ, എന്തിനേക്കുറിച്ച് ചിന്തിക്കണമെന്ന് നമുക്ക് തിരഞ്ഞെടുക്കാം. എന്താണ് നല്ലത്, നീതി, സൽഗുണമായത് ഇവയൊക്കെ ചിന്തിക്കുക. പഴയ നിയമത്തിൽ ചെയ്തുകൊൺടിരുന്നത് ദൈവത്തിന്റെ വചനം എടുത്ത് അവരുടെ വാതിലുകളിലും വസ്ത്രങ്ങളിലും വെച്ചിരുന്നു. അങ്ങിനെ ദൈവവചനം എപ്പോഴും അവരുടെ മുമ്പിൽ ആയിരുന്നു. അതിൽ പറയുന്ന പോലെ ചെയ്യാൻ സാധിക്കേൺടതിന്, രാവും പകലും ദൈവവചനത്തെക്കുറിച്ച് സംസാരിക്കാൻ ദൈവം നിർദ്ദേശിച്ചു. ഇവയെല്ലാം തങ്ങളുടെ മക്കളോട് പറയാനും കടപ്പെട്ടിരുന്നു. നാം ചിന്തിക്കുന്നതെന്താണ് എന്നുള്ളത് പരമപ്രധാനമായ വിഷയം ആകുന്നു. ദൈവവചനം നമ്മുടെ മുമ്പിൽ എപ്പോഴും സൂക്ഷിക്കുക എന്നത് ജീവിതത്തിന്റെ വിജയത്തിന് വളരെ അനിവാര്യമാണ്. നല്ലതായത്,

നീതിയായത്, സൽഗുണമായത് ഇതിനെയൊക്കെപ്പറ്റി ചിന്തിക്കുന്നതിനു വിരുദ്ധമായത്, ദൈവീക കാര്യങ്ങളേയും, ആത്മീയ കാര്യങ്ങളേയും പറ്റി ചിന്തിക്കാതിരിക്കുക എന്നതാണ്. റോമർ 8:6 പറയുന്നു, "*ജഡത്തിന്റെ ചിന്ത മരണം ആകുന്നു.*" ഈ വാക്യത്തിന്റെ അടുത്ത ഭാഗം പറയുന്നു, "*ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ*" ദൈവാത്മാവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഉള്ള ചിന്ത ജീവനും സമാധാനവും ആണ്. എന്നാൽ നാം വ്യഭിചാരം, ഈ ലോകത്തെ കുറിച്ചുള്ള വിഷയങ്ങൾ, ധനം, അത്യാഗ്രഹം മുതലായവയെക്കുറിച്ച് ചിന്തിക്കുവാൻ ആരംഭിക്കുന്നു എങ്കിൽ, നമ്മുടെ ജീവിതത്തിന് എന്തു സംഭവിക്കും എന്ന് അറിയാമോ? ഒരു മനുഷ്യൻ തന്റെ മനസ്സിൽ എങ്ങനെ ചിന്തിക്കുന്നുവോ, അങ്ങനെ ആയിരിക്കും അയാൾ. നാം അവയനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങും. നാം അവ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ തുടങ്ങുന്നതിന്റെ പരിണിതഫലമായി അതു നമ്മുടെ ജീവനെ നശിപ്പിക്കും. ഒരു വിശ്വാസിയുടെ യഥാർത്ഥ ആത്മീയയുദ്ധം എന്നത്, ശരിക്കും എപ്പോഴും പിശാചിനെ എതിർക്കുന്നതും ശാസിക്കുന്നതും അല്ല, അങ്ങനെ ചെയ്യേണ്ട സമയങ്ങൾ ഉണ്ടെങ്കിലും. എന്നാൽ നാം എന്തു ചിന്തിക്കുന്നുവോ, എന്തിൽ അധിവസിക്കുന്നുവോ എന്നതനുസരിച്ചാണ് ആത്മീയപോരാട്ടം.

യെശയ്യാവ് 26:3–ൽ പറയുന്നു, ദൈവത്തിൽ മനസ്സുറപ്പിച്ചിരിക്കുന്നവനെ പൂർണ്ണ സമാധാനത്തിൽ ദൈവം കാത്തുസൂക്ഷിക്കും. റോമർ 12–ൽ പറഞ്ഞിരിക്കുന്നതുപോലെ, നമ്മുടെ ജീവിതത്തിൽ പലപ്പോഴും പാത തിരുത്തലുകൾ ആവശ്യമായ സന്ദർഭങ്ങൾ ഉണ്ടാകുന്നു. "ദൈവമേ, അവയൊക്കെ തെറ്റായ ചിന്തകൾ ആകുന്നു. ഞാൻ തിരിഞ്ഞു വന്ന്, എന്റെ മനസ്സു പുതുക്കി നന്മയും നീതിയും ആയ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങണം" എന്നു നാം പറയണം.

അതിനാൽ നാം ഏതെങ്കിലും കോട്ടയിൽ അകപ്പെട്ടിരിക്കുകയാണെ ങ്കിലോ, ഏതെങ്കിലും ബന്ധനത്തിലാണെങ്കിലോ, ചിന്തിക്കാൻ പാടില്ലാത്ത കാര്യങ്ങൾ ചിന്തിക്കുന്നുങ്കിലോ, നാം എന്തെങ്കിലും ധൃതഗതിയിൽ ചെയ്യേണ്ടിയിരിക്കുന്നു. വേദപുസ്തകം പറയുന്നു, നാം ദൈവത്തോട് നമ്മെ അടുപ്പിച്ചാൽ, അവൻ നമ്മിലേക്ക് അടുക്കും. നാം ശത്രുവിനോട് എതിർത്തു നിന്നാൽ, ശത്രു നമ്മെ വിട്ട് ഓടിപ്പോകും. ഞാൻ അനുവദിച്ചതു നിമിത്തം നിരാശ എന്നിൽ പൊങ്ങിവന്ന അവസരങ്ങൾ എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ വേദപുസ്തകത്തിലെ ഒരു

ഭാഗം എടുത്ത്, "ദൈവമേ, ഇതാണ് നീ എന്നെക്കുറിച്ച് പറയുന്നത്. ഞാൻ ആരാകുന്നു എന്നു നീ പറയുന്നത് ഇതാണ്. നീയാണ് എന്റെ ബലം," എന്നു പറയാൻ വിഷമമാണ്. നിങ്ങൾക്കറിയാമോ നിങ്ങളുടെ വിജയം എത്ര ലളിതമാണെന്ന്? "എന്നോട് ചെയ്‌വാൻ ഞാൻ ശത്രുവിനെ അനു വദിച്ചുകൊൺടിരിക്കുന്നതിനെ ഞാൻ ഇപ്പോൾ തന്നെ ചെറുക്കുവാൻ പോകുന്നു. ഞാൻ വേദപുസ്തകം എടുത്ത് കുറച്ചു ഭാഗങ്ങൾ വായിക്കാനല്ല, ആ വാക്കുകളുടെ പിറകിലുള്ള ദൈവവുമായി ബന്ധപ്പെടാനാണ് പോ കുന്നത്. അവന്റേമേൽ എന്റെ മനസ്സിനെ ഞാൻ ഉറപ്പിക്കാൻ പോകുന്നു. കർത്താവേ, ഇതാണ് നീ എന്നെക്കുറിച്ച് പറയുന്നത്. ഞാൻ പാപക്ഷമ പ്രാപിച്ചിരിക്കുന്നു. ഞാൻ കഴുകൽ പ്രാപിച്ചിരിക്കുന്നു. നിന്റെ സ്നേഹത്തിൽ നിന്ന് ഒന്നിനും എന്നെ വേർപെടുത്താൻ കഴിയില്ല എന്ന് നീ പറഞ്ഞിരിക്കുന്നു." നിങ്ങൾ അവിടെയിരുന്ന്, ദൈവം നിങ്ങൾക്കായി ചെയ്ത നന്മകളെക്കുറിച്ച് ഓർക്കുമ്പോൾ, അല്പ നിമിഷങ്ങൾക്കുള്ളിൽ, ആ മറ്റു കാര്യങ്ങളെല്ലാം നിങ്ങൾ മറക്കും.

ഞാൻ ഒരു ഉദാഹരണം ഉപയോഗിക്കട്ടെ. ഒരിക്കൽ ഒരു മനുഷ്യൻ പറയുന്നതു ഞാൻ കേട്ടു "അടുത്ത 10 മിനിട്ടു നേരം ഇളംചുവപ്പ് നിറമുള്ള ആനയെക്കുറിച്ച് ചിന്തിക്കരുതെന്ന് ഞാൻ നിങ്ങളെ അനുശാസിക്കട്ടെ." എന്തു സംഭവിച്ചു എന്നറിയാമോ? അടുത്ത 10 മിനിട്ടു മുഴുവൻ ഞങ്ങൾ ഇളംചുവപ്പ് നിറമുള്ള ആനയെക്കുറിച്ചത്രേ ചിന്തിച്ചത്. അപ്പോൾ അയാൾ ചോദിച്ചു. "സ്വാതന്ത്ര്യ പ്രതിമയുടെ നിറം എന്താണ്?" ആരോ ഒരു വ്യക്തി പറഞ്ഞു, പച്ചയാകുന്നു. എന്നിട്ട് അയാൾ ചോദിച്ചു "ഏതു കരമാണ് ഉയർത്തി പിടിച്ചിരിക്കുന്നത്?" ഒരാൾ പറഞ്ഞു അത് വലതുകരം ആകുന്നു. അയാൾ ഉടൻ ചോദിച്ചു, "സ്വാതന്ത്ര്യ പ്രതിമയുടെ കയ്യിൽ ഉള്ളത് എന്താണ്?" ആരോ പറഞ്ഞു അത് ഒരു ടോർച്ച് ആണ്. അപ്പോൾ അയാൾ ചോദിച്ചു, "ഇളംചുവപ്പ് നിറമുള്ള ആനയെക്കുറിച്ചുള്ള നിങ്ങളുടെ ചിന്തയ്ക്ക് എന്തു സംഭവിച്ചു?" അത് പോയിരുന്നു. ശ്രദ്ധിക്കുക, "ആ വക ചിന്തിക്കരുത്" എന്ന് പറയുകയല്ല ഇവിടെ വേൺടത്, കാരണം നിങ്ങൾക്ക് അറിയാം അങ്ങിനെ പറഞ്ഞാൽ അതിനെക്കുറിച്ച് നിങ്ങൾചിന്തിക്കും എന്ന്. തിരുവെഴുത്ത് പറയുന്നത് ആ ചിന്തകൾക്ക് പകരമായി നാം ദൈവീക ചിന്തകൾക്ക് സ്ഥാനം കൊടുക്കണം, ഈ ചിന്തകൾ നമുക്കു നേരെ വരുന്നതായി കാണുമ്പോഴും, നമ്മൾ ചിന്തിക്കരുതാത്ത കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ ഇടയാകുമ്പോഴും, നാം ഉടൻ തന്നെ ക്രിസ്തുവിലുള്ള നമ്മുടെ പുതിയ വ്യക്തിത്വത്തെക്കുറിച്ച്

നമ്മുടെ മനസ്സിനെ ഉണർത്തേണം. ഉടനെ തന്നെ കർത്താവിങ്കലേക്ക് തിരിഞ്ഞ്, അവനുമായി, ഒരു താളിൽ കാണുന്ന വാക്കുകളുമായല്ല, പിന്നെയോ, ആ വാക്കുകളുടെ പിന്നിലുള്ള ദൈവവവുമായി ബന്ധപ്പെടണം. വേദപുസ്തകത്തിൽ റോമർ 8:6 ൽ പറയുന്നു, നാം അങ്ങിനെ ചെയ്യുമ്പോൾ, നമ്മുടെ മനസ്സിനെ ദൈവത്തിലും ആത്മീയ കാര്യങ്ങളിലും ഉറപ്പിക്കുമ്പോൾ, ജീവിതവും ദൈവത്തിന്റെ സമാധാനവും തരുന്ന രൂപാന്തരം നാം കാണും. സഹോദരന്മാരേ, ഈ വക കാര്യങ്ങളേപ്പറ്റി ചിന്തിക്കുകയും, ഇന്നു തന്നെ, ക്രിസ്തു നമുക്കായി വാങ്ങിയ സ്വാതന്ത്ര്യത്തിൽ നടക്കുകയും ചെയ്വിൻ.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. റോമർ 12:1 വായിക്കുക. നമ്മുടെ ശരീരം കൊണ്ട് നാം എന്താണ ചെയ്യേണ്ടത്?

   **റോമർ 12:1–2** – *സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.*

2. റോമർ 12:2 വായിക്കുക. തിരുവെഴുത്തു നമ്മോട് പറയുന്നു നമ്മൾ ................................................................ വ്യത്യസ്ഥരായിരിക്കണം.

3. അപ്പോ. 17:11 വായിക്കുക. നമ്മുടെ ചിന്താഗതി ഏതിൻ പ്രകാരം ആയിരിക്കണം?

   **അപ്പോ. 17:11** – *അവർ തെസ്സലോനീക്കയിൽ ഉള്ളവരേക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനംപ്രതി തുരുവെഴുത്തുകളെ പരിശോധിച്ചു പോന്നു.*

4. റോമർ 8:5–6 വായിക്കുക. ആത്മീയ മനസ്സോടെ ഇരിക്കുക എന്നത് ................................................................ ആകുന്ന.

   **റോമർ 8:5–6** *ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മ സ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു. ജഡത്തിന്റെ ചിന്ത മരണം, ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ.*

5. റോമർ 12: 1–2 വായിക്കുക. ഈ വാക്യപ്രകാരം നമ്മൾ ചെയ്യേണ്ട രണ്ടു കാര്യങ്ങൾ എന്തൊക്കെ?

6. യെശയ്യാവ് 26:3–4 വായിക്കുക. നമ്മൾക്ക് എങ്ങനെ പൂർണ്ണ സമാധാനത്തിൽ നിലനിൽക്കാൻ കഴിയും?

**യെശയ്യാവ് 26:3–4** *സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്ക കൊൺട് നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു. യഹോവയാം കർത്താവിൽ ശാശ്വതമായ ശക്തി ഉള്ളതിനാൽ, യഹോവയിൽ എന്നേക്കും ആശ്രയിപ്പിൻ.*

7. യെശയ്യാവ് 26:3 വായിക്കുക – ദൈവത്തിൽ നമ്മുടെ മനസ്സ് ആയിരിപ്പാനുള്ള ചില വഴികൾ എന്തൊക്കെയാണ്?

# ഉത്തര സൂചിക

1. റോമർ 12:1 വായിക്കുക. നമ്മുടെ ശരീരം കൊണ്ട് നാം എന്താണ ചെയ്യേണ്ടത്?

   ***ദൈവത്തിനായി സമർപ്പിക്കുക അല്ലെങ്കിൽ കൊടുക്കുക.***

2. റോമർ 12:2 വായിക്കുക. തിരുവെഴുത്തു നമ്മോട് പറയുന്നു നമ്മൾ ........................................................................ വ്യത്യസ്ഥരായിരിക്കണം

   ***ലോകത്തിൽ അല്ലെങ്കിൽ അവിശ്വാസികളിൽ നിന്ന്***

3. അപ്പോ. 17:11 വായിക്കുക. നമ്മുടെ ചിന്താഗതി ഏതിൻ പ്രകാരം ആയിരിക്കണം?

   ***തിരുവെഴുത്ത്, ദൈവവചനം***

4. റോമർ 8:5–6 വായിക്കുക. ആത്മീയ മനസ്സോടെ ഇരിക്കുക എന്നത് ........................................................................ ആകുന്നു.

   ***ജീവനും സമാധാനവും***

5. റോമർ 12: 1–2 വായിക്കുക. ഈ വാക്യപ്രകാരം നമ്മൾ ചെയ്യേണ്ട രണ്ടു കാര്യങ്ങൾ എന്തൊക്കെ?

   ***ജീവനുള്ള യാഗമായി ദൈവത്തിനു സമർപ്പിക്കുക, മനസ്സു പുതുക്കാൻ തുടങ്ങുക.***

6. യെശയ്യാവ് 26:3–4 വായിക്കുക. നമ്മൾക്ക് എങ്ങനെ പൂർണ്ണ സമാധാനത്തിൽ നിലനിൽക്കാൻ കഴിയും?

   ***നമ്മുടെ മനസ്സ് കർത്താവിൽ കേന്ദ്രീകരിക്കുക.***

7. യെശയ്യാവ് 26:3 വായിക്കുക – ദൈവത്തിൽ നമ്മുടെ മനസ്സ് ആയിരിപ്പാനുള്ള ചില വഴികൾ എന്തൊക്കെയാണ്?

***പ്രാർത്ഥന, ദൈവത്തെ വാഴ്ത്തുക, ദൈവവചനധ്യാനം, സ്തോത്രം ചെയ്യുക ഇത്യാദി***

പാഠം – 4

# ക്രിസ്തുവിന്റെ സഭയുടെ പ്രാധാന്യം

### *ഡോൺ ക്രോ*

ഇന്ന് നാം ക്രിസ്തുവിന്റെ സഭയുടെ പ്രാധാന്യത്തെക്കുറിച്ച് ആണ് പരാമർശിക്കുന്നത്. എബ്രായർ 10:25 ഇതോടനുബന്ധിച്ച് വായിക്കാം. *"ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു."* ക്രിസ്തുവിന്റെ സഭയുടെ പ്രാധാന്യത്തെക്കുറിച്ച് നാം വിശകലനം ചെയ്യുമ്പോൾ എന്റെ ചോദ്യം "എന്താണ് സഭ?"

കോളറാഡോ സ്പ്രിംഗിസിലെ ഒരു പ്രാദേശിക സഭയിൽ ഞാൻ ശിഷ്യത്വ സുവിശേഷവത്കരണം എന്ന പാഠ്യക്രമം കൊണ്ടുപോയി. ഇത് ഉപയോഗിക്കാൻ ആൾക്കാരെ ഞങ്ങൾ പരിശീലിപ്പിച്ചു. അത് പൊതു സ്ഥലങ്ങളിലും ഞങ്ങൾ ഉപയോഗിച്ചു. ഈ പ്രാദേശിക സഭയുമായി ആറ് ആഴ്ച പ്രവർത്തിക്കുന്നതിനിടയിൽ, ഈ പ്രാദേശിക സഭയ്ക്ക് പുറമെ, 20 വേദപഠന ക്ലാസ്സുകൾ ഞങ്ങൾ സ്ഥാപിച്ചു. മാസങ്ങളോളം വേദപഠന ക്ലാസ്സുകളിൽ ഇവരുടെ കൂടെ ഞങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നു. "നിനക്കറിയാമല്ലോ, വേദപുസ്തകം പറയുന്നു രക്ഷിക്കപ്പെടേണ്ടവരെ ദൈവം ദിനംപ്രതി സഭയോട് ചേർത്ത് കൊണ്ടിരുന്നു എന്ന്. ഈ വേദപഠന ക്ലാസ്സുകളിൽ നിന്നും ആൾക്കാർ ഈ സഭയിൽ വരാത്തത് എന്താണ്?" എന്ന് പാസ്റ്റർ എന്നോട് ചോദിച്ചത് എന്നെ ചിന്താക്കുഴപ്പത്തിലാക്കി.

ഞങ്ങളുടെ പുറമേയുള്ള പ്രവർത്തനം വഴി ജനങ്ങൾ രക്ഷിക്കപ്പെടുകയും, ശിഷ്യരാക്കപ്പെടുകയും, ശുശ്രൂക്കപ്പെടുകയും ചെയ്തിരുന്നു. ആ പാസ്റ്റർ ശരിക്കും അർഥമാക്കിയത്, "ഞായറാഴ്ച രാവിലെ

ഒന്നിച്ചു കൂടാൻ അവർ ഈ കെട്ടിടത്തിൽ വരാത്തതെന്ത്?" എന്നാണ്. സഭയെക്കുറിച്ചുള്ള എന്റെ ആശയം അല്പം വ്യത്യസ്തമായിരുന്നു. പാസ്റ്റർ പറഞ്ഞത് എന്നെ വിഷമത്തിലാക്കി, എന്തു ചെയ്യണമെന്ന് എനിക്കറിവുണ്ടായിരുന്നില്ല. ഞാൻ ചിന്തിച്ചു, ഈ ശിഷ്യത്വ സുവിശേഷവത്കരണം *ശരിക്കും ഫലവത്താകുന്നുണ്ടോ? ആളുകളുടെ ജീവിതത്തിലേക്ക് കടന്ന ചെല്ലുവാൻ ഞങ്ങൾക്ക് കഴിയുന്നുണ്ടോ?* ഞങ്ങൾ വളരെ ആൾക്കാരിലേക്ക് എത്തുന്നുണ്ടായിരുന്നു എന്ന് എനിക്കറിയാമായിരുന്നു. പക്ഷേ, അവർ ഞായറാഴ്ച രാവിലെ ശുശ്രൂഷയിൽ വരാത്തതെന്ത് എന്നതാണ് എന്നെ ആശയക്കുഴപ്പത്തിലാക്കിയത്.

"സഭ" എന്ന പദത്തെക്കുറിച്ച് ഒരു പഠനം നടത്തുവാൻ ഞാൻ തീരുമാനി ച്ചു. ആ പഠനത്തിലൂടെ ഞാൻ മനസ്സിലാക്കിയതാണ് ഈ പാഠത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് റോമർ 16:3, 1 കൊരിന്ത്യർ 16:19, കൊലോസ്യർ 4:15, ഫിലെമോൻ 2, അപ്പോ. 5:42, അപ്പോ. 2:20 ഈ ഭാഗങ്ങളിൽ വേദപു സ്തകം പ്രാഥമികമായും പറയുന്നത്, പുതിയ നി യമ സഭ ആരുടെ എങ്കിലും ഭവനത്തിൽ കൂടിയിരുന്നതിനേക്കുറിച്ചാണ്. പല തരത്തിലുള്ള സഭകൾ ഉള്ള കാര്യം എനിക്കറിയാം. വീട്ടിൽ കൂടുന്ന സഭകളുണ്ട്, ചെറുതും വലുതും ആയ കൂട്ടങ്ങൾ ഉള്ളവയുണ്ട്, വളരെ വലിയ സഭകളും ഉണ്ട്. തിരുവെഴുത്തിൽ, എന്റെ ശ്രദ്ധയെ ആകർഷിച്ച ഒരു കാര്യം, പുതിയ നിയമസഭ ചെറിയ കൂട്ടങ്ങളായി അംഗങ്ങളുടെ ഭവനങ്ങളിൽ കൂടി വന്നിരുന്നു എന്നതാണ്.

Lawrence O Richards ന്റെ *The Expository of Bible Words* (page 164) ൽ പറയുന്നത് 'Church' എന്ന പദം പല ആശയത്തിൽ ഉപയോഗിച്ചിരിക്കുന്നതിനാൽ ആശയക്കുഴപ്പം ഉണ്ടാകാൻ വഴിയുണ്ട്. അത് ഒരു കെട്ടിടം ആകാം (ഉദാഹരണം 4th Street – ലെ ദേവാലയം) ഒരു പ്രത്യേകവിഭാഗമോ അമേരിക്കയിലെ reformed church or Baptist church അതുപോലെ വിശ്വാസത്തിന്റെ അടിസ്ഥാനമോ അല്ലെങ്കിൽ ഞായറാഴ്ച്ച തോറും ഉള്ള യോഗമോ (ഉദാഹരണം ഇന്നു ദേവാലയത്തിൽ പോയോ) ഒക്കെ ആകാം. എന്നാൽ ഇവയൊന്നും വേദപുസ്തക അടിസ്ഥാനത്തിൽ ഉള്ളതല്ല. ഞാൻ ചിന്തിക്കാൻ തുടങ്ങി, *ഇതിന്റെ അർത്ഥം എന്താണ്?* 'Church' *എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥം എന്താണ്?* ഞാൻ ഉദ്ധാരണം തുടരട്ടെ. അതു ഇങ്ങിനെ പറയുന്നു "സഭ എന്നാൽ ആരാധന യിൽ ഏർപ്പെടുന്ന ഒരു കൂട്ടം എന്നതിലുപരി, മതശുശ്രൂഷകൾക്കായി ഉപ യോഗിക്കുന്ന ഒരു കെട്ടിടം എന്ന വളരേപ്പേർ വിചാരിക്കുന്നതുകൊണ്ട്,

അത് തെറ്റായ ധാരണ ഉളവാക്കുന്നു.” ‘Church’ എന്നത് ഗ്രീക്ക് ഭാഷയിൽ *‘EKKLESIA’* എന്നാണ്. അക്ഷരാർത്ഥത്തിൽ അത് ആരാധനയ്ക്കായും ദൈവത്തെ സ്തുതിക്കുവാനും ദൈവത്തിലേക്ക് നോക്കുവാനും ഉള്ള, ആളുകളുടെ ഒരു കൂട്ടമാണ്. ഞാൻ വേറെ ചില കാര്യങ്ങൾ കൂടി ഇവിടെ വായിക്കട്ടെ. അത് ഇപ്രകാരം പറയുന്നു. “പുതിയ നിയമത്തിൽ EKKLESIA എന്ന പദപ്രയോഗത്തിൽ എണ്ണമറ്റ വിശ്വാസികളെ ഉൾക്കൊള്ളിക്കാം. ഭവനങ്ങളിൽ കൂടി വന്നിരുന്ന ചെറിയ കൂട്ടത്തെ കാണിക്കാനായി ഉപ യോഗിക്കാം (റോമർ 16:5). ഒരു വലിയ നഗരത്തിലുള്ള വിശ്വാസികളെ ആകമാനം ഉൾക്കൊള്ളുന്നതാകാം. (അപ്പോ. 11:22) ഏഷ്യ അല്ലെങ്കിൽ ഗലാത്യ പോലെ ഭൂമിശാസ്ത്രപരമായ ഒരു ജില്ല ആകാം.” അത് ഇങ്ങിനെ തുടരുന്നു, “സാധാരണ ഒരു സഭായോഗം ഒരു ഭവനത്തിലായിരുന്നു. അങ്ങിനെ കൂടുമ്പോൾ, ഓരോരുത്തർക്കും ഒരു പാട്ട്, പ്രബോധനം, വെളിപ്പാട്, അന്യഭാഷ അല്ലെങ്കിൽ അതിന്റെ വ്യാഖ്യാനം ഉൺടായിരുന്നു. (1 കൊരിന്ത്യർ 14:26) വ്യക്തികൾ സംസാരിക്കയും മറ്റുള്ളവർ അത് വിവേചിക്കുകയും ചെയ്തു പോന്നു (1 കൊരിന്ത്യർ 14:29). ഇങ്ങിനെ വചനം പങ്കിട്ടത് വിശ്വാസികളുടെ കൂട്ടം ആയ സഭയുടെ നിലനിൽപ്പിന് വളരെ അത്യന്താപേക്ഷിതമായിരുന്നു. വ്യക്തിപരമായ സഹകരണവും തങ്ങൾക്കുള്ള ആത്മീയ കൃപാവരങ്ങളാൽ ഉള്ള ശുശ്രൂഷയും ചെയ്യുവാൻ ഓരോരുത്തരും അവർ നിർവ്വഹിക്കേിയ പങ്കായി കരുതിപ്പോന്നു.”

എബ്രായർ 10:25 പറയുന്നു, *“സഭായോഗങ്ങളെ ഉപേക്ഷിക്കാതെ”* സഭ എന്നത് യേശുവിങ്കലേക്ക് നോക്കുവാനും, യേശുവിനെ സ്തുതിക്കുവാനും, കർത്താവിൽ നിന്ന് നിർദ്ദേശം ലഭിക്കുവാനും, ആ നിർദ്ദേശപ്രകാരം ജീവിക്കുവാനും ഉള്ള ജനങ്ങളുടെ ഒരു കൂടി വരവാണ്. ആത്മീക വർദ്ധനയായിരുന്നു പുതിയ നിയമത്തിലെ സഭയുടെ പ്രാഥമിക ഉദ്ദേശ്യം. പരസ്പരം വിശ്വാസത്തിൽ കെട്ടിപ്പടുക്കുക എന്ന ഉദ്ദേശ്യത്തിൽ അവർ ഒന്നിച്ചു കൂടി.

ആദിമസഭ ഒരു സുവിശേഷവത്കരണ സഭ ആയിരുന്നു. ആൾക്കാർ അങ്ങിങ്ങായി പാർത്തിരുന്നു, യേശുവിലുള്ള തങ്ങളുടെ വിശ്വാസത്തെ പങ്കുവച്ചുകൊൺട്. അവർ അതു ചെയ്തപ്പോൾ, കർത്താവ് അനു തപിച്ചവരേയും വിശ്വസിച്ചവരേയും സഭയോട് – ഒരു കെട്ടിടത്തോട് അല്ല – ദൈവജനത്തോട് ചേർത്തുകൊൺടിരുന്നു. അപ്പോൾ അവർ, അന്യോന്യം പ്രോത്സാഹിപ്പിക്കുവാനും, അവരുടെ ആത്മീയവരങ്ങളെ ഉപയോഗിക്കുവാനും, പരസ്പരം ശുശ്രൂഷ ചെയ്യുവാനും,

പരസ്പരമുള്ള കൂട്ടായ്മക്ക് സമയം ഉണ്ടാകുവാനമായി ഭക്ഷണം പങ്കുവച്ചുകൊണ്ട് ഒന്നിച്ചുകൂടി. അവർ ഒന്നിച്ചിരുന്നപ്പോൾ, പരസ്പരം പ്രോത്സാഹിപ്പിക്കുവാനായി അവരുടെ ആത്മീയ വരങ്ങളെ അവർ ഉപ യോഗിച്ചു. അതിനുശേഷം അവർ പുറത്തു പോയി വചനം പ്രസംഗിക്കും, ഈ സമ്പ്രദായം ആവർത്തിച്ചുകൊണ്ടിരുന്നു. അവർ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു, അങ്ങിനെ അവരെല്ലാവരും ഒന്നിച്ചു കൂടി. എവിടെയാണ് അവർ കൂടിയത് എന്നതിന് പ്രസക്തിയില്ല. അത് ഒരു കെട്ടിടമോ, ആരുടെ എങ്കിലും വീടോ ആകാം. അത് ഒരു വലിയ കൂട്ടമോ, ഭവനങ്ങളിൽ കൂടുന്ന ഒരു ചെറിയ കൂട്ടമോ ആകാം. അവർ യേശുവിന്റെ നാമത്തിൽ, അവരുടെ വരങ്ങളെ ഉപയോഗിക്കുവാനും, പരസ്പരം ബലപ്പെടുത്തുവാനും, കൂട്ടായ്മ ആചരിയ്ക്കുവാന,ും, തൽഫലമായി ആത്മീക വർദ്ധന വരുത്തുവാനും ക്രിസ്തുയേശുവിൽ പരസ്പരം പണിയപ്പെടുക എന്ന അടിസ്ഥാന ഉദ്ദേശംപ്രകാരം കൂടി വരുന്നിടത്തോളം കാലം, അത്തരത്തിൽ കൂടി വന്നിരുന്നവരുടെ അംഗസംഖ്യയ്ക്കു പ്രസക്തിയില്ലായിരുന്നു.

ഞാൻനേരത്തെപറഞ്ഞആപ്രാദേശികസഭവഴി,നഗരത്തിൽ20വ്യത്യസ്ഥ സ്ഥലങ്ങളിലായി ഞങ്ങൾ നടത്തി വന്ന വേദപുസ്തക പഠനത്തിലൂടെ, ശിഷ്യത്വ സുവിശേഷവത്കരണം കൊണ്ട് ഞങ്ങൾ ചെയ്തുകൊണ്ടിരുന്നത്, ഞങ്ങൾ 20 വ്യത്യസ്ഥ സഭകളിൽ കൂടിക്കൊണ്ടിരിക്കുകയായിരുന്നു എന്ന് എനിക്കു മനസ്സിലായി. അത് ഇന്ന് നാം അറിയുന്നതുപോലെ ഉള്ള സഭ അല്ലായിരുന്നു, എങ്കിലും “സഭ” പോലെ, ആഴ്ചയിൽ 20 പ്രാവശ്യം ഞങ്ങൾ കൂടിവരികയായിരുന്നു, എന്തുകൊണ്ടെന്നാൽ പരസ്പരം പ്രോ ത്സാഹിപ്പിക്കുവാനും, യേശുവിലേക്ക് നോക്കുവാനും, തിരുവെഴുത്തിൽ നിന്നും ഉപദേശിക്കപ്പെടുവാനും, ആത്മീയ വരങ്ങൾ ഉപയോഗിക്കുവാനും ആയി യേശുവിന്റെ നാമത്തിൽ ഞങ്ങൾ കൂടിക്കൊണ്ടിരുന്ന

നിങ്ങൾ ഏത് കൂട്ടായ്മയിൽ പോകുന്നു എന്നതല്ല വിഷയം – ഒരു വിഭാഗത്തിലോ, വേറൊന്നിലോ അല്ലെങ്കിൽ ഒരു വലിയ സഭയിലോ, ഒരു ചെറിയ ഭവനത്തിലെ കൂട്ടത്തിലോ – വചനം പറയുന്നത് കർത്താവിന്റെ നാൾ സമീപിക്കുന്നതും, പാപം വർദ്ധിക്കുന്നതും കാണുമ്പോൾ, ദൈവകൃപ വളരെ അധികം വർദ്ധിക്കുന്നു. ഈ ദൈവജന കൂട്ടായ്മകളിൽ, കൃപ വർദ്ധിക്കാൻ പോകുന്നു. യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ പങ്കുള്ള വിശ്വാസികൾ ഉള്ള സഭയിൽ, നിങ്ങളുടെ ആത്മീയ വരങ്ങൾ

ഉപയോഗിക്കുമ്പോൾ, നിങ്ങൾക്ക് പരസ്പരം ശുശ്രൂഷിക്കാനും, ഉദ്ബോധിപ്പിക്കാനും, പ്രോത്സാഹിപ്പിക്കാനും കഴിയും.

ഇങ്ങനെ വിശ്വാസികളുടെ കൂട്ടമായി നാം കൂടി വരുമ്പോൾ അത് എല്ലാവർക്കും പ്രയോജനപ്പെടുന്നു. കർത്താവായ യേശുവിന്റെ നാമത്തിൽ ഇങ്ങനെ കൂടുന്നത് രൺടോ മൂന്നോ പേരു മാത്രമെ ഉള്ളു എങ്കിലും, നാം പതിവായി കൂടേൺടത് ആവശ്യമാണ്. അങ്ങിനെ കൂടി വരുന്നത് നമ്മുടെ ആത്മീയ വരങ്ങൾ ഉപയോഗപ്പെടുത്താനും, തമ്മിൽ തമ്മിൽ പ്രബോധിപ്പിക്കുവാനും, പരസ്പരം പ്രോത്സാഹിപ്പിക്കുവാനും, ഒരുമിച്ച് യേശുവിലേക്ക് നോക്കുവാനും പരസ്പരം പ്രാർത്ഥിക്കുവാനും നല്ല അവസരങ്ങളാണ്. നമുക്ക് ധാരാളം കാര്യങ്ങൾ സഭയെക്കുറിച്ച് പറയുവാൻ കഴിയും. മൂപ്പന്മാർ, ഇടയന്മാർ, സഭാഭരണം ഇവയെക്കുറിച്ചെല്ലാം ന മുക്കു പറയാൻ കഴിയും, എന്നാൽ അതല്ല ഈ പാഠത്തിന്റെ ഉദ്ദേശ്യം. ഈ പാഠത്തിന്റെ ഉദ്ദേശ്യം, സഭ എന്താണെന്നും, ഒരു ഒറ്റപ്പെട്ട ദ്വീ പുവാസിയെപ്പോലെ നാം ഒറ്റപ്പെട്ടു ഇരിക്കേൺട ആവശ്യം ഇല്ല എന്നും അറിയുക എന്നതാണ്. അങ്ങനെ അതിജീവിക്കാൻ നമുക്കു സാധ്യമല്ല. നാം രക്ഷ സ്വീകരിച്ചപ്പോൾ, ദൈവം നമ്മെ ക്രിസ്തുവിന്റെ ശരീരത്തിന്റെ – ഭൂലോകം എങ്ങും ഉള്ള വിശ്വാസികളുടെ സംഘത്തിന്റെ – ഭാഗം ആക്കി. നമുക്ക് പരസ്പരം ആവശ്യമുൺട്. പരസ്പരം പ്രോത്സാഹിപ്പിക്കുവാനും, ദൈവം നമുക്കു തന്നിട്ടുള്ള ആത്മീയ വരങ്ങളിലൂടെ പരസ്പരം സേവ ചെയ്യുവാനും ആയി, ദൈവത്തിന്റെ സഭയായി, നാം ഒരുമിച്ചു കൂടേൺടിയിരിക്കുന്നു. ദൈവമക്കളുമായി കൂടി വരുവാൻ ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. എബ്രായർ 10:25 വായിക്കുക. എന്താണ് നാം ഉപേക്ഷിക്കരുതാത്തത്?

   **എബ്രായർ 10:25** – *ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു.*

2. അപ്പോ.പ്രവൃത്തികൾ 5:42 വായിക്കുക. ദിനംപ്രതി യേശു ദേവാലയത്തിലും, വീടുതോറും .........................., ..............................

   **അപ്പോ.പ്രവൃത്തികൾ 5:42** – *പിന്നെ അവർ ദിനംപ്രതി ദൈവാലയത്തിലും വീടുതോറും യേശുക്രിസ്തുവിനേക്കുറിച്ച് പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നു. (see KJV Bible)*

3. അപ്പോ.പ്രവൃത്തികൾ 2:42 വായിക്കുക. ഏതു നാല് കാര്യങ്ങളാണ് ആദിമസഭ തുടർന്നുകൊണ്ടിരുന്നത്?

   **അപ്പോ.പ്രവൃത്തികൾ 2:42** – *അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു.*

4. അപ്പോ.പ്രവൃത്തികൾ 2:44–45 വായിക്കുക. ശരിയോ തെറ്റോ: ആദിമസഭ പള്ളിയിൽ കാർ പാർക്കിംഗ് ഉണ്ടാക്കാൻ പണം കൊടുക്കുന്നതു തുടർന്നുകൊണ്ടിരുന്നു.

   **അപ്പോ.പ്രവൃത്തികൾ 2:44–45** – *വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു. സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവനു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും*

5. 1 കൊരിന്ത്യർ 12:28 വായിക്കുക. ദൈവം തന്റെ സഭയിൽ വെച്ചിട്ടുള്ള 8 തരത്തിലുള്ള ദാനങ്ങൾ എന്തൊക്കെയാണ്?

**1 കൊരിന്ത്യർ 12:28** – *ദൈവം സഭയിൽ ഒന്നാമതു അപ്പോസ്തലന്മാർ, രണ്ടാമതു പ്രവാചകന്മാർ, മൂന്നാമതു ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കുകയും, പിന്നെ വീര്യപ്രവൃത്തികൾ, രോഗശാന്തികളുടെ വരം, സഹായം ചെയ്വാനുള്ള വരം, പരിപാലന വരം, വിവിധ ഭാഷാ വരം എന്നിവ നല്കുകയും ചെയ്തു.*

6. 1 കൊരിന്ത്യർ 14: 26 വായിക്കുക – ദൈവജനം സഭയായ് കൂടി വന്നപ്പോൾ ദാനങ്ങൾ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അങ്ങിനെ അവർ കൂടി വന്നപ്പോൾ സംഭവിച്ച 5 കാര്യങ്ങൾ എന്തൊക്കെയാണ്?

**1 കൊരിന്ത്യർ 14:26** – *ആകയാൽ എന്തു സഹോദരന്മാരെ? നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തനു സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപ്പാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്, സകലവും ആത്മീക വർദ്ധനെക്കായി ഉതകട്ടെ.*

7. അപ്പോ പ്രവൃത്തികൾ 6:1 വായിക്കുക. പുതിയ നിയമത്തിലെ ആദിമസഭ ........................................................................ ഭക്ഷണം പങ്കിട്ടു?

**അപ്പോപ്രവൃത്തികൾ 6:1** *വായിക്കുക – ആ കാലത്തു ശിഷ്യന്മാർ പെരുകി വരുമ്പോൾ തങ്ങളുടെ വിധവമാരെ ദിനംപ്രതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്നു യവനഭാഷക്കാർ എബ്രായഭാഷാരുടെ നേരെ പിറുപിറുത്തു.*

8. യാക്കോബ് 1:27 വായിക്കുക. ദൈവം ശ്രദ്ധിക്കുന്ന ഒരേ ഒരു മതമാണ് ..............................................................................................

**യാക്കോബ് 1:27** – *പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ, അനാഥരെയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു.*

9. 1 തിമൊ. 5: 9–11 വായിക്കുക. പുതിയ നിയമത്തിലെ ആദിമസഭ സഹായിച്ചിരുന്ന വിധവകൾക്കു വേൺടിയിരുന്ന യോഗ്യതകൾ എന്തൊക്കെയാണ്?

**1 തിമൊ. 5: 9–11** – *സൽപ്രവൃത്തികളാൽ ശ്രുതിപ്പെട്ടു ഏകഭർത്താവിന്റെ ഭാര്യയായിരുന്നു അറുപതു വയസ്സിനു താഴെയല്ലാത്ത വിധവ മക്കളെ വളർത്തുകയോ അതിഥികളെ സല്ക്കരിക്കയോ വിശുദ്ധന്മാരുടെ കാലുകളെ കഴുകുകയോ ഞെരുക്കമുള്ളവർക്ക് മുട്ടു തീർക്കുകയോ സർവ്വ സൽപ്രവൃത്തിയും ചെയ്തു പോരുകയോ ചെയ്തു എങ്കിൽ അവളെ തിരഞ്ഞെടുക്കാം. ഇളയ വിധവമാരെ ഒഴിക്ക, അവർ ക്രിസുതുവിനു വിരോധമായി പുളെച്ചു മദിക്കുമ്പോൾ വിവാഹം ചെയ്‌വാൻ ഇച്ഛിക്കും.*

10. 1 കൊരിന്ത്യർ 9:14 വായിക്കുക. വിധവമാരും അനാഥരും ദരിദ്രരും അല്ലാതെ, സഭ സഹായിച്ചിരുന്നവർ ആരാണ്?

**1 കൊരിന്ത്യർ 9:14** – *അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കേണം എന്നു കല്പിച്ചിരിക്കുന്നു.*

11. മത്തായി 25: 35–40 വായിക്കുക. വഴിപാട് ഇടുന്നതു മാത്രമേ ദൈവത്തിനു കൊടുക്കുവാനായി ഉള്ള ഏകവഴി എന്ന് ജനം ചിന്തിക്കുന്നതെന്തുകൊൺട്?

**മത്തായി 25: 35–40** – *എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു, ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊൺടു, നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു, രോഗിയായിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നു, തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിനു നീതിമാന്മാർ അവനോട്, കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കൺടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കൺടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കൺടിട്ടു ചേർത്തുകൊൾകയോ നഗ്നനായി കൺടിട്ടു ഉടുപ്പിക്കയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കൺടിട്ടു*

*ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നു ഉത്തരം പറയും. രാജാവ് അവരോട് എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും.*

12. അപ്പോ പ്രവൃത്തികൾ 4:32–35 & സദൃശവാക്യങ്ങൾ 3: 9–10 വായിക്കുക. ആദിമസഭയിലെ മൂപ്പന്മാരും ഇടയന്മാരും ധനം കൊണ്ട് എന്തു ചെയ്തു?

**അപ്പോ പ്രവൃത്തികൾ 4:32–35** – *വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു. തനിക്കുള്ളത് ഒന്നും സ്വന്തം എന്ന് ആരും പറഞ്ഞില്ല . സകലവും അവർക്ക് പൊതുവായിരുന്നു. അപ്പോസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യം പറഞ്ഞുവന്നു. എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരിക്കുന്നു. മുട്ടുള്ളവർ ആരും അവരിൽ ഉണ്ടായിരുന്നില്ല. നിലങ്ങളുടേയോ വീടുകളുടേയോ ഉടമസ്ഥരായവർ ഒക്കെയും അവയെ വിറ്റു വില കൊണ്ടുവന്നു അപ്പോസ്തലന്മാരുടെ കാൽക്കൽ വയ്ക്കും. പിന്നെ ഓരോരുത്തരും അവനവന്റെ ആവശ്യംപോലെ വിഭാഗിച്ചുകൊടുക്കും.*

**സദൃശ്യവാക്യങ്ങൾ 3: 9–10** – *യഹോവയെ നിന്റെ ധനം കൊണ്ടും എല്ലാ വിളവിന്റേയും ആദ്യഫലം കൊണ്ടും ബഹുമാനിക്ക. അങ്ങനെ നിന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും. നിന്റെ ചക്കുകളിൽ വീഞ്ഞു കവിഞ്ഞൊഴുകും.*

# ഉത്തര സൂചിക

1. എബ്രായർ 10:25 വായിക്കുക – എന്താണ് നാം ഉപേക്ഷിക്കരുതാത്തത്?

   ***വിശ്വാസികളായി ഒരുമിച്ചുള്ള കൂടിവരവ്***

2. അപ്പോ.പ്രവൃത്തികൾ 5:42 വായിക്കുക. ദിനംപ്രതി യേശു ദേവാലയത്തിലും, വീടുതോറും .......................... ..............................

   ***പഠിപ്പിക്കപ്പെടുകയും പ്രസംഗിക്കപ്പെടുകയും ചെയ്തു***

3. അപ്പോ.പ്രവൃത്തികൾ 2:42 വായിക്കുക. ഏതു നാല് കാര്യങ്ങളാണ് ആദിമസഭ തുടർന്നുകൊണ്ടിരുന്നത്?

   ***അപ്പോസ്തലന്മാരുടെ ഉപദേശത്തിലും, കൂട്ടായ്മയിലും, അപ്പം നുറുക്കുന്നതിലും (ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതിലും, Communion -ൽ പങ്കു ചേരുന്നതിലും), പ്രാർത്ഥനയിലും***

4. അപ്പോ.പ്രവൃത്തികൾ 2:44-45 വായിക്കുക. ശരിയോ തെറ്റോ: ആദിമസഭ പള്ളിയിൽ കാർ പാർക്കിംഗ് ഉണ്ടാക്കാൻ പണം കൊടുക്കുന്നതു തുടർന്നുകൊണ്ടിരുന്നു.

   ***തെറ്റ്***

5. 1 കൊരിന്ത്യർ 12:28 വായിക്കുക. ദൈവം തന്റെ സഭയിൽ വെച്ചിട്ടുള്ള 8 തരത്തിലുള്ള ദാനങ്ങൾ എന്തൊക്കെയാണ്?

   ***അപ്പോസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കൾ, അത്ഭുതങ്ങൾ ചെയ്യുന്നവർ, രോഗശാന്തി വരമുള്ളവർ, സഹായം ചെയ്യുന്നവർ, പരിപാലനം ചെയ്യുന്നവർ, അന്യഭാഷയിൽ സംസാരിക്കുന്നവർ***

6. 1 കൊരിന്ത്യർ 14: 26 വായിക്കുക – ദൈവജനം സഭയായ് കൂടി വന്നപ്പോൾ ദാനങ്ങൾ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഉൺടായിരുന്നു. അങ്ങിനെ അവർ കൂടി വന്നപ്പോൾ സംഭവിച്ച 5 കാര്യങ്ങൾ എന്തൊക്കെയാണ്?

*ഒരാൾക്ക് ഒരു കീർത്തനം, ഒരാൾക്ക് ഒരു ഉപദേശം, വേറൊരാൾ ദൈവത്തിൽ നിന്നും തനിക്കു ലഭിച്ച വെളിപ്പാട് പറയും, ഒരാൾ അന്യഭാഷയിൽ സംസാരിക്കും, വേറൊരാൾ ആ അന്യഭാഷയുടെ വ്യാഖ്യാനം വിശദീകരിക്കും.*

7. അപ്പോ പ്രവൃത്തികൾ 6:1 വായിക്കുക. പുതിയ നിയമത്തിലെ ആദിമസഭ ........................................................................ ഭക്ഷണം പങ്കിട്ടു?

*വിധവകളുമായി*

8. യാക്കോബ് 1:27 വായിക്കുക. ദൈവം ശ്രദ്ധിക്കുന്ന ഒരേ ഒരു മതമാണ് ................................................................................................

*അനാഥരേയും വിധവകളേയും അവരുടെ സങ്കടത്തിൽ സഹായിക്കുക.*

9. 1 തിമൊ. 5: 9–11 വായിക്കുക. പുതിയ നിയമത്തിലെ ആദിമസഭ സഹായിച്ചിരുന്ന വിധവകൾക്കു വേൺടിയിരുന്ന യോഗ്യതകൾ എന്തൊക്കെയാണ്?

*കുറഞ്ഞത് അറുപതു വയസ്സ് എങ്കിലും ആയിരിക്കണം, ഭർത്താവിനോടു വിശ്വസ്തയായിരിക്കണം, സൽപ്രവൃത്തികളാൽ എല്ലാവരാലും ബഹുമാനിക്കപ്പെടുന്നവളായിരിക്കണം. അവളുടെ കുട്ടികളെ നന്നായി വളർത്തിയോ? അതിഥികളോട് ദയാപൂർവം പെരുമാറിയോ? താഴ്മയോടെ മറ്റു വിശ്വാസികൾക്ക് സേവനം ചെയ്തോ? ഞെരുക്കമുള്ളവർക്ക് സഹായം ചെയ്തോ? നന്മ ചെയ്യാൻ എപ്പോഴും സന്നദ്ധയാണോ? പ്രായം കുറഞ്ഞ വിധവകൾ ഈ പട്ടികയിൽ പെടരുത്.* (See New Living Translation)

10. 1 കൊരിന്ത്യർ 9:14 വായിക്കുക. വിധവമാരും അനാഥരും ദരിദ്രരും അല്ലാതെ, സഭ സഹായിച്ചിരുന്നവർ ആരാണ്?

*വചനം പ്രസംഗിക്കുന്നവർ*

11. മത്തായി 25: 35–40 വായിക്കുക. വഴിപാട് ഇടുന്നതു മാത്രമേ ദൈവത്തിനു കൊടുക്കുവാനായി ഉള്ള ഏകവഴി എന്ന് ജനം ചിന്തിക്കുന്നതെന്തുകൊണ്ട്?

*അതാണ് അവരെ പഠിപ്പിച്ചിരുന്നത്*

12. അപ്പോ പ്രവൃത്തികൾ 4:32–35 & സദൃശവാക്യങ്ങൾ 3: 9–10 വായിക്കുക. ആദിമസഭയിലെ മൂപ്പന്മാരും ഇടയന്മാരും ധനം കൊണ്ട് എന്തു ചെയ്തു?

*ആവശ്യത്തിലിരുന്നവരെ സഹായിച്ചു, കൊടുക്കുന്നതിലൂടെ ദൈവത്തെ ബഹുമാനിച്ചുകൊണ്ട്*

## പാഠം – 5

# വിടുതൽ

### *ഡോൺ ക്രോ*

ഇന്ന് നാം ദുരാത്മശാസ്ത്രത്തെക്കുറിച്ചാണ് സംസാരിക്കാൻ പോകുന്നത്. യേശുവിന്റെ ഈ ലോകത്തിലെ ശുശ്രൂഷയുടെ കാലത്ത് ഭൂതങ്ങളെ പുറത്താക്കുക, രോഗികളെ സൗഖ്യമാക്കുക, മരിച്ചവരെ ഉയിർപ്പിക്കുക മുതലായതും മറ്റു പല അത്ഭുതങ്ങളും ചെയ്തിരുന്നു. തന്റെ ശുശ്രൂഷയുടെ ഏകദേശം കാൽഭാഗം, ആളുകളിൽ നിന്ന് ദുരാത്മാക്കളെ പുറത്താക്കാനായി യേശു ചെലവഴിച്ചു. വേദപുസ്തകം അപ്പോ.10:38 – ൽ പറയുന്നു, *"നസ്രായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ടു അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിച്ചതുമായ വിവരം തന്നേ നിങ്ങൾ അറിയുന്നുവല്ലോ."* കൂടാതെ 1 യോഹന്നാൻ 3:8 പറയുന്നു, *"പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷ നായി."* ദുരാത്മശാസ്ത്രത്തെക്കുറിച്ച് ഒരു വ്യത്യാസപ്പെട്ട കാഴ്ചപ്പാട് ആയിരുന്നു എനിക്കു നേരത്തെ ഉണ്ടായിരുന്നത് – അതായത്, ഭൂതങ്ങളും, ദുരാത്മാക്കളും അശുദ്ധാത്മാക്കളും, പിശാചുക്കളും അങ്ങിനെ എന്തു വേണമെങ്കിലും നിങ്ങൾക്കു വിളിക്കാം – ജീവനുള്ള സത്യദൈവത്തെ ആരാധിക്കാത്ത, ബിംബങ്ങളെ ആരാധിക്കുന്ന സ്ഥലങ്ങളായ ഭാരതത്തിലും മൂന്നാം ലോകരാജ്യങ്ങളിലും മാത്രമാണ് ഉള്ളത് എന്നായിരുന്നു. എന്നാൽ എന്റെ കാഴ്ചപ്പാട് തെറ്റായിരുന്നു.

ടെക്സാസിൽ ഡള്ളാസ് എന്ന സ്ഥലത്ത് ഒരു സഭയിൽ കുറച്ചു വർഷങ്ങൾക്കുമുമ്പ് എനിക്കുണ്ടായ ഒരു അനുഭവം പറയട്ടെ. എല്ലാവരും പാടിക്കൊണ്ടിരിക്കവെ ഒരു പെൺകുട്ടി പെട്ടന്ന് നിലത്തുവീണു. ആ കുട്ടിയ്ക്ക് ഒരു ചുഴലിദീനം ഉണ്ടായതുപോലെ തോന്നി. ഡോ.റൈയ്സ്

എന്നു പേരുള്ള ഒരു ഡോക്ടർ അവിടെ ഉൺടായിരുന്നു. ആ ദേവാലയത്തിനു സമീപത്തായി വീടുള്ളവർ അവിടെ ഉൺടായിരുന്നു. ആ ഡോക്ടർ പറഞ്ഞു, ആ പെൺകുട്ടിയെ അവിടെ കൊൺടുപോയി പരിശോധിക്കാം എന്ന്. ആ വീട്ടിൽ എത്തിയപ്പോൾ അവൾ ഒരു കാട്ടു പൂച്ച പോലെ ആയിരുന്നു. അവളുടെ കണ്ണുകൾ വലുതായി. ഏകദേശം 100 റാത്തലിൽ കുറഞ്ഞ തൂക്കമുള്ള ഈ ചെറിയ പെൺകുട്ടിയിൽ നിന്നും ഒരു ശക്തമായ പുരുഷശബ്ദം സംസാരിക്കുവാൻ തുടങ്ങി. ഈ ശബ്ദം എന്നെ വാക്കുകളാൽ ആക്രമിക്കാൻ വന്നുകൊൺടു പറഞ്ഞു, *"നീ നരകത്തിലേക്കാണ് പോകുന്നത്." "ഇല്ല, ഞാൻ നരകത്തിൽ പോകുകയില്ല,"* എന്നു ഞാൻ പറഞ്ഞു. ഇതിനുമുമ്പ് ഇത്തരത്തിലുള്ള കാഴ്ച ഞാൻ കൺടിട്ടില്ലാതിരുന്നതിനാൽ ഞാൻ ഭയപ്പെട്ടു. അതു പറഞ്ഞു, *"അതേ, നിങ്ങൾ നരകത്തിലേക്കാണ് പോകുന്നത്."* ഞാൻ പറഞ്ഞു, *"അല്ല, ഞാൻ നരകത്തിലേക്കല്ല പോകുന്നത്."* അതിന് എന്തോ അധികാരമോ ശക്തിയോ എന്റെ മേൽ ഉള്ളതു പോലെ തോന്നി. തന്നെയുമല്ല ഈ പെൺകുട്ടിയിലുള്ള ശക്തിയെ എപ്രകാരം കൈകാര്യം ചെയ്യണമെന്ന് എനിക്ക് അറിയില്ലായിരുന്നു.

എന്റെ ഒരു നല്ല സുഹൃത്ത് ഭയപ്പെട്ട് അപ്പോൾ തന്നെ സ്ഥലം വിട്ടു. അങ്ങിനെ ഞാൻ അവിടെ തനിയെ ആയിപ്പോയി. ഞാൻ ചിന്തിച്ചു *"ഇപ്പോൾ ഞാൻ എന്താണ ചെയ്യുക?"* ആ പെൺകുട്ടിയ്ക്ക് അമാനുഷികമായ ബലം ഉൺടായിരുന്നു. മാത്രമല്ല, അവൾ പഠിച്ചിട്ടില്ലാത്ത ജർമ്മൻ ഭാഷയിൽ അവൾ സംസാരിക്കാൻ തുടങ്ങി. പലവിധത്തിലുള്ള പരിഭ്രാന്തി പിടിപ്പിക്കുന്ന വിധത്തിലുള്ള പൈശാചിക പ്രകടനങ്ങൾ അവളിൽ നിന്നും പുറത്തു വന്നുകൊൺടിരുന്നു. അവൾ പിശാചിനാൽ ബന്ധിക്കപ്പെട്ട അവസ്ഥയിലായിരുന്നു. എന്തു ചെയ്യണം എന്ന് എനിക്ക് അറിയില്ലായിരുന്നു എങ്കിലും, വേദപുസ്തകത്തിന് അധികാരം ഉൺടെന്ന് ഞാൻ എപ്പോഴും വിശ്വസിച്ചു. നിങ്ങൾ ചെറിയ കുട്ടി ആയിരിക്കുമ്പോൾ, ഭീതി പടം ആയ ഡ്രാക്കുള കാണുന്ന പോലെ ആയിരുന്നു. യക്ഷി ഒരു വ്യക്തിയുടെ അടുത്തേക്കു വരുന്നു, പെട്ടെന്ന് ആ വ്യക്തി ഒരു കുരിശ് എടുത്ത് കാണിക്കുന്നു, യക്ഷി അലറിക്കൊൺട് പുറത്തേക്കു പോകുന്നു. അങ്ങിനെയാണ് ഞാൻ വേദപുസ്തകത്തെക്കുറിച്ച് ധരിച്ചിരുന്നത്. അതിന് ശക്തി ഉൺടെന്ന് അറിയാമായിരുന്നു, എങ്കിലും വേദപുസ്തകത്തിൽ നിന്നും ആ ശക്തി എങ്ങിനെ പ്രാപിക്കാം എന്നെനക്കറിയില്ലായിരുന്നു. ദൈവകൃപ എന്നെ സഹായിച്ചു, ഇത്തരം അനുഭവങ്ങൾ എനിക്ക് നേരിടുന്നത് ആദ്യമായിട്ടാണ്. ഞാൻ പുതിയ നിയമം തുറക്കുകയും

ഫിലിപ്പിയർ ലേഖനം തുറന്നു. ഫിലിപ്പിയർ 2:8–11 ഞാൻ വായിച്ചു. *"മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി. അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്"എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേിൺടിവരും."*

പിശാചു പറഞ്ഞു. "അതു പറയരുത്, എനിക്ക് അത് കേട്ടു നിൽക്കുവാൻ കഴിയുന്നില്ല! അത് പറയരുത!" ഞാൻ വിചാരിച്ചു, എന്തൊരു പ്രതികരണം! ആയതിനാൽ ഞാൻ പറഞ്ഞു, "എല്ലാ മുഴങ്കാലും യേശുവിന്റെ നാമത്തിൽ മടങ്ങും. ആകാശത്തിലുള്ളതും ഭൂമിയിൽ ഉള്ളതും ഭൂമിയ്ക്കു താഴെയുള്ളതും." അവൾ അലറി വിളിച്ചു പറഞ്ഞു, "അതു പറയരുത്, എനിക്ക് ആ വാക്കുകൾ കേട്ടുനിൽക്കുവാൻ കഴിയില്ല, അതു പറയല്ലെ, അത് പറയല്ലെ". *ആ പിശാച് ആ കുട്ടിയുടെ ഉള്ളിൽ ഭ്രാന്തനായി തീരുകയാണല്ലോ, ഞാൻ വചനം വായിക്കുക മാത്രമേ ചെയ്യുന്നുള്ളല്ലോ, എന്ന* ഞാൻ ചിന്തിച്ചു. *ഞാൻ വീൺടും വായിച്ചു, "മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു. അതുകൊൺടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി. അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്"എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേിൺടിവരും."* വീൺടും അതേ പ്രതികരണം, "അതു പറയരുത് എനിക്ക് അതു കേട്ടുനിൽക്കുവാൻ കഴിയില്ല!" ആ പിശാച് ആ പെൺകുട്ടിയുടെ ചെവി പിടിച്ചു, അവൾ പറഞ്ഞു, "അതു പറയരുത് എനിക്ക് അതു കേട്ടുനിൽക്കുവാൻ കഴിയില്ല!" ആ കുട്ടിയെ പിശാച് എന്റെ മുമ്പിൽ നിലത്തു തള്ളിയിട്ടു, അവൾ യേശുവിന്റെ നാമം കേൾക്കുമ്പോൾ കുമ്പിടാൻ തുടങ്ങി. അപ്പോൾ ഞാൻ പറഞ്ഞു "യേശുവിന്റെ നാമം കേൾക്കുമ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു താഴെയും ഉള്ളതായ എല്ലാ മുട്ടും മടങ്ങും."

നിമിഷങ്ങൾക്കു മുമ്പ് ആ പിശാചിന് എന്റെ മേലും അധികാരവും ശക്തിയും ഉൺടായിരുന്നു. ഞാൻ വിചാരിച്ചു, അവൻ എന്നെ അടിച്ച് അവിടന്ന പുറത്താക്കാൻ പോകുകയാണെന്ന – എനിക്കറിയില്ലായിരുന്നു! എനിക്ക് ആകെ കൂടി അറിയാമായിരുന്നത് വേദപുസ്തകത്തിന് ശക്തിയുൺടെന്നതാണ്, ഞാൻ അതു തുറന്നു വായിക്കുവാൻ തടങ്ങി. വേദപുസ്തകം എഫെസ്യർ 6:17 –ൽ പറയുന്ന, *"രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ."* ശത്രുവിനെ വെട്ടി മുറിവേല്പിക്കാനുള്ള, വാൾ പോലത്തെ ഒരു ആക്രമണ ആയുധം ഉൺട്. അത് ദൈവവചനമെന്ന ആത്മാവിന്റെ വാളാകുന്നു. യേശു പരീക്ഷിക്കപ്പെട്ടത് നിങ്ങൾ ഓർക്കുന്നുവോ? പിശാച് യേശുവിന്റെ അടുത്തു വന്നു പറഞ്ഞു, "നീ എന്നെ വീണ് നമസ്കരിച്ചാൽ, ലോകത്തിലുള്ള സകല രാജ്യങ്ങളേയും ഞാൻ നിനക്കു തരാം." യേശു പറഞ്ഞു, *"സാത്താനേ, എന്നെ വിട്ടുപോ, നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവു, എന്ന് എഴുതിയിരിക്കുന്നുവല്ലോ"* (മത്തായി 4:10). അപ്പോൾ പിശാച് ആവർത്തിച്ചാവർത്തിച്ച് യേശുവിനെ പരീക്ഷിച്ചു. യേശു പറഞ്ഞു, "ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു... എഴുതപ്പെട്ടിരിക്കുന്നു" എന്നിട്ടു വചനം ഉദ്ധരിച്ചു. യേശു ആത്മാവിന്റെ വാൾ ഉപയോഗിച്ചു, വേദപുസ്തകം പറയുന്നു പിശാച് കുറേക്കാലത്തേക്ക് അവനെ വിട്ടുപോയി എന്ന്.

ശത്രുവിനെ പരാജയപ്പെടുത്തുവാൻ നമുക്കുള്ള ഏക ആയുധം ആത്മാവിന്റെ വാൾ ആകുന്ന ദൈവവചനം ആകുന്നു. അതിൽ നിന്നും ഞാൻ എന്താണ പഠിച്ചത് എന്ന് നിങ്ങൾക്ക് അറിയാമോ? ഞാൻ പഠിച്ചത് ഇതാണ്: ഓരോ പ്രാവശ്യവും വചനം പഠിക്കാൻ ഞാൻ തയ്യാറായപ്പോൾ ഒന്നുകിൽ വിശപ്പുകാരണം എന്തെങ്കിലും കഴിക്കാൻ അല്ലെങ്കിൽ ആ ദിവസം ചെയ്യാതെ വിട്ടുപോയ കാര്യങ്ങൾ ചെയ്യുവാനുള്ള ചിന്ത എന്റെ മനസ്സിൽ വന്നു. ശിഷ്യത്വത്തിന്റെ ക്ലാസ്സിൽ ഉള്ളവർക്ക്, ക്ലാസ്സിൽ വരാതിരിക്കാൻ എല്ലാതരത്തിലുമുള്ള ഒഴിവുകഴിവുകൾ ഉൺടായിരിക്കുമെന്ന് എനിക്കറിയാം. അതിന്റെ കാരണം എന്തെന്ന ഞാൻ മനസ്സിലാക്കി. വേദപുസ്തകത്തിൽ നമ്മൾ ഗ്രഹിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നതും, അത് നാം അറിയരുതെന്ന് പിശാച് ആഗ്രഹിക്കുന്നതുമായ കാര്യങ്ങൾ ഉൺട്. അതിനാൽ, ഓരോ പ്രാവശ്യവും ദൈവവചനം പഠിക്കാനോ അല്ലെങ്കിൽ ശിഷ്യത്വത്തിന്റെ ക്ലാസ്സ് ചെയ്യാനോ നിങ്ങൾ വരുമ്പോൾ, നിങ്ങൾ അറിയരുതെന്ന് ശത്രു ആഗ്രഹിക്കുന്ന എന്തോ ചിലത് ദൈവവചനത്തിലുൺട് – ആ ദൈവവചനത്തിന്റെ പിറകിലുള്ള ദൈവത്തെ നിങ്ങൾ അറിയാൻ പിശാച് ആഗ്രഹിക്കുന്നില്ല.

ഇരുളിന്റെ രാജ്യവും ദൈവത്തിന്റെ പ്രിയപുത്രന്റെ രാജ്യവും ഉണ്ട്. കൊലോസ്യർ 1:13 പറയുന്നു,*"നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വയ്ക്കുകയും ചെയ്ത പിതാവിന് സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു."* നിങ്ങൾ ഏതു രാജ്യത്തിലാണ്? ഒരുവന് ഭരണവും വാഴ്ചയും ഉള്ള ഇടമാണ് ഒരു രാജ്യം. യേശുക്രിസ്തു ഒരു രാജാവാകുന്നു. നിങ്ങൾ നിങ്ങളുടെ ജീവിതം അവന് എപ്പോഴെങ്കിലും കൊടുത്തിട്ടുണ്ടോ? ഇന്നു നിങ്ങൾ അവനെ അനുഗമിക്കുന്നുവോ, അതോ നിങ്ങളുടെ ജീവിതത്തിൽ ഇതര കാര്യങ്ങൾക്കാണോ മുൻഗണന? ലൂക്കോസ് 6:46 യേശു പറഞ്ഞു, *"നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നതു ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്തു?"* അവൻ നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടവനായിരിക്കേണം, ഒന്നാം സ്ഥാനത്തായിരിക്കേണം. നിങ്ങളുടെ ജീവിതത്തിൽ ഭരണം നടത്താനുള്ള സ്ഥാനം, ആ ഒന്നാമതായ സ്ഥാനം അവനിൽ നിന്നും മാറ്റി നിർത്താൻ ശ്രമിക്കുന്ന, ഒരു ഇരുട്ടിന്റെ രാജ്യമുണ്ട്. ഇതിന്റെ കാരണം, ശത്രു ആ പ്രധാനസ്ഥലത്ത് എത്തിപ്പെടുവാൻ ആഗ്രഹിക്കുന്നു എന്നതാണ്. നിങ്ങളുടെ പൂർണ്ണ ഹൃദയത്തോടെ യേശുവിലേക്ക് തിരിയുക, ഒരു ശത്രു ഉണ്ടെന്ന് തിരിച്ചറിയുക. അവന്റെ നാമം ആണ് സാത്താൻ, അവന് പൈശാചിക ശക്തിയുണ്ട്, പക്ഷേ, വേദപുസ്തകം പറയുന്നു നമുക്ക് അവന്റെ മേൽ അധികാരം ഉണ്ട്.

മത്തായി 10:8–ൽ യേശു പറഞ്ഞു, *"രോഗികളെ സൗഖ്യമാക്കുവിൻ മരിച്ചവരെ ഉയിർപ്പിപ്പിൻ, കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ, ഭൂതങ്ങളെ പുറത്താക്കുവിൻ, സൗജന്യമായി നിങ്ങൾക്ക് ലഭിച്ചത് സൗജന്യമായി കൊടുപ്പിൻ."* ദൈവരാജ്യത്തെപ്പറ്റിയുള്ള സുവിശേഷം പ്രസംഗിക്കുക, അങ്ങിനെ നിങ്ങൾ മുമ്പോട്ടു പോകുമ്പോൾ, നിങ്ങൾക്കു ശത്രുവിന്മേൽ അധികാരം ഉണ്ട്. നിങ്ങളുടെ ജീവിതത്തിനായി ദൈവം കരുതി വച്ചിട്ടുള്ളതിൽ നിന്നും നിങ്ങളെ പറഞ്ഞു പുറത്താക്കാൻ ശത്രുവിനെ ഇനി അനുവദിക്കരുത്. യേശുവിനെ കർത്താവും, നിങ്ങളുടെ ജീവിതത്തിൽ പ്രഥമനും ആക്കുക. നിങ്ങൾ ഒരിക്കലും ഖേദിക്കേണ്ടി വരികയില്ല.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. എഫെസ്യർ 6:12 വായിക്കുക. പിശാചിന്റെ മണ്ഡലത്തോട് നമുക്കുള്ള ആത്മീയയുദ്ധം ഈ വാക്യം എങ്ങനെ വിശദീകരിക്കുന്നു?

   **എഫെസ്യർ 6:12** – *നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.*

2. മർക്കോസ് 16:17 വായിക്കുക. വിശ്വാസിയുടെ അധികാരത്തെക്കുറിച്ച് ഈ വചനം എന്താണ് നമ്മെ പഠിപ്പിക്കുന്നത്?

   **മർക്കോസ് 16:17** – *വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും, എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സംസാരിക്കും.*

3. യാക്കോബ് 4:7 വായിക്കുക. പിശാചിൽ നിന്നും വിടുതൽ പ്രാപിക്കാൻ ഒരു വ്യക്തി എന്തു ചെയ്യണം?

   **യാക്കോബ് 4:7** – *ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ, പിശാചിനോട് എതിർത്തു നില്പിൻ, എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും.*

4. യാക്കോബ് 1:14 വായിക്കുക. ദുഷ്ടമായ ഒന്നിനെ ആഗ്രഹിക്കത്തക്കതായി തോന്നിപ്പിക്കാൻ, സാത്താൻ നമ്മെ എങ്ങിനെ വഞ്ചിക്കുന്നു?

   **യാക്കോബ് 1:14** – *ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു.*

5. റോമർ 6:13 വായിക്കുക. ഒരു വ്യക്തി ക്രിസ്തു സംബന്ധമായ കാര്യങ്ങൾകൊണ്ട് തന്റെ ജീവിതം നിറച്ചാൽ, പിശാചുക്കൾ

അസ്വസ്ഥരായി സ്വയം അവിടം വിട്ടു പോകുന്നു. നാം എന്തു ചെയ്യണം എന്നാണ് ഈ വാക്യം പറയുന്നത്?

**റോമർ 6:13** – *നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കുകയും അരുതു. നിങ്ങളെത്തന്നേ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിനു സമർപ്പിച്ചുകോൾവിൻ.*

6. റോമർ 13:14 വായിക്കുക. പിശാചുക്കളുടെ ആഹാരം ജഡത്തിന്റെ പ്രവൃത്തികളാകയാൽ, ദൈവത്തിന്റെ സ്നേഹവഴികളിലും, പരിശുദ്ധിയിലും നടന്ന് അവരെ പട്ടിണിക്കിടുക. നാം ജഡത്തിന് ...................................................................... കൊടുക്കരുത്.

**റോമർ 13:14** – *കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത്.*

7. ലൂക്കോസ് 10: 17–19 വായിക്കുക – പിശാചുക്കളെ പുറത്താക്കുവാൻ വേണ്ടി അവനോടു പ്രാർഥിക്കുവാൻ യേശു ഒരിക്കലും നമ്മോടു പറയുന്നില്ല. അവൻ നമുക്ക് അധികാരം തന്നിരിക്കുന്നു. ഈ വാക്യം പറയുന്ന ...................................................................... മേൽ നമുക്ക് ശക്തിയും അധികാരവും ഉൺടെന്ന്.

**ലൂക്കോസ് 10: 17–19** – *ആ എഴുപതുപേർ സന്തോഷത്തോടെ മടങ്ങിവന്നു, കർത്താവേ, നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്ക് കീഴടങ്ങുന്നു എന്നു പറഞ്ഞു. അവൻ അവരോട് സാത്താൻ മിന്നൽപോലെ ആകാശത്തു നിന്നു വീഴുന്നതു ഞാൻ കൺടു. പാമ്പുകളേയും തേളുകളേയും ശത്രുവിന്റെ സകല ബ ലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു, ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല.*

# ഉത്തര സൂചിക

1. എഫെസ്യർ 6:12 വായിക്കുക. പിശാചിന്റെ മണ്ഡലത്തോട് നമുക്കുള്ള ആത്മീയയുദ്ധം ഈ വാക്യം എങ്ങനെ വിശദീകരിക്കുന്നു?

   ***അത് ഒരു പോരാട്ടമായിട്ടാണ് പറഞ്ഞിരിക്കുന്നത്.***

2. മർക്കോസ് 16:17 വായിക്കുക. വിശ്വാസിയുടെ അധികാരത്തെക്കുറിച്ച് ഈ വചനം എന്താണ് നമ്മെ പഠിപ്പിക്കുന്നത്?

   ***പിശാചുക്കളെ പുറത്താക്കുവാൻ യേശുവിന്റെ നാമത്തിൽ നമുക്ക് അധികാരം ഉൺട്.***

3. യാക്കോബ് 4:7 വായിക്കുക. പിശാചിൽ നിന്നും വിടുതൽ പ്രാപിക്കാൻ ഒരു വ്യക്തി എന്തു ചെയ്യണം?

   ***ദൈവത്തിനു കീഴടങ്ങുകയും പിശാചിനോട് എതിർത്തു നില്ക്കുകയും ചെയ്യണം.***

4. യാക്കോബ് 1:14 വായിക്കുക. ദുഷ്ടമായ ഒന്നിനെ ആഗ്രഹിക്കത്തക്കതായി തോന്നിപ്പിക്കാൻ, സാത്താൻ നമ്മെ എങ്ങിനെ വഞ്ചിക്കുന്നു?

   ***നമ്മുടെ മോഹങ്ങളുടെ മേൽ പ്രവർത്തിച്ച് ദോഷമായവയെ ആഗ്രഹിക്കത്തക്ക വിധം തോന്നിപ്പിക്കുന്നു.***

5. റോമർ 6:13 വായിക്കുക. ഒരു വ്യക്തി ക്രിസ്തു സംബന്ധമായ കാര്യങ്ങൾകൊൺട് തന്റെ ജീവിതം നിറച്ചാൽ, പിശാചുക്കൾ അസ്വസ്ഥരായി സ്വയം അവിടം വിട്ടു പോകുന്നു. നാം എന്തു ചെയ്യണം എന്നാണ് ഈ വാക്യം പറയുന്നത്?

   ***പാപങ്ങൾക്ക് കീഴടങ്ങാതെ ദൈവത്തിനു കീഴടങ്ങുക. നമ്മുടെ ശരീരത്തിന്റെ അവയവങ്ങളെ നീതിയുടെ ഉപകരണങ്ങളായി സമർപ്പിക്കുക.***

6. റോമർ 13:14 വായിക്കുക. പിശാചുക്കളുടെ ആഹാരം ജഡത്തിന്റെ പ്രവൃത്തികളാകയാൽ, ദൈവത്തിന്റെ സ്നേഹവഴികളിലും, പരിശുദ്ധിയിലും നടന്ന് അവരെ പട്ടിണിക്കിടുക. നാം ജഡത്തിന് .................................................................... കൊടുക്കരുത്.

***ഇടം (ആഹാരം, Provision)***

7. ലൂക്കോസ് 10: 17–19 വായിക്കുക – പിശാചുക്കളെ പുറത്താക്കുവാൻ വേണ്ടി അവനോടു പ്രാർഥിക്കുവാൻ യേശു ഒരിക്കലും നമ്മോടു പറയുന്നില്ല. അവൻ നമുക്ക് അധികാരം തന്നിരിക്കുന്നു. ഈ വാക്യം പറയുന്ന ................................................................. മേൽ നമുക്ക് ശക്തിയും അധികാരവും ഉൺടെന്ന്.

***ശത്രുവിന്റെ സകല ബലത്തിന്മേലും.***

## പാഠം – 6

# വിശ്വാസിയുടെ അധികാരം

## *ആൻഡ്രൂ വോമ്മക്ക്*

ദൈവം വിശ്വാസികൾ എന്ന നിലയിൽ നമുക്ക് അധികാരം തന്നിട്ടുണ്ട്. ഈ കാര്യത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ നാം നമ്മുടെ അധികാരത്തെ കുറിച്ചു മാത്രമല്ല, സാത്താന്റെ അധികാരത്തെ കുറിച്ചും മനസ്സിലാക്കേണ്ടി യിരിക്കുന്നു. അനുപാതത്തിലും കൂടിയ അളവിൽ അവൻ ഊതിവീർപ്പിക്കപ്പെട്ടിരിക്കുന്നു. നമ്മേക്കാൾ ശക്തിയുള്ളതിനോ ടാണ് നാം പോരാടുന്നത് എന്നും, അവനെ കൈകാര്യം നമുക്കു കഷ്ടിച്ച് സാധിക്കുന്നു എന്നും വിശ്വസിക്കാൻ ക്രിസ്ത്യാനികൾ ന യിക്കപ്പെട്ടിരിക്കുന്നു. എന്നാൽ തിരുവചനം പഠിപ്പിക്കുന്നത് അത് ഒട്ടുമല്ല. എഫെസ്യർ 6:12 ൽ പറയുന്നു, *"നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപ തികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ."* ആയതിനാൽ അവൻ നിലനില്ക്കുന്ന ഒരു ഘടകം ആകുന്നു. അവന്റെ കീഴിൽ അധികാരക്രമത്തിലുള്ള വാഴ്ചകളേയും അധികാരങ്ങളേയും നാം നേരിടേതായിട്ടുണ്ട്. എന്നാൽ അതിനു മുമ്പിലുള്ള വാക്യത്തിൽ പറയുന്നു, നാം പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്ക്കണം എന്ന്. വഞ്ചന മാത്രമാണ് നമുക്കു നേരെയുള്ള സാത്താന്റെ ശക്തി. നമ്മളെ കീഴ്പ്പെടുത്തുവാനുള്ള ശക്തി അവനില്ല.

ഉല്പത്തി 3–ൽ നമുക്കു കാണാം ആദാമിന്റേയും ഹവ്വായുടേയും നേരെ ആദ്യത്തെ പരീക്ഷയുമായി സാത്താൻ വന്നത് കൂടിയ ശക്തിയും കൊണ്ടല്ല. ഉദാഹരണമായി, ഒരു വലിയ മൃഗത്തിലോ ഒരു ആന യിലോ വസിച്ച്, ആദാമിന്റെ തലയിൽ കാൽ വച്ച്, "എന്നെ സേവിക്കുക, അല്ലെങ്കിൽ" എന്നു പറഞ്ഞ് അവനെ ഭയപ്പെടുത്തുന്നതിനു പകരം, ദൈവം സൃഷ്ടിച്ച മൃഗങ്ങളിൽ ഏറ്റവും കൗശലമേറിയ പാമ്പിൽ ആണ് സാത്താൻ

വസിച്ചത്. "കൗശലം" (subtle) എന്ന പദത്തിന്റെ അർത്ഥം കാപട്യം, വഞ്ചന അല്ലെങ്കിൽ സൂത്രം എന്നൊക്കെയാണ്. അവൻ പാമ്പിൽ കൂടി വന്നത്, അവന് ആദാമിനേയും ഹവ്വായേയും കൊൺട് എന്തെങ്കിലും ചെയ്യിക്കാനുള്ള അധികാരം ഇല്ലാഞ്ഞിട്ടാണ്. അവന് വഞ്ചിക്കാൻ മാത്രമെ കഴിയൂ. അവൻ ദൈവത്തിന്റെ പ്രകൃതിയ്ക്കും സ്വഭാവത്തിനും എതിരായി വന്ന, ദൈവത്തെ കുറ്റം പറയാൻ തുടങ്ങി. "ദൈവം നിങ്ങളെ സ്നേഹിക്കുന്നില്ല, അവൻ നിങ്ങളിൽ നിന്നും എന്തോ കാര്യങ്ങൾ മാറ്റി വച്ചിരിക്കുന്നു." ദൈവത്തിന് എതിരായി പാപം ചെയ്യുവാൻ ആദാമിനേയും ഹവ്വായേയും വഞ്ചന ഉപയോഗിച്ച് സാത്താൻ പരീക്ഷിച്ചു. അവർക്കായിരുന്നു സകല അധികാരവും ഉൺടായിരുന്നത്. ഈ വിധത്തിൽ സാത്താൻ പ്രവർത്തിച്ചതിന്റെ കാരണം ദൈവത്തിന് എതിരായി പ്രവർത്തിക്കുവാൻ സാത്താന് ശക്തി ഇല്ലായിരുന്നു എന്നതാണ്.

സമയത്തിന്റെ ദൗർലഭ്യത കാരണം കൂടുതൽ കാര്യങ്ങൾ ഇതു സംബന്ധിച്ച് പറയുന്നില്ല, എങ്കിലും ഞാൻ പറയാൻ ആഗ്രഹിക്കുന്ന ഒരു പ്രധാന കാര്യം വിശ്വാസിയുടെ അധികാരത്തെക്കുറിച്ചാണ്. സാത്താന് നിങ്ങളുടെ മേൽ പൂജ്യം ശക്തിയും അധികാരവുമേ ഉള്ളൂ എന്ന നിങ്ങൾ മനസ്സിലാക്കണം. അവൻ പരാജയപ്പെടുത്തപ്പെട്ട ഒരു ശത്രുവാകുന്നു. നിങ്ങൾക്കെതിരെയുള്ള അവന്റെ ഏക ശക്തി, നിങ്ങൾക്ക നേരെ കപടവും വഞ്ചനയും ആയി വരുക എന്നതു മാത്രം. നിങ്ങളുടെ ജീവിതം നശിപ്പിക്കപ്പെട്ടുകൊൺ ടിരിക്കുന്നെങ്കിൽ, "എനിക്കു നേരെയുള്ള ഈ വെടി വെയ്ക്കുന്നത് സാത്താൻ ഒരുത്തനാകുന്നു," എന്ന നിങ്ങൾക്ക പറയാം, പക്ഷേ നിങ്ങൾ തന്നെയാണ് അവന് വെടിക്കോപ്പുകൾ കൊടുക്കുന്നത്. അവന്റെ കപടതയ്ക്കും വഞ്ചനയ്ക്കും എതിരെ പ്രതികരിക്കേൺടതും നിങ്ങൾ തന്നെയാണ്. നിങ്ങൾ സാത്താന് കീഴടങ്ങി കൊടുത്തില്ലാ എങ്കിൽ, അവന് നിങ്ങൾക്കെതിരെ വഴിയോ ശക്തിയോ ഉൺടാകയില്ല. 2 കൊരിന്ത്യർ 10: 3–5 പറയുന്നു, *"ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തേയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി."* ഈ വേദഭാഗം പറയുന്നത് നിങ്ങളുടെ പോരിന്റെ ആയുധങ്ങളെക്കുറിച്ചാണ്, പറഞ്ഞിരിക്കുന്ന ഓരോ

ആയുധവും ചിന്തകളെ കൈകാര്യം ചെയ്യുന്ന മനസ്സിനെ പരാമർശിക്കുന്നു. വഞ്ചനയിൽ കൂടിയല്ലാതെ സാത്താന് നിങ്ങളെ ഒന്നും ചെയ്യുവാനുള്ള ശക്തി ഇല്ല.

വേഗത്തിൽ ചുരുക്കമായി ചില കാര്യങ്ങൾ പറയട്ടെ. ആദിയിൽ തീർച്ചയായും ദൈവത്തിന് സർവ്വ അധികാരവും ഉണ്ടായിരുന്നു. എല്ലാ ശക്തിയുടേയും ഉറവിടം ദൈവം ആകയാൽ എല്ലാ ശക്തിയും അധികാരവും ദൈവത്തിൽ നിന്നു മാത്രം പുറപ്പെടുന്നു. മറ്റെല്ലാം അവനിൽ നിന്നും അയയ്ക്കപ്പെട്ടിരിക്കുന്നു. അവൻ ആകാശത്തേയും ഭൂമിയേയും സ്രൃഷ്ടിച്ചപ്പോൾ, അവന് സർവ്വ ശക്തിയും അധികാരവും ഉണ്ടായിരുന്നു. അതിനുശേഷം ഉല്പത്തി 1:26 ൽ ദൈവം ആദാമിനേയും ഹവ്വായേയും സൃഷ്ടിച്ചശേഷം *"അവർ ... സർവ്വഭൂമിയിന്മേലും വാഴട്ടെ"* എന്നു പറഞ്ഞു. ഇതിനെ സങ്കീർത്തനം 115:16 *"സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗമാകുന്നു, ഭൂമിയെ അവൻ മനുഷ്യർക്കു കൊടുത്തിരിക്കുന്നു"* –ഉം ആയി ഒത്തു നോക്കുക. സൃഷ്ടാവായ ദൈവത്തിന് സകലത്തിന്മേലും ഉടമസ്ഥാവകാശം ഉണ്ടായിരുന്നു. എന്നാൽ ദൈവം ഭൂമിയിന്മേലുള്ള ആധിപത്യം അഥവാ അധികാരം ശരീരമുള്ള മനുഷ്യർക്ക് കൊടുത്തു. സാത്താന് ഭൂമിയെ ഭരിക്കുവാനുള്ള അവകാശവും ശക്തിയും ഒരിക്കലും ഇല്ലായിരുന്നു. വഞ്ചനയിലൂടെ മനുഷ്യനെക്കൊണ്ട് പാപം ചെയ്യിപ്പിച്ച് അവനതു കൈക്കലാക്കി. ദൈവം ആ അധികാരം മനുഷ്യനാണ് കൊടുത്തത്. മനുഷ്യൻ പാപത്തിൽ വീണപ്പോൾ, അവൻ തനിക്കു ദൈവം തന്ന അധികാരവും ശക്തിയും പിശാചിനു കൈമാറി. മനുഷ്യനെ അടിച്ചമർത്തുവാനോ ഭൂമിയെ ഭരിക്കുവാനോ ഉള്ള ശക്തി ദൈവം സാത്താന് ഒരിക്കലും കൊടുത്തിരുന്നില്ല.

തിരുവെഴുത്തു പറയുന്നു, സാത്താൻ ഈ ലോകത്തിന്റെ ദൈവം ആണെന്ന്, അത് ദൈവം സാത്താനെ ഈ ലോകത്തിന്റെ ദൈവം ആക്കിയതുകൊൺടല്ല. മനുഷ്യ വംശത്തിനു മുകളിലായി ഒരു സ്ഥാനം ദൈവം ഒരിക്കലും സാത്താനു കൊടുത്തില്ല. ഭൂമിയിന്മേലുള്ള ആധിപത്യവും അധികാരവും ദൈവം മനുഷ്യവംശത്തിനു കൊടുത്തു. പീഢിപ്പിക്കുവാനും, ആധിപത്യം പുലർത്തുവാനും അഥവാ, അവനുൺടാക്കുന്ന പ്രശ്നങ്ങൾ ഉൺടാക്കുവാനും അവനെപ്പോഴെങ്കിലും സാധിക്കുന്നതിനുള്ള ഒരേ കാരണം, തങ്ങൾക്കു ദൈവദത്തമായ അധികാരം, ആളുകൾ സാത്താന് അടയറ വയ്ക്കുന്നതാണ്. ദൈവം ഒരു ആത്മാവാകയാലും, ദൈവം ഭൂമിയുടെ മേലുള്ള അധികാരം ശരീരം ഉള്ള

മനുഷ്യർക്ക് കൊടുത്തതിനാലും, ഇത് ദൈവത്തിനു ഒരു വലിയ പ്രശ്നം ആയി. ശരീരം ഉള്ള ആളുകൾക്ക് മാത്രമേ ഈ ഭൂമിയിൽ ഭരിക്കുവാനും സ്വാധീനം ചെലുത്തുവാനും കഴിയുകയുള്ളു. സാത്താന് നമ്മുടെ അടുത്തു വന്ന് നമ്മളെക്കൊൺട് നമ്മുടെ അധികാരം അവന് കൊടുപ്പിക്കേൺടതുൺട്. ആ കാരണത്താലാണ് സാത്താന് ഒരു ശരീരത്തിൽ വസിക്കേൺടത് ആവശ്യമായി വന്നിരിക്കുന്നത്. അതിൽക്കൂടി പ്രവർത്തിക്കാൻ ഒരു ഭൗതിക ശരീരമില്ലെങ്കിൽ, സാത്താന് ഒന്നും ചെയ്യാൻ സാധ്യമല്ല, അതുകൊൺടാണ് അവൻ ഒരോ ശരീരത്തിൽ ആവേശിച്ചിരുന്നതായി തിരുവെഴുത്തിൽ കാണുന്നത്. ദൈവം ആത്മാവാകയാലും, ആ അധികാരം ഭൗതിക ശരീരമുള്ള മനുഷ്യർക്ക് അവൻ കൊടുത്തിരിക്കുന്നതിനാലും, ഒരർത്ഥത്തിൽ അവന്റെ കൈകൾ കെട്ടപ്പെട്ടിരിക്കുന്നു. അത് ദൈവത്തിന് ശക്തിയും അധികാരവും ഇല്ലാഞ്ഞിട്ടല്ല, പിന്നെയോ ദൈവത്തിന്റെ സമഗ്രതയാണ് അതിന് കാരണം. അവൻ അധികാരം ശരീരമുള്ള മനുഷ്യർക്ക് കൊടുത്തു. അവന്റേ തന്നെ വാക്കുകളോടു നീതി പുലർത്താൻ, അത് തിരിച്ചെടുത്ത് “ഇങ്ങിനെയല്ല ഞാൻ ആഗ്രഹിച്ചിരുന്നത്, സമയം കഴിഞ്ഞുപോയി, നില്ക്കുക, ഞാൻ അത് ഒന്നുകൂടി ചെയ്യാൻ പോകയാണ്” എന്നു പറയാൻ സാധ്യമല്ല. അല്ല, ദൈവം അവന്റേ തന്നെ വാക്കുകളാൽ തന്നെത്താൻ കെട്ടിയിരിക്കുന്നു. അവന് പ്രവഹിക്കുവാൻ പര്യാപ്തമായ ഒരാൾക്കായി, ചരിത്രത്തിലുടനീളം അവൻ തിരഞ്ഞു. പക്ഷേ എല്ലാ മനുഷ്യരും അഴിമതിക്കാരും, അവരേത്തന്നെ സാത്താനു അധീന പ്പെടുത്തിയവരും ആയിരുന്നു എന്നതായിരുന്നു പ്രശ്നം. അതുകൊൺട് ദൈവത്തിന് എന്താണു ചെയ്യാൻ സാധിക്കുക?

ഒടുവിൽ ദൈവം ചെയതതെന്തെന്നാൽ, അവൻതന്നെ ഭൂമിയിൽ വന്ന് ഒരു മനുഷ്യനായി. നിങ്ങൾ അതു മനസ്സിലാക്കുമ്പോൾ, ഇത് ബൃഹത്തായ ഒന്നാണ്, എന്തെന്നാൽ ഇപ്പോൾ സാത്താൻ വലിയ കുഴപ്പത്തിലായി. അവൻ മനുഷ്യരാശിയുടെ ശക്തിയാണ് ഉപയോഗിച്ചു കൊൺടിരുന്നത്. മനുഷ്യൻ, ദൈവദത്തമായ തന്റെ അധികാരത്തെ, മന സ്സറിഞ്ഞ്, നിയമപരമായി, സാത്താന് കൊടുത്തതിനാൽ, ദൈവത്തിന് നേ രിട്ട് ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ സാധ്യമല്ലായിരുന്നു. സാത്താൻ ചെയ്തതു തെറ്റായിരുന്നെങ്കിലും, മനുഷ്യന് സ്വന്തമായി ദൈവം കൊടുത്ത അധികാരവും ശക്തിയും മനുഷ്യൻ തന്നെയാണ് സാത്താനു കൊടുത്തത്. പക്ഷേ ഇപ്പോൾ, ഇതാ ദൈവം വന്നു, ആത്മാവാണെങ്കിലും ജഡത്തിൽ ഭൂമിയിൽ വന്നു. ഇത് സാത്താനെ വളരെ മോശമായ ഒരു ചുറ്റുപാടിൽ

എത്തിച്ചു, എന്തെന്നാൽ, കാരണം ദൈവത്തിന് സ്വർഗ്ഗത്തി യേശു പറയുന്നു, "*പിതാവിനു തന്നിൽതന്നേ ജീവനുള്ളതുപോലെ അവൻ പുത്രനും തന്നിൽതന്നേ ജീവനുള്ളവൻ ആകുമാറു വരം നൽകിയിരിക്കുന്നു. അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവനു അധികാരവും നൽകിയിരിക്കുന്നു.*" യേശു തന്റെ ശരീരത്തെക്കുറിച്ചു തന്നെയാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

യേശു വന്ന് ദൈവം കൊടുത്ത അധികാരം പ്രയോഗിച്ചു. പിശാച് അവനെ പരീക്ഷിച്ചു, പക്ഷേ യേശു ഒരിക്കൽ പോലും അവന് കീഴടങ്ങിയില്ല. അവനുമായുള്ള എല്ലാ പോരാട്ടത്തിലും സാത്താൻ പരാജയപ്പെട്ടു. അതിനു ശേഷം യേശു നമ്മുടെ പാപങ്ങൾ വഹിച്ചു, അവയ്ക്കായി മരിച്ചു, നരകത്തിൽ പോയി, ഉയിർത്തെഴുന്നേറ്റു, എന്നിട്ടു മത്തായി 28:18–ൽ പറഞ്ഞു, "*സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു.*" ദൈവം മനുഷ്യനു കൊടുത്തതും, മനുഷ്യൻ ദുരുപയോഗപ്പെടുത്തിയതുമായ അധികാരം, ജഡത്തിൽ ദൈവമായി അവൻ തിരിച്ചു പിടിച്ചു – യേശുവിന് സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും ഇപ്പോൾ ഉണ്ട്. അടുത്ത വാക്യത്തിൽ യേശു പറയുന്നു, "ഇപ്പോൾ നിങ്ങൾ പോയി ഇവയൊക്കെയും ചെയ്യുക." ഫലത്തിൽ അവൻ ഇങ്ങനെ പറഞ്ഞു, "സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും ഇപ്പോൾ എനിക്കുണ്ട്, അതു ഞാൻ നിങ്ങളുമായി പങ്കു വയ്ക്കുന്നു." എന്നിരുന്നാലും, ഇപ്രാവശ്യം, വിശ്വാസികളെന്ന നിലയിൽ ദൈവം നമുക്കു തിരിച്ചു നൽകിയിരിക്കുന്ന അധികാരത്തിന് മറ്റെങ്ങുമില്ലാത്ത ഒരു വ്യത്യാസം ഉണ്ട്. അതു കർത്താവായ യേശുക്രിസ്തുവുമായുള്ള ഒരു സംയുക്ത അധികാരം ആണ്. ഇനി അത്, ആദാമിനും ഹവ്വായ്ക്കും കൊടുത്തിരുന്നതുപോലെ, നമുക്കു മാത്രമായി തന്നിട്ടുള്ള അധികാരം അല്ല. ആ അധികാരം വിട്ടുകൊടുക്കുവാനും, അവരെ പീഢിപ്പിക്കുവാൻ പിശാചിനെ അനുവദിക്കാനും, അങ്ങിനെ ആശയറ്റവർ ആകാനും അവർക്ക് കഴിഞ്ഞു. എന്നാൽ ഇന്ന് നമ്മുടെ അധികാരം, കർത്താവായ യേശുക്രിസ്തുവുമായി പങ്കായിട്ടുള്ളതാണ്. രണ്ടു പേരുടേയും ഒപ്പ് ആവശ്യമായ ഒരു ബാങ്ക് അക്കൗണ്ടു പോലെ. നമ്മുടെ അധികാരം യേശുക്രിസ്തുവുമായി പങ്കിടപ്പെടുന്നു, അവന്റെ അധികാരം സഭയുമായി പങ്കിടപ്പെടുന്നു.

നമ്മൾ പരാജയപ്പെടാം എന്നിരുന്നാലും, ദൈവം ഈ അധികാരം ഇനി ഒരിക്കലും പിശാചിന് കൈമാറാൻ പോകുന്നില്ല. സാത്താൻ

തികച്ചും ശക്തിരഹിതനാണ്. നിങ്ങളെ അവൻ എത്രമാത്രം വഞ്ചിക്കുന്നുവോ, എത്രമാത്രം നിങ്ങൾ അവന് സ്വയമായി കീഴടങ്ങുന്നുവോ, അത്രമാത്രമേ അവന് നിങ്ങളുടെ ജീവിതത്തിൽ അധികാരം ഉള്ളു. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ സാത്താന് അധികാരം കൊടുത്തേക്കാം, അതു നിമിത്തം വ്യക്തിപരമായി നിങ്ങൾ സഹിക്കേണ്ടി വന്നേക്കാം, പക്ഷേ ദൈവം മനുഷ്യനു നൽകിയ അധികാരം ഇനി ഒരിക്കലും സാത്താനു സ്വന്തമായി പോകുകയില്ല. അതിപ്പോൾ നമ്മുടേയും യേശുവിന്റേയും ഇടയിൽ പങ്കു ചെയ്യപ്പെട്ടിരിക്കുന്നു, എന്തായാലും അവൻ വിശ്വസ്തനായി തുടരും. ഇപ്പോൾ അധികാരവും ശക്തിയും ഉള്ളതു നിങ്ങൾക്ക് ആണെന്ന് നിങ്ങൾ തിരിച്ചറിയേണ്ടത് ആവശ്യമാണ്. സാത്താൻ ചിന്തകളിൽ കൂടി നിങ്ങളുമായി പോരാടുന്നു, ഈ ചിന്തകളെ തടവിലാക്കാൻ പറ്റിയ ആയുധങ്ങളാണ് നിങ്ങൾക്കുള്ളത്. സാത്താൻ നിങ്ങളെ ശാരീരികമായി പീഡിപ്പിക്കുന്നതു തെറ്റാണെന്ന് നിങ്ങൾക്കു തിരിച്ചറിയാം, രോഗസൗഖ്യത്തെക്കുറിച്ച് തിരുവെഴുത്ത് എന്തു പറയുന്നു എന്ന് കണ്ടു പിടിക്കുക. യോഹന്നാൻ 8:32 പറയുന്നു, *"സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു."* അധികാരവും ശക്തിയും ഉള്ളത് നിങ്ങൾക്കാണ്. ദൈവം അതു നിങ്ങൾക്കാണ് തന്നിരിക്കുന്നത്, അത് ഉപയോഗിക്കുവാൻ നിങ്ങൾക്കു കഴിയാതിരിക്കുന്നതിന്റെ ഏക കാരണം, നിങ്ങളുടെ ചിന്തകളെ നിങ്ങൾ നിയന്ത്രണത്തിൽ ആക്കാത്തതാണ്. നിങ്ങളുടെ മനസ്സു പുതുക്കാനും, നിങ്ങൾക്കുള്ളത് എന്താണെന്ന് ഗ്രഹിക്കുവാനും ഈ ആത്മീയ ആയുധങ്ങളെ നിങ്ങൾ ഉപയോഗിച്ചിട്ടില്ല. നിങ്ങൾക്കാണ് അധികാരവും ശക്തിയും ഉള്ളതെന്ന് കണ്ടുപിടിക്കുക പ്രോത്സാഹജനകമാണ്.

ഇത് നിങ്ങൾ സ്വീകരിക്കുകയും ധ്യാനിക്കുകയും ചെയ്യണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു, നിങ്ങളെയാണ് സാത്താൻ പേടിക്കുന്നതെന്നുള്ള വെളിപ്പാട് ദൈവം തരും. നിങ്ങൾ സാത്താനെ പേടിക്കരുത്, കാരണം ദൈവം നിങ്ങൾക്കാണ് ശക്തിയും അധികാരവും തന്നിരിക്കുന്നത്. നിങ്ങൾ പിശാചിനോട് എതിർത്തു നിന്നാൽ, അതു നിങ്ങളെ വിട്ട് ഓടിപ്പോകും (യാക്കോബ് 4:7)

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. ഉല്പത്തി 3:1 വായിക്കുക. സാത്താൻ നിലവിലുണ്ട്, എന്നാൽ അവന്റെ ശക്തി നിങ്ങളെ വഞ്ചിക്കാനുള്ള അവന്റെ കഴിവിലാണ്. ഹവ്വായേക്കൊണ്ട് എന്തിനെ ചോദ്യം ചെയ്യിക്കാനാണ് പാമ്പ് (പിശാച്) ശ്രമിച്ചത്?

   **ഉല്പത്തി 3:1** – *യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പ് കൗശലമേറിയതായിരുന്നു. അത് സ്ത്രീയോട് തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു.*

2. ഉല്പത്തി 3:1 വായിക്കുക. സാത്താൻ വഞ്ചന ഉപയോഗിച്ചത് എന്തിനെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?

3. ഉല്പത്തി 1:26,28 വായിക്കുക. ആരാണ് മനുഷ്യന് അവന്റെ അധികാരം കൊടുത്തത്?

   **ഉല്പത്തി 1:26** – *അനന്തരം ദൈവം നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക, അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവ ജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വ ഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.*

   **ഉല്പത്തി 1:28** – *ദൈവം അവരെ അനുഗ്രഹിച്ചു, നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവ ജാതിയിന്മേലും സകല ഭൂചര ജന്തുവിന്മേലും വാഴുവിൻ എന്നു അവരേട് കല്പിച്ചു.*

4. സങ്കീർത്തനം 8: 4–8 വായിക്കുക. ദൈവം എങ്ങിനെയാണ് മനുഷ്യനെ സൃഷ്ടിച്ചത്?

**സങ്കീർത്തനം 8:4–8** – *മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്തു? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം? നീ അവനെ ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു. നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതിയാക്കി, സകലത്തേയും അവന്റെ കാൽകീഴെയാക്കിയിരിക്കുന്നു. ആടുകളേയും കാളകളേയും എല്ലാം കാട്ടിലെ മൃഗങ്ങളെയൊക്കെയും. ആകാശത്തിലെ പക്ഷികളേയും സമുദ്രത്തിലെ മത്സ്യങ്ങളേയും സമുദ്രമാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്ന സകലത്തേയും തന്നെ.*

5. 2 കൊരിന്ത്യർ 4:4 വായിക്കുക. എന്തു സംഭവിച്ചു എന്നാണ് ഈ വാക്യം സൂചിപ്പിക്കുന്നത്?

**2 കൊരിന്ത്യർ 4:4** – *ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി.*

6. മത്തായി 4:8–9 വായിക്കുക. ഈ വാക്യങ്ങൾ മുൻ പറഞ്ഞ ആശയത്തെ ഉറപ്പിക്കുന്നുവോ?

**മത്തായി 4:8–9** – *പിന്നെ പിശാച് അവനെ ഏറ്റവും ഉയർന്നൊരു മലമേൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളേയും അവയുടെ മഹത്വത്തേയും കാണിച്ചു. വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്നു അവനോടു പറഞ്ഞു.*

7. മത്തായി 28:18 വായിക്കുക. യേശുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും ശേഷം, സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും ആർക്കാണ് ഇപ്പോൾ ഉള്ളത്?

**മത്തായി 28:18–19** *യേശു അടുത്തുചെന്നു, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ*

*നിങ്ങൾ പുറപ്പെട്ട് പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ.*

8. മത്തായി 28:18–19 വായിക്കുക. ഈ വാക്യപ്രകാരം അധികാരം ആരെയാണ് ഭരമേല്പിച്ചിരിക്കുന്നത്?

9. എഫെസ്യർ 1:19 – വായിക്കുക. ദൈവത്തിന്റെ ശക്തിയുടെ അളവറ്റ വലിപ്പം ആർക്കു വേണ്ടിയാണ്?

**എഫെസ്യർ 1:19** *വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു.*

# ഉത്തര സൂചിക

1. ഉല്പത്തി 3:1 വായിക്കുക. സാത്താൻ നിലവിലുണ്ട്, എന്നാൽ അവന്റെ ശക്തി നിങ്ങളെ വഞ്ചിക്കാനുള്ള അവന്റെ കഴിവിലാണ്. ഹവ്വായേക്കൊണ്ട് എന്തിനെ ചോദ്യം ചെയ്യിക്കാനാണ് പാമ്പ് (പിശാച്) ശ്രമിച്ചത്?

   ***ദൈവത്തിന്റെ വാക്ക് (ദൈവം പറഞ്ഞിട്ടുണ്ടോ)***

2. ഉല്പത്തി 3:1 വായിക്കുക. സാത്താൻ വഞ്ചന ഉപയോഗിച്ചത് എന്തിനെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?

   ***ശക്തി ഉപയോഗിച്ച് അവന് അവരെ അനുസരണക്കേട് ചെയ്യിക്കാൻ കഴിയില്ല. അവരുടെ അധികാരം ഉപേക്ഷിക്കുവാൻ തക്കവണ്ണം അവരെ വഞ്ചിക്കേണ്ടിയിരുന്നു.***

3. ഉല്പത്തി 1:26,28 വായിക്കുക. ആരാണ് മനുഷ്യന് അവന്റെ അധികാരം കൊടുത്തത്?

   ***ദൈവം***

4. സങ്കീർത്തനം 8: 4–8 വായിക്കുക. ദൈവം എങ്ങിനെയാണ് മനുഷ്യനെ സൃഷ്ടിച്ചത്?

   ***ദൈവം സൃഷ്ടിച്ചവയുടേമേൽ ആധിപത്യം ഉള്ളവനായി***

5. 2 കൊരിന്ത്യർ 4:4 വായിക്കുക. എന്തു സംഭവിച്ചു എന്നാണ് ഈ വാക്യം സൂചിപ്പിക്കുന്നത്?

   ***സാത്താൻ മനുഷ്യന്റെ അധികാരം പിടിച്ചെടുത്ത് ഈ ലോകത്തിന്റെ (വ്യവസ്ഥയുടെ / കാലഘട്ടത്തിന്റെ) ദൈവം ആയി***

6. മത്തായി 4:8–9 വായിക്കുക. ഈ വാകൃങ്ങൾ മുൻ പറഞ്ഞ ആശയത്തെ ഉറപ്പിക്കുന്നുവോ?

***ഉറപ്പിക്കുന്നു***

7. മത്തായി 28:18 വായിക്കുക. യേശുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും ശേഷം, സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും ആർക്കാണ് ഇപ്പോൾ ഉള്ളത്?

***യേശുവിന്***

8. മത്തായി 28:18–19 വായിക്കുക. ഈ വാക്യപ്രകാരം അധികാരം ആരെയാണ് ഭരമേല്പിച്ചിരിക്കുന്നത്?

***വിശ്വാസിയെ***

9. എഫെസ്യർ 1:19 – വായിക്കുക. ദൈവത്തിന്റെ ശക്തിയുടെ അളവറ്റ വലിപ്പം ആർക്കു വേണ്ടിയാണ്?

***വിശ്വസിക്കുന്ന നമ്മൾക്കു വേണ്ടി***

## പാഠം – 7

# പാപപരിഹാര ബലിയിൽ സൗഖ്യമുണ്ട്

### *ആൻഡ്രൂ വോമ്മക്ക്*

യേശു സൗഖ്യം നമുക്കായി വാങ്ങിക്കഴിഞ്ഞു. മർക്കോസ് 2–ലും, ലൂക്കോസ് 5 ലും, യേശു പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു ഭവനത്തിൽ വളരെയധികം ആൾക്കാർ കൂടിയിരുന്നതിനാൽ, മേൽക്കൂര ഇളക്കി അതിൽ കൂടി ഒരു തളർന്ന മനുഷ്യനെ യേശുവിന്റെ അടുക്കൽ കൊണ്ടു വരികയും, യേശു അവനെ അത്ഭുതകരമായി സൗഖ്യമാക്കുകയും ചെയ്തതായി കാണുന്നു. മത്തായി 8:14–16 പറയുന്നു, "*യേശു പത്രോസിന്റെ വീട്ടിൽ വന്നാറെ അവന്റെ അമ്മാവിയമ്മ പനിപിടിച്ചു കിടക്കുന്നതു കണ്ടു. അവൻ അവളുടെ കൈതൊട്ടു പനി അവളെ വിട്ടു. അവൾ എഴുന്നേറ്റു അവർക്കു ശുശ്രൂഷ ചെയ്തു. വൈകുന്നേരം ആയപ്പോൾ പല ഭൂതഗ്രസ്തരേയും അവന്റെ അടുക്കൽ കൊണ്ടുവന്നു, അവൻ വാക്കുകൊണ്ടു ദുരാത്മാക്കളെ പുറത്താക്കി, സകല ദീനക്കാർക്കും സൗഖ്യം വരുത്തി.*" 17–ാം വാക്യത്തിൽ ഈ സംഭവിച്ചതിന്റെ കാരണം ഇപ്രകാരം പറയുന്നു "*അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്നു യെശയ്യാപ്രവാചകൻ പറഞ്ഞതു നിവൃത്തിയാകുവാൻ തന്നേ.*" ഈ സന്ദർഭത്തിൽ യേശു അനേകരെ സൗഖ്യമാക്കുകയായിരുന്നു, അതു കൃത്യമായി യെശയ്യാവ് 53:3–5 നെ പരാമർശിക്കുകയും, അത് ഉദ്ധരിക്കുകയും ചെയ്തു:. "*അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും* (ഈ പ്രവചനം യേശുക്രിസ്തുവിനേപ്പറ്റി) *വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു. അവനെ കാണുന്നവർ മുഖം മറെച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ, ദൈവം അവനെ അവൻ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു.*

*നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു.”* (ബ്രാക്കറ്റ് എന്റേത്)

ഇതു വളരെ ശക്തമായ തിരുവെഴുത്തു വാകൃങ്ങൾ തന്നെയാണ്. ചില ആൾക്കാർ പറയും “ഒരു നിമിഷം, ഈ വചനം പറഞ്ഞിരിക്കുന്നത് ആത്മിയ അർത്ഥത്തിലാണ്.” ഞാൻ വളർത്തപ്പെട്ട സഭ ശരീരത്തിന്റെ സൗഖ്യത്തിൽ വിശ്വസിച്ചിരുന്നില്ല. ഇങ്ങനത്തെ ഒരു വാകൃമെടുത്ത്, അതിനെ ആത്മീയവത്കരിക്കും – നാം വൈകാരികമായി മുറിവേറ്റവർ ആയിരുന്നു, നാം നമ്മുടെ ജീവിതം കർത്താവിന് സമർപ്പിക്കുമ്പോൾ, അവൻ നമ്മെ സൗഖ്യമാക്കുന്നു എന്നൊക്കെ പറയാനായി ഉപ യോഗിക്കുന്നു. എന്നാൽ നാം തുടക്കത്തിൽ പറഞ്ഞ വേദഭാഗങ്ങളുമയി കൂട്ടി ചേർക്കുമ്പോൾ, ഈ വേദഭാഗങ്ങളുടെ ഈ തരത്തിലുള്ള വിശദീകരണം എന്നന്നേക്കുമായി അവസാനിക്കുന്നു. വൈകാരികമായും, മറ്റു വിധങ്ങളിലും യേശു നിങ്ങളെ സുഖമാക്കും എന്നതു ശരി തന്നെ, എന്നാൽ ഈ വാകൃങ്ങൾ പറയുന്നത് ശാരീരിക സൗഖ്യത്തെക്കുറിച്ചാണ്. നിങ്ങൾക്കതു കാണാം, കാരണം മത്തായി 8:17 ൽ പറയുന്നു, അവിടെ നടന്ന രോഗസൗഖ്യം യെശയ്യാവിൽ നാം വായിച്ച ഭാഗത്തെ പ്രവചനം നിറവേറ്റപ്പെട്ടതാണ് എന്ന് – *“അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു.”* അവൻ നമ്മുടെ അകൃതൃങ്ങളെ ചുമന്നു. രോഗങ്ങളെ വഹിച്ചു എന്നതിന്റെ പൂർത്തീകരണം ആണെന്നാണ് ഇതു പറയുന്നത്. ഇത് പറയുന്നത് ശാരീരികമായ രോഗങ്ങളേയും, മുറിവുകളേയും, വേദനകളേയും കുറിച്ചാണ്. അവന്റെ അടിപ്പിണരാൽ സൗഖ്യം വന്നു എന്ന തിരുവെഴുത്തു നിവർത്തിയാകത്തക്കവണ്ണം യേശു രോഗികളെ സൗഖ്യമാക്കി.

വേദപുസ്തകം 1 പത്രോസ് 2:24 ൽ തുടർന്നു പറയുന്നു, *“നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു.”* ഇത് ഭൂതകാലത്തിലാണ്. യേശു വന്നു, അവൻ ചെയ്യാൻ വന്നതിന്റെ ഭാഗമായിരുന്നു നമ്മുടെ ഭൗതിക ശരീരങ്ങളെ സൗഖ്യമാക്കുക എന്നത്. നമ്മുടെ പാപങ്ങളെ ക്ഷമിക്കുവാനും കൂടിയാണ് യേശു വന്നത് എന്നതിന്റെ പ്രാധാന്യം ഞാൻ കുറയ്ക്കുകയല്ല. അത് പ്രാധാന്യം ഉള്ളതു തന്നെ, പാപക്ഷമ ഒരു വാതിൽ പോലെയാണ്, മറ്റെല്ലാത്തിലേക്കും ഉള്ള പ്രവേശന

കവാടം, എന്നാൽ പാപം ക്ഷമിക്കുവാൻ മാത്രം അല്ല അവൻ വന്നത്. അവൻ നമ്മുടെ ശരീരത്തെ സൗഖ്യമാക്കുവാൻ കൂടിയാണ് വന്നത്. പുതിയനിയമത്തിൽ "രക്ഷ"(Salvation) എന്നതിനു ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം "Sozo" എന്നതാണ്. അത് പല കാര്യങ്ങളെ ഉൾക്കൊള്ളുന്നതാണ്. അത് "സൗഖ്യം" എന്നും തർജ്ജിമ ചെയ്യപ്പെട്ടിരിക്കുന്നു. യാക്കോബ് 5:14 പറയുന്നു, *"നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടു കൂടിയ പ്രാർഥന ദീനക്കാരനെ രക്ഷിക്കും."* "രക്ഷിക്കും" (save) എന്നത് ഗ്രീക്കിൽ "Sozo" എന്നതാണ്. അത് രോഗികൾ ശാരീരിക സൗഖ്യമായതിനെക്കുറിച്ചാണ് പറയുന്നത്. പുതിയ നിയമത്തിൽ പാപക്ഷമ എന്ന് നൂറു കണക്കിനു പ്രാവശ്യം തർജ്ജിമ ചെയ്യപ്പെട്ടിരിക്കുന്ന ഇതേ വാക്ക്, 'സൗഖ്യമാക്കി' എന്നും തർജ്ജിമ ചെയ്യപ്പെട്ടിരിക്കുന്നു.

മത്തായി 10–ാം അദ്ധ്യായത്തിൽ, യേശു തന്റെ ശിഷ്യന്മാരെ പറഞ്ഞ് അയയ്ക്കുമ്പോൾ അവർക്ക് കൊടുത്ത കല്പന രോഗികളെ സൗഖ്യമാക്കുവാനും, കുഷ്ഠരോഗികളെ ശുദ്ധമാക്കുവാനും, മരിച്ചവരെ ഉയിർപ്പിക്കുവാനും, പിശാചുക്കളെ പുറത്താക്കുവാനും, സുവിശേഷം പ്രസംഗിക്കുവാനും ആണ്. സുവിശേഷം പ്രസംഗിക്കാൻ പറഞ്ഞ അതേ ശ്വാസത്തിൽ തന്നെയാണ് രോഗികളെ സൗഖ്യമാക്കുവാനും, കുഷ്ടരോഗികളെ ശുദ്ധമാക്കുവാനും, പിശാചുക്കളെ പുറത്താക്കുവാനും പറഞ്ഞത്. നിങ്ങളുടെ ജീവിതത്തിൽ യേശു പൂർത്തീകരിക്കാനായി വന്ന പാപക്ഷമ പോലെ തന്നെയുള്ള ഒരു ഭാഗമാണ് രോഗസൗഖ്യവും.

പാപത്തിൽ കൂടി നിങ്ങൾക്കെന്തെങ്കിലും പഠിക്കുവാൻ കഴിയും എന്നു നിങ്ങളെ പഠിപ്പിക്കുവാൻ വേണ്ടി, നിങ്ങൾ പാപം ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു എന്ന് നിങ്ങൾ ഒരിക്കലും ചിന്തിക്കുക ഇല്ലാത്തതു പോലെ, ദൈവം ഒരിക്കലും നിങ്ങൾ രോഗത്തിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നില്ല. ചിലപ്പോൾ ആൾക്കാർ പറഞ്ഞേക്കാം, "ഈ രോഗം അനുഗ്രഹമായി തീർന്നു കാരണം അതുകാരണം ഞാൻ ദൈവത്തിലേക്കു തിരിഞ്ഞു." ശരിയാണ് ചില അപകട സന്ധികളിൽ ജനങ്ങൾ ദൈവത്തിലേക്ക് തിരിയുന്നു, എങ്കിലും നിങ്ങളെ പഠിപ്പിക്കുവാനായി ദൈവം രോഗം അയയ്ക്കുന്നില്ല. ദൈവം നിങ്ങളുടെമേൽ പാപം ഇടാത്തതു പോലെ, രോഗവും നിങ്ങളുടെമേൽ ദൈവം അയയ്ക്കുന്നില്ല. നിങ്ങൾ പാപത്തിൽ ജീവിക്കുന്നു എങ്കിൽ എന്തെങ്കിലും പഠിക്കാൻ നിങ്ങൾക്ക്

കഴിയുമോ? നിങ്ങൾ വ്യഭിചാരത്തിലോ സ്വവർഗ്ഗരതിയിലോ ജീവിച്ച് എന്തെങ്കിലും രോഗങ്ങൾ ബാധിച്ചാൽ ആ ജീവിതരീതി തെറ്റായിരുന്നു എന്നു മനസ്സിലാക്കാൻ കഴിയുമോ? തീർച്ചയായും കഴിയും പക്ഷേ ആ ജീവിതരീതിയിൽ നിങ്ങൾ ജീവിക്കാൻ കാരണം ദൈവം അല്ല. അവൻ നിങ്ങളുടെ ജീവിതത്തിൽ പാപം വച്ചില്ല, എങ്കിലും പാപം ചെയ്യുന്നതുവഴി നിങ്ങൾക്കു പഠിക്കാം. തല ഭിത്തിയേൽ ഇടിച്ച് അതല്ല ചെയ്യേണ്ടിയിരുന്നതെന്ന് നിങ്ങൾക്കു പഠിക്കാം, എന്നാൽ ശാരിരികമായി തല ഭിത്തിയേൽ ഇടിക്കാതെയും നിങ്ങൾക്കതു പഠിക്കാമായിരുന്നു. എല്ലാം നിങ്ങൾ കഠിനമായ ഇടികളിൽ കൂടി പഠിക്കേണ്ടതില്ല. നിങ്ങളെ താഴ്ത്തുവാനും ചിലത് പഠിപ്പിക്കുവാനും ആയി ദൈവം നിങ്ങളുടെ ജീവിതത്തിൽ  രോഗം വരുത്തുന്നില്ല. നിങ്ങളെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുവാനും രോഗങ്ങളിൽ നിന്ന് സുഖപ്പെടുത്താനുമായി യേശു മരിച്ചു. അവൻ നിങ്ങളുടെ പാപങ്ങളെ അവന്റെ ശരീരത്തിൽ വഹിച്ചു, അവന്റെ അടിപ്പിണരുകളാൽ നിങ്ങൾ സൗഖ്യമാക്കപ്പെട്ടു.

ദൈവത്തിന്റെ അമാനുഷിക ദൈവീക രോഗസൗഖ്യം നമുക്കെല്ലാവർക്കും ലഭ്യമാണ്, അത് യേശു ചെയ്ത പാപപരിഹാര ബലിയുടെ ഒരു ഭാഗം ആകുന്നു. നിങ്ങളുടെ സൗഖ്യം നിങ്ങൾ സ്വീകരിക്കുന്നില്ല എങ്കിലും, ദൈവത്തിന് നിങ്ങളോടു നീരസമില്ല. ദൈവത്തെ സ്നേഹിക്കാൻ നിങ്ങൾ സൗഖ്യം ആകണം എന്നില്ല. രോഗസൗഖ്യത്തിൽ വിശ്വസിക്കാതെ തന്നെ പൂർണ്ണഹൃദയത്തോടുകൂടി നിങ്ങൾക്ക് ദൈവത്തെ സ്നേഹിക്കാം, സ്വർഗ്ഗത്തിൽ പോവുകയും ചെയ്യാം. ഒരു വിധത്തിൽ പറഞ്ഞാൽ നിങ്ങൾക്ക് ആരോഗ്യത്തിൽ നടക്കാൻ അറിവില്ലാത്തതിനാൽ വേഗത്തിൽ സ്വർഗ്ഗത്തിൽ എത്താം. എന്നാൽ അത് നിങ്ങൾക്ക് ലഭ്യമാണെന്ന് അറിയുക. അതു ലഭ്യമാക്കുവാൻ വേണ്ടിയാണ് യേശു മരിച്ചത്. നിങ്ങൾ സൗഖ്യമായിരിക്കാൻ ദൈവം ആഗ്രഹിക്കുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മത്തായി 8:16–17 വായിക്കുക. യേശു എത്ര എത്രപേരെ സൗഖ്യമാക്കി?

**മത്തായി 8:16–17** – *വൈകുന്നേരം ആയപ്പോൾ പല ഭൂതഗ്രസ്തരേയും അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ വാക്കുകൊണ്ട് ദുരാത്മാക്കളെ പുറത്താക്കി. സകലദീനക്കാർക്കും സൗഖ്യം വരുത്തി. അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്നു യെശയ്യാപ്രവാചകൻ പറഞ്ഞതു നിവൃത്തിയാകുവാൻ തന്നേ.*

2. യെശയ്യാവ് 53: 3–5 വായിക്കുക. ഏതു വിധത്തിലുള്ള രോഗ സൗഖ്യത്തെ കുറിച്ചാണ് ഈ വാക്യം പറയുന്നത്?

**യെശയ്യാവ് 53: 3–5** – *അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു. അവനെ കാണുന്നവർ മുഖം മറെച്ചുകളെയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു.*

3. മത്തായി 8:17 വായിക്കുക. നമ്മുടെ രോഗങ്ങൾക്കും അകൃത്യങ്ങൾക്കും എന്തു സംഭവിച്ചു?

4. 1 പത്രോസ് 2:24 വായിക്കുക. ഏതു രണ്ടു കാര്യങ്ങളാണ് യേശു ചെയ്തതെന്ന് ഈ വാക്യം പറയുന്നത്?

**1 പത്രോസ് 2: 24** – *നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ*

*ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു.*

5. യാക്കോബ് 5: 14–15 വായിക്കുക. "Saved" എന്ന് 15–ാം വാക്യത്തിൽ ഉള്ളതിന്റെ ഗ്രീക്കുപദം "Sozo" എന്നാണ്. അതിന്റെ തർജ്ജിമ "വിടുവിക്കുക, സംരക്ഷിക്കുക, സൗഖ്യമാക്കുക, കേടുകൂടാതെ സൂക്ഷിക്കുക, പൂർണ്ണമായിരിക്കുക എന്നൊക്കെയാണ്. ബൈബിളിൽ രക്ഷ എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതും അതേ പദം ആകുന്നു. ആ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന ഈ വാക്യങ്ങൾ പ്രകാരവും രക്ഷ എന്നതിന്റെ ഗ്രീക്കു നിർവചന പ്രകാരവും രക്ഷയിൽ എന്തെല്ലാം ഉൾക്കൊണ്ടിരിക്കുന്നു?

   **യാക്കോബ് 5: 14–15** – *നിങ്ങളിൽ ദീനമായി കിടക്കുന്നവർ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവൻ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേല്പിക്കും, അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും.*

6. മത്തായി 10:7 വായിക്കുക. യേശു ശിഷ്യന്മാരെ പറഞ്ഞയച്ചപ്പോൾ അവർ എന്തു പറയണമെന്നാണ് യേശു പറഞ്ഞത്?

   **മത്തായി 10:7–8** – *നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ. രോഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയിർപ്പിപ്പിൻ, കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ, ഭൂതങ്ങളെ പുറത്താക്കുവിൻ, സൗജന്യമായി നിങ്ങൾക്ക് ലഭിച്ചു സൗജന്യമായി കൊടുപ്പിൻ.*

7. മത്തായി 10:8 വായിക്കുക. അവർ എന്തു ചെയ്യണമെന്നാണ് യേശു പറഞ്ഞത്?

8. മർക്കോസ് 16:15 വായിക്കുക. ശിഷ്യന്മാരോട് എന്തു ചെയ്യാനാണ് യേശു പറഞ്ഞത്?

**മർക്കോസ് 16:15–18** – *പിന്നെ അവൻ അവരോട്, നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും. എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും. പുതുഭാഷകളിൽ സംസാരിക്കും. സർപ്പങ്ങളെ പിടിച്ചെടുക്കും. മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല. രോഗികളുടെ മേൽ കൈവച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു.*

9. മർക്കോസ് 16:16 വായിക്കുക. സുവിശേഷത്തെ കൈക്കൊള്ളുന്നവർ എന്തു ചെയ്തിരിക്കും?

10. മർക്കോസ് 16:17 വായിക്കുക. വിശ്വാസിയെ എന്തു അടയാളങ്ങൾ പിന്തുടരും?

11. മർക്കോസ് 16:18 വായിക്കുക. വിശ്വാസികളെ പിന്തുടരുന്ന മറ്റ് അടയാളങ്ങൾ എന്തൊക്കെയാണ്?

# ഉത്തര സൂചിക

1. മത്തായി 8:16–17 വായിക്കുക. യേശു എത്ര എത്രപേരെ സൗഖ്യമാക്കി?

   ***യേശുവിന്റെ അടുത്തു വന്ന എല്ലാവരേയും.***

2. യെശയ്യാവ് 53: 3–5 വായിക്കുക. ഏതു വിധത്തിലുള്ള രോഗ സൗഖ്യത്തെ കുറിച്ചാണ് ഈ വാക്യം പറയുന്നത്?

   ***എല്ലാതരത്തിലുള്ള രോഗസൗഖ്യം (ശാരീരിക സൗഖ്യം ഉൾപ്പെടെ)***

3. മത്തായി 8:17 വായിക്കുക. നമ്മുടെ രോഗങ്ങൾക്കും അകൃത്യങ്ങൾക്കും എന്തു സംഭവിച്ചു?

   ***യേശു അവയെ വഹിച്ചു.***

4. 1 പത്രോസ് 2:24 വായിക്കുക. ഏതു രൺടു കാര്യങ്ങളാണ് യേശു ചെയ്തതെന്ന് ഈ വാക്യം പറയുന്നത്?

   ***നമ്മുടെ പാപങ്ങളെ അവന്റെ ശരീരത്തിൽ വഹിച്ചു. നമ്മുടെ സൗഖ്യത്തിനായി അടിപ്പിണരുകൾ ഏറ്റു.***

5. യാക്കോബ് 5: 14–15 വായിക്കുക. “Saved” എന്ന് 15–ാം വാക്യത്തിൽ ഉള്ളതിന്റെ ഗ്രീക്കുപദം “Sozo” എന്നാണ്. അതിന്റെ തർജ്ജിമ “വിടുവിക്കുക, സംരക്ഷിക്കുക, സൗഖ്യമാക്കുക, കേടുകൂടാതെ സൂക്ഷിക്കുക, പൂർണ്ണമായിരിക്കുക എന്നൊക്കെയാണ്. ബൈബിളിൽ രക്ഷ എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതും അതേ പദം ആകുന്നു. ആ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന ഈ വാക്യങ്ങൾ പ്രകാരവും രക്ഷ എന്നതിന്റെ ഗ്രീക്കു നിർവചന പ്രകാരവും രക്ഷയിൽ എന്തെല്ലാം ഉൾക്കൊൺടിരിക്കുന്നു?

   ***രോഗസൗഖ്യം***

6. മത്തായി 10:7 വായിക്കുക. യേശു ശിഷ്യന്മാരെ പറഞ്ഞയച്ചപ്പോൾ അവർ എന്തു പറയണമെന്നാണ് യേശു പറഞ്ഞത്?

***സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.***

7. മത്തായി 10:8 വായിക്കുക. അവർ എന്തു ചെയ്യണമെന്നാണ് യേശു പറഞ്ഞത്?

***രോഗികളെ സൗഖ്യമാക്കുക, മരിച്ചവരെ ഉയിർപ്പിക്കുക, ഭൂതങ്ങളെ പുറത്താക്കുക.***

8. മർക്കോസ് 16:15 വായിക്കുക. ശിഷ്യന്മാരോട് എന്തു ചെയ്യാനാണ് യേശു പറഞ്ഞത്?

***എല്ലാ രാജ്യങ്ങളിലും പോകുക. എല്ലാവരോടും സുവിശേഷം പ്രസംഗിക്കുക.***

9. മർക്കോസ് 16:16 വായിക്കുക. സുവിശേഷത്തെ കൈക്കൊള്ളുന്നവർ എന്തു ചെയ്തിരിക്കും?

***വിശ്വസിക്കുകയും സ്നാനപ്പെടുകയും***

10. മർക്കോസ് 16:17 വായിക്കുക. വിശ്വാസിയെ എന്തു അടയാളങ്ങൾ പിന്തുടരും?

***ഭൂതങ്ങളെ പുറത്താക്കുകയും അന്യഭാഷയിൽ സംസാരിക്കുകയും ചെയ്യും.***

11. മർക്കോസ് 16:18 വായിക്കുക. വിശ്വാസികളെ പിന്തുടരുന്ന മറ്റ് അടയാളങ്ങൾ എന്തൊക്കെയാണ്?

***രോഗികളുടെ മേൽ കൈവക്കുകയും അവൻ സൗഖ്യമാകുന്നതു കാണുകയും.***

## പാഠം – 8

# സൗഖ്യപ്പെടുന്നതിനുള്ള തടസ്സങ്ങൾ

### *ആൻഡ്രൂ വോമ്മക്ക്*

സൗഖ്യമാക്കുക എന്നത് ദൈവത്തിന്റെ ഹിതമാണെന്നും, സൗഖ്യപ്പെടുത്തൽ പാപപരിഹാര ബലിയുടെ ഭാഗമാണെന്നും മുൻ പാഠത്തിൽ ഞാൻ പറഞ്ഞു. ഇതിനെക്കുറിച്ച് വളരെ കൂടുതൽ പറയുവാൻ കഴിയും, കാരണം തിരുവെഴുത്തിൽ കൺട്, നിങ്ങൾ ഇത് അംഗീകരിച്ചാലും, "ദൈവത്തിന്റെ ഹിതമാണ് സൗഖ്യമെങ്കിൽ എല്ലാവരും എന്തുകൊൺട് സൗഖ്യപ്പെടുന്നില്ല?" എന്നതുപോ ലെയുള്ള നിരവധി ചോദ്യങ്ങൾ അതുയർത്തുന്നു. അതിനു പല കാരണങ്ങൾ ഉൺട്. എനിക്കറിയാവുന്നതിന്റെ അല്പം ചിലതു മാത്രം ഞാനിവിടെ പറയാം. എനിക്ക് ഇവിടെ വിശദീകരിക്കാൻ കഴിയാത്ത ഒട്ടേറെ വിവരങ്ങൾ ഉൺടെങ്കിലും, ദൈവത്തിന്റെ ഹിതമാണ് രോഗസൗഖ്യം എങ്കിൽ, ആൾക്കാർ എന്തുകൊൺട് സൗഖ്യമാകുന്നില്ല എന്ന കാര്യം ഞാൻ ഇവിടെ പരാമർശിക്കട്ടെ. ഒരു കാരണം അറിവില്ലായ്മയാകുന്നു. അറിവില്ലാത്തതും അഥവാ മനസ്സിലാകാത്തതുമായ കാര്യങ്ങളിൽ പ്രവർത്തിക്കാൻ നമുക്ക് കഴിയിയില്ല. ഈ വസ്തുത എന്റെ തന്നെ ജീവിതത്തിൽ വളരെ സത്യമായിരിക്കുന്നു.

ദൈവത്തിന്റെ ഹിതം സ്വയമേവ സംഭവിച്ചെന്നും, ആയതിൽ എനിക്ക് യാതൊരു അധികാരമോ ശക്തിയോ എന്തെങ്കിലും പറയുവാനോ ഇല്ല എന്നും വിശ്വസിക്കാനാണ് എന്നെ പഠിപ്പിച്ചിരുന്നത്. അതുകൊൺട്, എന്റെ അറിവില്ലായ്മയിൽ കൂടി പലകാര്യങ്ങളും സംഭവിച്ചു. എന്റെ പിതാവ് എനിക്ക് 12 വയസ്സ് പ്രായം ഉള്ളപ്പോൾ മരിച്ചു. ഞാൻ 21 വയസ്സു പ്രായമായപ്പോഴേക്കും എന്റെ സാന്നിധ്യത്തിൽ രൺടു മൂന്നു പേർ മരിച്ചു. അവരൊക്കെ സൗഖ്യമാകാൻ ഞാൻ പ്രാർത്ഥിച്ചിരുന്നു. എങ്കിലും രോഗശാന്തി അവിടെ പ്രകടമായില്ല. ദൈവത്തിന്റെ ഹിതമല്ലാഞ്ഞിട്ടല്ല, എന്റെ ഭാഗത്ത് നിന്നുള്ള അജ്ഞതയായിരുന്നു കാരണം. അജ്ഞത

കാര്യങ്ങൾ സംഭവിക്കാനുള്ള ഒരു കാരണമാണെങ്കിലും, അത് ഒരു ഒഴികഴിവ് അല്ല. അത് ഗുരുത്വാകർഷണ ശക്തി പോലെയാണ്. "ഒരു പത്തു നിലയുള്ള കെട്ടിടത്തിൽ നിന്നും ചാടിയാൽ, അതെന്നെ കൊല്ലും എന്ന് ഞാൻ മനസ്സിലാക്കിയിരുന്നില്ല" എന്ന് ഒരു വ്യക്തിക്ക് പറയാം. ആ നിയമത്തിന്റെ പൂർണ്ണ ആഘാതം നിങ്ങൾക്കെതിരെ ഉൺടാകുവാൻ നിങ്ങൾ അത് മനസ്സിലാക്കേൺടതായിട്ടില്ല. ദൈവത്തിന്റെ ചില നിയമങ്ങളെക്കുറിച്ച് മനുഷ്യർ അജ്ഞരാണ്. അവന്റെ സൗഖ്യപ്പെടുത്തൽ എങ്ങിനെ പ്രവർത്തിക്കുന്നു എന്ന് അവർ അറിയാത്തതിനാൽ, ആ അറിവില്ലായ്മ വളരേപ്പേരെ കൊല്ലുന്നു.

രോഗശാന്തിയെ തടയാനാവുന്ന വേറൊരു കാര്യം പാപം ആകുന്നു. നിങ്ങൾ അങ്ങനെ പറയുമ്പോൾ, അത് ആൾക്കാരെ നീരസപ്പെടുത്തുന്നു, കാരണം, നമ്മുടെ ഭാഗത്തു നിന്നുമുള്ള ചില പാപങ്ങളുടെ ഫലമാണ് എല്ലാ രോഗങ്ങളും എന്ന് നിങ്ങൾ പറയുന്നതിനെ അവർ വ്യാഖ്യാനി ക്കുന്നു, അതു ശരിയല്ലെങ്കിലും. അതല്ല ഞാൻ പറയുന്നത്. യോഹന്നാൻ 9–ൽ, യേശു ദേവാലയത്തിൽ നിന്നും പുറത്തേക്കു വന്നപ്പോൾ, ജന്മനാ കുരുടനായ ഒരു മനുഷ്യനെ അവന്റെ ശിഷ്യന്മാർ ചൂൺടി കാണിച്ചു. വാക്യം 2–ൽ, ശിഷ്യന്മാർ അവനോടു, *"റബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ?"* എന്നു ചോദിച്ചു. വേറൊരു വിധത്തിൽ പറഞ്ഞാൽ, അവന്റെ രോഗത്തെ പാപ വുമായി നേരിട്ടു ബന്ധപ്പെടുത്താൻ അവർ ശ്രമിക്കുകയായിരുന്നു, അവന്റെ പാപമോ അതോ അവന്റെ മാതാപിതാക്കളുടെ പാപമോ ഏതാണ് അവന്റെ രോഗത്തിന്റെ ഹേതു എന്നു ചോദിച്ചുകൊൺട്. യേശു ഉത്തരം അവരുടെ ആരുടേയും പാപത്തിന്റെ ഫലം അല്ല എന്നായിരുന്നു. അവനോ അവന്റെ മാതാപിതാക്കളോ ഒരിക്കലും പാപം ചെയ്തിട്ടില്ല എന്നു പറയുകയല്ല, പക്ഷേ അവൻ കുരുടനാകാൻ കാരണം അവരുടെയാരുടേയും പാപം അല്ല. എല്ലാ രോഗവും പാപത്തിന്റെ ഫലമാണ് എന്ന് പറയുന്നത് സത്യമല്ല, അതുപോലെ പാപം ഒരു ഘടകം അല്ല എന്നു പറയുന്നതും സത്യമല്ല.

യോഹന്നാൻ 5–ൽ, യേശു ബേത്തെസ്ദാ കുളക്കരയിൽ ആയിരിക്കവെ, അമാനുഷികമായി ഒരു വ്യക്തിയെ സൗഖ്യമാക്കി. അവിടെ വളരെ ആൾക്കൂട്ടം ഉൺടായിരുന്നെങ്കിലും, ഒരാൾ മാത്രമേ സുഖപ്പെടുത്തപ്പെട്ടുള്ളു. പിന്നീട്, 12–ാം വാക്യത്തിൽ ആ അദ്ധ്യായം കാണിക്കുന്നു, യഹൂദന്മാർ ചോദിച്ചപ്പോൾ, തന്നെ സൗഖ്യമാക്കിയത് ആരാണെന്ന് പോലും അയാൾ അറിഞ്ഞിരുന്നില്ല എന്ന്. 12–ാം വാക്യത്തിൽ

യഹൂദന്മാർ അവനോട് ചോദിക്കുന്നു, "കിടക്ക എടുത്തു നടക്ക എന്നു നിന്നോടു പറഞ്ഞ മനുഷ്യൻ *ആർ?"* വാക്യം 13–14 ൽ തുടരുന്നു. *"എന്നാൽ അവിടെ പുരുഷാരം ഉണ്ടായിരിക്കയാൽ യേശു മാറിക്കളഞ്ഞതുകൊണ്ടു അവൻ ആരെന്നു സൗഖ്യം പ്രാപിച്ചവൻ അറിഞ്ഞില്ല. അനന്തരം യേശു അവനെ ദേവാലയത്തിൽ വച്ചു കണ്ടു അവനോടു, നോക്കു, നിനക്കു സൗഖ്യമായല്ലോ, അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത് എന്നു പറഞ്ഞു."* യേശു ഇവിടെ പറഞ്ഞു, പാപം അവന്റെ തളർവാതത്തിലും മോശമായതിനെ അവന്റെമേൽ വരുത്താൻ കാരണമായേക്കാം. ഇവിടെ രോഗത്തിന്റെ ഫലത്തെ പാപവുമായി അവൻ കൂട്ടിക്കെട്ടി. യോഹന്നാൻ 9 ൽ, ആരുടേയും പാപത്തിന്റെ ഫലമായിട്ടല്ല ഈ മനുഷ്യൻ കുരുടനായി പിറന്നത് എന്നും യേശു പറഞ്ഞു.

ചിലത് സ്വാഭാവികമായി സംഭവിക്കാം, രോഗങ്ങളും പ്രശ്നങ്ങളും പാപത്തിന്റെ നേരിട്ടുള്ള ഫലമാകുന്ന സമയങ്ങളും ഉണ്ട്. അങ്ങിനെയുള്ള അവസ്ഥയിലും, ഇവയെല്ലാം നമ്മോടു ചെയ്യുന്നത് ദൈവമാണ് എന്നല്ല അർത്ഥം. ഉദാഹരണമായി ഒരു വ്യക്തി സ്വവർഗ്ഗരതിയിൽ ജീവിക്കുന്നു എന്നു വയ്ക്കുക. അത് പ്രകൃതിക്കു വിരുദ്ധമാണല്ലോ. മനുഷ്യന്റെ ശരീരം ഉണ്ടാക്കിയിരിക്കുന്നത് അങ്ങിനെ ജീവിയ്ക്കുവാൻ അല്ല. ആ ജീവിതരീതിയിൽ നിന്നും ലൈംഗികമായി പരക്കുന്ന രോഗങ്ങൾ വരുന്നു. ആ വിധത്തിലുള്ള രോഗങ്ങൾക്ക് കാരണം ദൈവമല്ല, മറിച്ച് പ്രകൃതിയുടെ പ്രതികരണമാണത്, കാരണം ആ രീതിയിൽ ജീവിക്കുവാനല്ല അതിനെ സന്നദ്ധമാക്കിയിരിക്കുന്നത്. ഉദാഹരണമായി, നിങ്ങൾ പുറത്തു പോയി ശരിയല്ലാത്ത ആഹാരം കഴിച്ചാൽ, നിങ്ങളുടെ ശരീരം പ്രതികരിക്കും, അത് ദൈവം നിങ്ങളോട് ചെയ്യുന്നതല്ല. ഇവിടെ പ്രകൃതിപരമായ നിയമങ്ങളും ഘടകങ്ങളും ഉണ്ട്. ആയതിനാൽ, ആളുകൾ സൗഖ്യപ്പെടാത്തതിന്റെ കാരണങ്ങളിലൊന്ന് പാപം ആയിരിക്കാം എന്നത് സത്യം തന്നെ.

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്കറിയാവുന്ന ഒരു പാപം ഉണ്ടായിരിക്കുകയും, രോഗസൗഖ്യത്തിനായി നിങ്ങൾ ദൈവത്തെ വിശ്വസിക്കയും ചെയ്യുന്നെങ്കിൽ, നിങ്ങൾ ആ പാപത്തിന് വിരാമം ഇടേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ദൈവം നിങ്ങളുടെ ജീവിതത്തിൽ ചെയ്തുകൊണ്ടിരിക്കുന്നതിനെ സ്വീകരിക്കുന്നതിൽ നിന്നും നിങ്ങളെ തടയുന്ന ഒരു നേരിട്ടുള്ള പ്രവേശനം നിങ്ങൾ അതുവഴി സാത്താനു നൽകുന്നു. റോമർ 6: 16 പറയുന്നു, *"നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കുകയും നിങ്ങൾ അനുസരിച്ചു പോരുകയും*

*ചെയ്യുന്നവനു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിന്നായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെദാസന്മാർതന്നെ?"* നിങ്ങൾ രക്ഷനഷ്ടപ്പെട്ട് നരകത്തിൽ പോകത്തക്ക വിധത്തിൽ സാത്താൻ നിങ്ങളുടെ യജമാനൻ ആയത്തീരുന്ന എന്നല്ല ഈ വാക്യം പറയുന്നത്, പിന്നെയോ, നിങ്ങൾ ഒരു ക്രിസ്ത്യാനി യാണോ അല്ലയോ – നിങ്ങൾ പാപത്തിലാണ് ജീവിക്കുന്നതെങ്കിൽ –നിങ്ങളുടെ ജീവിതത്തിലേക്ക് സാത്താനു നിങ്ങൾ വഴി കൊടുക്കുന്നു എന്നാണ്. യോഹന്നാൻ 10:10 പറയുന്നു, കള്ളൻ വരുന്നത് വേറൊരു ഉദ്ദേശ്യത്തിനും അല്ല, പിന്നെയോ മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അത്രേ. എന്നാൽ യേശു വന്നത് ജീവൻ തരുവാന ാണ്. നിങ്ങൾക്ക്, അവന്റെ ജീവനും ആരോഗ്യവും നിങ്ങൾക്കു തരുവാൻ ശ്രമിക്കുന്ന യേശു ഉൺട്, നിങ്ങളെ രോഗികൾ ആക്കുവാൻ ശ്രമിക്കുന്ന സാത്താനും ഉൺട്. നിങ്ങൾ പാപം വഴി നിങ്ങളെത്തന്നെ സാത്താന് കീഴ്പ്പെടുത്തുകയാണെങ്കിൽ, നിങ്ങൾ അവനെ ശക്തീകരിക്കുകയും അവന് നിങ്ങളുടെ ജീവിതത്തിൽ ഒരു അവസരം കൊടുക്കുകയും ചെയ്യുന്നു. രോഗസൗഖ്യത്തിനായി നിങ്ങൾക്കെത്ര വേണമെങ്കിലും പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യാം, എന്നാൽ നിങ്ങളുടെ പ്രവൃത്തികൾ നിങ്ങൾക്കു രോഗം കൊൺടുവരാൻ പിശാചിനെ അനുവദിക്കുന്നു. നിങ്ങൾ പാപത്തിലാണ് ജീവിക്കുന്നതെങ്കിൽ, അതു നിറുത്തുക.

"ശരി, ഞാൻ എന്തായിരിക്കണമോ അതിലും താഴെയാണ് ഞാനെ പ്പോഴും" എന്നു പറയാനും, ദൈവത്തിന് നിങ്ങളെ സൗഖ്യമാക്കാൻ കഴിയും എന്നു വിശ്വസിക്കുന്നെങ്കിലും, നിങ്ങൾക്കതിന് അർഹതയില്ലാത്തതുകൊൺട് ദൈവം അതു ചെയ്യുകയില്ലെന്നു വിശ്വസിക്കാനും തക്കവണ്ണം നിങ്ങളുടെ ആത്മശോധന എത്തിയേക്കാം എന്നുകൂടി പറയേൺടിയിരിക്കുന്നു. തീർച്ചയായും അതും തെറ്റായ ചിന്ത തന്നെയാണ്. നമുക്കാർക്കും നമ്മുടെ അർഹത മൂലം ദൈവത്തിൽ നിന്നും രോഗസൗഖ്യം ലഭിക്കാൻ പോകുന്നില്ല. അവനു വേൺടി വേല ചെയ്യുവാൻ യോഗ്യത നേടിയ ആരെയും ഇതുവരെ ദൈവത്തിനു ഉൺടായിട്ടില്ല. ആയതിനാൽ, നിങ്ങുടെ ജീവിതത്തിൽ ദൈവം ചലിക്കുന്നത് നിങ്ങളുടെ പ്രകടനവും, വിശുദ്ധിയും ആയി ബന്ധപ്പെടുത്തേൺടതില്ല. പിന്നെയോ, യേശുക്രിസ്തു നിങ്ങൾക്കായി ചെയ്തതിൻമേലും ആ യേശുവിൽ നിങ്ങൾക്കുള്ള വിശ്വാസത്തിന്റേയും അടിസ്ഥാനത്തിലായിരിക്കണം. അതേ സമയം, നിങ്ങളുടെ പ്രവൃത്തികളെ അവഗണിക്കുവാനും, അവൻ നിങ്ങളെ തടസ്സപ്പെടുത്താതെ

നിങ്ങളെത്തന്നെ പിശാചിന് സമർപ്പിക്കാനും നിങ്ങൾക്കു കഴിയുകയില്ല. നിങ്ങൾ മാനസാന്തരപ്പെടുകയും, സാത്താന് നിങ്ങളിലേക്ക് കടക്കാനുള്ള ഉൾവഴി കൊടുക്കുന്ന എല്ലാത്തിലും നിന്ന് പിന്തിരിയുകയും ചെയ്താൽ, നിങ്ങളുടെ ജീവിതത്തിൽ രോഗസൗഖ്യം വളരെ എളുപ്പത്തിലും നന്നായും സംഭവിക്കുന്നതു നിങ്ങൾ കാണും.

രോഗസൗഖ്യത്തെ ബാധിക്കുന്ന വേറൊരു ഘടകം, മറ്റുള്ളവരുടെ നിഷേധാത്മകമായ നിലപാടും അവിശ്വാസവും നിങ്ങളെ ബാധിക്കാം എന്ന് ചിലർ അധികം ചിന്തിക്കുന്നില്ല എന്നതാണ്. അതിന്റെ ഒന്നാംതരം ഉദാഹരണമാണ് മർക്കോസ് 6 –ൽ യേശു സ്വന്തം നാട്ടിൽ ആയിരുന്നപ്പോൾ പലരും അവനെ ബഹുമാനിച്ചില്ല, കാരണം അവരുടെ ഓർമ്മയിൽ അവന്റെ കുട്ടിക്കാലം ആണ് മുന്നിട്ടു നിന്നത്. അവർ അവന്റെ പിതാവിനേയും മാതാവിനേയും സഹോദരന്മാരേയും സഹോദരിമാരേയും അറിഞ്ഞിരുന്നതിനാൽ, മറ്റു ചിലർ ചെയ്തതു പോലെ, അവനെ അവർ ബഹുമാനിച്ചില്ല. അവർ അവനു നേരെ വന്ന് അവനെ കുറ്റം പറഞ്ഞു. മർക്കോസ് 6:4–6 പറയുന്നു, *"യേശു അവരോട്, ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും സ്വന്ത ഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല എന്നു പറഞ്ഞു. ഏതാനും ചില രോഗികളുടെ മേൽ കൈ വച്ചു സൗഖ്യം വരുത്തിയതു അല്ലാതെ അവിടെ വീര്യപ്രവൃത്തി ഒന്നും ചെയ്വാൻ കഴിഞ്ഞില്ല. അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു. അവൻ ചുറ്റുമുള്ള ഊരുകളിൽ ഉപദേശിച്ചുകൊൺട് സഞ്ചരിച്ചുപോന്നു."* യേശു അത്ഭുതങ്ങൾ ചെയ്യുന്നവനല്ല എന്നല്ല ഇവിടെ പറയുന്നത്. അവന് ചെയ്യുവാൻ കഴിഞ്ഞില്ല എന്നാണ് പറയുന്നത്. ഇവിടെ യേശു, ദൈവപുത്രൻ, ഭൂമിയിൽ മനുഷ്യനായി വന്നു, അവന്റെ വിശ്വാസത്തിൽ ഒരു കുറവും ഉൺടായിരുന്നില്ല. തീർച്ചയായും അവന്റെ ജീവിതത്തിൽ പാപത്തിന്റെ വഴികളും ഇല്ലായിരുന്നു. എന്നിട്ടും, അവരുടെ അവിശ്വാസം മൂലം, മറ്റുള്ളവർക്ക് വേൺടി ചെയ്യാൻ കഴിയുന്ന കാര്യത്തിൽ, അവനു പരിമിതി ഉൺടായിരുന്നു. ഈ ഭാഗം മത്തായി 13:58 മായി ഒന്നിച്ചു നോക്കുക, *"അവരുടെ അവിശ്വാസം നിമിത്തം അവിടെ വളരെ വീര്യപ്രവൃത്തികളെ ചെയ്തില്ല."* യാതൊരു പരിമിതികളും ഇല്ലാതിരുന്നിട്ടും, അവനിൽ തീർച്ചയായും യാതൊരു പാപവും ഇല്ലാതിരുന്നിട്ടും, അവനു ചുറ്റുമുള്ളവർ നിമിത്തം, മറ്റുള്ളവർക്കായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ അവനു പരിമിതി ഉൺടായിരുന്നു എന്നു നാം കാണുന്നു.

എല്ലാവരേയും എല്ലാകാലത്തും സുഖമാക്കുക എന്നതു ദൈവത്തിന്റെ ഹിതമാകുന്നു എന്ന് മനസ്സിലാക്കേണ്ടത് വളരെ പ്രധാനം ആകുന്നു. അതു നിങ്ങൾ വിശ്വസിക്കുന്നെങ്കിൽ, ഒരു പക്ഷേ നിങ്ങൾ ആശുപത്രികളിൽ പോയി അവിടെ നിന്നും രോഗികളെ ഒഴിപ്പിക്കാൻ ശ്രമിക്കുന്ന ഒരു തെറ്റു നിങ്ങൾ ചെയ്തേക്കാം, അവർ സുഖപ്പെടുക എന്നത് ദൈവഹിതമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതുകൊണ്ട്. അതേ അവർ സൗഖ്യമാകണമെന്നുള്ളത് ദൈവഹിതം തന്നെ, പക്ഷേ അവരുടെ ഹിതത്തിനെതിരായി ദൈവം ചലിക്കയില്ല. രോഗിയായിരിക്കാനുള്ള, സൗഖ്യമാക്കപ്പെടാതിരിക്കാനുള്ള അവരുടെ അവകാശത്തെ ദൈവം പരിരക്ഷിക്കും. സൗഖ്യപ്പെടാനായി അവരെ നിർബന്ധിക്കാൻ ആർക്കും സാധ്യമല്ല – മറ്റുള്ളവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അവർക്കു സുഖപ്പെടാൻ സാധ്യമല്ല. അവർ കഠിനമായ അവസ്ഥയിലാണെങ്കിൽ മറ്റുള്ളവരുടെ വിശ്വാസം അവരെ സഹായിച്ചേക്കാം, എന്നാൽ അവർക്കുവേണ്ടി അതു ചെയ്യുവാൻ ആർക്കും കഴിയില്ല. ഒരു കാറിന്റെ ഗിയർ ന്യൂട്രലിൽ ആണെങ്കിൽ അതിനെ ഉന്താം, പക്ഷേ പാർക്ക് അല്ലെങ്കിൽ റിവേഴ്സ് ഗിയറിലാണെങ്കിൽ അത് ഉന്തുവാൻ കഴിയുകയില്ല. ഒരു വ്യക്തിയുടെ നിലപാട് രോഗസൗഖ്യത്തിനു എതിരാണെങ്കിൽ, അതിനെ അതിജീവിക്കുവാൻ നിങ്ങൾക്കു കഴിയില്ല. ഈ കാരണത്താൽ, അവരുടെ സഹകരണം ഇല്ലാതെ നിങ്ങൾക്ക് ഒരു ആശുപത്രി കാലിയാക്കുവാനോ, ഒരു സഭാരാധനയിൽ എല്ലാ രോഗികളും സൗഖ്യമാകുന്നതു കാണുവാനോ കഴിയില്ല. ഇതിനെക്കുറിച്ച് വളരെയേറെ പറയാനുണ്ട്. യേശു ആൾക്കാരെ സൗഖ്യമാക്കിയപ്പോഴും മരിച്ചവരെ ഉയിർപ്പിച്ചപ്പോഴും അവൻ ചിലരുടെ അടുത്തു വന്ന് "കരയല്ലെ" എന്നു പറയുമായിരുന്നു. അവൻ ഒരു അമ്മയോട് കരയേണ്ട എന്ന് പറഞ്ഞിട്ട്, അവരുടെ മകനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കും. ആരുടെയെങ്കിലും വിശ്വാസം ചിലസ്ഥാനങ്ങളിൽ ആവശ്യമായേ പറ്റൂ. നമ്മുടെ ഭാഗത്തു നിന്നും വിശ്വാസം ഉണ്ടായേ തീരൂ, അനവധി കാര്യങ്ങൾ രോഗസൗഖ്യത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. കുറച്ചു കാര്യങ്ങൾ മാത്രമേ ഞാനിവിടെ ചർച്ച ചെയ്തുള്ളു. അവയൊക്കെ നിങ്ങൾക്ക് സഹായകരമായിരിക്കും എന്നു ഞാൻ ആശിക്കുന്നു. നിങ്ങൾ ഇതിൽ നിന്നും മനസ്സിലാക്കേണ്ട പരമപ്രധാനമായ കാര്യം, ദൈവം വിശ്വസ്തനാണ എന്നതാണ്. നിങ്ങൾ സൗഖ്യമാകണം എന്നുള്ളത് ദൈവത്തിന്റെ ഹിതമാണ്. എന്നാൽ ദൈവവുമായി എങ്ങിനെ സഹകരിക്കണം എന്നു നിങ്ങൾ പഠിക്കണം. നിങ്ങൾക്കു വേണ്ടി അവന് അതു ചെയ്യുവാൻ കഴിയുകയില്ല. നിങ്ങളിൽ

കൂടി വേണം അവന് അതു ചെയ്യുവാൻ. അത് നിങ്ങളുടെ ഉള്ളിൽ നിന്ന് വരുന്നു.

നിങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിക്കാനും, ദൈവത്തിന്റെ ശക്തി നിങ്ങളിൽക്കൂടി ഒഴുകുവാൻ അനുവദിക്കാനും, അവന്റെ അമാനുഷിക ആരോഗ്യത്തിൽ നടക്കാനും ഈ കാര്യങ്ങൾ നിങ്ങളെ സഹായിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മത്തായി 8:17 വായിക്കുക. നമുക്ക് രോഗശാന്തി ലഭ്യമാക്കുവാൻ യേശു എന്തു ചെയ്തു?

**മത്തായി 8:17** – *അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്നു യെശയ്യാ പ്രവാചകൻ പറഞ്ഞതു നിവൃത്തിയാകുവാൻ തന്നെ.*

2. ഹോശേയ 4:6 വായിക്കുക. ചില ആൾക്കാർക്ക് രോഗശാന്തി കിട്ടാത്തതിന്റെ കാരണം?

1. പരിജ്ഞാനം ഇല്ലായ്മ അജ്ഞത
2. അവർ സഭയിൽ പോകുന്നില്ല
3. അവർ അത്രക്ക് നല്ലവരല്ല

**ഹോശേയ 4:6** – *പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു. പരിജ്ഞാനം ത്യജിക്കകൊണ്ടു നീ എനിക്കു പുരോഹിതനായിരിക്കാത്തവണ്ണം ഞാൻ നിന്നെയും ത്യജിക്കും. നീ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണം മറന്നുകളഞ്ഞതുകൊണ്ട് ഞാനും നിന്റെ മക്കളെ മറക്കും.*

3. യോഹന്നാൻ 9: 1–3 വായിക്കുക. ഈ മനുഷ്യന്റെ അന്ധതയ്ക്കു കാരണം എന്താണെന്നാണ് ശിഷ്യന്മാർ ചിന്തിച്ചത്? ആ ചിന്ത ശരിയായിരുന്നുവോ?

**യോഹന്നാൻ 9: 1–3** – *അവൻ കടന്നുപോകുമ്പോൾ പിറവിയിലെ കുരുടനായൊരു മനുഷ്യനെ കണ്ടു. അവന്റെ ശിഷ്യന്മാർ അവനോടു റബ്ബീ, ഇവൻ കുരുടനായി പിറക്കുവണ്ണം ആർ പാപം ചെയ്തു? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ എന്നു ചോദിച്ചു? അതിനു യേശു, അവൻ എങ്കിലും അവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല, ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിനത്രേ.*

4. യോഹന്നാൻ 5:14 വായിക്കുക. പാപം രോഗത്തിനുള്ള വാതിൽ തുറക്കുന്നു, പക്ഷേ എപ്പോഴും അല്ല. രോഗത്തെ കൂടാതെ, ഒരു വ്യക്തിയിൽ പാപം വേറെ എന്തൊക്കെ ഉണ്ടാക്കുന്നു?

**യോഹന്നാൻ 5: 14** – *അനന്തരം യേശു അവനെ ദേവാലയത്തിൽ വച്ചു കണ്ടു അവനോടു, നോക്കു, നിനക്കു സൗഖ്യമായല്ലോ, അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത് എന്നു പറഞ്ഞു.*

5. റോമർ 5:12–14 വായിക്കുക. പാപം മാത്രമല്ല എപ്പോഴും രോഗകാരണം എങ്കിൽ, മറ്റേത് കാരണങ്ങൾക്കാണ് സാധ്യത?

**റോമർ 5:12–14** – *അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു. പാപമോ ന്യായപ്രമാണം വരെ ലോകത്തിൽ ഉണ്ടായിരുന്നു. എന്നാൽ ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപത്തെ കണക്കിടുന്നില്ല. എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദാമിന്റെ ലംഘനത്തിനു തുല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ മോശ വരെ വാണിരുന്നു.*

6. അപ്പോ. പ്രവൃത്തികൾ 10:38 വായിക്കുക. അപ്പോ.പ്രവൃത്തികൾ 10:38 പ്രകാരം രോഗം ഏതു കാരണം കൊണ്ടു ഉണ്ടാകുന്നു?

**അപ്പോ. പ്രവൃത്തികൾ 10:38** – *നസറയനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ടു അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിച്ചതുമായ വിവരം തന്നേ നിങ്ങൾ അറിയുന്നുവല്ലോ.*

7. മത്തായി 13:58 വായിക്കുക. രോഗശാന്തി തടസ്സപ്പെടുത്താൻ എന്തിനാണു കഴിയുക?

**മത്തായി 13:58** – *അവരുടെ അവിശ്വാസം നിമിത്തം അവിടെ വളരെ വീര്യപ്രവൃത്തകളെ ചെയ്തില്ല.*

8. യാക്കോബ് 5:15 വായിക്കുക. രോഗിയെ എന്തു രക്ഷിക്കും?

**യാക്കോബ് 5:15** – *എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേല്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും.*

# ഉത്തര സൂചിക

1. മത്തായി 8:17 വായിക്കുക. നമുക്ക് രോഗശാന്തി ലഭ്യമാക്കുവാൻ യേശു എന്തു ചെയ്തു?

   ***അവൻ നമ്മുടെ അകൃത്യങ്ങളെ വഹിച്ചു. രോഗങ്ങളെ സൗഖ്യമാക്കി.***

2. ഹോശേയ 4:6 വായിക്കുക. ചില ആൾക്കാർക്ക് രോഗശാന്തി കിട്ടാത്തതിന്റെ കാരണം?

   ***1. പരിജ്ഞാനം ഇല്ലായ്മ (അജ്ഞത)***

3. യോഹന്നാൻ 9: 1–3 വായിക്കുക. ഈ മനുഷ്യന്റെ അന്ധതയ്ക്കു കാരണം എന്താണെന്നാണ് ശിഷ്യന്മാർ ചിന്തിച്ചത്? ആ ചിന്ത ശരിയായിരുന്നുവോ?

   ***പാപം, അല്ല.***

4. യോഹന്നാൻ 5:14 വായിക്കുക. പാപം രോഗത്തിനുള്ള വാതിൽ തുറക്കുന്നു, പക്ഷേ എപ്പോഴും അല്ല. രോഗത്തെ കൂടാതെ, ഒരു വ്യക്തിയിൽ പാപം വേറെ എന്തൊക്കെ ഉൺടാക്കുന്നു?

   ***രോഗത്തേക്കാൾ ദോഷമായ പലതും മരണം പോലും (റോമർ 6:23)***

5. റോമർ 5:12–14 വായിക്കുക. പാപം മാത്രമല്ല എപ്പോഴും രോഗകാരണം എങ്കിൽ, മറ്റേത് കാരണങ്ങൾക്കാണ് സാധ്യത?

   ***വീഴ്ച (ഉല്പത്തി 3) ആദാം തന്റെ ലംഘനത്തിൽ കൂടി പാപവും രോഗവും മാനവജാതിയിൽ അവതരിപ്പിച്ചു.***

6. അപ്പോ. പ്രവൃത്തികൾ 10:38 വായിക്കുക. അപ്പോ.പ്രവൃത്തികൾ 10:38 പ്രകാരം രോഗം ഏതു കാരണം കൊണ്ടു ഉണ്ടാകുന്നു?

***പിശാചിനാൽ പീഡിപ്പിക്കപ്പെടുമ്പോൾ***

7. മത്തായി 13:58 വായിക്കുക. രോഗശാന്തി തടസ്സപ്പെടുത്താൻ എന്തിനാണ് കഴിയുക?

***അവിശ്വാസം***

8. യാക്കോബ് 5:15 വായിക്കുക. രോഗിയെ എന്തു രക്ഷിക്കും?

***വിശ്വാസത്തോടുകൂടിയ പ്രാർത്ഥന***

## പാഠം – 9

# മറ്റുള്ളവരോട് ക്ഷമിക്കുന്നത്

### *ഡോൺ ക്രോ*

മത്തായി 18:21–22 പറയുന്നു, *"അപ്പോൾ പത്രോസ് അവന്റെ അടുക്കൽ വന്നു, കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കണം? ഏഴുവട്ടം മതിയോ എന്നു ചോദിച്ചു. യേശു അവനോട് ഏഴുവട്ടമല്ല ഏഴു എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു."* തനിക്കെതിരെ പാപം ചെയ്തവരോടു എത്ര പ്രാവശ്യം ക്ഷമിക്കണം – ഏഴു പ്രാവശ്യമോ – എന്ന ചോദിച്ചത് വളരെ മഹാമന സ്കത ആയി പത്രോസ് വിചാരിച്ചു കാണണമെന്ന് ഞാൻ കരുതുന്നു. യേശു പറഞ്ഞു, പത്രോസേ, ഏഴല്ല, ഏഴ് എഴുപതുവട്ടം എന്ന്. അതായത് 490 പ്രാവശ്യം. അതിന്റെ അർത്ഥം 490 പ്രാവശ്യത്തിനുശേഷം ക്ഷമിക്കേണ്ട എന്നല്ല. ഒരാൾക്ക് ഒരു ദിവസം സംഭവിക്കാൻ അസാധ്യമായ ഒരു സംഖ്യയാണ് യേശു പറഞ്ഞത്. ക്ഷമിക്കുക എന്നത് തുടർന്നു കൊണ്ടേയിരിക്കണം എന്നാണ് യേശു പറഞ്ഞത്. ഒരു ക്രിസ്ത്യാനിയുടെ ശരിക്കുള്ള മനോഭാവം ക്ഷമിക്കുക എന്നത് ആയിരിക്കേണം. യേശു ലൂക്കോസ് 23: 34 ൽ പറയുന്നു, *"എന്നാൽ യേശു, പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ" എന്നു പറഞ്ഞു.* രക്തസാക്ഷിയായ സ്തെഫാനോസ് അപ്പോ. പ്രവൃത്തികൾ 7:60–ൽ പറഞ്ഞു, *"അവനോ മുട്ടുകുത്തി, കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ."* എന്ന്. എല്ലാ മനുഷ്യരും പാപക്ഷമ പ്രാപിക്കുന്നില്ല, എങ്കിലും ഒരു ക്രിസ്ത്യാനിയുടെ ഹൃദയ മനോ ഭാവം എപ്പോഴും ക്ഷമിക്കുന്നതായിരിക്കണം.

മത്തായി 18:23 –ൽ അവൻ തുടരുമ്പോൾ, യേശു ക്ഷമയെക്കുറിച്ച് ഒരു ഉപമ പറയുന്നു, *"സ്വർഗ്ഗരാജ്യം തന്റെ ദാസന്മാരുമായി കണക്കു തീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോടു സദൃശം അവൻ കണക്കു*

*നോക്കിത്തുടങ്ങിയപ്പോൾ പതിനായിരം താലന്തു കടമ്പെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവനു വീട്ടുവാൻ വകയില്ലായ്കയാൽ അവന്റെ യജമാനൻ അവനെയും ഭാര്യയേയും മക്കളേയും അവനുള്ളതൊക്കെയും വിറ്റു കടം തീർപ്പാൻ കല്പിച്ചു. അതുകൊണ്ട് ആ ദാസൻ വീണു അവനെ നമസ്കരിച്ചു. യജമാനനേ എന്നോടു ക്ഷമ തോന്നേണമേ, ഞാൻ സകലവും തന്നു തീർക്കാം എന്നു പറഞ്ഞു."* കാര്യം ഇങ്ങിനെയാണ്. 10 ലക്ഷം ഡോളർ ഒരു മനുഷ്യൻ അവന്റെ യജമാനനു കൊടുക്കേതായിട്ടുണ്ട്. അവന് കൊടുക്കാനുള്ള യാതൊരു മാർഗ്ഗവും ഇല്ലാ എന്ന് അവനും അവന്റെ യജമാനനും അറിയാം. ആ കാലത്ത്, ഇന്ന് ഐക്യനാടുകളിൽ ഉള്ള സമ്പ്രദായം പോലെ, നിർദ്ധനർ ആണെന്ന് അവകാശപ്പെടുവാൻ കഴിയില്ലായിരുന്നു. അന്ന് അവർ നിങ്ങളേയും നിങ്ങളുടെ ഭാര്യയേയും മക്കളേയും നിങ്ങൾക്കുള്ള സകലത്തേയും കൊണ്ടുപോയി അടിമത്വത്തിലാക്കുന്ന രീതിയായിരുന്നു. എല്ലാം കൊടുത്തു തീരുന്നതുവരെ ജയിലിൽ കഴിയുക അഥവാ കൊടുത്തു തീർന്നില്ലായെങ്കിൽ ജീവിതകാലം മുഴുവൻ ജയിലിൽ കഴിയുക. അവന് അറിയാവുന്ന ഒരു കാര്യം മാത്രം അവൻ ചെയ്തു. അവൻ മുട്ടുമേൽ നിന്ന് അവന്റെ യജമാനനോട് കരുണയ്ക്കായി അപേക്ഷിച്ചു, "യജമാനനേ, എന്നോടു ക്ഷമയുണ്ടാകണമേ, ഞാൻ യാചിക്കുന്നു. ഞാൻ എല്ലാം തന്നു വീട്ടാം. ഒന്നു ക്ഷമിക്കേണമേ." എന്തു സംഭവിച്ചു എന്ന് 27–ാം വാക്യം കാണുക, യജമാനൻ അനുകമ്പയാൽ നിറഞ്ഞ് അവന്റെ കടം ക്ഷമിച്ചു കൊടുത്തു.

നമുക്ക് കൊടുത്തു തീർക്കാൻ കഴിയാത്ത ഒരു കടം ഉണ്ടായിരുന്നു. പാപത്തിന്റെ ശമ്പളം മരണം ആകുന്നു. (റോമർ 6:23) – നിത്യമായി ദൈവത്തിൽ നിന്നും അകന്നിരിക്കുക – ലോകത്തിലെ മുഴുവൻ വെള്ളിക്കോ സ്വർണ്ണത്തിനോ നമ്മെ വീണ്ടെടുക്കാൻ കഴിഞ്ഞില്ല. അപ്പോൾ ദൈവം തന്റെ ദയയിലും കൃപയിലും, സ്വന്ത പുത്രനായ യേശുക്രിസ്തുവിനെ നമ്മുടെ കടം വീട്ടുവാനായി ഭൂമിയിലേക്ക് അയച്ചു. ദൈവം തന്റെ ദയയിലും കരുണയിലും നമ്മെ നോക്കി പറഞ്ഞു, "ഞാൻ നിങ്ങളുടെ ആ കടം ക്ഷമിക്കുന്നു."

10 ലക്ഷം ഡോളർ ക്ഷമിച്ചു കിട്ടിയ ഈ മനുഷ്യന്, അവന്റെ ഒരു കൂട്ടുവേലക്കാരൻ 20 ഡോളർ കൊടുക്കുവാനുണ്ടായിരുന്നു. അവൻ മറ്റവനെ കണ്ടപ്പോൾ ഇപ്രകാരം പറയുന്നു എന്ന് ഊഹിക്കുക, "എനിക്ക് ഇപ്പോൾ 10 ലക്ഷം ഡോളർ ഇളച്ചുകിട്ടി. 20 ഡോളർ എത്രയോ ചെറിയ തുകയാകുന്നു.

എന്നെപ്പോലെ തന്നെ നീയും സ്വതന്ത്രൻ ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു! ആ 20 ഡോളർ പോകട്ടെ. കുഴപ്പമില്ല. എന്തെന്നാൽ 10 ലക്ഷം ഡോളർ എനിക്കു ക്ഷമിച്ചു കിട്ടിയിരിക്കുന്നു!" അങ്ങനെ സംഭവിക്കണമായിരുന്നു, പക്ഷേ സംഭവിച്ചില്ല. എന്താണ് ശരിക്കും സംഭവിച്ചതെന്നു 28–31 വരെയുള്ള വാക്യങ്ങളിൽ നമുക്കു വായിക്കാം. *"ആ ദാസൻ പോകുമ്പോൾ തനിക്കു നൂറു വെള്ളിക്കാശു കടമ്പെട്ട ഒരു കൂട്ടുദാസനെ കണ്ടു തൊണ്ടെക്കു പിടിച്ചു ഞെക്കി, നിന്റെ കടം തീർക്കുക എന്നു പറഞ്ഞു. അവന്റെ കൂട്ടു ദാസൻ എന്നോടു ക്ഷമ തോന്നേണമേ, ഞാൻ തന്നു തീർക്കാം എന്നു അവനോടു അപേക്ഷിച്ചു. എന്നാൽ അവൻ മനസ്സില്ലാതെ ഉടനെ ചെന്നു കടം വീട്ടുവോളം അവനെ തടവിൽ ആക്കിച്ചു. ഈ സംഭവിച്ചതു അവന്റെ കൂട്ടുദാസന്മാർ കണ്ടിട്ടു വളരെ ദു:ഖിച്ചു, ചെന്നു സംഭവിച്ചതൊക്കെയും യജമാനനെ ബോധിപ്പിച്ചു."* 10 ലക്ഷം ഡോളർ ഇളവു ചെയ്തു കിട്ടിയിട്ടും, 20 ഡോളറിനു വേണ്ടി അവനെ അയാൾ തടവിൽ അയച്ചു! നിങ്ങൾക്കത് ചിന്തിക്കാൻ പറ്റുമോ?

32–34 വാക്യങ്ങളിൽ പറയുന്നു, *"യജമാനൻ അവനെ വിളിച്ചു, ദുഷ്ടദാസനേ, നീ എന്നോടു അപേക്ഷിക്കയാൽ ഞാൻ ആ കടം ഒക്കെയും ഇളെച്ചു തന്നുവല്ലോ. എനിക്കു നിന്നോടു കരുണ തോന്നിയതു പോലെ നിനക്കും കൂട്ടുദാസനോടു കരുണ തോന്നേണ്ടതല്ലയോ എന്നു പറഞ്ഞു. അങ്ങനെ യജമാനൻ കോപിച്ചു, അവൻ കടമൊക്കെയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏല്പിച്ചു."* അവന് ഇളെച്ചു കിട്ടിയത് മറന്നു. അവന്റെ കൂട്ടുവേലക്കാരനോട് ഇപ്രകാരം പെരുമാറിയതിനാൽ അവൻ ജയിലിൽ അടയ്ക്കപ്പെട്ടവനായി. അങ്ങിനെ അവൻ തനിക്കു ലഭിച്ച ക്ഷമ നഷ്ടമാക്കി. 35–ാം വാക്യത്തിൽ യേശു പറഞ്ഞു, *"നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നേ നിങ്ങളോടും ചെയ്യും."* നമ്മുടെ പാപം – പാപത്തിന്റെ ശമ്പളമായ മരണവും നിത്യതയിൽ ദൈവത്തിൽ നിന്നുള്ള അകൽച്ചയും – എല്ലാം ക്ഷമിച്ചു കിട്ടിയതിനു ശേഷം, നമ്മൾ ക്ഷമിക്കാതിരിക്കുന്നത് വിഡ്ഢിത്തമല്ലേ? നാം ദൈവത്തോട് കേണപേക്ഷിക്കുന്നു, "എന്നോടു ക്ഷമിക്കേണമേ, യേശുക്രിസ്തുവിലൂടെ എന്നോടു കരുണ കാണിക്കേണമേ" എന്ന്. നാം ക്ഷമിക്കപ്പെടുന്നു. അതു കഴിഞ്ഞ് നാം വലുതെന്നു ചിന്തിക്കുന്ന ചെറിയ കാര്യത്തിനു പോലും വേറൊരാളോടു ക്ഷമിക്കാൻ തയ്യാറാകാതെ

നാം തിരിയുന്ന – ചെയ്തതിനെല്ലാം നമുക്ക് ക്ഷമ ലഭിച്ചതിന്ന ശേഷം. ഇതിന് ദൈവം ദുഷ്ടത എന്നു പറയുന്നു.

ഞാൻ കുറച്ചു നാൾ പാസ്റ്റർ ആയിരുന്ന ഒരു സഭയിൽ, ഭാവി കാര്യങ്ങളെ കാണുവാൻ കഴിവുണ്ടായിരുന്ന ഒരു ചെറുപ്പക്കാരി സ്ത്രീ ഉണ്ടായിരുന്നു. ഒരിക്കൽ ആ സ്ത്രീ എന്റെയടുത്ത് വന്ന് ഇപ്രകാരം പറഞ്ഞു. "വരുവാനുള്ള കാര്യങ്ങളെ കുറിച്ച് എന്നോടു പറയുകയും ഭാവികാര്യങ്ങളെ എന്നെ കാണിക്കയും ചെയ്യുന്നത് പരിശുദ്ധാത്മാവാണോ? ആളുകൾ മരിക്കാൻ പോകുമ്പോഴും, ചിലർക്ക് കാറപകടം ഉണ്ടാകാൻ പോകുമ്പോഴും, അതുപോലെ മറ്റു കാര്യങ്ങളെയും എനിക്ക് മുൻകൂട്ടി അറിയാൻ കഴിയും." ഞാൻ പറഞ്ഞു, എന്റെ ഉത്തരം നിങ്ങൾക്ക് ഇഷ്ടമാകയില്ലായിരിക്കാം, അതു പരിശുദ്ധാത്മാവാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അത് ഭവിഷ്യജ്ഞാനത്തിന്റെ ഒരു അരൂപിയാണെന്ന എനിക്കു തോന്നുന്ന, അപ്പോ. പ്രവൃത്തികൾ 16–ാം അദ്ധ്യായത്തിൽ അപ്പോസ്തലനായ പൗലോസിനെ പിന്തുടർന്ന അതേ അരൂപി. ഒടുവിൽ പൊലോസ് അതിനെ ശാസിക്കുകയും ആ സ്ത്രീയിൽ നിന്നും പുറത്തു വരുവാൻ കല്പിക്കുകയും ചെയ്തതിന്റെ ഫലമായി ലക്ഷണം പറയുവാനുള്ള അവളുടെ കഴിവ് നഷ്ടപ്പെട്ടു." ഞാൻ തുടർന്ന് അവളോട് സംസാരിച്ചു. "ഞാൻ ദൈവമല്ല, നീ യേശുവിാട് ചോദിക്കുക. 'ദൈവമേ, ഞാൻ രക്ഷിക്കപ്പെടുന്നതിന് മുമ്പു പോലും എന്നോടു ഈ വകകാര്യങ്ങൾ പറയുകയും വിവരങ്ങൾ തരുകയും ചെയ്യുന്നത് എന്താണ്? ഇതു പരിശുദ്ധാത്മാവാണോ അതോ വേറെ എന്തെങ്കിലും ആണോ?" ഒരു ദിവസം അവൾ തിരികെ വന്നു എന്നോടു പറഞ്ഞു. "ഞാൻ അതേപ്പറ്റി ദൈവത്തോടു സംസാരിച്ചു, അതിന്ന കുഴപ്പമില്ല എന്നു ഞാൻ കരുതുന്നു. " ഞാൻ പറഞ്ഞു" "കർത്താവ് പറയുന്നതാണ് ശരി – ഞാൻ വലിയ ഇടയൻ അല്ല."

ആ സംഭവം 1986–ന്റെ ആരംഭത്തിലായിരുന്നു. ആ വർഷം പിന്നീട് എന്തു സംഭവിച്ചു എന്ന് നിങ്ങൾക്കറിയാമോ? ' 'Challenger' എന്നു പേരുള്ള ഒരു ബഹികാശ പേടകം ഉണ്ടായിരുന്നു, 8 പേർ അതിൽ കയറി ഉയരത്തിൽ പോയി. അതിൽ ഒരാൾ ഒരു സ്കൂൾ അധ്യാപിക ആയിരുന്നു. ഈ ചെറുപ്പക്കാരി ടെലിവിഷൻ നോക്കിക്കൊണ്ടിരിക്കവെ "നാളെ ഞാൻ 'Challenger' ൽ കയറാൻ പോകയാണ്," എന്ന് ആ സ്ത്രീ പറയുന്നതും അതിനെക്കുറിച്ച് സംസാരിക്കുന്നതും കണ്ടു. ഒരു അരൂപി

അവളോടു പറഞ്ഞു, “അവൾ മരിക്കാൻ പോകയാണ്, അവൾ മരിക്കാൻ പോകയാണ് ” അടുത്ത ദിവസം ‘Challenger’ വിക്ഷേപിക്കപ്പെട്ടപ്പോൾ ലോകം നോക്കി നിൽക്കെ അതു പൊട്ടിത്തെറിച്ചു. അതിലുൺടായിരുന്ന എല്ലാവരും മരിച്ചുപോയി. ഈ ചെറുപ്പക്കാരി എന്റെയടുത്തു വന്നു ഇപ്രകാരം പറഞ്ഞു. “സഹോദരൻ ഡോൺ, എനിക്കു തോന്നുന്നത് എനിക്ക് ആ വിവരങ്ങൾ തരുന്നത് പരിശുദ്ധാത്മാവല്ല, നിങ്ങൾ എനിക്കു വേൺടി പ്രാർത്ഥിക്കുമോ?” അന്ന് രാത്രി യോഗം തീർന്ന് എല്ലാവരും പോയ ശേഷം ഞാൻ ആ സ്ത്രീയുടെ കരം പിടിച്ചു ഇപ്രകാരം പറഞ്ഞു, “ഭവിഷ്യജ്ഞാനത്തിന്റെ അശുദ്ധാത്മാവേ, നീ അവളിൽ നിന്നും പുറത്തു വരിക.” ഒന്നും തന്നെ സംഭവിച്ചില്ല. യേശുവിന്റെ ശിഷ്യന്മാർ ഒരു ചെറുപ്പക്കാരനിൽ നിന്നും ഒരു അശുദ്ധാത്മാവിനെ പുറത്താക്കുവാൻ ശ്രമിച്ചു, സാധിച്ചില്ല. യേശു പറഞ്ഞു, “ആ ചെറുപ്പക്കാരനെ എന്റെയടുത്തു കൊൺടുവരിക.” അതിനാൽ ഞാൻ പറഞ്ഞു, കർത്താവേ ഞാൻ വിചാരിച്ചു എന്താണ് നടക്കുന്നതെന്ന് എനിക്കറിയാമെന്ന്, പക്ഷേ ഈ സ്ത്രീയെ ഞാൻ നിന്റെയടുത്തു കൊൺടുവരുന്നു. എന്താണ് നടക്കുന്നത് എന്ന് ഞങ്ങളെ കാണിച്ചു തരണമെ.” എന്റെ ഭാര്യ ഞങ്ങളുടെ കൂടെ പ്രാർത്ഥിക്കുകയായിരുന്നു, ദൈവം ജ്ഞാനത്തിന്റെ ഒരു വാക്ക് അവൾക്കു കൊടുത്തു. അവൾ പറഞ്ഞു, “അവളുടെ അമ്മയുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് അത്” ഞാൻ ആ സ്തീയോടു പറഞ്ഞു, “നിന്റെ അമ്മയോടു നീ ക്ഷമിക്കുമോ?” അതു പറഞ്ഞ നിമിഷം ഒരു ശബ്ദം അവളിൽ നിന്നും അലറി. “ഇല്ല, അവൾ എന്നെ ഉപേക്ഷിച്ചു.” അപ്പോൾ ഞാൻ പറഞ്ഞു “അശുദ്ധാത്മാവേ, ഞാൻ നിന്നെ ബന്ധിക്കുന്നു” വീൺടും അവളോടു ഞാൻ ചോദിച്ചു അമ്മയോട് ക്ഷമിക്കാമോ എന്ന്. അപ്പോൾ അവൾ ക്ഷമിക്കയും അമ്മയെ ദൈവത്തിന്റെ കൃപയാലും സഹായത്താലും സ്വതന്ത്രയായി പോകാൻ അനുവദിക്കുകയും ചെയ്തു. അവൾ ക്ഷമിക്കാൻ തീരുമാനിച്ചതിലൂടെ അതിനെ മനസ്സിൽ നിന്നു വിട്ടുകളയാൻ അവൾക്കു സാധിച്ചു, അപ്പേൾ അവളുടെ വിടുതലും സ്വാതന്ത്ര്യവും അവൾക്കു ലഭ്യമായി.

മത്തായി 18–ാം അദ്ധ്യായത്തിലെ ഉപമയിൽ യേശു പറയുന്നതുപോലെ, നമ്മുടെ അത്രയ്ക്കും വലിയ കടം സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനാൽ മോചിക്കപ്പെട്ട ശേഷം, മറ്റുള്ളവരോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലാ എങ്കിൽ, നാം ദണ്ഡിപ്പിക്കുന്നവരുടെ കൈയിൽ ഏല്പിക്കപ്പെടും എന്നു ഞാൻ പറയുന്നു. എന്താണ് ഈ ദണ്ഡിപ്പിക്കുന്നവർ? അത് പല തരത്തിലുള്ള

കാര്യങ്ങളാവാം – പൈശാചിക കോട്ടകൾ, പീഢനം, രോഗം, നിരാശ, വ്യാധികൾ ഇത്യാദി അതിന്റെ മൂലകാരണം ക്ഷമിക്കാത്തത് ആകുന്നു. നാം പാപക്ഷമ പ്രാപിച്ചശേഷം നമ്മൾ ക്ഷമിക്കാത്തത് പിശാചിന് നമ്മുടെ ജീവിതത്തിൽ ഇടം കൊടുക്കുകയാണ്. വേദപുസ്തകം പറയുന്നു, ക്ഷമിക്കുവാനുള്ള തീരുമാനം നാം എടുക്കണം. കർത്താവിന്റെ പ്രാർത്ഥന യിൽ (മത്തായി 6:9–11) യേശു പറഞ്ഞു, നമ്മൾ ക്ഷമിക്കപ്പെട്ടതു പോലെ നമ്മളും ക്ഷമിക്കണം എന്ന്.

മർക്കോസ് 11: 25–26 പറയുന്നു, നാം പ്രാർത്ഥിക്കാൻ നില്ക്കുമ്പോൾ നമുക്ക് ആരോടെങ്കിലും വല്ല വിഷയവും ഉൺടെങ്കിൽ, അതു നാം ക്ഷമിക്കണം. അതിന്റെ അർത്ഥം എന്താണ്? മാപ്പുകൊടുക്കാതിരിക്കൽ എത്രനാൾ നമ്മുടെ ഹൃദയത്തിൽ നിൽക്കണം? കർത്താവിന്റെ അടുത്തു പോയി പ്രാർത്ഥിക്കുന്നതുവരെ മാത്രം. ആർക്കെങ്കിലും എതിരായി, കുറഞ്ഞ അളവിലാണെങ്കിലും മാപ്പുകൊടുക്കാതിരിക്കൽ നമുക്കുൺടെങ്കിൽ, നാം അവരെ വിട്ടുകൊടുത്ത്, പറയണം, കർത്താവിനോടു പറയണം "ദൈവമേ, ഇന്നു ഞാൻ അവയെ പോകാൻ അനുവദിക്കുന്നു. ഞാൻ അവരോട് ക്ഷമിക്കുന്നു. ഇന്നു ഞാൻ ഒരു തീരുമാനം എടുക്കുന്നു. കാരണം അത്രയ്ക്കും വലിയ ഒരു കടം നീ എന്നോടു ക്ഷമിച്ചു."

*"കർത്താവേ, ഈ പാഠം വായിക്കുന്ന ആരുടെയെങ്കിലും ജീവിതത്തിൽ മാപ്പുകൊടുക്കാതിരിക്കൽ ഉൺടെങ്കിൽ, അവരെ വിടുവാനും, അവരോടു ക്ഷമിക്കുവാനും, അവർ മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ ആയാലും, ഈ നിമിഷം അവരൊരു തീരുമാനം എടുക്കട്ടെ. നിന്റെ ശക്തിയും നിന്റെ കൃപയും വഴിയായി അവർ അതിനെ വിടുകയും അവരുടെ ക്ഷതങ്ങൾ സുഖപ്പെടുകയും ചെയ്യട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ദൈവമേ നിനക്കു നന്ദി. യേശുവിന്റെ നാമത്തിൽ ആമേൻ.".*

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മത്തായി 18:21 വായിക്കുക. എത്ര പ്രാവശ്യം ക്ഷമിക്കാൻ പത്രോസ് തയ്യാറായി?

   **മത്തായി 18:21–27** – *അപ്പോൾ പത്രോസ് അവന്റെ അടുക്കൽ വന്നു, കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കണം? ഏഴുവട്ടം മതിയോ എന്നു ചോദിച്ചു. യേശു അവനോട് ഏഴുവട്ടമല്ല ഏഴു എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. സ്വർഗ്ഗരാജ്യം തന്റെ ദാസന്മാരുമായി കണക്കു തീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോടു സദൃശം. അവൻ കണക്കു നോക്കിത്തുടങ്ങിയപ്പോൾ പതിനായിരം താലന്തു കടമ്പെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവനു വീട്ടുവാൻ വകയില്ലായ്കയാൽ അവന്റെ യജമാനൻ അവനേയും ഭാര്യയേയും മക്കളേയും അവനുള്ളതൊക്കെയും വിറ്റു കടം തീർപ്പാൻ കല്പിച്ചു. അതുകൊണ്ടു ആ ദാസൻ വീണു അവനെ നമസ്കരിച്ചു. യജമാനനേ എന്നോടു ക്ഷമ തോന്നേണമേ, ഞാൻ സകലവും തന്നു തീർക്കാം എന്നു പറഞ്ഞു. അപ്പോൾ ആ ദാസന്റെ യജമാനൻ മനസ്സലിഞ്ഞു അവനെ വിട്ടയച്ചു കടവും ഇളെച്ചുകൊടുത്തു.*

2. മത്തായി 18:22 വായിക്കുക. എത്ര പ്രാവശ്യം ക്ഷമിക്കണം എന്നാണ് യേശു പറഞ്ഞത്?

3. മത്തായി 18:23–24 വായിക്കുക. യജമാനന് എത്ര തുകയായിരുന്നു കൊടുക്കാൻ കടപ്പെട്ടിരുന്നത്?

4. മത്തായി 18: 25 വായിക്കുക. നിർദ്ധനൻ എന്നു പ്രസ്താവിക്കപ്പെടുവാൻ കഴിയാത്തതിനാൽ എന്ത് സംഭവിക്കുമായിരുന്നു?

5. മത്തായി 18:26 വായിക്കുക. ആ വേലക്കാരന്റെ അപേക്ഷ എന്തായിരുന്നു?

   അവന് ആ കടം വീട്ടുവാൻ കഴിയുമായിരുന്നുവോ?

6. മത്തായി 18:27 വായിക്കുക. ആ യജമാനൻ തന്റെ ദാസനോട് എന്തു മനോഭാവം ആണ് കാണിച്ചത്?

ദൈവം നമ്മോടും നമ്മുടെ പാപത്തോടും (കടത്തോടും) കാണിക്കുന്ന മനോഭാവം എന്താണ്?

7. മത്തായി 18:28 വായിക്കുക. ആ ക്ഷമിക്കപ്പെട്ട വേലക്കാരന് കൂട്ടു വേലക്കാരൻ എത്ര തുകയാണ് കൊടുക്കാൻ കടപ്പെട്ടിരുന്നത്?

**മത്തായി 18: 28 – 35** – *ആ ദാസൻ പോകുമ്പോൾ തനിക്കു നൂറു വെള്ളിക്കാശു കടമ്പെട്ട ഒരു കൂട്ടുദാസനെ കണ്ടു തൊണ്ടെക്കു പിടിച്ചു ഞെക്കി, നിന്റെ കടം തീർക്കുക എന്നു പറഞ്ഞു. അവന്റെ കൂട്ടു ദാസൻ എന്നോടു ക്ഷമ തോന്നേണമേ, ഞാൻ തന്നു തീർക്കാം എന്നു അവനോടു അപേക്ഷിച്ചു. എന്നാൽ അവൻ മനസ്സില്ലാതെ ഉടനെ ചെന്നു കടം വീട്ടുവോളം അവനെ തടവിൽ ആക്കിച്ചു. ഈ സംഭവിച്ചതു അവന്റെ കൂട്ടുദാസന്മാർ കണ്ടിട്ടു വളരെ ദു:ഖിച്ചു, ചെന്നു സംഭവിച്ചതൊക്കെയും യജമാനനെ ബോധിപ്പിച്ചു. യജമാനൻ അവനെ വിളിച്ചു, ദുഷ്ടദാസനേ, നീ എന്നോടു അപേക്ഷിക്കയാൽ ഞാൻ ആ കടം ഒക്കെയും ഇളെച്ചു തന്നുവല്ലോ. എനിക്കു നിന്നോടു കരുണ തോന്നിയതുപോലെ നിനക്കും കൂട്ടുദാസനോടു കരുണ തോന്നേണ്ടതല്ലയോ എന്നു പറഞ്ഞു. അങ്ങനെ യജമാനൻ കോപിച്ചു, അവൻ കടമൊക്കെയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏല്പിച്ചു. നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നേ നിങ്ങളോടും ചെയ്യും.*

8. മത്തായി 18:28 വായിക്കുക. ഈ വേലക്കാരന് തന്റെ കൂട്ടുവേലക്കാരനോടുള്ള മനോഭാവം എന്തായിരുന്നു?

9. മത്തായി 18:29–30 വായിക്കുക. തന്റെ കൂട്ടുവേലക്കാരനോട് ഈ വേലക്കാരൻ എന്താണ് ചെയ്തത്?

10. മത്തായി 18:31–33 വായിക്കുക. ക്ഷമിക്കാത്ത ദാസനെ യജമാനൻ എന്താണ് വിളിച്ചത്?

11. മത്തായി 18:33 വായിക്കുക. അവൻ എന്തു ചെയ്യേണ്ടിയിരുന്നു എന്നാണ് തന്റെ ദാസനോടു യജമാനൻ പറഞ്ഞത്?

12. മത്തായി 18:34 വായിക്കുക. എന്താണ് സംഭവിച്ചതെന്ന് യജമാനൻ കണ്ടുപിടിച്ചപ്പോൾ, അത് അയാളെ വൈകാരികമായി എങ്ങിനെയാണ് ബാധിച്ചത്?

13. മത്തായി 18:34 വായിക്കുക. തന്റെ പ്രവൃത്തി (തീരുമാനം) മൂലം തനിക്ക് ആദ്യം ലഭിച്ച മാപ്പിനെ ഈ ദാസൻ നഷ്ടപ്പെടുത്തിയോ?

14. മത്തായി 18:35 വായിക്കുക. ഈ ഉപമയുടെ ആശയം എന്താണ്?

# ഉത്തര സൂചിക

1. മത്തായി 18:21 വായിക്കുക. എത്ര പ്രാവശ്യം ക്ഷമിക്കാൻ പത്രോസ് തയ്യാറായി?

   ***7 പ്രാവശ്യം***

2. മത്തായി 18:22 വായിക്കുക. എത്ര പ്രാവശ്യം ക്ഷമിക്കണം എന്നാണ് യേശു പറഞ്ഞത്?

   ***490 (അല്ലെങ്കിൽ അന്തമില്ലാതെ തുടർച്ചയായി)***

3. മത്തായി 18:23–24 വായിക്കുക. യജമാനന് എത്ര തുകയായിരുന്നു കൊടുക്കാൻ കടപ്പെട്ടിരുന്നത്?

   ***പതിനായിരം താലെന്ത് അല്ലെങ്കിൽ 10 ലക്ഷം ഡോളർ (തിരിച്ചു കൊടുക്കുവാൻ കഴിയാത്ത തുക)***

4. മത്തായി 18:25 വായിക്കുക. നിർദ്ധനൻ എന്നു പ്രസ്താവിക്കപ്പെടുവാൻ കഴിയാത്തതിനാൽ എന്ത് സംഭവിക്കുമായിരുന്നു?

   ***അവനും അവന്റെ ഭാര്യയും മക്കളും അവന് ഉണ്ടായിരുന്ന സകലവും അടിമത്വത്തിലേക്ക് കടം നിമിത്തം പോകുമായിരുന്നു.***

5. മത്തായി 18:26 വായിക്കുക. ആ വേലക്കാരന്റെ അപേക്ഷ എന്തായിരുന്നു?

   ***ക്ഷമ കാണിക്കുവാനും അവൻ കടം വീട്ടികൊള്ളാം എന്നും ഉള്ള അപേക്ഷ.***

   അവന് ആ കടം വീട്ടുവാൻ കഴിയുമായിരുന്നുവോ?

   ***മിക്കവാറും കഴിഞ്ഞെന്നു വരില്ല***

6. മത്തായി 18:27 വായിക്കുക. ആ യജമാനൻ തന്റെ ദാസനോട് എന്തു മനോഭാവം ആണ് കാണിച്ചത്?

***ദയയും ക്ഷമയും***

7. മത്തായി 18:28 വായിക്കുക. ആ ക്ഷമിക്കപ്പെട്ട വേലക്കാരന് കൂട്ടു വേലക്കാരൻ എത്ര തുകയാണ് കൊടുക്കാൻ കടപ്പെട്ടിരുന്നത്?

***നൂറു കാശ് (ഒരു ദിവസത്തെ കൂലി)***

8. മത്തായി 18:28 വായിക്കുക. ഈ വേലക്കാരന് തന്റെ കൂട്ടുവേലക്കാരനോടുള്ള മനോഭാവം എന്തായിരുന്നു?

***അക്ഷമ, അക്രമം, മാപ്പുകൊടുക്കാതിരിക്കൽ***

9. മത്തായി 18:29–30 വായിക്കുക. തന്റെ കൂട്ടുവേലക്കാരനോട് ഈ വേലക്കാരൻ എന്താണ് ചെയ്തത്?

***അവന്റെ ചെറിയ കടം വീട്ടുന്നതുവരെ ജയിലിൽ അടയ്ക്കുക***

10. മത്തായി 18:31–33 വായിക്കുക. ക്ഷമിക്കാത്ത ദാസനെ യജമാനൻ എന്താണ് വിളിച്ചത്?

***"ഓ, ദുഷ്ടദാസനേ"***

11. മത്തായി 18:33 വായിക്കുക. അവൻ എന്തു ചെയ്യേണ്ടിയിരുന്നു എന്നാണ് തന്റെ ദാസനോടു യജമാനൻ പറഞ്ഞത്?

***അവന്റെ കൂട്ടുവേലക്കാരനോട് അവന്റെ യജമാനൻ അവനോട് ദയ കാണിച്ചതു പോലെ ദയകാണിക്കേണ്ടതായിരുന്നു. അവനെ വിടുകയും അവനോടു ക്ഷമിക്കയും ചെയ്യണമായിരുന്നു.***

12. മത്തായി 18:34 വായിക്കുക. എന്താണ് സംഭവിച്ചതെന്ന് യജമാനൻ കൺടുപിടിച്ചപ്പോൾ, അത് അയാളെ വൈകാരികമായി എങ്ങിനെയാണ് ബാധിച്ചത്?

***അവൻ കോപിഷ്ടനായി***

13. മത്തായി 18:34 വായിക്കുക. തന്റെ പ്രവൃത്തി (തീരുമാനം) മൂലം തനിക്ക് ആദ്യം ലഭിച്ച മാപ്പിനെ ഈ ദാസൻ നഷ്ടപ്പെടുത്തിയോ?

***നഷ്ടപ്പെടുത്തി***

14. മത്തായി 18:35 വായിക്കുക. ഈ ഉപമയുടെ ആശയം എന്താണ്?

"***നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നേ നിങ്ങളോടും ചെയ്യും.***" ( മത്തായി 18:35)

## പാഠം – 10

# വിവാഹം – ഭാഗം 1

### *ഡോൺ ക്രോ*

ഇന്നു നാം വിവാഹത്തെ കുറിച്ചാണ് പറയാൻ പോകുന്നത്. ആദ്യമായി നിങ്ങൾക്ക് ചില സ്ഥിതി വിവര കണക്കുകൾ തരാൻ ആഗ്രഹിക്കുന്നു. 75% കുടുംബങ്ങൾക്കും ഓരോ തരത്തിലുള്ള വിവാഹ ഉപദേശം ആവശ്യമായിരിക്കുന്നു. രൺടു വിവാഹങ്ങളിൽ ഒന്ന് വിവാഹ മോചനത്തിൽ അവസാനിക്കുന്നു. 50% വിവാഹങ്ങളിൽ ഒരു പങ്കാളി ആദ്യത്തെ 5 വർഷത്തിനുള്ളിൽ അവിശ്വസ്തരായി തീരുന്നു. ക്രിസ്തീയ മണ്ഡലത്തിൽ പോലും 30% വരെ ശുശ്രൂഷകന്മാർ അവരുടെ സഭയ്ക്കുള്ളിലെ തന്നെ ആരെങ്കലുമായി അവിഹിത ബന്ധം ഉള്ളവരായിരിക്കും. ഈ കണക്കുകൾ ശരിക്ക് അടുത്തെങ്കിലും ആണെങ്കിൽ, ബൈബിളിലെ പ്രധാന പ്രമാണങ്ങൾ എന്തെന്ന് പ്രത്യക്ഷമായും നമുക്കു മനസ്സിലായിട്ടില്ല എന്നെനിക്കു തോന്നുന്നു. വിവാഹം എന്ന വിഷയത്തെക്കുറിച്ചും, അതിനേപ്പറ്റി ദൈവം പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ചിലതിനേക്കുറിച്ചും – നിങ്ങളുടെ വിവാഹ ബന്ധത്തെ എങ്ങിനെ ബലപ്പെടുത്തുവാൻ കഴിയും – നാം കാണുവാൻ പോകയാണ്.

വിവാഹം ദൈവത്തിന്റെ ആശയമാണ്. അത് ദൈവം ആണ് രൂപവല്കരണം ചെയ്തത്. ഉല്പത്തി 2:18 പറയുന്നു, *"അനന്തരം യഹോവയായ ദൈവം, മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, ഞാൻ അവനു തക്കതായ തുണ ഉൺടാക്കിക്കൊടുക്കും എന്നു അരുളിചെയ്തു."* ഉല്പത്തി 1:31 പറയുന്നു, *"താൻ ഉൺടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കൺടു. സന്ധ്യയായി ഉഷസ്സുമായി, ആറാം ദിവസം."* ഇത് തികച്ചും പൂർണ്ണതയുള്ള ഒരു സൃഷ്ടി ആയിരുന്നു എന്ന് ഓർക്കുക. ദൈവം വന്ന് മനുഷ്യനുമായി കൂട്ടായ്മ ഉൺടാക്കി. ദൈവത്തിന് മനുഷ്യനുമായി ഒരു അതിശയകരമായ

ബന്ധം ഉൺടായിരുന്നു. ഓരോ ദിവസവും വൈകുന്നേരത്തെ വെയിലാറിയ സമയത്ത് ദൈവം വന്ന് ആദാമുമായി കൂട്ടായ്മ അനുഭവിക്കുമായിരുന്നു. ചിലപ്പോൾ നാം ചിന്തിക്കൂ ദൈവവുമായി നമുക്ക് ഒരു തികഞ്ഞ ബന്ധം ഉൺടായിരുന്നെങ്കിൽ, നമുക്കു വേറൊന്നും ആവശ്യം ഉൺടാകുമായിരുന്നില്ല എന്നു ചിലപ്പോൾ നാം ചിന്തിച്ചേക്കാം, പക്ഷേ അതു സത്യമല്ല. തന്റെ സൃഷ്ടിയെക്കുറിച്ച് ഉല്പത്തി 1:31 –ൽ ദൈവം പറഞ്ഞു, "*അതു എത്രയും നല്ലതു*". "നല്ലതല്ല" എന്നു ദൈവം ആദ്യം കാര്യം, ദൈവം ഉല്പത്തി 2:18 ൽ കാണുന്നു. "മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല." ആയതിനാൽ, മനുഷ്യനുൺടായിരുന്ന ആവശ്യം നിറവേറ്റാൻ, അവൻ ജീവിതത്തിൽ അനുഭവിച്ചേക്കാവുന്ന ഏകാന്തതയെ നേരിടാൻ അവനൊരു സഹായിയെ കൊടുക്കാനായിട്ടുള്ള ദൈവത്തിന്റെ ആശയമാണ് വിവാഹം. ദൈവം ആഗ്രഹിക്കുന്നത് വിവാഹത്തിൽ ഇടുകയും, ദൈവത്തിന്റെ നിർദ്ദേശങ്ങൾ പാലിച്ചു ജീവിക്കുകയും ചെയ്താൽ, വിവാഹം സന്തോഷം കൊൺടുവരും, ദുരിതമല്ല.

ഉല്പത്തി 2.24 ലാണ് ആദ്യമായി ബൈബിൾ വിവാഹത്തെക്കുറിച്ച് ശരിക്കും വളയെധികം പറയുന്നത്. അവിടെ പറയുന്നു, "*അതുകൊൺടു പുരുഷൻ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും, അവർ ഏകദേഹമായി തീരും.*" വിവാഹം എന്നത് മറ്റു ബന്ധങ്ങളെ എല്ലാം വിട്ട് നിങ്ങളുടെ ജീവിതം വേറൊരു വ്യക്തിയിൽ പുന: കേന്ദ്രീകരിക്കുന്നതാണ്, ദൈവം വിവാഹത്തെ അങ്ങിനെയാണ് രൂപകല്പന ചെയ്തിരിക്കുന്നത്. അത് ഒരു ത്രിത്വ ഐക്യബന്ധമാണ്. വിവാഹ ബന്ധത്തിൽ, ദൈവം ആദാമിനേയും ഹവ്വായേയും ഒരുമിച്ചു വിളിച്ചപ്പോൾ, ആദാം ഏകനായോ ഹവ്വ ഏകയായോ ദൈവത്തോട് ബന്ധപ്പെടുകയല്ല ഉൺടായത്. അതിപ്പോൾ, ആദാമും ഹവ്വായും ഒരു ഘടകമായി, ലക്ഷ്യത്തിൽ ഒന്നായി, ദൈവവുമായി ബന്ധത്തിലായി. 1 പത്രോസ് 3:7–ൽ പറയുന്നു, "*അങ്ങനെ തന്നേ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനെക്കു മുടക്കം വരാതിരിക്കേൺടതിനു വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിച്ചു, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്തു അവർക്കു ബഹുമാനം കൊടുപ്പിൻ.*" ഉല്പത്തി 5:1–2, ശരിക്കും മഹത്തായ ഒരു വേദഭാഗം പറയുന്നു, "*ആദാമിന്റെ വംശപാരമ്പര്യമാവിതു: ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന്റെ സാദൃശ്യത്തിൽ അവനെ ഉൺടാക്കി, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. സൃഷ്ടിച്ച*

*നാളിൽ അവരെ അനുഗ്രഹിക്കുകയും അവർക്കു ആദാമെന്നു പേരിടുകയും ചെയ്തു."* നോക്കുക, ആദാം ഭാര്യയ്ക്കു ഹവ്വാ എന്നു പേരിട്ടു. പക്ഷേ ദൈവം അവരെ ഒന്നിച്ച്, ആദാം എന്നു വിളിച്ചു. ആയതിനാൽ, വിവാഹ ബന്ധത്തിൽ, അതു ദൈവവും ഞാനും അല്ല അല്ലെങ്കിൽ ദൈവവും ആ സ്ത്രീയും അല്ല. ഞാനും എന്റെ ഭാര്യയും ഒന്നിച്ച് ദൈവകൃപപ്രകാരം ജീവന്റെ അവകാശികളായി, ഉദ്ദേശപൂർവ്വം ദൈവത്തെ സേവിക്കാനായും, ഐക്യത്തിലും ഒന്നായും നടക്കുവാനായും വിളിക്കപ്പെട്ടിരിക്കുന്നു.

നമ്മൾ ഇപ്പോൾ വായിച്ച ഉല്പത്തി 2:24 പറയുന്നു, മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ട് തന്റെ ഭാര്യയോടു പറ്റിച്ചേരും, അവർ ഒരു ദേഹമായി രിക്കും. "പറ്റിച്ചേരുക" എന്നതിന്റെ അർത്ഥം ഒട്ടിപ്പിടിക്കുക, ഒന്നാകുക, ലക്ഷ്യത്തിൽ ഒന്നായിരിക്കുക എന്നൊക്കെയാണ്. ഇന്ന് നിങ്ങളുടെ വിവാഹ ബന്ധത്തിൽ പ്രശ്നം ഉൺടെങ്കിൽ, ചില ചോദ്യങ്ങൾ ഞാൻ നിങ്ങളോടു ചോദിക്കട്ടെ. നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ, പങ്കാളിയോട് നിങ്ങൾ പെരുമാറുന്ന രീതി, അവരോട് നിങ്ങൾ പറയുന്ന കാര്യങ്ങൾ, ഇവയൊക്കെ നിങ്ങളെ ഒന്നായി അടുപ്പിക്കുവാൻ കാരണമാകുന്നുവോ? അതോ, ഒരു വിടവ് ഉൺടാകാൻ കാരണമാകുന്നുവോ? ദൈവവചനത്തിൽ വിവാഹത്തിനായുള്ള കല്പന പറ്റിച്ചേരുക, ഒട്ടിച്ചേരുക എന്നതാണ്. അതിനാൽ, നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ നിങ്ങളുടെ ബന്ധത്തെ പടുത്തുയർത്തുകയാണോ അതോ അതിനെ തകർക്കുകയാണോ? ഈ കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിക്കേൺടിയിരിക്കുന്നു.

സ്നേഹം എന്നത് ഒരു വികാരം എന്നാണ് ആളുകൾ ചിന്തിക്കുന്നത്: "ഞാൻ നിങ്ങളെ സ്നേഹിച്ചിരുന്നു, പക്ഷേ ആ സ്നേഹത്തിൽ നിന്നും ഞാൻ പുറത്തായി – നിങ്ങളെ ഞാനിനി സ്നേഹിക്കുന്നില്ല." നിങ്ങൾ നല്ല രീതിയിൽ കാര്യങ്ങൾ നടക്കുന്നില്ലാത്ത ഒരു കുടുംബത്തിൽ നിന്നും വന്ന ആൾ ആണെന്ന് ഇരിക്കട്ടെ." നിങ്ങൾ ഒരു ശുശ്രൂഷകന്റെയടുത്തോ ഒരു ജഡ്ജിയുടെ അടുത്തോ വിവാഹം കഴിക്കാനായി പോകുന്നു എന്നു കരുതുക. നിങ്ങളുടെ ജീവിതം ആ പങ്കാളിക്കായി കൊടുക്കാൻ നിങ്ങൾ പ്രതിജ്ഞ എടുക്കുന്നു. ഇത് ശരിക്കും മരണം വരെ നിലനില്ക്കണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. പക്ഷേ നിങ്ങളുടെ കുടുംബാനുഭവം കാരണം, നിങ്ങൾ സ്നേഹം ഒരിക്കലും കൺടിട്ടില്ല, അത് പ്രകടിപ്പിക്കുന്നത് നിങ്ങളുടെ കുടുംബത്തിൽ കൺടിട്ടില്ല, നിങ്ങളുടെ മാതാപിതാക്കൾ സ്നേഹത്തിന്റെ ഊഷ്മള പ്രകടനങ്ങൾ പങ്കുവയ്ക്കുന്നതും ഒരിക്കലും

കണ്ടിട്ടില്ല. നിങ്ങളുടെ പങ്കാളി ഒരു പാടു സ്നേഹവാത്സല്യം പങ്കിടുന്ന ഒരു കുടുംബത്തിൽ നിന്നു വന്നതാവാം, പക്ഷേ അതെങ്ങനെയെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടാ. നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിക്കുന്ന ഈ വ്യക്തിയെ സ്നേഹിക്കണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിലും, സ്നേഹം പ്രകടമാക്കുന്നത് നേരത്തെ ഒരിക്കലും കാണാത്തതു കൊണ്ടും, നിങ്ങൾ അങ്ങനത്തെ ഒരു കുടുംബത്തിൽ നിന്നും വന്നതാക കൊണ്ടും, നിങ്ങൾ മിക്കവാറും പരാജയപ്പെടാം. ഏതാനും വർഷങ്ങൾക്കുള്ളിൽ നിങ്ങൾ ഉപദേശം തേടിപോയി "ഞങ്ങൾക്കു യോജിപ്പില്ല, ഇനി ഞാനവരെ സ്നേഹിക്കുന്നില്ല" എന്നു പറഞ്ഞേക്കാം. ശരി, നിങ്ങൾക്കായി ഇന്ന് എന്റെയടുത്ത് നല്ല വാർത്തയുണ്ട്: നിങ്ങളുടെ വിവാഹത്തിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ, അതിനെ ശരിയാക്കാനുള്ള ഒന്നുണ്ട്.

നിങ്ങൾ ഒരു ഫ്രിഡ്ജ് വാങ്ങിക്കുമ്പോൾ അതിന് പ്രശ്നം വന്നാൽ അതിന്റെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകത്തിൽ നോക്കാം. ആ പുസ്തകം പറയും എന്താണ് തകരാറ് അല്ലെങ്കിൽ അതിന്റെ സേവനക്കാരെ സമീപിക്കാം. വിവാഹത്തിന്റെ കാര്യത്തിലും അതിന്റെ തകരാറ് ശരിയാക്കാനും ഒരു നിർദ്ദേശപുസ്തകം ഉണ്ട്. അതിന്റെ പേരാണ് ദൈവവചനം. തീത്തോസ് 2:4 –ൽ വേദപുസ്തകം പറയുന്നു, സ്നേഹം എന്നത് പഠിപ്പിക്കാവുന്നതും പഠിക്കാവുന്നതും ആകുന്നു. നിങ്ങൾ ശരിയല്ലാത്ത ഒരു കുടുംബത്തിൽ നിന്നും വന്നതാണെങ്കിലും, ജീവിതപങ്കാളിയെ സ്നേഹിക്കാൻ അറിവില്ലാ എങ്കിലും – നിങ്ങളുടെ വിവാഹം ശിഥിലമായിക്കൊണ്ടിരിക്കുന്നു – നിങ്ങൾക്കു നല്ല വാർത്തയുണ്ട്. 1 യോഹന്നാൻ 5:3 – ൽ പറയുന്ന, *"അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം, അവന്റെ കല്പനകൾ ഭാരമുള്ളവയല്ല."* എങ്ങനെ സ്നേഹിക്കാം എന്നും, എങ്ങനെ ദയയും ഉദാര മനസ്കതയും പ്രകടമാക്കാം എന്നും, ജീവിത പങ്കാളിയുടെ സുഖസന്തോഷങ്ങൾ എങ്ങനെ തേടാമെന്നും നമ്മെ കാണിച്ചു തരുന്ന, യേശുവിന്റെ കല്പനകൾ വഴി നിങ്ങളുടെ ആ അവസ്ഥ നേരെയാക്കാൻ ദൈവത്തിനു കഴിയും.

ഇത് വിവാഹം എന്ന വിഷയത്തെക്കുറിച്ചുള്ള ഒരു ആമുഖം മാത്രമാകുന്നു. നിങ്ങൾ പഠനം തുടരുന്നതോടുകൂടി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾ ഈ വിഷയത്തിലേക്ക് നോക്കുമ്പോൾ, കൂടുതൽ ബുദ്ധിയും ജ്ഞാനവും നിങ്ങൾക്കു തരാൻ ദൈവം ആഗ്രഹിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. എഫെസ്യർ 5:31–32 വായിക്കുക. എഫെസ്യർ 5:31, ഉല്പത്തി 2:24 ൽ നിന്നുള്ള ഒരു ഉദ്ധാരണം ആണ്. എഫെസ്യർ 5:32 നോക്കി, ദൈവം യഥാർഥത്തിൽ എന്തിനേപ്പറ്റിയാണ് ഈ ഭാഗത്തു പറയുന്നതെന്നാണ് നിങ്ങൾ കരുതുന്നത്?

   **എഫെസ്യർ 5:31–32** – *അതു നിമിത്തം ഒരു മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു പറ്റിച്ചേരും, ഇരുവരും ഒരു ദേഹമായി തീരും. ഈ മർമ്മം വലിയതു, ഞാൻ ക്രിസ്തുവിനേയും സഭയേയും ഉദ്ദേശിച്ചത്രേ പറയുന്നത്.*

2. യാക്കോബ് 4:4–5 വായിക്കുക. ഈ വാക്യങ്ങൾ എന്താണ് പഠിപ്പിക്കുന്നത്?

   **യാക്കോബ് 4:4–5** – *വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു. അല്ലെങ്കിൽ തിരുവെഴുത്തു വെറുതെ സംസാരിക്കുന്നു എന്നു തോന്നുന്നുവോ? അവൻ നമ്മിൽ വസിക്കുമാറാക്കിയ ആത്മാവു അസൂയെക്കായി കാംക്ഷിക്കുന്നുവോ?*

3. 1 പത്രോസ് 3:7 വായിക്കുക. നിങ്ങളുടെ ഭാര്യയോടോ ഭർത്താവിനോടോ എന്തുകൊണ്ട് യോജിപ്പിലും സ്നേഹത്തിലും കഴിയണം?

   **1 പത്രോസ് 3:7** – *അങ്ങനെ തന്നേ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനെക്കു മുടക്കം വരാതിരിക്കേണ്ടതിനു വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിച്ചു, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപക്കു കൂട്ടവകാശികൾ എന്നും ഓർത്തും അവർക്കു ബഹുമാനം കൊടുപ്പിൻ.*

4. യോഹന്നാൻ 15:5 വായിക്കുക. ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ നായകനാകുന്നില്ല എങ്കിൽ, നിങ്ങളുടെ വിവാഹം, വിജയകരമായി തീരുമോ?

**യോഹന്നാൻ 15:5** – *ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു, ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും, എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല.*

5. തീത്തോസ് 2:4 വായിക്കുക. സ്നേഹം ഒരു വികാരം മാത്രം അല്ല. തിരുവെഴുത്തു പ്രകാരം സ്നേഹം ............................................................

**തീത്തോസ് 2:4** – *ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന് യൗവനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും.*

6. 1 യോഹന്നാൻ 5:3 വായിക്കുക. നമ്മൾ ദൈവത്തിന്റെ കല്പനകളിൽ നടക്കുമ്പോൾ നാം ..............................................................................

**1 യോഹന്നാൻ 5:3** – *അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം, അവന്റെ കല്പനകൾ ഭാരമുള്ളവയല്ല.*

7. മത്തായി 7:12 വായിക്കുക. വിവാഹജീവിതത്തിൽ നമുക്കു പ്രശ്നങ്ങൾ ഉണ്ടാകുന്നു എങ്കിൽ അതിന്റെ കാരണം നാം .............................................. ................................................................... നടക്കാത്തതുകൊണ്ടാകുന്നു.

**മത്തായി 7:12** – *മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ, ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നേ.*

8. 1 കൊരിന്ത്യർ 13:4 വായിക്കുക. സ്നേഹം എന്നാൽ:

1. വൈകാരികം
2. ഒരു ഊഷ്മള അനുഭൂതി
3. ദയ കാണിക്കുന്ന

**1 കൊരിന്ത്യർ 13:4** – *സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കുകയും ചെയ്യുന്നു, സ്നേഹം സ്പർദ്ധിക്കുന്നില്ല.*

# ഉത്തര സൂചിക

1. എഫെസ്യർ 5:31–32 വായിക്കുക. എഫെസ്യർ 5:31, ഉല്പത്തി 2:24 ൽ നിന്നുള്ള ഒരു ഉദ്ധാരണം ആണ്. എഫെസ്യർ 5:32 നോക്കി, ദൈവം യഥാർഥത്തിൽ എന്തിനേപ്പറ്റിയാണ് ഈ ഭാഗത്തു പറയുന്നതെന്നാണ് നിങ്ങൾ കരുതുന്നത്?

   ***ക്രിസ്തുവും അവന്റെ സഭയുമായുള്ള ബന്ധം (വിവാഹത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു)***

2. യാക്കോബ് 4:4–5 വായിക്കുക. ഈ വാക്യങ്ങൾ എന്താണ് പഠിപ്പിക്കുന്നത്?

   ***ദൈവം നമ്മുടെ മേൽ അസൂയാലുവാണ്, നാം അവനോട് വിശ്വസ്തരായിരിക്കാൻ ദൈവം ഇച്ഛിക്കുന്നു.***

3. 1 പത്രോസ് 3:7 വായിക്കുക. നിങ്ങളുടെ ഭാര്യയോടോ ഭർത്താവിനോടോ എന്തുകൊണ്ട് യോജിപ്പിലും സ്നേഹത്തിലും കഴിയണം?

   ***തന്റെ പ്രാർത്ഥന തടസ്സപ്പെടാതിരിക്കാൻ***

4. യോഹന്നാൻ 15:5 വായിക്കുക. ക്രിസ്തു നിങ്ങളുടെ ജീവീതത്തിൽ നായകനാകുന്നില്ല എങ്കിൽ, നിങ്ങളുടെ വിവാഹം, വിജയകരമായി തീരുമോ?

   ***ഇല്ല.***

5. തീത്തോസ് 2:4 വായിക്കുക. സ്നേഹം ഒരു വികാരം മാത്രം അല്ല. തിരുവെഴുത്തു പ്രകാരം സ്നേഹം ...........................................................

   ***പഠിപ്പിക്കാം***

6. 1 യോഹന്നാൻ 5:3 വായിക്കുക. നമ്മൾ ദൈവത്തിന്റെ കല്പനകളിൽ നടക്കുമ്പോൾ നാം ..........................................................................................

*സ്നേഹത്തിൽ നടക്കുന്നു*

7. മത്തായി 7:12 വായിക്കുക. വിവാഹജീവിതത്തിൽ നമുക്കു പ്രശ്നങ്ങൾ ഉണ്ടാകുന്നു എങ്കിൽ അതിന്റെ കാരണം നാം .............................................. ............................................................................ നടക്കാത്തതുകൊണ്ടാകുന്നു.

*സ്നേഹത്തിൽ*

8. 1 കൊരിന്ത്യർ 13:4 വായിക്കുക. സ്നേഹം എന്നാൽ:

*3. ദയ കാണിക്കുന്നു*

## പാഠം – 11

# വിവാഹം – ഭാഗം 2

### *ഡോൺ ക്രോ*

ഇന്നു നാം വീണ്ടും വിവാഹം എന്ന വിഷയത്തിലേക്കു നോക്കാൻ പോകുന്നു, "വിവാഹം എന്താണ്?" എന്നതാണു ചോദ്യം." നിങ്ങൾ അതിനെ കുറിച്ച് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? വേദപുസ്തകപ്രകാരം വിവാഹം രൂപകല്പന ചെയ്യുക എന്നത് ദൈവത്തിന്റെ ആശയം ആയിരുന്നു. വിവാഹം എന്നത് ഒരു ഒരുമിച്ചു ചേരൽ, ഒരു ഒന്നാകൽ, ഒരു യോജിപ്പിക്കൽ ആകുന്നു. ഉല്പത്തി 2:24 പറയുന്നു, *"അതുകൊണ്ടു പുരുഷൻ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും അവർ ഏകദേഹമായി തീരും."* വിവാഹം എന്നു പറയുന്നത് ഒരു യോജിപ്പിനേക്കാളും, ഒരു ഏകത്വത്തിനേക്കാളും അധികമായ ഒന്നാണെന്നു നിങ്ങൾ അറിഞ്ഞോ? ഉദാഹരണമായി കൊരിന്ത്യർ 6:15–16 പറയുന്നു, ഒരു ക്രിസ്ത്യാനി ആയ ഞാൻ പുറത്തു പോയി ഒരു വേശ്യയുമായി ചേർന്നാൽ, ഞാൻ അവളുമായി ഒരു ജഡം ആകുന്നു. ഇത് ഉല്പത്തി 2:24 ൽ വിവാഹത്തെക്കുറിച്ചു പറയുന്നതുമായി നോക്കുക. ഒരു വേശ്യയുമായി ഞാൻ ചേരുന്നത് എന്നെ സ്വതവേ എന്റെ ഭാര്യയിൽ നിന്നും വിവാഹ മോചിതനാക്കുകയോ, അല്ലെങ്കിൽ, അവളുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ടെന്നു കരുതി വേശ്യയെ എന്റെ ഭാര്യയാക്കുകയോ ചെയ്യുന്നില്ല. അതിനാൽ, വിവാഹം എന്നാൽ എന്താണ്? വിവാഹം എന്നത് ഒരു ഏകത്വം, ഒരു യോജിപ്പിക്കുന്ന പ്രക്രിയ, ഒരു ജഡം ആകുന്നു എന്നതു മാത്രം ആണെങ്കിൽ, അതും വേശ്യയുടെ അടുക്കൽ പോകുന്നതും തമ്മിൽ ഉള്ള വ്യത്യാസം എന്താണ്? നിങ്ങൾ ഒരു വേശ്യയുടെ അടുത്ത് പോയെങ്കിൽ, നിങ്ങൾ അവളുമായി ഒരു ജഡം ആയി എന്നു വ്യക്തമാണല്ലോ.

വേദപുസ്തകം പറയുന്നു, വിവാഹം എന്നത് ഒരു ഏകത്വത, യോജിപ്പിക്കൽ, ഒന്നിപ്പിക്കൽ ആണെന്ന്, എന്നാൽ അത് അതിനേക്കാൾ കൂടിയ

ഒന്നാണ്. അത് ഒരു ഉടമ്പടി പ്രകാരം ഉൺടാകുന്ന ഒന്നിച്ചുചേർക്കൽ ആണ്. "ഉടമ്പടി" എന്നതിന്റെ എബ്രായ പദം "ബെരിത്ത് " (berith) എന്നാണ്. അതിന്റെ ആശയം ഒരുമിച്ച് ബന്ധിക്കുക എന്നാണ്. അത് ഒരു വ്യക്തിയുടെ മരണംവരെ നിലനിൽക്കുന്ന ഒരു പ്രതിജ്ഞയാണ്. ഞാൻ ഒരു വേശ്യയുടെ അടുത്തുപോയി, ദുഷ്പ്രവർത്തിയായ ആ പാപം ചെയ്താലും, അവളുമായി എനിക്ക് ഒരു പ്രതിജ്ഞയും ഇല്ല. വിവാഹത്തിന്റെ സത്ത എന്തെന്നാൽ, മറ്റുള്ള എല്ലാവരെയും ഉപേക്ഷിക്കുക എന്നതാണ്. വേദപുസ്തകം പറയുന്നു, അപ്പനെയും അമ്മയെയയും വിട്ട് ഭാര്യയോടു പറ്റിച്ചേരുക എന്ന്. യഹസ്കേൽ പറയുന്നു. *"നീ എന്റേതായി."* ഈ ഒരാൾക്കുവേൺടി – മറ്റെല്ലാവരെയും ഉപേക്ഷിക്കുന്നുന്നു. നിങ്ങൾ വിവാഹശേഷം വേറൊരാളിന്റെയടുത്ത് അസാന്മാർഗ്ഗികമായി പോയാൽ, അത് വിവാഹത്തിന്റെ ആദർശങ്ങളും, ഒരു ഉടമ്പടി അല്ലെങ്കിൽ പ്രതിജ്ഞയിൽക്കൂടി വരുന്ന ഏകത്വവും ഐക്യതയും ലംഘിക്കുക തന്നെയാണ് എന്നു സ്പഷ്ടമാണ്. യെഹസ്ക്കേൽ 16:8 ൽ അതിനെ വിവാഹ ഉടമ്പടി എന്നു വിളിക്കുന്നു. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കാൻ കടപ്പെട്ടവനാണെന്ന് എഫെസ്യർ 5 ൽ നാം പഠിക്കുന്നു, ആയതിനാൽ അത് സ്നേഹത്തിന്റെ ഒരു ഉടമ്പടി ആകുന്നു. സ്നേഹത്തിന്റെ ഉടമ്പടി എന്നു പറയുന്നതിന്റെ കാരണം, വിവാഹത്തെ ഭരിക്കുന്ന തത്വം സ്നേഹം ആണ് എന്നതാണ്. എല്ലാറ്റിലും ഉപരി വിവാഹത്തെ ഭരിക്കുന്ന തത്വം സ്നേഹം ആയിരിക്കണം.

വിവാഹം എന്നത് ഏകത്വത്തിന്റെ ഉടമ്പടിയാകുന്നു. 1 പത്രോസ് 3 :7 ൽ പറയുന്നു, ഞാൻ എന്റെ ഭാര്യയെ ബലം കുറഞ്ഞ പാത്രമായി അംഗീകരിക്കുകയും വിലമതിക്കുകയും, ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്ന് തിരിച്ചറിയുകയും ചെയ്യുന്നില്ല എങ്കിൽ, നമ്മുടെ പ്രാർത്ഥനകൾ തടസ്സപ്പെടും എന്ന്. അതിനെകുറിച്ച് ചിന്തിക്കുക – വിവാഹബന്ധത്തിനായി ദൈവം രൂപകല്പന ചെയ്തിരിക്കുന്ന ഐക്യതയിലും ചേർച്ചയിലും നാം നടക്കുന്നില്ല എങ്കിൽ, നമ്മുടെ ആത്മീയ ജീവിതം തടസ്സപ്പെടാം. തന്റെ വിവാഹ ഉടമ്പടിയെ, തന്റെ യൗവ്വനത്തിലെ മാർഗ്ഗദർശിയെ, ഉപേക്ഷിച്ച ഒരു താന്തോന്നിയായ സ്ത്രീയെക്കുറിച്ച് സദൃശവാക്യങ്ങൾ 2:16–17 ൽ പറഞ്ഞിരിക്കുമ്പോൾ, വിവാഹബന്ധം അവളുടെ ദൈവത്തിന്റെ ഉടമ്പടി എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ഗൗരവമായ ഒരു വിഷയം ആകുന്നു. അത് ഒരു വ്യക്തിയുമായി നാം ഉൺടാക്കുന്ന ഉടമ്പടിയാകുന്നു, എന്നാലും ദൈവത്തിന്റെ മുമ്പിൽ നാം ഉൺടാക്കുന്ന ഒരു

ഉടമ്പടിയും കൂടി ആകുന്നു. ആളുകൾക്കു ശുശ്രൂഷ ചെയ്യുവാൻ ഞാൻ എത്ര മാത്രം ഇഷ്ടപ്പെടുന്നുവോ, അതുപോലെ എന്റെ വിവാഹത്തിൽ കേന്ദ്രീകരിക്കുക എന്ന ഒരു മുൻഗണന ദൈവത്തിനുണ്ട്. വിവാഹം എന്നത് ശരിക്കും എന്റെ ജീവിതം മറ്റൊരു വ്യക്തിയിൽ കേന്ദ്രീകരിക്കുക എന്നതാണ്. ഞാൻ പറഞ്ഞതു പോലെ അതിനെ നയിക്കുന്ന തത്വം സ്നേഹം ആകുന്നു.

മത്തായി 7:12 ൽ പറയുന്നു, മറ്റുള്ളവർ നമ്മോടു ചെയ്യണം എന്നു നാം ഇച്ഛിക്കുന്നത്, അവരോടു ചെയ്യണം, കാരണം ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നെ എന്ന്. കൃത്യമായും ഈ തത്വമാണ് വിവാഹബന്ധത്തെയും ഭരിക്കേണ്ടത്. അത് ഒരു സ്വാർത്ഥതയല്ല, സ്വയത്തിനു വേണ്ടിയല്ല, നിങ്ങൾക്ക് എന്തു തരുവാൻ ഈ വ്യക്തിക്ക് കഴിയും എന്നതിനേപ്പറ്റിയുമല്ല. വേദപുസ്തകം 1 കൊരിന്ത്യർ 13–ാം അധ്യായം 4–ാം വാക്യത്തിൽ പറയുന്നു, സ്നേഹം ദയയുള്ളതാണ് എന്ന്. അതിന്റെയർത്ഥം മറ്റുള്ളവരുടെ നന്മ അന്വേഷിക്കുക, ഉദാര മനസ്സും ദയയും ഉണ്ടായിരിക്കയും, എല്ലായ്പ്പോഴും മറ്റുള്ളവർക്ക് ഏറ്റവും നല്ലത് കൊടുക്കുക എന്നും ആകുന്നു. വിവാഹം അങ്ങിനെ രൂപകല്പന ചെയ്തിരിക്കുന്നത് എന്തെന്നാൽ, അത് നമുക്ക് ദൈവവുമായുള്ള ശരിയായ ഒരു ബന്ധം എങ്ങനെയിരിക്കണം എന്നതിന്റെ ഒരു മാതൃകയാണ്. പ്രകൃതിയിലും ഒരു ചിത്രീകരണം ദൈവം നമുക്കു തന്നിരിക്കയാണ്. ദൈവവുമായി ഉള്ള യഥാർത്ഥമായ ഒരു നിത്യബന്ധത്തിന്റെ മാതൃക നമുക്കുണ്ടാകേണ്ടതിനായി, ഒരു നല്ല, മഹത്തായ വിവാഹ ബന്ധം എങ്ങിനെയാകേണമെന്ന് ദൈവം കാണിച്ചുതന്നിരിക്കുന്നു. വിവാഹം മരണംവരെ മാത്രം ആയതിനാൽ അത് താൽക്കാലികമാകുന്നു. വേദപുസ്തകം പറയുന്നു പുനരുത്ഥാനത്തിൽ വിവാഹം ഇല്ല എന്ന്. ഒരു നല്ല വിവാഹത്തെ – സ്നേഹത്തിന്റെ തത്വങ്ങളെ – സ്വാർഥത കൂടാതെ മറ്റുള്ളവർക്കു കൊടുക്കുന്നതിനായുള്ള തത്വങ്ങൾ നാം മനസ്സിലാക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം പറയുന്നത് ഇതാണ്: "നിങ്ങൾ ശരിക്കും മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്ന കാര്യം, ഞാനുമായുള്ള ഒരു വിവാഹ ബന്ധത്തിലേയ്ക്ക് ഞാൻ നിങ്ങളെ വിളിച്ചിരിക്കുന്നു എന്നതാണ് – താൽക്കാലികമായ, കുറച്ചു വർഷങ്ങൾക്കുശേഷം തീർന്നുപോകുന്ന ഒന്നിലേക്കല്ല, പിന്നെയോ, എന്റെ സ്നേഹം മുഴുവൻ എന്നേക്കും നിങ്ങൾക്കായി വെളിപ്പെടുത്തുന്ന നിത്യമായ ഒരു ബന്ധത്തിലേക്ക്."

വിവാഹത്തെക്കുറിച്ച് ഞാൻ ചില തത്വങ്ങൾ പറയട്ടെ. വിവാഹം എന്നത് ഒരു സയോജനം ആണ്, വെറും ഒരു പങ്കാളിത്വം അല്ല. ഉല്പത്തി

4 ൽ ബൈബിൾ പരസ്പരം ഉള്ള ഒരു അറിയൽ ആയും, 1 പത്രോ 3:7 ൽ അത് ജീവന്റെ കൃപയുടെ കൂട്ടവകാശികളായും പറഞ്ഞിരിക്കുന്നു. വിവാഹം ഒരു ഉടമ്പടിയാണ്, എന്നുവച്ചാൽ അത് ബന്ധിപ്പിക്കുന്നതാണ്: അതിൽ ഒരു സമർപ്പണം ഉൾക്കൊണ്ടിരിക്കുന്നു. പാപം ആദ്യസഭയിൽ അല്ല, ആദ്യ വിവാഹത്തിലാണ് പ്രവേശിച്ചത്. ആയതിനാൽ അതിന്റെ നിർദ്ദേശ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന സ്നേഹത്തിന്റെ നിബന്ധനകൾ മനസ്സിലാക്കി, നമ്മുടെ ജീവിതത്തിൽ അവ പ്രായോഗികമാക്കണം. “സ്നേഹം എന്താണ്?” എന്നു കൂടി ചോദിക്കട്ടെ. സ്നേഹത്തിന്റെ നിർവ്വചനം, ഒരു വിധത്തിൽ നിസ്വാർത്ഥതയാണ്. യെശയ്യാവ് 53:6 പറയുന്നു, നാം തെറ്റിപ്പോയ, ഓരോരുത്തനും താന്താന്റെ വഴികളിലേക്കു തിരിഞ്ഞ ആടുകളെപ്പോലെ ആണെന്ന്, എന്നാൽ വിവാഹബന്ധത്തിൽ നാം മറ്റെ വ്യക്തിയിൽ കേന്ദ്രീകരിച്ച്, അവരുടെ നന്മയും പ്രയോജനവും തേടണം.

വേദപുസ്തകം എഫേസ്യർ ലേഖനത്തിൽ പറയുന്നു, ഭാര്യയെ സനേഹിക്കുന്നത് സ്വന്തം ശരീരത്തെ സ്നേഹിക്കുന്നതുപോലെയാകുന്നു എന്ന്. നമ്മൾ ഭർത്താക്കന്മാർ ദൈവം നമുക്ക് തന്നിരിക്കുന്ന ഭാര്യയെ പരിപാലിക്കുകയും, ബഹുമാനിക്കുകയും വേണം, അതായത് അവരെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യണം. നിങ്ങളുടേതന്നെ ശരീരത്തെ സ്നേഹിക്കുക എന്നതിന്റെ അർത്ഥം, നിങ്ങളുടെ കരം പിടിച്ച് തലോടിക്കൊണ്ട് “ഞാൻ നിന്നെ സ്നേഹിക്കുന്നു” എന്നു പറയുന്നതല്ല. അത് ഒട്ടുമേയല്ല. നിങ്ങളെത്തന്നെ സ്നേഹിക്കുക എന്നു വച്ചാൽ, നിങ്ങളെ സംരക്ഷിക്കുക, ആഹാരം കൊടുക്കുക, കരുതുക എന്നൊക്കെയാണ്. ഒരിക്കലും ഭാര്യയെ കൂട്ടാക്കാതിരിക്കയും, അവളുടെ ഒരു ബലഹീനത പരസ്യമാക്കുകയും, അവളെ പരിഹസിക്കുകയും, അവളെ മുറിപ്പെടുത്തുന്ന വിധം സംസാരിക്കയും ചെയ്യരുത്. നാം നമ്മെ സ്നേഹിക്കുന്നതുപോലെ തന്നെ അവളേയും സ്നേഹിക്കണം.

പ്രാർഥനയിൽ നിങ്ങളെത്തന്നെ ദൈവത്തിലേക്കു ഉയർത്തുക, ആദ്യമായി, നിന്നെ സ്നേഹിച്ചതിനു ദൈവത്തിനു നന്ദി പറയുക. എന്നിട്ട് ദൈവം നിനക്കു തന്നിരിക്കുന്ന നിന്റെ കൂട്ടാളിക്കായി അവനു നന്ദി പറയുക. ഒരു പക്ഷെ പ്രശ്നത്തിന്റെ ഭാഗികമായ കാരണം അതായിരുന്നിരിക്കാം. ഒരു പക്ഷെ നിങ്ങൾ നിങ്ങളുടെ പങ്കാളിയെ അംഗീകരിച്ച് അഭിനന്ദിച്ചിട്ടില്ലായിരിക്കാം, ഒരു പക്ഷെ അവളേയോ അവനേയോ പുച്ഛിച്ചിട്ടുണ്ടാവാം, എന്നാൽ വേദപുസ്തകം പറയുന്നു, അത് അടിസ്ഥാ

നപരമായി സ്വാർത്ഥതയും പാപവും ആകുന്നു. എഫെസ്യർ 5–ാം അദ്ധ്യായത്തിൽ പറയുന്നു, വചനം വഴിയായുള്ള വെള്ളം കൊൺടുള്ള കഴുകലിനാൽ യേശു സഭയെ ശുദ്ധമാക്കി എന്ന്, അതായത് സ്വന്തം വാക്കുകൾ വഴി സഭയ്ക്കു മേൽ അവൻ സംസാരിച്ചു. നിങ്ങൾ നിങ്ങളുടെ ജീവിത പങ്കാളിയുടെ മേൽ ഉപയോഗിക്കുന്ന വാക്കുകൾക്കനുസൃതമായി, ആ വാക്കുകളുടെ തലത്തിലേക്ക് അവൾ ഉയരും. നിങ്ങൾ അവളോട്, “നീ നന്നല്ല, നീ വിരൂപയാണ്, നിനക്ക് അമിതവണ്ണം ഉൺട്” എന്നൊക്കെ പറഞ്ഞാൽ, നിങ്ങളുടെ വിവാഹത്തെ നിങ്ങൾ ഞെരുക്കും, ഒരുമ ഉൺടാകാൻ കാരണമാവുകയില്ല, പിന്നെയോ വേർപെടലും അകലപ്പെടലും ഉൺടാകുന്നു. “പ്രിയേ, നീ ചെയ്യുന്നവയെ എല്ലാം ഞാൻ അഭിനന്ദിക്കുന്നു. ഞാൻ നിന്നെ വിലമതിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു” എന്നിങ്ങനെയുള്ള ദയനിറഞ്ഞ വാക്കുകൾ പറഞ്ഞ്, നിങ്ങളുടെ പ്രവൃത്തികൾ വഴി അതു തെളിയിച്ചാൽ, നിങ്ങളുടെ പങ്കാളി ആ വാക്കുകളുടെ തലത്തിലേക്ക് ഉയരും.

നിങ്ങളുടെ വിവാഹബന്ധത്തിലെ ഒട്ടേറെ പ്രശ്നങ്ങൾക്കും കാരണം നിങ്ങൾ പറഞ്ഞിട്ടുള്ള വാക്കുകൾ ആണെന്ന് കാണാൻ ഇന്നു നിങ്ങൾക്ക് കഴിയുന്നില്ലേ? നിങ്ങളുടെ ജീവിതപങ്കാളിയെ വളർത്തുന്നതിനു പകരം തളർത്തിയിട്ടുൺടോ? ഇന്നു നിങ്ങളുടെ പങ്കാളിയുടെ മേൽ നല്ല വാക്കുകൾ പ്രഖ്യാപിക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. സ്നേഹം ഒരു തോന്നൽ അല്ല; നിങ്ങൾക്കെങ്ങനെ തോന്നുന്നു എന്നു നോക്കാതെ, വേറൊരാളുടെ നന്മയും പ്രയോജനവും തേടുക എന്നതാണ് സ്നേഹം. ഇന്നു തന്നെ, ദയയുടെ പ്രവൃത്തികളുമായി തുടങ്ങുക, തടിയിൽ പല പാളികളായി വാർണിഷ് അടിക്കുന്നതുപോലെ. ചെറിയ ചെറിയ ദയാ പ്രവൃത്തികൾ ആണ് സ്നേഹത്തെ പടുത്തുയർത്തുന്നത്. നിങ്ങളുടെ ജീവിതപങ്കാളിയെ വിലപ്പെട്ടതായി കാണുവാനും, ബഹുമാനിക്കുവാനും, മൂല്യം അംഗീകരിക്കുവാനും, പങ്കാളിയുടേമേൽ സ്നേഹത്തിന്റെ വാക്കുകൾ പ്രഖ്യാപിക്കുവാനും തുടങ്ങുക. അപ്പോൾ നിങ്ങളൊരു വ്യത്യാസം കാണും. ഈ തത്വങ്ങൾ പ്രായോഗികമാക്കുന്നതനുസരിച്ച് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. സദൃശ്യവാക്യം 18: 22 വായിക്കുക. വിവാഹം എന്നത്

   1. ഒരു നല്ല കാര്യമാണ്
   2. ഭയാനകമാണ്
   3. ദൈവത്തിനു പ്രസാദകരം

   **സദൃശ്യവാക്യം 18:22** – *ഭാര്യയെ കിട്ടുന്നവനു നന്മ കിട്ടുന്നു. യഹോവയോടു പ്രസാദം ലഭിച്ചുമിരിക്കുന്നു.*

2. എബ്രായർ 13:4 വായിക്കുക. ലൈഗിംക ബന്ധം (വിവാഹ കിടക്ക)

   1. പാപമാണ്
   2. വൃത്തിഹീനവും ദോഷകരവും
   3. നിർമ്മലം

   **എബ്രായർ 13:4** – *വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ, എന്നാൽ ദുർന്നടപ്പുകാരേയും വ്യഭിചാരികളേയും ദൈവം വിധിക്കും.*

3. സഭാപ്രസംഗി 9:9 വായിക്കുക. ശരിയോ, തെറ്റോ? ദൈവീക വിവാഹം ഒരു ദാനവും, ഈ ജീവിതത്തിൽ ദൈവത്തിൽ നിന്നും നിങ്ങൾക്കുള്ള പ്രതിഫലവും ആകുന്നു.

   **സഭാപ്രസംഗി 9:9** – *സൂര്യനു കീഴെ അവൻ നിനക്കു നൽകിയിരിക്കുന്ന മായയായുള്ള ആയുഷ്കാലത്തൊക്കെയും നീ സ്നേഹിക്കുന്ന ഭാര്യയോടു കൂടെ മായയായുള്ള നിന്റെ ആയുഷ്കാലമെല്ലാം സുഖിച്ചുകൊൾക, അതല്ലോ ഈ ആയുസ്സിലും സൂര്യന്റെ കീഴിൽ നീ ചെയ്യുന്ന പ്രയത്നത്തിലും നിനക്കുള്ള ഓഹരി.*

4. 1 യോഹന്നാൻ 3:18 വായിക്കുക. "ജഡ്ജ് ഫിലിപ്പ് ഗിലിയാം അദ്ദേഹം വിധി പ്രസ്താവിച്ച, പ്രായപൂർത്തി ആകാത്തവർക്കുള്ള 28,000 കോടതി കേസുകളിൽ, മാതാപിതാക്കൾ തമ്മിലുള്ള സ്നേഹപ്രകടനം ഇല്ലായ്മയാണ് അദ്ദേഹത്തിനറിയാവുന്ന, പ്രായപൂർത്തിയാകാത്ത മക്കളുടെ നിയമലംഘനത്തിന്റെ, ഏറ്റവും പ്രധാന കാരണം എന്ന് പറഞ്ഞിരിക്കുന്നു." (Together Forever പുസ്തകം, പേജ് 152) നാം എങ്ങിനെയാണ് സ്നേഹം കാണിക്കേണ്ടത്?

**1 യോഹന്നാൻ 3:18 –** *കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക.*

5. എഫെസ്യർ 5:28 വായിക്കുക. ശരിയോ തെറ്റോ? എന്റെ ശരീരത്തെ ഞാൻ അവഗണിക്കാത്തതുപോലെ, എന്റെ ഭാര്യയേയും ഞാൻ അവഗണിക്കരുത്.

**എഫെസ്യർ 5:28 –** *അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു*

6. 1 യോഹന്നാൻ 3:16 വായിക്കുക. ശരിയോ തെറ്റോ? "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന വാക്കുകൾ പ്രവൃത്തികളെ അടിസ്ഥാനമക്കിയാണെങ്കിൽ, വളരെ മനോഹരമാണ്. തന്റെ ജീവനെ നമുക്കുവേണ്ടി തന്നതിലൂടെ, യേശു ആ വാക്കുകളെ അർത്ഥവത്താക്കി. പ്രായോഗികമായ രീതിയിൽ നമ്മുടെ പങ്കാളിക്കുവേണ്ടി, നാമും കഴിയുന്നത്ര നമ്മുടെ ജീവനെ കൊടുക്കേണ്ടതാകുന്നു.

പ്രായോഗികമായി എങ്ങിനെയാണ് നിങ്ങൾ സ്നേഹിക്കപ്പെടുവാൻ താല്പര്യപ്പെടുന്നത് എന്നതിനെക്കുറിച്ച് പങ്കുവയ്ക്കുക?

**1 യോഹന്നാൻ 3:16 –** *അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തു എന്നു അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കു വേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു.*

7. എഫെസ്യർ 5:25–26 വായിക്കുക. ശരിയോ തെറ്റോ? ഞാൻ അവളുടെമേൽ പ്രഖ്യാപിക്കുന്നതനുസരിച്ച്, എന്റെ ഭാര്യ ജീവിയ്ക്കാൻ പോകുന്നു. ഞാൻ അവളുടെമേൽ പറയുന്നതിന്റെ കഴിവിലേക്ക് ഞാൻ അവളെ കൊണ്ടുവരുന്നു.

**എഫെസ്യർ 5: 25–26** – *ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും.*

8. റോമർ 8:38–39 ഉം 1 യോഹന്നാൻ 4:19 ഉം വായിക്കുക. ശരിയോ തെറ്റോ? നമ്മോടു പറയപ്പെട്ടിട്ടുള്ള ഗാഢ സൗഹൃദമുള്ള വാക്കുകളും, അതിനനുസരിച്ചുള്ള പ്രവൃത്തികളും വഴി നമ്മോടു പ്രേമാഭ്യർഥന നടത്തപ്പെടുന്നു (സനേഹിക്കപ്പെടുന്നു). തിരുവെഴുത്തിൽ, അവന്റെ സ്നേഹ പത്രികകളിൽ നിന്നുള്ള ഗാഢ സൗഹൃദ വാക്കുകൾ പറഞ്ഞുകൊണ്ട്, ദൈവം നമ്മോടു പ്രേമാഭ്യർഥന നടത്തി.

**റോമർ 8: 38–39** – *മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു.*

**1 യോഹന്നാൻ 4:19** – *അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം അവനെ സ്നേഹിക്കുന്നു.*

9. 1 യോഹന്നാൻ 5:3 ഉം 2 യോഹന്നാൻ 1:6 ഉം വായിക്കുക. ശരിയോ തെറ്റോ? സ്നേഹം എങ്ങിനെ പ്രദർശിപ്പിക്കുന്നു എന്നും പ്രവർത്തിക്കുന്നു എന്നും, യേശുവിന്റെ കല്പനകൾ വെളിപ്പെടുത്തുന്നു. സ്നേഹത്തിന്റെ ഈ തത്വങ്ങൾ ദൈവത്തിന്റെ വചനത്തിൽ നിന്നു നമുക്കു പഠിക്കാൻ സാധിക്കും.

**1 യോഹന്നാൻ 5:3** – *അവന്റെ കല്പകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം, അവന്റെ കല്പനകൾ ഭാരമുള്ളവയല്ല.*

*ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ.*

**2 യോഹന്നാൻ 1:6** – *നാം അവന്റെ കല്പനകളെ അനുസരിച്ചു നടക്കുന്നതു തന്നെ സ്നേഹം ആകുന്നു. നിങ്ങൾ ആദിമുതൽ കേട്ടതുപോലെ അനുസരിച്ചു നടപ്പാനുള്ള കല്പന ഇതത്രേ.*

10. യോഹന്നാൻ 14:15 വായിക്കുക. ശരിയോ തെറ്റോ? സ്നേഹം നിങ്ങളുടെ ഒരു വികാരത്തിന്റെ വിഷയമല്ല, മറിച്ച് നിങ്ങളുടെ ഒരു തീരുമാനത്തിന്റെയാണ്. വചനത്തിലെ ഓരോ കല്പനകളും മനുഷ്യന്റെ തീരുമാനത്തിനു കൊടുത്തിട്ടുള്ളതാണ്, ഒരിക്കലും അവന്റെ വികാരത്തിന് കൊടുത്തിട്ടുള്ളതല്ല. എങ്ങിനെ തോന്നണമെന്നല്ല ദൈവം പറഞ്ഞിരിക്കുന്നത്, എങ്ങിനെ പ്രവർത്തിക്കണമെന്നാണ്.

**യോഹന്നാൻ 14:15** – *നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും.*

11. ഗലാത്യർ 5:22–23 വായിക്കുക. സ്നേഹം സ്വാഭാവികമല്ല. അത് പഠിക്കപ്പെടുകയും, പരിശുദ്ധാത്മാവിനാൽ മനുഷ്യ വംശത്തിലേക്ക് സംജാതമാക്കപ്പെടുയും വേണം. സ്നേഹം ഒരു ഫലമാകുന്നു:

1. മനുഷ്യന്റെ ചിന്തയുടെ
2. മനുഷ്യന്റെ പ്രകൃതിയുടെ
3. ദൈവാത്മാവിന്റെ

**ഗലാത്യർ 5:22–23** – *ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല.*

12. എഫെസ്യർ 5:31–32 വായിക്കുക. ഒരു നല്ല വിവാഹം ചെറിയ തോതിലുള്ള എന്തിന്റെ മാതൃകയാണ്?

**എഫെസ്യർ 5:31–32** – *അതുനിമിത്തം ഒരു മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു പറ്റിച്ചേരും ഇരുവരും ഒരു ദേഹമായി തീരും. ഈ മർമ്മം വലിയതു. ഞാൻ ക്രിസ്തുവിനേയും സഭയേയും ഉദ്ദേശിച്ചത്രേ പറയുന്നതു.*

# ഉത്തര സൂചിക

1. സദൃശ്യവാക്യം 18: 22 വായിക്കുക. വിവാഹം എന്നത്

***1. ഒരു നല്ല കാര്യമാണ്. 3. ദൈവത്തിന് പ്രസാദകരമാണ്***

2. എബ്രായർ 13:4 വായിക്കുക. ലൈഗിംക ബന്ധം (വിവാഹ കിടക്ക

***3. നിർമ്മലമാണ്***

3. സഭാപ്രസംഗി 9:9 വായിക്കുക. ശരിയോ, തെറ്റോ? ദൈവീക വിവാഹം ഒരു ദാനവും, ഈ ജീവിതത്തിൽ ദൈവത്തിൽ നിന്നും നിങ്ങൾക്കുള്ള പ്രതിഫലവും ആകുന്നു.

***ശരി***

4. 1 യോഹന്നാൻ 3:18 വായിക്കുക. "ജഡ്ജ് ഫിലിപ്പ് ഗിലിയാം അദ്ദേഹം വിധി പ്രസ്താവിച്ച, പ്രായപൂർത്തി ആകാത്തവർക്കുള്ള 28,000 കോടതി കേസുകളിൽ, മാതാപിതാക്കൾ തമ്മിലുള്ള സ്നേഹപ്രകടനം ഇല്ലായ്മയാണ് അദ്ദേഹത്തിനറിയാവുന്ന, പ്രായപൂർത്തിയാകാത്ത മക്കളുടെ നിയമലംഘനത്തിന്റെ, ഏറ്റവും പ്രധാന കാരണം എന്ന് പറഞ്ഞിരിക്കുന്നു." (Together Forever പുസ്തകം, പേജ് 152) നാം എങ്ങിനെയാണ് സ്നേഹം കാണിക്കേണ്ടത്?

***പ്രവൃത്തികളും ശരിക്കുള്ള പരിചരണവും വഴി***

5. എഫെസ്യർ 5:28 വായിക്കുക. ശരിയോ തെറ്റോ? എന്റെ ശരീരത്തെ ഞാൻ അവഗണിക്കാത്തതുപോലെ, എന്റെ ഭാര്യയേയും ഞാൻ അവഗണിക്കരുത്.

***ശരി***

6. 1 യോഹന്നാൻ 3:16 വായിക്കുക. ശരിയോ തെറ്റോ? "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന വാക്കുകൾ പ്രവൃത്തികളെ അടിസ്ഥാന മക്കിയാണെങ്കിൽ, വളരെ മനോഹരമാണ്. തന്റെ ജീവനെ നമുക്കു വേണ്ടി തന്നതിലൂടെ, യേശു ആ വാക്കുകളെ അർത്ഥവത്താക്കി. പ്രായോഗികമായ രീതിയിൽ നമ്മുടെ പങ്കാളിക്കുവേണ്ടി, നാമും കഴിയുന്നത്ര നമ്മുടെ ജീവനെ കൊടുക്കേണ്ടതാകുന്നു.

***ശരി***

7. എഫെസ്യർ 5:25–26 വായിക്കുക. ശരിയോ തെറ്റോ? ഞാൻ അവളുടെമേൽ പ്രഖ്യാപിക്കുന്നതനുസരിച്ച്, എന്റെ ഭാര്യ ജീവിയ്ക്കാൻ പോകുന്നു. ഞാൻ അവളുടെമേൽ പറയുന്നതിന്റെ കഴിവിലേക്ക് ഞാൻ അവളെ കൊണ്ടുവരുന്നു.

***ശരി, എഫെസ്യർ 5:26 ൽ ഉപയോഗിച്ചിരിക്കുന്നത് "rhema" എന്ന പദം ആണ്. അതിന്റെ അർത്ഥം "പറയപ്പെട്ട വാക്കുകൾ"***

8. റോമർ 8:38–39 ഉം 1 യോഹന്നാൻ 4:19 ഉം വായിക്കുക. ശരിയോ തെറ്റോ? നമ്മോടു പറയപ്പെട്ടിട്ടുള്ള ഗാഢ സൗഹൃദമുള്ള വാക്കുകളും, അതിനനുസരിച്ചുള്ള പ്രവൃത്തികളും വഴി നമ്മോടു പ്രേമാഭ്യർഥന നടത്തപ്പെടുന്നു (സ്നേഹിക്കപ്പെടുന്നു). തിരുവെഴുത്തിൽ, അവന്റെ സ്നേഹ പത്രികകളിൽ നിന്നുള്ള ഗാഢ സൗഹൃദ വാക്കുകൾ പറഞ്ഞുകൊണ്ട്, ദൈവം നമ്മോടു പ്രേമാഭ്യർഥന നടത്തി..

***ശരി, ദൈവവചനം നിറയെ നമ്മോടുള്ള സ്നേഹം നിറഞ്ഞ വാക്കുകൾ ആണ്***

9. 1 യോഹന്നാൻ 5:3 ഉം 2 യോഹന്നാൻ 1:6 ഉം വായിക്കുക. ശരിയോ തെറ്റോ? സ്നേഹം എങ്ങിനെ പ്രദർശിപ്പിക്കുന്നു എന്നും പ്രവർത്തിക്കുന്നു എന്നും, യേശുവിന്റെ കല്പനകൾ വെളിപ്പെടുത്തുന്നു. സ്നേഹത്തിന്റെ ഈ തത്വങ്ങൾ ദൈവത്തിന്റെ വചനത്തിൽ നിന്നു നമുക്കു പഠിക്കാൻ സാധിക്കും.

***ശരി***

10. യോഹന്നാൻ 14:15 വായിക്കുക. ശരിയോ തെറ്റോ? സ്നേഹം നിങ്ങളുടെ ഒരു വികാരത്തിന്റെ വിഷയമല്ല, മറിച്ച് നിങ്ങളുടെ ഒരു തീരുമാനത്തിന്റെയാണ്. വചനത്തിലെ ഓരോ കല്പനകളും മനുഷ്യന്റെ തീരുമാനത്തിനു കൊടുത്തിട്ടുള്ളതാണ്, ഒരിക്കലും അവന്റെ വികാരത്തിന് കൊടുത്തിട്ടുള്ളതല്ല. എങ്ങിനെ തോന്നണമെന്നല്ല ദൈവം പറഞ്ഞിരിക്കുന്നത്, എങ്ങിനെ പ്രവർത്തിക്കണമെന്നാണ്.

***ശരി***

11. ഗലാത്യർ 5:22–23 വായിക്കുക. സ്നേഹം സ്വാഭാവികമല്ല. അത് പഠിക്കപ്പെടുകയും, പരിശുദ്ധാത്മാവിനാൽ മനുഷ്യ വംശത്തിലേക്ക് സംജാതമാക്കപ്പെടുയും വേണം. സ്നേഹം ഒരു ഫലമാകുന്നു:

***3. ദൈവാത്മാവിന്റെ***

12. എഫെസ്യർ 5:31–32 വായിക്കുക. ഒരു നല്ല വിവാഹം ചെറിയ തോതിലുള്ള എന്തിന്റെ മാതൃകയാണ്?

***ക്രിസ്തുവും അവന്റെ സഭയും***

## പാഠം – 12

# ദൈവത്തിന്റേതു പോലുള്ള സ്നേഹം – ഭാഗം 1

### *ഡോൺ ക്രോ*

1 കൊരിന്ത്യർ 13:13 പറയുന്നു, *"ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ."* 1 കൊരിന്ത്യർ 14:1 പറയുന്നു, *"സ്നേഹം ആചരിപ്പാൻ ഉത്സാഹിപ്പിൻ, ആത്മീകവരങ്ങളും വിശേഷാൽ പ്രവചനവരവും വാഞ്ഛിപ്പിൻ."* വേദപുസ്തകം പറയുന്നത് സ്നേഹത്തെ അനുഗമിക്കുക, അതിനെ പിന്തുടരുക, അതിനെ നിങ്ങളുടെ ഏറ്റവും വലിയ ലക്ഷ്യം ആക്കുക എന്നാണ്. ചില തർജ്ജിമകൾ പറയുന്നത് അതിന് നിങ്ങൾ അന്വേഷിക്കുന്നതിൽ പ്രഥമസ്ഥാനം കൊടുക്കുക എന്ന്. ഈ ജീവിതത്തിൽ നിന്നും നിത്യതയിലേക്ക് നമുക്ക കൊൺടുപോകാൻ കഴിയുന്നത് അതു മാത്രമാകുന്നു. നമ്മുടെ വാഹനങ്ങളോ വീടോ ധനമോ ഒന്നും നാം നിത്യതയിലേക്കു കൊൺടു പോകയില്ല, എന്നാൽ, പരിശുദ്ധാത്മാവിനാൽ യേശുക്രിസ്തു നമ്മിൽ പകർന്ന സ്നേഹം നാം കൊൺടുപോകും. നിത്യതയിൽ മൂല്യവും അർത്ഥവും ഉള്ളതു സ്നേഹത്തിനു മാത്രമാണ്.

സ്നേഹം എന്നതിന്റെ യഥാർത്ഥ അർത്ഥം എന്താണ്? ഞാൻ എന്റെ ഭാര്യയെ ഇഷ്ടപ്പെടുന്നു, എനിക്കു ഐസ്ക്രീം ഇഷ്ടമാണ്, എനിക്കു ആപ്പിൾ കേക്ക് ഇഷ്ടമാണ്, എന്നൊക്കെ നാം പറയുന്നു. സ്നേഹം എന്നതിന് ഇംഗ്ലീഷിൽ ഒരേ ഒരു പദം മാത്രമെയുള്ളൂ. ഞാൻ എന്റെ ഭാര്യയെ സ്നേഹിക്കുന്നു എന്നു പറഞ്ഞിട്ട്, ഞാൻ പൂച്ചയെ സ്നേഹിക്കുന്നു എന്നു പറയുമ്പോൾ എന്റെ ഭാര്യയ്ക്കു അതിൽ മതിപ്പ് തോന്നുമോ? ഇല്ല. ഞാൻ പറയുന്നതെന്തെന്ന് നിങ്ങൾ മനസ്സിലാക്കുന്നോ? നാം 'സ്നേഹം' എന്നു പറയുമ്പോൾ, ചിലർ കരുതുന്നത് ലൈംഗിക വിഷയം ആണെന്ന്, ചിലർ ചിന്തിക്കുന്നത് അത് ഒരു അത്യന്തം ഊഷ്മളമായ ഒരു തോന്നൽ ആണെന്ന് – 'സ്നേഹ'ത്തിനു ആളുകൾക്ക് എല്ലാ തരത്തിലുമുള്ള

നിർവ്വചനങ്ങൾ ഉണ്ട്. എന്നാൽ ഗ്രീക്കു ഭാഷയിൽ 4 പ്രധാന പദങ്ങൾ അതിനുണ്ട്. ഒന്ന് "*eros*" എന്ന പദമാണ്. അത് വേദപുസ്തകത്തിൽ ഉപയോഗിച്ചിട്ടില്ല. അത് ലൈംഗികമായ ആകർഷണം അഥവാ സ്നേഹം ആണ്. ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും, ഇരുവരും ഒരു ജഡമാകും എന്നു പറഞ്ഞപ്പോൾ, ഈ തരത്തിലുള്ള സ്നേഹം ആണ് ദൈവം സ്ഥാപിച്ചത്. വിവാഹ ബന്ധത്തിനായി മാത്രം ദൈവം ഒതുക്കിയിട്ടുള്ള ലൈംഗിക സ്ഹേത്തെപ്പറ്റിയാണ് ബൈബിളിലെ ശലോമോന്റെ ഉത്തമഗീതം എന്ന പുസ്തകം പറയുന്നത്. മറ്റു തരങ്ങളിലുള്ള സ്നേഹം ആരുമായും ഉപയോഗിക്കാൻ മനുഷ്യവംശത്തിന് ദൈവം സ്വാതന്ത്ര്യം കൊടുത്തിരിക്കുന്നു, പക്ഷെ "*eros*" വിവാഹ ബന്ധത്തിനായി ഒതുക്കപ്പെട്ടിരിക്കുന്നു.

വേറൊരു തരം സ്നേഹത്തെ "*storge*" എന്നു വിളിക്കപ്പെടുന്നു. ഒരു കുടുംബ ബന്ധത്തിലെ പ്രകൃതിദത്തമായ കെട്ടിനേയും വാത്സല്യത്തേയും ഇതു കുറിക്കുന്നു. ഇനിയൊന്ന് "*Phileo*" ആണ്. അതിന്റെ മൂല പദം "*Philia*" എന്നതാണ്. അത് 72 പ്രാവശ്യം പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു. അത് വാത്സല്യത്തിന്റെ ഒരു ഊഷ്മളമായ, കുറയുകയും കൂടുകയും ചെയ്യാവുന്ന ഒരു അനുഭൂതിയാകുന്നു. സ്നേഹത്തെ കുറിച്ച് സംസാരിക്കുന്ന മിക്കവരും, ആ വിധത്തിലാണ് സ്നേഹത്തെ മനസ്സിലാക്കിയിരിക്കുന്നത്. 'ഞാൻ സ്നേഹത്തിൽ ആയിരുന്നു, ഇപ്പോൾ അല്ല.' നിങ്ങളുടെ വിവാഹ ജീവിതം ആ തരത്തിലുള്ള സ്നേഹത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത് എങ്കിൽ, ഏറ്റക്കുറച്ചിലുകളുടെ സമയങ്ങൾ ഉണ്ടായേക്കാം. അതിനനുസരിച്ച് നിങ്ങൾ സ്നേഹത്തിൽ ആകാനും, അതിനു പുറത്താകാനും സാധ്യതയുണ്ട്.

ദൈവത്തിന്റേത് പോലെയുള്ള സ്നേഹത്താൽ നാം മറ്റുള്ളവരെ സ്നേഹിക്കണം എന്ന് വേദപുസ്തകം പറയുന്നു, അതായത് "*agape*" എന്നു പറയുന്ന സ്നേഹം. എന്താണ് ഈ 'അഗാപ്പെ' സ്നേഹം? അതിന് വിവിധ വശങ്ങൾ ഉണ്ട്. 1 കൊരിന്ത്യർ 13 ൽ സ്നേഹം എന്തിനെയെല്ലാം ഉൾക്കൊണ്ടിരിക്കുന്നു എന്ന് വിവരിക്കുന്നു. 1 യോഹന്നാൻ 5:3 പറയുന്നു, *"അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം."* യേശുവിന്റെ കല്പനകൾ സ്നേഹത്തിന്റെ പ്രകടനങ്ങളെ നമുക്ക് കാണിച്ചു തരുന്നു. എന്നാൽ അതിനെ ചുരുക്കി പറയണമെങ്കിൽ, മത്തായി 7:12 ഞാൻ ഉപയോഗിക്കും. *"മനുഷ്യർ നിങ്ങൾക്കു എന്തു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ,*

*ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നെ.”* ഇതു സഭയിലുള്ള, എന്നെ സ്നേഹിക്കുന്നില്ലാത്തതും സഹായിക്കുന്നില്ലാത്തതുമായ ആളുകളുടെ കാര്യമല്ല. അല്ല, ബൈബിൾ പറയുന്ന, മറ്റുള്ളവർ നിങ്ങളോട് എന്തു ചെയ്യണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അത് ആദ്യമെ നിങ്ങൾ അവർക്കു ചെയ്യുക എന്ന്. അതാണ് സ്നേഹം. നമ്മുടേതിനേക്കാൾ ഉപരിയായി മറ്റുള്ളവരുടെ നന്മയേയും പ്രയോജനത്തേയും തേടുക എന്നത്, നമ്മുടെ ജഡത്തിനും പ്രകൃതിയ്ക്കും എതിരാണ്. അതിനു ദൈവം ആവശ്യമാണ്. ദൈവത്തെ കൂടാതെ ഇതിനു കഴിയുമെന്നാണ് ഞാൻ പറയുന്നതെന്ന് വിചാരിക്കരുത്. വേദപുസ്തകം പറയുന്നു ആത്മാവിന്റെ ഫലം സ്നേഹമാകുന്നു. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിന്റെ ഉറവിടമായ ദൈവം, അവന്റെ കല്പനകളിൽ കൂടി, എങ്ങനെ സ്നേഹിക്കാം എന്നു നമുക്കു കാണിച്ചു തരുന്നു. നമ്മുടെ ജഡത്തിന്റെ തലത്തിൽ പോലും, ശരിയായ തിരഞ്ഞെടുപ്പും തീരുമാനങ്ങളും എടുക്കുവാനും, ശരിയായ തത്വങ്ങൾ അടിസ്ഥാനമാക്കി പ്രവർത്തിക്കുവാനും ഉള്ള ശക്തി നമുക്കു തരുന്നത് അവനാണ്.

ഒരു ദിവസം പതിവുപോലെ ജോലി കഴിഞ്ഞ് ഞാൻ പ്രാർത്ഥിക്കുവാൻ പോകുവാൻ ആഗ്രഹിച്ചു. ഞാൻ ഒരു പാർക്കിലായിരുന്നു. ഞാൻ പറഞ്ഞു, “ദൈവമേ, ആർക്കെങ്കിലും സഹായം ചെയ്യണമെന്നു ശരിക്കും ഞാൻ ആഗ്രഹിക്കുന്നു.” സാമാന്യം ചൂടുള്ള ഒരു ദിവസം ആയിരുന്നു. ഒരു ചെറിയ ആൺകുട്ടിയും പെൺകുട്ടിയും ഒരു ഊഞ്ഞാലിൽ ഇരിക്കുന്നതു ഞാൻ കണ്ടു. ഒരു ഊഞ്ഞാൽ അതിന്റെ അടുത്ത് ഉൺടായിരുന്നു. ഞാൻ അതിൽ പോയി ഇരുന്നു. ഞാൻ ആ പെൺ കുട്ടിയോട് ഇംഗ്ലീഷിൽ പറഞ്ഞു, “ഇന്ന് ഒരു നല്ല ദിവസമാണ്, അല്ലേ? ആ പെൺകുട്ടി എന്നോടു പറഞ്ഞു, “ഇംഗ്ലീഷ് സംസാരിക്കുവാൻ എനിക്കറിയില്ല.” ഞാൻ ചോദിച്ചു, നീ എവിടെ നിന്നാണ്?” റൊമേനിയയിൽ നിന്നാണെന്ന് അവൾ പറഞ്ഞു. ആ സ്ഥലത്ത് റുമേനിയാക്കാർ ഉൺടെന്നു എനിക്കറിയാമായിരുന്നു. ഞാൻ അവരുടെ കുട്ടികളോട് എന്താണ് സംസാരിക്കുന്നതെന്ന് ഉള്ള ഭാവത്തിൽ അവർ എന്നെ നോക്കുന്നതായി എനിക്കു മനസ്സിലായി. ഞാൻ അവരുടെ സമീപം ചെന്നു പറഞ്ഞു, “ഞാൻ നിങ്ങളെ സഹായിക്കാൻ ആഗ്രഹിക്കുന്നു.” അവർ പറഞ്ഞു, “നീ ഞങ്ങളെ സഹായിക്കാൻ ആഗ്രഹിക്കുന്നുവോ? നിങ്ങൾ എന്തിനാണ് ഞങ്ങളെ സഹായിക്കുന്നത്? നിങ്ങൾ ഞങ്ങളെ അറിയുക പോലും ഇല്ലല്ലോ!” ഞാൻ പറഞ്ഞു, “ദൈവം നിങ്ങളെ സഹായിക്കാൻ ആഗ്രഹിക്കുന്നതുകൊൺട്.” 1 യോഹന്നാൻ

3:18–ൽ പറഞ്ഞിരിക്കുന്ന സ്നേഹത്തിന്റെ തത്വങ്ങളേക്കുറിച്ച് ഞാൻ ധ്യാനി ച്ചായിരുന്നു. *"കുഞ്ഞുങ്ങളെ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക."* നമ്മുടെ വാക്കുകൾ കൊൺടു മാത്രമല്ല, പ്രവൃത്തികളിൽ കൂടിയും നാം സ്നേഹിക്കേണം. സാധാരണ ഞാൻ പണം കൊൺടു നടക്കാറില്ല എങ്കിലും, അന്ന് അല്പം പണം എന്റെ പോക്കറ്റിൽ ഉൺടായിരുന്നു. ഞാൻ അത് എടുത്ത്, "ഇത് നിങ്ങൾക്കുള്ളതാണ്" എന്നു പറഞ്ഞ്, അവർക്കു കൊടുത്തു. ഞാൻ അന്ന് ഉപവാസം ആയിരുന്നതിനാൽ, അല്പം ഭക്ഷണവും എന്റെ പക്കൽ ഉൺടായിരുന്നു. അതിനാൽ ഞാൻ പറഞ്ഞു "ഇതാ നിങ്ങൾക്കു കുറച്ച് ആഹാരവും." അവരെ അത് സ്പർശിച്ചു. അവർ ചോദിച്ചു, "നിങ്ങൾ ആരാണ്?" ഞാൻ പറഞ്ഞു, "നമ്മൾ തമ്മിൽ ഇന്നു കാണുവാൻ ഒരു ദൈവീക നിയോഗം ഉൺടായിരുന്നു, ഞാൻ നിങ്ങളെ വീൺടും കാണും."

ഞാൻ വീട്ടിൽ പോയി, ആ റൊമേനിയാക്കാരുമായി ഉൺടായ കൂടിക്കാഴ്ചയെപ്പറ്റി എന്റെ ഭാര്യയോടു പറഞ്ഞു. ഫ്രീസറിൽ വെച്ചിരുന്ന ആഹാരപദാർത്ഥങ്ങൾ എടുത്ത് ഞാൻ പാചകം ചെയ്തു. അടുത്ത ദിവസം ഒരു താൽക്കാലിക വില്പന കേന്ദ്രത്തിൽ നിന്നും ഞാൻ ഒരു പെട്ടി നിറയെ പാത്രങ്ങൾ വാങ്ങി, എന്റെ ഭാര്യയുമൊത്ത് ആ പാർക്കിൽ തിരിച്ചു ചെന്നു. ആ റൊമേനിയക്കാരും കുട്ടികളും അവിടെ ഉൺടായിരുന്നു. ഞാൻ പറഞ്ഞു, "ഞാൻ നിങ്ങൾക്കു സമ്മാനങ്ങൾ കൊൺടു വന്നിട്ടുൺട്. അത് ഭാരമുള്ള സാധനങ്ങൾ ആകയാൽ ഞാൻ അതു കാറിൽ നി ങ്ങളുടെ വീട്ടിൽ കൊൺടു വന്നു തരാം, വീടു കാണിച്ചു തന്നാൽ മതി". ഒറ്റ മുറി മാത്രം ഉള്ള അവരുടെ താമസസ്ഥലത്ത് ഞങ്ങൾ എത്തി, ആ പാത്രങ്ങൾ, വെള്ളിപ്പാത്രങ്ങൾ ഉൾപ്പെടെ – എല്ലാം ശരിക്കും ചേർന്നവ – ഒരോന്നായി അവരുടെ കൈയിൽ കൊടുക്കാൻ തുടങ്ങി. അപ്പോൾ അവരുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകി. ആ സ്ത്രീ പറഞ്ഞു, "എനിക്ക് കരച്ചിൽ വരുന്നു! എനിക്ക് കരച്ചിൽ വരുന്നു!" ഞാൻ പറഞ്ഞു, "തിങ്കളാഴ്ച രാത്രി ഞങ്ങളുടെ വീട്ടിൽ ഒരു വേദപുസ്തക ക്ലാസ്സുൺട്, അതിലേക്ക് നിങ്ങളെ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു." അവർ പറഞ്ഞു, "ഞങ്ങൾ വരാൻ ആഗ്രഹിക്കുന്നു." എന്നാൽ ഞാൻ പറഞ്ഞു, "ഞാൻ ഈ സമ്മാനങ്ങൾ തന്നു എന്ന കാരണത്താൽ നിങ്ങൾ വരണമെന്ന് ഞാനാഗ്രഹിക്കുന്നില്ല." അവർ പറഞ്ഞു "അങ്ങിനെയല്ല, വരാനും നിങ്ങളുടെ കൂട്ടുകാരെ കാണാനും ഞങ്ങൾ ആഗ്രഹിക്കുന്നു."

അവർക്ക് വാഹനം ഇല്ലാതിരുന്നതിനാൽ, ഞാൻ അവരെ കൂട്ടിക്കൊണ്ടു വന്നു. താമസിയാതെ അവർ ദൈവീക സ്പർശനം അനുഭവിച്ചു. അവർക്ക് ഇംഗ്ലീഷ് ഭാഷ നന്നായി സംസാരിക്കാൻ വശമില്ലായിരുന്നു, എങ്കിലും ഞങ്ങൾ പ്രാർത്ഥിച്ചപ്പോൾ ദൈവം അവരെ സ്പർശിച്ചു. ദൈവം സ്നേഹം അവർക്ക് പ്രകടമായിക്കൊണ്ടിരുന്നു. താമസിയാതെ, ഞാൻ റൊമാനിയാക്കാരായ വേറെ ഒരു ഭാര്യാ ഭർത്താക്കന്മാരെ കണ്ടുമുട്ടി. ആദ്യം ഞാൻ കണ്ട ആ റൊമേനിയാക്കാരോട് ഞാൻ പറഞ്ഞു, "വേറൊരു റൊമേനിയൻ ദമ്പതികളെ കാണാൻ എന്റെ കൂടെ വന്ന് എന്നെ സഹായിക്കുമോ?" അവർ സമ്മതിച്ചു. ഒരു ദിവസം അവർ എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു, "മി. ഡോൺ, ഞങ്ങൾ താങ്കളെക്കുറിച്ചു കേട്ടിട്ടുണ്ട്. ഞങ്ങളുടെ അവസ്ഥ വളരെ മോശമാണ്. ഞങ്ങൾ നിങ്ങളെ കാണുവാൻ താല്പര്യപ്പെടുന്നു." അതിനാൽ ഞാൻ എന്റെ റൊമേനിയൻ കൂട്ടുകാരുമായി പോയി അവരെക്കണ്ടു. അവർക്ക് സമ്മാനങ്ങളും, ഭക്ഷണവും, വേറെ പല സാധനങ്ങളും ഞാൻ കൊടുത്തു. ഞാൻ അതു ചെയ്തിട്ട്, അവരുമായുള്ള സന്ദർശനം തുടർന്നപ്പോൾ, ഒരു ദിവസം ആദ്യത്തെ റൊമേനിയൻ ദമ്പതികളിൽ ഒരാൾ, "നിങ്ങൾ ആ വേദപുസ്തക ക്ലാസ്സിനു പോകണം. അവർ യേശുവിനെകുറിച്ച് പറയും. അതു വളരെ നല്ലതാണ്!" എന്നു പറയുന്നതു വരെ എല്ലാം ഭംഗിയായിരുന്നു. അവർ പറഞ്ഞു, "ഒരു നിമിഷം! ഞങ്ങൾ ഒരു കമ്മ്യൂണിസ്റ്റ് രാജ്യത്തിൽ നിന്നും വന്നവരാണ്. ദൈവം ഉണ്ടോ എന്നു തന്നെ ഞങ്ങൾക്ക് അറിയില്ല. യേശുവിനെകുറിച്ച് കേൾക്കാൻ ഞങ്ങൾ താല്പര്യപ്പെടുന്നില്ല."

ഞാൻ പറഞ്ഞു, "എന്നെ നിങ്ങളുടെ ഒരു കൂട്ടുകാരൻ ആയിരിക്കാൻ അനുവദിക്കൂ." വാരാന്ത്യങ്ങളിൽ ഞാൻ അവരെ പുറത്തുകൊണ്ടു പോകാനും, അവർക്ക് വസ്ത്രങ്ങളും, ആവശ്യമുള്ള മറ്റു സാധനങ്ങളും വാങ്ങിക്കൊടുക്കാനും തുടങ്ങി. അത് അവരെ അസ്വസ്ഥരാക്കിയിരുന്നു. അവർ അത് സ്വീകരിക്കാൻ വൈമുഖ്യം കാണിച്ചു. "നിങ്ങൾക്ക് കോട്ട് ആവശ്യമില്ലേ?" "ആവശ്യമുണ്ട്, പക്ഷേ..." "എന്നാൽ ഈ കോട്ട് നിങ്ങൾക്കായി ഞാൻ വാങ്ങുന്നു." പ്രവൃത്തിയിൽ കൂടി ഞാൻ അവരെ സ്നേഹിക്കാൻ തുടങ്ങി. "നിങ്ങൾക്കു ഒരു ജോലി ലഭിക്കാൻ സഹായിച്ചേക്കാവുന്ന ചില അമേരിക്കക്കാർ അവിടെ മിക്കവാറും കണ്ടേക്കാം" എന്നു ഞാൻ പറഞ്ഞതു വരെ ഞങ്ങളുടെ വേദപുസ്തക ക്ലാസ്സിനു അവർ വരുകയില്ലായിരുന്നു. പിന്നെ അവർ ഉടൻ തന്നെ വന്നു. ആ രാത്രിയിലെ ബൈബിൾ പഠന സമയത്ത്, ഞാൻ ദൈവത്തോട് ഒരു

മറുപടിയായി ഞാൻ ഇപ്രകാരം പറഞ്ഞു, "ദൈവമേ, അവരുമായി ശരിക്ക് ആശയ വിനിമയം നടത്താൻ പോലും എനിക്കു സാധിക്കുന്നില്ലാത്തതുകൊണ്ട്, ഈ രാത്രി യഥാർത്ഥത്തിലുള്ള ഒരു ഭാഷാ വരം നീ എനിക്കു തരേണ്ടതായിട്ടുണ്ട്." ആ രാത്രി ചില അമേരിക്കക്കാർ അവരുടെ സാക്ഷ്യം പറഞ്ഞു. ഞാൻ സംസാരിക്കാൻ തുടങ്ങിയപ്പോൾ, ആ റൊമേനിയൻ സ്ത്രീയിൽ സന്തോഷം ഉളവാകാൻ തുടങ്ങി. എനിക്കു മനസ്സിലായി എന്തോ സംഭവിക്കുന്നു എന്ന്. ക്ലാസിനു ശേഷം ഞാൻ പറഞ്ഞു, "ഞാൻ നിങ്ങൾക്കായി പ്രാർത്ഥിക്കട്ടെ." ഞങ്ങൾ പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ, ദൈവം പൊടുന്നനെ അവരെ സ്പർശിക്കുകയും, ആ മുറിയിലെ അന്തരീക്ഷം അവന്റെ സ്നേഹത്താൽ നിറയ്ക്കുകയും ചെയ്തു. അപ്പോൾ ആ സ്ത്രീ ഇപ്രകാരം പറഞ്ഞു, "നിങ്ങൾക്കറിയാമോ, ആ അമേരിക്കക്കാർ സംസാരിക്കുന്നതെന്താണെന്ന് എനിക്ക് മനസ്സിലായില്ലായിരുന്നു, പക്ഷേ നിങ്ങൾ യേശുവിനെ ക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയപ്പോൾ യേശുവിന്റെ സ്നേഹത്തെക്കുറിച്ച് പറഞ്ഞപ്പോൾ, നമുക്കു അവനുമായി ഒരു ബന്ധം ഉണ്ടാകുവാൻ അവൻ ചെയ്തത് എന്തെന്ന് പറഞ്ഞപ്പോൾ, നിങ്ങൾ പറഞ്ഞ ഒരോ വാക്കും എനിക്ക് മനസ്സിലായി! അതു എനിക്കു പൂർണ്ണമായും മനസ്സിലായി! അതു ദൈവം തന്നെ ആയിരിക്കണം!" ഇതിന്റെ ഫലമായി ആ റൊമേനിയക്കാരുടെ മാത്രമല്ല, ഞങ്ങളുടെ ജീവിതവും മാറ്റപ്പെട്ടു.

തിങ്കളാഴ്ച രാത്രികളിൽ എന്റെ ഭവനം റൊമേനിയ, ബൾഗേറിയ, റഷ്യ തുടങ്ങിയ രാജ്യക്കാരേക്കൊണ്ട് നിറയാൻ തുടങ്ങി. ദൈവം ജീവിതങ്ങളെ മാറ്റിക്കൊണ്ടിരിക്കുകയായിരുന്നു, ഞങ്ങൾ അവരെ സ്നേഹിക്കുന്നു എന്ന് അവർക്കു മനസ്സിലായി. ആഫ്രിക്കക്കാരും അവിടെ വന്നിരുന്നു. ഞങ്ങൾക്ക് തമ്മിൽ തമ്മിൽ സംസാരിക്കാൻ ഭാഷ നിമിത്തം ബുദ്ധിമുട്ട് ഉണ്ടായിരുന്നു എങ്കിലും, ഒരു കാര്യം അവർ അറിഞ്ഞു: ഞങ്ങൾ പ്രാർത്ഥിച്ചപ്പോൾ ദൈവം അവനെ അവർക്ക് പ്രകടമാക്കുമായിരുന്നു. ഞാൻ അവർക്കു വേണ്ടി എന്തും ചെയ്യുമെന്നും, ഞാൻ അവരെ സ്നേഹിച്ചു എന്നും അവർ മനസ്സിലാക്കി. ദൈവം അവരുടെയും വേറെ പലരുടെയും ജീവിതങ്ങൾ മാറ്റി. ഞാൻ വേറൊരു നിറത്തിലുള്ള, വേറൊരു രാജ്യത്തു നിന്നുള്ള ചിലരെ ഒരു ദിവസം ഒരു പാർക്കിൽ കണ്ടതിനാൽ അതു സംഭവിച്ചു. എനിക്ക് യാതൊരു ഊഷ്മള വികാരം എന്നു പറയത്തക്ക ഇഷ്ടം ഒന്നും അവരോട് തോന്നിയിരുന്നില്ല പക്ഷെ മറ്റുള്ളവർ നമ്മോട് എന്തു ചെയ്യണം എന്ന് നാം ആഗ്രഹിക്കുന്നുവോ അത് നാം അവർക്ക് ചെയ്യുക എന്നതാണ് സ്നേഹം എന്നു ഞാൻ അറിഞ്ഞിരുന്നു. എന്റെ

തോന്നലുകൾ കണക്കിലെടുക്കാതെ, അവരുടെ നന്മയും പ്രയോജന വും ഞാൻ തേടി, എന്തു സംഭവിച്ചു എന്നു നിങ്ങൾക്കു മനസ്സിലായി. അവർക്ക് എന്നോട് philia സ്നേഹം – അനുഭൂതികളുള്ള സ്നേഹം – ഉൺടാകത്തക്കവിധം അവർ ഞാൻ ചെയ്തതിനെ വിലമതിച്ചു, അവർ എന്നോട് "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു" എന്നു പറയാനും, എന്നെ ആശ്ലേഷിക്കുവാനും ചുംബിക്കുവാനും തുടങ്ങി. തൽഫലമായി ആ തരത്തിലുള്ള വികാരങ്ങൾ എന്നിലും ഉൺടാകാൻ തുടങ്ങി. വികാരങ്ങൾ ഉളവാക്കുന്ന സ്നേഹം നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ, ദൈവസ്നേഹം (agape)പരിശീലിക്കുക. നിങ്ങൾക്കെങ്ങനെ തോന്നുന്നു എന്നു നോക്കാതെ, മറ്റുള്ളവരുടെ നന്മയും മേന്മയും അന്വേഷിക്കുക, അത് വികാരങ്ങൾ ഉൾക്കൊള്ളുന്ന സ്നേഹം നിങ്ങളിൽ ഉൺടാക്കും.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. 1 യോഹ. 5:3 വായിക്കുക. ദൈവത്തിന്റെ സ്നേഹം അവന്റെ ........................................ ൽ കൂടി കാണിക്കപ്പെട്ടിരിക്കുന്നു.

   **1 യോഹ. 5:3** – *അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. അവന്റെ കല്പനകൾ ഭാരമുള്ളവയല്ല.*

2. റോമർ 13:9–10 വായിക്കുക. ഈ വാക്യത്തിൽ ഉള്ള കല്പനകൾ സ്നേഹത്തെ എങ്ങിനെ കാണിക്കുന്നു എന്നു വിവരിക്കുക.

   **റോമർ 13: 9–10** – *വ്യഭിചാരം ചെയ്യരുത്, കുല ചെയ്യരുത്, മോഷ്ടിക്കരുത്, മോഹിക്കരുത്, എന്നുള്ളതും മറ്റു ഏതു കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്ക എന്നീ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു. സ്നേഹം കൂട്ടുകാരനു ദോഷം പ്രവർത്തിക്കുന്നില്ല, ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നെ.*

3. റോമർ 12:19–21 വായിക്കുക. നമുക്ക് ശരിക്കും അങ്ങിനെ സ്നേഹം തോന്നാതിരിക്കുമ്പോഴും, ശത്രുവിനെ സ്നേഹിക്കുവാൻ നമുക്ക് എങ്ങിനെ കഴിയും?

   **റോമർ 12: 19–21** – *പ്രിയമുള്ളവരേ, നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിനു ഇടം കൊടുപ്പിൻ, പ്രതികാരം എനിക്കുള്ളതു ഞാൻ പകരം ചെയ്യും എന്നു കർത്താവ് അരുളിചെയ്യുന്നു. എന്നാൽ നിന്റെ ശത്രുവിനു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക. ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക, അങ്ങനെ ചെയ്താൽ നീ അവന്റെ മേൽ തീക്കനൽ കുന്നിക്കും എന്നു എഴുതിയിരിക്കുന്നുവല്ലോ. തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക.*

4. തീത്തോസ് 2:4–5 വായിക്കുക. സ്നേഹത്തെക്കുറിച്ച് ഈ വാക്യം എന്താണു നമ്മെ കാണിക്കുന്നത്?

**തീത്തോസ് 2:4–5** – *ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന് യൗവനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിന് നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക.*

5. 1 കൊരിന്ത്യർ 13:4–8 വായിക്കുക. സ്നേഹത്തിന്റെ തത്വങ്ങൾ വിവരിക്കുക?

**1 കൊരിന്ത്യർ 13:4–8** – *സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല. അയോഗ്യമായി നടക്കുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു. എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ അതു നീങ്ങിപ്പോകും, ഭാഷാവരമോ അതു നിന്നുപോകും, ജ്ഞാനമോ, അതു നീങ്ങിപ്പോകും.*

6. 1 യോഹന്നാൻ 3:18 വായിക്കുക. നാം സ്നേഹം എങ്ങിനെ പ്രയോഗികമാക്കണം?

**1 യോഹന്നാൻ 3:18** – *കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക.*

# ഉത്തര സൂചിക

1. 1 യോഹ. 5:3 വായിക്കുക. ദൈവത്തിന്റെ സ്നേഹം അവന്റെ ........................................ൽ കൂടി കാണിക്കപ്പെട്ടിരിക്കുന്നു.

   ***ദൈവത്തിന്റെ കല്പനകളിൽ***

2. റോമർ 13:9–10 വായിക്കുക. ഈ വാക്യത്തിൽ ഉള്ള കല്പനകൾ സ്നേഹത്തെ എങ്ങിനെ കാണിക്കുന്നു എന്നു വിവരിക്കുക.

   ***സ്നേഹം അയൽക്കാരനോട് ദോഷം ചെയ്യുന്നില്ല. നമ്മൾ അയൽക്കാരനോട് എപ്രകാരം പ്രതികരിക്കണമെന്ന് കാണിച്ചുകൊണ്ട്, ഓരോ കല്പനയും സ്നേഹം പ്രകടമാക്കുന്നു.***

3. റോമർ 12:19–21 വായിക്കുക. നമുക്ക് ശരിക്കും അങ്ങിനെ സ്നേഹം തോന്നാതിരിക്കുമ്പോഴും, ശത്രുവിനെ സ്നേഹിക്കുവാൻ നമുക്ക് എങ്ങിനെ കഴിയും?

   ***നമ്മുടെ ശത്രുവിന് വിശക്കുന്നു എങ്കിൽ കഴിപ്പാൻ കൊടുക്കുക. ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്കുക. നമ്മുടെ തോന്നുലുകൾക്കപ്പുറമായി മറ്റുള്ളവരുടെ നന്മയും ഗുണവും അന്വേഷിക്കുക.***

4. തീത്തോസ് 2:4–5 വായിക്കുക. സ്നേഹത്തെക്കുറിച്ച് ഈ വാക്യം എന്താണു നമ്മെ കാണിക്കുന്നത്?

   ***സ്നേഹം എന്നത് ശീലിപ്പിക്കാവുന്നതാണ്. അത് വെറും ഒരു തോന്നൽ മാത്രം അല്ല.***

5. 1 കൊരിന്ത്യർ 13:4–8 വായിക്കുക. സ്നേഹത്തിന്റെ തത്വങ്ങൾ വിവരിക്കുക?

   ***സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല.***

***ചീർക്കുന്നില്ല. അയോഗ്യമായി നടക്കുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു. എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ അതു നീങ്ങിപ്പോകും, ഭാഷാവരമോ അതു നിന്നുപോകും, ജ്ഞാനമോ, അതു നീങ്ങിപ്പോകും.***

6. 1 യോഹന്നാൻ 3:18 വായിക്കുക. നാം സ്നേഹം എങ്ങിനെ പ്രയോഗികമാക്കണം?

***വാക്കുകളിൽ കൂടി മാത്രമല്ല, പ്രവർത്തികളിൽ കൂടിയും സ്നേഹിക്കുക.***

## പാഠം – 13

# ദൈവത്തിന്റേതു പോലുള്ള സ്നേഹം – ഭാഗം 2

### *ഡോൺ ക്രോ*

ഭൂമുഖത്ത് വന്നിട്ടുള്ളതിൽ വച്ച് സ്നേഹത്തിന്റെ ഏറ്റവും മഹത്തായ പ്രകടനമായിരുന്ന യേശു ക്രിസ്തു, എന്നിരുന്നാലും ബൈബിളിൽ എഴുതിയിരിക്കുന്നതനുസരിച്ച് “ഞാൻ നിന്നെ സ്നേഹിക്കുന്നു” എന്ന വാക്കുകൾ അവൻ ഒരിക്കലും പറഞ്ഞില്ല. അത് അതിശയകരമല്ലേ? സ്നേഹത്തിന്റെ ഏറ്റവും വലിയ പ്രകടനം പറഞ്ഞില്ല “ഞാൻ നിന്നെ സ്നേഹിക്കുന്നു” എന്ന്. കാരണം എന്താണെന്ന് നിങ്ങൾക്കറിയാമോ? കാരണം സ്നേഹം വാക്കുകളെ കവിയുന്നതാണ്; സ്നേഹം പ്രവൃത്തിയാണ്. ഞാൻ എന്റെ ഭാര്യയോട് “ഞാൻ നിന്നെ സ്നേഹിക്കുന്നു” എന്നു പറഞ്ഞിട്ട്, പോയി അവൾക്കെതിരായി വ്യഭിചാരം ചെയ്തു എന്ന കരുതുക. അവൾ എന്റെ വാക്കുകളെ വിശ്വസിക്കുമോ അതോ എന്റെ പ്രവൃത്തിയെ വിശ്വസിക്കുമോ? അവൾ എന്റെ പ്രവൃത്തി പ്രകാരം എന്നെ വിശ്വസിക്കും. കാരണം 95 ശതമാനം സ്നേഹവും വാക്കുകളിൽ അല്ല. പറയുന്ന കാര്യങ്ങളിൽ അല്ല, നാം ചെയ്യുന്ന കാര്യങ്ങളിലാണ് സ്നേഹം.

1 യോഹന്നാൻ 3:18 നാം വായിക്കുന്നു, “കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക.” സ്നേഹം ഒരു പ്രവൃത്തി പദമാകുന്നു. മത്തായി 25:35–36 ൽ, ഇങ്ങനെ പറഞ്ഞു കൊൺട്, “എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ പരിചരിച്ചു,'' അതു പ്രചോദിപ്പിക്കുന്ന പ്രവൃത്തികളാൽ യേശു സ്നേഹത്തെ വിവരിക്കുന്നു. പിന്നെ 40–ാം വാക്യത്തിൽ യേശു പറയുന്നു, “എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.” നോക്കൂ,

സ്നേഹം ഒരു പ്രവൃത്തിയാണ്; അത് നാം ചെയ്യുന്ന ഒന്നാണ്. എബ്രായർ 6:10–ൽ പറയുന്നു, *"ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല."* മത്തായി 22–ൽ, ഏറ്റവും വലിയ കല്പന എന്താണെന്ന് യേശുവിനോടു ചോദിച്ചപ്പോൾ, യേശു പറഞ്ഞത് ദൈവത്തെയും സഹമനുഷ്യരെയും സ്നേഹിക്കുക എന്നതാണ്. നാം ശരിയായി മനസ്സിലാക്കിയാൽ ഈ രണ്ടു കല്പനകളും ഒന്നു തന്നെയാകുന്നു. ഈ ഏറ്റവും ചെറിയ സഹോദരനോട് നാം സ്നേഹം കാണിക്കുമ്പോൾ, യേശു പറയുന്നത് അത് യേശുവിനോടാണു കാണിക്കുന്നതെന്നാണ്. മറ്റുള്ളവരെ സ്നേഹിക്കുന്നത് യേശുവിനോടുള്ള സ്നേഹം പ്രായോഗികമാക്കാനുള്ള അത്ഭുതകരമായ അവസരമാണ് എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു.

കഴിഞ്ഞ പാഠത്തിൽ, ഞാൻ ഒരു പാർക്കിൽ വച്ചു കണ്ട റൊമേനിയാക്കാരെപ്പറ്റി പറഞ്ഞു. എന്റെ വികാരങ്ങൾക്കും തോന്നലുകൾക്കും മീതെ, ഞാൻ അവരുടെ നന്മയും പ്രയോജനവും അന്വേഷിച്ചതിനാൽ അവരുടെ ജീവിതം മാറുവാൻ ഇടയായി. അവർ വേറെ നിറമുള്ളവരും വേറെ രാജ്യക്കാരും ആയിരുന്നു എങ്കിലും, നമ്മൾ യേശു ചെയ്തതു പോലെ, മറ്റുള്ളവരുടെ നന്മയും പ്രയോജനവും അന്വേഷിച്ച് അവരുടെ അടുത്ത് എത്തുമ്പോൾ, ദൈവത്തിന്റെ സ്നേഹം സ്വയം പ്രകടമാക്കുന്നു എന്നെനിക്കറിയാമായിരുന്നു. കുരിശിലേക്കു പോകുവാൻ യേശുവിന് തോന്നിയില്ല. യേശു പറഞ്ഞു "പിതാവേ വേറെ ഏതെങ്കിലും വഴിയുണ്ടെങ്കിൽ അതാകട്ടെ, എങ്കിലും എന്റെ ഇഷ്ടം അല്ല നിന്റെ ഇഷ്ടം നടക്കുമാറാകട്ടെ." അവന്റെ തോന്നലുകൾക്കുപ്പുറമായി യേശു നമ്മുടെ നന്മയും പ്രയോജനവും ആണ് അന്വേഷിച്ചത്.

ഒരു ദിവസം ആ റൊമേനിയക്കാർ എന്നെ ഫോണിൽ വിളിച്ചു. അവർ സങ്കടത്തിലായിരുന്നു. അവർ കഴിഞ്ഞ ഏഴര വർഷമായി അമേരിക്കയിൽ ആയിരുന്നു. അവർ അപ്പോൾ അമേരിക്കയിലുള്ള കാൻസാസിൽ താമസിച്ച് ജോലി ചെയ്യുകയായിരുന്നു. അവർ പറഞ്ഞു, "ഒടുവിൽ, ഞങ്ങളുടെ രാഷ്ട്രീയ അഭയത്തിനുള്ള അപേക്ഷക്ക് ഒരു തീരുമാനം ആയി. വീണ്ടുവിചാരണക്ക് 30 ദിവസം അനുവദിച്ചിട്ടുണ്ട്, അതിനു ശേഷം അവർ ഞങ്ങളെ ഇവിടുന്നു നാടുകടത്തും." ഈ രാജ്യത്തിൽ ഒരു രാഷ്ട്രീയ അഭയം ലഭിക്കുവാനുള്ള സാധ്യത 2–5 ശതമാനം മാത്രമേ ഉള്ളൂ. ഈ റൊമേനിയക്കാർ ഒരു വക്കീലിനെ സമീപിച്ചു.

അയാൾ പറഞ്ഞത് "നിങ്ങൾക്ക് കിട്ടാനുള്ള സാധ്യത ഇല്ല" എന്നാണ്. ഞങ്ങൾ പ്രാർത്ഥിക്കുകയും അവരെ സഹായിക്കാൻ ശ്രമിക്കുകയും ചെയ്യാമെന്ന് ഞാൻ അവരോടു പറഞ്ഞു. എങ്ങിനെ എന്നതിനെക്കുറിച്ച് എനിക്ക് അറിയില്ലായിരുന്നു. അവരെ തിരിച്ചയക്കുന്നത് ഒരു വലിയ അനീതി ആയിരിക്കുമെന്ന് ഞാൻ വിചാരിച്ചു – പ്രത്യേകിച്ച് അവരുടെ മക്കൾക്ക് റൊമേനിയായിലെ ഭാഷ സംസാരിക്കാൻ കഷ്ടിച്ചു മാത്രമേ അറിയുമായിരുന്നുള്ളൂ.

എന്റെ ഒരു കൂട്ടുകാരൻ കോളറാഡോയിലെ നിയമസഭയിലെ ഒരു വ്യക്തിയെ ടെലഫോണിൽ ബന്ധപ്പെട്ടപ്പോൾ അയാൾ പറഞ്ഞു, റൊമേനിയക്കാർ ഇപ്പോൾ കാൻസാസിൽ താമസിക്കുന്നതിനാൽ, കാൻസാസിലുള്ള സെനറ്റർ സാം ബ്രൗൺ ബാക്കിനെ സമീപിക്കാൻ. കിം എന്നു പേരുള്ള എന്റെ ഒരു കൂട്ടുകാരൻ സെനറ്റർ ബ്രൗൺ ബാക്കിന്റെ ഓഫീസിൽ ജോലി ചെയ്തിരുന്നതിനാൽ ഈ സന്ദേശം വളരെ മഹത്തായി തോന്നി. ഞാൻ കിമ്മിനെ ടെലഫോണിൽ ബന്ധപ്പെട്ടു. അവർ ഈ വിഷയത്തിൽ വാഷിംഗ്ടണിൽ പ്രവർത്തിക്കാനായി 4 പേരെ ഏർപ്പാടാക്കി. കാൻസാസിലെ സബ്ലെറ്റിലുള്ള സമൂഹം ഈ റൊമേനിയക്കാരെ, അവിടെ ആവശ്യം ഉള്ളതായി ബന്ധപ്പെട്ടവരുടെ ഒപ്പ് ഉള്ള ഒരു അപേക്ഷ തയ്യാറാക്കി. "അവർ നല്ല ആൾക്കാർ ആണ്. അവർ നികുതി കൊടുക്കുന്നു. കഠിന അദ്ധ്വാനം ചെയ്യുന്നു. അവരെ ഞങ്ങൾക്ക് ഇവിടെ വേണം." അവിടെ സംഭവിച്ചതിനേപ്പറ്റി എല്ലാം അടങ്ങുന്ന ഒരു പത്രവാർത്ത പുറത്തുവന്നു. അത് ഒരു അത്ഭുതമായിരുന്നു. എന്താണ് സംഭവിയ്ക്കുന്നതെന്ന് അറിയുമായിരുന്ന, ഉന്നത തലത്തിലുള്ള ഗവൺമെന്റ് അധികാരികൾ അവിടെ ഉൺടായിരുന്നതിനാൽ, തീരുമാനം തിരുത്തിയതായും അവർക്ക് അമേരിക്കയിൽ താമസിക്കുന്നതു തുടരാം എന്നും കാണിച്ചു കൊൺടുള്ള ഒരു കത്ത് ഈ റൊമേനിയക്കാർക്കു ലഭിച്ചു.

ഞാൻ കാൻസാസിലെ സബ്ലെറ്റിൽ പോയി. ഞാൻ അവിടെ ചെല്ലുന്ന കാര്യം എന്റെ കൂട്ടുകാർക്ക് അറിയില്ലായിരുന്നു. അവർ ആ സമയം സെനറ്റർ ബ്രൗൺ ബാക്കിനോട് അവർക്ക് അഭയം കിട്ടുവാൻ സഹായിച്ചതിനു അവർക്കുള്ള നന്ദി ടെലഫോണിൽ അറിയിച്ചു കൊൺടിരിക്കുക യായിരുന്നു. അയാൾക്ക് വ്യക്തിപരമായി അവിടെ എത്താൻ കഴിയില്ലായിരുന്നു, കാരണം അത് പ്രസിഡന്റ് ക്ലിന്റന്റെ കുറ്റവിചാരണയുടെ അവസാനത്തെ ദിവസം ആയിരുന്നു. എ.ബി.സി. യുടെയും എൻ.ബി.സി യുടെയും പത്രപ്രവർത്തകർ ക്യാമറയുമായി അവിടെ ഉൺടായിരുന്നു.

അവർ ടെലഫോൺ വച്ചുകഴിഞ്ഞപ്പോൾ ഓടി വന്ന് എന്നെ ആശ്ലേഷിച്ചു. അപ്പോൾ ക്യാമറകൾ എന്റെ നേരെ തിരിഞ്ഞു. അവർ ചോദിച്ചു, "നിങ്ങൾ ആരാണ്, നിങ്ങൾക്ക് ഈ മനുഷ്യരെ എങ്ങിനെ അറിയാം?" ഞാൻ അവരോട് പറഞ്ഞു. ഞാൻ അവരെ എങ്ങിനെ കൺടു മുട്ടിയെന്നും, അവരുടെ നന്മയും പ്രയോജനവും തേടിയതെന്നും, മത്തായി 7:12–ൽ യേശു പറഞ്ഞതെന്താണെന്നും ഒക്കെയുള്ള എല്ലാ കാര്യങ്ങളും ഞാൻ അവരോടു പറഞ്ഞു.

ഞങ്ങൾ അതിനുശേഷം കായികാഭ്യാസ ശാലയിൽ പോയി. അവിടെ ചുമപ്പ്, വെള്ള, നീല നിറത്തിലുള്ള ബലൂണുകൾ ചാർത്തിയിരുന്നു. സ്വരാജ്യ സ്നേഹത്തിന്റെ പാട്ടുകൾ പാടപ്പെട്ടുകൊൺടിരുന്നു. എന്റെ കൂട്ടുകാർ അവിടെ വന്നപ്പോൾ ഏല്ലാവരും ആഹ്ലാദപൂർവ്വം ഒച്ചയുൺടാക്കി, അവർ കരയുകയായിരുന്നു. നഗരസഭാ മേയർ പറഞ്ഞു, "ഇന്നു, ഫെബ്രുവരി 12–ാം തീയതി, ആ റൊമേനിയൻസിനോടുള്ള ബഹുമാനാർഥം, കുടുംബദിനമാക്കാം." സെനറ്റർ തലസ്ഥാനമായ വാഷിംഗ്ടണിൽ ഉയർത്തിയ അമേരിക്കൻ പതാക അവരോടുള്ള ബഹുമാനസൂചകമായി അവർക്കു കൊടുത്തു. നിയമപരമായി ശിഷ്ടായുസ്സു മുഴുവൻ അവർക്ക് അവിടെ താമസിക്കാമെന്ന് രേഖപ്പെടുത്തിയിരുന്ന പത്രികകളും അവർക്ക് കൊടുത്തു. അവർ അവരുടെ സാക്ഷ്യങ്ങൾ പറഞ്ഞിട്ട് എന്നോടു പ്രാർത്ഥിക്കുവാൻ പറഞ്ഞു. ഞാൻ പറഞ്ഞു "ഇന്ന ഇതുവരെ നാം വേൺടത്ര നന്ദി പറയാത്ത ഒരാൾ ഉൺട്, അത് സർവ്വശക്തനായ ദൈവമാണ്. ഏഴര വർഷം മുമ്പ്, കോളറാഡോ സ്പ്രിംഗ്സിലെ ഒരു പാർക്കിൽ, അവന്റെ സ്നേഹവുമായി അന്ന് ആരിലേക്കെങ്കിലും എത്താൻ എനിക്കിടയാക്കണം എന്ന പറഞ്ഞു കൊൺട് ഞാൻ ദൈവത്തെ തേടുകയായിരുന്നു. ഈ റൊമേനിയാക്കാരിലേക്ക് ഞാൻ നയിക്കപ്പെട്ടു." ആ കഥ ഞാൻ ആവർത്തിച്ചു. എന്നിട്ടു പറഞ്ഞു, "നിങ്ങളെ സഹായിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു – അമേരിക്കയിലേക്ക് സ്വാഗതം".

ഇതെല്ലാം സംഭവിച്ച രീതി ഒരു അത്ഭുതമായിരുന്നു. ശരിക്കുള്ള ആളുകളെ, ശരിക്കുള്ള സ്ഥലങ്ങളിൽ വച്ച്, കൃത്യ സമയത്ത് എനിക്ക് അറിയാൻ കഴിഞ്ഞു. സെനറ്റർ ബ്രൗൺ ബാക്കിന്റെ ആൻഡ്രൂ വോമക്ക് മിനിസ്ട്രി ഓഫീസിൽ വന്ന്, എന്നെ കാണുവാനുള്ള ക്രമീകരണങ്ങൾ ഇതു സംഭവിക്കുന്നതിന് 1 വർഷം മുമ്പ് എന്റെ കൂട്ടുകാരി കിം ചെയ്തിരുന്നു. അവൾ പറഞ്ഞു, "നിങ്ങൾ ഡോൺ ക്രോയെ ഒന്ന കാണണം." എന്തിനാണെന്ന് എനിക്കറിയില്ലായിരുന്നു; ഞാൻ അസ്വസ്ഥനായിരുന്നു. മറ്റുള്ളവർ

നിങ്ങളോടു ചെയ്യുവാൻ നിങ്ങൾ ഇച്ഛിക്കുന്നതുപോലെ, നിങ്ങൾ അവരോടു ചെയ്യുവിൻ എന്ന യേശുവിന്റെ കല്പനയാൽ, തന്നേയും തന്റെ സ്നേഹത്തേയും വെളിപ്പെടുത്തപ്പെട്ട ഒരു കുടുംബത്തെ സഹായിക്കാൻ ദൈവം തയ്യാറിപ്പു നടത്തുകയായിരുന്നു എന്ന് എനിക്കു മനസ്സിലായില്ല. അവർ ഒരിക്കലും മറക്കുകയില്ലാത്ത ഒരത്ഭുതമാണത്, ഇന്ന് അവർ നിങ്ങളോടു പറയും, "ദൈവമാണ് അതിനു കാരണം" എന്ന്. അൻകാ എന്ന് പേരുള്ള ആ റൊമേനിയൻ സ്ത്രീ പറഞ്ഞു, "എന്റെ വിശ്വാസം പതറിയിരുന്നു, പക്ഷെ ദൈവം വിശ്വസ്തനാണ്, ഞങ്ങൾ അമേരിക്കയിൽ താമസിക്കാൻ അവൻ അനുവദിച്ചു".

അനേകം ആൾക്കാർ ഈ സമയം സ്നേഹത്തിനു വേണ്ടി മുറവിളിയിട്ടു കൊൺടിരിക്കുന്നു. നിങ്ങളും ഞാനും ദൈവവചനത്തിൽ നിന്നുള്ള സ്നേഹത്തിന്റെ തത്വങ്ങൾ മനസ്സിലാക്കുവാൻ തീരുമാനിക്കുക മാത്രമാണ്, അവർക്ക് അത് ലഭിക്കുവാനുള്ള ഏക മാർഗ്ഗം. സ്നേഹം ദയയുള്ളതാണ്, അത് മറ്റുള്ളവരുടെ നന്മ കാംക്ഷിക്കുന്നു – യേശു നമ്മുടെ നന്മയ്ക്കായി കുരിശിൽ പോയതുപോലെ. ദൈവത്തിന്റെ സ്നേഹം കൊൺട് സ്നേഹിക്കുക എന്നതിന്റെ ശരിയായ അർഥം എന്താണെന്നതിന്റെ ഈ തത്വങ്ങളിലേക്ക് ഇന്നു നിങ്ങൾ കൂടുതലായി നോക്കുമ്പോൾ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മത്തായി 7:12 വായിക്കുക. സുവർണ്ണ നിയമം എന്താണെന്ന് സ്വന്തം വാക്കുകളിൽ പറയുക.

   **മത്തായി 7:12** – *മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ, ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നേ.*

2. മത്തായി 7:12 വായിക്കുക. സ്നേഹം കൺടുപിടിക്കാനുള്ള ശ്രമത്തിൽ, മിക്കവരും ശരിയായ വ്യക്തിയെ തിരയുന്നു. നിങ്ങൾ ശരിയായ വ്യക്തിയെ തിരയണമോ അഥവാ ശരിയായ വ്യക്തി ആയിത്തീരണമോ?

3. 1 യോഹന്നാൻ 5:3 വായിക്കുക. സ്നേഹം ഒരു തോന്നൽ മാത്രമോ അതോ നിങ്ങൾ ചെയ്യുന്നതെന്തെങ്കിലും ആണോ?

   **1 യോഹന്നാൻ 5:3** – *അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം, അവന്റെ കല്പനകൾ ഭാരമുള്ളവയല്ല.*

4. 1യോഹന്നാൻ 3:18 വായിക്കുക. നിങ്ങൾ ഭാര്യയോടോ, ഭർത്താവിനോടോ, "ഞാൻ നിന്നെ സ്നേഹിക്കുന്നു!" എന്നു പറഞ്ഞിട്ട്, പോയി വ്യഭിചാരം ചെയ്താൽ, അവൻ/അവൾ നിങ്ങളുടെ വാക്കുകളെയാണോ പ്രവൃത്തികളെയാണോ വിശ്വസിക്കുക?

   **1 യോഹന്നാൻ 3:18** – *കുഞ്ഞുങ്ങളെ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക.*

5. റോമർ 5:6–8 വായിക്കുക. യേശുവിനു മരിക്കാൻ തോന്നിയോ?

**റോമർ 5:6–8** – *നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു തക്കസമയത്തു അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം. ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.*

6. ഗലാത്യർ 5:22 വായിക്കുക. ദൈവത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു ആക്കാതെ, നമുക്കു ശരിക്കും സ്നേഹിക്കാൻ കഴിയുമോ?

**ഗലാത്യർ 5:22** – *നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ ആത്മാവിന്റെ ഫലമോ, സ്നേഹം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത.*

7. 1 യോഹന്നാൻ 4:8 വായിക്കുക. മറ്റുള്ളവരെ സ്നേഹിക്കുവാൻ ദൈവത്തിന്റെ സഹായം നമുക്ക് വേണ്ടതിന്റെ കാരണം എന്തെന്നാൽ, ദൈവം മാത്രമാണ് ..................................................

**1 യോഹന്നാൻ 4:8** – *സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹം തന്നെ.*

8. 1 കൊരിന്ത്യർ 13:5 വായിക്കുക. സ്നേഹം എന്തല്ല എന്നതിന്, താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ നിന്നും തിരഞ്ഞെടുക്കുക.

(1) അപമര്യാദയായ (2) സ്വാർത്ഥമായ (3) ക്ഷമിക്കാതിരിക്കുന്ന

**1 കൊരിന്ത്യർ 13:5** – *സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല.*

9. 1 കൊരിന്ത്യർ 13:8 വായിക്കുക. ഈ ജീവിതത്തിൽ നിന്നും അടുത്ത ജീവിതത്തിലേക്ക് അഥവാ കല്ലറയ്ക്കപ്പുറം നമുക്ക് കൊൺടുപോകാൻ കഴിയുന്ന ഒരേ ഒരു കാര്യം എന്താണ്?

**1 കൊരിന്ത്യർ 13:8** – *സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. പ്രവചന വരമോ, അതു നീങ്ങിപ്പോകും, ഭാഷാവരമോ, അതു നിന്നുപോകു, ജ്ഞാനമോ, അതു നീങ്ങിപ്പോകും. ഭാഷാവരമോ, അതു നിന്നുപോകും, ജ്ഞാനമോ, അതു നീങ്ങിപ്പോകും.*

10. സദൃശ്യവാക്യം 10:12 വായിക്കുക. 1 കൊരിന്ത്യർ 13:5 പറയുന്നു, "തനിക്കെതിരെ എപ്പോഴൊക്കെ തെറ്റു ചെയ്യപ്പെട്ടു എന്നതിന്റെ കണക്ക് സ്നേഹം സൂക്ഷിക്കുന്നില്ല." സ്നേഹം എത്രത്തോളം പാപത്തെ മൂടും?

**സദൃശ്യവാക്യം 10:12** – *പക വഴക്കുകൾക്കു കാരണം ആകുന്നു. സ്നേഹമോ, സകല ലംഘനങ്ങളേയും മൂടുന്നു.*

# ഉത്തര സൂചിക

1. മത്തായി 7:12 വായിക്കുക. സുവർണ്ണ നിയമം എന്താണെന്ന് സ്വന്തം വാക്കുകളിൽ പറയുക.

   ***മറ്റുള്ളവർ നമുക്ക് ചെയ്യണം എന്ന് നാം ആഗ്രഹിക്കുന്നത് അവർക്ക് ചെയ്യുക.***

2. മത്തായി 7:12 വായിക്കുക. സ്നേഹം കൺടുപിടിക്കാനുള്ള ശ്രമത്തിൽ, മിക്കവരും ശരിയായ വ്യക്തിയെ തിരയുന്നു. നിങ്ങൾ ശരിയായ വ്യക്തിയെ തിരയണമോ അഥവാ ശരിയായ വ്യക്തി ആയിത്തീരണമോ?

   ***ശരിയായ വ്യക്തി ആയിത്തീരുക.***

3. 1 യോഹന്നാൻ 5:3 വായിക്കുക. സ്നേഹം ഒരു തോന്നൽ മാത്രമോ അതോ നിങ്ങൾ ചെയ്യുന്നതെന്തെങ്കിലും ആണോ?

   ***അത് ദൈവത്തിന്റെ കല്പനകളിൽ (തത്വങ്ങളിൽ) നടക്കുന്നതുവഴി നാം ചെയ്യുന്ന ഒന്നാണ്.***

4. 1യോഹന്നാൻ 3:18 വായിക്കുക. നിങ്ങൾ ഭാര്യയോടോ, ഭർത്താവിനോടോ, "ഞാൻ നിന്നെ സ്നേഹിക്കുന്നു!" എന്നു പറഞ്ഞിട്ട്, പോയി വ്യഭിചാരം ചെയ്താൽ, അവൻ/അവൾ നിങ്ങളുടെ വാക്കുകളെയാണോ പ്രവൃത്തികളെയാണോ വിശ്വസിക്കുക?

   ***പ്രവൃത്തികൾ. വാക്കുകളേക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നത് പ്രവൃത്തികളാണ്.***

5. റോമർ 5:6–8 വായിക്കുക. യേശുവിനു മരിക്കാൻ തോന്നിയോ?

   ***ഇല്ല. തോന്നൽ വകവക്കാതെ, നമ്മുടെ എല്ലാവരുടേയും ഗുണവും നന്മയും യേശു തേടി.***

6. ഗലാത്യർ 5:22 വായിക്കുക. ദൈവത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു ആക്കാതെ, നമുക്കു ശരിക്കും സ്നേഹിക്കാൻ കഴിയുമോ?

***ഇല്ല***

7. 1 യോഹന്നാൻ 4:8 വായിക്കുക. മറ്റുള്ളവരെ സ്നേഹിക്കുവാൻ ദൈവത്തിന്റെ സഹായം നമുക്ക് വേണ്ടതിന്റെ കാരണം എന്തെന്നാൽ, ദൈവം മാത്രമാണ് ................................................

***സ്നേഹം***

8. 1 കൊരിന്ത്യർ 13:5 വായിക്കുക. സ്നേഹം എന്തല്ല എന്നതിന്, താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ നിന്നും തിരഞ്ഞെടുക്കുക.

(1) അപമര്യാദയായ (2) സ്വാർത്ഥമായ (3) ക്ഷമിക്കാതിരിക്കുന്ന

***ഈ എല്ലാ വാക്കുകളും (അപമര്യാദയായ, സ്വാർത്ഥമായ, ക്ഷമിക്കാതിരിക്കുന്ന) ഇതെല്ലാം സ്നേഹം എന്തല്ല എന്നതിനെ കാണിക്കുന്നു.***

9. 1 കൊരിന്ത്യർ 13:8 വായിക്കുക. ഈ ജീവിതത്തിൽ നിന്നും അടുത്ത ജീവിതത്തിലേക്ക് അഥവാ കല്ലറയ്ക്കപ്പുറം നമുക്ക് കൊണ്ടുപോകാൻ കഴിയുന്ന ഒരേ ഒരു കാര്യം എന്താണ്?

***സ്നേഹം, അത് എന്നേക്കും നിലനില്ക്കുന്നു.***

10. സദൃശ്യവാക്യം 10:12 വായിക്കുക. 1 കൊരിന്ത്യർ 13:5 പറയുന്നു, "തനിക്കെതിരെ എപ്പോഴൊക്കെ തെറ്റു ചെയ്യപ്പെട്ടു എന്നതിന്റെ കണക്ക് സ്നേഹം സൂക്ഷിക്കുന്നില്ല." സ്നേഹം എത്രത്തോളം പാപത്തെ മൂടും?

***എല്ലാ പാപത്തേയും.***

പാഠം – 14

# സമ്പത്ത് – ഭാഗം 1

## *ആൻഡ്രൂ വോമ്മക്ക്*

നമ്മൾ സാമ്പത്തികമായി അഭിവൃദ്ധിപ്രാപിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. ഇത് എല്ലാവർക്കും പ്രധാനപ്പെട്ട ഒരു കാര്യം ആണ്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനും, മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായിരിക്കാനും ധനം ആവശ്യമാണ്. ഈ കാര്യങ്ങളിൽ ദൈവം നമ്മെ കൈവിട്ടിട്ടില്ല. "നിങ്ങളുടെ ആത്മീയ കാര്യങ്ങളിൽ ഞാൻ തല്പരനാണ്, എന്നാൽ നിങ്ങളുടെ സാമ്പത്തിക കാര്യങ്ങളിൽ എനിക്കു പങ്കില്ല ... നിങ്ങൾക്ക് ഉചിതമായതു ചെയ്യാം," എന്നു ദൈവം പറഞ്ഞിട്ടില്ല. ദൈവം എല്ലാ വിധത്തിലും നിങ്ങളെ – ആത്മാവിനേയും ദേഹത്തേയും പ്രാണനേയും – സ്നേഹിക്കുന്നു. അതിനുള്ള കരുതൽ ദൈവം ചെയ്തിട്ടുണ്ട്. ഒരു അളവുവരെ സാമ്പത്തിക സമൃദ്ധി അത്യാവശ്യമാണെന്ന് മിക്കവരും അംഗീകരിക്കുന്നു. എങ്കിലും മതം സമൃദ്ധിയ്ക്ക് എതിരായ ഒരു നിലപാട് ആണ് പൊതുവായി കൈക്കൊണ്ടിരിക്കുന്നത്.

ദൈവവചനം അത്യാഗ്രഹത്തിന് എതിരായി പല വ്യത്യസ്ത വിധങ്ങളിൽ പഠിപ്പിക്കുന്നു, എങ്കിലും ധനം ഒരു അനുഗ്രഹം ആണെന്ന് വ്യക്തമായി പഠിപ്പിക്കുന്നു. 3 യോഹന്നാൻ 2–ൽ യോഹന്നാൻ അപ്പസ്തോലൻ പറയുന്നു, *"പ്രിയരേ, നിങ്ങളുടെ പ്രാണൻ അഭിവൃദ്ധിപ്രാപിക്കുന്നതോടൊപ്പം, നിങ്ങൾക്കു സമൃദ്ധിയുണ്ടാകുവാനും, ആരോഗ്യത്തിൽ ഇരിക്കുവാനും, എല്ലാറ്റിലും ഉപരിയായി ഞാൻ ആഗ്രഹിക്കുന്നു." (Translated from KJV).* എത്ര ശക്തമായ പ്രസ്താവന. യോഹന്നാൻ പറയുന്നു, "എല്ലാറ്റിലും ഉപരിയായി!" സൗഖ്യം, വികാരങ്ങൾ, ബന്ധങ്ങൾ, ധനസ്ഥിതി ഇവയെ കുറിച്ചാണ് ഇതു പറയുന്നത്. നിങ്ങൾ സമൃദ്ധിയിലും ആരോഗ്യത്തിലും ഇരക്കാൻ, മറ്റെന്തിനേക്കാളും ഉപരിയായി, ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾ ആത്മാവിലും, പ്രാണനിലും, ദേഹത്തിലും സമൃദ്ധി പ്രാപിക്കാൻ ദൈവം ആഗ്രഹിക്കുന്നു. അതാണ് നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം.

മതാനുയായികളായ ഒട്ടേറെ ജനങ്ങൾ പറയുന്നു, നിങ്ങൾ ദരിദ്രരായി ഇരിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്, ദാരിദ്ര്യം ദൈവികമാണ്, കൂടുതൽ ദാരിദ്ര്യമുള്ളവർ കൂടുതൽ ദൈവീകത്വമുള്ളവർ ആയിരിക്കും എന്നാക്കെ. അങ്ങിനെയൊരു ചിന്താഗതിയിലാണ് ഞാൻ വളർത്തപ്പെട്ടത്. പ്രാംസഗികർക്ക് അധികം ധനം ഉൺടാകാൻ പാടില്ല, യഥാർത്ഥ ക്രിസ്ത്യാനി സമ്പത്തില്ലാതെ ജീവിക്കണം തുടങ്ങിയവ. എന്നാൽ ഈ ചിന്തയ്ക്ക് വചനത്തിൽ അടിസ്ഥാനമില്ല. തന്റെ കാലത്ത് ഏറ്റവും സമ്പന്നനായിരുന്ന മനുഷ്യനായിരുന്നു അബ്രഹാം. അബ്രഹാമിന്റെ സമ്പന്നത തങ്ങളുടെ രാജ്യത്തിന്റെ സമ്പത്തിനെ ബാധിക്കുന്നതിനാൽ, അബ്രഹാം അവിടെ നിന്നു പോകുവാൻ രാജാവ് ആവശ്യപ്പെട്ടതായി കാണുന്നു. യിസ്ഹാക്കിന്റേയും യാക്കോബിന്റെയും സ്ഥിതി അങ്ങിനെ തന്നെ ആയിരുന്നു. യോസഫ് അഭിവൃദ്ധി പ്രാപിച്ച് മഹത്തായ സമൃദ്ധിയിൽ എത്തിച്ചേർന്നു. ദാവീദ് തന്റെ വ്യക്തിപരമായ ഖജനാവിൽ നിന്നും ദേവാലയം പണിയാനായി 2.5 ലക്ഷം കോടി വിലയ്ക്കുള്ള സ്വർണ്ണവും വെള്ളിയും കൊടുത്തു. ദാവീദിന്റെ മകനായ ശലോമോൻ ലോകത്തിൽ ജീവിച്ചവരിലേക്കും ധനികനായിരുന്നു. തിരുവെഴുത്തു പ്രകാരം അതിനെ നോക്കുമ്പോൾ, ദൈവത്തെ യഥാർത്ഥമായി സേവിച്ചിരുന്നവരെല്ലാം സാമ്പത്തികമായി അനുഗ്രഹിക്കപ്പെട്ടിരുന്നു.

കഷ്ടപ്പാടും ഇല്ലായ്മയും അനുഭവിച്ച അനേകം ആൾക്കാരെയും കാണാം. പൗലോസ് ഫിലി. 4:13–ൽ പറയുന്നു, ക്രിസ്തു മുഖാന്തരം എനിക്ക് എല്ലാം ചെയ്യാൻ കഴിയും എന്നും, ഏതവസ്ഥയിലും തൃപ്തനായിരിപ്പാൻ പഠിച്ചിട്ടുൺടെന്നും. ഏത് താണ അവസ്ഥയിലും സമൃദ്ധമായ അവസ്ഥയിലും ഇരിക്കാൻ അറിയാം എന്നും. ദാരിദ്ര്യത്തിൽ കൂടിയും പ്രയാസത്തിൽ കൂടിയും ദൈവദാസന്മാർ കടന്നു പോയ അവസരങ്ങൾ ഉൺടായിരുന്നു, എങ്കിലും, ദാരിദ്ര്യം കൂടുമ്പോൾ, ദൈവീകത്വം കൂടുതലുൺടാകുന്നു എന്നു തിരുവെഴുത്തിൽ പറഞ്ഞിട്ടില്ല. അത് സത്യമല്ല, അത് തെറ്റാണെന്ന് തെരുവീഥികളിൽ പോയി നമുക്ക് തെളിയിക്കൻ കഴിയും. ശരിയാണ്, അത്യാഗ്രഹം തെറ്റാണെന്നുള്ള ഒരു സത്യം ഇവിടെ ഉൺട്. 1 തിമൊ. 6:10 പറയുന്നു, *"ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ."* ഈ വാക്യം ഉദ്ധരിച്ചുകൊൺട് ചിലർ പറയും, ധനം ദോഷത്തിന്റെ മൂലകാരണമാണെന്ന്. എന്നാൽ ആ വാക്യം പറയുന്നത് *"പണത്തോടുള്ള സ്നേഹമാണ് സകല ദോഷത്തിനും കാരണമെന്നത്രേ."* പണത്തെ സ്നേഹിക്കുന്ന, എന്നാൽ അതില്ലാത്ത ആളുകളുൺട്; വളരെ ധനികരായ വേറെ

ആളുകളുണ്ട്, അവർ പണത്തെ സ്നേഹിക്കുന്നില്ല. അവർ അത് ഉപയോഗിക്കുക മാത്രം ചെയ്യുന്നു.

ആവർത്തനപുസ്തകം 8:18 ൽ സാമ്പത്തിക സമൃദ്ധിയുടെ യഥാർത്ഥ ഉദ്ദേശം വ്യക്തമാക്കിയിരിക്കുന്നു. വാഗ്ദത്തനാട്ടിൽ പ്രവേശിച്ച് ഇത് വരെ അനുഭവിക്കാത്ത ധനവും അഭിവൃദ്ധിയും അനുഭവിക്കാൻ പോകുന്ന ഇസ്രായേൽ ജനത്തോട് ദൈവം സംസാരിക്കുകയായിരുന്നു. ദൈവം അവരോടു പറഞ്ഞു, *"നിന്റെ ദൈവമായ യഹോവയെ നീ ഓർക്കേണം, നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത തന്റെ നിയമം ഇന്നുള്ളതുപോലെ ഉറപ്പിക്കേണ്ടതിനു അവനല്ലോ നിനക്കു സമ്പത്തുണ്ടാക്കുവാൻ ശക്തി തരുന്നതു."* ഈ വചന പ്രകാരം അഭിവൃദ്ധിയുടെ ഉദ്ദേശം നമ്മുടെ സ്വാർത്ഥ ആവശ്യങ്ങൾക്കായി ഉപയോഗിക്കുക എന്നതല്ല, ദൈവത്തിന്റെ നിയമത്തെ ഈ ഭൂമിയിൽ ഉറപ്പാക്കുക എന്നതത്രേ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മൾ ഒരു അനുഗ്രഹമാകാൻ ദൈവം നമ്മെ അനുഗ്രഹിക്കുന്നു. ഉല്പ. 12:2ൽ ദൈവം അബ്രഹാമിനോട് പറഞ്ഞു, *"ഞാൻ നിന്നെ വലിയൊരു ജാതിയാക്കും നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും നീ ഒരു അനുഗ്രഹമായിരിക്കും."* നാം മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാകുന്നതിനു മുമ്പെ, നമ്മൾ അനുഗ്രഹിക്കപ്പെട്ടവർ ആകണം.

നിങ്ങൾക്ക് ചില കാര്യങ്ങൾ ആവശ്യമാണ്. നിങ്ങൾക്കുള്ള ചില ആവശങ്ങൾ നടത്തി തരാൻ ദൈവം ആഗ്രഹിക്കുന്നു. പക്ഷേ അത് സ്വാർത്ഥമായ ഒരു കാര്യത്തേക്കാൾ കവിഞ്ഞതാണ്. അവന്റെ പണം നിങ്ങളിൽ കൂടി അവനു കിട്ടാനും, അതുവഴി നിങ്ങൾ ഒരു അനുഗ്രഹമായിരിക്കാനും വേണ്ടി, ദൈവം നിങ്ങളെ സമൃദ്ധിയിലേക്ക് നയിക്കാൻ ആഗ്രഹിക്കുന്നു. 2 കൊരിന്ത്യർ 9:8 ൽ പറയുന്നു, *"നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകി വരുമാറു നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തൻ ആകുന്നു."* ദൈവം നമ്മെ എന്തിനാണ് അനുഗ്രഹിക്കാൻ പോകുന്നതെന്ന് ഇതു പറയുന്നു – നമ്മൾ സകല സൽപ്രവൃത്തിയിലും സമൃദ്ധരാകാൻ വേണ്ടി. എന്താണ് സമൃദ്ധി? ഒരു നല്ല വീടോ, കാറോ, നല്ല വസ്ത്രങ്ങളോ നല്ല ആഹാരമോ ആണോ? ഈ വചനപ്രകാരം അത് നമ്മുടെ എല്ലാ ആവശ്യങ്ങളും നടന്നു കിട്ടാനുള്ള വക ഉണ്ടാവുകയും, എല്ലാ സൽപ്രവർത്തിയിലും വർദ്ധിക്കുകയും ചെയ്യുന്നതാണ്. ദൈവം നിങ്ങളുടെ ഹൃദയത്തെ സ്പർശിച്ച കാര്യങ്ങൾക്ക് കൊടുക്കാൻ കഴിയാതിരിക്കുകയും, ആർക്കെങ്കിലും ഒരു

അനുഗ്രഹമാകാൻ ആഗ്രഹിച്ചിട്ടും കഴിയാതിരിക്കുകയും ചെയ്യുന്നെങ്കിൽ, ഈ വാക്യം പറയുന്ന പ്രകാരം നാം ധനപരമായി സമൃദ്ധി പ്രാപിച്ചു കൊൺടിരിക്കുന്നില്ല. നിങ്ങളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാനും, എല്ലാ സൽപ്രവൃത്തികളിലും സമൃദ്ധരാകാനും തക്ക നിലയിൽ നിങ്ങളെ അനുഗ്രഹിക്കുമെന്ന് ദൈവം പറയുന്നു.

വേദപുസ്തകം പറയുന്നതനുസരിച്ചുള്ള യഥാർത്ഥ സമൃദ്ധി, നിങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്നതു മാത്രമല്ല, നിങ്ങൾ മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായിരിക്കുക എന്നതും കൂടിയാണ്. അവരേക്കുറിച്ചു മാത്രം ചിന്തിക്കുന്നവർ സ്വാർഥരാണ്. ഒരാൾ "കൂടുതൽ ലഭിക്കുവനായി ഞാൻ ദൈവത്തെ വിശ്വസിക്കുന്നു" എന്നു ആരെങ്കിലും പറയുമ്പോൾ, മറ്റു ചിലർ വിചാരിക്കും അത് അത്യാഗ്രഹം അല്ലെങ്കിൽ സ്വാർത്ഥതയാണെന്ന്, എന്നാൽ അത് അതിന്റെ ഉദ്ദേശം അനുസരിച്ചിരിക്കും. നിങ്ങൾ ഒരു വലിയ വീട് കിട്ടുവാനോ ഒരു നല്ല കാർ വാങ്ങുവാനോ ആയി, അധികം ലഭിക്കുവാൻ ദൈവത്തോട് അപേക്ഷിക്കുന്നെങ്കിൽ, അത് തിരുവെഴുത്ത് പ്രകാരം ശരിയായ മനോഭാവം അല്ല. എന്നാൽ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അപ്പുറം പോയി, മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായിരിക്കുവാൻ വേൺടി, അധികം ലഭിക്കുവാൻ നാം ദൈവത്തെ വിശ്വസിക്കുന്നു എങ്കിൽ, ആ മനോഭാവമാണ് നിങ്ങൾക്കുൺടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നത്. നിങ്ങൾ അഭിവൃദ്ധിപ്പെടാൻ ദൈവം ആഗ്രഹിക്കുന്നു. നിങ്ങളുടെ സമൃദ്ധി ദൈവഹിതമാണ്.

മത്തായി 6 പറയുന്നു നമുക്ക് എന്തൊക്കെ ആവശ്യങ്ങളാണ് ഉള്ളതെന്ന്, എന്നിട്ടു പറയുന്നു, ആദ്യം നാം അവന്റെ രാജ്യവും നീതിയും അന്വേഷിച്ചാൽ, ഇതൊക്കെയും നമ്മോടു ചേർക്കപ്പെടും എന്ന്. നാം ദൈവത്തിന് പ്രഥമസ്ഥാനം കൊടുക്കുമ്പോൾ, ഈ മറ്റെല്ലാ കാര്യങ്ങളും ദൈവം നമുക്കു നിറവേറ്റിത്തരും. നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റപ്പെടുകയും, നാം മറ്റുള്ളവർക്ക് ഒരു അനുഗ്രഹം ആയി തീരുകയും ചെയ്യും. നിങ്ങൾ സമൃദ്ധരാകണമെന്നു തന്നെയാണ് ദൈവഹിതം, പക്ഷേ അത് ശരിക്കും ഈ തലത്തിലുള്ള നിങ്ങളുടെ ലക്ഷ്യത്തേയും പ്രവൃത്തിയേയും ആശ്രയിച്ചിരിക്കുന്നു.

ഈ പാഠം നിങ്ങളെ വെല്ലുവിളിച്ച്, നിങ്ങൾ സമൃദ്ധരാകണമെന്നുള്ള ദൈവത്തിന്റെ ഏറ്റവും നല്ലതിനായി ഇന്നു തന്നെ നിങ്ങൾ വിശ്വസിക്കുവാൻ തുടങ്ങട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. 2 കൊരിന്ത്യർ 8:7–8 വായിക്കുക. ആവശ്യത്തിലിരിക്കുന്നവർക്കു കൊടുക്കുന്നത് നിങ്ങൾക്ക് എന്തു തെളിയിക്കാനുള്ള ഒരു മാർഗ്ഗം ആണ്?

   **2 കൊരിന്ത്യർ 8:7–8** – *എന്നാൽ വിശ്വാസം, വചനം, പരിജ്ഞാനം, പൂർണ്ണജാഗ്രത, ഞങ്ങളോടുള്ള സ്നേഹം ഇങ്ങനെ എല്ലാറ്റിലും നിങ്ങൾ മുന്തിയിരിക്കുന്നതുപോലെ ഈ ധർമ്മകാര്യത്തിലും മുന്തിവരുവിൻ. ഞാൻ കല്പനയായിട്ടല്ല, മറ്റുള്ളവരുടെ ജാഗ്രത കൊണ്ട് നിങ്ങളുടെ സ്നേഹത്തിന്റെ പരമാർത്ഥതയും ശോധന ചെയ്യേണ്ടതിനത്രേ പറയുന്നതു.*

2. 2 കൊരിന്ത്യർ 8:13–14 വായിക്കുക. നാം എല്ലാവരും കൊടുക്കുവാനായി കൂടി വരുമ്പോൾ, ഒരു തരം എന്താണ് ദൈവം ആഗ്രഹിക്കുന്നത്?

   **2 കൊരിന്ത്യർ 8:13–14** – *മറ്റുള്ളവർക്കു സുഭിക്ഷവും നിങ്ങൾക്കു ദുർഭിക്ഷവും വരേണം എന്നല്ല സമത്വം വേണം എന്നത്രേ. സമത്വം ഉണ്ടാവാൻ തക്കവണ്ണം അവരുടെ സുഭിക്ഷം നിങ്ങളുടെ ദുർഭിക്ഷത്തിനു ഉതകേണ്ടതിനു ഇക്കാലവും നിങ്ങൾക്കുള്ള സുഭിക്ഷം അവരുടെ ദുർഭിക്ഷത്തിനു ഉതകട്ടെ.*

3. 2 കൊരിന്ത്യർ 8:13–14 വായിക്കുക. എല്ലാവരുടേയും ആവശ്യങ്ങൾ എങ്ങിനെ നിറവേറ്റപ്പെടുന്നു?

4. എഫെസ്യർ 4:28 വായിക്കുക. കള്ളനായിരുന്ന വ്യക്തി ഇനിയും മോഷ്ടിക്കാതെ ജോലി ചെയ്ത് സ്വന്ത ഉപജീവനത്തിനുള്ള മാർഗ്ഗം ഉണ്ടാക്കണം. എഫെസ്യർ 4:28 ൽ അവർ എന്തു കൂടി ചെയ്യണം എന്നാണ് പറയുന്നത്?

   **എഫെസ്യർ 4:28** – *കള്ളൻ ഇനി കക്കാതെ മുട്ടുള്ളവനു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിനു കൈകൊണ്ടു നല്ലതു പ്രവർത്തിച്ചു അദ്ധ്വാനിക്കയത്രേ വേണ്ടത്.*

5. ഉല്പത്തി 13:2 ഉം 12:2–ഉം വായിക്കുക. അബ്രഹാം സ്വന്തം കാര്യം മാത്രം ചിന്തിക്കാതെ മറ്റുള്ളവർക്ക് ഒരു ........................................ ആയിരുന്നതുകൊണ്ട്, ദൈവത്തിന് ധനികനായിരുന്ന അബ്രഹാമിനെ വിശ്വസിക്കാൻ സാധിച്ചു.

**ഉല്പത്തി 13:2** – *കന്നുകാലി, വെള്ളി, പൊന്നു ഈ വകയിൽ അബ്രഹാം ബഹുസമ്പന്നനായിരുന്നു.*

**ഉല്പത്തി 12:2** – *ഞാൻ നിന്നെ വലിയൊരു ജാതിയാക്കും, നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും. നീ ഒരു അനുഗ്രഹമായിരിക്കും.*

6. 1 തിമൊത്തിയോസ്. 6:17–18 വായിക്കുക. ധനവാൻ ധനം കൊണ്ടു ചെയ്യേണ്ട 3 കാര്യങ്ങൾ എന്തൊക്കെയാണ്?

**1 തിമൊത്തിയോസ്.** *6:17–18 ഈ ലോകത്തിലെ ധനവാന്മാരോടു പറയുക ഉന്നത ഭാവം കൂടാതെയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശവെപ്പാനും നന്മ ചെയ്‌വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി.*

7. ദൈവത്തിന് നിങ്ങളെ സമ്പത്തുകൊണ്ട് വിശ്വസിക്കാമോ?

# ഉത്തര സൂചിക

1. 2 കൊരിന്ത്യർ 8:7–8 വായിക്കുക. ആവശ്യത്തിലിരിക്കുന്നവർക്കു കൊടുക്കുന്നത് നിങ്ങൾക്ക് എന്തു തെളിയിക്കാനുള്ള ഒരു മാർഗ്ഗം ആണ്?

   ***നിങ്ങളുടെ സ്നേഹം യഥാർത്ഥമാണെന്ന്***

2. 2 കൊരിന്ത്യർ 8:13–14 വായിക്കുക. നാം എല്ലാവരും കൊടുക്കുവാനായി കൂടി വരുമ്പോൾ, ഒരു തരം എന്താണ് ദൈവം ആഗ്രഹിക്കുന്നത്?

   ***സമത്വം, അവരവർ തങ്ങൾക്കു കഴിവുള്ളതുപോലെ***

3. 2 കൊരിന്ത്യർ 8:13–14 വായിക്കുക. എല്ലാവരുടേയും ആവശ്യങ്ങൾ എങ്ങിനെ നിറവേറ്റപ്പെടുന്നു?

   ***നിങ്ങളാൽ കഴിയുന്നത്, സാധ്യമായ സമയത്ത് കൊടുക്കുക.***

4. എഫെസ്യർ 4:28 വായിക്കുക. കള്ളനായിരുന്ന വ്യക്തി ഇനിയും മോഷ്ടിക്കാതെ ജോലി ചെയ്ത് സ്വന്ത ഉപജീവനത്തിനുള്ള മാർഗ്ഗം ഉൺടാക്കണം. എഫെസ്യർ 4:28 ൽ അവർ എന്തു കൂടി ചെയ്യണം എന്നാണ് പറയുന്നത്?

   ***ദരിദ്രർക്കും, ആവശ്യത്തിലിരിക്കുന്നവർക്കും കൊടുക്കുക.***

5. ഉല്പത്തി 13:2 ഉം 12:2–ഉം വായിക്കുക. അബ്രഹാം സ്വന്തം കാര്യം മാത്രം ചിന്തിക്കാതെ മറ്റുള്ളവർക്ക് ഒരു ........................................ ആയിരുന്നതുകൊൺട്, ദൈവത്തിന് ധനികനായിരുന്ന അബ്രഹാമിനെ വിശ്വസിക്കാൻ സാധിച്ചു.

   ***അനുഗ്രഹം***

6. 1 തിമൊത്തിയോസ്. 6:17–18 വായിക്കുക. ധനവാൻ ധനം കൊണ്ടു ചെയ്യേണ്ട 3 കാര്യങ്ങൾ എന്തൊക്കെയാണ്?

***നന്മ ചെയ്യുക, ആവശ്യത്തിലിരിക്കുന്നവർക്ക് ഉദാരതയോടെ കൊടുക്കുക, ദൈവം നിങ്ങൾക്ക് തന്നിട്ടുള്ളതിനെ മറ്റുള്ളവരുമായി പങ്കിടുക.***

7. ദൈവത്തിന് നിങ്ങളെ സമ്പത്തുകൊണ്ട് വിശ്വസിക്കാമോ?

പാഠം – 15

# സമ്പത്ത് – ഭാഗം 2

## *ആൻഡ്രൂ വോമ്മക്ക്*

നിങ്ങളുടെ സമൃദ്ധി ദൈവത്തിന്റെ ഹിതമാണ് എന്നു ഞാൻ കഴിഞ്ഞ പാഠത്തിൽ വിശദീകരിച്ചു. ഇത് പ്രാവർത്തികമാക്കുന്നതിന് ചില പ്രധാന കാര്യങ്ങൾ ഉണ്ട്. ലൂക്കോസ് 6:38 പറയുന്നു, *"കൊടുപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും, അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്ന് കിട്ടും."* ഇതിൽ പല തത്വങ്ങൾ ഉൾപ്പെട്ടിരിക്കുന്നു, എങ്കിലും, കൊടുക്കുന്നതിനെപ്പറ്റി പറയാതെ, സമൃദ്ധിയെക്കുറിച്ച് പറയാൻ സാധ്യമല്ല.

സാമ്പത്തിക സമൃദ്ധിയെക്കുറിച്ച് പറയുമ്പോൾ, ധാരാളം ആൾക്കാർ പറയാറുണ്ട്, "ശരിയാണ്, ദൈവം എന്നെ സമൃദ്ധിപ്പെടുത്താൻ ആഗ്രഹിക്കുന്നു, എന്നാൽ എനിക്കു കൊടുക്കുവാനില്ല." വേദപുസ്തകത്തിൽ അവളുടെ അവസാനത്തെ 2 നാണയം ഇട്ട ഒരു വിധവയെക്കുറിച്ച് യേശു പറയുന്നു. ധനികർ വലിയ തുകകൾ ഇടുന്നത് യേശു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. എന്നിട്ടും, തന്റെ ശിഷ്യന്മാരെ വിളിച്ച് അവരോട് പറഞ്ഞത് ഈ സ്ത്രീ അവരെക്കാൾ എല്ലാം കൂടുതൽ കൊടുത്തു എന്ന്. അങ്ങിനെ പറഞ്ഞതിന്റെ കാരണം അവർ സമൃദ്ധിയിൽ നിന്നും കൊടുത്തു. ഈ സ്ത്രീ തന്റെ ദാരിദ്ര്യത്തിൽ നിന്നാണ് കൊടുത്തത്. നിങ്ങൾ കൊടുക്കുന്നതിന്റെ സാമ്പത്തിക മൂല്യം അല്ല ദൈവം അളക്കുന്നത്, മറിച്ച് നിങ്ങൾക്ക് കൊടുക്കാൻ ഉൺടായിരുന്നതിന്റെ ശതമാനമായിട്ടാണ്. ഒരു വ്യക്തി "എനിക്ക് കൊടുക്കുവാനായി ഒന്നും ഇല്ലാ" എന്നു പറയുന്നത് സത്യം അല്ല. ഒന്നും ഇല്ലെങ്കിൽ തന്നെ, ഒരു തുണി കഷണമെങ്കിലും കൊടുക്കാമായിരുന്നു. എന്തെങ്കിലും കൊടുക്കുവാൻ എല്ലാവർക്കും കാണും, ആയതിനാൽ എനിക്ക് കൊടുക്കുവാൻ ഒന്നും ഇല്ല എന്നൊക്കെയുള്ള

വാദങ്ങൾ മാറ്റി വയ്ക്കുക. യഥാർത്ഥത്തിൽ നിങ്ങൾക്ക് കൊടുക്കുവാൻ ഒന്നും ഇല്ലാ എന്നു തോന്നുമ്പോഴാണ് മറ്റു സമയങ്ങളിലേക്കാൾ നിങ്ങൾക്ക് കൂടുതൽ ശതമാനം കൊടുക്കുവാൻ കഴിയുന്നത്. പത്തു ഡോളർ ഉള്ള ഒരാൾ 5 ഡോളർ കൊടുക്കുന്നത്, കോടിക്കണക്കിന ഡോളർ ഉള്ള ആൾ ലക്ഷം ഡോളർ കൊടുക്കുന്നതിനെക്കാൾ കൂടുതലാണ്. എല്ലാവർക്കും കൊടുക്കാൻ ശേഷി ഉള്ള വിധത്തിലാണ് ദൈവം അതു ക്രമീകരിച്ചിരിക്കുന്നത്.

എന്തിനാണ് കൊടുക്കുവാൻ ദൈവം നമ്മോടു പറഞ്ഞത്? അതിൽ പല കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. പ്രധാനപ്പെട്ട ഉദ്ദേശങ്ങളിൽ ഒന്ന്, നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നാം ദൈവത്തെ പൂർണ്ണമായും വിശ്വസിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്നുള്ളതാണ്. ഒരു ദൈവം ഇല്ലാ എങ്കിലോ, ആ ദൈവത്തിന്റെ വചനം സത്യം അല്ല. എങ്കിലോ, *"കൊടുപ്പിൻ നിങ്ങൾക്കു കിട്ടും"* എന്നു ദൈവം പറയുന്നതു കേട്ട്, നമ്മുക്ക് ഉള്ളതിന്റെ ഒരു ഭാഗം കൊടുക്കുന്നത് ഏറ്റവും മഠയത്തരം തന്നെയാണ്. ദൈവം അനുഗ്രഹിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടില്ലെങ്കിൽ, നാം അങ്ങനെ ചെയ്യുന്നതുവഴി, നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു പകരം, നാം അതിൽ നിന്നും അകന്നു പോവുകയാണ്. ദൈവം പറയുന്നതു പോലെ കൊടുക്കാൻ കഴിയണമെങ്കിൽ, വിശ്വാസം ആവശ്യമാണ്. നി ങ്ങളോട് അതു ചെയ്യാൻ ദൈവം പറഞ്ഞതിന്റെ കാരണം അതാണ്.

ലൂക്കൊസ് 16–ൽ തന്റെ യജമാനനെ ചതിച്ച ഒരു കാര്യസ്ഥനെപ്പറ്റി ഒരു ഉപമയുൺട്. അത് എത്തുന്നത് ഇങ്ങനെയാണ്: നീതിയില്ലാത്ത ധനത്തിന്റെ (Mammon) കാര്യത്തിൽ നാം വിശ്വസ്തരായിരിക്കുന്നില്ല എങ്കിൽ, യഥാർത്ഥ ധനത്തിന്റെ ഉത്തരവാദിത്വം നിങ്ങളെ ആരേല്പിക്കും? ചെറിയ കാര്യങ്ങളാകുന്ന ധനപരമായ വിഷയങ്ങളിൽ, നിങ്ങൾ ദൈവത്തെ വിശ്വസിച്ചിട്ടില്ലെങ്കിൽ, ആത്മീയമൂല്യങ്ങൾ പോലുള്ള പ്രധാനപ്പെട്ട കാര്യങ്ങളിലേക്ക് നിങ്ങൾക്ക് എങ്ങിനെ കടക്കാൻ കഴിയും? ഇതുപോലെയുള്ള തിരുവെഴുത്തുകൾ, കാര്യസ്ഥതയുടെ കാര്യത്തിൽ പണത്തെ ഏറ്റവും താഴത്തെ കിടയിലാണ് കണക്കാക്കുന്നത്. ധനത്തിന്റെ കാര്യത്തിൽ ദൈവത്തെ വിശ്വസിക്കാൻ നിങ്ങൾക്ക കഴിയുന്നില്ലെങ്കിൽ, നിങ്ങളുടെ നിത്യതയുടെ കാര്യത്തിൽ എങ്ങിനെ ദൈവത്തെ വിശ്വസിക്കാൻ കഴിയും? യേശു നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചു എന്നും, നിങ്ങൾ നിത്യത സ്വർഗ്ഗത്തിൽ ചെലവഴിക്കാൻ പോകുന്ന എന്നും ശരിക്കും വിശ്വസിക്കാൻ

നിങ്ങൾക്ക് എങ്ങിനെ കഴിയും? താരതമ്യപ്പെടുത്തി നോക്കിയാൽ, ധനത്തേക്കാൾ എത്രയോ അധികം പ്രാധാന്യമുള്ളതാണ് നാം കർത്താവിൽ വിശ്വാസമർപ്പിക്കുന്ന ആത്മീയ കാര്യങ്ങൾ. ധനം വളരെ പ്രാധാന്യം കുറഞ്ഞ ഒരു വിഷയം ആണ്, എന്നാൽ അത് ദൈവത്തിൽ വിശ്വാസമർപ്പിക്കാൻ തുടങ്ങുന്നതിന്റെ ആദ്യ പടിയാണ്. സദൃശ്യവാക്യം 11:24 പറയുന്നു, ആവശ്യത്തിലും അധികം എന്നു തോന്നിക്കും വിധം കൊടുക്കുന്ന ചിലരുണ്ട്, എങ്കിലും അവർ സമൃദ്ധി പ്രാപിക്കുന്നു. മറ്റു ചിലർ അവർക്കുള്ളതു പൂഴ്ത്തി വയ്ക്കുന്നു, അത് അവരുടെ ഉള്ളിൽ ദാരിദ്ര്യം മാത്രം ഉണ്ടാക്കുന്നു.

ആദ്യം ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിച്ചാൽ, അവൻ ഇവയെല്ലാം നിങ്ങൾക്കു കൂട്ടി ചേർക്കും. ധനവിഷയത്തിൽ ദൈവം നിങ്ങളെ സഹായിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു എന്നും, അതിനായി പ്രാർഥിക്കുന്നു എന്നും നിങ്ങൾ പറയുന്നെങ്കിൽ – പക്ഷേ, നിങ്ങൾ ദൈവരാജ്യം അന്വേഷിക്കാതിരിക്കുകയും, വിശ്വാസത്തിന്റെ ഒരു പടി കയറി, ധനത്തിന്റെ കാര്യത്തിൽ അവനെ വിശ്വസിച്ച്, കൊടുക്കുകയും ചെയ്യുന്നില്ലെങ്കിൽ – നിങ്ങൾ സത്യത്തിൽ നിങ്ങൾ അവനെ വിശ്വസിക്കുന്നില്ല.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. യോഹന്നാൻ 3:16 വായിക്കുക. കൊടുക്കുവാൻ എന്താണ് ദൈവത്തെ പ്രേരിപ്പിച്ചത്?

   **യോഹന്നാൻ 3:16** – *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.*

2. 1 കൊരിന്ത്യർ 13:3 വായിക്കുക. നമ്മൾ കൊടുക്കുന്നതിന്റെ പിന്നിൽ ഉള്ള പ്രേരണ എന്തായിരിക്കണം?

   **1 കൊരിന്ത്യർ 13:3** – *എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും സ്നേഹം ഇല്ല എങ്കിൽ എനിക്കു ഒരു പ്രയോജനവും ഇല്ല.*

3. യാക്കോബ് 2:15–16 വായിക്കുക. ഈ വാക്യത്തിന്റെ അർത്ഥം വിശദീകരിക്കുക.

   **യാക്കൊബ് 2:15–16** – *ഒരു സഹോദരനോ, സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വക ഇല്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോട് സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷെക്കു ആവശ്യമുള്ളത് അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്തു? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതിനാൽ സ്വതവേ നിർജ്ജീവമാകുന്നു.*

4. ലൂക്കോസ് 6:38 വായിക്കുക. ഈ വാക്യം നിങ്ങളോട് എന്താണ് പറയുന്നത്?

   **ലൂക്കൊസ് 6:38** – *കൊടുപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും, അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും, നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്ന് കിട്ടും.*

5. എഫെസ്യർ 1:7–8 വായിക്കുക. ദൈവം തന്നത് അവന്റെ ധനത്തിൽ നിന്നോ, അതോ അവന്റെ ധനപ്രകാരമോ? വ്യത്യാസം വിശദീകരിക്കുക.

**എഫെസ്യർ 1:7–8** – *അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ട്. അതു അവൻ നമുക്കു താൻ ധാരാളമായി കാണിച്ച കൃപാധന പ്രകാരം സകല ജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു.*

6. സദൃശവാക്യം 19:17 വായിക്കുക. ദരിദ്രർക്ക് കൊടുക്കുമ്പോൾ നിങ്ങൾ എന്താണ് ചെയ്യുന്നത്?

ദൈവം തിരികെ തരുമോ?

**സദൃശവാക്യം 19:17** – *എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മെക്കു അവൻ പകരം കൊടുക്കും.*

7. സങ്കീർത്തനം 41:1–3 വായിക്കുക. ദരിദ്രർക്കു കൊടുക്കുന്നവർക്ക് ദൈവം ചെയ്യുന്ന 5 കാര്യങ്ങൾ എന്തെല്ലാമാണ്?

**സങ്കീർത്തനം 41:1–3** – *എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ, അനർത്ഥ ദിവസത്തിൽ യഹോവ അവനെ വിടുവിക്കും. യഹോവ അവനെ കാത്തു ജീവനോടെ പാലിക്കും. അവൻ ഭൂമിയിൽ ഭാഗ്യവാനായിരിക്കും, അവന്റെ ശത്രുക്കളുടെ ഇഷ്ടത്തിനു നീ അവനെ ഏല്പിക്കയില്ല. യഹോവ അവനെ രോഗശയ്യയിൽ താങ്ങും ദീനത്തിൽ നീ അവന്റെ കിടക്ക എല്ലാം മാറ്റിവിരിക്കുന്നു.*

# ഉത്തര സൂചിക

1. യോഹന്നാൻ 3:16 വായിക്കുക. കൊടുക്കുവാൻ എന്താണ് ദൈവത്തെ പ്രേരിപ്പിച്ചത്?

   ***അവന്റെ സ്നേഹം***

2. 1 കൊരിന്ത്യർ 13:3 വായിക്കുക. നമ്മൾ കൊടുക്കുന്നതിന്റെ പിന്നിൽ ഉള്ള പ്രേരണ എന്തായിരിക്കണം?

   ***സ്നേഹം. അതായത് നമ്മുടെ തോന്നലുകൾ കണക്കിലെടുക്കാതെ മറ്റുള്ളവരുടെ നന്മയും ഗുണവും അന്വേഷിക്കുക. (മത്തായി 7:12)***

3. യാക്കോബ് 2:15–16 വായിക്കുക. ഈ വാക്യത്തിന്റെ അർത്ഥം വിശദീകരിക്കുക.

   ***95 ശതമാനം സ്നേഹവും വെറും പദത്തിൽ ഉൾക്കൊള്ളുന്നതല്ല. നമ്മൾ പറയുന്നതിലല്ല, നമ്മൾ ചെയ്യുന്നതിലാണ്.***

4. ലൂക്കോസ് 6:38 വായിക്കുക. ഈ വാക്യം നിങ്ങളോട് എന്താണ് പറയുന്നത്?

   ***നമ്മൾ ഏത് അളവിൽ (ചെറുതോ വലുതോ) കൊടുക്കുന്നുവോ, അതേ അളവിൽ നമുക്കു തിരികെ കിട്ടും.***

5. എഫെസ്യർ 1:7–8 വായിക്കുക. ദൈവം തന്നത് അവന്റെ ധനത്തിൽ നിന്നോ, അതോ അവന്റെ ധനപ്രകാരമോ? വ്യത്യാസം വിശദീകരിക്കുക.

   ***ദൈവത്തിന്റെ ധനപ്രകാരം – നമ്മെ വീണ്ടെടുക്കാനായി എല്ലാം തന്നു, ഏകജാതനായ അവന്റെ പുത്രനെ***

6. സദൃശവാക്യം 19:17 വായിക്കുക. ദരിദ്രർക്ക് കൊടുക്കുമ്പോൾ നിങ്ങൾ എന്താണ് ചെയ്യുന്നത്?

***ദൈവത്തിനു കൊടുക്കുന്നു.***

ദൈവം തിരികെ തരുമോ?

***തരും***

7. സങ്കീർത്തനം 41:1–3 വായിക്കുക. ദരിദ്രർക്ക കൊടുക്കുന്നവർക്ക് ദൈവം ചെയ്യുന്ന 5 കാര്യങ്ങൾ എന്തെല്ലാമാണ്?

***അനർത്ഥ ദിവസത്തിൽ വിടുവിക്കും. അവരെ സംരക്ഷിക്കും. സമൃദ്ധി കൊടുക്കും. ശത്രുക്കളിൽ നിന്നും രക്ഷിക്കും. സൗഖ്യമാക്കും, അതായത് ആരോഗ്യം തിരികെ കൊടുക്കും.***

## പാഠം - 16

# നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചില്ല എന്നു തോന്നുമ്പോൾ എന്തു ചെയ്യണം?

### *ആൻഡ്രൂ വോമ്മക്ക്*

പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചില്ല എന്നു തോന്നുമ്പോൾ എന്തു ചെയ്യണം എന്ന വിഷയം നിങ്ങളുമായി പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. "തോന്നുമ്പോൾ" എന്ന പദം ഊന്നി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സത്യം എന്തെന്നാൽ, ദൈവം എപ്പോഴും തന്റെ വചനപ്രകാരം വിശ്വാസത്തോടെ പ്രാർത്ഥിക്കുന്ന പ്രാർത്ഥനക്ക് ഉത്തരം കൊടുക്കുന്നു. 1 യോഹ. 5:14–15 പറയുന്നു,*"അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു. നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു."* ഇത് ധാരാളം ആത്മവിശ്വാസം നമുക്ക് തരുന്നു. ദൈവം എപ്പോഴും പ്രാർത്ഥനക്ക് ഉത്തരം നൽകുന്നു, പക്ഷേ എല്ലായ്പ്പോഴും നമുക്കങ്ങനെ തോന്നുന്നില്ല. മത്തായി 7:7–8 പറയുന്നു, *"യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും, അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറക്കുന്നു."* ദൈവം പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതായി ഈ വാക്യങ്ങൾ പറയുന്നു. എന്നിരുന്നാലും, ശരിയും, നല്ലതും, തികച്ചും സ്വാർത്ഥമല്ലാത്തതും അല്ലെങ്കിൽ ദൈവ തിരുമനസ്സിനു പുറത്തല്ലാത്തതും എന്നു നാം വിശ്വസിച്ച ഒരു കാര്യത്തിനായി നാം അപേക്ഷിച്ചതും, എന്നിട്ടും ഉത്തരം ലഭിക്കാത്തതുമായ നമ്മുടെ ജീവിതത്തിലെ ഒരു സമയത്തേപ്പറ്റി നമുക്കോരോരുത്തർക്കും ഓർക്കാൻ കഴിയും.

ദൈവവചനം പറയുന്നു ചോദിക്കുവാൻ, അതു നമുക്ക തരപ്പെടും. എന്നാൽ നമ്മുടെ അനുഭവം പറയുന്ന ഞങ്ങൾ ചോദിച്ചു, പക്ഷെ ലഭിച്ചില്ല. ഏതാണ് സത്യം? ഉത്തരം നിങ്ങളെ അത്ഭുതപ്പെടുത്തിയേക്കാം, പക്ഷേ സത്യം എന്തെന്നാൽ, അവ രണ്ടും മിക്കവാറും ശരിയായിരിക്കും. കൂടുതൽ പേരും വിചാരിക്കുന്ന, *ദൈവം ഉത്തരം തരുമെന്ന ദൈവത്തിന്റെ വചനം പറയുന്ന, എന്നാൽ അതു സംഭവിക്കുന്നതു ഞാൻ കണ്ടിട്ടില്ല.* യോഹന്നാൻ 4:24 പറയുന്ന, *"ദൈവം ആത്മാവു ആകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം."* നമുക്കുത്തരം തരാൻ ദൈവം ആത്മീയതലത്തിൽ പ്രവർത്തിക്കുന്ന, എന്നാൽ അത് പ്രകടമായി കാണണമെങ്കിൽ നമ്മുടെ ഭാഗത്ത് വിശ്വാസം ആവശ്യമായിരിക്കുന്നു. ആത്മീയ ലോകത്തിൽ നിന്നും ഭൗതീക തലത്തിലേക്ക് കാര്യങ്ങളെ മാറ്റുന്നത് വിശ്വാസമാണ്. അടിസ്ഥാനപരമായി എബ്രായർ 11:1 അതാണ് പറയുന്നത്, *"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു."* ഇല്ലാത്ത കാര്യങ്ങളുടെ തെളിവാണ് വിശ്വാസം എന്ന അത് പറഞ്ഞില്ല. അവ നിലനിൽക്കുന്ന, എന്നാൽ അത് കാണപ്പെടുന്ന ഭൗതിക ലോകത്തിൽ അല്ല, കാണപ്പെടാത്ത ആത്മീയ മണ്ഡലത്തിൽ ആണ്. വിശ്വാസം ആത്മീയ തലത്തിലേക്ക് ഇറങ്ങി അവയെ ഭൗതീക ലോകത്തിലേക്ക് കൊണ്ടു വരുന്നു.

അത് ഒരു റേഡിയോ സിഗ്നൽ പോലെയാണ്. റേഡിയോ, ടെലിവിഷൻ നിലയങ്ങൾ തുടർച്ചയായി പ്രക്ഷേപണം ചെയ്തുകൊൺ ടിരിക്കുന്ന. സിഗ്നൽ കാണാനും കേൾക്കാനും കഴിയാതെ നിങ്ങൾക്ക് ഒരു മുറിയിൽ ഇരിക്കാം. അവിടെ സിഗ്നൽ ഇല്ലെന്ന അതിനർത്ഥമില്ല. നിങ്ങൾ റേഡിയോ ആ തരംഗ ദൈർഘ്യത്തിൽ പ്രവർത്തിക്കാൻ ഇടയാക്കിയാലെ ആ പ്രക്ഷേപണം നിങ്ങൾക്ക് കേൾക്കുവാൻ കഴിയൂ. അപ്പോൾ ആ റേഡിയോ, നിങ്ങൾക്കു കാണുവാൻ കഴിയാത്ത ഒരു മണ്ഡലത്തിൽ നിന്നും ആ സിഗ്നലുകൾ വലിച്ചെടുത്ത്, നിങ്ങൾക്ക് കേൾക്കുവാൻ കഴിയുന്ന ഒരു മണ്ഡലത്തിലേക്ക് വീണ്ടും പ്രക്ഷേപണം ചെയ്യുന്ന. ദൈവം പ്രാർത്ഥന യ്ക്ക് മറുപടി തരുന്നത് ഇതുപോലെയാണ്. ദൈവം ആത്മീയ തലത്തിൽ കാര്യങ്ങൾ തരുന്ന. അത് വിശ്വാസത്താൽ, നിങ്ങൾ എത്തിപ്പിടിച്ച് ഭൗതീക ലോകത്തേക്ക് കൊണ്ടുവരണം. ഭൗതീകവും ആത്മീയവുമായ ലോകങ്ങൾ സമാന്തരമായി പോകുന്നു. ദൈവം നിങ്ങളുടെ പ്രാർത്ഥന യ്ക്ക് മറുപടി തരുന്ന, പക്ഷേ കാണപ്പെടാത്ത ആത്മീയ മണ്ഡലവും നാം ജീവിക്കുന്ന ഭൗതിക ലോകവും തമ്മിലുള്ള വിടവ്, വിശ്വാസത്താൽ

നിങ്ങൾ നികത്തുന്നില്ലെങ്കിൽ, ഭൗതിക തലത്തിൽ അത് ഒരിക്കലും പ്രകടമായി നിങ്ങൾ കൺടേക്കില്ല.

ഉദാഹരണമായി, ദാനിയേൽ, ദൈവത്തിന്റെ ഒരാൾ, ഒരു വെളിപാടിനായി പ്രാർത്ഥിക്കുകയും ദൈവത്തോടു ചോദിക്കയും ചെയ്തു. സമയം ലാഭിക്കാൻ വേൺടി, ഞാൻ അതു ചുരുക്കിപ്പറയാം. ദൈവം ഗബ്രിയേൽ എന്ന പേരുള്ള ദൂതനെ ദാനിയേലിനു പ്രാർത്ഥനയ്ക്ക് ഉത്തരവുമായി പ്രത്യക്ഷപ്പെടുവാൻ അയച്ചു. ദാനിയേൽ 9:22–23 ൽ പറയുന്നു, *"അവൻ വന്നു എന്നോടു പറഞ്ഞതെന്തെന്നാൽ, ദാനിയേലെ, നിനക്കു ബുദ്ധി ഉപദേശിച്ചു തരേൺടതിനു ഞാൻ ഇപ്പോൾ വന്നിരിക്കുന്നു. നീ ഏറ്റവും പ്രിയനാകയാൽ നിന്റെ യാചനകളുടെ ആരംഭത്തിങ്കൽ തന്നേ കല്പന പുറപ്പെട്ടു, നിന്നോടു അറിയിപ്പാൻ ഞാൻ വന്നുമിരിക്കുന്നു. അതുകൊൺട് നീ കാര്യം ചിന്തിച്ചു ദർശനം ഗ്രഹിച്ചുകൊൾക."* ഇതാണ സംഗതി: ഗബ്രിയേൽ പറഞ്ഞു ദാനിയേലിന്റെ പ്രാർത്ഥനയുടെ തുടക്കത്തിൽ തന്നെ, ഉത്തരം കൊൺടുവരാനുള്ള കല്പന ദൈവത്തിൽ നിന്നും അവന കിട്ടി എന്ന്. അത് ശ്രദ്ധിച്ചു വായിച്ചാൽ മനസ്സിലാകും, ആ ഉത്തരം കൊൺടുവരാനെടുത്ത സമയം മൂന്നു മിനിറ്റ് ആയിരുന്ന എന്ന്. ദൈവത്തിന്റെ കല്പനയ്ക്കും പ്രത്യക്ഷമാകലിനും ഇടക്കുള്ള താമസം മൂന്ന മിനിറ്റ്.

ദൈവം യഥാർത്ഥമായിട്ടും ദൈവം ആണെങ്കിൽ, അവിടുത്തെ തിരുമനസ്സനുസരിച്ചുള്ള എന്തു കാര്യവും ഞൊടിയിടയ്ക്കുള്ളിൽ സംഭവിക്കാനുള്ളതെയുള്ളൂ എന്നൊക്കെ നാം സങ്കല്പിക്കുന്ന, എന്നാൽ അത് സത്യമല്ല. ഈ കാര്യത്തിൽ ദൈവം കല്പന കൊടുത്തു, ഏകദേശം മൂന്നു മിനിട്ട് മാത്രമേ ആ ദുരം യാത്ര ചെയ്യുവാൻ ഗബ്രിയേൽ എടുത്തുള്ളൂ. എനിക്ക് ഇതിന്റെ എല്ലാ കാരണങ്ങളും അറിയില്ല, അത് അത്യാവശ്യവും അല്ല. ഞാൻ ഇവിടെ എടുത്തു കാട്ടാൻ ആഗ്രഹിക്കുന്ന കാര്യം, ദൈവത്തിന്റെ കല്പനയ്ക്കും അതു പ്രകടമായതിനും ഇടക്കുള്ള താമസം ഏകദേശം മൂന്ന മിനിറ്റായിരുന്ന എന്നതാണ്. പ്രാർത്ഥനയ്ക്കുള്ള ഉത്തരത്തിനായി നാം വിശ്വസിക്കേിയിരുന്ന സമയ ദൈർഘ്യം അത്രയും മാത്രം ആയിരുന്നു എങ്കിൽ, നമ്മിൽ പലർക്കും പിടിച്ചു നിൽക്കുവാൻ പറ്റിയേനെ, എന്നാൽ എപ്പോഴും അത് അങ്ങിനെയല്ല.

ദാനിയേൽ 10–ൽ, ദാനിയേൽ എന്ന ആ മനുഷ്യൻ വേറൊരു പ്രാർത്ഥന ചെയ്യുന്ന. ഇപ്രാവശ്യം പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുവാൻ മൂന്നാഴ്ച എടുത്തു. ഇത് വായിക്കുന്ന ഒട്ടേറെപ്പേർ പറഞ്ഞേക്കാം, "ദൈവം എന്തു

കൊൺടാണ് ദാനിയേലിന്റെ ഒരു പ്രാർത്ഥനക്ക് ഉത്തരം കൊടുക്കാൻ മൂന്ന് മിനിറ്റും, അടുത്തതിന്ന മൂന്നാഴ്ചയും എടുത്തത്?" ദാനിയേൽ 10:11–12 പറയുന്നു, *"അവൻ എന്നോടു, ഏറ്റവും പ്രിയപുരുഷനായ ദാനിയേലേ, ഞാൻ നിന്നോടു പറയുന്ന വചനങ്ങളെ ശ്രദ്ധിച്ചു നിവിർന്നു നില്ക്ക, ഞാൻ ഇപ്പോൾ നിന്റെ അടുക്കൽ അയക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു. അവൻ ഈ വാക്കു എന്നോടു സംസാരിച്ചപ്പോൾ ഞാൻ വിറെച്ചുകൊൺട് നിവിർന്നു നിന്നു. അവൻ എന്നോടു പറഞ്ഞതു, ദാനിയേലെ, ഭയപ്പെടേൺട, നീ തിരിച്ചറിയേൺടതിനും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നെ താഴ്ത്തേൺടതിനും മനസ്സുവച്ച ആദ്യദിവസം മുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു. നിന്റെ വാക്കു ഹേതുവായി തന്നെ ഞാൻ വന്നിരിക്കുന്നു."* ദാനിയേലിന്റെ പ്രാർഥനയുടെ ആദ്യത്തെ ദിവസം തന്നെ, ദൈവം ദൂതനോട് കല്പിച്ചു എന്ന് ഇതു കാണിക്കുന്നു. എന്നാൽ അത് വെളിപ്പെടാൻ മൂന്നാഴ്ച എടുത്തു, പക്ഷേ ദൈവം വിശ്വസ്തൻ ആണ്. അവൻ ഇന്നലെയും ഇന്നും എന്നേയ്ക്കും അനന്യൻ ആണ് എന്ന് തിരുവെഴുത്ത് പറയുന്നു. (എബ്രായർ 13:8).

ദാനിയേൽ 9–ഉം 10–ഉം അദ്ധ്യായങ്ങൾ ഒന്നിച്ച് നോക്കിയാൽ, ദൈവം ഉടൻ തന്നെ ഉത്തരം നല്കി എന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു പ്രാർത്ഥന 3 മിനിറ്റും മറ്റേത് മൂന്ന് ആഴ്ചയും എടുത്തു, എങ്കിലും അസ്ഥിരമായത് ദൈവം അല്ലായിരുന്നു. ഇതാണ കാര്യം: ദൈവം നമ്മുടെ പ്രാർഥനകൾക്ക് ഉത്തരം തരുന്നു. അവൻ കാര്യങ്ങൾ ചെയ്യുന്നു, പക്ഷെ അവൻ ഉത്തരം തരുന്ന സമയത്തിനും നിങ്ങൾ ആ ഉത്തരം പ്രത്യക്ഷമായി കാണുന്ന സമയത്തിനും ഇടയിൽ സംഭവിച്ചേക്കാവുന്ന, അസ്ഥിരമായ നിരവധി സംഗതികൾ ഉൺട്. നിങ്ങൾ വിശ്വസിക്കണം; വിശ്വാസം ആത്മീയ മണ്ഡലത്തിലേക്കെത്തി ആ ഉത്തരത്തെ ഭൗതിക മണ്ഡലത്തിലേക്കു കൊ പ്രകടമാക്കുന്ന ഉത്തരങ്ങൾ നിങ്ങൾ കാണുന്ന നിങ്ങൾ വിശ്വസിക്കണം, വിശ്വാസം എന്നത് ആത്മീയ തലത്തിലേക്ക് ചെന്ന, അതിനെ ഭൗതീക മണ്ഡലത്തിൽ കൊൺടു വരണം. അതുകൊൺട് വിശ്വാസം നിർണ്ണായകമായ ഒരു ഘടകം ആണ്.

കൂടാതെ, ദാനിയേൽ 10:13 –ൽ കാണാൻ സാധിക്കുന്നതു പോലെ, *"പാർസിരാജ്യത്തിന്റെ പ്രഭു ഇരുപത്തൊന്നു ദിവസം എന്നോടു എതിർത്തു നിന്നു, എങ്കിലും പ്രധാന പ്രഭുക്കന്മാരിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു, അവനെ ഞാൻ പാർസി രാജാക്കന്മാരോടുകൂടെ അവിടെ വിട്ടേച്ചു."* ഇത് ജഡത്തിൽ ഉള്ള ഒരു മനുഷ്യനെ കുറിച്ചല്ല, ഒരു പൈശാചിക തടസ്സത്തെ കുറിച്ചാണ് പറയുന്നത്. പിശാച് ഈ

പ്രക്രിയയിലെ വേറൊരു വ്യതിയാനം ആകുന്നു. ചില സമയത്ത് ദൈവം നമ്മുടെ പ്രാർഥനകൾക്കു ഉത്തരം നൽകുന്നു, പക്ഷേ പിശാച്, മറ്റാളുകൾ വഴി അവക്കു തടസ്സം സൃഷ്ടിക്കുന്നു. ഉദാഹരണമായി, നിങ്ങൾ ധനപരമായ കാര്യങ്ങൾക്കു വേണ്ടി വിശ്വസിക്കുന്നു എങ്കിൽ, ദൈവം വ്യക്തിപരമായി വന്ന് നിങ്ങൾക്കു പണം തരാൻ പോകുന്നില്ല. അവൻ ഒരു രാജ്യത്തിന്റേയും കള്ളപ്പണം ഉൺടാക്കാൻ പോകുന്നില്ല. അവൻ പണമുൺടാക്കി, മഴപോലെ പെയ്യിച്ച്, നിങ്ങളുടെ പോക്കറ്റിലിടാനും പോകുന്നില്ല. ലൂക്കൊസ് 6:38 ൽ പറയുന്നു, *"കൊടുപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും, അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്ന് കിട്ടും."* ദൈവം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം തരും, പക്ഷേ അത് ആളുകളിൽ കൂടി ആയിരിക്കും. ചില മനുഷ്യർ അത്യാഗ്രഹത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു, അവർ നിങ്ങളോടു ദ്വേഷ്യപ്പെട്ടിരിക്കുകയോ, അവർക്കു നീരസമുൺടാക്കും വിധം നിങ്ങൾ പെരുമാറുകയോ ചെയ്താൽ, അവരു വഴി ലഭിക്കേൺട നിങ്ങൾക്കുള്ള ഉത്തരം തടസ്സപ്പെടുത്താൻ സാത്താനു കഴിയും. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, പ്രത്യേകിച്ച് സാമ്പത്തിക കാര്യത്തിനായി, മറ്റുള്ളവർ ആ സാമ്പത്തിക അത്ഭുതത്തിന്റെ ഭാഗമായേക്കാമെന്ന് തിരിച്ചറിയുകയും, നിങ്ങൾ അവർക്കുവേൺടി പ്രാർത്ഥിക്കേൺടതും ആവശ്യമായേക്കാം.

ദൈവം വിശ്വസ്തനാണ്. ദൈവവചനത്തിൽ അടിസ്ഥാനമായതും, വിശ്വാസത്തിൽ ചെയ്തതുമായ ഏതു പ്രാർത്ഥനയ്ക്കും ദൈവം ഒരിക്കലും ഉത്തരം തരാതെ ഇരിക്കില്ല. അവൻ എപ്പോഴും തരുന്നു, പക്ഷെ മാറിയേക്കാവുന്ന മറ്റു കാര്യങ്ങളെ ആശ്രയിച്ച്, ആ ഉത്തരം നമുക്ക് പ്രകടമായി കാണാൻ കഴിയാതെ വന്നേക്കാം. ഇത് നിങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുവാനും, ദൈവം എല്ലായ്പ്പോഴും നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം തരുന്നു എന്നറിയുവാനും നിങ്ങളെ സഹായിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മത്തായി 7:7–8 വായിക്കുക. നാം ചോദിച്ചാൽ, ദൈവത്തിൽ നിന്ന് നമുക്ക എന്ത് പ്രതീക്ഷിക്കാം?

   **മത്തായി 7:7–8** – *യാചിപ്പിൻ എന്നാൽ നിങ്ങൾക്കുകിട്ടും, അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കൺടെത്തും. മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കൺടെത്തുന്നു മുട്ടുന്നവനു തുറക്കും.*

2. മത്തായി 7:7–8 വായിക്കുക. നാം ദൈവത്തെ അന്വേഷിച്ചാൽ, നമുക്ക എന്തു പ്രതീക്ഷിക്കാം?

3. മത്തായി 7:7–8 വായിക്കുക. നാം മുട്ടിയാൽ, എന്തു സംഭവിക്കുമെന്നു നമുക്ക പ്രതീക്ഷിക്കാം?

4. യോഹന്നാൻ 10:35 വായിക്കുക. ദൈവത്തിന്റെ വചനം വാഗ്ദത്തം ചെയ്തിട്ടുള്ളതിൽ കുറവായി ദൈവം തരുമോ?

   **യോഹന്നാൻ 10:35** – *ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായിട്ടുള്ളവരെ ദേവന്മാർ എന്ന് പറഞ്ഞു എങ്കിൽ തിരുവെഴുത്തിനു നീക്കം വന്നുകൂടായല്ലോ.*

5. യാക്കോബ് 4:1–3 വായിക്കുക. ദൈവത്തിൽ നിന്നും ലഭിക്കുന്നതിൽ നിന്ന് ഈ ആളുകൾ എന്തുകൊൺടു തടസ്സപ്പെടുത്തപ്പെട്ടു?

   **യാക്കോബ് 4:1–3** – *നിങ്ങളിൽ ശൺഠയും കലഹവും എവിടെ നിന്ന്? നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളിൽ നിന്നല്ലയോ? നിങ്ങൾ മോഹിച്ചിട്ടും പ്രാപിക്കുന്നില്ല. നിങ്ങൾ കൊല്ലുകയും അസൂയപ്പെടുകയും ചെയ്തിട്ടും ഒന്നും സാധിക്കുന്നില്ല; നിങ്ങൾ കലഹിക്കയും ശൺഠയിടുകയും ചെയ്തിട്ടും യാചിക്കായ്കകൊൺടു കിട്ടുന്നില്ല. നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേൺടതിനു വല്ലാതെ യാചിക്കകൊൺട് ഒന്നും ലഭിക്കുന്നില്ല.*

6. 1 പത്രൊസ് 3:7 വായിക്കുക. നിങ്ങളുടെ വിവാഹകൂട്ടാളിയോട് നിങ്ങൾ തെറ്റായ രീതിയിൽ പെരുമാറുന്നെങ്കിൽ, നിങ്ങളുടെ പ്രാർത്ഥനാ ജീവിതത്തിൽ അതിന്റെ ഫലം എന്താകും?

**1 പത്രൊസ് 3:7** – *അങ്ങനെതന്നെ ഭർത്താക്കന്മാരെ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിനു വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിച്ച് സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികൽ എന്നും ഓർത്ത് അവർക്കു ബഹുമാനം കൊടുപ്പിൻ.*

7. 1 യോഹന്നാൻ 5:14–15 വായിക്കുക. നിങ്ങളുടെ പ്രാർത്ഥനകൾക്കു ഉത്തരം ലഭിക്കാനുള്ള ഒരു താക്കോൽ എന്താണ്?

**1 യോഹന്നാൻ 5:14–15** – *അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു. എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു.*

8. മർക്കൊസ് 11:24 വായിക്കുക. പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ എന്താണ് ചെയ്യേണ്ടത്?

**മർക്കൊസ് 11:24** – *അതുകൊൺട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്ക് ഉൺടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.*

# ഉത്തര സൂചിക

1. മത്തായി 7:7–8 വായിക്കുക. നാം ചോദിച്ചാൽ, ദൈവത്തിൽ നിന്ന് നമുക്ക എന്ത് പ്രതീക്ഷിക്കാം?

   ***അത് തരപ്പെട്ടു എന്നു പ്രതീക്ഷിക്കാം***

2. മത്തായി 7:7–8 വായിക്കുക. നാം ദൈവത്തെ അന്വേഷിച്ചാൽ, നമുക്ക എന്തു പ്രതീക്ഷിക്കാം?

   ***കണ്ടെത്താമെന്ന്***

3. മത്തായി 7:7–8 വായിക്കുക. നാം മുട്ടിയാൽ, എന്തു സംഭവിക്കുമെന്നു നമുക്ക പ്രതീക്ഷിക്കാം?

   ***അതു നമുക്കായി തുറക്കപ്പെടുമെന്ന്***

4. യോഹന്നാൻ 10:35 വായിക്കുക. ദൈവത്തിന്റെ വചനം വാഗ്ദത്തം ചെയ്തിട്ടുള്ളതിൽ കുറവായി ദൈവം തരുമോ?

   ***ഇല്ല***

5. യാക്കോബ് 4:1–3 വായിക്കുക. ദൈവത്തിൽ നിന്നും ലഭിക്കുന്നതിൽ നിന്ന് ഈ ആളുകൾ എന്തുകൊണ്ടു തടസ്സപ്പെടുത്തപ്പെട്ടു?

   ***അവരുടെ ലക്ഷ്യവും ഹൃദയവും ശരിയല്ലായിരുന്നു. എല്ലാം അവരെക്കുറിച്ചും അവർക്ക വേണ്ടിയും ആയിരുന്നു. തികച്ചും സ്വാർത്ഥത ആയിരുന്നു അവരുടെ ലക്ഷ്യം.***

6. 1 പത്രൊാസ് 3:7 വായിക്കുക. നിങ്ങളുടെ വിവാഹകൂട്ടാളിയോട് നിങ്ങൾ തെറ്റായ രീതിയിൽ പെരുമാറുന്നെങ്കിൽ, നിങ്ങളുടെ പ്രാർത്ഥനാ ജീവിതത്തിൽ അതിന്റെ ഫലം എന്താകും?

***നിങ്ങളുടെ പ്രാർത്ഥന തടസ്സപ്പെടും***

7. 1 യോഹന്നാൻ 5:14–15 വായിക്കുക. നിങ്ങളുടെ പ്രാർത്ഥനകൾക്കു ഉത്തരം ലഭിക്കാനുള്ള ഒരു താക്കോൽ എന്താണ്?

***ദൈവത്തിന്റെ ഹിതപ്രകാരം ചോദിക്കുക.***

8. മർക്കൊാസ് 11:24 വായിക്കുക. പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ എന്താണ് ചെയ്യേണ്ടത്?

***ലഭിച്ചു എന്നു വിശ്വസിക്കുക എന്നാൽ നിങ്ങൾക്കു ഉണ്ടാകും***

# CONTACT DETAILS
## INDIA


www.awmindia.net info@awmindia.net

## Locations:

## Hyderabad

42-343/1/188, Near Flora Hotel, Maruthi Nagar
A S Rao Nagar, Hyderabad 500 040, INDIA.
Ph: (040) 4028 0718

## Chennai

72-D, Nandhini Mahal, I Floor, Velachery Main Road
Velachery, Chennai 600 042, INDIA.
Ph: (044) 4202 1820

## Mumbai

Bethel, Plot No 305/E, Mith Chowky, Near Girdhar Park
Malad (W), Mumbai 400 064, INDIA.
Ph: +91 8976549515

## Delhi

Phone: +91 9560591787

## USA

Andrew Wommack Ministries Inc.
PO Box 3333, Colorado Springs CO 80934-3333
www.awmi.net

## UK

Andrew Wommack Ministries - Europe
PO Box 4392, Walsall, WS1 9AR, ENGLAND
www.awme.net

# സമ്പൂർണ്ണ ശിഷ്യത്വ സുവിശേഷവത്ക്കരണം

(The Complete Discipleship Evangelism)

ഭാഗം – 3

## Level 3 - 16 Lessons

*ആൻഡ്രൂ വോമ്മക്ക്*
*Andrew Wommack*
*and*
*ഡോൺ ക്രോ*
*Don Krow*

The Complete Discipleship Evangelism
Title in Malayalam: സമ്പൂർണ്ണ ശിഷ്യത്വ സുവിശേഷവത്ക്കരണം
48-Lesson Course
Level 3 (16 Lessons)

Copyright © 2012, Andrew Wommack
Permission is granted to duplicate or reproduce
for discipleship purposes on the condition that
it is distributed free of charge.

Andrew Wommack Ministries Inc.
P.O. Box 3333, Colorado Springs, CO 80934-3333
www.awmi.net

© 2020 Andrew Wommack Ministries India
info@awmindia.net    www.awmindia.net

Item Code: ML 417-3/3

Published and sold in India by Charis Initiatives Pvt. Ltd.

# സമ്പൂർണ്ണ ശിഷ്യത്വ സുവിശേഷവത്ക്കരണം

## ഉള്ളടക്കം

*ഭാഗം - 3*


1. ദൈവീക പ്രവാഹം 5
2. വരങ്ങളെ ശുശ്രൂഷക്കായി ഉപയോഗിക്കുക 14
3. അത്ഭുതങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു 27
4. ദൈവീക ബന്ധങ്ങളുടെ ശക്തി 38
5. പീഢനം 45
6. രാജാവും അവന്റെ രാജ്യവും 54
7. രക്ഷിക്കുന്ന വിശ്വാസത്തിന്റെ ലക്ഷ്യം 68
8. ദൈവ നിയമത്തിന്റെ ശരിയായ ഉപയോഗം 75
9. നിയമത്തിനല്ല കൃപയ്ക്കത്രേ അധീനർ 85
10. ഇനി പാപബോധം ഇല്ല 94
11. ഞാൻ സ്നേഹിക്കപ്പെടുന്ന, ഭംഗിയുള്ള വ്യക്തി 105
12. രക്ഷയുടെ ഫലം – ഭാഗം 1 114
13. രക്ഷയുടെ ഫലം – ഭാഗം 2 124
14. ശിഷ്യത്വത്തിലേക്കുള്ള ഒരു വിളി 133
15. നിങ്ങളുടെ സാക്ഷ്യം എങ്ങനെ ഉപയോഗിക്കാം 144
16. ഓരോരുത്തരുടെയും വരങ്ങൾ ശിഷ്യപ്പെടുത്താൻ ഉപയോഗിക്കുക 157

## പാഠം – 1

# ദൈവീക പ്രവാഹം

### *ആൻഡ്രൂ വോമ്മക്ക്*

മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിന് നിങ്ങളിൽ കൂടി പ്രവഹിക്കാൻ ദൈവത്തെ അനുവദിക്കാൻ നിങ്ങൾക്ക് തുടക്കമിടാം. നിങ്ങൾക്ക് ദൈവിക ശക്തിയും അഭിഷേകവും ഉണ്ടെങ്കിലും, എന്നാൽ അത് മറ്റുള്ളവരിലേക്ക് എങ്ങനെ പകരുവാൻ കഴിയും? ആരംഭിക്കുവാനായി കുറെ ദൈവവചനങ്ങൾ ഉണ്ട്. ഫിലമോൻ 5–ൽ പൗലോസ് പ്രാർഥിക്കുന്നു, *"നമ്മിലുള്ള എല്ലാ നന്മയുടേയും പരിജ്ഞാനത്താൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിനായി സഫലമാകേണ്ടതിനു എന്റെ പ്രാർത്ഥനയിൽ എപ്പോഴും എന്റെ ദൈവത്തിന് സ്തോത്രം ചെയ്യുന്നു."* ദൈവത്തിന്റെ ശക്തി നിങ്ങളിൽ കൂടി മറ്റുള്ളവരിലേക്ക് ഒഴുക്കുവാനുള്ള ആദ്യപടി നിങ്ങളുടെ ഉള്ളിലുള്ള നല്ല കാര്യങ്ങളെ നിങ്ങൾ അംഗീകരിക്കുക എന്നതാണ്. നിങ്ങൾക്കില്ലാത്തത് മറ്റുള്ളവർക്ക് കൊടുക്കുവാൻ നിങ്ങൾക്ക് കഴിയില്ല, എന്നാൽ നിങ്ങളിൽ ഉള്ളത് എന്താണെന്ന് നിങ്ങൾ ഒരിക്കൽ മനസ്സിലാക്കി കഴിഞ്ഞാൽ, കാര്യങ്ങൾ യാന്ത്രികമായി സംഭവിക്കാൻ തുടങ്ങും. നിങ്ങളുടെ ആവേശവും, നിങ്ങളുടെ ജീവിതത്തിൽ ദൈവം ചെയ്ത കാര്യങ്ങളുടെ സാക്ഷ്യങ്ങളും ഒക്കെ മറ്റുള്ളവരുമായി പങ്കിടാൻ തുടങ്ങുമ്പോൾ, അറിയാതെ തന്നെ പലരും സഹായിക്കപ്പെടും.

1 യോഹന്നാൻ 4:7–8 പറയുന്നു, *"പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക. സ്നേഹം ദൈവത്തിൽ നിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹം തന്നെ."* ഏതെങ്കിലും അവസരത്തിൽ സ്നേഹം മറ്റുള്ളവരിലേക്ക് ഒഴുകുന്നതായി നിങ്ങൾക്ക് അനുഭവപ്പെടുന്നുവെങ്കിൽ, അത് ദൈവം നിങ്ങളിൽ നിന്നും മറ്റു

ള്ളവരിലേക്ക് ഒഴുകുന്നതാണ്. "സ്നേഹ"ത്തിന് ഗ്രീക്ക് ഭാഷയിൽ 4 മുഖ്യ പദങ്ങൾ ഉൺട്. ഏറ്റവും ഉന്നതമായ സ്നേഹം (Agape), ദൈവീകമായ സ്നേഹം, അതാണ് പ്രകൃതൃതീതമായ, ദൈവത്തിന്റേതു പോലുള്ള സ്നേഹം. ആരോടെങ്കിലുമുള്ള ആകർഷണവും അല്ലെങ്കിൽ ആഗ്രഹവും ഈ പ്രകൃതൃതീതമായ, ഉന്നത രീതിയിലുള്ള ദൈവസ്നേഹവും തമ്മിലുള്ള വ്യത്യാസം നിങ്ങൾ അംഗീകരിക്കേണ്ടത് ആവശ്യമാണ്. എപ്പോഴെങ്കിലും ദൈവത്തിന്റെ സ്നേഹം നിങ്ങളിൽ നിന്നും മറ്റുള്ളവരിലേയ്ക്ക് ഒഴുകുന്നതായി നിങ്ങൾ വിവേചിക്കുന്നു എങ്കിൽ, അത് സ്വയം സേവനമല്ല. ഇത് നിങ്ങൾക്ക് 1 കൊരിന്ത്യർ 13:4–8 പറഞ്ഞിരിക്കുന്ന, ദൈവത്തിന്റേതു പോലത്തെ സ്നേഹത്തിന്റെ യോഗ്യതകളുമായി പരിശോധിച്ചു നോക്കാം. അത് അസൂയപ്പെടുന്നതോ. സ്വാർത്ഥമോ, സ്വയം സേവിക്കുന്നതോ, പ്രകോപിക്കുന്നതോ ഇതുപോലെയുള്ള എന്തെങ്കിലുമോ അല്ല. സ്നേഹം എന്ത് നിങ്ങൾ പറയുന്നതിനെ അപഗ്രഥിച്ച്, അത് ശരിയായും ദൈവത്തിന്റെ സ്നേഹം – അത് സ്വാർഥവും സ്വയം സേവിക്കുന്നതും അല്ല – ആണെന്ന് തീർച്ചപ്പെടുത്തുകയും വേണം. നിങ്ങൾക്കു വേണ്ടി അവർക്കെന്തു ചെയ്യാൻ കഴിയും എന്നു നോക്കി ആരേയും സ്നേഹിക്കരുത്. നിങ്ങൾ ഇപ്രകാരം വളരുകയും, ഇത്തരത്തിലുള്ള സ്നേഹത്തെ വിവേചിച്ചറിയാൻ തുടങ്ങുകയും ചെയ്യുമ്പോൾ, അത് നിങ്ങളിൽ നിന്ന് മറ്റുള്ളവരിലേക്ക് ഒഴുകുന്നതായി തോന്നുമ്പോൾ, അത് ദൈവം പ്രവർത്തിക്കുന്നതാണ്. ദൈവത്തിന്റെ സ്നേഹം നിങ്ങളിൽ കൂടി മറ്റുള്ളവരിലേക്ക് ഒഴുകുന്നതായി നിങ്ങൾ വിവേചിച്ചറിഞ്ഞാൽ, എന്തെങ്കിലും പ്രോത്സാഹജനകമായ വാക്കുകളാലോ, പ്രവൃത്തിയാലോ അതിനെ പിന്തുടരുക മാത്രമാണ് നിങ്ങൾ ചെയ്യേൺടതുള്ളൂ – എന്തെങ്കിലും ചെയ്യുക.

ഒരു വ്യക്തി എന്റെ മനസ്സിൽ വരുവാനും, ദൈവത്തിന്റേതു പോലത്തെ സ്നേഹവും ദയയും ആ വ്യക്തിയോട് എനിക്കുണ്ടാകുവാനും ഞാൻ പ്രാർത്ഥിച്ച അവസരങ്ങൾ ഉണ്ട്. ഇത് സംഭവിക്കുവാൻ യാതൊരു കാരണവും ഉണ്ടായിട്ടില്ല; അത് അമാനുഷികമായിരുന്നു. ആ വ്യക്തിയെ വിളിക്കുവാനോ, ഒരു കത്തെഴുതുവാനോ, മറ്റേതെങ്കിലും മാർഗ്ഗം വഴി ബന്ധപ്പെടുവാനോ ഞാൻ പഠിച്ചു. മിക്കവാറും എല്ലാ പ്രാവശ്യവും ആ വ്യക്തി പറയും, "ദൈവം നിങ്ങളിൽ കൂടി എന്നോടു സംസാരിക്കുകയായിരുന്നു. ദൈവം അതിൽ കൂടി എന്നെ സ്പർശിച്ചു." അത് എങ്ങിനെ സംഭവിച്ചെന്ന് നിങ്ങൾക്ക് അറിയാമോ? ഈ സ്നേഹം, എന്നിൽ നിന്നും

ആ വ്യക്തിയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന ഈ ദൈവികമായ ദയ ഞാൻ വിവേചിച്ചറിഞ്ഞതു കൊണ്ട് അത് സംഭവിച്ചു. ഇപ്പോൾ എനിക്കത് തോന്നുമ്പോൾ, അത് ഞാനല്ല, ദൈവമാണ് എന്ന് ഞാൻ തിരിച്ചറിയുന്നു. ദൈവം സ്നേഹമാണ്; മറ്റുള്ളവരെ ഞാൻ സ്നേഹിക്കുമ്പോൾ, ദൈവമാണ് എന്നിൽകൂടി മറ്റുള്ളവരെ സ്നേഹിക്കുന്നത്. ഇങ്ങനെയാണ് യേശു ശുശ്രൂഷ ചെയ്തത്. മത്തായി 14:14 പറയുന്നു, *"അവൻ വന്നു വലിയ പുരുഷാരത്തെ കണ്ടു അവരിൽ മനസ്സലിഞ്ഞു അവരുടെ രോഗികളെ സൗഖ്യമാക്കി."* താൻ ശുശ്രൂഷിച്ചവരോടുള്ള ദയയിലും സ്നേഹത്തിലും കൂടിയാണ് ദൈവിക ശക്തി യേശുവിൽ കൂടി ഒഴുകുവാൻ ഇടയായത്. മത്തായി 8:2–3 –ൽ അശുദ്ധനും യഹൂദാ നിയമ പ്രകാരം മറ്റുള്ളവർക്ക് സ്പർശിക്കുവാൻ പാടില്ലാത്തതുമായ ഒരു കുഷ്ഠ രോഗി (തന്നെ തൊടുന്നവർ കൂടി മലിനരും അശുദ്ധരും ആകുന്നതിനാൽ ആർക്കും തൊടുവാൻ പാടില്ലാത്ത) തന്റെ ശബ്ദം ഉയർത്തി ദൂരത്ത് നിന്നും യേശുവിനോട് നിലവിളിച്ചു. *"അപ്പോൾ ഒരു കുഷ്ഠരോഗി വന്നു അവനെ നമസ്കരിച്ചു കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു പറഞ്ഞു. അവൻ കൈനീട്ടി അവനെ തൊട്ടു. എനിക്കു മനസ്സുണ്ട് നീ ശുദ്ധമാക എന്നു പറഞ്ഞു. ഉടനെ കുഷ്ഠം മാറി അവൻ ശുദ്ധമായി."* യേശുവിന് അവനോടുദയ തോന്നി അവനെ തൊട്ടു. തിരുവെഴുത്ത് പഠിക്കുമ്പോൾ ഈ ദയ, ദൈവിക സ്നേഹം പലയിടത്തും കാണുവാൻ സാധിക്കും. അത് വെറും ഒരു വികാരം അല്ല, നമ്മളിൽ നിന്നും മറ്റുള്ളവരിലേക്ക് ഒഴുകുന്ന ഒരു ദയയാകുന്നു.

യേശു കുരുശിൽ തൂങ്ങിക്കിടന്നപ്പോൾ, ചുറ്റും നിന്നവരോടുള്ള സ്നേഹം നിമിത്തം യേശു പറഞ്ഞു, *"പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ"* (ലൂക്കോ 23:34). ഇവർ തന്നെയാണ് യേശുവിനെ ക്രൂശിച്ചതെങ്കിലും, അവന് അവരോടു മനസ്സലിവുണ്ടാവുകയും ദൈവത്തോട് അവരോട് ക്ഷമിക്കണമെ എന്ന് അപേക്ഷിക്കുകയും ചെയ്തു. നമുക്ക് അറിയാം അത് വെറും ഒരു രോമാഞ്ചം അല്ലായിരുന്നു, ഒരു വെറും തോന്നലോ, വികാരമോ അല്ലായിരുന്നു. അത് ഒരു തെരഞ്ഞെടുപ്പ് ആയിരുന്നു. എന്നിരുന്നാലും അവന് അത് അനുഭവപ്പെട്ട് മറ്റുള്ളവരിലേക്ക് അതിനെ വ്യാപരിപ്പിക്കയും ചെയ്തു. വീണ്ടും ജനിച്ച ഓരോ വ്യക്തിയുടെ ഉള്ളിലും ദൈവം ജീവിക്കുന്നു. നാം പ്രാരംഭത്തിൽ പരാമർശിച്ച 1 യോഹന്നാൻ 4:8 പ്രകാരം ദൈവം സ്നേഹമാണ്, മറ്റുള്ളവരിലേക്ക് എത്തപ്പെടുവാൻ

നിങ്ങളിൽ കൂടി ഒഴുകുവാൻ ദൈവം ആഗ്രഹിക്കുന്നു. അത് നിറവേറുവാൻ ആ ദയ അവൻ പ്രവഹിപ്പിക്കും. അത് നിങ്ങളിൽ നിന്ന് മറ്റുള്ളവരിലേക്ക് ഒഴുകുന്നത് നിങ്ങൾക്ക് അനുഭവപ്പെടും, അപ്പോൾ നിങ്ങൾ പ്രതികരിക്കേണം.

നിങ്ങൾ എപ്പോഴും എന്തെങ്കിലും സവിശേഷമായത് ചെയ്യണമെന്നില്ല. 'കർത്താവ് ഇങ്ങിനെ പറയുന്നു' എന്നു പറയണമെന്നില്ല. ചിലപ്പോൾ നിങ്ങൾക്ക് ഒരു വ്യക്തിയോട് മനസ്സലിവ് ഉണ്ടെങ്കിൽ, ആ വ്യക്തിയുടെ അടുത്ത് ചെന്ന് കരം ചുറ്റിപ്പിടിച്ച് പറയുക. "ദൈവം നിന്നെ സ്നേഹിക്കുന്നു, ഞാനും നിന്നെ സ്നേഹിക്കുന്നു." ഞാൻ അവഹേളനം നേരിട്ടു കൊണ്ടിരുന്ന സമയത്ത്, ഞാൻ ഒരു സഭയിൽ നിന്നും പുറത്താക്കപ്പെടുമായിരുന്ന ഒരു സന്ദർഭത്തിൽ, ഇതൊരിക്കൽ ഫലപ്രദമായി എന്നെനിക്കറിയാം. പലരും എന്നെ കുറിച്ച് വ്യാജം പറഞ്ഞു, ഒരാൾ എന്നെ കൊല്ലും എന്നു പോലും ഭീഷണിപ്പെടുത്തി. "ദൈവമേ എന്ത് പ്രയോജനം, ഞാൻ ചെയ്യാൻ ശ്രമിക്കുന്നത് എന്താണെന്ന് ആരും വേണ്ടവണ്ണം മനസ്സിലാക്കുന്നില്ലല്ലോ" എന്ന വിചാരിച്ച് എനിക്ക് വളരെ നിരാശ അനുഭവപ്പെട്ടു. ഞാൻ ഈ കാര്യത്തിൽ പിശാചിനോട് പോരാടിക്കൊണ്ടിരുന്നപ്പോൾ, ദൂരെയുണ്ടായിരുന്ന ഒരു സുഹൃത്ത് എന്നെ വിളിച്ചു. കുറച്ചു നിമിഷം സംസാരിച്ചതിനു ശേഷം ഞാൻ ചോദിച്ചു "നിങ്ങൾ എന്തിനാണ് എന്നെ വിളിച്ചത?" ആ സുഹൃത്ത് പറഞ്ഞു, "ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നിന്നെ അറിയിക്കാനാണ് ഞാൻ വിളിച്ചത്. ഞാൻ പ്രാർത്ഥിക്കവെ, നിന്നിലേക്കുള്ള ദൈവസ്നേഹം എനിക്കനുഭവപ്പെട്ടു. ഞാൻ നിന്നെ വിലമതിക്കുന്നു." അത്ര മാത്രമേ അയാൾ പറഞ്ഞുള്ളൂ. ഞാൻ കടന്നു പോയിക്കൊണ്ടിരുന്ന ആ പരിതസ്ഥിതിയേപ്പറ്റി അയാൾക്ക് ഒന്നും അറിയില്ലായിരുന്നു, പക്ഷേ ദൈവം അതുപയോഗിച്ചു. ആ വ്യക്തിയിൽ കൂടി എന്നെ സ്നേഹിച്ചത് ദൈവമാണെന്ന് എനിക്ക് മനസ്സിലായി. അത് എന്നെ ശുശ്രൂഷയിൽ നിലനിർത്തുകയും, എന്റെ ജീവിതത്തെ മാറ്റുകയും ചെയ്തു.

അത് എന്തെങ്കിലും ആഴമായതോ, മഹത്തരമായതോ ആയ ഒരു പദപ്രയോഗം ആകണമെന്നില്ല. ദൈവം സ്നേഹം ആകുന്നു, ഏതെങ്കിലും അവസരത്തിൽ, ആ സ്നേഹം നിങ്ങളിൽ കൂടി ഒഴുകുന്നത് മനസ്സിലാകുമ്പോൾ, അത് ദൈവിക പ്രവാഹമാണ്. അത് ദൈവിക ജീവൻ ആകുന്നു. അത് നിങ്ങൾ മനസ്സിലാക്കുമ്പോൾ, അതിനെ നിങ്ങൾ പിന്തുട

രേണം. എന്തെങ്കിലും ചെയ്യുകയോ, പറയുകയോ ചെയ്യേണം. അങ്ങിനെ ആർക്കെങ്കിലും അനുഗ്രഹം ആയിരിക്കേണം. ദൈവം അതിനുള്ള വാക്കുകളെ നിങ്ങളുടെ അധരത്തിൽ തരും. നിങ്ങൾ ദൈവിക മനസ്സലിവു നിമിത്തം ചുറ്റുമുള്ളവർക്ക് ശുശ്രൂഷ ചെയ്യുമ്പോൾ, ദൈവം നിങ്ങളെ ഉപയോഗിക്കുകയും, ആളുകളെ സ്വതന്ത്രരാക്കുകയും ചെയ്യും.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

കുറിപ്പ് : ദൈവം നമ്മിൽ നിക്ഷേപിച്ചതിനെ മറ്റുള്ളവരിലേക്ക് എങ്ങനെ ഒഴുക്കാം എന്ന് ഈ പാഠത്തിൽ നമുക്കു പരിശോധിക്കാം.

1. ഫിലേമോൻ 5–6 വായിക്കുക. നമ്മിൽ നിന്ന് ഒഴുകുവാൻ ദൈവത്തെ അനുവദിക്കാനുള്ള ആദ്യത്തെ പടി എന്താണ്?

**ഫിലേമോൻ 5–6** – *നമ്മിലുള്ള എല്ലാ നന്മയുടേയും പരിജ്ഞാനത്താൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിനായി സഫലമാകേണ്ടതിനു എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്ത് എപ്പോഴും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു.*

2. 1 യോഹന്നാൻ 4:7–8 വായിക്കുക. മറ്റുള്ളവരെ സ്നേഹിക്കാനായി അവരെ സമീപിക്കുന്നതിന്റെ യഥാർത്ഥ ഉറവിടം എന്താണ്?

**1 യോഹന്നാൻ 4:7–8** *പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ.*

3. ആൻഡ്രൂ പറയുന്നു, "നിങ്ങളിൽ നിന്നും സ്നേഹം ഒഴുകുന്നതായി നിങ്ങൾക്കനുഭവപ്പെടുന്ന ഏതു സമയത്തും, അത് ദൈവം നിങ്ങളിൽ നിന്നും പ്രവഹിക്കുന്നതാണ്." ഈ വസ്തുത 1 യോഹന്നാൻ 4:7 ൽ ഏതു പദപ്രയോഗമാണ് തെളിവാക്കുന്നത്?

4. 1 കൊരിന്ത്യർ 13:4–8 വായിക്കുക. ദൈവസ്നേഹത്തിന്റെ ചില സവിശേഷതകൾ എന്തെല്ലാം ആണ്?

**1 കൊരിന്ത്യർ 13:4–8** – *സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല; ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല ദ്വേഷ്യപ്പെടുന്നില്ല. ദോഷം കണക്കിടുന്നില്ല; അനീ*

*തിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല. പ്രവചന വരമോ അതു നീങ്ങിപ്പോകും; ഭാഷാവരമോ അതു നിന്നു പോകും; ജ്ഞാനമോ അതു നീങ്ങിപ്പോകും.*

5. മത്തായി 14:14 വായിക്കുക. മറ്റുള്ളവരെ ശുശ്രൂഷിപ്പാൻ യേശു പ്രേരിതനായത് എങ്ങിനെയായിരുന്നു?

**മത്തായി 14:14** – *അവൻ വന്നു വലിയ പുരുഷാരത്തെ കണ്ടു അവരിൽ മനസ്സലിഞ്ഞ് അവരുടെ രോഗികളെ സൗഖ്യമാക്കി.*

6. മത്തായി 25:37–40 വായിക്കുക. നാം മറ്റുള്ളവരോട് സ്നേഹമായും ദയയോടും കൂടി ഇടപെടുമ്പോൾ വാസ്തവത്തിൽ നാം ആരെയാണ് സ്നേഹിക്കുന്നതും ശുശ്രൂഷിക്കുന്നതും?

**മത്തായി 25:37–40** – *അതിനു നീതിമാന്മാർ അവനോടു: കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൽ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്ന് ഉത്തരം പറയും. രാജാവ് അവരോട്, എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്ന് അരുളിച്ചെയ്യും.*

**എബ്രായർ 6:10** – *ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച് സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല.*

# ഉത്തരസൂചിക

1. ഫിലേമോൻ 5–6 വായിക്കുക. നമ്മിൽ നിന്ന് ഒഴുകുവാൻ ദൈവത്തെ അനുവദിക്കാനുള്ള ആദ്യത്തെ പടി എന്താണ്?

   ***ദൈവം യേശുക്രിസ്തുവിൽക്കൂടി നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന എല്ലാ നല്ല കാര്യങ്ങളും കിട്ടി എന്ന് അംഗീകരിക്കുക.***

2. 1 യോഹന്നാൻ 4:7–8 വായിക്കുക. മറ്റുള്ളവരെ സ്നേഹിക്കാനായി അവരെ സമീപിക്കുന്നതിന്റെ യഥാർത്ഥ ഉറവിടം എന്താണ്?

   ***ദൈവം, കാരണം ദൈവം സ്നേഹമാകുന്നു. (1 യോഹന്നാൻ 4:8)***

3. ആൻഡ്ര്യൂ പറയുന്നു, "നിങ്ങളിൽ നിന്നും സ്നേഹം ഒഴുകുന്നതായി നിങ്ങൾക്കനുഭവപ്പെടുന്ന ഏതു സമയത്തും, അത് ദൈവം നിങ്ങളിൽ നിന്നും പ്രവഹിക്കുന്നതാണ്." ഈ വസ്തുത 1 യോഹന്നാൻ 4:7 ൽ ഏതു പദപ്രയോഗമാണ് തെളിവാക്കുന്നത്?

   ***സ്നേഹം ദൈവത്തിൽ നിന്നും ആകുന്നു. (ദൈവമാണ് സ്നേഹത്തിന്റെ ഉറവിടം)***

4. 1 കൊരിന്ത്യർ 13:4–8 വായിക്കുക. ദൈവസ്നേഹത്തിന്റെ ചില സവിശേഷതകൾ എന്തെല്ലാം ആണ്?

   ***സ്നേഹം കോപിക്കാൻ താമസിക്കുന്നു, ക്ഷമിയ്ക്കുന്നു. സ്നേഹം ദയ ഉള്ളതാകുന്നു. അത് ദയയുള്ള പ്രവർത്തികളിൽ കൂടി പ്രകടമാകുന്നു. അത് വർത്തമാനകാലത്തിലാണ്, എന്നുവച്ചാൽ സ്നേഹം തുടർച്ചയായി ഇതേ രീതിയിൽ പെരുമാറുന്നു. സ്നേഹം അസൂയപ്പെടുന്നില്ല. മറ്റുള്ളവരുടെ നന്മയിൽ നീരസം തോന്നുന്നില്ല. സ്നേഹം ചീർക്കുന്നില്ല, അത് അഹങ്കരിക്കുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല. ശരിയല്ലാത്ത രീതിയിൽ പെരുമാറുന്നില്ല. ക്രൂരതയില്ല. സ്വയത്തിൽ കേന്ദ്രീകൃതം അല്ല. ദോഷം കണക്കിടുന്നില്ല. ദ്വേഷ്യപ്പെടുന്നില്ല. ഭോഷമായത് ചിന്തിക്കുന്നില്ല. തെറ്റുകളെക്കുറിച്ച് ഓർക്കുന്നില്ല. ദുഷ്ടതയിൽ സന്തോഷിക്കുന്നില്ല. അനീതിയിലോ തെറ്റിലോ അതിനു യാതൊരു സന്തോഷവും ഇല്ല. സത്യത്തിൽ സന്തോഷിക്കുന്നു എല്ലാം സഹിക്കുന്നു***

***എപ്പോഴും സഹായിക്കുന്നു. ഒരിക്കലും ഉപേക്ഷിക്കുന്നില്ല. എല്ലാം വിശ്വസിക്കുന്നു. സ്നേഹം എല്ലാം വിശ്വസിക്കുന്നു. സ്നേഹം ഒരുനാളും പരാജയപ്പെടുകയില്ല. അത് എപ്പോഴും ദീർഘക്ഷമ കാണിക്കുന്നു. അത് അവസാനം വരെ നിലനില്ക്കുന്നു.***

5. മത്തായി 14:14 വായിക്കുക. മറ്റുള്ളവരെ ശുശ്രൂഷിപ്പാൻ യേശു പ്രേരിതനായത് എങ്ങിനെയായിരുന്നു?

   ***അവൻ മനസ്സലിഞ്ഞ് മറ്റുള്ളവരിലേക്കു തിരിഞ്ഞു. നിഘണ്ടു 'ദയയെ' മനസ്സലിവ്, സഹതാപം, കരുണ, എന്നൊക്കെ നിർവ്വചിച്ചിരിക്കുന്നു.***

6. മത്തായി 25:37–40 വായിക്കുക. നാം മറ്റുള്ളവരോട് സ്നേഹമായും ദയയോടും കൂടി ഇടപെടുമ്പോൾ വാസ്തവത്തിൽ നാം ആരെയാണ് സ്നേഹിക്കുന്നതും ശുശ്രൂഷിക്കുന്നതും?

   ***യേശുവിനെ തന്നെ***

   എബ്രായർ 6:10 കാണുക.

പാഠം – 2

# വരങ്ങളെ ശുശ്രൂഷക്കായി ഉപയോഗിക്കുക

## *ആൻഡ്രൂ വോമ്മക്ക്*

നിങ്ങൾക്കു ലഭിച്ച ദൈവസ്നേഹത്തെ എടുത്ത് മറ്റുള്ളവരുമായി എങ്ങിനെ പങ്കിടാം – ഫലപ്രദമായി എങ്ങിനെ മറ്റുള്ളവരെ ശുശ്രൂഷിക്കാം. 1 പത്രോസ് 4:11 –ൽ പറയുന്നു, *"ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു."* "അരുളപ്പാട്" എന്ന പദം വിശുദ്ധ സ്ഥലവും ദൈവം വചനം വെച്ചിരുന്ന ഉടമ്പടിയുടെ നിയമപെട്ടകവും ഉണ്ടായിരുന്ന പഴയ നിയമത്തോട് ബന്ധപ്പെട്ടതാണ്. അതിന് അരുളപ്പാടുകൾ എന്നാണ് പറഞ്ഞിരുന്നത്. "അരുളപ്പാടുകൾ പ്രസ്താവിക്കുക" എന്നു പറഞ്ഞാൽ ദൈവത്തിന്റെ അധരമാകുക എന്നാണ് അർത്ഥം. ദൈവത്തിൽ നിന്നെന്നപോലെ പറയുക. ആ വാക്യം ഇങ്ങിനെ തുടരുന്നു, *"ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നല്കുന്ന പ്രാപ്തിക്കു ഒത്തവണ്ണവും ആകട്ടെ. എല്ലാറ്റിലും ദൈവം യേശുക്രിസ്തു മൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ. മഹത്വവും ബലവും എന്നന്നേക്കും അവനുള്ളതു ആമേൻ."* ഇവിടെ പറയുന്നത് ദൈവം നിങ്ങൾക്ക് പ്രാപ്തി തരുന്നത് അനുസരിച്ച് അല്ലാതെ സ്വന്തം പ്രാപ്തിയിൽ നിന്നല്ല മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യേണ്ടത്.

ക്രിസ്തീയ ജീവിതത്തിന്റെ ഒരു വിലയ വിഷയം, ഞാനോ നിങ്ങളോ മറ്റുള്ളവരോട് സംസാരിക്കുന്നതും പങ്കിടുന്നതും നമ്മുടേതായ പ്രാപ്തിയാൽ  അല്ല, പിന്നെയോ ദൈവം വന്ന് നമ്മുടെ ഉള്ളിൽ വസിക്കുന്നതിനാലാണ്.  ദൈവം നമ്മളിൽ കൂടി സംസാരിക്കുവാനും, ഒഴുകുവാനും തുടങ്ങുന്നു. അക്ഷരാർത്ഥത്തിൽ നമുക്കു ദൈവബാധിതരാകാനും ദൈവാത്മാവിന് നമ്മിൽ കൂടി ഒഴുകുവാൻ സാധിക്കയും ചെയ്യുന്നു. നമ്മൾ മറ്റുള്ളവരുമായി പങ്കിടുവാൻ തുടങ്ങുമ്പോൾ, ഇതാണ് ആത്മാവിന്റെ

ദാനങ്ങൾ എന്നും, അത് ഇതിനായിട്ടാണെന്നും നാം ഓർക്കണം. സഭ യിലെ ഓരോ വ്യക്തിക്കും ദൈവം പ്രത്യേക വരങ്ങൾ കൊടുക്കുന്നു. ദൈവത്തിന്റെ ഹിത പ്രകാരം ഓരോ വ്യക്തിക്കും വ്യത്യസ്ഥമായ വര ങ്ങൾ കൊടുക്കുന്നു എന്ന് 1 കൊരിന്ത്യർ 12–ാം അധ്യായത്തിൽ പറയുന്നു. വാക്യം 4–6 ൽ പറയുന്നു, *"എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്, ആത്മാവു ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്. കർത്താവ് ഒരുവൻ. വീര്യപ്രവർത്തികളിൽ വ്യത്യാസം ഉണ്ട്, എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ."* അതിന്റെ അർത്ഥം ഈ വക കാര്യങ്ങളിൽ, ദൈവം നമ്മിൽ എല്ലാവരിലും പ്രവർത്തിക്കുന്നു. 7–ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് പോലെ, *"എന്നാൽ ഓരോരുത്തനു ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നല്കപ്പെടുന്നു."* അല്ലെങ്കിൽ എല്ലാവർക്കും പ്രയോജനപ്പെടുവാൻ തക്ക വണ്ണം.

ഈ വാക്യങ്ങൾ പറയുന്നത്, അമാനുഷികമായ പ്രാപ്തി നമ്മ ളിൽ ഓരോരുത്തരിലും ദൈവം വച്ചിട്ടുണ്ട് എന്നാണ്. ഒരു പക്ഷെ നമുക്ക് അതിനെ കുറിച്ച് തോന്നലോ അറിവോ ഇല്ലായിരിക്കാം. പക്ഷെ ഇത് ദൈവത്തിന്റെ ഒരു വാഗ്ദത്തം ആണ്. ശിഷ്യത്വ സുവിശേഷ വത്ക്കരണത്തിന്റെ പരമ്പരയിൽ നിങ്ങൾ ഇത്രടം വരെ വന്നെങ്കിൽ, നിങ്ങൾ യേശുവിനെ കർത്താവാക്കിയിട്ടുണ്ടെങ്കിൽ, ദൈവത്തിൽ നിന്നു എങ്ങനെ പ്രാപിക്കാം എന്നു പഠിക്കുകയും, അത് നിങ്ങളുടെ ജീവിത ത്തിൽ പ്രാവർത്തികമാക്കാൻ തുടങ്ങുകയും ചെ്തിട്ടുണ്ടെങ്കിൽ, പരിശു ദ്ധാത്മാവിന്റെ ശക്തി നിങ്ങളിൽ പ്രവർത്തിക്കുന്നു എന്നു ഞാൻ ഉറപ്പ് തരുന്നു. മറ്റുള്ളവരിൽ നടക്കേണ്ട അത്ഭുതങ്ങൾ നിങ്ങളുടെ ഉള്ളിലുണ്ട്. മറ്റാർക്കോ വേണ്ടിയുള്ള അത്ഭുതം, ഒരു വിത്ത് രൂപത്തിൽ, ദൈവം നിങ്ങ ളിൽ നിക്ഷേപിച്ചിരിക്കുന്നു. അതിനെ ഒഴുക്കി മറ്റുള്ളവരിലേക്ക് വ്യാപരിപ്പി ക്കുന്നത് നിങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇത് നമുക്ക് ഓരോരുത്തർക്കും ആത്മാവിനാൽ നല്കപ്പെട്ടിരിക്കുന്നു എന്ന് തിരുവെഴുത്ത് പറയുന്നു. ഒരൊറ്റ വ്യക്തിയെ പോലും മാറ്റി നിർത്തിയിട്ടില്ല. ജ്ഞാനത്തിന്റെ വച നം, പരിജ്ഞാനത്തിന്റെ വചനം, ആത്മാവിന്റെ വിവേചനം, വീര്യപ്ര വർത്തികളുടെ വരം, രോഗശാന്തി വരം ഇങ്ങിനെ 9 ആത്മീക വരങ്ങൾ. 1 കൊരിന്ത്യർ 12–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. റോമർ 12 – ാം അദ്ധ്യായത്തിൽ വേറെ വരങ്ങളും രേഖപ്പെടുത്തിയി ട്ടുണ്ട്. അവയെല്ലാം നിങ്ങൾ സ്വന്തമായി പഠിക്കയും, നിങ്ങൾ ഓരോരു ത്തരും, മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്വാൻ കഴിയേണ്ടതിന്, പരിശുദ്ധാ

ത്മാവ് നിങ്ങളുടെ ഉള്ളിൽ ഒരു പ്രത്യേക അഭിഷേകം – പ്രത്യേക പ്രാപ്തി – തന്നിരിക്കുന്നു എന്നറിയുകയും ചെയ്യുക. ഉദാഹരണമായി ഞാൻ ചെയ്യുന്ന ശുശ്രൂഷ എല്ലാവർക്കും ചെയ്യുവാൻ സാധിച്ചു എന്നു വരിക യില്ല. പഠിപ്പിക്കാനുള്ള വരം നിങ്ങൾക്ക് ഒരു പക്ഷെ കാണുകയില്ലായി രിക്കാം, പക്ഷെ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായിരിക്കുന്ന ഓരോ വ്യക്തിക്കും വിശ്വാസം പങ്കുവയ്ക്കുന്നതിലൂടെ പഠിപ്പിക്കാവുന്നതാണ്. പഠിപ്പിക്കുവാനും, പ്രസംഗിക്കുവാനും, സഭയിൽ ഇടയ ശുശ്രൂഷ ചെയ്യു വാനും കൃത്യമായി വിളിക്കപ്പെട്ടവർ ഉണ്ട്. അതിഥി സൽക്കാരത്തിനുള്ള വരം ഉള്ളവരും ഉള്ളതായി റോമർ 12–ാം അദ്ധ്യായത്തിൽ പറയുന്നു. അതിനേപ്പറ്റി ബോധവാന്മാരല്ലാത്ത പ്രാപ്തിയോ വരമോ നിങ്ങ ളിൽ വളരേപ്പേർക്കും ഉണ്ടായേക്കാം. മറ്റുള്ളവർക്ക് ഒരു അനുഗ്രഹം ആയിരിക്കണമെന്നുള്ള ആഗ്രഹം നിങ്ങൾക്കുണ്ടാകാം. ഒരു പക്ഷെ ഒരു മുറിയിലേക്ക് നിങ്ങൾ വരുമ്പോൾ ജീവിതത്തിൽ അസ്വസ്ഥത അനുഭ വിക്കുന്നവരെ മനസ്സിലാക്കുവാൻ നിങ്ങൾക്ക് കഴിയുമായിരിക്കും. നിങ്ങൾ അവരോടു സഹതപിക്കന്നു, അവർ കടന്നു പോയിക്കൊണ്ടിരിക്കുന്ന സാഹ ചര്യം അറിയുന്നു, എന്നിട്ട് അവരെ സാന്ത്വനപ്പെടുത്താനും ശുശ്രൂഷി പ്പാനും ഉള്ള ആഗ്രഹം നിങ്ങൾക്ക് ഉണ്ടാകുന്നു. അത് അമാനുഷികമായ ഒരു ദൈവിക വരം ആണെന്ന് നിങ്ങൾ അറിഞ്ഞോ?

റോമർ 12 ൽ പറയുന്നു ചില ആൾക്കാർക്ക് കൊടുക്കുവാനും, സമ്പത്ത് ഉണ്ടാക്കുവാനും, സുവിശേഷ വേലയെ സഹായിക്കുവാനും ഉള്ള വരം ലഭിച്ചവരാണ്. അവരുടെ വരം ആണ് അത്, ജീവിതത്തിൽ അവർക്കുള്ള ദൈവവിളി അതാണ്. അതേ വിളി നിങ്ങളിൽ ചിലർക്കും ഉണ്ടായേക്കാം. ചിലർക്ക് പ്രബോധനത്തിനുള്ള വരം ആയിരിക്കാം. ചിലർക്ക് ഭരിക്കാനുള്ള വരം ആയിരിക്കാം, ഇതിനെ സഭ സഹായവരം എന്നു വിളിക്കുന്നു. സഭയോടനുബന്ധിച്ചു മാത്രമല്ലാതെയും, ദൈനം ദിന ജീവിതത്തിൽ മറ്റുള്ളവരുമായി ഇടപെടുമ്പോൾ ചെയ്യാൻ കഴിയുന്ന, എല്ലാത്തരത്തിലും ഉള്ള കാര്യങ്ങൾ ഉണ്ട്. നിങ്ങളിൽ ചിലർക്ക് നിരാശരെ പ്രോത്സാഹിപ്പിക്കുവാൻ ഉള്ള കഴിവുണ്ട്. അത് വചനം പഠിപ്പിക്കുന്നതി ലൂടെ മാത്രം എനിക്ക് ഒരിക്കലും ചെയ്യാൻ സാധിക്കയില്ല. മറ്റുള്ളവരുടെ അടുത്ത് ചെന്ന്, കരത്താൽ സ്പർശിച്ച്, അവരെ അനുഗ്രഹിക്കുവാനും, അവരെ പ്രാപ്തരാക്കുവാനും ഒരു അമാനുഷികമായ കഴിവ് നിങ്ങൾക്ക് ഉണ്ട്. ഇതിനെ വെറും സ്വാഭാവികം എന്നപോലെ, “ഓ, അതെന്റെ വ്യക്തി ത്വത്തിന്റെ രീതിയാണ്” എന്നപോലെ, നിങ്ങൾ ധരിക്കേണ്ട ആവശ്യമില്ല

എന്നാണു ഞാൻ പറഞ്ഞു വരുന്നത്. ഒരു പക്ഷേ ഈ വിധത്തിലുള്ള ഒരു വ്യക്തിയായി നിങ്ങൾ നിങ്ങളെ തരം തിരിച്ചിട്ടുണ്ടായിരിക്കാം. ദൈവം നിങ്ങളിൽ നിക്ഷിപ്തമാക്കിയ ഒരു പ്രകൃത്യാതീത കഴിവാണ് ചില പ്രത്യേക കാര്യങ്ങൾ ചെയ്യാനായി, വരങ്ങളും കഴിവുകളും കാഴ്ച പ്പാടും നിങ്ങൾക്കു തന്നത്.

നിങ്ങൾ മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുമ്പോൾ, ദൈവം നിങ്ങളുടെ ഉള്ളിൽ വച്ചിട്ടുള്ള കാര്യങ്ങൾ ശുശ്രൂഷിക്കണമെന്നാണ് തിരുവെഴുത്ത് പറയുന്നത്. നാമെല്ലാം ശശ്രൂഷകർ ആകണം, പൂർണ്ണസമയ ദൈവവിളി ആയോ, നമ്മുടെ ഉദ്യോഗത്തോടു ബന്ധിച്ചോ, എവിടെ ആയിരുന്നാലും. അത് നമ്മുടെ അയൽക്കാരോടോ, സഹജോലിക്കാരോടോ, എന്തായാലും അത് ദൈവം തരുന്ന പ്രാപ്തി അനുസരിച്ച് വേണം. അല്ലാതെ സ്വന്ത പ്രാപ്തിക്കൊത്തവണ്ണം അല്ല. അതുകൊണ്ടു ദൈവത്തെ തേടുവാനം, അവൻ നിങ്ങളിൽ വച്ചിരിക്കുന്ന വരങ്ങളെ കണ്ടുപിടിക്കാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഒരു പൂർണ്ണ സമയ ശുശ്രൂഷയല്ല എങ്കിൽ തന്നെയും അതിനെ വിലകുറച്ച് കാണാതെ ഇരിക്കുകയും വേണം. നിങ്ങളോരോരുത്തരുടെയും ഉള്ളിൽ പരിശുദ്ധാത്മാവ് ഒരു പ്ര കൃത്യാതീത പ്രാപ്തി വച്ചിട്ടുണ്ടെന്ന കാര്യം തിരിച്ചറിയുക. എന്നിട്ട് ആ വരങ്ങളിലൂടെ മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുക.

അതിന് സമയവും പരിശീലനവും വേണ്ടി വരും. ആദ്യം അതിൽ അപാകത ഉണ്ടാവാൻ ഇടയുള്ളതിനാൽ, അത് പരിശീലിക്കുവാൻ ഭയം വേണ്ട. നിങ്ങൾ ഒരു തെറ്റു വരുത്തിയാൽ, ദൈവം തന്റെ സിംഹാസന ത്തിൽ നിന്നും താഴെ വീഴുകയില്ല, മറ്റുള്ളവർ നിങ്ങളുടെ ആത്മാർത്ഥത മനസ്സിലാക്കും. നിങ്ങൾ ചെയ്തത് കൃത്യമായ പൂർണ്ണത ഇല്ലാതെ ആണെങ്കിലും, നിങ്ങളുടെ സ്നേഹം അവർക്ക് ശുശ്രൂഷ ചെയ്യും. മറ്റുള്ള വർക്ക് ശുശ്രൂഷ ചെയ്യുവാൻ തുടങ്ങുക. നിങ്ങൾക്ക് ദൈവിക വരം ഉള്ള തായി തിരിച്ചറിയുക. നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന പ്രകൃത്യാതീത കഴിവ് മറ്റുള്ളവരുമായി പങ്കുവയ്ക്കുക.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1 1 പത്രൊസ് 4:11 വായിക്കുക. ആരുടെ പ്രാപ്തിയിൽ നിന്നാണ് നാം ശുശ്രൂഷ ചെയ്യേണ്ടത്?

**1 പത്രൊസ് 4:11** – *ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്നപോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നല്കുന്ന പ്രാപ്തിക്ക് ഒത്തവണ്ണവും ആകട്ടെ. എല്ലാറ്റിലും ദൈവം യേശുക്രിസ്തു മൂലം മഹത്ത്വപ്പെടുവാൻ ഇടവരട്ടെ. മഹത്വവും ബലവും എന്നെന്നേക്കും അവനുള്ളത്. ആമേൻ.*

2. 1 കൊരിന്ത്യർ 12:4 വായിക്കുക. ആത്മീയ വരങ്ങളിൽ വൈവിധ്യവും പലതരങ്ങളും ഉണ്ടെങ്കിലും, എല്ലാത്തിന്റെയും ഉറവിടം ആരാണ്?

**1 കൊരിന്ത്യർ 12:4** – *എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്; ആത്മാവ് ഒന്നത്രേ.*

3. 1കൊരിന്ത്യർ 12:6 വായിക്കുക. ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.

A. ദൈവം ഒരു വിധത്തിൽ മാത്രമേ പ്രവർത്തിക്കൂ.
B. ദൈവം ആളുകളിൽ കൂടി പല വിധത്തിൽ പ്രവർത്തിക്കുന്നു.
C. ദൈവം പ്രാസംഗികനിൽ കൂടി മാത്രമേ പ്രവർത്തിക്കൂ.

**1 കൊരിന്ത്യർ 12:6–10** – *വീര്യ പ്രവൃത്തികളിൽ വ്യത്യാസം ഉണ്ട്; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ. എന്നാൽ ഓരോരുത്തന് ആത്മാവിന്റെ പ്രകാശനം പ്രയോജനത്തിനായി നല്കപ്പെടുന്നു. ഒരുത്തന് ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തന് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നല്കപ്പെടുന്നു; വേറൊരുത്തന് അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരുവന് അതേ ആത്മാവിനാൽ രോഗശാന്തിയുടെ വരം; മറ്റൊരുവന് വീര്യപ്രവൃത്തികൾ; മറ്റൊരുവനു പ്രവചനം; മറ്റൊരുവന് ആത്മാക്കളുടെ വിവേചനം; വേറൊരുത്തനു പലവിധ ഭാഷകൾ; മറ്റൊരുവനു ഭാഷകളുടെ വ്യാഖ്യാനം.*

4. 1 കൊരി. 12:7 വായിക്കുക. ശരിയോ തെറ്റോ: പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും ആത്മാവിന്റെ വരങ്ങളും എല്ലാവരുടെയും പ്രയോജനത്തിനായി നമുക്കോരോരുത്തർക്കും നല്കപ്പെട്ടിരിക്കുന്നു.

5. 1 കൊരി. 12:8–10 വായിക്കുക. ദൈവം ജനങ്ങൾക്കു കൊടുക്കുന്ന ചില ആത്മീയ വരങ്ങൾ ഏതൊക്കെ? അവ നിർവ്വചിക്കുക.

6. റോമർ 12 : 6–8 വായിക്കുക. ദൈവം ജനങ്ങൾക്കു നല്കുന്ന, ഇവിടെ പറഞ്ഞിരിക്കുന്ന, ആത്മാവിന്റെ വരങ്ങളെ നിർവ്വചിക്കുക.

**റോമർ 12:6–8** – *ആകയാൽ നമുക്ക് ലഭിച്ച കൃപയ്ക്ക് ഒത്തവണ്ണം വെവ്വേറെ വരം ഉള്ളത് കൊണ്ട് പ്രവചനം എങ്കിൽ വിശ്വാസത്തിന് ഒത്ത വണ്ണം, ശുശ്രൂഷ എങ്കിൽ ശുശ്രൂഷയിൽ, ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ, പ്രബോധിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ ഉത്സാഹത്തോടെ, കരുണ ചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ.*

7. ഈ വരങ്ങളിൽ ഏതെങ്കിലും നിങ്ങളിലൂടെ പ്രവർത്തിക്കുന്നു എന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? എങ്കിൽ ഏതൊക്കെയാണ് ആ വരങ്ങൾ?

**2 തിമൊത്തി 4:11** – *ലൂക്കോസ് മാത്രമേ എന്നോട് കൂടെയുള്ളൂ, മർക്കോസ് എനിക്ക് ശുശ്രൂഷയ്ക്ക് ഉപയോഗമുള്ളവനാകയാൽ അവനെ കൂട്ടിക്കൊണ്ടു വരിക.*

**അപ്പൊ. 13:1** – *അന്ത്യോക്യയിലെ സഭയിൽ ബർണബാസ്, നീഗർ എന്നു പേരുള്ള ശിമോൻ, കുറേനക്കാരനായ ലൂക്ക്യൊസ്, ഇടപ്രഭുവായ ഹെരോദാവോടുകൂടെ വളർന്ന മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.*

**അപ്പൊ. 13:15** – *ന്യായപ്രമാണവും പ്രവാചകങ്ങളും വായിച്ചു തീർന്നപ്പോൾ പള്ളിപ്രമാണികൾ അവരുടെ അടുക്കൽ ആളയച്ചു, സഹോദരന്മാരേ, നിങ്ങൾക്ക് ജനത്തോടു പ്രബോധനം വല്ലതും ഉണ്ടെങ്കിൽ പറവിൻ എന്നു പറയിച്ചു.*

8. 1 കൊരി. 12:7 വായിക്കുക. ഈ ദാനങ്ങൾ ആർക്കെല്ലാം പ്രയോജന പ്പെടണം എന്നാണ്?

**സദൃശ വാകൃങ്ങൾ 22 : 9 –** *ദയാകടാക്ഷമുള്ളവൻ അനുഗ്രഹിക്കപ്പെടും, അവൻ തന്റെ ആഹാരത്തിൽ നിന്ന് അഗതിക്കു കൊടുക്കുന്നുവല്ലോ.*

**അപ്പൊ. 20:28 –** *നിങ്ങളെ തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദി ച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അധ്യക്ഷരാക്കി വച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ.*

**മത്തായി 5:7 –** *കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും.*

**1 കൊരിന്ത്യർ 12:7 –** *എന്നാൽ ഓരോരുത്തന് ആത്മാവിന്റെ പ്രകാശനം പൊതു പ്രയോജനത്തിനായി നല്കപ്പെടുന്നു.*

# ഉത്തര സൂചിക

1 1 പത്രൊസ് 4:11 വായിക്കുക. ആരുടെ പ്രാപ്തിയിൽ നിന്നാണ് നാം ശുശ്രൂഷ ചെയ്യേണ്ടത്?

***ദൈവത്തിന്റെ പ്രാപ്തി***

2. 1 കൊരിന്ത്യർ 12:4 വായിക്കുക. ആത്മീയ വരങ്ങളിൽ വൈവിധ്യവും പലതരങ്ങളും ഉണ്ടെങ്കിലും, എല്ലാത്തിന്റെയും ഉറവിടം ആരാണ്?

***ദൈവം/പരിശുദ്ധാത്മാവ്***

3. 1 കൊരി. 12:6 വായിക്കുക. ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.

**B. ദൈവം ആളുകളിൽ കൂടി പല വിധത്തിൽ പ്രവർത്തിക്കുന്നു.**

4. 1 കൊരി. 12:7 വായിക്കുക. ശരിയോ തെറ്റോ: പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും ആത്മാവിന്റെ വരങ്ങളും എല്ലാവരുടെയും പ്രയോജനത്തിനായി നമുക്കോരോരുത്തർക്കും നല്കപ്പെട്ടിരിക്കുന്നു.

***ശരി***

5. 1 കൊരി. 12:8–10 വായിക്കുക. ദൈവം ജനങ്ങൾക്കു കൊടുക്കുന്ന ചില ആത്മീയ വരങ്ങൾ ഏതൊക്കെ? അവ നിർവ്വചിക്കുക.

***പരിജ്ഞാനത്തിന്റെ വചനം = ദൈവത്തിന്റെ മനസ്സിനേയും ഉദ്ദേശ്യത്തിനേയും കുറിച്ചുള്ള, ദൈവത്തിൽ നിന്നുള്ള ഒരു പ്രകൃത്യാതീത വെളിപാട്.***

അപ്പൊ. 27:21–25 കാണുക

***ജ്ഞാനത്തിന്റെ വചനം = ഒരു കാര്യത്തെ കുറിച്ചോ സംഭവത്തെക്കുറിച്ചോ ദൈവത്തിൽ നിന്നുള്ള ഒരു പ്രകൃത്യാതീത വെളിപാട്.***

അപ്പൊ. 9:11–12 കാണുക

***വിശ്വാസത്തിന്റെ വരം = സംശയം ഇല്ലാതെ, കാരണം നോക്കാതെ ദൈവത്തിൽ കൂടാതെ വിശ്വസിക്കാനുള്ള പ്രകൃത്യാതീത കഴിവ്.***

1 കൊരി. 13:2 കാണുക

***രോഗശാന്തി വരം = മനുഷ്യ സഹായമോ മരുന്നോ കൂടാതെ രോഗം സൗഖ്യമാക്കാനുള്ള പ്രകൃത്യാതീത കഴിവ്.***

മർക്കൊസ് 16:18 കാണുക

***അത്ഭുതങ്ങൾ നടത്തുക = പ്രകൃതി നിയമങ്ങൾക്ക് വിരുദ്ധമായി അത്ഭുതങ്ങൾ ഉളവാക്കുന്ന പ്രകൃത്യാതീത ഇടപെടൽ.***

എബ്രായർ 2:3–4 കാണുക.

***പ്രവചനം = ദൈവപ്രചോദിതമായ, പറയുന്ന ആൾക്കറിയാവുന്ന ഭാഷയിലുള്ള ഒരു പ്രകൃത്യാതീത പറച്ചിൽ.***

അപ്പൊ 11:27–28, 1 കൊരി. 14:3 കാണുക.

***ആത്മാക്കളെ വിവേചിക്കൽ = ആത്മാക്കളുടെ സാന്നിദ്ധ്യത്തെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ദൈവത്തിൽ നിന്നുള്ള ഒരു പ്രകൃത്യാതീത വെളിപാട്.***

അപ്പൊ. 16:16–8 കാണുക.

***വിവിധതരം ഭാഷകൾ = ദൈവപ്രചോദിതമായ, പറയുന്ന ആൾക്കറിയാൻ പാടില്ലാത്ത ഭാഷയിലുള്ള ഒരു പ്രകൃത്യാതീത പറച്ചിൽ.***

അപ്പൊ. 2:4–11 കാണുക.

***ഭാഷകളുടെ വ്യാഖ്യാനം = ദൈവപ്രചോദിതമായ, അറിയാൻ പാടില്ലാത്ത ഒരു ഭാഷയെ വ്യാഖ്യാനിക്കുന്ന ഒരു പ്രകൃത്യാതീത പറച്ചിൽ.***

1 കൊരി. 14:13–4 കാണുക.

6. റോമർ 12 : 6–8 വായിക്കുക. ദൈവം ജനങ്ങൾക്കു നല്കുന്ന, ഇവിടെ പറഞ്ഞിരിക്കുന്ന ആത്മാവിന്റെ വരങ്ങളെ നിർവ്വചിക്കുക.

***പ്രവചനം = ദൈവപ്രചോദിതമായ, പറയുന്ന ആൾക്കറിയാവുന്ന ഭാഷയിലുള്ള ഒരു പ്രകൃത്യാതീത പറച്ചിൽ.***

***ശുശ്രൂഷ = മറ്റുള്ളവരെ ശുശ്രൂഷിക്കുക, പ്രായോഗിക സേവനം.***

2 തിമൊത്തി. 4:11 കാണുക.

***ഉപദേശിക്കുക = വിശദീകരിക്കുക, പ്രബോധിപ്പിക്കുക, നിർദ്ദേശം കൊടുക്കുക.***

അപ്പൊ. 13:1 കാണുക.

***പ്രബോധനം = നിർബന്ധിക്കുക, ഉപദേശിക്കുക, പ്രോത്സാഹിപ്പിക്കുക, അപേക്ഷിക്കുക, ആശ്വസിപ്പിക്കുക, മുന്നറിയിപ്പു നൽകുക.***

അപ്പൊ. 13:15 കാണുക.

***കൊടുക്കൽ = ദൈവത്തിനും മറ്റുള്ളവർക്കും മഹാമനസ്കതയോടെ ദാനങ്ങൽ കൊടുക്കുന്നത്.***

സദൃശ. 22:9 കാണുക.

***ഭരിക്കൽ = നയിക്കുക, നേതൃത്വം.***

അപ്പൊ. 20:28 കാണുക

***കരുണ = കുറ്റം ചെയ്തവരോടോ, അതിനു ഇരയായവരോടോ കാണിക്കുന്ന സഹതാപം.***

മത്തായി 5:7 കാണുക.

7. ഈ വരങ്ങളിൽ ഏതെങ്കിലും നിങ്ങളിലൂടെ പ്രവർത്തിക്കുന്നു എന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? എങ്കിൽ` ഏതൊക്കെയാണ് ആ വരങ്ങൾ?

8. 1 കൊരി. 12:7 വായിക്കുക. ഈ ദാനങ്ങൾ ആർക്കെല്ലാം പ്രയോജനപ്പെടണം എന്നാണ്?

***എല്ലാവർക്കും. മറ്റുള്ളവരെ സഹായിക്കാൻ ഈ ദാനങ്ങൾ ഉപയോഗിക്കുമ്പോൾ, ദൈംവം നിങ്ങളിൽ കൂടി പ്രവർത്തിക്കാൻ നിങ്ങൾ ദൈവത്തെ അനുവദിക്കുകയാണ്.***

# ഈ പാഠത്തിൽ നിന്നും കൂടുതലായുള്ള വേദഭാഗങ്ങൾ

**അപ്പൊ. 27:21–25 –** *അവർ വളരെ പട്ടിണി കിടന്നശേഷം പൗലോസ് അവരുടെ നടുവിൽ നിന്നു കൊണ്ട് പറഞ്ഞത: പുരുഷന്മാരേ, എന്റെ വാക്കു അനുസരിച്ചു ക്രേത്തയിൽ നിന്ന് നീക്കാതെയും ഈ കഷ്ട നഷ്ടങ്ങൾ സമ്പാദിക്കാതെ ഇരിക്കേണ്ടതായിരുന്നു. എങ്കിലും ഇപ്പോൾ ധൈര്യത്തോടിരിപ്പാൻ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. കപ്പലിന്നു അല്ലാതെ നിങ്ങളിൽ ആരുടെയും പ്രാണനു ഹാനി വരിക യില്ല.എന്റെ ഉടയവനും ഞാൻ സേവിച്ചു വരുന്നവനുമായ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽ നിന്നു. പൗലോസേ, ഭയപ്പെ ടരുത്, നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു, നിന്നോടുകൂടെ യാത്ര ചെയ്യുന്നവരെ ഒക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. അതുകൊണ്ട് പുരുഷന്മാരേ, ധൈര്യത്തോടിരിപ്പിൻ, എന്നോട് അരുളി ചെയ്തതു പോലെ തന്നേ സംഭവിക്കും എന്നു ഞാൻ ദൈവത്തെ വിശ്വസിക്കുന്നു.*

**അപ്പൊ. 9:11–12 –** *കർത്താവ് അവനോടു : നീ എഴുന്നേറ്റു നേർവീഥി എന്ന തെരുവിൽ ചെന്നു, യൂദയുടെ വീട്ടിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്ക. അവൻ പ്രാർത്ഥിക്കുന്നു, അനന്യാസ് എന്നൊരു പുരുഷൻ അകത്തു വന്നു താൻ കാഴ്ച പ്രാപിക്കേ തിന്നു തന്റെ മേൽ കൈ വെക്കുന്നതു അവൻ കണ്ടിരിക്കുന്നു എന്നു കല്പിച്ചു.*

**1 കൊരിന്ത്യർ 13:2 –** *എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല മർമ്മ ങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും, മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും, സ്നേഹിമില്ല എങ്കിൽ ഞാൻ ഏതുമില്ല.*

**മർക്കോസ് 16:18 –** *സർപ്പങ്ങളെ പിടിച്ചെടുക്കും, മരണകരമായ യാതൊന്നു കുടിച്ചാലും അവർക്ക് ഹാനി വരികയില്ല, രോഗികളുടെ മേൽ കൈവ ച്ചാൽ അവർക്ക് സൗഖ്യം വരും എന്നു പറഞ്ഞു.*

**എബ്രായർ 2:3–4 –** *കർത്താവ് താൻ പറഞ്ഞ് തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യ പ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നല്കികൊണ്ടും സാക്ഷി*

*നിന്നതും കേട്ടവർ, നമുക്ക് ഉറപ്പിച്ച് തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും ?*

**അപ്പൊ. 11:27–28 –** *ആ കാലത്ത് യെരുശലേമിൽ നിന്നു പ്രവാചകന്മാർ അന്ത്യൊക്ക്യയിലേക്കു വന്നു. അവരിൽ അഗബൊസ് എന്നു പേരുള്ളൊരുവൻ എഴുന്നേറ്റു ലോകത്തിൽ ഒക്കെയും മഹാക്ഷാമം ഉണ്ടാകും എന്നു ആത്മാവിനാൽ പ്രവചിച്ചു. അത് ക്ലൗദ്യൊസിന്റെ കാലത്ത് സംഭവിച്ചു.*

**1 കൊരി. 14:3 –** പ്രവചിക്കുന്നവനോ ആത്മീയ വർദ്ധനക്കും പ്രബോധനത്തിനും ആശ്വാസത്തിനുമായി മനുഷ്യരോടു സംസാരിക്കുന്നു.

**അപ്പൊ. 16:16–18 –** *ഞങ്ങൾ പ്രാർത്ഥനാ സ്ഥലത്തേക്കു ചെല്ലുമ്പോൾ വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞു യജമാനന്മാർക്ക് വളരെ ലാഭം വരുത്തുന്ന ഒരു ബാല്യക്കാരത്തി ഞങ്ങളെ എതിരേറ്റു. അവൾ പൗലോസിന്റെയും ഞങ്ങളുടെയും പിന്നാലെ വന്നു. ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ. രക്ഷാമാർഗ്ഗം നിങ്ങളോടു അറിയിക്കുന്നവർ എന്നു വിളിച്ചു പറഞ്ഞു. ഇങ്ങനെ അവൾ പല നാൾ ചെയ്തുവന്നു. പൗലോസ് മുഷിഞ്ഞു തിരിഞ്ഞു നോക്കി അവളിലുള്ള ഭൂതത്തോടു: അവളെ വിട്ടു പോകുവാൻ ഞാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞു. ആ നാഴികയിൽ തന്നേ അതു അവളെ വിട്ടു പോയി.*

**അപ്പൊ. 2:4–11 –** *എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. അന്നു ആകാശത്തിൻ കീഴുള്ള സകലജാതികളിൽ നിന്നും യെരുശലേമിൽ വന്നു പാർക്കുന്ന യെഹൂദന്മാരായ ഭക്തിയുള്ള പുരുഷന്മാർ ഉണ്ടായിരുന്നു. ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ടു അമ്പരന്നു പോയി. എല്ലാവരും ഭ്രമിച്ചു ആശ്ചര്യപ്പെട്ടു. ഈ സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തർ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നതു എങ്ങനെ? പർത്ഥരും മേദ്യരും ഏലാമ്യരും മെസപ്പൊത്താമ്യയിലും യെഹൂദ്യയിലും കപ്പദോക്യയിലും പൊന്തൊസിലും ആസ്യയിലും പ്രുഗ്യയിലും പംഫു*

*ല്യയിലും മിസ്രയീമിലും കുറേനെക്കു ചേർന്ന ലിബ്യാപ്രദേശങ്ങളിലും പാർക്കുന്നവരും റോമയിൽ നിന്നു വന്നു പാർക്കുന്നവരും യെഹൂദൻമാരും, യെഹൂദമതാനുസാരികളും ക്രേത്യരും അറബിക്കാരുമായ നാം ഈ നമ്മുടെ ഭാഷകളിൽ അവർ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നത് കേൾക്കുന്നുവല്ലോ എന്നു പറഞ്ഞു.*

**1 കൊരി: 14:13–14 –** *അതുകൊണ്ട് അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കട്ടെ. ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു. എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു.*

## പാഠം – 3

# അത്ഭുതങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു

### *ആൻഡ്രൂ വോമ്മക്ക്*

ദൈവശക്തിയിൽ നടക്കുന്നതിനെകുറിച്ചും ദൈവം നമുക്കു തരുന്ന വരങ്ങളിൽ കൂടി മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുന്നതിനെ കുറിച്ചും നാം സംസാരിച്ചുവല്ലോ. ഇത് ദൈവത്തെ എങ്ങിനെ മഹത്വപ്പെടുത്തുന്നു എന്നതിനെ കുറിച്ചും, ദൈവത്തിന്റെ അമാനുഷികമായ ശക്തി നാം ഉപയോഗിക്കണമെന്ന് ദൈവം എങ്ങിനെ പ്രതീക്ഷിക്കുന്നു എന്നതിനെകുറിച്ചും, ചില കാര്യങ്ങൾ ഇവിടെ പങ്കിടുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിനെ കുറിച്ച് ധാരാളം തിരുവെഴുത്തുകൾ ഉണ്ടെങ്കിലും, ചുരുക്കം ചിലതു മാത്രമേ എനിക്കു ഇവിടെ പരാമർശിക്കാൻ കഴിയുകയുള്ളൂ. മത്തായി 9 ൽ തളർവാതം പിടിച്ച ഒരു മനുഷ്യനെ യേശു സൗഖ്യമാക്കിയതായി കാണുന്നു. അതിനെകുറിച്ച് കൂടുതൽ വിശദമായി മാർക്കോസ് 2–ാം അധ്യായത്തിൽ പറഞ്ഞിരിക്കുന്നത് ചിന്തിക്കാം. മത്തായി 9:8 *"പുരുഷാരം അതു കണ്ടു ഭയപ്പെട്ടു മനുഷ്യർക്കു ഇങ്ങനെയുള്ള അധികാരം കൊടുത്ത ദൈവത്തെ മഹത്വപ്പെടുത്തി."* ആത്മീക വരങ്ങൾ – അത്ഭുതങ്ങൾ – ദൈവത്തെ മഹത്വപ്പെടുത്തുന്നു എന്നും അതിനു വേണ്ടിയാണ് ആ അത്ഭുത പ്രാപ്തി ദൈവം നമുക്ക് തന്നതെന്നും നിങ്ങൾക്ക് അറിയാമോ?

നിങ്ങൾ മറ്റുള്ളവരുമായി വചനം പങ്കുവെയ്ക്കുമ്പോൾ, സ്വാഭാവികമായും അവർക്ക് സംശയിക്കാനും, "നിങ്ങൾ പറയുന്നത് സത്യമാണെന്ന് എനിക്ക് എങ്ങിനെ അറിയാൻ സാധിക്കും?" എന്നു ചോദിക്കാനുമുള്ള ഒരു സ്വാഭാവിക പ്രവണത ഉണ്ട്. അനേകം ആയിരങ്ങളെ കർത്താവിലേക്ക് നയിച്ച റ്റി.എൽ. ഒസ്ബോൺ എന്ന കീർത്തികേട്ട സുവിശേഷകൻ ഒരു വിദേശ മിഷൻ പര്യടനത്തിൽ തനിക്കുണ്ടായ അനുഭവം പറഞ്ഞതായി

ഞാൻ ഒരിക്കൽ കേൾക്കുകയുായി. അദ്ദേഹം സാക്ഷ്യം പറഞ്ഞപ്പോൾ, അവർ അദ്ദേഹത്തെ വിശ്വസിച്ചില്ല. ഒരിക്കൽ അയാൾ ഒരു മനുഷ്യനോട് പറഞ്ഞു, ''വേദപുസ്തകം പറയുന്നു,'' ആ മനുഷ്യൻ പറഞ്ഞു, "നിങ്ങളുടെ കറുത്ത പുസ്തകത്തിനും വേറേതൊരു കറുത്ത പുസ്തക ത്തിനും തമ്മിൽ എന്താണു വ്യത്യാസം?" റ്റി. എൽ. ഒസ്ബോൺ ചിന്തിച്ചു, *വേദ പുസ്തകം സത്യമാണെന്ന് ആൾക്കാർ എങ്ങിനെ അറിയും ? എനിക്ക് അറിയാം വേദപുസ്തകം ദൈവത്തിന്റെ വചനം ആകുന്നു എന്ന്. പക്ഷേ മറ്റുള്ളവരെ ഞാൻ എങ്ങിനെ വിശ്വസിപ്പിക്കും?*

പരാജിതനായി നിരുത്സാഹപ്പെട്ട് അദ്ദേഹം വീട്ടിൽ വന്ന് ദൈവത്തെ അന്വേഷിക്കാൻ തുടങ്ങി. ദൈവത്തിന്റെ അമാനുഷികമായ പ്രാപ്തി ഉപ യോഗിക്കേണ്ടിയിരുന്നു എന്ന് കർത്താവ് അദ്ദേഹത്തോട് പറഞ്ഞു. അട യാളങ്ങളും അത്ഭുതങ്ങളും, ജനങ്ങളുടെ ജീവിതങ്ങളെ മാറ്റുന്ന, ദൈവ വചനത്തെ ഉറപ്പിക്കാനുള്ളതാണ്. 1 പത്രോസ് 1:23 പറയുന്നു, ''*കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.*" ദൈവ വചനമാണ് ജനങ്ങളെ രൂപാന്തരപ്പെടുത്തുന്നത്. പക്ഷെ അത് ദൈവ മാണ് സംസാരിക്കുന്നതെന്ന് എങ്ങിനെ അവരെ വിശ്വസിപ്പിക്കും? അതേ, അതാണ് അത്ഭുതങ്ങളുടെ ഉദ്ദേശ്യം. നാം പ്രസംഗിക്കയും ദൈവത്തിന്റെ ഹിതമാണ് ഒരാൾ സൗഖ്യം പ്രാപിക്കുന്നതെന്നു പറയുകയും ചെയ്യു മ്പോൾ, യേശുവിന്റെ നാമത്തിൽ അവരുടെമേൽ പ്രഖ്യാപിച്ച് നാം അത് കാട്ടിക്കൊടുക്കുന്നു. അന്ധരുടെ കണ്ണ് തുറക്കുന്നതും ബധിരരുടെ ചെവി കേൾക്കുന്നതും അതു ദൈവമാണെന്നു ഉറപ്പിക്കുന്നു. അത്ഭുതങ്ങൾ വ്യക്തികളെ മാറ്റാൻ പോകുന്നില്ല, പക്ഷെ നിങ്ങൾ പറഞ്ഞത് ദൈവ ത്തിന്റെ വചനം ആണെന്ന് വിശ്വസിക്കാൻ ഇടയാക്കും.

തിരുവെഴുത്തിലെ ഒരു ഉദാഹരണം ആണ് മർക്കോസ് 2:1–9 ൽ വിവരി ച്ചിരിക്കുന്ന തളർന്ന മനുഷ്യന്റെ സൗഖ്യം. "*ചില ദിവസം കഴിഞ്ഞശേഷം അവൻ പിന്നെയും കഫർന്നഹൂമിൽ ചെന്നു. അവൻ വീട്ടിൽ ഉണ്ടെന്നു ശ്രുതിയായി. ഉടനെ വാതിൽക്കൽപോലും ഇടമില്ലാത്തവണ്ണം പലരും വന്നു കൂടി, അവൻ അവരോടു തിരുവചനം പ്രസ്താവിച്ചു. അപ്പോൾ നാലാൾ ഒരു പക്ഷവാതക്കാരനെ ചുമന്നു അവന്റെ അടുക്കൽ കൊണ്ടുവന്നു. പുരുഷാരം നിമിത്തം അവനോടു സമീപിച്ചു കൂടായ്കയാൽ അവൻ ഇരുന്ന സ്ഥലത്തിന്റെ മേല്പുര പൊളിച്ചു തുറന്നു, പക്ഷവാതക്കാരനെ*

*കിടക്കയോടെ ഇറക്കി വെച്ചു. യേശു അവരുടെ വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോടു, മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു. അവിടെ ചില ശാസ്ത്രിമാർ ഇരുന്നു. ഇവൻ ഇങ്ങനെ ദൈവദൂഷണം പറയുന്നതു എന്തു? ദൈവം ഒരുവൻ അല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ എന്നു ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടിരുന്നു. ഇങ്ങനെ അവൻ ഉള്ളിൽ ചിന്തിക്കുന്നതു യേശു ഉടനെ മനസ്സിൽ ഗ്രഹിച്ചു അവരോടു നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കുന്നതു എന്തു? പക്ഷവാതക്കാരനോടു നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റു കിടക്ക എടുത്തു നടക്ക എന്നു പറയുന്നതോ, ഏതാകുന്നു എളുപ്പം, എന്നു ചോദിച്ചു."* സത്യം എന്തെന്നാൽ, ഇത് രണ്ടും സാങ്കേതികമായി അസാധ്യമാണ്. മറ്റൊരുവന്റെ പാപങ്ങളെ ക്ഷമിക്കുവാനോ, പക്ഷവാതം പിടിച്ച ഒരു വ്യക്തിയെ സൗഖ്യം ആക്കുവാനോ ഒരു മനുഷ്യനും കഴിയില്ല. ആയതിനാൽ, ഒന്ന് ചെയ്യുവാൻ ദൈവത്തിന് കഴിയും എങ്കിൽ, തീർച്ചയായും മറ്റേതും ചെയ്യാൻ ദൈവത്തിന് കഴിയും.

10–12 വരെയുള്ള വാക്യങ്ങളിൽ യേശു പറഞ്ഞു, *"എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രനു അധികാരം ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിനു (അവൻ പക്ഷവാതക്കാരനോടു), എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോക എന്നു ഞാൻ നിന്നോടു പറയുന്നു"* എന്നു പറഞ്ഞു. ഉടനെ അവൻ എഴുന്നേറ്റു കിടക്ക എടുത്തു എല്ലാവരും കാൺകെ പുറപ്പെട്ടു, അതുകൊണ്ടു എല്ലാവരും വിസ്മയിച്ചു; ഇങ്ങനെ ഒരു നാളും കണ്ടിട്ടില്ല എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി. യേശു വളരെ *വ്യക്തമായി പറഞ്ഞു, "എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രനു അധികാരം ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിനു."* ഭൗതിക മണ്ഡലത്തിൽ അവർക്കു കാണാൻ സാധിക്കുന്ന കാര്യങ്ങൾ വാക്കുകൊണ്ട് അവനു ചെയ്യാൻ കഴിയുമെങ്കിൽ, പാപക്ഷമ പോലുള്ള ആത്മീയ കാര്യങ്ങളും തന്റെ വചനത്താൽ സാധിക്കും എന്ന് ജനങ്ങൾ അറിയാൻ വേണ്ടി അവൻ സൗഖ്യം ഉളവാക്കി. അപ്പോൾ തന്റെ വചനത്തെ ഉറപ്പിക്കുവാൻ അത്ഭുതങ്ങളെ യേശു ഉപയോഗിച്ചു.

ഇതു തന്നെയാണ് എബ്രായർ 2:2–4 ൽ പറഞ്ഞിരിക്കുന്നത്. *"ദൂതന്മാർ മുഖാന്തിരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കയും*

*ചെയ്തു എങ്കിൽ, കർത്താവു താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യ പ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്കു ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?"* ഈ വചനം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവം ഉറപ്പിച്ചു എന്ന് ഇതു പറയുന്നു. ഇതും മർക്കോസ് 16:20 ഉം കൂടി ബന്ധപ്പെടുത്തുക. *"അവർ പുറപ്പെട്ടു എല്ലായിടത്തും പ്രസംഗിച്ചു, കർത്താവു അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു."* ദൈവത്തിന്റെ അമാനുഷിക ശക്തിയും കഴിവും മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുവാനായി നിങ്ങൾ ഉപയോഗിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്നതാണ് ഞാനിവിടെ പറയുന്നത്. ദൈവം ജനങ്ങളോടു ശരിക്കും സംസാരിക്കുന്നു എന്നു അവർക്കു ഉറപ്പു കൊടുക്കാനായി, പരിശുദ്ധാത്മാവിന്റെ വരങ്ങളിൽക്കൂടി സംഭവിക്കുന്ന അത്ഭുതങ്ങൾ അവൻ ഉപയോഗിക്കുന്നു. ഒടുവിലായി, ആളുകൾ അവരുടെ ഹൃദയങ്ങളിൽ സ്വതന്ത്രരാക്കപ്പെടാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ ചിലപ്പോൾ ഒരാളുടെ ഹൃദയത്തിലേക്കുള്ള വഴി അവന്റെ ശരീരത്തിൽ കൂടിയും വികാരങ്ങളിൽ കൂടിയും ആകുന്നു. നിങ്ങൾക്കവയെ കൈകാര്യം ചെയ്യാനും അവരെ സ്വതന്ത്രരാക്കുവാനും കഴിയുമെങ്കിൽ, അവർ മനസ്സു തുറക്കുകയും, അവരുടെ ബാക്കിയുള്ള ജീവിതത്തെ സ്പർശിക്കാൻ ദൈവത്തെ അനുവദിക്കുകയും, അവരെ മുഴുവനായി അക്ഷരാർഥത്തിൽ ദൈവത്തിനു സമർപ്പിക്കുകയും ചെയ്യും.

1 കൊരിന്ത്യർ 2:1–5 ൽ, പൗലോസ് കൊരിന്ത്യർക്ക് എഴുതുമ്പോൾ എങ്ങിനെയാണ് അവരെ ആദ്യം സമീപിച്ചതെന്നു പറയുന്നു *"ഞാനും, സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ ജ്ഞാനത്തിന്റേയോ വൈഭവം കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോടു പ്രസ്താവിപ്പാൻ വന്നതു. ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണമെന്നു ഞാൻ നിർണ്ണയിച്ചു. ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു. നിങ്ങളുടെ വിശ്വാസത്തിനു മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നെ ആധാരമായിരിക്കേണ്ടതിനു, എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാലല്ല ആത്മാവിന്റേയും ശക്തിയുടേയും പ്രദർശനത്താലത്രേ ആയിരുന്നതു."*

അവരുടെ വിശ്വാസം മനുഷ്യരുടെ ജ്ഞാനത്തിനു പകരം, ദൈവത്തിന്റെ ശക്തിയിൽ ആധാരമായിരിക്കേണ്ടതിന്, വചനം ഉപയോഗിച്ചും അതിൽ മാത്രം ഊന്നൽ കൊടുത്തും കൊണ്ടല്ല താൻ വന്നത്, പിന്നേയോ ആത്മാവിന്റെ പ്രകടനത്തിലും ശക്തിയിലും ആയിരുന്നു എന്ന് പൗലോസ് വളരെ വ്യക്തമായി കാണിച്ചു.

ക്രിസ്തീയതക്ക് ഒരു അതിശയകരമായ കാര്യകാരണം ഉണ്ട്. ഒരിക്കൽ നിങ്ങൾ സത്യം കണ്ടു കഴിയുമ്പോൾ, അത് എങ്ങിനെ കാണാതിരുന്നു എന്നും, എല്ലാവരും എന്തുകൊണ്ട് അത് സ്വീകരിക്കുന്നില്ല എന്നും നിങ്ങൾ അത്ഭുതപ്പെടുന്നു. എന്നാൽ ക്രിസ്തീയത ഒരു കാര്യകാരണം മാത്രമല്ല...അത് യഥാർത്ഥ ദൈവവുമായുള്ള ഒരു യഥാർത്ഥ അനുഭവം ആകുന്നു. ആ ദൈവം ഇന്നും ജീവിയ്ക്കുന്നു. തന്റെ വചനത്തിൽ ചെയ്ത പ്രകാരം, അവനെത്തന്നെ ശക്തിയിൽ പ്രകടമാക്കാൻ അവൻ ആഗ്രഹിക്കുന്നു. എബ്രായർ 13:8 പറയുന്നു, *"യേശു ക്രിസ്തു ഇന്നലേയും ഇന്നും എന്നന്നേക്കും അനന്യൻ തന്നെ."* യേശു വന്നു, അവൻ നമ്മുടെ ഇടയിൽ ദൈവത്താൽ അംഗീകരിക്കപ്പെട്ട ഒരുവനായിരുന്നു, അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തു പോന്നു. അപ്പോ. പ്രവൃത്തികൾ 10:38 *പറയുന്നു, "നസറയനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ടു അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയുംകൊണ്ട് സഞ്ചരിച്ചതുമായ വിവരം തന്നെ നിങ്ങൾ അറിയുന്നുവല്ലോ."* ദൈവം വചനം ഉറപ്പിച്ചു കൊണ്ടിരുന്നു, ആ അത്ഭുതങ്ങൾ ഒരു മണിനാദം പോലെ, ആളുകളെ തന്റെ സന്ദേശത്തിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു. അവർ ദൈവത്തെ മഹത്വപ്പെടുത്തി. അത്ഭുതങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തിയതായി പല വാക്യങ്ങളും പറയുന്നു. ശുശ്രൂഷിക്കുവാനും വ്യക്തി ജീവിതങ്ങളിൽ രൂപാന്തരം വരുത്തുവാനും യേശുവിന് പരിശുദ്ധാത്മാവിന്റെ ശക്തി ആവശ്യമായിരുന്നു എങ്കിൽ, അതിലും നന്നായി നമുക്കു ചെയ്യാൻ പറ്റുമെന്ന് നാമെങ്ങനെ ചിന്തിക്കുന്നു? തന്റെ സന്ദേശം സ്വീകരിക്കാൻ അത്ഭുതങ്ങളാൽ യേശു ജനത്തെ തന്നിലേക്ക് ആകർഷിച്ചു എങ്കിൽ, ഇന്ന് ലോകത്തെ ബോദ്ധ്യപ്പുടത്തുവാൻ ദൈവത്തിന്റെ അമാനുഷിക ശക്തിയിൽ പ്രവർത്തിക്കാതെ നമുക്ക് എങ്ങിനെ കഴിയും? സത്യം എന്തെന്നാൽ അത്ഭുതങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു. അത് ആൾക്കാരെ ആകർഷിക്കുന്ന ഒരു മണി നാദം പോലെയാണ്. അത് ആഹാരത്തിന്

തീൻ മേശയിൽ വരുവാൻ മണി അടിക്കുന്നതുപോലെയാകുന്നു. ഭക്ഷണം ആണ് നിങ്ങളെ നിറയ്ക്കുന്നത്, എന്നാൽ നിങ്ങളുടെ ശ്രദ്ധയെ പിടിച്ചടക്കുന്നത് മണി നാദം ആകുന്നു. ആ മണി നാദം ഇല്ലെങ്കിൽ ചിലർക്ക് ആ ഭക്ഷണം കിട്ടിയില്ലെന്നു വരാം. ദൈവത്തിന്റെ അത്ഭുതശക്തി ഇല്ലെങ്കിൽ, ദൈവം യാഥാർത്ഥ്യമാണെന്നും, അവന് അവരുടെ ഹൃദയത്തിന് മാറ്റം വരുത്താനും, അവരുടെ പാപങ്ങൾ ക്ഷമിക്കാനും കഴിയുമെന്നും ഉള്ള സത്യങ്ങൾ അവർക്ക് നഷ്ടമായി പോയി എന്നു വരാം.

നാമോരോരുത്തരിലും കൂടി പ്രവഹിച്ച് മറ്റുള്ളവരുടെ ജീവിതത്തിൽ ഈ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ദൈവം ആഗ്രഹിക്കുന്നു എന്ന് തിരിച്ചറിയാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. നിങ്ങളിൽ ചിലർ പറഞ്ഞേക്കാം, “അതെന്നെ ഭയപ്പെടുത്തുന്നു. ഞാൻ പ്രാർഥിച്ചിട്ട് അവർ സൗഖ്യപ്പെട്ടില്ലെങ്കിൽ എന്തു സംഭവിക്കും? ഇത് സംഭവിക്കാൻ പോകുന്നു എന്ന് ഞാനെങ്ങനെ അറിയും?” അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് ദൈവമാണ്, നിങ്ങളല്ല എന്നു നിങ്ങൾ തിരിച്ചറിയണം. അത്ഭുതം പ്രവർത്തിക്കുകയും അയാൾ സുഖമാവുകയും ചെയ്താൽ, അതിന്റെ ഉത്തരവാദിത്വം നിങ്ങൾ എടുക്കണ്ട, അതു പ്രവർത്തിച്ചില്ലെങ്കിൽ അതിന്റെ കുറ്റവും നിങ്ങൾ ഏൽക്കണ്ട. പ്രാർഥന മാത്രം നിങ്ങൾ ചെയ്യുക. സൗഖ്യപ്പെടുത്തുന്നവൻ ദൈവമാണ്, പക്ഷേ അവൻ നിങ്ങളിൽക്കൂടി പ്രവഹിക്കേണ്ടി ഇരിക്കുന്നു. അത്ഭുതകരമായ വിധങ്ങളിൽ നിങ്ങളെ ഉപയോഗിക്കാൻ ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾ ദൈവവചനത്തിലേക്കിറങ്ങി, മറ്റുള്ളവർക്ക് അതെങ്ങനെ പ്രവർത്തിച്ചു എന്നു കണ്ട്, നിങ്ങളുടെ ജീവിതത്തിൽ അവ പ്രായോഗികമാക്കി, അത്ഭുതകരമായ, പ്രകൃത്യാതീതമായ ദൈവത്തിന്റെ ശക്തി നിങ്ങളിലൂടെ പ്രവഹിക്കാൻ ഇന്നു തന്നെ അനുവദിക്കുക.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. എന്താണ് അത്ഭുതം?

2. മർക്കൊസ് 2:10–12 വായിക്കുക. യേശുവിന് ഏതുവിധ ശക്തിയുണ്ടെന്നാണ് അത്ഭുതങ്ങൾ വ്യക്തമാക്കുന്നത്?

**മർക്കൊസ് 2:10–12** – *എന്നാൽ ഭൂമിയിൽ പാപങ്ങളെമോചിപ്പാൻ മനുഷ്യപുത്രന് അധികാരം ഉണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിന് അവൻ പക്ഷവാതക്കാരനോട്: എഴുന്നേറ്റ് കിടക്ക എടുത്തു വീട്ടിലേക്ക് പോക എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. ഉടനെ അവൻ എഴുന്നേറ്റ് കിടക്ക എടുത്ത് എല്ലാവരും കാൺകെ പുറപ്പെട്ടു; അതുകൊണ്ട് എല്ലാവരും വിസ്മയിച്ചു; ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി.*

3. മർക്കൊസ് 16:15–18 വായിക്കുക. വിശ്വാസികൾ എന്ന നിലയിൽ നാം എന്തു ചെയ്യണം?

**മർക്കൊസ് 16:15–18** – *പിന്നെ അവൻ അവരോട്: നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നും കടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെമേൽ കൈവച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു.*

4. അപ്പൊ. 8:5–8ഉം 12ഉം വായിക്കുക. ആൾക്കാർ എന്താണ് കണ്ടത്? അവർ പ്രതികരിച്ചത് എങ്ങിനെയാണ്?

**അപ്പൊ. 8:5–8** – *ഫിലിപ്പോസ് ശമര്യപട്ടണത്തിൽ ചെന്ന് അവരോട് ക്രിസ്തുവിനെ പ്രസംഗിച്ചു. ഫിലിപ്പോസ് ചെയ്ത അടയാളങ്ങളെ*

*പുരുഷാരങ്ങൾ കേൾക്കയും കാൺകയും ചെയ്കയാൽ അവൻ പറയുന്നത് ഏകമനസ്സോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അശുദ്ധാത്മാക്കൾ ബാധിച്ച് പലരിൽ നിന്നും അവ ഉറക്കെ നിലവിളിച്ചുകൊണ്ടു പുറപ്പെട്ടു. അനേകം പക്ഷവാതക്കാരും മുടന്തരും സൗഖ്യം പ്രാപിച്ചു. അങ്ങനെ ആ പട്ടണത്തിൽ വളരെ സന്തോഷം ഉണ്ടായി.*

**അപ്പൊ. 8:12 –** *എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പോസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു.*

5. അപ്പൊ. 3:12 വായിക്കുക. തന്റേതന്നെ വിശുദ്ധി അത്ഭുതങ്ങൾ ഉളവാക്കുന്നതിനേക്കുറിച്ച് അപ്പൊസ്തലനായ പത്രോസ് എന്താണ് പറഞ്ഞത്?

**അപ്പൊ. 3:12 –** *അത് കണ്ടിട്ട് പത്രോസ് ജനങ്ങളോടു പറഞ്ഞത്: യിസ്രായേൽ പുരുഷന്മാരേ, ഇതിങ്കൽ ആശ്ചര്യപ്പെടുന്നത് എന്ത്? ഞങ്ങളുടെ സ്വന്ത ശക്തികൊണ്ടോ ഭക്തികൊണ്ടോ ഇവനെ നടക്കുമാറാക്കി എന്നപോലെ ഞങ്ങളെ ഉറ്റു നോക്കുന്നതും എന്ത്?*

6. അപ്പൊ. 3:16 വായിക്കുക. അത്ഭുതങ്ങൾ എങ്ങനെ സംഭവിക്കുന്നു?

**അപ്പൊ. 3:16 –** *അവന്റെ നാമത്തിലെ വിശ്വാസത്താൽ അവന്റെ നാമംതന്നെ നിങ്ങൾ കാൺകയും അറികയും ചെയ്യുന്ന ഇവൻ ബലം പ്രാപിപ്പാൻ കാരണമായിത്തീർന്നു. അവൻ മുഖാന്തരമുള്ള വിശ്വാസം ഇവനു നിങ്ങൾ എല്ലാവരും കാൺകെ ഈ ആരോഗ്യം വരുവാൻ ഹേതുവായിത്തീർന്നു.*

7. അപ്പൊസ്തലന്മാർ അല്ലാത്തവരിൽ കൂടി അത്ഭുതങ്ങൾ ഉണ്ടായ അവസരങ്ങൾ പുതിയ നിയമത്തിൽ ഉണ്ടോ?

8. 1 കൊരി. 1:7 വായിക്കുക. അത്ഭുത വരങ്ങൾ എന്നു അവസാനിക്കും?

**1 കൊരി. 1:7 –** *ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നു.*

# ഉത്തരസൂചിക

1. എന്താണ് അത്ഭുതം?

***ദൈവിക ശക്തിയുടെ പ്രകടനമായി ഒരു ആശ്ചര്യമായ അല്ലെങ്കിൽ അസാധാരണമായ ഒരു സംഭവം – അതു പ്രകൃതി നിയമങ്ങൾക്കതീതമായുള്ള ദൈവീക ശക്തിയുടെ ഒരു ഇടപെടൽ കൂടി ആകാം***

2. മർക്കൊസ് 2:10–12 വായിക്കുക. യേശുവിന് ഏതുവിധ ശക്തിയുന്നാണ് മർക്കൊസ് 2:10–12ൽ നടന്ന അത്ഭുതങ്ങൾ വ്യക്തമാക്കുന്നത്?

***പാപങ്ങൾ ക്ഷമിക്കാൻ***

3. മർക്കൊസ് 16:15–18 വായിക്കുക. വിശ്വാസികൾ എന്ന നിലയിൽ നാം എന്തു ചെയ്യണം?

***സുവിശേഷം പ്രസംഗിക്കുക, മാനസാന്തരപ്പെട്ടവരെ സ്നാനം കഴിപ്പിക്കുക, ഭൂതത്തെ പുറത്താക്കുക, അന്യഭാഷയിൽ സംസാരിക്കുക, രോഗികളെ സൗഖ്യമാക്കുക.***

4. അപ്പൊ. 8:5–8ഉം 12ഉം വായിക്കുക. ആൾക്കാർ എന്താണ് കണ്ടത്? അവർ പ്രതികരിച്ചത് എങ്ങിനെയാണ്?

***അവർ അത്ഭുതങ്ങൾ കണ്ടു (വാക്യം 7) അവർ യേശുവിൽ വിശ്വസിച്ചു, വെള്ളത്തിൽ സ്നാനം എടുത്തു. (വാക്യം 12)***

5. അപ്പൊ. 3:12 വായിക്കുക. തന്റേതന്നെ വിശുദ്ധി അത്ഭുതങ്ങൾ ഉളവാക്കുന്നതിനേക്കുറിച്ച് അപ്പൊസ്തലനായ പത്രോസ് എന്താണ് പറഞ്ഞത്?

***അവന്റെ ഭക്തികൊണ്ടോ ശക്തികൊണ്ടോ അല്ല ആ മനുഷ്യൻ സൗഖ്യമായത്, അത് ദൈവത്തിന്റെ ശക്തിയാലാണ്.***

6. അപ്പൊ. 3:16 വായിക്കുക. അത്ഭുതങ്ങൾ എങ്ങനെ സംഭവിക്കുന്നു?

***യേശുവിന്റെ നാമത്താലും അവനിലുള്ള വിശ്വാസത്തിലും.***

7. അപ്പൊസ്തലന്മാർ അല്ലാത്തവരിൽ കൂടി അത്ഭുതങ്ങൾ ഉണ്ടായ അവസരങ്ങൾ പുതിയ നിയമത്തിൽ ഉണ്ടോ?

***ഉണ്ട്. യേശുവിന്റെ പിൻഗാമിയായ, പേരു പറഞ്ഞിട്ടില്ലാത്ത ഒരു വ്യക്തി. (മർക്കൊ. 9:38–39), ഫിലിപ്പ് (അപ്പൊ. 8:5–7), അനന്യാസ് (അപ്പൊ. 9:10–18)***

8. 1 കൊരി. 1:7 വായിക്കുക. അത്ഭുത വരങ്ങൾ എന്നു അവസാനിക്കും?

***കർത്താവായ യേശുവിന്റെ വരവിങ്കൽ, അതായത് യേശു മടങ്ങി വരുമ്പോൾ***

# ഈ പാഠത്തിൽ നിന്നും കൂടുതലായുള്ള വേദഭാഗങ്ങൾ

**മർക്കോസ് 9:38-39** – *യോഹന്നാൻ അവനോടു ഗുരോ, ഒരുവൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു. അവൻ നമ്മെ അനുഗമിക്കായ്കയാൽ ഞങ്ങൾ അവനെ വിരോധിച്ചു എന്നു പറഞ്ഞു. അതിന്നു യേശു പറഞ്ഞതു അവനെ വിരോധിക്കരുത് എന്റെ നാമത്തിൽ ഒരു വീര്യ പ്രവൃത്തി ചെയ്തിട്ടു വേഗത്തിൽ എന്നെ ദുഷിച്ചു പറവാൻ കഴിയുന്നവൻ ആരും ഇല്ല.*

**അപ്പൊ. 9:10-18** – *എന്നാൽ അനന്യാസ് എന്നൊരു ശിഷ്യൻ ദമസ്കൊസിൽ ഉണ്ടായിരുന്നു. അവനെ കർത്താവ് ഒരു ദർശനത്തിൽ അനന്യാസേ എന്നു വിളിച്ചു. കർത്താവേ, അടിയൻ ഇതാ എന്നു അവൻ വിളികേട്ടു. കർത്താവ് അവനോടു: നീ എഴുന്നേറ്റു നേർവ്വീഥി എന്ന തെരുവിൽ ചെന്നു, യൂദയുടെ വീട്ടിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്ക, അവൻ പ്രാർത്ഥിക്കുന്നു, അനന്യാസ് എന്നൊരു പുരുഷൻ അകത്തു വന്നു താൻ കാഴ്ച പ്രാപിക്കേണ്ടതിന്നു തന്റെ മേൽ കൈ വെക്കുന്നതു അവൻ കണ്ടിരിക്കുന്നു എന്നു കല്പിച്ചു. അതിന്നു അനന്യാസ് കർത്താവേ, ആ മനുഷ്യൻ യെരുശലേമിൽ നിന്റെ വിശുദ്ധന്മാർക്ക് എത്ര ദോഷം ചെയ്തു എന്നു പലരും പറഞ്ഞു ഞാൻ കേട്ടിരിക്കുന്നു. ഇവിടെയും നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരെ ഒക്കെയും പിടിച്ചു കെട്ടുവാൻ അവന്നു മഹാപുരോഹിതന്മാരുടെ അധികാര പത്രം ഉണ്ടു എന്നു ഉത്തരം പറഞ്ഞു. കർത്താവ് അവനോട് നീ പോക, അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു. എന്റെ നാമത്തിന് വേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും എന്നു പറഞ്ഞു. അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്നു അവന്റെ മേൽ കൈ വച്ചു. ശൗലേ, സഹോദരാ, നീ കാഴ്ച പ്രാപിച്ചു പരിശുദ്ധാത്മപൂർണ്ണൻ ആകേണ്ടതിന്നു നീ വന്ന വഴിയിൽ നിനക്കു പ്രത്യക്ഷനായ യേശു എന്ന കർത്താവ് എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവന്റെ കണ്ണിൽ നിന്നു ചെതുമ്പൽപോലെ വീണു, കാഴ്ച ലഭിച്ചു അവൻ എഴുന്നേറ്റു സ്നാനം ഏൽക്കയും ആഹാരം കൈക്കൊണ്ടു ബലം പ്രാപിക്കയും ചെയ്തു.*

## പാഠം – 4

# ദൈവീക ബന്ധങ്ങളുടെ ശക്തി

### *ഡോൺ ക്രോ*

ഇന്ന് നാം ദൈവിക ബന്ധങ്ങളുടെ ശക്തിയെ കുറിച്ചാണ് സംസാരിക്കുന്നത്. ആ വിഷയത്തെ കുറിച്ച് ചിന്തിക്കുമ്പോൾ, വേദപുസ്തകം മുഴുവൻ ഇതിനെ കുറിച്ച് സംസാരിക്കുന്നു. ഉദാഹരണമായി, സഭ (Church) എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം ekklesia –യുടെ അർത്ഥം "വിളിക്കപ്പെട്ടവരുടെ കൂട്ടം" എന്നാണ്. തിരുവചനത്തിൽ നോക്കുമ്പോൾ, സഭ (Church) അല്ലെങ്കിൽ ദൈവജനം ഒന്നിച്ചു കുടുവാൻ പ്രോത്സാഹിപ്പിക്കപ്പെട്ടിരിക്കുന്നു. ഒരുമിച്ച് പ്രാർഥിക്കാനും ദിവസേന പരസ്പരം ധൈര്യം പകരുവാനും പ്രേരിപ്പിക്കപ്പെട്ടിരിക്കുന്നു. അവർ ഒരുമിച്ചു നടക്കുമ്പോൾ, ദൈവിക ബന്ധങ്ങളുടെ ശക്തിയാൽ അവർ ഉത്തേജിക്കപ്പെടുന്നു. "elder' എന്ന പദം തിരുവെഴുത്തിൽ പല ഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. അല്പം പ്രായം കൂടിയ, പക്വതയുള്ള, ക്രിസ്തുവിനെ അനുകരിച്ചു ജീവിക്കുന്ന, കുടുംബത്തിലും വിവാഹത്തിലും വിജയം പ്രാപിച്ച ഒരു വ്യക്തിയെ വിവരിക്കാനാണ് "elder" എന്ന പദം ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. എന്റെ വിവാഹത്തിൽ എന്തെങ്കിലും പ്രശ്നം ഉണ്ടായിരുന്നെങ്കിൽ, ഒരു ദൈവസ്നേഹമുള്ള, വർഷങ്ങൾ കൊണ്ട് ദൈവിക ജ്ഞാനം ലഭിച്ച, ഒരാളുടെ അടുത്തു പോകാൻ ഞാൻ ആഗ്രഹിച്ചേനെ.

തിരുവഴുത്ത് ക്രിസ്തുവിന്റെ ശരീരത്തെ ഒരു ഭൗതിക ശരീരമായിട്ടും വിവരിക്കുന്നു എന്നതും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിന് കൈയും, കണ്ണും, ചെവിയും ശരീരത്തിന്റെ മറ്റു വിവിധ ഭാഗങ്ങളും ഉണ്ട്. നാം എല്ലാം ഒന്നു മറ്റൊന്നിന്റെ ഭാഗം ആകുന്നു. ആയതിനാൽ നാം, ഒന്നു മറ്റൊന്നിൽ നിന്നും ബലം പ്രാപിക്കുന്നു. നമ്മുടെ ഓരോ സന്ധിബ

ന്ധങ്ങൾക്കും ശരീരത്തിന്റെ ഓരോ അവയവങ്ങൾക്കും അതിന്റേതായ വരങ്ങളും കഴിവുകളും, ശക്തിയും ജ്ഞാനവും നൽകാനുള്ള വിധവും ഉണ്ട്.

യാക്കോബ് 5:16 ൽ വേദപുസ്തകം പറയുന്നു, *"എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു, തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവനു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു."* ദൈവിക ബന്ധങ്ങളുടെ ശക്തിയെകുറിച്ച് തിരുവെഴുത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ഒരു ഉദാഹരണം ഇതാണ്. ക്രിസ്തുവിന്റെ ശരീരത്തിൽ എന്തോ ഒന്ന് ഇല്ലാതിരിക്കുന്നു. ഒരു പക്ഷെ അത് വിശ്വാസിയുടെ പൗരോഹിത്യം ഉറപ്പിക്കുന്നതുമൂലം ദൈവവുമായി നേരിൽ ഉള്ള ഇടപെടൽ നിമിത്തവും മറ്റുള്ളവരുമായി ഇടപെടാതെ പോയതിനാൽ നമുക്ക് എന്തോ നഷ്ടപ്പെട്ടു. തമ്മിൽ തമ്മിൽ പാപങ്ങളെ ഏറ്റു പറയുന്നത് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു എനിക്ക് Dr. Loren Lewis എന്ന് പേരുള്ള ഒരു സുഹൃത്ത് ഉണ്ട്. അത് പ്രായമുള്ള ഒരു മാന്യ വ്യക്തിയാണ്, ഞങ്ങൾ ഒരുമിച്ച് വളരെയധികം സമയം ചെലവഴിച്ചിട്ടുണ്ട്. അയാൾ ഒരു ഗ്രീക്കു പണ്ഡിതനാണ്, അയാൾ ഗ്രീക്കു ഭാഷ നേരിട്ടു വായിക്കുന്നു. എനിക്ക് തിരുവെഴുത്തിലെ ഏതെങ്കിലും ഭാഗം വ്യക്തമായി മനസ്സിലാക്കാൻ കഴിയാതെ വരുമ്പോൾ, ഗ്രീക്കിൽ ആ ഭാഗത്തെ കുറിച്ച് എന്താണ് പറയുന്നതെന്ന് അറിയാൻ ഞാൻ പോയി അയാളോടു ചോദിക്കും. ഗ്രീക്കിലെ ക്രിയാപദങ്ങളുടെ കാലഭേദത്തെപ്പറ്റിയും ഞാൻ അദ്ദേഹത്തോടു ചോദിക്കും, എന്റെ ബൈബിൾ പഠനത്തിൽ അദ്ദേഹം എന്നെ ഒത്തിരി സഹായിക്കുന്നു. ഞാൻ ഇദ്ദേഹവുമായി ധാരാളം മണിക്കൂറുകൾ ചെലവഴിച്ചിട്ടുണ്ട്. അദ്ദേഹം ഒരു ജ്ഞാനിയും, നല്ല ദൈവ ഭയവുമുള്ള ആളാണ്. അദ്ദേഹത്തിന് വിജയകരമായ ഒരു വിവാഹ ബന്ധവും, ഒരു കുടുംബവും ഉണ്ട്. നമ്മൾ എല്ലാവരും നമ്മുടെ കുറ്റങ്ങൾ ഏറ്റു പറയേണ്ട അനവധി അവസരങ്ങൾ ഉണ്ട്. നാം ദൈവത്തോടു നമ്മുടെ പാപങ്ങൾ ഏറ്റു പറയണം എന്ന് വേദപുസ്തകം പറയുന്നു എന്ന് എനിക്കറിയാം. അവർക്ക് പാപങ്ങ മോചിക്കാൻ കഴിയും എന്നപോലെ മറ്റാരോടെങ്കിലും നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയണം എന്നല്ല ഞാൻ പറയുന്നത്. എന്തെന്നാൽ അതിനു നാം ദൈവത്തിങ്കലേക്കു നേരിട്ട് തന്നെ പോകണം. നമ്മുടെ ജീവിതത്തിൽ നാം കണക്കു ബോധിപ്പിക്കേണ്ടവരാണെന്നുള്ളതാണ് ഞാൻ പറഞ്ഞതിന്റെ സാരം.

ദൈവികമായ ബന്ധങ്ങൾ ഉണ്ടായിരിക്കുക എന്ന ശക്തിയാണ് കണക്കു ബോധിപ്പിക്കലിന് നമുക്ക് ആവശ്യമായതും, കർത്താവിനെ തേടാൻ നമ്മെ പ്രോത്സാഹിപ്പിക്കുവാൻ മറ്റുള്ളവർക്ക് ആവശ്യമായതുമായ ശക്തി. എബ്രായ ലേഖനത്തിൽ, ദിവസേന പരസ്പരം പ്രബോധിപ്പിക്കുവാനും, നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതിരിക്കാനും, തമ്മിൽ തമ്മിൽ പ്രോത്സാഹിപ്പിക്കാനും, പാപത്തിന്റെ വഞ്ചനയിലൂടെ ഹൃദയം കഠിനപ്പെടാതെ തമ്മിൽ തമ്മിൽ ഉത്സാഹിപ്പിക്കാനും വേദപുസ്തകം നമ്മോടു പറയുന്നു. ഇതെല്ലാം ദൈവിക ബന്ധങ്ങളുടെ പ്രാധാന്യത്തെയാണ് പരാമർശിക്കുന്നത്. അതേ സമയം ദൈവഹിതമല്ലാത്ത ബന്ധങ്ങൾ നമ്മുടെ മനസ്സിനെയും ചിന്തകളെയും ബാധിക്കുന്നതായും വേദപുസ്തകം നമുക്കു മുന്നറിയിപ്പു തരുന്നു. നമ്മൾ അറിയാതെ തന്നെ അത് നമ്മൾ ചെയ്യരുതാത്ത കാര്യങ്ങളിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു. കാരണം, നാം നമ്മെ ദൈവിക ഉപദേശത്താൽ നമ്മെ സംരക്ഷിക്കയും വലയം സൃഷ്ടിക്കയും ചെയ്തിരുന്നില്ല (സദൃശ വാക്യം 11:14, 13:20, 1 കൊരി. 15:33) വേദപുസ്തകം പറയുന്നു, *"നിങ്ങൾ അവിശ്വാസികളോടു ഇണയല്ലാപ്പിണ കൂടരുതു; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിനു ഇരുളോടു എന്തോരു കൂട്ടായ്മ? "* (2 കൊരി. 6:14)

ഈ ക്രിസ്തീയ ജീവിതത്തിൽ നാം നടക്കുമ്പോൾ, ദൈവിക ബന്ധങ്ങളാൽ വലയപ്പെടുവാനും, ചീത്തയായ കാര്യങ്ങളിലേക്ക് നമ്മെ സ്വാധീനിക്കാവുന്ന വ്യക്തികളിൽ നിന്നും ഓടിപ്പോകാനും ജാഗ്രത പാലിക്കുക. നമ്മളെ തന്നെ മൂർച്ച കൂട്ടുവാൻ സഹായിക്കുന്നതും (സദൃശ്യവാക്യം 27:17), അവരോട് കണക്കു ബോധിപ്പിക്കത്തക്കവരുമായ ദൈവ വിശ്വാസികൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാവുക എന്നത് വളരെ പ്രധാനമാണ്. ഈ കാര്യങ്ങളെപ്പറ്റി ധ്യാനിക്കാനും ചിന്തിക്കാനും തുടരുമ്പോൾ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. 1 കൊരിന്ത്യർ 15:33 വായിക്കുക. ഈ വാക്യം ബന്ധങ്ങളെക്കുറിച്ചു എന്തു ഉപദേശിക്കുന്നു?

**1 കൊരിന്ത്യർ 15:33** – *വഞ്ചിക്കപ്പെടരുത്; ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുന്നു.*

2. 1കൊരിന്ത്യർ 12:12 വായിക്കുക. നമ്മുടെ ക്രിസ്തീയ ജീവിതത്തെക്കുറിച്ച് ഈ വാക്യം എന്തു കാണിക്കുന്നു?

**1 കൊരിന്ത്യർ 12:12** – *ശരീരം ഒന്നും അതിന് അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.*

3. എബ്രായർ 10:24 വായിക്കുക. ദൈവീക ബന്ധങ്ങളെക്കുറിച്ച് എബ്രായർ 10:24 ൽ നിന്നും നമുക്ക് എന്തു പഠിക്കാം?

**എബ്രായർ 10:24-25** – *ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിച്ചിരിക്കുന്നു എന്നു കാണുംതോറും അത് അധികമധികമായി ചെയ്യേണ്ടതാകുന്നു.*

4. എബ്രായർ 10:25 വായിക്കുക. ബന്ധങ്ങളെക്കുറിച്ച് ഈ വാക്യത്തിൽ നിന്നും നമുക്ക് എന്തു പഠിക്കാം?

5. സദൃശവാക്യം 5:22-23 വായിക്കുക. ദൈവികമല്ലാത്ത ബന്ധങ്ങളിൽ നിന്നും നമ്മുടെ ഹൃദയങ്ങളെ നാം എന്തുകൊണ്ട് കാക്കണം?

**സദൃശവാക്യം 5:22-23** – *ദുഷ്ടന്റെ അകൃത്യങ്ങൾ അവനെ പിടിക്കും. തന്റെ പാപശാപങ്ങളാൽ അവൻ പിടിപെടും. പ്രബോധനം കേൾക്കായ്കയാൽ അവൻ മരിക്കും; മഹാഭോഷത്താൽ അവൻ വഴിതെറ്റിപ്പോകും.*

6. 2 തിമൊത്തി 2:22 വായിക്കുക. നാം നീതി, വിശ്വാസം, സ്നേഹം, സമാധാനം ഇവയെ ആരോടു കൂടെ പിന്തുടരണം?

**2 തിമൊത്തി 2:22** – *യൗവനമോഹങ്ങളെ വിട്ടോടി നീതിയും വിശ്വാസവും സ്നേഹവും ശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനവും ആചരിക്ക.*

7. എബ്രായർ 13:7 വായിക്കുക. നാം ആരെ ഓർക്കുകയും ആരുടെ മാതൃക പ്രകാരം ജീവക്കുകയും ചെയ്യണം?

**എബ്രായർ 13:7** – *നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ.*

# ഉത്തരസൂചിക

1. കൊരിന്ത്യർ 15:33 വായിക്കുക. ഈ വാക്യം ബന്ധങ്ങളെക്കുറിച്ചു എന്തു ഉപദേശിക്കുന്നു?

   ***ചീത്തയായ ബന്ധങ്ങൾ സൽസ്വഭാവത്തെ ചീത്തയാക്കുന്നു.***

2. 1കൊരിന്ത്യർ 12:12 വായിക്കുക. നമ്മുടെ ക്രിസ്തീയ ജീവിതത്തെക്കുറിച്ച് ഈ വാക്യം എന്തു കാണിക്കുന്നു?

   ***ഭൗതിക ശരീരം പോലെ, ക്രിസ്തുവിന്റെ ശരീരത്തിലെ മറ്റു അംഗങ്ങളെ നമുക്ക് എല്ലാവർക്കും ആവശ്യമാണ്.***

3. എബ്രായർ 10:24 വായിക്കുക. ദൈവീക ബന്ധങ്ങളെക്കുറിച്ച് എബ്രായർ 10:24 ൽ നിന്നും നമുക്ക് എന്തു പഠിക്കാം?

   ***ദൈവീക ബന്ധങ്ങളിൽ പെട്ടവർ മറ്റുള്ളവരെ സ്നേഹിക്കാനും സൽപ്രവർത്തികൾക്കും മറ്റുള്ളവരെ പ്രേരിപ്പിക്കുന്നു.***

4. എബ്രായർ 10:25 വായിക്കുക. ബന്ധങ്ങളെക്കുറിച്ച് ഈ വാക്യത്തിൽ നിന്നും നമുക്ക് എന്തു പഠിക്കാം?

   ***നാം ഒരുമിച്ചു കൂടണം, കൂട്ടായ്മ ആചരിക്കേണം, തമ്മിൽ തമ്മിൽ പ്രോത്സാഹിപ്പിക്കേണം.***

5. സദൃശവാക്യം 5:22–23 വായിക്കുക. ദൈവികമല്ലാത്ത ബന്ധങ്ങളിൽ നിന്നും നമ്മുടെ ഹൃദയങ്ങളെ നാം എന്തുകൊണ്ട് കാക്കണം?

   ***ഭോഷത്വത്താൽ വഴി തെറ്റിപോകാതിരിക്കാൻ***

6. 2 തിമൊത്തി 2:22 വായിക്കുക. നാം നീതി, വിശ്വാസം, സ്നേഹം, സമാധാനം ഇവയെ ആരോടു കൂടെ പിന്തുടരണം?

   ***ശുദ്ധഹൃദയത്തിൽ നിന്നു കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടു കൂടെ.***

7. എബ്രായർ 13:7 വായിക്കുക. നാം ആരെ ഓർക്കുകയും ആരുടെ മാതൃക പ്രകാരം ജീവക്കുകയും ചെയ്യണം?

***നമ്മോടു ദൈവവചനം പ്രസംഗിച്ചു നടത്തിയവരെ***

## പാഠം – 5

# പീഡനം

## *ഡോൺ ക്രോ*

മത്തായി 10:16–23 വാക്യങ്ങളിൽ, യേശു തന്റെ ശിഷ്യന്മാരെ എതിർപ്പിനെ നേരിടാൻ ഒരുക്കുവാൻ ആഗ്രഹിച്ചതായി കാണുന്നു. എതിർപ്പ് വരുവാൻ പോകുന്നതായി അവർ അറിയുവാൻ യേശു ആഗ്രഹിച്ചു. ദൈവീകമായ, ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള ജീവിതം നയിക്കുന്ന എല്ലാവർക്കും പീഡനം ഉണ്ടാകും (2 തിമൊത്തി 3:12). അത് നമുക്ക് ഭത്സിച്ചു മാറ്റാവുന്നതല്ല. ഒരു പക്ഷെ ശത്രു അതിന്റെ പിന്നിൽ ഉണ്ടായിരിക്കാം, എന്നിരുന്നാലും നീതിക്കായി നില്ക്കുന്നതിന്റെ ഒരു ഭാഗമാണ് പീഡനം. വേദപുസ്തകം പറയുന്നു, ക്രിസ്തുവിൽ ദൈവീകമായി ജീവിക്കുന്നവർക്ക് പീഡനം അനുഭവപ്പെടും എന്ന്. *"ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ."* (മത്തായി 10:16) എന്ന് പറഞ്ഞു കൊണ്ടാണ് യേശു ശിഷ്യന്മാരെ ഒരുക്കിയത്. (ഇംഗ്ലീഷ് ബൈബിളിൽ ഈ വാക്യത്തിന്റെ ആദ്യത്തെ വാക്ക് – Behold (കാണുക) – എന്നുള്ളത് മലയാളം ബൈബിളിൽ കൊടുത്തിട്ടില്ല). ഈ പദം പറയുന്നത് "നിങ്ങൾ ശ്രദ്ധിക്കുക, ഇത് നിങ്ങൾ ഗ്രഹിയ്ക്കേണം. ചെന്നായ്ക്കളുടെ നടുവിൽ ആടുകളെ പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു" എന്നാണ്. എനിക്കറിയാവുന്നതിൽ വച്ച്, പ്രതിരോധ ശക്തി ഏറ്റവും കുറഞ്ഞതും, മറ്റുള്ളവരെ ഏറ്റവും ആശ്രയിക്കുന്നതുമാണ് ആടുകൾ. ആടുകൾക്ക് കൂർത്ത പല്ലുകളോ, പാമ്പിനെപ്പോലെ വിഷമോ അങ്ങിനെ പ്രതിരോധിക്കുവാൻ ഒന്നും തന്നെയില്ല. ഇടയൻ അല്ലാതെ അവയ്ക്ക് യാതൊരു പ്രതിരോധവും ഇല്ല.

ഇടയന്മാരുടെ ചുമതല ആടുകളെ ചെന്നായ്ക്കളിൽ നിന്നും സംരക്ഷിക്കുക എന്നതാണ്, എന്നാൽ അതിന്റെ നേരെ എതിരാണ് യേശു പറഞ്ഞത് "ഞാൻ നിങ്ങളെ ചെന്നായ്ക്കളുടെ ഇടയിൽ ആടുകളെപ്പോലെ അയയ്ക്കുന്നു." അത് അതിശയമല്ലേ? അങ്ങിനെ പറയുന്നതിന്റെ കാരണം അവരെ എതിർപ്പിനായി അവൻ ഒരുക്കുകയായിരുന്നു. എഫെസ്യർ 6:12 പറയുന്നു, *"നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ."* എതിർപ്പുകൾ വരും. എതിർപ്പുകൾ ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമാണെന്ന് നിങ്ങൾ അറിഞ്ഞിരിക്കാൻ യേശു ആഗ്രഹിക്കുന്നു. *"ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുയുള്ളവർ ആയിരിപ്പിൻ"* (മത്തായി 10:16) എന്നു പറയുന്നതിലൂടെ യേശു നമ്മളെ അതിനായി ഒരുക്കുകയാണ്. എല്ലാ സാഹചര്യങ്ങളിലും *'ബുദ്ധി'* യുള്ളവർ ആയിരിക്കേണം. ആവശ്യമില്ലാതെ പ്രശ്നങ്ങൾ ഉണ്ടാക്കാതെ നമ്മൾ എപ്പോഴും ബുദ്ധിയുള്ളവർ ആയിരിക്കേണം. പാമ്പിനെപ്പോലെ ബുദ്ധിയും പ്രാവിനെപ്പോലെ ഉപദ്രവമില്ലാത്തവരും ആയിരിക്കേണം.

അവൻ പിന്നീടു പറയുന്നു, "മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ" (മത്തായി 10:17) ശത്രു മനുഷ്യരെ ഉപയോഗിക്കാൻ പോകുകയണ്. എഫെസ്യർ 2:2 പറയുന്നു, *"ആകാശത്തിലെ അധികാരത്തിനു അധിപതിയായ, അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന അരൂപിയും ഉണ്ട്."* നമ്മേയും, യേശു ക്രിസ്തുവിന്റെ ഉദ്ദേശങ്ങളേയും, ദൈവ വചനത്തേയും എതിക്കാൻ സാത്താൻ മനുഷ്യരെ ഉപയോഗിക്കാൻ പോകുന്നു. *"മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ, അവർ നിങ്ങളെ ന്യായാധിപസഭകളിൽ ഏല്പിക്കയും തങ്ങളുടെ പള്ളികളിൽ വച്ച് ചമ്മട്ടികൊണ്ട് അടിക്കയും ചെയ്യും"* (മത്തായി 10:17). പൗലോസ് പറഞ്ഞു, *"യേശു ക്രിസ്തുവിനേയും, യേശു ക്രിസ്തുവിന്റെ സന്ദേശത്തേയും, സുവിശേഷ സന്ദേശത്തേയും പ്രതി, ഞാൻ അഞ്ചു പ്രാവശ്യം അടിക്കപ്പെട്ടു, മുപ്പത്തി ഒമ്പത് വീതം അഞ്ചു തവണ ഞാൻ അടിക്കപ്പെട്ടു"* (2 കൊരിന്ത്യർ 11:23–24). യേശു പറഞ്ഞു, നിങ്ങൾ അധികാരികളുടെ മുമ്പിൽ കൊണ്ടുവരപ്പെടും – ചിലപ്പോൾ ഗവൺമെന്റു പോലും യേശു ക്രിസ്തുവിന്റെ ഉദ്ദേശങ്ങളെ എതിർക്കാനായി ഉപയോഗിക്കപ്പെടും. അവരുടെ സാക്ഷ്യത്തിനായോ അവർക്ക് എതിരായി

സാക്ഷ്യം ആക്കേണ്ടതിനായോ നിങ്ങൾ യേശുവിനെ പ്രതി, ഭരണ കർത്താക്കളുടെയും രാജാക്കന്മാരുടെയും മുമ്പിൽ കൊണ്ടുവരപ്പെടും.

ഞാൻ സുവിശേഷവത്കരണത്തെ കുറിച്ച് പഠിപ്പിക്കവെ, ഒരു സുവിശേഷവത്കരണ ലേഖനവും സ്വന്തം സാക്ഷ്യവും ഉപയോഗിച്ച് നഷ്ടപ്പെട്ട ജനത്തെ എങ്ങിനെ സമീപിക്കാം എന്ന് വിദ്യാർത്ഥികൾക്ക് പറഞ്ഞു കൊടുത്തു. ഞാൻ തന്നെ ഒരു കത്ത് എഴുതി ഏകദേശം 50 – 100 പേർക്ക് അത് അയച്ചു. രണ്ടു ദിവസത്തിനുശേഷം ആ സ്ഥലത്തു നിന്നുമുള്ള മേരി ആൻ എന്നുപേരുള്ള ഒരു സ്ത്രീ എന്നെ ടെലഫോണിൽ വിളിച്ചു. അവർ എന്നോടു പറഞ്ഞു "നീ ഇതിൽ നിന്നും ഒഴിഞ്ഞു പോകാൻ പോകുന്നില്ല. നിനക്ക് യേശു ക്രിസ്തുവിനെ കുറിച്ച് എന്നോടു പറയാൻ സാധ്യമല്ല. നിനക്ക് എന്റെ പേര് എവിടെ നിന്നാണ് ലഭിച്ചത്?" ഞാൻ പറഞ്ഞു, ''എനിക്ക് ഫോൺ ബുക്കിൽ നിന്നാണ് നിങ്ങളുടെ പേര് ലഭിച്ചത്.'' അവർ പറഞ്ഞു, ''നീ കള്ളം പറയുകയാണ്. എന്റെ പേരും മേൽവിലാസവും ഫോൺ ബുക്കിൽ ഇല്ല." ഞാൻ പറഞ്ഞു, "അവിടെ നിന്നു തന്നെയാണ് എനിക്ക് കിട്ടിയത്." അവർ പറഞ്ഞു, "നാളെ പോലീസ് നിങ്ങളുമായി ബന്ധപ്പെടും." ഞാൻ സ്വയം ഇങ്ങിനെ ചിന്തിച്ചു, *വേദപുസ്തകം ശരിക്കും സത്യമാണോ?* അവർ പറഞ്ഞതു പോലെ പോലീസ് അടുത്ത ദിവസം ഞാനുമായി ബന്ധപ്പെടുകയും രണ്ടു മണിക്കൂറോളം എന്നെ ചോദ്യം ചെയ്യുകയും ചെയ്തു.

ഞാൻ പറയുന്നത് നിങ്ങൾക്ക് മനസ്സിലാകുന്നുവോ? കുറ്റവാളികൾ തെരുവിൽ ഉള്ളപ്പോൾ, പോലീസ് അവരുടെ രണ്ടു മണിക്കൂർ പാഴാക്കി. എന്തിന്? യേശുവിന്റെ നാമത്തിന് വേണ്ടി, സുവിശേഷത്തിന്റെ പേരിൽ. ദൈവവചനം ശരിക്കും സത്യമാണോ? നിങ്ങൾ ദൈവവചനത്തിൽ ഉറച്ചു നിന്നാൽ, സാക്ഷ്യം പറയുവാൻ ധൈര്യം ഉണ്ടെങ്കിൽ, യേശുവിന്റെ നാമം ഘോഷിക്കുവാൻ ധൈര്യം ഉണ്ടെങ്കിൽ, മനുഷ്യരുടെ മുമ്പിൽ നീതി ജീവിതം നയിക്കാൻ ധൈര്യം ഉണ്ടെങ്കിൽ, എതിർപ്പുകൾ ഉണ്ടാകും. ദുഷ്ടതയുടെ ശക്തികൾ ഉണ്ട്, നന്മയുടെ ശക്തികളും ഉണ്ട്. തന്റെ ശിഷ്യന്മാർ തയ്യാറായിരിക്കുവാൻ യേശു ആഗ്രഹിച്ചു.

മത്തായി 10:19 –ൽ യേശു പറഞ്ഞു, *"എന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങനെയോ എന്തോ പറയേണ്ടു എന്നു വിചാരപ്പെടേണ്ട, പറവാനുള്ളതു ആ നാഴികയിൽ തന്നേ നിങ്ങൾക്കു ലഭിക്കും."* ദൈവത്തിന്റെ

ആത്മാവ് കടെയുള്ളതിനാൽ, സ്തേഫാനോസിനെപ്പോലെ നിങ്ങൾക്ക് ജ്ഞാനം ലഭിക്കും. ഏതു ജ്ഞാനത്താൽ അവൻ സംസാരിച്ചുവോ, അതു കൈകാര്യം ചെയ്യാൻ ആളുകൾക്കു സാധിച്ചില്ല. വാക്യങ്ങൾ 22–23 ൽ യേശു പറയുന്നു, *"എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും, അവസാനത്തോളം സഹിച്ചു നില്ക്കുന്നവനോ രക്ഷിക്കപ്പെടും. എന്നാൽ ഒരു പട്ടണത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ."* നിങ്ങൾ വചനം കേൾക്കുന്നവർ മാത്രമല്ലാതെ, പ്രാവർത്തികമാക്കുന്നവർ ആയാൽ, നീതീക്കും, യേശു ക്രിസ്തുവിന്റെ ഉദ്ദേശങ്ങൾക്കും എതിരായ എതിർപ്പ് ഒരു യാഥാർത്ഥ്യം ആകുന്നു.

ഞാൻ കുറെ നാൾ മുമ്പ് ഒരു പാർക്കിൽ ഇരിക്കുകയായിരുന്നു. ഒരു ഊഞ്ഞാലിൽ അല്പം പ്രായം ഉള്ള ഒരു സ്ത്രീ ഇരിക്കുന്നത് ഞാൻ കണ്ടു. ഞാൻ സ്വയം ചിന്തിച്ചു, *അവർ ഉപദ്രവകാരിയല്ല. അവർക്ക് എന്നെ ഉപദ്രവിയ്ക്കാൻ കഴിവില്ല!* അവളുടെ അനുവാദത്തോടെ ഞാനും ആ ഊഞ്ഞാലിൽ ഇരുന്നു, അവളുമായി ഒരു സംഭാഷണം ആരംഭിച്ചു. അവളുടെ പേര് Jane എന്നാണെന്നു ഞാൻ മനസ്സിലാക്കി, ഞാൻ ചോദിച്ചു, "ജെയിൻ, നിങ്ങൾ എന്തു ചെയ്യുന്നു?" അവർ പറഞ്ഞു, "ഞാൻ ഒരു പ്രായമുള്ള സ്ത്രീയാണ്. ഞാൻ ഇപ്പോൾ ജോലി ഒന്നും ചെയ്യുന്നില്ല. ഞാൻ ജോലിയിൽ നിന്നും വിരമിച്ച ആൾ ആണ്." എന്നിട്ട് അവർ എന്നോടു ചോദിച്ചു, "നിങ്ങൾ എന്തു ചെയ്യുന്നു?" ഞാൻ പറഞ്ഞു, "ഞാൻ സഭയുമായി ബന്ധപ്പെട്ട ഒരു സംഘടനയിൽ പ്രവർത്തിക്കുന്നു." പെട്ടെന്ന് അവളുടെ മുഖഭാവം മാറി. അവൾ പറഞ്ഞു, "ദൈവത്തെ കുറിച്ച് എന്നോടു പറഞ്ഞേക്കരുത്! യേശുവിനെ കുറിച്ച് എന്നോടു പറഞ്ഞേക്കരുത്." ഞാൻ പറഞ്ഞു, "ജെയിൻ, നിങ്ങൾ ആ വിധത്തിൽ സംസാരിക്കരുത്." അവർ പറഞ്ഞു, "യേശു ക്രിസ്തു എന്റെ മുമ്പിൽ ഉണ്ടായിരുന്നെങ്കിൽ, അവന്റെ മഖത്തു ഞാൻ തുപ്പിയേനെ." ഞാൻ പറഞ്ഞു, "ജെയിൻ! നിങ്ങൾ അതുപോലെയുള്ള കാര്യങ്ങൾ സംസാരിക്കരുത്! അങ്ങനെ സംസാരിക്കുന്നതിന്, സഭകളിൽ നിന്നും വളരെപ്പേർ നിങ്ങളെ വേദനിപ്പിച്ചിട്ടുണ്ടാകാം. ജെയിൻ നിങ്ങൾ അങ്ങിനെ സംസാരിക്കരുത്. ഞാൻ എന്റെ കുടുംബത്തെ കുറിച്ച് പറയട്ടെ." അവർ പറഞ്ഞു, വേണ്ട! ഞാൻ പറഞ്ഞല്ലോ നിങ്ങൾ എന്നോടു സംസാരിക്കേണ്ട എന്ന്. നിങ്ങൾ യേശു ക്രിസ്തുവിനെ കുറിച്ചും ദൈവം നിങ്ങളുടെ കുടുംബത്തിൽ എന്താണ് ചെയ്തതെന്നും ഒക്കെ പറയാൻ പോകയായിരിക്കും. പക്ഷെ ഞാൻ നിങ്ങളെ അതിന് അനുവദിക്കയില്ല."

ഞാൻ പറഞ്ഞു, "ജെയിൻ, എനിക്ക് യേശുവിനെ കുറിച്ച് നിങ്ങളോടു സംസാരിക്കേണ്ടിയിരിക്കുന്നു, ദയവായി അനുവദിക്കൂ." അവർ പറഞ്ഞു, "ഇല്ല! നിങ്ങൾ മിണ്ടിപ്പോകരുത്!"

അവൾക്ക് തുടലിട്ട ഒരു ചെറിയ നായ്കുട്ടി ഉണ്ടായിരുന്നു. അവർ അതിനെയും വലിച്ചുകൊണ്ടു അവിടുന്നു പോയി. അനുസരണക്കേടിന്റെ ആത്മാവ് അവളിൽ ഉയർന്നതിനാൽ, നിയന്ത്രണം വിട്ട ഒരു സ്ത്രീ ആയിരുന്നു അവൾ. അവൾ ശത്രുവിനാൽ നിയന്ത്രിക്കപ്പെട്ടവൾ ആയിരുന്നു. ഞാൻ ചിന്തിച്ചു, *മറ്റുള്ളവർ എന്നോടു അലറുന്നതുമായി എനിക്ക് പരിചയം ഇല്ലല്ലോ. എന്റെ മുഖത്തുനോക്കി ആൾക്കാർ ദേഷ്യപ്പെടുന്നതുമായ അവസ്ഥ എനിക്ക് അത്ര പരിചയം ഇല്ലല്ലോ.* പക്ഷെ ജെയിനിനോട് എനിക്ക് ദയയും സ്നേഹവും മാത്രമെ ഉണ്ടായിരുന്നുള്ളൂ. അവൾ നിയന്ത്രണം വിട്ടു എങ്കിലും എനിക്ക് നിയന്ത്രിക്കാൻ കഴിഞ്ഞു. ഞാൻ വീട്ടിൽ പോയി പറഞ്ഞു "ദൈവമേ നിനക്കറിയാമോ, ഏറ്റവും വലിയ അത്ഭുതം ഞാൻ നിയന്ത്രണത്തിലായിരുന്നു എന്നുള്ളതാണ്. ആരെങ്കിലും എനിക്കെതിരായിരുന്നെങ്കിലും, എനിക്ക് അവരോടു സ്നേഹവും മനസ്സലിവും മാത്രമാണ് ഉണ്ടായിരുന്നത്."

നാം യേശുവിന്റെ നാമത്തിൽ പുറത്തു പോകുമ്പോൾ, പീഡനവും എതിർപ്പും ഉണ്ടാകും. അവനുവേണ്ടി നാം തള്ളപ്പെടുമ്പോഴും, നമുക്ക് അവന്റെ നാമം പ്രസ്താവിക്കുവാൻ ധൈര്യം തരുന്ന ദൈവത്തിന്റെ ആത്മാവ് തന്നെ, നമുക്ക് ആശ്വാസവും ബലവും ഏത് അവസ്ഥയിലും തരും.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. 2 തിമൊത്തി. 3:12 വായിക്കുക. ക്രിസ്തുവിൽ ഭക്തിയോടെ ജീവിക്കുന്നവർക്ക് എന്ത് അനുഭവപ്പെടും?

**2 തിമൊത്തി. 3:12** – *എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം (പീഢനം) ഉണ്ടാകും.*

2. 'പീഡനം' എന്നത് എങ്ങിനെ നിർവ്വചിക്കാം?

3. മർക്കൊസ് 4:16–17 വായിക്കുക. ഉപദ്രവവും പീഡയും എന്തിനു വേണ്ടി വരുന്നു?

**മർക്കൊസ് 4:16–17** – *അങ്ങനെതന്നെ പാറസ്ഥലത്തു വിതച്ചതു വചനം കേട്ടയുടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവർ; എങ്കിലും അവർ ഉള്ളിൽ വേരില്ലാതെ ക്ഷണികന്മാർ ആകുന്നു; വചനം നിമിത്തം ഉപദ്രവമോ പീഡയോ ഉണ്ടായാൽ ക്ഷണത്തിൽ ഇടറിപ്പോകുന്നു.*

4. അപ്പൊ. 8:1–ഉം 4–ഉം വായിക്കുക. യരുശലേമിലെ പീഡനനത്തിന്റെ ഫലമായി എന്തു ഭവിച്ചു?

**അപ്പൊ. 8:1** – *അവനെ കൊലചെയ്തത് ശൗലിന് സമ്മതമായിരുന്നു. അന്നു യെരുശലേമിലെ സഭയ്ക്ക് ഒരു വലിയ ഉപദ്രവം നേരിട്ടു; അപ്പൊസ്തലന്മാർ ഒഴികെ എല്ലാവരും യെഹൂദ്യ, ശമര്യ ദേശങ്ങളിൽ ചിതറിപ്പോയി.*

**അപ്പൊ. 8:4** – *ചിതറിപ്പോയവർ വചനം സുവിശേഷിച്ചും കൊണ്ട് അവിടവിടെ സഞ്ചരിച്ചു.*

5. മത്തായി 5:10–12 വായിക്കുക. ______________________ പീഡിപ്പിക്കപ്പെട്ടവർക്ക് അനുഗ്രഹം ലഭിക്കും.

**മത്തായി 5:10–12** – *നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവർക്കുള്ളത്, എന്റെ നിമിത്തം നിങ്ങളെ പഴിക്കയും*

*ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ.*

6. മത്തായി 5:12 വായിക്കുക. നീതി നിമിത്തം പീഡിപ്പിക്കപ്പെട്ടവർക്ക് ഭാവിയിൽ എന്തു പ്രതീക്ഷിക്കാൻ വകയുണ്ട്?

7. അപ്പൊ. 9:4–5 വായിക്കുക. ശൗൽ ആരെയാണ് പീഡിപ്പിച്ചുകൊണ്ടിരുന്നത്?

**അപ്പൊ. 9:4–5** – *അവൻ നിലത്ത് വീണു; ശൗലേ ശൗലേ നീ എന്നെ ഉപദ്രവിക്കുന്നത് എന്ത് എന്ന് തന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു. നീ ആരാകുന്നു, കർത്താവേ, എന്ന് അവൻ ചോദിച്ചതിന് നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.*

8. അപ്പൊ. 9:1 വായിക്കുക. യഥാർത്ഥത്തിൽ ശൗൽ ആരെയാണ് ഉപദ്രവിച്ചു കൊണ്ടിരുന്നത്?

**അപ്പൊ. 9:1** – *ശൗൽ കർത്താവിന്റെ ശിഷ്യന്മാരുടെ നേരേ ഭീഷണിയും കൊലയും നിശ്വസിച്ചുകൊണ്ടു മഹാപുരോഹിതന്റെ അടുക്കൽ ചെന്നു.*

9. ഗലാത്യർ 6:12 വായിക്കുക. ഗലാത്യ ലേഖനത്തിലെ യഹൂദവാദികൾ മതാനുഷ്ഠാനങ്ങൾ പാലിക്കുന്നതിനെ സുവിശേഷത്തോട് കൂട്ടിച്ചേർക്കുവാൻ തുടങ്ങി. അതുവഴി എന്താണ് അവർ ഒഴിവാക്കിയത്?

**ഗലാത്യർ 6:12** – *ജഡത്തിൽ സുമുഖം കാണിപ്പാൻ ഇച്ഛിക്കുന്നവരൊക്കെയും ക്രിസ്തുവിന്റെ ക്രൂശുനിമിത്തം ഉപദ്രവം സഹിക്കാതിരിക്കേണ്ടതിനു മാത്രം നിങ്ങളെ പരിച്ഛേദന ഏല്പാൻ നിർബന്ധിക്കുന്നു.*

# ഉത്തരസൂചിക

1. 2 തിമൊത്തി. 3:12 വായിക്കുക. ക്രിസ്തുവിൽ ഭക്തിയോടെ ജീവിക്കുന്നവർക്ക് എന്ത് അനുഭവപ്പെടും?

   ***പീഢനം***

2. 'പീഡനം' എന്നത് എങ്ങിനെ നിർവ്വചിക്കാം?

   ***ഉപദ്രവിക്കപ്പെടുക, വിശ്വാസം നിമിത്തം പീഡിപ്പിക്കപ്പെടുക.***

3. മർക്കൊസ് 4:16–17 വായിക്കുക. ഉപദ്രവവും പീഡയും എന്തിനു വേണ്ടി വരുന്നു?

   ***വചനത്തെപ്രതി, അതായത് വചനം എടുത്തു മാറ്റാൻ***

4. അപ്പൊ. 8:1–ഉം 4–ഉം വായിക്കുക. യരുശലേമിലെ പീഡനനത്തിന്റെ ഫലമായി എന്തു ഭവിച്ചു?

   ***വചനം പ്രസംഗിച്ച് കൊണ്ടു ആൾക്കാർ എല്ലായിടത്തും പോകാൻ തുടങ്ങി***

5. മത്തായി 5:10–12 വായിക്കുക. ______________________ പീഡിപ്പിക്കപ്പെട്ടവർക്ക് അനുഗ്രഹം ലഭിക്കും.

   ***നീതി നിമിത്തം***

6. മത്തായി 5:12 വായിക്കുക. നീതി നിമിത്തം പീഡിപ്പിക്കപ്പെട്ടവർക്ക് ഭാവിയിൽ എന്തു പ്രതീക്ഷിക്കാൻ വകയുണ്ട്?

   ***സ്വർഗ്ഗത്തിൽ വലിയ പ്രതിഫലം***

7. അപ്പൊ. 9:4–5 വായിക്കുക. ശൗൽ ആരെയാണ് പീഢിപ്പിച്ചുകൊണ്ടിരുന്നത്?

   ***യേശുവിനെ***

8. അപ്പൊ. 9:1 വായിക്കുക. യഥാർത്ഥത്തിൽ ശൗൽ ആരെയാണ് ഉപദ്രവിച്ചു കൊണ്ടിരുന്നത്?

***കർത്താവിന്റെ ശിഷ്യന്മാരെ (ക്രിസ്ത്യാനികളെ)***

9. ഗലാത്യർ 6:12 വായിക്കുക. ഗലാത്യ ലേഖനത്തിലെ യഹൂദവാദികൾ മതാനുഷ്ഠാനങ്ങൾ പാലിക്കുന്നതിനെ സുവിശേഷത്തോട് കൂട്ടിച്ചേർക്കുവാൻ തുടങ്ങി. അതുവഴി എന്താണ് അവർ ഒഴിവാക്കിയത്?

***ക്രിസ്തുവിന്റെ ക്രൂശിനു വേണ്ടി കഷ്ടം അനുഭവിക്കുക. വേറെ വാക്കുകളിൽ പറഞ്ഞാൽ, ദൈവകൃപ മുഖാന്തിരം, ക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രം ലഭിക്കുന്ന രക്ഷയെക്കുറിച്ച് പ്രസംഗിച്ചാൽ ഉണ്ടാകാവുന്ന പീഢനത്തെ അവർ ഒഴിവാക്കി.***

പാഠം - 6

# രാജാവും അവന്റെ രാജ്യവും

## *ഡോൺ ക്രോ*

പഴയ നിയമത്തിൽ, യിസ്രായേലിനെ മറ്റുള്ള രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമാക്കിയത് ഒരു ദൈവാധിപത്യമാണ്. അതായത് ദൈവം നേരിട്ട് അവരെ ഭരിക്കുകയായിരുന്നു (യെശ 43:15). പിന്നീട് യിസ്രായേലിന്റെ ചരിത്രത്തിൽ, ലോകത്തിലെ മറ്റു രാജ്യങ്ങളെപ്പോലെ അവരും ഒരു ഭൗമിക രാജാവിനാൽ ഭരിക്കപ്പെടുവാൻ താല്പര്യപ്പെട്ടു (1 ശമുവേൽ 8:5–19). ആയതിനാൽ ദൈവം അവരുടെ അപേക്ഷ പ്രകാരം ശൗലിനെ അവർക്ക് രാജാവായി തിരഞ്ഞെടുത്തു (1 ശമുവേൽ 10: 24–25). പിന്നീട്, ശൗലിന്റെ അനുസരണക്കേടു നിമിത്തം, ദൈവഹൃദയ അനുയായി ആയ ദാവീദിനെ രാജാവായി ദൈവം ഉയർത്തി. (അപ്പോ.പ്രവൃത്തികൾ 13:21 –22), 1 രാജാക്കന്മാർ 15:3)

രാജാവ് അദൃശ്യനായ ദൈവത്തിന്റെ ദൃശ്യനായ പ്രതിനിധി ആയിരിക്കണമായിരുന്നു (ആവർത്തന പുസ്തകം 17:14–20). രാജാവ് കർത്താവിനെ അനുസരിക്കുമ്പോൾ, രാജാവും രാജ്യവും അഭിവൃദ്ധി പ്രാപിക്കും. രാജാവ് കർത്താവിനെ അനുസരിക്കാൻ പരാജയപ്പെടുമ്പോൾ, രാജാവും രാജ്യവും അടിമത്വത്തിലേക്കും നാശത്തിലേക്കും പോകും (1 ശമുവേൽ 15:22–23)

ദൈവം ഒരു രാജാവിനെ തിരഞ്ഞെടുക്കുമ്പോൾ, ആ രാജാവിനെ എണ്ണ കൊണ്ട് അഭിഷേകം ചെയ്യാനായി ഒരു പ്രവാചകനെ അയയ്ക്കും. പരിശുദ്ധാത്മാവ് ആ രാജാവിനെ ശക്തീകരിക്കുന്നതിന്റെയും ഭരിക്കാനായി അഭിഷേകം ചെയ്യുന്നതിന്റെയും സൂചനയാണിത്. ഈ സമയം ദൈവത്തിന്റെ ആത്മാവ് ആ വ്യക്തിയുടെ മേൽ

വന്ന്, ദൈവം അവന്റെ കൂടെ ഉള്ളതിനാൽ, നീതിയിൽ ഭരിക്കാനായി അവന്റെ ഹൃദയത്തെ മാറ്റും (1 ശമുവേൽ 10:1, 6–7, 9). ഭരിക്കാനുള്ള (രാജാവായിരിക്കാനുള്ള) ഈ അഭിഷേകത്തിൽ നിന്നാണ് മിശിഹാ എന്ന ആശയം വരുന്നത്. "anointed" എന്നതിന്റെ എബ്രായപദം Mashiac (Messiah) എന്നാണ്. ഗ്രീക്കുഭാഷയിൽ അതിന്റെ തർജ്ജിമ Christos (Christ) എന്നാണ്. പഴയ നിയമ പ്രവാചകന്മാർ പ്രവചിച്ചത്, ഭാവിയിൽ മശിഹാ (അഭിഷിക്തൻ) വരും എന്നും, സ്വർഗ്ഗസ്ഥനായ ദൈവം, ഒരിക്കലും നശിപ്പിക്കപ്പെടുകയില്ലാത്ത ഒരു രാജ്യം ക്രമീകരിക്കും എന്നും ആകുന്നു (ദാനിയേൽ 2:44, 7:14, 7:27). രാജ്യത്തെപ്പറ്റി പറയുമ്പോൾ യേശു എന്താണ് അർത്ഥമാക്കിയതെന്ന് യേശു യഹൂദന്മാരോടു ഒരിക്കലും വിശദമാക്കിയിരുന്നില്ല എന്നു തിരുവെഴുത്തു ശ്രദ്ധിച്ചാൽ മനസ്സിലാക്കാം. അത് അവർ പ്രതീക്ഷിച്ചു കൊണ്ടിരുന്ന ഒരു പഴയ നിയമ ആശയം ആകുന്നു. (ഏശയ്യ 9:6–7, 11:1–6; ഡാനിയേൽ 2:44, 7:13–14, 18 & 27).

ഈ രാജ്യത്തെക്കുറിച്ച് ഒരു അടിസ്ഥാനപരമായ അറിവില്ലാതെ യേശുവിന്റെ സന്ദേശം മനസ്സിലാക്കാൻ സാധ്യമല്ല. രാജ്യത്തെ കുറിച്ചുള്ള സന്ദേശമാണ് യേശു പറഞ്ഞത് തന്റെ ശിഷ്യന്മാരെയും അതു പ്രസംഗിക്കുവാനാണ് ഉപദേശിച്ചത (മർക്കോസ് 1:14–15, ലൂക്കോസ് 9:1–2, അപ്പോ. പ്രവർത്തികൾ 28:23–31, ലൂക്കോസ് 16:16, മത്തായി 24:14). ഈ സന്ദേശത്തെ 'രക്ഷ' അല്ലെങ്കിൽ 'നിത്യജീവന്റെ' വാഗ്ദാനം എന്നും കൂടി പരാമർശിക്കപ്പെട്ടിരുന്നു (എബ്രായർ 2:3, മത്തായി 19:16 ഉം 19:23 മായി താരതമ്യപ്പെടുത്തുക, അപ്പോ പ്രവർത്തികൾ 28:23–24, 28, 30–31). "ദൈവത്തിന്റെ രാജ്യം" എന്ന വാക്കുകളിൽ, ദൈവത്താൽ ഭരിക്കപ്പെടുന്ന ഒരു ജനസമൂഹം എന്ന ആശയം ഉൾക്കൊണ്ടിരിക്കുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ചില വ്യവസ്ഥകൾ പാലിക്കേണ്ടതായിട്ടുണ്ട്. ഹൃദയത്തിൽ ഒരു മാറ്റം ആവശ്യമാണ്. ഹൃദയത്തിന്റെ ഈ മാറ്റത്തെയാണ് വേദപുസ്തകം മാനസാന്തരം എന്നു പറയുന്നത്. അത് ദൈവത്തിങ്കലേക്കുള്ള ഒരു ഹൃദയ മാറ്റമാണ്; അതായത് സാത്താനിൽ നിന്നും പാപത്തിൽ നിന്നും പാപ വഴികളിൽ നിന്നും ദൈവത്തിങ്കലേക്കും ക്രിസ്തുവിങ്കലേക്കും ക്രിസ്തുവിന്റെ മാർഗ്ഗത്തിലേക്കും തിരിയുക. അങ്ങിനെ ഒരു വ്യക്തി തിരിയുമ്പോൾ, ദൈവം (യേശു ചൊരിഞ്ഞ രക്തത്തിലൂടെയുള്ള ഒരു ദാനമായി) പാപക്ഷമയും നിത്യ ജീവനും കൊടുക്കുന്നു. (റോമർ 6:23) ഈ "നല്ല വാർത്ത"യെ "കൃപയുടെ സുവിശേഷം" അല്ലെങ്കിൽ

"ദൈവരാജ്യ"ത്തെ കുറിച്ചു പ്രസംഗിക്കൽ എന്നൊക്കെ പറയുന്നു. (അപ്പൊ. പ്രവർത്തികൾ 20:24–25). ദൈവത്തിന്റെ രാജ്യം കൃപയാൽ സവിശേഷമാക്കപ്പെട്ടിരിക്കുന്നു (മത്തായി 20:1–16). അത്, നിശബ്ദമായും ഗൂഢമായും യേശുവിന്റെ ശുശ്രൂഷയിൽ വന്നിരിക്കുന്നു (മത്തായി 13:33). ഭാവിയിൽ, ഒരു നാളിൽ, അത് മഹത്വകരമായും കാണപ്പെടുന്ന രീതിയിൽ പൂർത്തീകരണമായും വരും (മത്തായി 13:36–43).

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാകൃങ്ങളും

1. ദാനിയേൽ 2:44 വായിക്കുക. ഭാവിയിൽ മശിഹാ (അഭിഷക്തൻ) വരികയും, സ്വർഗ്ഗസ്ഥനായ ദൈവം സ്ഥാപിക്കയും ചെയ്യുമെന്നു പഴയനിയമ പ്രവാചകന്മാർ പ്രവചിച്ച രാജ്യം:

   A. 1000 വർഷം നില നിൽക്കും
   B. ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല
   C. താല്ക്കാലികമായിരിക്കും

**ദാനിയേൽ 2:44** – *ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗസ്ഥനായ ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറെ ഒരു ജാതിക്ക് ഏല്പിക്കപ്പെടുകയില്ല; അത് ഈ രാജത്വങ്ങളെയൊക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനില്ക്കയും ചെയ്യും.*

2. മത്തായി 4:17, 23 വായിക്കുക. യേശുവിന്റെ സന്ദേശം എന്തായിരുന്നു?

**മത്തായി 4:17** – *അന്നുമുതൽ യേശു സ്വർഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചു തുടങ്ങി.*

**മത്തായി 4:23** – *വായിക്കുക. പിന്നെ യേശു ഗലീലയിലൊക്കെയും ചുറ്റി സഞ്ചരിച്ചുകൊണ്ട് അവരുടെ പള്ളികളിൽ ഉപദേശിക്കയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയെയും സൗഖ്യമാക്കുകയും ചെയ്തു.*

3. മർക്കൊസ്. 1:14–15 വായിക്കുക. യേശു ________________ സുവിശേഷം പ്രസംഗിച്ചു

**മർക്കൊസ്. 1:14–15** – *എന്നാൽ യോഹന്നാൻ തടവിൽ ആയശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു; കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു.*

4. ലൂക്കൊസ് 4:43 വായിക്കുക. യേശുവിനെ ദൈവം അയച്ചതു ____________________

**ലൂക്കൊസ് 4:43** – *അവൻ അവരോട് ഞാൻ മറ്റുള്ള പട്ടണങ്ങളിലും ദൈവരാജ്യം സുവിശേഷിക്കേതാകുന്നു. ഇതിനായിട്ടല്ലോ എന്നെ അയച്ചിരിക്കുന്നത് എന്നു പറഞ്ഞു.*

5. യോഹന്നാൻ 4:25 വായിക്കുക. തിരുവെഴുത്തിൽ, രാജ്യത്തെക്കുറിച്ച് സംസാരിച്ചപ്പോൾ താൻ അർത്ഥമാക്കിയതെന്തെന്ന് യേശു യഹൂദന്മാരോട് ഒരിക്കലും വിശദീകരിച്ചില്ല. അത് ഒരു പഴയനിയമ ആശയം ആയിരുന്നു. അവർ:

   A. അതിനേപ്പറ്റി കാര്യമായി അറിഞ്ഞിരുന്നില്ല
   B. അത് ഒരിക്കലും വരികയില്ല എന്ന് ചിന്തിച്ചു
   C. അതിന് വേണ്ടി കാത്തിരിക്കയായിരുന്നു

**യോഹന്നാൻ 4:25** – *സ്ത്രീ അവനോട് : മശീഹാ – എന്നു വച്ചാൽ ക്രിസ്തു – വരുന്നു എന്നു ഞാൻ അറിയുന്നു. അവൻ വരുമ്പോൾ സകലവും അറിയിച്ചുതരും എന്നു പറഞ്ഞു.*

6. ലൂക്കൊസ് 9:1–2 വായിക്കുക. ശിഷ്യന്മാർ ചെയ്ത 3 കാര്യങ്ങൾ എന്തൊക്കെയാണ്?

**ലൂക്കൊസ് 9:1–2** – *അവൻ പന്തിരുവരെ അടുക്കൽ വിളിച്ചു സകല ഭൂതങ്ങളുടെമേലും വ്യാധികളെ സൗഖ്യമാക്കുവാനും അവർക്കു ശക്തിയും അധികാരവും കൊടുത്തു; ദൈവരാജ്യം പ്രസംഗിപ്പാനും രോഗികൾക്കു സൗഖ്യം വരുത്തുവാനും അവരെ അയച്ചു പറഞ്ഞത്;*

7. ലൂക്കൊസ് 10:1–2, 8–9 വായിക്കുക. ആ 70 പേരോട് എന്തു സന്ദേശം പ്രസംഗിക്കാനാണ് യേശു പറഞ്ഞത്?

**ലൂക്കൊസ് 10:1–2** – *അനന്തരം കർത്താവ് വേറേ എഴുപതുപേരെ നിയമിച്ചു. താൻ ചെല്ലുവാനുള്ള ഓരോ പട്ടണത്തിലേക്കും സ്ഥലത്തിലേക്കും അവരെ തനിക്കു മുമ്പായി ഈരണ്ടായി അയച്ചു. അവരോട് പറഞ്ഞത്: കൊയ്ത്തു വളരെ ഉണ്ട് സത്യം; വേലക്കാരോ ചുരുക്കം; ആകയാൽ*

*കൊയ്ത്തിന്റെ യജമാനനോട് തന്റെ കൊയ്ത്തിനു വേലക്കാരെ അയയ്ക്കേണ്ടതിന് അപേക്ഷിപ്പിൻ.*

**ലൂക്കൊസ് 10:8–9** – *അതിലെ രോഗികളെ സൗഖ്യമാക്കി, ദൈവരാജ്യം നിങ്ങൾക്കു സമീപിച്ചുവന്നിരിക്കുന്നു എന്ന് അവരോടു പറവിൻ.*

8. ലൂക്കൊസ് 23:2 വായിക്കുക. യഹൂദന്മാരുടെ സ്വന്തം നിർവ്വചനപ്രകാരം "ക്രിസ്തു" എന്ന പദത്തിന്റെ അർത്ഥം ____________________

**ലൂക്കൊസ് 23:2** – *ഇവൻ ഞങ്ങളുടെജാതിയെ മറിച്ചുകളകയും താൻ ക്രിസ്തു എന്ന രാജാവാകുന്നു എന്നുപറഞ്ഞുകൊണ്ട് കൈസർക്കു കരം കൊടുക്കുന്നതു വിരോധിക്കയും ചെയ്യുന്നതായി ഞങ്ങൾ കണ്ടു എന്നു കുറ്റം ചുമത്തിതുടങ്ങി.*

9. അപ്പൊ. 17:7 വായിക്കുക. റോമിലെ നിയമത്തിനു വിരുദ്ധമായി, ____________________ എന്ന വേറൊരു ____________________ ഉണ്ടെന്നു പൗലൊസ് അപ്പൊസ്തലൻ പഠിപ്പിച്ചു എന്നു യഹൂദന്മാർ പറഞ്ഞു.

**അപ്പൊ. 17:7** – *യാസോൻ അവരെ കൈക്കൊണ്ടിരിക്കുന്നു. അവർ ഒക്കെയും യേശു എന്ന മറ്റൊരുവൻ രാജാവു എന്നുപറഞ്ഞുകൊണ്ട് കൈസരുടെ നിയമങ്ങൾക്കു പ്രതികൂലമായി പ്രവർത്തിക്കുന്നു എന്നു നിലവിളിച്ചു.*

10. അപ്പൊ. 19:8–10 വായിക്കുക. പൗലൊസ് പ്രാഗത്ഭ്യത്തോടെ സംവാദിച്ചും സമ്മതിപ്പിച്ചും കൊണ്ട് ____________________. കുറിച്ചു സംസാരിച്ചു പോന്നു.

**അപ്പൊ. 19:8–10** – *പിന്നെ അവൻ പള്ളിയിൽ ചെന്നു ദൈവരാജ്യത്തെക്കുറിച്ചു സംവാദിച്ചും സമ്മതിപ്പിച്ചും കൊണ്ടു മൂന്നു മാസത്തോളം പ്രാഗല്ഭ്യത്തോടെ പ്രസംഗിച്ചു. എന്നാൽ ചിലർ കഠിനപ്പെട്ട് അനുസരിക്കാതെ പുരുഷാരത്തിന്റെ മുമ്പാകെ ഈ മാർഗത്തെ ദുഷിച്ചപ്പോൾ അവൻ അവരെ വിട്ടു ശിഷ്യന്മാരെ വേർതിരിച്ചു. തുറന്നൊസിന്റെ പാഠശാലയിൽ ദിനംപ്രതി സംവാദിച്ചുപോന്നു. അത് രണ്ടു സംവത്സരത്തോളം നടക്കയാൽ ആസ്യയിൽ പാർക്കുന്ന യെഹൂദന്മാരും എല്ലാം കർത്താവിന്റെ വചനം കേൾപ്പാൻ ഇടയായി.*

11. അപ്പൊ. 28:23–31. വായിക്കുക. 31–ാം വാക്യത്തിൽ, പൗലൊസ് അപ്പൊസ്തലൻ എന്താണ് പ്രസംഗിച്ചത്?

**അപ്പൊ. 28:23–31** – *ഒരു ദിവസം നിശ്ചയിച്ചിട്ടു പലരും അവന്റെ പാർപ്പിടത്തിൽ അവന്റെ അടുക്കൽ വന്നു. അവരോടു അവൻ ദൈവ രാജ്യത്തിന് സാക്ഷ്യം പറഞ്ഞു, മോശെയുടെ ന്യായ പ്രമാണവും പ്രവാചക പുസ്തകങ്ങളും ആധാരമാക്കി യേശുവിനെക്കുറിച്ച് അവർക്ക് ബോധം വരുമാറ് രാവിലെ തുടങ്ങി സന്ധ്യവരെ വിവരിച്ചു. അവൻ പറഞ്ഞത് ചിലർ സമ്മതിച്ചു. ചിലർ വിശ്വസിച്ചില്ല. അവർ തമ്മിൽ യോജിക്കാതെ പിരിഞ്ഞുപോകുമ്പോൾ പൗലൊസ് അവരോടു ഒരു വാക്ക് പറഞ്ഞതെന്തെന്നാൽ "നിങ്ങൾ ചെവികൊണ്ടു കേട്ടിട്ടും ഗ്രഹിക്കാതിരിക്കും, കണ്ണു കൊണ്ടു കണ്ടിട്ടും കാണാതിരിക്കും, കണ്ണു കൊണ്ടു കാണാതെയും ചെവികൊണ്ടു കേൾക്കാതെയും ഹൃദയം കൊണ്ടു ഗ്രഹിച്ചു മനന്തിരിയാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിന്നു ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു. അവരുടെ ചെവി കേൾപ്പാൻ മന്ദമായിരിക്കുന്നു. അവരുടെ കണ്ണ് അടച്ചിരിക്കുന്നു എന്നു ഈ ജനത്തിന്റെ അടുക്കൽ പോയി പറക" എന്നിങ്ങനെ പരിശുദ്ധാത്മാവു യെശയ്യാ പ്രവാചകൻ മുഖാന്തരം നിങ്ങളുടെ പിതാക്കന്മാരോടു പറഞ്ഞിരിക്കുന്നത് ശരി തന്നേ. ആകയാൽ ദൈവം തന്റെ ഈ രക്ഷ ജാതികൾക്കു അയച്ചിരിക്കുന്നു. അവർ കേൾക്കും എന്നു നിങ്ങൾ അറിഞ്ഞുകൊൾവിൻ.അവൻ കൂലിക്കു വാങ്ങിയ വീട്ടിൽ രണ്ടു സംവത്സരം മുഴുവൻ പാർത്തു. തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ടു. പൂർണ്ണ പ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശു ക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചും പോന്നു.*

12. മത്തായി 24:14 വായിക്കുക. ഭൂലോകത്തിലൊക്കെയും പ്രസംഗിക്കേണ്ട സന്ദേശം എന്താകുന്നു?

**മത്തായി 24:14** – *രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.*

13. അപ്പൊ. 20:24–25 വായിക്കുക. ചിലപ്പോൾ രാജ്യത്തിന്റെ സുവിശേഷത്തെ ______________________ യുടെ സുവിശേഷമായും പരാമർശിക്കുന്നു.

**അപ്പൊ. 20:24–25** – *എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളൂ. എന്നാൽ നിങ്ങളുടെ ഇടയിൽ ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടു നടന്നവനായ എന്റെ മുഖം നിങ്ങൾ ആരും ഇനി കാൺകയില്ല എന്ന് ഞാൻ അറിയുന്നു.*

14. ലൂക്കൊസ് 16:16 വായിക്കുക. രാജ്യത്തെ കുറിച്ചു അടിസ്ഥാനപരമായ ഒരു ധാരണ ഇല്ലെങ്കിൽ, യേശുവിന്റെ സന്ദേശം മനസ്സിലാക്കാൻ സാധ്യമല്ല. രാജ്യത്തെകുറിച്ചാണ് യേശു സംസാരിച്ചതും, തന്റെ ശിഷ്യന്മാരോട് നിർദ്ദേശിച്ച ഏക കാര്യവും രാജ്യത്തെകുറിച്ചു:

A. പ്രസംഗിക്കുക
B. അവഗണിക്കുക
C. ചിന്തിക്കുക

**ലൂക്കൊസ് 16:16** – *ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻവരെ ആയിരുന്നു; അന്നുമുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചുവരുന്നു; എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു.*

15. മത്തായി 6:10 വായിക്കുക. അടിസ്ഥാനപരമായി, ദൈവരാജ്യം ദൈവത്തിന്റെ ഭരണം ആകുന്നു. അത് ഈ വാക്യത്തിൽ എപ്രകാരം പറഞ്ഞിരിക്കുന്നു?

**മത്തായി 6:10** – *നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ;*

16 കൊലൊസ്യർ 1:13–14–ഉം റോമർ 14:9–ഉം വായിക്കുക. "ദൈവത്തിന്റെ രാജ്യം" എന്ന പദാവലി താഴെപറയുന്ന ഒരു സമൂഹം വ്യക്തികളെ ഉദ്ദേശിച്ചുള്ളതാണ്.

A. യേശുവിനെ സ്വന്തം ഹൃദയത്തിലേക്ക് ക്ഷണിക്കുന്നവർ

B. ദൈവത്തിന്റെ ഭരണം സ്വീകരിക്കയും (സാത്താന്റെ ഉപേക്ഷിക്കയും) അവനിൽ നിന്നും പാപക്ഷമ പ്രാപിക്കയും ചെയ്യുന്നവർ

C. സഭയിൽ ചേരുന്നവർ

**കൊലോസ്യർ 1:13–14** – *നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു. അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്.*

**റോമർ 14:9** – *മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവ് ആകേണ്ടതിന്നല്ലോ ക്രിസ്തു മരിക്കയും ഉയിർക്കയും ചെയ്തതു.*

17. മത്തായി 4:17 വായിക്കുക. ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ ഹൃദയത്തിന് ഒരു മാറ്റം ആവശ്യമാണ്. ഹൃദയത്തിന്റെ ഈ മാറ്റത്തെ വേദപുസ്തകത്തിൽ വിളിക്കുന്നു:

A. പ്രായശ്ചിത്തം

B. ന്യായപ്രമാണത്തിന്റെ പ്രവർത്തി

C. മാനസാന്തരം

**മത്തായി 4:17** – *അന്നു മുതൽ യേശു "സ്വർഗ്ഗ രാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നു പ്രസംഗിച്ചു തുടങ്ങി.*

18. അപ്പൊ. 26:18 വായിക്കുക. നിങ്ങൾ ____________________ ൽ നിന്നു തിരിഞ്ഞു പ്രകാശത്തിലേക്കും, സാത്താന്റെ ____________________ നിന്നു തിരിഞ്ഞ്, നിങ്ങളുടെ പാപങ്ങൾക്കു ക്ഷമ ലഭിക്കുവാൻ ______________ തിരിഞ്ഞുവോ?

**അപ്പൊ. 26:18** – *അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന് അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയയ്ക്കുന്നു എന്ന് കല്പിച്ചു.*

19. യെഹസ്കേൽ 36:26–27–ഉം അപ്പൊ. 11:15–18–ഉം വായിക്കുക. ദൈവത്തിന്റെ വഴികളിൽ നടക്കാൻ കാരണമാക്കുന്ന ഒരു പുതിയ ഹൃദയവും ഒരു പുതിയ ആത്മാവും നിങ്ങൾക്കു നൽകപ്പെട്ടുവോ?

**യെഹസ്കേൽ 36:26–27** – *ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ച് അനു ഷ്ഠിക്കും.*

**അപ്പൊ. 11:15–18** – *ഞാൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കും പരിശുദ്ധാത്മാവ് ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെ മേലും വന്നു. അപ്പോൾ ഞാൻ: യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ പരിശുദ്ധാത്മാവുകൊു സ്നാനം ലഭിക്കും എന്ന് കർത്താവ് പറഞ്ഞ വാക്ക് ഓർത്തു. ആകയാൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചവരായ നമുക്കു തന്നതുപോലെ അതേ ദാനത്തെ അവർക്കും ദൈവം കൊടുത്തു എങ്കിൽ ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ? അവർ ഇതു കേട്ടപ്പോൾ മിണ്ടാതിരുന്നു: അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കിയല്ലോ എന്ന് പറഞ്ഞു ദൈവത്തെ മഹത്ത്വപ്പെടുത്തി.*

20. ലൂക്കൊസ് 18:13–14 വായിക്കുക. നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചു കിട്ടുവാൻ ദൈവത്തെ വിളിച്ച് അപേക്ഷിച്ചുവോ?

**ലൂക്കോസ് 18:13–14** – *ചുങ്കക്കാരനോ ദൂരത്തു നിന്നു കൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു: ദൈവമേ, പാപിയായ എന്നോടു കരുണയുാകണമേ എന്നു പറഞ്ഞു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി; മറ്റവൻ അങ്ങനെയല്ല. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും എന്നു ഞാൻ നിങ്ങളോടു പറയുന്നു.*

# ഉത്തരസൂചിക

1. ദാനിയേൽ 2:44 വായിക്കുക. ഭാവിയിൽ മശിഹാ (അഭിഷക്തൻ) വരികയും, സ്വർഗ്ഗസ്ഥനായ ദൈവം സ്ഥാപിക്കയും ചെയ്യുമെന്നു പഴയനിയമ പ്രവാചകന്മാർ പ്രവചിച്ച രാജ്യം:

   **B. *ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല***

2. മത്തായി 4:17, 23 വായിക്കുക. യേശുവിന്റെ സന്ദേശം എന്തായിരുന്നു?

   ***സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാസാന്തരപ്പെടുവിൻ.***

3. മർക്കൊാസ്. 1:14–15 വായിക്കുക. യേശു ____________________ സുവിശേഷം പ്രസംഗിച്ചു

   ***ദൈവരാജ്യത്തിന്റെ***

4. ലൂക്കൊാസ് 4:43 വായിക്കുക. യേശുവിനെ ദൈവം അയച്ചതു ____________________

   ***ദൈവരാജ്യം പ്രസംഗിക്കുവാൻ***

5. യോഹന്നാൻ 4:25 വായിക്കുക. തിരുവെഴുത്തിൽ, രാജ്യത്തെക്കുറിച്ച് സംസാരിച്ചപ്പോൾ താൻ അർത്ഥമാക്കിയതെന്തെന്ന് യേശു യഹൂദന്മാരോട് ഒരിക്കലും വിശദീകരിച്ചില്ല. അത് ഒരു പഴയനിയമ ആശയം ആയിരുന്നു. അവർ:

   **C. *അതിന് വേണ്ടി കാത്തിരിക്കയായിരുന്നു***

6. ലൂക്കൊാസ് 9:1–2 വായിക്കുക. ശിഷ്യന്മാർ ചെയ്ത 3 കാര്യങ്ങൾ എന്തൊക്കെയാണ്?

   ***ഭൂതത്തെ പുറത്താക്കുക, രോഗികളെ സൗഖ്യമാക്കുക, ദൈവരാജ്യം പ്രസംഗിക്കുക***

7. ലൂക്കൊസ് 10:1–2, 8–9 വായിക്കുക. ആ 70 പേരോട് എന്തു സന്ദേശം പ്രസംഗിക്കാനാണ് യേശു പറഞ്ഞത്?

***ദൈവരാജ്യം***

8. ലൂക്കൊസ് 23:2 വായിക്കുക. യഹൂദന്മാരുടെ സ്വന്തം നിർവ്വചനപ്രകാരം "ക്രിസ്തു" എന്ന പദത്തിന്റെ അർത്ഥം ____________________

***രാജാവ്***

9. അപ്പൊ. 17:7 വായിക്കുക. റോമിലെ നിയമത്തിനു വിരുദ്ധമായി, ____________________ എന്ന വേറൊരു ____________________ ഉണ്ടെന്നു പൗലൊസ് അപ്പൊസ്തലൻ പഠിപ്പിച്ചു എന്നു യഹൂദന്മാർ പറഞ്ഞു.

***യേശു / രാജാവ്***

10. അപ്പൊ. 19:8–10 വായിക്കുക. പൗലൊസ് പ്രാഗത്ഭ്യത്തോടെ സംവാദിച്ചും സമ്മതിപ്പിച്ചും കൊണ്ട് ____________________. കുറിച്ചു സംസാരിച്ചു പോന്നു.

***ദൈവരാജ്യം***

11 അപ്പൊ. 28:23–31. വായിക്കുക. 31–ാം വാക്യത്തിൽ, പൗലൊസ് അപ്പൊസ്തലൻ എന്താണ് പ്രസംഗിച്ചത്?

***ദൈവരാജ്യവും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശങ്ങളും***

12 മത്തായി 24:14 വായിക്കുക. ഭൂലോകത്തിലൊക്കെയും പ്രസംഗിക്കേണ്ട സന്ദേശം എന്താകുന്നു?

***രാജ്യത്തിന്റെ സുവിശേഷം***

13. അപ്പൊ. 20:24–25 വായിക്കുക. ചിലപ്പോൾ രാജ്യത്തിന്റെ സുവിശേഷത്തെ ____________________ യുടെ സുവിശേഷമായും പരാമർശിക്കുന്നു.

***ദൈവകൃപ***

14. ലൂക്കൊസ് 16:16 വായിക്കുക. രാജ്യത്തെ കുറിച്ചു അടിസ്ഥാനപരമായ ഒരു ധാരണ ഇല്ലെങ്കിൽ, യേശുവിന്റെ സന്ദേശം മനസ്സിലാക്കാൻ സാധ്യമല്ല. രാജ്യത്തെകുറിച്ചാണ് യേശു സംസാരിച്ചതും, തന്റെ ശിഷ്യന്മാരോട് നിർദ്ദേശിച്ച ഏക കാര്യവും രാജ്യത്തെകുറിച്ചു:

A. ***പ്രസംഗിക്കുക***

15. മത്തായി 6:10 വായിക്കുക. അടിസ്ഥാനപരമായി, ദൈവരാജ്യം ദൈവത്തിന്റെ ഭരണം ആകുന്നു. അത് ഈ വാക്യത്തിൽ എപ്രകാരം പറഞ്ഞിരിക്കുന്നു?

***സ്വർഗ്ഗത്തിലെപോലെ ദൈവഹിതം ഭൂമിയിലും നടപ്പാക്കുക.***

16. കൊലൊസ്യർ 1:13–14–ഉം റോമർ 14:9–ഉം വായിക്കുക. “ദൈവത്തിന്റെ രാജ്യം” എന്ന പദാവലി താഴെപറയുന്ന ഒരു സമൂഹം വ്യക്തികളെ ഉദ്ദേശിച്ചുള്ളതാണ്.

B. ***ദൈവത്തിന്റെ ഭരണം സ്വീകരിക്കയും (സാത്താന്റെ ഉപേക്ഷിക്കയും) അവനിൽ നിന്നും പാപക്ഷമ പ്രാപിക്കയും ചെയ്യുന്നവർ***

17. മത്തായി 4:17 വായിക്കുക. ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ ഹൃദയത്തിന് ഒരു മാറ്റം ആവശ്യമാണ്. ഹൃദയത്തിന്റെ ഈ മാറ്റത്തെ വേദപുസ്തകത്തിൽ വിളിക്കുന്നു:

C. ***മാനസാന്തരം***

18. അപ്പൊ. 26:18 വായിക്കുക. നിങ്ങൾ ____________________ ൽ നിന്നു തിരിഞ്ഞു പ്രകാശത്തിലേക്കും, സാത്താന്റെ ____________________ നിന്നു തിരിഞ്ഞ്, നിങ്ങളുടെ പാപങ്ങൾക്കു ക്ഷമ ലഭിക്കുവാൻ ______________ തിരിഞ്ഞുവോ?

***ഇരുട്ടിൽ /അധികാരത്തിൽ/ദൈവത്തിങ്കലേക്ക്***

19. യെഹസ്കേൽ 36:26–27–ഉം അപ്പൊ. 11:15–18–ഉം വായിക്കുക. ദൈവത്തിന്റെ വഴികളിൽ നടക്കാൻ കാരണമാക്കുന്ന ഒരു പുതിയ ഹൃദയവും ഒരു പുതിയ ആത്മാവും നിങ്ങൾക്കു നൽകപ്പെട്ടുവോ?

20. ലൂക്കൊസ് 18:13–14 വായിക്കുക. നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചു കിട്ടുവാൻ ദൈവത്തെ വിളിച്ച് അപേക്ഷിച്ചുവോ?

## പാഠം – 7

# രക്ഷിക്കുന്ന വിശ്വാസത്തിന്റെ ലക്ഷ്യം

### *ഡോൺ ക്രോ*

ഒരാളുടെ വിവാഹ ദിവസം അയാൾ കാർമ്മികന്റെ മുമ്പിൽ നില്ക്കുമ്പോൾ, കാർമ്മികൻ പെട്ടെന്ന് ഇങ്ങനെ പറയാൻ തുടങ്ങിയെന്നു കരുതുക: "നിങ്ങൾ ഈ സ്ത്രീയെ നിങ്ങളുടെ പാചകക്കാരിയായും, വീട് വൃത്തിയാക്കുവാനായും, പാത്രം കഴുകാനായും സ്വീകരിക്കുന്നോ? നിങ്ങൾ രണ്ടും ജീവിച്ചിരിക്കുന്നിടത്തോളം, കാലം തറ വൃത്തിയാക്കാനും, പൊടി തുടക്കാനുമായി ഇന്നുമുതൽ നീ അവളെ സ്വീകരിക്കുന്നോ?" പെട്ടെന്ന്, ഭാര്യയാകാനുള്ളവൾ പറയും, "നിർത്തൂ! നിങ്ങൾക്കു വേണ്ടി കാര്യങ്ങൾ ചെയ്യാൻ മാത്രമുള്ള ഒരു വ്യക്തി ആയിട്ടാണ് നിങ്ങൾക്ക് എന്നെ വേണ്ടതെങ്കിൽ, ഒരു ജോലിക്കാരിയെ നിങ്ങൾക്ക് കൂലിക്കെടുക്കാം. നിങ്ങൾ എന്നെ സ്നേഹിക്കുവാനും ഞാൻ ആരെന്ന തുപോലെ എന്നെ സ്വീകരിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ആരെന്നതുപോലെ എന്നെ സ്വീകരിക്കുന്നു എങ്കിൽ, ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ എല്ലാം നിങ്ങൾക്കായി ചെയ്യും. പക്ഷേ, നിങ്ങൾ എന്നെ സ്വീകരിക്കണം, മുഴുവനായി തന്നെ സ്വീകരിക്കണം! നിങ്ങൾ എന്നിൽ നിന്നും കിട്ടുന്ന പ്രയോജനത്തെ എടുക്കുകയും, ഞാൻ എന്ന വ്യക്തിയെ എടുക്കാതിരിക്കയും ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല."

A.W. Tozer ഇങ്ങനെ പറഞ്ഞു, "രക്ഷിക്കുന്ന വിശ്വാസത്തിന്റെ സത്യമായ ലക്ഷ്യം വേറാരുമല്ല, ക്രിസ്തു തന്നെയാണെന്നുള്ള കാര്യം ചില അദ്ധ്യാപകർ ഒരിക്കലും കാണുന്നില്ല എന്നത് വിചിത്രമായി തോന്നുന്നു; ക്രിസ്തുവിന്റെ 'രക്ഷകത്വ' മോ, 'കർത്തൃത്വ' മോ അല്ല, ക്രിസ്തു സ്വയംതന്നെ. ക്രിസ്തുവിന്റെ ഒരു പദവിയിൽ മാത്രം വിശ്വസിക്കുന്ന ഒരാൾക്ക്, ദൈവം 'രക്ഷ' വാഗ്ദാനം ചെയ്യുന്നില്ല, അതുപോലെ തന്നെ,

ക്രിസ്തുവിന്റെ ഒരു പദവി വിശ്വാസത്തിന്റെ ലക്ഷ്യമായി ഒരിക്കലും അവതരിപ്പിക്കപ്പെട്ടിട്ടില്ല. പാപപരിഹാര യാഗത്തിലോ, കുരിശിലോ, രക്ഷകന്റെ പൗരോഹിത്യത്തിലോ വിശ്വസിക്കാൻ നാം പ്രബോധിപ്പിക്ക പ്പെടുന്നില്ല. ഇവയെല്ലാം ക്രിസ്തു എന്ന വ്യക്തിയിൽ ഉൾപ്പെട്ടിരിക്കുന്നു, എന്നാൽ അവ ഒരിക്കലും വേർതിരിക്കപ്പെടുകയോ, ഒന്ന് മറ്റൊന്നിൽ നിന്ന് ഒറ്റപ്പെടുത്തപ്പെടുകയോ ചെയ്തിട്ടില്ല. ക്രിസതുവിന്റെ ഒരു പദവിയെ സ്വീകരിക്കാനും, മറ്റൊന്നിനെ ഉപേക്ഷിക്കാനും നമുക്കു തീരെ അനുവാദമില്ല. അതിനു നമുക്ക് അനുവാദം ഉണ്ടെന്നുള്ള തോന്നൽ ആധുനിക യുഗത്തിന്റെ ഒരു നാസ്തികത്വമാണ്, ഞാൻ ആവർത്തിച്ചു പറയുന്നു, എല്ലാ നാസ്തികത്വവും പോലെ, ദോഷകര മായ അനന്തര ഫലങ്ങൾ ക്രിസ്ത്യാനികളുടെ ഇടയിൽ അതിനുണ്ടായി" *(The Root of the Righteous pp. 84-86).*

നിങ്ങൾക്ക് മർമ്മം മനസ്സിലായോ? നാം എന്തുകൊണ്ടു ക്രിസ്തു വിനല്ലാതെ, ക്രിസ്തുവിന്റെ ഒരു ഭാഗത്തിനു (അവന്റെ പ്രയോജനങ്ങൾ), ക്രിസ്തുവിന്റെ ഒരു പദവിക്ക്, ഊന്നൽ കൊടുക്കുന്നു? അത്, വിവാഹത്തിൽ ഭാര്യയെ അവളായി എടുക്കാതെ, സ്വന്ത പാചകക്കാരി യായി എടുക്കുന്നതുപോലെയാണ്.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. യോഹന്നാൻ 1:12 വായിക്കുക. യേശുവിനെ ________________ആയി കൈക്കൊണ്ടവർക്ക് എല്ലാം ദൈവമക്കളാകുവാൻ അധികാരം ലഭിച്ചു.

   A. അവനെ (കർത്താവായ യേശുവിനെ)
   B. രക്ഷിതാവായി
   C. നാഥനായി
   D. പുരോഹിതനായി

**യോഹന്നാൻ 1:12** – *അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.*

2. അപ്പൊ. 16:31 വായിക്കുക നാം ആരെ വിശ്വസിക്കണം, നമ്മെതന്നെ ആർക്കു ഭരമേല്പിക്കണം?

**അപ്പൊ. 16:31** – *കർത്താവായ യേശുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നു അവർ പറഞ്ഞു.*

3. ലൂക്കൊസ് 6:46 വായിക്കുക. "നാഥൻ" എന്ന പദം കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് എന്താണ്?

**ലൂക്കൊസ് 6:46** – *നിങ്ങൾ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നത് ചെയ്യാതിരിക്കയും ചെയ്യുന്നത് എന്ത്?*

4. മത്തായി 1:21 വായിക്കുക. "യേശു" എന്ന പദം കൊണ്ട് ഇവിടെ അർത്ഥാമക്കുന്നത് എന്താണ്?

**മത്തായി 1 : 21** – *അവൾ ഒരു മകനെ പ്രസവിക്കും, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്ക കൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു.*

5. ലൂക്കൊസ് 23:2 വായിക്കുക. 'ക്രിസ്തു' എന്ന പദത്തിന്റെ അർത്ഥം എന്താണ്?

**ലൂക്കോസ് 23:2 –** *ഇവൻ ഞങ്ങളുടെ ജാതിയെ മറിച്ചു കളകയും താൻ ക്രിസ്തു എന്ന രാജാവാകുന്നു എന്നു പറഞ്ഞുകൊണ്ടു കൈസർക്കു കരം കൊടുക്കുന്നത് വിരോധിക്കയും ചെയ്യുന്നതായി ഞങ്ങൾ കണ്ടു എന്നു കുറ്റം ചുമത്തി തുടങ്ങി.*

6. റോമർ 1:16 വായിക്കുക. ഈ വാക്യപ്രകാരം സുവിശേഷം അഥവാ സദ്വർത്തമാനം ________________ ആണ്.

**റോമർ 1:16 –** *സുവിശേഷത്തെ കുറിച്ച് എനിക്ക് ലജ്ജയില്ല. വിശ്വസിക്കുന്ന ഏവനും ആദ്യം യെഹൂദനും പിന്നെ യവനനും അതു രക്ഷക്കായി ദൈവശക്തിയാകുന്നുവല്ലോ*

7. റോമർ 1:1–3 വായിക്കുക. ദൈവത്തിന്റെ സുവിശേഷം ________________ കേന്ദ്രീകരിച്ചിരിച്ചു അല്ലെങ്കിൽ കുറിച്ചുള്ളതാണ്.

   ദൈവപുത്രൻ ഭാഗികമായോ അഥവാ മുഴുവനായോ?

**റോമർ 1:1–3 –** ദൈവം തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനേ കുറിച്ചു *വിശുദ്ധ രേഖകളിൽ തന്റെ പ്രവാചകന്മാർ മുഖാന്തരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത സുവിശേഷത്തിനായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനും യേശു ക്രിസ്തുവിന്റെ ദാസനുമായ പൗലോസ് റോമയിൽ ദൈവത്തിന് പ്രിയരും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ ഏല്ലാവർക്കും എഴുതുന്നതു.*

8. യോഹന്നാൻ 6:54 വായിക്കുക. നിങ്ങൾ എന്തെങ്കിലും കഴിക്കുമ്പോൾ, എന്താണ് സംഭവിക്കുന്നത്?

**യോഹന്നാൻ 6:54 –** *എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന് നിത്യ ജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും.*

9. ഗലാത്യർ 3:27 വായിക്കുക. ഒരാൾ ക്രിസ്തുവിൽ സ്നാനപ്പെടുമ്പോൾ, അവർ ________________ ധരിക്കുന്നു.

   ക്രിസ്തുവിന്റെ ഏതു ഭാഗമാണ് അവർ ധരിക്കുന്നത്?

**ഗലാത്യർ 3:27 –** *ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.*

10. അപ്പൊ. 9:5–6 വായിക്കുക. ശൗൽ മാനസാന്തരപ്പെട്ടപ്പോൾ, യേശുവിനോട് ചോദിച്ച രണ്ടു ചോദ്യങ്ങൾ എന്തൊക്കെയാണ്?

**അപ്പൊ. 9:5–6 –** *നീ ആരാകുന്നു, കർത്താവേ എന്നു അവൻ ചോദിച്ചതിന്നു, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ. അത്ഭുതപ്പെട്ട്, വിറച്ചുകൊണ്ട് പൗലോസ് ചോദിച്ചു, കർത്താവേ, ഞാനെന്താണു ചെയ്യേണ്ടത്? നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടുന്നത് അവിടെവച്ച് നിന്നോടു പറയും എന്നു അവൻ പറഞ്ഞു.*

11. റോമർ 7:4 വായിക്കുക. നാം ആരുമായി വിവാഹബന്ധത്തിൽ ആകുകയാണ്?

അവന്റെ ഏതു ഭാഗവുമായിട്ടാണ് നാം വിവാഹംബന്ധത്തിൽ ആയിരിക്കുന്നത്?

**റോമർ 7:4 –** *അതുകൊണ്ട് സഹോദരന്മാരെ, നാം ദൈവത്തിന് ഫലം കായ്ക്കുമാറ് മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവനായ വേറൊരുവന്നു ആകേണ്ടതിന്നു, നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായ പ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു.*

12. ക്രിസ്തുവുമായി ഒരു നല്ല വിവാഹം നിങ്ങൾ ആസ്വദിക്കുന്നോ?

നിങ്ങൾ അവനോട് സംസാരിക്കുകയും ആശയവിനിമയം നടത്തുകയും, അവനെ സ്നേഹിക്കയും ആരാധിക്കയും ചെയ്യുന്നുവോ?

# ഉത്തര സൂചിക

1. യോഹന്നാൻ 1:12 വായിക്കുക. യേശുവിനെ ________________ആയി കൈക്കൊണ്ടവർക്ക് എല്ലാം ദൈവമക്കളാകുവാൻ അധികാരം ലഭിച്ചു.

   A. ***അവനെ (കർത്താവായ യേശുവിനെ) കൈക്കൊണ്ടവർക്ക് ദൈവത്തിന്റെ മക്കളാകുവാനുള്ള ശക്തി അവൻ കൊടുത്തു.***

2. അപ്പൊ. 16:31 വായിക്കുക നാം ആരെ വിശ്വസിക്കണം, നമ്മെതന്നെ ആർക്കു ഭരമേല്പിക്കണം?

   ***കർത്താവായ യേശുക്രിസ്തുവിനെ***

3. ലൂക്കൊസ് 6:46 വായിക്കുക. "നാഥൻ" എന്ന പദം കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് എന്താണ്?

   ***യജമാനൻ, ഭരണാധികാരി, നമ്മുടെ ജീവിതത്തെ നിയന്ത്രിക്കാനുള്ള അവകാശമുള്ളവൻ, ദൈവത്വം എന്ന അർത്ഥവും ഉൾക്കൊള്ളുന്നു.***

4. മത്തായി 1:21 വായിക്കുക. "യേശു" എന്ന പദം കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് എന്താണ്?

   ***യേശു രക്ഷകൻ***

5. ലൂക്കൊസ് 23:2 വായിക്കുക. 'ക്രിസ്തു' എന്ന പദത്തിന്റെ അർത്ഥം എന്താണ്?

   ***യേശു രാജാവും മശിഹായും***

6. റോമർ 1:16 വായിക്കുക. ഈ വാക്യപ്രകാരം സുവിശേഷം അഥവാ സദ്വർത്തമാനം ________________ ആണ്.

   ***അവന്റെ എല്ലാ അനുഗ്രഹങ്ങലും ഉൾക്കൊള്ളുന്ന ക്രിസ്തു തന്നെ***

7. റോമർ 1:1–3 വായിക്കുക. ദൈവത്തിന്റെ സുവിശേഷം ________________ കേന്ദ്രീകരിച്ചിരിച്ചു അല്ലെങ്കിൽ കുറിച്ചുള്ളതാണ്.

***ദൈവത്തിന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിനെ***

ദൈവപുത്രൻ ഭാഗികമായോ അഥവാ മുഴുവനായോ?

***പുത്രൻ മുഴുവനായി***

8. യോഹന്നാൻ 6:54 വായിക്കുക. നിങ്ങൾ എന്തെങ്കിലും കഴിക്കുമ്പോൾ, എന്താണ് സംഭവിക്കുന്നത്?

***അതു മുഴുവൻ നിങ്ങൾ അകത്താക്കുന്നു. ഒരർഥത്തിൽ, നിങ്ങൾ ഭക്ഷിക്കുന്നത് നിങ്ങളുടെ ജീവനും ബലവും ആയിത്തീരുന്നു.***

9. ഗലാത്യർ 3:27 വായിക്കുക. ഒരാൾ ക്രിസ്തുവിൽ സ്നാനപ്പെടുമ്പോൾ, അവർ ________________ ധരിക്കുന്നു.

***ക്രിസ്തുവിനെ പൂർണ്ണമായും***

10. അപ്പൊ. 9:5–6 വായിക്കുക. ശൗൽ മാനസാന്തരപ്പെട്ടപ്പോൾ, യേശുവിനോട് ചോദിച്ച രണ്ടു ചോദ്യങ്ങൾ എന്തൊക്കെയാണ്?

***നീ ആരാണ്, ഞാൻ എന്താണു ചെയ്യേണ്ടത്***

11. റോമർ 7:4 വായിക്കുക. നാം ആരുമായി വിവാഹബന്ധത്തിൽ ആകുകയാണ്?

***കർത്താവായ യേശുക്രിസ്തുവുമായി***

അവന്റെ ഏതു ഭാഗവുമായിട്ടാണ് നാം വിവാഹംബന്ധത്തിൽ ആയിരിക്കുന്നത്?

***അവൻ പൂർണ്ണമായും***

12. ക്രിസ്തുവുമായി ഒരു നല്ല വിവാഹം നിങ്ങൾ ആസ്വദിക്കുന്നോ?

നിങ്ങൾ അവനോട് സംസാരിക്കുകയും ആശയവിനിമയം നടത്തുകയും, അവനെ സ്നേഹിക്കയും ആരാധിക്കയും ചെയ്യുന്നുവോ?

## പാഠം – 8

# ദൈവ നിയമത്തിന്റെ ശരിയായ ഉപയോഗം

### *ഡോൺ ക്രോ*

ഒരു ദിവസം തടാകത്തിന്നരികെ ജോയും ഞാനും ബില്ലും സ്റ്റീവുമായി സംസാരിക്കുകയായിരുന്നു. അപ്പോൾ ഒരു ചോദ്യം ഉത്ഭവിച്ചു? “ദൈവത്തെ കുറിച്ചോ യേശുവിനെക്കുറിച്ചോ ഒരിക്കലും കേട്ടിട്ടില്ലാത്ത ആളുകൾ ദൈവത്തിനു മുമ്പിൽ കണക്കു ബോധിപ്പിക്കണം എന്നു പറയാൻ എങ്ങിനെ സാധ്യമാകും?” ഞാൻ പറഞ്ഞു, “ബിൽ, നിങ്ങൾ സ്റ്റീവിന്റെ ഭവനം സന്ദർശിച്ചു എന്നിരിക്കട്ടെ. സ്റ്റീവ് അവിടെ ഇല്ലായിരുന്നു എങ്കിലും ഭാര്യ അവിടെ ഉണ്ടായിരുന്നു. നിങ്ങൾ അപ്പോൾ സ്റ്റീവിന്റെ ഭാര്യയുമായി ഒരു അവിഹിത ബന്ധത്തിൽ ഏർപ്പെട്ടാൽ, നിങ്ങൾ അവളോടു ചെയ്ത അതിക്രമത്തിൽ കുറ്റബോധം തോന്നുമോ? നിങ്ങൾ പത്തു കല്പനകളെ കുറിച്ച് കേൾക്കുകയോ വേദപുസ്തകം വായിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ പോലും? ആ കുറ്റബോധവും കണക്കു കൊടുക്കണം എന്ന തോന്നലും എവിടെ നിന്നാണ് വന്നത്?”

ദൈവം നിയമത്തിൽ കൂടിയും മനഃസാക്ഷിയിൽ കൂടിയും ശരിയായത് തിരിച്ചറിയാനും തെറ്റായതിൽ കുറ്റബോധം തോന്നാനും ഉള്ള ബോധം എല്ലാ വ്യക്തികൾക്കും കൊടുത്തിട്ടുണ്ട്. നിയമവും മനഃസാക്ഷിയും സ്വയമായി ന്യായം വിധിക്കാനുള്ള ഉപാധികൾ ആകുന്നു. അവയ്ക്ക് നമ്മുടെ പെരുമാറ്റത്തെക്കുറിച്ച് നമ്മിൽ കുറ്റം ചുമത്തുകയോ, നമ്മെ ഒഴിവാക്കുകയോ ചെയ്യാൻ സാധിക്കും (റോമർ 2: 14–15).

താൻ വളരെ നല്ല ഒരു വ്യക്തിയാണെന്ന് ബിൽ എന്നോടു പറഞ്ഞിരുന്നു. ഒരു രക്ഷകന്റെ ആവശ്യം യഥാർത്ഥത്തിൽ അദ്ദേഹം കണ്ടില്ല. ഞാൻ പുറപ്പാട് 20–ാം അദ്ധ്യായം എടുത്ത്, 10 കല്പനകൾ ബില്ലിനെ

വായിച്ചു കേൾപ്പിക്കാൻ തുടങ്ങി. "ബിൽ, നിങ്ങളുടെ ജീവിതത്തിൽ എപ്പോഴും പ്രഥമസ്ഥാനം ദൈവത്തിന് ആയിരുന്നുവോ? ലോകത്തിലുള്ള മറ്റ് എന്തിനെക്കാളും നിങ്ങൾ ദൈവത്തെ എപ്പോഴും സ്നേഹിച്ചിരുന്നുവോ? ഇല്ലാ എങ്കിൽ, നിങ്ങൾ ഒന്നാമത്തെ കല്പന ലംഘിച്ചിരിക്കുന്നു" (പുറപ്പാട് 20:3). "ദൈവത്തേക്കാൾ അധികമായി എന്തിനെയെങ്കിലും ഉയർത്തിയിട്ടുണ്ടോ? എങ്കിൽ, രണ്ടാമത്തെ കല്പന ലംഘിച്ചു" (പുറപ്പാട് 20:4). "യേശുവിന്റെ നാമം വൃഥാ ഉപയോഗിച്ചിട്ടുണ്ടോ? എങ്കിൽ, 3–ാം കല്പന ലംഘിച്ചു എന്ന കുറ്റം നിങ്ങൾ ചെയ്തിരിക്കുന്നു" (പുറപ്പാട് 20:7). "ദൈവത്തെ ബഹുമാനിക്കാനും ആരാധിക്കുവാനും ആയി എപ്പോഴും ഒരു ദിവസം നിങ്ങൾ മാറ്റിവെച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ, നിങ്ങൾ 4–ാമത്തെ കല്പന ലംഘിച്ചിരിക്കുന്നു." (പുറപ്പാട് 20:8). "യൗവ്വനത്തിൽ നിങ്ങളുടെ മാതാപിതാക്കളെ എപ്പോഴും ബഹുമാനിച്ചോ? ഇല്ലെങ്കിൽ, നിങ്ങൾ 5–ാമത്തെ കല്പന ലംഘിച്ചിരിക്കുന്നു." (പുറപ്പാട് 20:12). "നിങ്ങൾ എപ്പോഴെങ്കിലും ഏതെങ്കിലും വ്യക്തിയോട് വളരെ കോപിഷ്ഠനായിട്ടുണ്ടോ? എങ്കിൽ 6–ാമത്തെ കല്പന ലംഘിച്ചിരിക്കുന്നു." (പുറപ്പാട് 20:13 ഉം മത്തായി 5:21–22 ഉം താരതമ്യപ്പെടുത്തുക). "വേറൊരു സ്ത്രീയെ ലൈംഗിക വിചാരത്തോടെ നോക്കിയിട്ടുണ്ടോ? എങ്കിൽ 7–ാം കല്പന നീ ലംഘിച്ചിരിക്കുന്നു." (പുറപ്പാട് 20:14 ഉം മത്തായി 5:27–28 ഉം താരതമ്യപ്പെടുത്തുക). "നിങ്ങളുടെതല്ലാത്ത എന്തെങ്കിലും നിങ്ങൾ എടുത്തിട്ടുണ്ടോ? നിങ്ങൾ 8–ാമത്തെ കല്പന ലംഘിച്ചിരിക്കുന്നു." (പുറപ്പാട് 20:15) "നിങ്ങൾ എപ്പോഴും സത്യം മാത്രമെ പറഞ്ഞിട്ടുള്ളോ? അല്ലെങ്കിൽ നിങ്ങൾ 9–ാമത്തെ കല്പന ലംഘിച്ചു." (പുറപ്പാട് 20:16) "മറ്റാരുടെയെങ്കിലും എന്തെങ്കിലും വക സ്വന്തമാക്കാൻ ആഗ്രഹിച്ചിട്ടുണ്ടോ? നിങ്ങൾ 10–ാം കല്പന ലംഘിച്ചിരിക്കുന്നു." (പുറപ്പാട് 20:17) "താൻ പാപികളെ രക്ഷിക്കാനായി വന്നു എന്നു യേശു പറഞ്ഞത് എന്തുകൊണ്ടാണെന്നു നിങ്ങൾ കാണുന്നുവോ?" (മർക്കോസ് 2:16–17).

സ്വർഗ്ഗത്തിൽ പോകാൻ വേണ്ടത്ര നല്ലവരാണ് നാമെന്ന് ചിന്തിക്കുകയോ, അഥവാ അത്രക്കു നല്ലവരാകാൻ ശ്രമിക്കുകയോ ചെയ്യുന്നതിന്റെ പ്രശ്നം, നാം എല്ലാവരും പത്തു കല്പനകൾ ലംഘിച്ചു എന്ന വസ്തുതയാണ്. യാക്കോബ് 2:10 പറയുന്നു, ഒരുത്തൻ നിയമം മുഴുവനും അനുസരിച്ചു നടന്നാലും, ഒന്നിൽ തെറ്റിയാൽ അവർ കുറ്റക്കാരനായി തീരുന്നു.

ന്യായപ്രമാണം പാപത്തെ വെളിപ്പെടുത്തുകയല്ലാതെ അതിൽ കൂടി ആരും നീതികരിക്കപ്പെടുന്നില്ല (റോമർ 3:19–20).

നമുക്ക് എല്ലാവർക്കും ഒരു രക്ഷകൻ ആവശ്യമാണ്! 'രക്ഷകൻ' എന്ന പദത്തിന്റെ ആശയം പാപത്തിന്റെ ശിക്ഷയിൽ നിന്നും നമ്മെ രക്ഷിക്കാൻ കഴിയുന്നവൻ എന്നാണ്. യേശു നശിച്ചു പോകുന്നവരെ നിത്യ ജീവനായി രക്ഷിക്കുന്നു. (മത്തായി 1:21).

സ്വർഗ്ഗത്തിൽ പോകുവാൻ തക്കവണ്ണം നല്ലവർ ആകണമെങ്കിൽ നമുക്ക് ദൈവിക നീതിയ്ക്കു സമമായ നീതി വേണം (2 കൊരിന്ത്യർ 5:21). സുവിശേഷത്തിന്റെ സദ്വർത്തമാനം എന്തെന്നാൽ, യേശു പാപ ങ്ങളെ ക്ഷമിക്കുന്നു എന്നു മാത്രമല്ല, അവന്റെ നീതി സൗജന്യമായി – ഒരു സമ്മാനമായി – നമുക്കു നല്കുന്നു. (റോമർ 5:17: *"ഏകന്റെ ലംഘ നത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ, കൃപയുടേയും നീതി ദാനത്തിന്റേയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും"*).

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മർക്കൊസ് 2:16–17 വായിക്കുക. യേശു ആരെ രക്ഷിക്കുവാൻ വന്നു?

**മർക്കോസ് 2:16–17** – *അവൻ ചുങ്കക്കാരോടും പാപികളോടും കൂടെ തിന്നുകയും കുടിക്കയും ചെയ്യുന്നതു പരിശന്മാരുടെ കൂട്ടത്തിലുള്ള ശാസ്ത്രിമാർ കണ്ടിട്ടു അവന്റെ ശിഷ്യന്മാരോടു, അവൻ ചുങ്കക്കാരോടും പാപികളോടും കൂടെ തിന്നുകുടിക്കുന്നത് എന്തു എന്നു ചോദിച്ചു. യേശു അതുകേട്ടു അവരോട്, ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല, ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നതു എന്നു പറഞ്ഞു.*

2. റോമർ 2:1 വായിക്കുക. നാം മറ്റുള്ളവരെ വിധിക്കുമ്പോൾ നമ്മളോടു നാം എന്തു ചെയ്യുന്നു?
   എന്തുകൊണ്ട്?

**റോമർ 2:1** – *അതുകൊണ്ടു വിധിക്കുന്ന ഏതു മനുഷ്യനുമായുള്ളോവേ, നിനക്കു പ്രതിവാദം പറവാൻ ഇല്ല, അന്യനെ വിധിക്കുന്നതിൽ നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു, വിധിക്കുന്ന നീ അതു തന്നേ പ്രവർത്തിക്കുന്നുവല്ലോ.*

3. യാക്കോബ് 2:10 വായിക്കുക. ദൈവത്തിന്റെ നിയമം മിക്കവാറും എല്ലാം പാലിച്ചിട്ടും ചിലതു മാത്രം പാലിക്കാതെയിരുന്നാൽ നാം എന്തിനൊക്കെ കുറ്റക്കാർ ആയിതീരും?

**യാക്കോബ് 2:10** – *ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടന്നിട്ടു ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിന്നും കുറ്റക്കാരനായി ത്തീർന്നു.*

4. ഗലാത്യർ 3:10 വായിക്കുക. ന്യായപ്രമാണം പാലിച്ച് നാം നീതീകരിക്കപ്പെടുവാൻ പോകയാണെങ്കിൽ, അത് എത്രത്തോളം നാം പാലിക്കേണ്ടിയിരിക്കുന്നു?

   എത്ര കാലം ഈ കല്പനകൾ നാം പാലിക്കണം?

നല്ലവരായിരിക്കാൻ ശ്രമിക്കുന്നതിൽകൂടി നമുക്കു രക്ഷിക്കപ്പെടുവാൻ കഴിയുന്നില്ലെന്നു നിങ്ങൾ കാണുന്നുവോ?

**ഗലാത്യർ 3:10** – *എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻ കീഴാകുന്നു. ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതു ഒക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നുവല്ലോ.*

5. ഗലാത്യർ 2:16 വായിക്കുക. നീതീകരണം എന്നത് ദൈവത്തോടു ശരിയായ നിരപ്പും ബന്ധവും സ്ഥാപിക്കുവാൻ തക്കവണ്ണം ദൈവം ദാനമായി തരുന്നതാണ്. പാപികളുടെ നീതികരണം യേശു ക്രിസ്തുവിലുള്ള വിശ്വാസം വഴിയായി നൽകപ്പെടുന്നതും, അവന്റെ മരണത്താലും പുനരുത്ഥാനത്താലും പൂർത്തീകരിക്കപ്പെട്ടതും ആണ് (1 കൊരി. 15:3–4ഉം റോമർ 4:25) ഒരു മനുഷ്യൻ എന്തിനാൽ നീതീകരിക്കപ്പെടുന്നില്ല?

   ഒരു വ്യക്തി എങ്ങിനെയാണ് രക്ഷിക്കപ്പെടുന്നത്?

   ന്യായപ്രമാണത്താൽ എത്ര പേർ നീതീകരിക്കപ്പെടും?

**ഗലാ. 2:16** – *എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്ന് അറിഞ്ഞിരിക്കകൊണ്ടു നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽതന്നെ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശുവിൽ വിശ്വസിച്ചു; ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ.*

6. റോമർ 6:14 വായിക്കുക. ഒരു ക്രിസ്ത്യാനി എന്നതിനാൽ നീ ആകുന്നു:

   A. നിയമത്തിന്റെ അധീനതയിൽ
   B. കൃപയുടെ അധീനതയിൽ

**റോമർ 6:14** – *നിങ്ങൾ ന്യായപ്രമാണത്തിന്നല്ല, കൃപക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർതൃത്വം നടത്തുകയില്ലല്ലോ.*

7. യെഹസ്കേൽ 18:20 വായിക്കുക. നിങ്ങൾ നിയമത്തിനു അധീനർ ആയിരുന്നു എങ്കിൽ, നിങ്ങളുടെ പാപങ്ങൾക്കുള്ള ശിക്ഷ എന്തായിരിക്കാം?

**യെഹസ്കേൽ 18:20** – *പാപം ചെയ്യുന്ന ദേഹി മരിക്കും, മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ടാ; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട; നീതിമാന്റെ നീതി അവന്റെമേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും.*

8. റോമർ 4:6–8 വായിക്കുക. കൃപയ്ക്ക് കീഴിൽ, നിങ്ങളുടെ പാപങ്ങളെ സംബന്ധിച്ച് ദൈവം ചെയ്യുന്ന 3 കാര്യങ്ങൾ എന്തൊക്കെയാണ്?

**റോമർ 4:6–8** – *ദൈവം പ്രവൃത്തി കൂടാതെ നീതി കണക്കിടുന്ന മനുഷ്യന്റെ ഭാഗ്യം ദാവീദും വർണ്ണിക്കുന്നത്. അധർമ്മം മോചിച്ചും പാപം മറച്ചും കിട്ടിയവർ ഭാഗ്യവാന്മാർ. കർത്താവ് പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ.*

9. റോമർ 5:1 വായിക്കുക. നാം ഇപ്പോൾ നീതീകരണം പ്രാപിച്ചതിനാൽ, നാം എന്തു പ്രയോജനം ആസ്വദിക്കുന്നു?

**റോമർ 5:1** – *വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു.*

10. റോമർ 5:9 വായിക്കുക. ഇപ്പോൾ നാം യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടിരിക്കയാൽ, എന്തിൽ നിന്നാണ് നാം രക്ഷിക്കപ്പെടുക?

**റോമർ 5:9** – *അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും.*

11. റോമർ 10:4 വായിക്കുക. ____________________ ലഭ്യമാക്കാൻ വേണ്ടി ക്രിസ്തു ന്യായപ്രമാണത്തെ അവസാനിപ്പിച്ചു.

**റോമർ 10:4** – *വിശ്വസിക്കുന്ന ഏവന്നും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു.*

12. 1 കൊരി. 1:30 വായിക്കുക. നമ്മുടെ ____________________ , ____________________, ____________________, ____________________ ആയിരിക്കാൻ ദൈവം യേശു ക്രിസ്തുവിനെ ആക്കി.

**1 കൊരിന്ത്യർ 1:30** – *നിങ്ങളോ അവനാൽ ക്രിസ്തു യേശുവിൽ ഇരിക്കുന്നു. അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായി തീർന്നു.*

13. ഫിലിപ്പിയർ 3:9 വായിക്കുക. നിങ്ങൾ മോശയുടെ നിയമത്തിൻ കീഴെ പോകുമ്പോൾ, നിങ്ങൾ നിങ്ങളുടെ സ്വന്തം____________________ നേടി എടുക്കാൻ ശ്രമിക്കുയായിരുന്നു.

**ഫിലിപ്പിയർ 3:9** – *ഞാൻ ക്രിസ്തുവിനെ നേടേണ്ടതിന്നും ന്യായ പ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന നീതി തന്നേ ലഭിച്ചു.*

14. 1 കൊരിന്ത്യർ 11:1 വായിക്കുക. ക്രിസ്ത്യാനി എന്ന നിലയിൽ നാം ക്രിസ്തുവിന്റെ പ്രമാണത്തിൽ കീഴിൽ ജീവിയ്ക്കുന്നു. ക്രിസ്തുവിന്റെ പ്രമാണം അനുസരണത്തിനുള്ള ഒരു നിയമപട്ടിക അല്ല; അത് ഒരു വ്യക്തിയോടുള്ള പ്രതികരണമായി ജീവിതം ജീവിയ്ക്കുന്നതാണ്. ആ വ്യക്തി ____________________ .

**1 കൊരി. 11:1** – *ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ.*

15. റോമർ 8:3 വായിക്കുക. ന്യായപ്രമാണത്തിന് ഒരിക്കലും നമ്മെ രക്ഷിക്കുവാൻ കഴിവില്ല, ന്യായപ്രാണം തെറ്റായതു കൊണ്ടല്ല, നമ്മുടെ ____________________ ബലഹീനതയിൽ ആ നിയമം കാക്കാൻ നമുക്കു കഴിയില്ല.

**റോമർ 8:3** – *ബലഹീനത നിമിത്തം ന്യായ പ്രമാണത്തിന് കഴിയാത്തതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപ ജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു.*

# ഉത്തര സൂചിക

1. മർക്കോസ് 2:16–17 വായിക്കുക. യേശു ആരെ രക്ഷിക്കുവാൻ വന്നു?

   ***പാപികളെ***

2. റോമർ 2:1 വായിക്കുക. നാം മറ്റുള്ളവരെ വിധിക്കുമ്പോൾ നമ്മളോടു നാം എന്തു ചെയ്യുന്നു?

   ***നമ്മെതന്നെ വിധിക്കുന്നു. നമുക്കെതിരെ നാം തന്നെ വിധി പ്രസ്താവിക്കുന്നു.***

   എന്തുകൊണ്ട്?

   ***കാരണം നാം മറ്റുള്ളവരെ വിധിക്കുന്നു എങ്കിലും നാം അതു തന്നെ ചെയ്യുന്നു.***

3. യാക്കോബ് 2:10 വായിക്കുക. ദൈവത്തിന്റെ നിയമം മിക്കവാറും എല്ലാം പാലിച്ചിട്ടും ചിലതു മാത്രം പാലിക്കാതെയിരുന്നാൽ നാം എന്തിനൊക്കെ കുറ്റക്കാർ ആയിതീരും?

   ***നാം എല്ലാത്തിലും കുറ്റക്കാരാകുന്നു***

4. ഗലാത്യർ 3:10 വായിക്കുക. ന്യായപ്രമാണം പാലിച്ച് നാം നീതീകരിക്കപ്പെടുവാൻ പോകയാണെങ്കിൽ, അത് എത്രത്തോളം നാം പാലിക്കേണ്ടിയിരിക്കുന്നു?

   ***എല്ലാം***

   എത്ര കാലം ഈ കല്പനകൾ നാം പാലിക്കണം?

   ***നാം എല്ലായ്പ്പോഴും അതിൽ തുടരണം (ഒരു പിഴവും കൂടാതെ)***

   നല്ലവരായിരിക്കാൻ ശ്രമിക്കുന്നതിൽകൂടി നമുക്കു രക്ഷിക്കപ്പെടുവാൻ കഴിയുന്നില്ലെന്നു നിങ്ങൾ കാണുന്നുവോ?

   ***ഉവ്വ്***

5. ഗലാത്യർ 2:16 വായിക്കുക. നീതീകരണം എന്നത് ദൈവത്തോടു ശരിയായ നിരപ്പും ബന്ധവും സ്ഥാപിക്കുവാൻ തക്കവണ്ണം ദൈവം ദാനമായി തരുന്നതാണ്. പാപികളുടെ നീതികരണം യേശു ക്രിസ്തുവിലുള്ള വിശ്വാസം വഴിയായി നൽകപ്പെടുന്നതും, അവന്റെ മരണത്താലും പുനരുത്ഥാനത്താലും പൂർത്തീകരിക്കപ്പെട്ടതും ആണ് (1 കൊരി. 15:3–4ഉം റോമർ 4:25) ഒരു മനുഷ്യൻ എന്തിനാൽ നീതീകരിക്കപ്പെടുന്നില്ല?

   ***അവന്റേതായ പ്രവർത്തികൾ, അതായത്, ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ.***

   ഒരു വ്യക്തി എങ്ങിനെയാണ് രക്ഷിക്കപ്പെടുന്നത്?

   ***യേശു ക്രിസ്തുവിലുള്ള വിശ്വാസത്താൽ***

   ന്യായപ്രമാണത്താൽ എത്ര പേർ നീതീകരിക്കപ്പെടും?

   ***ഒരു ജഡവും ഇല്ല, അതായത്, ഒരു വ്യക്തി പോലും***

6. റോമർ 6:14 വായിക്കുക. ഒരു ക്രിസ്ത്യാനി എന്നതിനാൽ നീ ആകുന്നു:

   B. ***കൃപയുടെ അധീനതയിൽ***

7. യെഹസ്കേൽ 18:20 വായിക്കുക. നിങ്ങൾ നിയമത്തിനു അധീനർ ആയിരുന്നു എങ്കിൽ, നിങ്ങളുടെ പാപങ്ങൾക്കുള്ള ശിക്ഷ എന്തായിരിക്കാം?

   ***മരണം***

8. റോമർ 4:6–8 വായിക്കുക. കൃപയ്ക്ക് കീഴിൽ, നിങ്ങളുടെ പാപങ്ങളെ സംബന്ധിച്ച് ദൈവം ചെയ്യുന്ന 3 കാര്യങ്ങൾ എന്തൊക്കെയാണ്?

   ***ക്ഷമിക്കുന്നു, മറയ്ക്കുന്നു അത് നമ്മോട് കണക്കിടുന്നില്ല. (നമ്മുടെ കണക്കിൽ എഴുതുന്നില്ല)***

9. റോമർ 5:1 വായിക്കുക. നാം ഇപ്പോൾ നീതീകരണം പ്രാപിച്ചതിനാൽ, നാം എന്തു പ്രയോജനം ആസ്വദിക്കന്നു?

   ***ദൈവവുമായി സമാധാനം (അവൻ നമ്മോട് കോപിക്കുന്നില്ല)***

10. റോമർ 5:9 വായിക്കുക. ഇപ്പോൾ നാം യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടിരിക്കയാൽ, എന്തിൽ നിന്നാണ് നാം രക്ഷിക്കപ്പെടുക?

***കോപത്തിൽ നിന്നും (പാപത്തിന്റെ ന്യായവിധി)***

11. റോമർ 10:4 വായിക്കുക. ____________________ ലഭ്യമാക്കാൻ വേണ്ടി ക്രിസ്തു ന്യായപ്രമാണത്തെ അവസാനിപ്പിച്ചു.

***നീതീകരണം***

12. 1 കൊരി. 1:30 വായിക്കുക. നമ്മുടെ ____________________ , ____________________, ____________________, ____________________ ആയിരിക്കാൻ ദൈവം യേശു ക്രിസ്തുവിനെ ആക്കി.

***ജ്ഞാനവും, നീതിയും, വിശുദ്ധീകരണവും, വീണ്ടെടുപ്പും***

13. ഫിലിപ്പിയർ 3:9 വായിക്കുക. നിങ്ങൾ മോശയുടെ നിയമത്തിൻ കീഴെ പോകുമ്പോൾ, നിങ്ങൾ നിങ്ങളുടെ സ്വന്തം____________________ നേടി എടുക്കാൻ ശ്രമിക്കുയായിരുന്നു.

***നീതികരണം***

14. 1 കൊരിന്ത്യർ 11:1 വായിക്കുക. ക്രിസ്ത്യാനി എന്ന നിലയിൽ നാം ക്രിസ്തുവിന്റെ പ്രമാണത്തിൽ കീഴിൽ ജീവിയ്ക്കുന്നു. ക്രിസ്തുവിന്റെ പ്രമാണം അനുസരണത്തിനുള്ള ഒരു നിയമപട്ടിക അല്ല; അത് ഒരു വ്യക്തിയോടുള്ള പ്രതികരണമായി ജീവിതം ജീവിയ്ക്കുന്നതാണ്. ആ വ്യക്തി ____________________ .

***ക്രിസ്തു***

15. റോമർ 8:3 വായിക്കുക. ന്യായപ്രമാണത്തിന് ഒരിക്കലും നമ്മെ രക്ഷിക്കുവാൻ കഴിവില്ല, ന്യായപ്രാണം തെറ്റായതു കൊണ്ടല്ല, നമ്മുടെ ____________________ ബലഹീനതയിൽ ആ നിയമം കാക്കാൻ നമുക്കു കഴിയില്ല.

***ജഡത്തിന്റെ***

## പാഠം – 9

# നിയമത്തിനല്ല കൃപയ്ക്കത്രേ അധീനർ

### *ഡോൺ ക്രോ*

ചെയ്ത എല്ലാ തെറ്റുകൾക്കും (പാപങ്ങൾക്കും) ശിക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു സ്ത്രീയെ കുറിച്ച് ഞാൻ സ്വപ്നം കാണുകയുണ്ടായി. ഒരു മനുഷ്യൻ ആ സ്ത്രീയെ എല്ലായിടത്തും പിന്തുടരുകയും, എപ്പോഴെല്ലാം അവൾ തെറ്റു ചെയ്തോ അപ്പോഴെല്ലാം അയാൾ അവളെ വെറുപ്പോടെ, ബെൽറ്റ് അഴിച്ചെടുത്ത് അതുകൊണ്ട് അടിയ്ക്കുമായിരുന്നു. അവൾ തെറ്റായ ഒരു വാക്കു പറയുകയോ, എന്തെങ്കിലും തെറ്റു ചെയ്യുകയോ ചെയ്താൽ, അയാൾ അവളെ ശിക്ഷിക്കും. ചിരിക്കാനും പ്രസന്നഭാവം പുലർത്തുവാനും ശ്രമിച്ചുകൊണ്ട് അവൾ മുടന്തി നടന്നുകൊണ്ടിരുന്നു, എങ്കിലും അവൾ എപ്പോഴും അവളെ കുഴപ്പത്തിലാക്കുന്ന കാര്യങ്ങൾ ചെയ്തു കൊണ്ടേയിരുന്നു. അത് വലിയ കാര്യങ്ങൾ അല്ലായിരുന്നു എങ്കിലും ഓരോ ചെറിയ തെറ്റിനും അയാൾ അവളെ അടിക്കുമായിരുന്നു. അത് വളരെ ആശയറ്റ അവസ്ഥയായിരുന്നു. തന്നെ കുഴപ്പത്തിൽ ചെന്ന് എത്തിക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കാൻ അവൾക്ക് കഴിഞ്ഞിരുന്നില്ലതാനും. എനിക്ക് അവളോട് വലിയ സഹതാപം തോന്നിയിരുന്നതായി ഞാൻ ഓർക്കുന്നു. അവളെ എപ്പോഴും അടിച്ചുകൊണ്ടിരുന്ന ആ ദുഷ്ട മനുഷ്യനിൽ നിന്നും അവളെ രക്ഷിക്കാൻ ഞാൻ ആഗ്രഹിച്ചു. അപ്പോൾ ഞാൻ ഉറക്കത്തിൽ നിന്നും ഉണർന്നു.

നമ്മൾ സമ്പാദിക്കാത്ത, അർഹതയില്ലാതെ നമുക്ക് ലഭിക്കുന്ന പ്രീതിയേയും ദൈവശക്തിയേയും കുറിച്ച് ഞാൻ ചിന്തിക്കാൻ തുടങ്ങി. നമ്മുടെ ഹൃദയം ദൈവകൃപയിൽ സ്ഥിരപ്പെടുമ്പോൾ, നമ്മുടെ പ്രവൃത്തികളിൽ കൂടിയോ, സ്വന്തം ബലമോ കഴിവോ ഉപയോഗിച്ച് നിയമങ്ങൾ പാലിക്കാൻ ശ്രമിക്കുന്നതു വഴിയോ, ദൈവത്തിന്റെ അംഗീകാരം നേടാൻ

നാം ശ്രമിക്കുകയില്ല. ദൈവത്തിന്റെ നിയമങ്ങൾ ലംഘിച്ചതു വഴി നാം അർഹരായിത്തീർന്ന അടികളിൽ നിന്നും രക്ഷപെടാൻ ഒടുക്കം നമുക്കു സാധ്യമാകുന്നു. നാം യേശുവാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു.

പ്രീതിയെ (ആനുകൂല്യം) കുറിച്ച് ചിന്തിക്കുക. അതിന്റെ അർത്ഥം മറ്റാരുടെയെങ്കിലും അംഗീകാരം, സഹായം അല്ലെങ്കിൽ അനുഗ്രഹം ലഭിക്കുക എന്നതാണ്. നിങ്ങൾക്ക് ആരുടെയെങ്കിലും ആനുകൂല്യം വേണ്ടപ്പോൾ, നിങ്ങൾ എന്തു ചെയ്യും? അവർക്കു സന്തോഷം ഉണ്ടാക്കുന്ന കാര്യങ്ങളൊക്കെ പറയാനും ചെയ്യാനും ശ്രമിക്കുന്നു. അവർക്കിഷ്ടം ഇല്ലാത്തതൊക്കെ ഒഴിവാക്കുന്നു. എപ്പോഴും ശരിയായതു ചെയ്യുക എന്നുള്ളതാണ അത്. അത് നടപ്പാക്കാൻ ശരിക്കും സാദ്ധ്യമാണോ? അത് ഗുരുത്വാകർഷണ ശക്തിയെ ധിക്കരിക്കുന്നതുപോലെയാണ് കുറച്ചു നേരത്തേക്ക് ചെയ്യാൻ കഴിയുമായിരിക്കും എങ്കിലും ഒടുവിൽ പരാജയപ്പെടും. അത് നിങ്ങളെക്കാൾ ശക്തിയുള്ളതാണ്.

സ്വപ്നത്തിൽ കണ്ട ആ സ്ത്രീയുമായി ഞാൻ എന്നെ സാമ്യപ്പെടുത്തി. എല്ലാം നന്നായി ചെയ്യാൻ കഠിനമായി ശ്രമിച്ചിട്ടും, ഒരു ചെറിയ കാര്യത്തിൽ പരാജയപ്പെടുമ്പോൾ, എനിക്കും അതുപോലെ തോന്നി. പ്രശ്നമുണ്ടാക്കാതെ ദിവസം മുഴുമിപ്പിക്കാൻ കഴിയുക മാത്രം ചെയ്യാൻ സാധിച്ചിരുന്നെങ്കിൽ, ഞാനെന്തെങ്കിലും നേടിയേനെ എന്നു ഞാൻ ചിന്തിച്ചു. എന്നാൽ എന്റെ കുറവുകൾ കാരണം എനിക്ക് ആ പൂർണ്ണതയിൽ എത്തുവാൻ കഴിഞ്ഞില്ല. ഞാൻ എന്റെ സ്വർഗ്ഗത്തിലെ പിതാവിനെ നിരാശപ്പെടുത്തി എന്നു ചിന്തിക്കുക മാത്രമല്ല, എന്നെതന്നെ കുറ്റപ്പെടുത്തുകയും, എന്നെതന്നെ അടിക്കുക കൂടി ചെയ്തു. ഞാൻ സ്വയം പരാജിതനായി. ഞാൻ എന്റേതായ കഴിവുകളിലും കഴിവില്ലായ്മകളിലും ശ്രദ്ധ കേന്ദ്രീകരിച്ചു. ഒരിക്കലും എത്തിച്ചേരാതെ, നല്ല ശ്രേണിയിൽ എത്താൻ തക്ക നന്മയില്ലാതെ, എന്നെ രക്ഷിക്കുവാൻ എനിക്ക് ആരെയെങ്കിലും ആവശ്യമായി വന്നു!

ദൈവം തന്റെ കരുണയിൽ സഹായം അയച്ചു. അവന്റെ പേരാണ് യേശു. നമ്മിൽ നിന്നും, ന്യായപ്രമാണം പാലിക്കാനുള്ള നമ്മുടെ ശക്തിഹീനമായ ശ്രമങ്ങളിൽ നിന്നും നമ്മെ വിടുവിക്കാനായി ദൈവം യേശുവിനെ അയച്ചു. നമുക്ക് പാലിക്കുവാൻ കഴിയാത്ത ന്യായപ്രമാണ പ്രകാരമുള്ള ശിക്ഷ യേശു വഹിച്ചു ആയതിനാൽ നാം മരണ

ശിക്ഷ വഹിക്കേണ്ട, നമുക്ക് സ്വതന്ത്രമായി പോകാം, അവനോടുകൂടെ നിത്യ ജീവനും അവകാശികളായി തീരാം. നമ്മൾ പിതാവായ ദൈവത്തിന്റെ മുമ്പാകെ നീതിയും വിശുദ്ധിയും ഉള്ളവരാകേണ്ടതിനും, നമുക്കു ന്യായപ്രമാണം ആവശ്യപ്പെടുന്നത് നിറവേറ്റാനും വേണ്ടി, നീതി നമുക്ക് സമ്മാനമായി യേശു തന്നു. അവന്റെ മരണം, അടക്കം, പുനരുത്ഥാനം ഇവയിൽ കൂടി യേശു ചെയ്തതുവഴി, നമുക്ക് ദൈവവുമായി സമാധാനമുണ്ട്. നാം നേടി എടുക്കാത്ത, അർഹിക്കാത്ത ആനുകൂല്യം നമുക്ക് ദൈവത്തിൽ നിന്നും ലഭിച്ചു. അതാണ് കൃപ.

ഇതു വിശ്വസിച്ച്, ദൈവം നിങ്ങളെ സ്നേഹിക്കുന്നതിനാൽ ഇതു ചെയ്തു എന്ന് അറിഞ്ഞ്, യാതൊരു സംശയവും ഇല്ലാതെ നിങ്ങളുടെ ഹൃദയം ഉറപ്പിക്കണം. അവന്റെ കൃപയിൽ നിങ്ങളുടെ ഹൃദയം സുബുദ്ധിയുള്ളതും, സുരക്ഷിതവും, ഉറപ്പുള്ളതും ആക്കുക. അതായത്, യേശുവിലും അവൻ വഴിയും ഉള്ള ഒരു സമൃദ്ധമായ ജീവിതം നയിക്കേണ്ടതിനാവശ്യമായ എല്ലാം, അവൻ നമുക്കു നൽകിയിരിക്കുന്നു എന്ന്, ചോദ്യമോ സംശമോ കൂടാതെ നാം സ്ഥിരീകരിക്കപ്പെടുക.

നമ്മുടെ വിശ്വാസത്തിന്റെ കാരണക്കാരനും, പൂർത്തീകരിക്കുന്നവനുമായ യേശുവിലേക്കു നോക്കി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം, നമ്മുടെ കുറവുകളിലും, തെറ്റുകളിലും പാപങ്ങളിലും നാം അതു ചെയ്യുന്നത് തുടരുകയാണെങ്കിൽ, ദൈവത്തിൽ നിന്ന് എന്തെങ്കിലും സ്വീകരിക്കുവാൻ കഴിയും എന്നു വിശ്വസിക്കാൻ ശക്തിയില്ലാതെ നാം ദുഃഖിതരായി തീരും. ഹൃദയം കൊണ്ടാണ് നാം വിശ്വസിക്കുന്നതും, അവന്റെ നീതിയും കൃപയും സ്വീകരിക്കുന്നതും. നമ്മുടെ ഹൃദയങ്ങൾ പൂർണ്ണമായും അവന്റേതായിരിക്കണം. അപ്പോൾ ആണ് നാം പൂർത്തീകരണവും വിശ്രമവും പ്രാപിക്കുന്നത്.

*"സകലജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക, ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നതു."* (സദൃശവാക്യം 4: 23).

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. ഈ പാഠത്തിൽ "കൃപ"യെ എങ്ങിനെ നിർവ്വചിച്ചിരിക്കുന്നു?

2. ഹൃദയം കൃപയിൽ സ്ഥിരപ്പെട്ടാൽ, നമ്മുടെ ____________________ വഴി ദൈവത്തിന്റെ അംഗീകാരം സമ്പാദിക്കാൻ നാം ശ്രമിക്കുകയില്ല.

3. എബ്രായർ 10:14 വായിക്കുക. ഡോണിന്റെ കുറവുകൾ അവനെ എപ്പോഴും തികഞ്ഞവനല്ലാതാക്കി. ഈ വാക്യ പ്രകാരം നാം എങ്ങിനെ യാണ് പൂർണ്ണരാക്കപ്പെടുന്നത്?

**എബ്രായർ 10:14** – *ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്ന വർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു*

4. റോമർ 5:17 വായിക്കുക. നീതിയുടെ ____________________ യേശു നമുക്കു തന്നതിനാൽ, നാം ദൈവപിതാവിന്റെ മുമ്പാകെ നീതിയുള്ളവരും, വിശുദ്ധരും ആകുവാനും, ന്യായപ്രമാണത്തിന്റെ മാനദണ്ഡങ്ങൾ നിറവേറ്റാനും നമുക്കു കഴിയുന്നു.

**റോമർ 5:17** – *ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതി ദാനത്തിന്റെയും സമൃദ്ധി ലഭിക്കു ന്നവർ യേശു ക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.*

5. യെശയ്യാവ് 26:3 വായിക്കുക.നമ്മുടെ വിശ്വാസത്തിന്റെ കാരണക്കാരനും, പൂർത്തീകരിക്കുന്നവനുമായ യേശുവിലേക്കു നോക്കി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം, നമ്മുടെ കുറവുകളിലും, തെറ്റുക ളിലും പാപങ്ങളിലും നാം അതു ചെയ്യുന്നത് തുടരുകയാണെങ്കിൽ, ദൈവത്തിൽ നിന്ന് എന്തെങ്കിലും സ്വീകരിക്കുവാൻ കഴിയും എന്നു വിശ്വസിക്കാൻ ശക്തിയില്ലാതെ നാം ദുഃഖിതരായി തീരും. നമ്മുടെ മന സ്സിനെ നാം എന്തിൽ ഉറപ്പിക്കണം?

**യെശയ്യാവ് 26:3** – *സ്ഥിരമാനസൻ നിന്നിൽ ആശ്രയം വച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു.*

6. എഫെസ്യർ 3:17 വായിക്കുക. നമ്മുടെ ഹൃദയം പൂർണ്ണമായി ദൈവത്തിന്റെ ആയിരിക്കണം. അപ്പോഴാണ് നാം ____________________

**എഫെസ്യർ 3:17** – *ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി.*

7. റോമർ 4:5 വായിക്കുക. രക്ഷ പ്രതിഫലമായി സമ്പാദിക്കാൻ ഉള്ള താണോ, അതോ ദൈവകൃപയുടെ ഒരു സൗജന്യ സമ്മാനമാണോ?

   **റോമർ 4:5** – *പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു.*

8. റോമർ 5:17 വായിക്കുക. നീതീകരണം (നീതിയിൽ ദൈവമുമ്പാകെ നില്ക്കുക) ഒരു സമ്മാനമാണ്. സമ്മാനം ലഭിക്കാൻ ജോലി ചെയ്യണമോ?

   എങ്ങിനെയാണ് സമ്മാനം കിട്ടുന്നത്?

**റോമർ 5:17** – *ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതി ദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശു ക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.*

9. റോമർ 6:23 വായിക്കുക. ഈ വാക്യത്തിൽ ദൈവകൃപയുടെ സൗജന്യ സമ്മാനം എന്താണ്?

**റോമർ 6:23** – *പാപത്തിന്റെ ശമ്പളം മരണമത്രേ. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ നിത്യജീവൻ തന്നെ.*

10. തീത്തോസ് 3:5 വായിക്കുക. നിങ്ങളുടെ എന്തെല്ലാം നന്മ പ്രവൃത്തികൾ നിങ്ങളുടെ രക്ഷയ്ക്ക് സഹായിച്ചു?

**തീത്തോസ് 3:5** – *അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രെ രക്ഷിച്ചത്.*

11. റോമർ 6:14 വായിക്കുക. ദൈവ കൃപയുടെ അധീനതയിൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ് എന്ന് സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

**റോമർ 6:14** – *നിങ്ങൾ ന്യായ പ്രമാണത്തിനല്ല, കൃപക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർതൃത്വം നടത്തുകയില്ലല്ലോ.*

12. റോമർ 11:6 വായിക്കുക. ദൈവത്തിന്റെ അനുഗ്രഹങ്ങൾ കൃപയാൽ നമുക്കു നൽകപ്പെട്ടിരിക്കുന്നു എങ്കിൽ, അതു നമ്മുടെ ____________________ അല്ല.

**റോമർ 11:6** – *കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല.*

13. റോമർ 3:24 വായിക്കുക. സ്വന്തം വാക്കിൽ ഈ വാക്യത്തിന്റെ അർത്ഥം വിശദമാക്കുക.

**റോമർ 3:24** – *അവന്റെ കൃപയാൽ ക്രിസ്തു യേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതികരിക്കപ്പെടുന്നത്.*

14. എഫെസ്യർ 1:7 വായിക്കുക. നമ്മുടെ പാപക്ഷമ ____________________ അനുസരിച്ചാണ്.

**എഫെസ്യർ 1:7** – *അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്.*

# ഉത്തര സൂചിക

1. ഈ പാഠത്തിൽ "കൃപ"യെ എങ്ങിനെ നിർവ്വചിച്ചിരിക്കുന്നു?

***സമ്പാദിക്കാത്ത, അർഹിക്കാത്ത ആനുകൂല്യവും ദൈവശക്തിയും***

2. ഹൃദയം കൃപയിൽ സ്ഥിരപ്പെട്ടാൽ, നമ്മുടെ ____________________ വഴി ദൈവത്തിന്റെ അംഗീകാരം സമ്പാദിക്കാൻ നാം ശ്രമിക്കുകയില്ല.

***പ്രവൃത്തി***

3. എബ്രായർ 10:14 വായിക്കുക. ഡോണിന്റെ കുറവുകൾ അവനെ എപ്പോഴും തികഞ്ഞവനല്ലാതാക്കി. ഈ വാക്യ പ്രകാരം നാം എങ്ങിനെ യാണ് പൂർണ്ണരാക്കപ്പെടുന്നത്?

***യേശുക്രിസ്തുവിന്റെ യാഗത്താൽ, അവൻ നമ്മെ പൂർണ്ണരാക്കി***

4. റോമർ 5:17 വായിക്കുക. നീതിയുടെ ____________________ യേശു നമുക്കു തന്നതിനാൽ, നാം ദൈവപിതാവിന്റെ മുമ്പാകെ നീതിയുള്ളവരും, വിശുദ്ധരും ആകുവാനും, ന്യായപ്രമാണത്തിന്റെ മാനദണ്ഡങ്ങൾ നിറവേറ്റാനും നമുക്കു കഴിയുന്നു.

***സമ്മാനമായി***

5. യെശയ്യാവ് 26:3 വായിക്കുക.നമ്മുടെ വിശ്വാസത്തിന്റെ കാരണക്കാരനും, പൂർത്തീകരിക്കുന്നവനുമായ യേശുവിലേക്കു നോക്കി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം, നമ്മുടെ കുറവുകളിലും, തെറ്റുക ളിലും പാപങ്ങളിലും നാം അതു ചെയ്യുന്നത് തുടരുകയാണെങ്കിൽ, ദൈവത്തിൽ നിന്ന് എന്തെങ്കിലും സ്വീകരിക്കുവാൻ കഴിയും എന്നു വിശ്വസിക്കാൻ ശക്തിയില്ലാതെ നാം ദുഃഖിതരായി തീരും. നമ്മുടെ മന സ്സിനെ നാം എന്തിൽ ഉറപ്പിക്കണം?

***നമ്മുടെ മനസ്സ് കർത്താവിൽ ഉറപ്പിക്കണം.***

6. എഫെസ്യർ 3:17 വായിക്കുക. നമ്മുടെ ഹൃദയം പൂർണ്ണമായി ദൈവത്തിന്റെ ആയിരിക്കണം. അപ്പോഴാണ് നാം____________________

***പൂർത്തികരണവും വിശ്രമവും പ്രാപിക്കുന്നത്***

7. റോമർ 4:5 വായിക്കുക. രക്ഷ പ്രതിഫലമായി സമ്പാദിക്കാൻ ഉള്ളതാണോ, അതോ ദൈവകൃപയുടെ ഒരു സൗജന്യ സമ്മാനമാണോ?

***ദൈവകൃപയുടെ ഒരു സൗജന്യ സമ്മാനം***

8. റോമർ 5:17 വായിക്കുക. നീതീകരണം (നീതിയിൽ ദൈവമുമ്പാകെ നില്ക്കുക) ഒരു സമ്മാനമാണ്. സമ്മാനം ലഭിക്കാൻ ജോലി ചെയ്യണമോ?

***വേണ്ട***

എങ്ങിനെയാണ് സമ്മാനം കിട്ടുന്നത്?

***അതു വെറുതെ എത്തി പിടിക്കുക***

9. റോമർ 6:23 വായിക്കുക. ഈ വാക്യത്തിൽ ദൈവകൃപയുടെ സൗജന്യ സമ്മാനം എന്താണ്?

***നിത്യജീവൻ (നിത്യമരണത്തിനു പകരം)***

10. തീത്തോസ് 3:5 വായിക്കുക. നിങ്ങളുടെ എന്തെല്ലാം നന്മ പ്രവൃത്തികൾ നിങ്ങളുടെ രക്ഷയ്ക്ക് സഹായിച്ചു?

***ഒരു പ്രവൃത്തിയും സഹായിച്ചില്ല***

11. റോമർ 6:14 വായിക്കുക. ദൈവ കൃപയുടെ അധീനതയിൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ് എന്ന് സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

***നമ്മുടെ പാപം അർഹിക്കുന്നതു ലഭിക്കുന്നതിനു പകരം ദൈവത്തിൽ നിന്നും, ക്രിസ്തുവിൽ ഏറ്റവും മെച്ചമായത് ലഭിക്കുന്നു. നീതീകരണം, അംഗീകാരം, പാപക്ഷമ ഇതെല്ലാം ദൈവത്തിന്റെ കരുണയുടെ സമ്മാനങ്ങളായി ലഭിക്കുന്നു.***

12. റോമർ 11:6 വായിക്കുക. ദൈവത്തിന്റെ അനുഗ്രഹങ്ങൾ കൃപയാൽ നമുക്കു നൽകപ്പെട്ടിരിക്കുന്നു എങ്കിൽ, അതു നമ്മുടെ ____________________ അല്ല.

***പ്രവൃത്തികളാൽ***

13. റോമർ 3:24 വായിക്കുക. സ്വന്തം വാക്കിൽ ഈ വാക്യത്തിന്റെ അർത്ഥം വിശദമാക്കുക.

***കുരിശിൽ നടന്ന ക്രിസ്തുവിന്റെ വീണ്ടെടുപ്പിനാൽ വിശ്വാസിക്ക് നൽകപ്പെട്ട, ദൈവകൃപയുടെ ഒരു സൗജന്യ സമ്മാനമാണ് നീതീകരണം***

14. എഫെസ്യർ 1:7 വായിക്കുക. നമ്മുടെ പാപക്ഷമ ________________ അനുസരിച്ചാണ്.

***ദൈവകൃപയുടെ ധനം***

## പാഠം – 10

# ഇനി പാപബോധം ഇല്ല

### *ഡോൺ ക്രോ*

ഒരിക്കൽ ഒരു മദ്യപിച്ച വ്യക്തി അയാളുടെ വാഹനം തെറ്റായ ദിശയിൽ ഓടിക്കയും, വേറെ ഒരു വ്യക്തിയുടെ വാഹനവുമായി നേർക്കുനേർ കൂട്ടി ഇടിക്കയും ചെയ്തു. ഈ അപകടത്തിൽ 18 വയസ്സുള്ള ഒരു പെൺകുട്ടി മരണപ്പെട്ടു. ആ പെൺകുട്ടിയുടെ കുടുംബക്കാർ അയാൾക്ക് എതിരായി കേസു കൊടുക്കുകയും, 15 ലക്ഷം ഡോളറിനുള്ള വിധി സമ്പാദിക്കുകയം ചെയ്തു.

ഈ തുക മുഴുവനും എന്ന വിധിക്ക് പകരമായിട്ട് ആ കുടുംബം 936 ഡോളർ വാങ്ങി ആ കേസ് തീർത്തു. ആ തുക ഒരു പ്രത്യേക രീതിയിൽ കൊടുക്കുവാനാണ് ആ കുടുംബം നിർദ്ദേശിച്ചത്. ആ മദ്യപിച്ച വ്യക്തി എന്താണ് ചെയ്തതെന്ന് അവനേക്കൊണ്ട് ഇടവിടാതെ ഓർഓർമ്മിപ്പിക്കുവാൻ ആ കുടുംബം ആഗ്രഹിച്ചു. ആ മനുഷ്യൻ ആ മൃതിയടയപ്പെട്ട പെൺകുട്ടിയുടെ പേരിൽ എല്ലാ ആഴ്ചയിലും ഓരോ ഡോളർ ചെക്ക് എഴുതി ആ കുടുംബത്തിന് അയയ്ക്കണമായിരുന്നു. നിങ്ങൾ വിചാരിക്കും 15 ലക്ഷം ഡോളറിനു പകരം 936 ഡോളർ എന്നത് ഒരു നല്ല ഇടപാടണല്ലോ എന്ന്. ആദ്യം ഒക്കെ ആഴ്ചതോറും ഒരു ഡോളറിന്റെ ചെക്ക് എഴുതുന്നത് നിഷ്പ്രയാസം ആയിരുന്നു. കുറേക്കഴിഞ്ഞപ്പോൾ, അവനാൽ കൊല്ലപ്പെട്ട ആ പെൺകുട്ടിയുടെ പേരിൽ ചെക്കെഴുതുന്നത് അയാളുടെ ചിന്തയിൽ ആധിപത്യം ഉറപ്പിക്കുവാൻ തുടങ്ങി. ആ കുട്ടിയെ ഓർത്ത് എല്ലാ ആഴ്ചയിലും അയാൾ നിരാശനായി.

വർഷങ്ങൾക്കു ശേഷം അയാൾ പണം കൊടുക്കൽ നിർത്തി. ആ കുടുംബം അയാളെ തിരികെ കോടതിയിൽ കൊണ്ടുവരികയും, പണം

കൊടുക്കുന്നത് തുടരുവാൻ ആവശ്യപ്പെടുകയും ചെയ്തു. കഴിഞ്ഞ 6 അല്ലെങ്കിൽ 7 വർഷത്തിനുള്ളിൽ അയാൾ 4 – 5 പ്രാവശ്യം പണം കൊടുക്കുന്നതു മുടക്കി. ഓരോ പ്രാവശ്യവും അവർ അയാളെ കോടതി കയറ്റുകയും, അയാളെക്കൊണ്ട് പണം കൊടുക്കുന്നതു വീണ്ടും തുടങ്ങിപ്പിക്കയും ചെയ്തു.

അവർ ഒട്ടും തന്നെ കോപിഷ്ഠരല്ല, പക്ഷെ അയാൾ ചെയ്തത് അയാളെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിച്ചു എന്ന് ആ കുടുംബം പറഞ്ഞു.

അതിനെകുറിച്ച് നിങ്ങൾ ചിന്തിച്ചാൽ, ആഴ്ചതോറും പണം കൊടുത്തുകൊണ്ടിരുന്ന അയാളെപ്പോലെ തന്നെ ആ കുടുംബവും ബന്ധനത്തിലായിരുന്നു. ഓരോ ആഴ്ചയും ആ ചെക്ക് കിട്ടുമ്പോൾ നഷ്ടപ്പെട്ട മകളുടെ ഓർമ്മ അവർക്ക് വന്നുകൊണ്ടിരുന്നു. ഒരർത്ഥത്തിൽ, അവരുടെ മകളുടെ മരണം അവർക്ക് മറക്കാൻ കഴിഞ്ഞിരുന്നില്ല.

ആ മനുഷ്യൻ ഇപ്പോൾ 'ക്രൂരവും അസാധാരണവുമായ ശിക്ഷ'ക്ക് ആ കുടുംബത്തിനെതിരായി കേസു കൊടുത്തിരിക്കയാണ്. അയാൾ പറയുന്നു, "ഇത് എന്നെ കൊന്നുകൊണ്ടിരിക്കുന്നു! ഇത് എന്റെ ജീവിതത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു! കഴിഞ്ഞ കാലത്തെ ഈ സംഭവം ഒരിക്കലും മറക്കാനോ, ജീവിതത്തിൽ മുന്നോട്ടു പോകുവാനോ എനിക്കു കഴിയുന്നില്ല."

ഈ കഥയുടെ വെളിച്ചത്തിൽ ഞാൻ പറയട്ടെ, ഈ തരത്തിലുള്ള ന്യായവിധിയിൽ പെട്ട അനേകം ക്രിസ്ത്യാനികളെ എനിക്കറിയാം. 'യേശു എല്ലാം കൊടുത്തു കഴിഞ്ഞു' എന്ന് അവരോടു പറഞ്ഞിട്ടും, ആ പണം കൊടുക്കൽ പോലെ, ആഴ്ചതോറുമുള്ള മതാനുഷ്ഠാനങ്ങൾ ചെയ്തില്ലെങ്കിൽ, ദൈവം അവരെ അംഗീകരിക്കുകയില്ല എന്നുള്ള ചിന്തയാണ് അവർക്കുള്ളത്.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. ഈ കാര്യങ്ങൾ ഇങ്ങിനെ തുടർന്നുകൊണ്ടിരിക്കുമ്പോൾ ആ മനുഷ്യന് കുടുംബവുമായി ഏതുവിധത്തിലുള്ള ബന്ധം ആയിരിക്കാം ഉള്ളത്?

2. എബ്രായർ 10:1 വായിക്കുക. ന്യായപ്രമാണത്തിന് എന്താണു ചെയ്യാൻ കഴിയാത്തത്?

**എബ്രായർ 10:1–2** – *ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്ക കൊണ്ടു ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ അടുത്തുവരുന്നവർക്ക് സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല. അല്ലെങ്കിൽ ആരാധനക്കാർക്കു ഒരിക്കൽ ശുദ്ധിവന്നതിന്റെ ശേഷം പാപങ്ങളെക്കുറിച്ചുള്ള മനോബോധം പിന്നെ ഇല്ലായ്കകൊണ്ടു യാഗം കഴിക്കുന്നത് നിന്നുപോകയില്ലയോ ?*

3. എബ്രായർ 10:1 വായിക്കുക. പഴയ നിയമത്തിലെ യാഗങ്ങൾക്കു നമ്മളെ പൂർണ്ണരാക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നതിന്റെ സൂചനയായി ഈ വാക്യം എന്തു പറയുന്നു?

4. എബ്രായർ. 10:2 വായിക്കുക. പാപത്തെ ശരിക്കും കൈകര്യം ചെയ്യാൻ കഴിയുന്ന ഒരു യാഗം വന്നെങ്കിൽ, അത് ആരാധിക്കുന്നവർക്ക് എന്തു ചെയ്യുമായിരുന്നു?

5. മദ്യപിച്ചു വാഹനം ഓടിച്ച ആ മനുഷ്യൻ എന്തു ചെയ്യുവാൻ നിർബന്ധിതനായി?

6. എബ്രായർ 10:14 വായിക്കുക. ദൈവം തന്റെ ജനത്തെ പൂർണ്ണരാക്കുന്നു:

   A. സൽപ്രവർത്തികളാൽ
   B. ദേവാലയത്തിൽ പോകുന്നതിനാൽ
   C. 10 കല്പനകൾ പാലിക്കുന്നതിനാൽ
   D. യേശുവിന്റെ യാഗത്തിൽ കൂടി

**എബ്രായർ 10:14** – *ഏക യാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു.*

7. എബ്രായർ 10:14 വായിക്കുക. യേശുവിന്റെ യാഗം (വിശ്വാസത്തിൽ സ്വീകരിച്ചത്) വിശ്വാസിയെ പൂർണ്ണരാക്കുന്നു:

   A. ഇനിയും പാപം ചെയ്യുന്നതുവരെ
   B. കഴിഞ്ഞ കാലപാപങ്ങളിൽ നിന്ന്
   C. എന്നേക്കും

8. ഉല്പത്തി 20:1–18 വായിക്കുക. ഈ കഥയിൽ പറഞ്ഞിരിക്കുന്ന രണ്ടു വ്യക്തികൾ ആരൊക്കെയാണ്?

**ഉല്പത്തി 20:1–18** – *അനന്തരം അബ്രഹാം അവിടെ നിന്നും തെക്കെ ദേശത്തേക്കു പുറപ്പെട്ടു. കാദേശിന്നു സൂരിന്നും മദ്ധ്യേ കുടിയിരുന്നു ഗെരാരിൽ പരദേശിയായി പാർത്തു. അബ്രഹാം തന്റെ ഭാര്യയായ സാറയെക്കുറിച്ചു അവൾ എന്റെ പെങ്ങൾ എന്നു പറഞ്ഞു. ഗെരാർ രാജാവായ അബീമേലെക്ക് ആളയച്ചു സാറയെ കൊണ്ടുപോയി. എന്നാൽ രാത്രിയിൽ ദൈവം സ്വപ്നത്തിൽ അബീമേലെക്കിന്റെ അടുക്കൽ വന്നു അവനോടു നീ എടുത്ത സ്ത്രീയുടെ നിമിത്തം നീ മരിക്കും. അവൾ ഒരു പുരുഷന്റെ ഭാര്യ എന്നു അരുളി ചെയ്തു. എന്നാൽ അബീമേലെക്ക് അവളുടെ അടുക്കൽ ചെന്നിരുന്നില്ല. ആകയാൽ അവൻ കർത്താവേ, നീതിയുള്ള ജാതിയെയും നീ കൊല്ലുമോ? ഇവൾ എന്റെ പെങ്ങളാകുന്നു എന്നു അവൻ എന്നോടു പറഞ്ഞുവല്ലോ. അവൻ എന്റെ ആങ്ങള എന്നു അവളും പറഞ്ഞു. ഹൃദയ പരമാർത്ഥതയോടും കയ്യുടെ നിർമ്മലതയോടും കൂടെ ഞാൻ ഇതു ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. അതിന്നു ദൈവം സ്വപ്നത്തിൽ അവനോടു, നീ ഇതു ഹൃദയ പരമാർത്ഥതയോടെ ചെയ്തിരിക്കുന്നു എന്നു ഞാൻ അറിയുന്നു. നീ എന്നോടു പാപം ചെയ്യാതിരിപ്പാൻ ഞാൻ നിന്നെ തടുത്തു. അതുകൊണ്ടാകുന്നു അവളെ തൊടുവാൻ ഞാൻ നിന്നെ സമ്മതിക്കാതിരുന്നത്. ഇപ്പോൾ ആ പുരുഷന്നു അവന്റെ ഭാര്യയെ മടക്കിക്കൊടുക്ക. അവൻ ഒരു പ്രവാചകൻ ആകുന്നു. നീ ജീവനോടിരിക്കേണ്ടതിന്നു അവൻ നിനക്കു വേണ്ടി പ്രാർത്ഥിക്കട്ടെ. അവളെ മടക്കിക്കൊടുക്കാതിരുന്നാലോ നീയും നിനക്കുള്ളവരൊക്കെയും മരിക്കേണ്ടിവരും എന്നു അറിഞ്ഞുകൊൾക എന്നു അരുളി ചെയ്തു. അബീമേലെക്ക് അതി കാലത്തു*

*എഴുന്നേറ്റു തന്റെ സകലഭൃത്യന്മാരെയും വരുത്തി ഈ കാര്യം ഒക്കെയും അവരോടു പറഞ്ഞു. അവർ ഏറ്റവും ഭയപ്പെട്ടു. അബീമേലെക്ക് അബ്രഹാമിനെ വിളിപ്പിച്ചു അവനോടു നീ ഞങ്ങളോടു ചെയ്തത് എന്തു? നീ എന്റെ മേലും എന്റെ രാജ്യത്തിന്മേലും ഒരു മഹാപാപം വരുത്തുവാൻ തക്കവണ്ണം ഞാൻ നിന്നോടു എന്തു ദോഷം ചെയ്തു? ചെയ്യരുതാത്ത കാര്യം നീ എന്നോടു ചെയ്തുവല്ലോ എന്നു പറഞ്ഞു. നീ എന്തു കണ്ടിട്ടാകുന്നു ഇക്കാര്യം ചെയ്തത് എന്നു അബീമേലെക്ക് അബ്രഹാമിനോട് ചോദിച്ചതിന് അബ്രഹാം പറഞ്ഞത്. ഈ സ്ഥലത്ത് ദൈവഭയം ഇല്ല നിശ്ചയം. എന്റെ ഭാര്യ നിമിത്തം അവർ എന്നെ കൊല്ലും എന്നു ഞാൻ നിരൂപിച്ചു. വാസ്തവത്തിൽ അവൾ എന്റെ പെങ്ങളാകുന്നു. എന്റെ അപ്പന്റെ മകൾ എന്റെ അമ്മയുടെ മകളല്ല താനും. അവൾ എനിക്കു ഭാര്യയായി. എന്നാൽ ദൈവം എന്നെ എന്റെ പിതൃഭവനത്തിൽ നിന്നു പുറപ്പെടുവിച്ചപ്പോൾ ഞാൻ അവളോടു നീ എനിക്കു ഒരു ദയ ചെയ്യേണം. നാം ഏതൊരു ദിക്കിൽ ചെന്നാലും അവിടെ അവൻ എന്റെ ആങ്ങള എന്നു എന്നെക്കുറിച്ചു പറയേണം എന്നു പറഞ്ഞിരുന്നു. അബീമേലെക്ക് അബ്രാഹാമിനു ആടുമാടുകളെയും ദാസീദാസന്മാരെയും കൊടുത്തു. അവന്റെ ഭാര്യയായ സാറയെയും അവന്നു മടക്കിക്കൊടുത്തു. ഇതാ എന്റെ രാജ്യം നിന്റെ മുമ്പാകെ ഇരിക്കുന്നു. നിനക്ക് ബോധിച്ചേടത്തു പാർത്തുകൊൾക എന്നു അബീമേലെക്ക് പറഞ്ഞു. സാറയോടു അവൻ : നിന്റെ ആങ്ങളക്കു ഞാൻ ആയിരം വെള്ളിക്കാശു കൊടുത്തിട്ടുണ്ട്. നിന്നോടുകൂടെയുള്ള എല്ലാവരുടെയും മുമ്പാകെ ഇത് നിനക്ക് ഒരു പ്രതിശാന്തി; നീ എല്ലാവർക്കും മുമ്പാകെ നീതീകരിക്കപ്പെട്ടുമിരിക്കുന്നു എന്നു പറഞ്ഞു. അബ്രഹാം ദൈവത്തോടു അപേക്ഷിച്ചു; അപ്പോൾ ദൈവം അബീമേലെക്കിനെയും അവന്റെ ഭാര്യയെയും അവന്റെ ദാസിമാരെയും സൗഖ്യമാക്കി അവർ പ്രസവിച്ചു. അബ്രഹാമിന്റെ ഭാര്യയായ സാറയുടെ നിമിത്തം യഹോവ അബീമേലെക്കിന്റെ ഭവനത്തിലെ ഗർഭം ഒക്കെയും അടച്ചിരുന്നു.*

9. ഉല്പത്തി 20:2–ഉം 5–ഉം വായിക്കുക. ഈ കഥയിൽ, നുണ പറഞ്ഞ് മറ്റെയാളെ വഞ്ചിച്ച മനുഷ്യൻ ആരാണ്?

**ഉല്പത്തി 20:2** – *അബ്രഹാം തന്റെ ഭാര്യയായ സാറയെക്കുറിച്ചു അവൾ എന്റെ പെങ്ങൾ എന്നു പറഞ്ഞു. ഗെരാർ രാജാവായ അബീമേലെക്ക് ആളയച്ചു സാറയെ കൊണ്ടുപോയി.*

**ഉല്പത്തി 20:5** – *ഇവൾ എന്റെ പെങ്ങളാകുന്നു എന്നു അവൻ എന്നോടു പറഞ്ഞുവല്ലോ. അവൻ എന്റെ ആങ്ങള എന്നു അവളും പറഞ്ഞു. ഹൃദയ പരമാർത്ഥതയോടും കയ്യുടെ നിർമ്മലതയോടും കൂടെ ഞാൻ ഇതു ചെയ്തിരിക്കുന്നു എന്നു പറഞ്ഞു.*

10. ഉല്പത്തി 20:7 വായിക്കുക. ദൈവം അബ്രഹാമിന്റെ പ്രവർത്തികളെ അംഗീകരിച്ചിട്ടില്ല എന്ന് എനിക്ക് ഉറപ്പുണ്ട്. എന്നാൽ ദൈവം ആരുടെ പക്ഷം നിന്നു, അബ്രഹാമിന്റെയോ അബിമേലക്കിന്റെയോ?

    എന്തുകൊണ്ട്? ഉല്പത്തി 15:1, 18; യാക്കൊബ് 2:23 വായിക്കുക.

**ഉല്പത്തി 20:7** – *ഇപ്പോൾ ആ പുരുഷന്നു അവന്റെ ഭാര്യയെ മടക്കിക്കൊടുക്ക. അവൻ ഒരു പ്രവാചകൻ ആകുന്നു. നീ ജീവനോടിരിക്കേണ്ടതിന്നു അവൻ നിനക്കു വേണ്ടി പ്രാർത്ഥിക്കട്ടെ. അവളെ മടക്കിക്കൊടുക്കാതിരുന്നാലോ നീയും നിനക്കുള്ളവരൊക്കെയും മരിക്കേണ്ടിവരും എന്നു അറിഞ്ഞുകൊൾക എന്നു അരുളി ചെയ്തു.*

**ഉല്പത്തി 15:1** – *അതിന്റെ ശേഷം അബ്രഹാമിന്നു ദർശനത്തിൽ യോഹവയുടെ അരുളപ്പാടു ഉണ്ടായതെന്തെന്നാൽ അബ്രാമേ, ഭയപ്പെടേണ്ടാ. ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു.*

**ഉല്പത്തി 15:18** – *അന്നു യഹോവ അബ്രാമിനോടു ഒരു നിയമം ചെയ്തു. നിന്റെ സന്തതിക്കു ഞാൻ മിസ്രയീം നദി തുടങ്ങി ഫ്രാത്ത് നദിയായ മഹാനദിവരെയുള്ള ഈ ദേശത്തെ തന്നിരിക്കുന്നു.*

**യാക്കോബ് 2:23** – *അബ്രാഹാം ദൈവത്തെ വിശ്വസിക്കയും അതു അവന്നു നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി, അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു.*

11. ഉല്പത്തി 20:7–ഉം 17–18–ഉം വായിക്കുക. അബ്രഹാം ചെയ്തതു തെറ്റായിരുന്നെങ്കിലും, ആർക്ക് വേണ്ടി ആരു പ്രാർത്ഥിക്കണമെന്നാണ് ദൈവം പറഞ്ഞത്?

    A. അബ്രഹാം അബിമേലക്കിനു വേണ്ടി
    B. അബിമേലക്ക് അബ്രഹാമിനു വേണ്ടി
    C. അവർ തമ്മിൽ തമ്മിൽ പ്രാർത്ഥിക്കുക

**ഉല്പത്തി 20:7** – *ഇപ്പോൾ ആ പുരുഷന്നു അവന്റെ ഭാര്യയെ മടക്കിക്കൊടുക്ക. അവൻ ഒരു പ്രവാചകൻ ആകുന്നു. നീ ജീവനോടിരിക്കേണ്ടതിന്നു അവൻ നിനക്കു വേണ്ടി പ്രാർത്ഥിക്കട്ടെ. അവളെ മടക്കിക്കൊടുക്കാതിരുന്നാലോ നീയും നിനക്കുള്ളവരൊക്കെയും മരിക്കേണ്ടിവരും എന്നു അറിഞ്ഞുകൊൾക എന്നു അരുളി ചെയ്തു.*

**ഉല്പത്തി 20:17–18** – *അബ്രഹാം ദൈവത്തോടു അപേക്ഷിച്ചു; അപ്പോൾ ദൈവം അബീമേലെക്കിനെയും അവന്റെ ഭാര്യയെയും അവന്റെ ദാസിമാരെയും സൗഖ്യമാക്കി അവർ പ്രസവിച്ചു. അബ്രഹാമിന്റെ ഭാര്യയായ സാറയുടെ നിമിത്തം യഹോവ അബീമേലെക്കിന്റെ ഭവനത്തിലെ ഗർഭം ഒക്കെയും അടച്ചിരുന്നു.*

12. റോമർ 8:31 വായിക്കുക. നാം ചില അവസരങ്ങളിൽ വീണുപോയാലും നമ്മുടെ പക്ഷത്ത് ആരാണുള്ളത്?

**റോമർ 8:31** – *ഇതു സംബന്ധിച്ചു എന്തു പറയേണ്ടു? ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആർ?*

13. റോമർ 4:8 വായിക്കുക. ചിലപ്പോൾ നാം തെറ്റുചെയ്താലും, അവൻ എന്തുചെയ്യില്ല എന്നാണു ദൈവം പറഞ്ഞതു?

**റോമർ 4:8** – *കർത്താവ് പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ.*

14. എബ്രായർ 8:12–13 വായിക്കുക. പുതിയ നിയമത്തിൽ, കർത്താവ് ചെയ്യുകയില്ല എന്നു പറഞ്ഞിട്ടുള്ള കാര്യം എന്താണ്?

**എബ്രായർ 8:12–13** – *ഞാൻ അവരുടെ അകൃത്യങ്ങളെ കുറിച്ച് കരുണയുള്ളവൻ ആകും. അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്നു കർത്താവിന്റെ അരുളപ്പാടു. പുതിയത് എന്നു പറയുന്നതിനാൽ ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു. എന്നാൽ പഴയതാകുന്നതും ജീർണ്ണിക്കുന്നതും എല്ലാം നീങ്ങിപ്പോകുവാൻ അടുത്തിരിക്കുന്നു.*

15. എഫെസ്യർ 2:5, 8–9 വായിക്കുക. എങ്ങിനെയാണു നാം രക്ഷിക്കപ്പെട്ടത്?

**എഫെസ്യർ 2:5** – *അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കയും കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു.*

**എഫെസ്യർ 2:8–9** – *വായിക്കുക. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിന്നും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.*

16. തീത്തൊസ് 3:5 വായിക്കുക. നാം എങ്ങിനെയല്ല രക്ഷിക്കപ്പെട്ടത്?

 നാം എങ്ങിനെയാണു രക്ഷിക്കപ്പെട്ടത്?

**തീത്തൊസ് 3:5** – *അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചത്.*

17. എഫെസ്യർ 1:6 വായിക്കുക. അവന്റെ ____________________ നമ്മെ ദൈവം രക്ഷിച്ചതിനാൽ, നാം നിത്യത മുഴുവൻ ദൈവത്തെ വാഴ്ത്തും. അവൻ നമ്മെ കർത്താവായ യേശുവിൽ ________________________ .

**എഫെസ്യർ 1:6** – *അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ.*

# ഉത്തര സൂചിക

1. ഈ കാര്യങ്ങൾ ഇങ്ങിനെ തുടർന്നുകൊണ്ടിരിക്കുമ്പോൾ ആ മനുഷ്യന് കുടുംബവുമായി ഏതുവിധത്തിലുള്ള ബന്ധം ആയിരിക്കാം ഉള്ളത്?

   ***ക്ഷമിക്കാത്ത, കയ്പ്പും കലഹവും നിറഞ്ഞ ബന്ധം***

2. എബ്രായർ 10:1 വായിക്കുക. ന്യായപ്രമാണത്തിന് എന്താണു ചെയ്യാൻ കഴിയാത്തത്?

   ***ആരാധിക്കുന്നവരെ തികഞ്ഞവർ (കുറ്റവും കുറവും ഇല്ലാത്തവർ) ആക്കുവാൻ കഴിഞ്ഞിരുന്നില്ല***

3. എബ്രായർ 10:1 വായിക്കുക. പഴയ നിയമത്തിലെ യാഗങ്ങൾക്കു നമ്മളെ പൂർണ്ണരാക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നതിന്റെ സൂചന യായി ഈ വാക്യം എന്തു പറയുന്നു?

   ***അത് ദിനംതോറും, ആഴ്ചതോറും, മാസംതോറും ആവർത്തിക്കേ ണ്ടിയിരുന്നു. പാപത്തിന്റെ പ്രശ്നത്തെ സ്ഥിരമായി നിവാരണം ചെയ്യാൻ അവയ്ക്കു കഴിഞ്ഞിരുന്നില്ല എന്ന് അവയുടെ ആവർത്തനത്തിൽ നിന്ന് തെളിയുന്നു.***

4. എബ്രായർ. 10:2 വായിക്കുക. പാപത്തെ ശരിക്കും കൈകര്യം ചെയ്യാൻ കഴിയുന്ന ഒരു യാഗം വന്നെങ്കിൽ, അത് ആരാധിക്കുന്നവർക്ക് എന്തു ചെയ്യുമായിരുന്നു?

   ***മേലിൽ പാപബോധം (തോൽവി കാരണം എപ്പോഴും തളർന്നിരിക്കുക) ഇല്ലാതിരിക്കാൻ അതു കാരണമാക്കും.***

5. മദ്യപിച്ചു വാഹനം ഓടിച്ച ആ മനുഷ്യൻ എന്തു ചെയ്യുവാൻ നിർബ ന്ധിതനായി?

   ***അവന്റെ പാപത്തെക്കുറിച്ച് എപ്പോഴും ചിന്തിക്കാൻ***

6. എബ്രായർ 10:14 വായിക്കുക. ദൈവം തന്റെ ജനത്തെ പൂർണ്ണരാക്കുന്നു:

   D. ***യേശുവിന്റെ യാഗത്തിൽ കൂടി***

7. എബ്രായർ 10:14 വായിക്കുക. യേശുവിന്റെ യാഗം (വിശ്വാസത്തിൽ സ്വീകരിച്ചത്) വിശ്വാസിയെ പൂർണ്ണരാക്കുന്നു:

C. ***എന്നേക്കും***

8. ഉല്പത്തി 20:1–18 വായിക്കുക. ഈ കഥയിൽ പറഞ്ഞിരിക്കുന്ന രണ്ടു വ്യക്തികൾ ആരൊക്കെയാണ്?

***അബ്രഹാമും അബിമേലക്കും***

9. ഉല്പത്തി 20:2–ഉം 5–ഉം വായിക്കുക. ഈ കഥയിൽ, നുണ പറഞ്ഞ് മറ്റെയാളെ വഞ്ചിച്ച മനുഷ്യൻ ആരാണ്?

***അബ്രഹാം***

10. ഉല്പത്തി 20:7 വായിക്കുക. ദൈവം അബ്രഹാമിന്റെ പ്രവർത്തികളെ അംഗീകരിച്ചിട്ടില്ല എന്ന് എനിക്ക് ഉറപ്പുണ്ട്. എന്നാൽ ദൈവം ആരുടെ പക്ഷം നിന്നു, അബ്രഹാമിന്റെയോ അബിമേലക്കിന്റെയോ?

***അബ്രഹാമിന്റെ***

എന്തുകൊണ്ട്? ഉല്പത്തി 15:1, 18; യാക്കൊബ് 2:23 വായിക്കുക.

***എന്തുകൊണ്ടെന്നാൽ അബ്രഹാമിന് ദൈവവുമായി ഒരു ഉടമ്പടി ഉണ്ടായിരുന്നു. തന്നെയുമല്ല അബ്രഹാം ദൈവത്തിന്റെ ഒരു സുഹൃത്തായിരുന്നു.***

11. ഉല്പത്തി 20:7–ഉം 17–18–ഉം വായിക്കുക. അബ്രഹാം ചെയ്തതു തെറ്റായിരുന്നെങ്കിലും, ആർക്ക് വേണ്ടി ആരു പ്രാർത്ഥിക്കണമെന്നാണ് ദൈവം പറഞ്ഞത്?

A. ***അബ്രഹാം അബിമേലക്കിനു വേണ്ടി***

12. റോമർ 8:31 വായിക്കുക. നാം ചില അവസരങ്ങളിൽ വീണുപോയാലും നമ്മുടെ പക്ഷത്ത് ആരാണുള്ളത്?

***ദൈവം***

13. റോമർ 4:8 വായിക്കുക. ചിലപ്പോൾ നാം തെറ്റുചെയ്താലും, അവൻ എന്തുചെയ്യില്ല എന്നാണു ദൈവം പറഞ്ഞതു?

***നമ്മുടെ പാപം നമ്മുടെ കണക്കിൽ ഇടുകയില്ല; അതായത്, നമ്മുടെ പാപത്തെ നമുക്കെതിരായി പിടിക്കുകയില്ല***

14. എബ്രായർ 8:12–13 വായിക്കുക. പുതിയ നിയമത്തിൽ, കർത്താവ് ചെയ്യുകയില്ല എന്നു പറഞ്ഞിട്ടുള്ള കാര്യം എന്താണ്?

***ദൈവം നമ്മുടെ പാപങ്ങളെ ഓർക്കുകയോ, അവയെ നമുക്കെതിരായി പിടിക്കുകയോ ഇല്ല***

15. എഫെസ്യർ 2:5, 8–9 വായിക്കുക. എങ്ങിനെയാണു നാം രക്ഷിക്കപ്പെട്ടത്?

***ദൈവത്തിന്റെ കൃപയാൽ; അതായതു, നാം അർഹിക്കാത്ത, അവനു നമ്മോടുള്ള പ്രീതിയും ദയയും നിമിത്തം***

16. തീത്തൊസ് 3:5 വായിക്കുക. നാം എങ്ങിനെയല്ല രക്ഷിക്കപ്പെട്ടത്?

***നാം ചെയ്ത നീതി പ്രവർത്തികളാൽ***

നാം എങ്ങിനെയാണു രക്ഷിക്കപ്പെട്ടത്?

***അവന്റെ കരുണ പ്രകാരം. അവൻ പുനർജനനം കൊണ്ടും പരിശുദ്ധാത്മാവു കൊണ്ടും നമ്മെ പുതുതാക്കി.***

17. എഫെസ്യർ 1:6 വായിക്കുക. അവന്റെ ________________ നമ്മെ ദൈവം രക്ഷിച്ചതിനാൽ, നാം നിത്യത മുഴുവൻ ദൈവത്തെ വാഴ്ത്തും. അവൻ നമ്മെ കർത്താവായ യേശുവിൽ ____________________ .

***കൃപയാൽ / അംഗീകരിച്ചു***

## പാഠം – 11

# ഞാൻ സ്നേഹിക്കപ്പെട്ട, ഭംഗിയുള്ള വ്യക്തി

### *ഡോൺ ക്രോ*

ഒരു ദിവസം മീഖായേൽ തന്റെ ഒരു സഹപാഠിയെ കുറിച്ച് ഒരു അതീവ രഹസ്യം പറയുവാനായി എന്റെ ആഫീസിൽ വന്നു. ഞാൻ ഒരു ദിവസം Charis Bible College ൽ ക്ലാസ് എടുത്തുകൊണ്ടിരിക്കവെ, പട്രീഷ്യാ എന്തോ നോട്ട് എഴുതുന്നതായി തോന്നിച്ചു. അവൾ കുറിച്ചതിൽ ഇങ്ങനെ ഉണ്ടായിരുന്നു, "ഞാൻ സ്നേഹിക്കപ്പെട്ടിരിക്കുന്നു, ഞാൻ ഭംഗിയുള്ള വ്യക്തിയാണ്," തുടങ്ങിയവ. അവളുടെ തന്നെ ശ്രദ്ധയെ പിടിച്ചു പറ്റുന്ന രീതിയിൽ വസ്ത്രധാരണം ചെയ്യുന്ന ആളായിരുന്നു പട്രീഷ്യ. ഈ വാക്കുകൾ പട്രീഷ്യ എഴുതുവാനുള്ള യഥാർത്ഥ കാരണം, അവൾ സ്നേഹിക്കപ്പെട്ടവളും ഭംഗിയുള്ളവളും അല്ല, മറിച്ച് അവഗണിക്കപ്പെട്ടവളും വെറുക്കപ്പെട്ടവളും ആണെന്നുള്ള അവളുടെ തോന്നൽ ആയിരുന്നു.

മനുഷ്യരെന്ന നിലയിൽ, നമുക്കെല്ലാവർക്കും ഒരേ അടിസ്ഥാന ആവശ്യങ്ങൾ ആണുള്ളത് – സ്നേഹിക്കപ്പെടുവാനും, അംഗീകരിക്കപ്പെടുവാനും, മാനിക്കപ്പെടുവാനും, സ്വയമൂല്യത്തെ കുറിച്ച് ബോധം ഉണ്ടായിരിക്കാനും, നാം ദൈവവുമായി നിരപ്പു പ്രാപിച്ചതായി ഗ്രഹിക്കാനും ഉള്ള ആഗ്രഹം. മതത്തിന്റെ ഒരു വലിയ ഭാഗം, ഇന്നു നമ്മെ സ്നേഹിക്കപ്പെടാത്തവരും, വിലമതിക്കപ്പെടാത്തവരും അംഗീകാരിക്കപ്പെടാത്തവരുമായി നമ്മെക്കൊണ്ടു തോന്നിപ്പിക്കുന്നു. വിശ്വാസികൾക്ക് എതിരായി സാത്താൻ ഉപയോഗിക്കുന്ന ഒരു വലിയ ശക്തികേന്ദ്രം, കുറ്റത്തിന്റേയു, കുറ്റവിധിയുടേയും തോന്നലാണ്, ഉടനീളം അതെല്ലാം ആത്മീയമെന്നു നമ്മെ തോന്നിപ്പിച്ചു കൊണ്ടു തന്നെ.

ഒരു ചോദ്യം: ആദ്യമായി യേശുവിന്റെ അടുത്ത് നിങ്ങൾ വന്നപ്പോൾ, നിങ്ങളിൽ എത്ര പേരോടു, യേശു നിങ്ങളെ സ്നേഹിക്കുക മാത്രമല്ല അവനെ സ്വീകരിക്കുന്നതിലൂടെ അവൻ നിങ്ങളുടെ പൂർണ്ണ നീതിയായിത്തീരുന്നു എന്നു പറയപ്പെട്ടു? (1 കൊരിന്ത്യർ 1:30 പറയുന്നു, *"നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു").* സുവിശേഷത്തിന്റെ സദ് വർത്തമാനം ഇതാകുന്നു:*"സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല: വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദന്നും പിന്നെ യവനവന്നും അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിനായിക്കൊണ്ടും വെളിപ്പെടുന്നു."നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നു എഴുതിയിരിക്കുന്നുവല്ലോ"* (റോമർ 1:16–17). *"പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതികരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു"* (റോമർ 4:5). ദൈവം നമ്മളെ വിളിച്ചത് വിശ്വാസത്തിൽ മേൽ വിശ്വാസം ഉണ്ടാകുവാനോ, ഏതെങ്കിലും കാര്യസാധ്യത്തിനുള്ള വിശ്വാസം ഉണ്ടാകുവാനോ അല്ല, പിന്നെയോ, ആത്മവിശ്വാസമുള്ള, വിശ്വസനീയമായ, ആശ്രയിക്കാവുന്ന ഒരു വിശ്വാസം അവനിൽ ഉണ്ടാകുവാനാണ്.

നിങ്ങളെ ഇപ്പോൾ സ്നേഹിക്കുന്നതിൽ അധികമായി, നിങ്ങളെ സ്നേഹിക്കാൻ ദൈവത്തിനു സാധ്യമല്ല. അവൻ സ്നേഹമാണ് (1 യോഹന്നാൻ 4:8). എന്നാൽ അതിനെ കൂടുതലായി നിങ്ങൾക്കു സ്വീകരിക്കാം, സ്പർശിക്കാം, അനുഭവിക്കാം. എത്ര കൂടുതലായി നിങ്ങൾ വിശ്വസിക്കുന്നുവോ, അത്ര കൂടുതലായി നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നവരായി നിങ്ങൾ തന്നെ കാണും. തിരുവെഴുത്തു പറയുന്നു, "അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു" (1 യോഹന്നാൻ 4: 19). അതിനെ കുറിച്ച് ചിന്തിക്കുക, വിശ്വസിക്കുക, അത് സ്വീകരിക്കുക!

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. റോമർ 8:38–39 വായിക്കുക. എന്തിലാണ് പൗലൊസ് ഉറച്ച് നിന്നത്?

**റോമർ 8:38–39 –** *മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ച കൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്ത വായ യേശു ക്രിസ്തുവിലുള്ള ദൈവ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരി പ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു*

2. ഞാൻ വേദപഠന കോളേജിൽ ആയിരുന്നപ്പോൾ ഒരു പ്രൊഫസർ ചില കുറിപ്പുകൾ വിതരണം ചെയ്തു. അതിൽ ഇപ്രകാരം പറഞ്ഞു: “നീതികരണം എന്നത് ഒരു നിയമപ്രവൃത്തിയാണ്, അതിലൂടെ ദൈവം വിശ്വസിക്കുന്നവരെ നീതികരിച്ചവരായി പ്രസ്താവിക്കുന്നു, നീതീകരണം ഉണ്ടാക്കുന്നവരെയല്ല.” ഞാൻ തിരുവെഴുത്ത് സ്വയം പഠിച്ചപ്പോൾ, നീതീകരണം നമ്മെ ദൈവ തിരുമുമ്പിൽ നീതിമാന്മാരാക്കുന്ന, നീതിയുടെ ഒരു സമ്മാനമാണെന്നു എനിക്കു ബോധ്യമായി. റോമർ 5 : 19 വായിക്കുക. യേശു ക്രിസ്തുവിന്റെ അനു സരണത്താൽ (ന്യായപ്രമാണം പാലിക്കുന്നതും ക്രൂശിലേക്ക് പോകുന്നതും) പലരും

   A. നീതീകരിക്കപ്പെട്ടവരായി പ്രഖ്യാപിക്കപ്പെടും
   B. നീതികരിക്കപ്പെട്ടവരായി കരുതപ്പെടും
   C. നീതീകരിക്കപ്പെട്ടവരാക്കപ്പെടും

**റോമർ 5:19 –** *ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതു പോലെ ഏകന്റെ അനുസരണത്താൽ അനേ കർ നീതിമാന്മാരായിത്തീർന്നു.*

3. 2 കൊരിന്ത്യർ 5:21 വായിക്കുക. “പാപം അറിയാത്തവനെ (യേശു) അവൻ ഒരിക്കലും പാപം ചെയ്തിരുന്നില്ല), നാം ________________, അവൻ (ദൈവം) നമുക്കുവേണ്ടി പാപം ആക്കി. (ബ്രാക്കറ്റ് എന്റേത്)

**2 കൊരിന്ത്യർ 5:21 –** *പാപം അറിയാത്തവനെ നാം അവനിൽ ദൈവ ത്തിന്റെ നീതി ആകേണ്ടതിന്നു അവൻ നമുക്കു വേണ്ടി പാപം ആക്കി.*

4. കൊലൊസ്യർ 1:21–22 വായിക്കുക. യേശുക്രിസ്തു ഭൂമിയിൽ വന്നു, നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു. അതിനാൽ, നാം ദൈവസന്നിധിയിൽ വിശുദ്ധരും കുറ്റമില്ലാത്തവരും നിഷ്കളങ്കരുമായി താഴെപറയും പ്രകാരം നിൽക്കുന്നു:

A. നമ്മുടെ ജീവിതകൂട്ടാളിയുടെ കാഴ്ചയിൽ
B. നമ്മുടെ സുഹൃത്തിന്റെ കാഴ്ചയിൽ
C. ദൈവത്തിന്റെ കാഴ്ചയിൽ

**കൊലൊസ്യർ 1:21–22** – *മുമ്പേ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ട് അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിനു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു.*

5. എഫെസ്യർ 1:6 വായിക്കുക. അവന്റെ കൃപയ്ക്കായി, നിത്യത മുഴുവൻ നാം ദൈവത്തെ പുകഴ്ത്തും; കാരണം, അവൻ നമ്മെ ______________________ .

**എഫെസ്യർ 1:6** – *അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നൽകിയ തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കയും ചെയ്തുവല്ലോ.*

6. എബ്രായർ 10:14 വായിക്കുക. യേശുവും അവന്റെ കുരിശുബലിയും വഴി, നാം എത്രനാളേക്കാണ് പൂർണ്ണരായി തീർന്നത്?

A. ഇനിയും പാപം ചെയ്യും വരെ
B. ഇനിയും ദൈവാലയത്തിൽ പോകും വരെ
C. എന്നേക്കും

**എബ്രായർ 10:14–17** – *ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്കു സദാകാലത്തേക്കും സൽഗുണ പൂർത്തി വരുത്തിയിരിക്കുന്നു. അതു പരിശുദ്ധാത്മാവും നമുക്ക് സാക്ഷീകരിക്കുന്നു "ഈ കാലം കഴിഞ്ഞ ശേഷം ഞാൻ അവരോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു. എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും എന്നു കർത്താവിന്റെ അരുളപ്പാടു" എന്നു അരുളിച്ചെയ്ത ശേഷം അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കയുമില്ല" എന്നു അരുളിച്ചെയ്യുന്നു.*

7. എബ്രായർ 10:15–17 വായിക്കുക. പുതിയ നിയമത്തിൽ, നമ്മുടെ പാപങ്ങളെ എങ്ങനെ ഓർക്കും എന്നാണു ദൈവം വാഗ്ദാനം ചെയ്യുന്നത്:

A. ഓരോ പ്രാവശ്യം നമ്മൾ പാപം ചെയ്യുമ്പോഴും
B. നാം ദശാംശം കൊടുക്കാതിരിക്കുമ്പോൾ
C. ഒരിക്കലും

8. റോമർ 6:1–2 വായിക്കുക. ദൈവകൃപ നമ്മുടെ എല്ലാ പാപത്തേക്കാളും വലുതാണ്. ദൈവ കൃപയുടെ വലുപ്പം കാണിക്കുവാൻ വേണ്ടി നാം പാപത്തിൽ തുടരണമോ?

**റോമർ 6:1–2 –** *ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ, ഒരു നാളും അരുതു. പാപ സംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ?*

9. എബ്രായർ 9:12 വായിക്കുക. ഏതു തരത്തിലുള്ള വീണ്ടെടുപ്പാണ് (പാപശിക്ഷയിൽ നിന്നുള്ള സ്വാതന്ത്ര്യം) യേശു നമുക്കു വേണ്ടി പ്രാപിച്ചത്?

A. താല്ക്കാലികമായ വീണ്ടെടുപ്പ്
B. ഭാഗികമായ വീണ്ടെടുപ്പ്
C. എന്നേക്കുമുള്ള വീണ്ടെടുപ്പ്

**എബ്രായർ 9:12 –** *ഒരു കൂടാരത്തിൽക്കൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്ത രക്തത്താൽ തന്നെ ഒരിക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുള്ളൊരു വീണ്ടെടുപ്പു സാധിപ്പിച്ചു.*

10. റോമർ 8:33 വായിക്കുക. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരെ കുറ്റം പറയാൻ കഴിയുന്ന ആരുടെ എങ്കിലും പേരു പറയുക?

**റോമർ 8:33 –** *ദൈവം തിരഞ്ഞെടുത്തവരെ ആര് കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം.*

11. റോമർ 8:34 വായിക്കുക. ദൈവജനത്തെ കുറ്റം വിധിക്കാൻ (കുറ്റക്കാരെന്നു വിധിയെഴുതാൻ) കഴിവുള്ള ആരുടെ എങ്കിലും പേരു പറയുക.

**റോമർ 8:34**–*35 – ശിക്ഷ വിധിക്കുന്നവൻ ആര് ? ക്രിസ്തുയേശു മരിച്ചവൻ മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കയും നമുക്കു വേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപരിക്കുന്നതാര്? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?*

12. റോമർ 8:35 വായിക്കുക. ദൈവത്തിന്റെ സ്നേഹത്തിൽ നിന്നും ഒരു ക്രിസ്ത്യാനിയെ വേർപെടുത്താൻ കഴിയുന്ന ആരുടെ എങ്കിലും പേരു പറയുക.

13. റോമർ 8:31 വായിക്കുക ഈ ശിഷ്യത്വ പാഠത്തിന്റെ ഉപസംഹാരം എന്താണ്?

**റോമർ 8:31** *ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? ദൈവം നമുക്കു അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആര്?*

# ഉത്തര സൂചിക

1. റോമർ 8:38–39 വായിക്കുക. എന്തിലാണ് പൗലൊസ് ഉറച്ച് നിന്നത്?

***മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്തവായ യേശു ക്രിസ്തുവിലുള്ള ദൈവ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഉറച്ചിരിക്കുന്നു***

2. ഞാൻ വേദപഠന കോളേജിൽ ആയിരുന്നപ്പോൾ ഒരു പ്രൊഫസർ ചില കുറിപ്പുകൾ വിതരണം ചെയ്തു. അതിൽ ഇപ്രകാരം പറഞ്ഞു: "നീതികരണം എന്നത് ഒരു നിയമപ്രവൃത്തിയാണ്, അതിലൂടെ ദൈവം വിശ്വസിക്കുന്നവരെ നീതികരിച്ചവരായി പ്രസ്താവിക്കുന്നു, നീതീകരണം ഉണ്ടാക്കുന്നവരെയല്ല.'' ഞാൻ തിരുവെഴുത്ത് സ്വയം പഠിച്ചപ്പോൾ, നീതീകരണം നമ്മെ ദൈവ തിരുമുമ്പിൽ നീതിമാന്മാരാക്കുന്ന, നീതിയുടെ ഒരു സമ്മാനമാണെന്നു എനിക്കു ബോധ്യമായി. റോമർ 5 : 19 വായിക്കുക. യേശു ക്രിസ്തുവിന്റെ അനുസരണത്താൽ (ന്യായപ്രമാണം പാലിച്ചതും ക്രൂശിലേക്ക് പോയതും) പലരും

   C. ***നീതീകരിക്കപ്പെട്ടവരാക്കപ്പെടും***

3. 2 കൊരിന്ത്യർ 5:21 വായിക്കുക. "പാപം അറിയാത്തവനെ (യേശു) അവൻ ഒരിക്കലും പാപം ചെയ്തിരുന്നില്ല), നാം ____________________, അവൻ (ദൈവം) നമുക്കുവേണ്ടി പാപം ആക്കി. (ബ്രാക്കറ്റ് എന്റേത്)

   ***ക്രിസ്തുവിൽ ദൈവത്തിന്റെ നീതി ആക്കി***

4. കൊലൊസ്യർ 1:21–22 വായിക്കുക. യേശുക്രിസ്തു ഭൂമിയിൽ വന്നു, നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു. അതിനാൽ, നാം ദൈവസന്നിധിയിൽ വിശുദ്ധരും കുറ്റമില്ലാത്തവരും നിഷ്കളങ്കരുമായി താഴെപറയും പ്രകാരം നിൽക്കുന്നു:

   C. ***ദൈവത്തിന്റെ കാഴ്ചയിൽ***

5. എഫെസ്യർ 1:6 വായിക്കുക. അവന്റെ കൃപയ്ക്കായി, നിത്യത മുഴുവൻ നാം ദൈവത്തെ പുകഴ്ത്തും; കാരണം, അവൻ നമ്മെ ____________________ .

*അവന്റെ പ്രിയപ്പെട്ടവനായവനിൽ (ക്രിസ്തുവിൽ) നമ്മെ സ്വീകരിച്ചു*

6. എബ്രായർ 10:14 വായിക്കുക. യേശുവും അവന്റെ കുരിശുബലിയും വഴി, നാം എത്രനാളേക്കാണ് പൂർണ്ണരായി തീർന്നത്?

C. *എന്നേക്കും*

7. എബ്രായർ 10:15–17 വായിക്കുക. പുതിയ നിയമത്തിൽ, നമ്മുടെ പാപങ്ങളെ എങ്ങനെ ഓർക്കും എന്നാണു ദൈവം വാഗ്ദാനം ചെയ്യുന്നത്:

C. *ഒരിക്കലും ഓർക്കില്ല*

8. റോമർ 6:1–2 വായിക്കുക. ദൈവകൃപ നമ്മുടെ എല്ലാ പാപത്തേക്കാളും വലുതാണ്. ദൈവ കൃപയുടെ വലുപ്പം കാണിക്കുവാൻ വേണ്ടി നാം പാപത്തിൽ തുടരണമോ?

*ഒരിക്കലും പാടില്ല!*

9. എബ്രായർ 9:12 വായിക്കുക. ഏതു തരത്തിലുള്ള വീണ്ടെടുപ്പാണ് (പാപ ശിക്ഷയിൽ നിന്നുള്ള സ്വാതന്ത്ര്യം) യേശു നമുക്കു വേണ്ടി പ്രാപിച്ചത്?

*C. എന്നേക്കുമുള്ള വീണ്ടെടുപ്പ്*

10. റോമർ 8:33 വായിക്കുക. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരെ കുറ്റം പറയാൻ കഴിയുന്ന ആരുടെ എങ്കിലും പേരു പറയുക?

*ആരും ഇല്ല*

11. റോമർ 8:34 വായിക്കുക. ദൈവജനത്തെ കുറ്റം വിധിക്കാൻ (കുറ്റക്കാരെന്നു വിധിയെഴുതാൻ) കഴിവുള്ള ആരുടെ എങ്കിലും പേരു പറയുക.

*ആരും ഇല്ല*

12. റോമർ 8:35 വായിക്കുക. ദൈവത്തിന്റെ സ്നേഹത്തിൽ നിന്നും ഒരു ക്രിസ്ത്യാനിയെ വേർപെടുത്താൻ കഴിയുന്ന ആരുടെ എങ്കിലും പേരു പറയുക.

***ആരും ഇല്ല***

13. റോമർ 8:31 വായിക്കുക ഈ ശിഷ്യത്വ പാഠത്തിന്റെ ഉപസംഹാരം എന്താണ്?

***ദൈവം നമുക്ക് അനുകൂലം എങ്കിൽ, നമുക്ക് പ്രതികൂലം ആരും ഇല്ല***

## പാഠം – 12

# രക്ഷയുടെ ഫലം – ഭാഗം 1

### *ഡോൺ ക്രോ*

ഒരു പ്രാവശ്യത്തെ ഒരു വിശ്വാസ പ്രവൃത്തിക്ക്, അതു തുടരുന്നില്ലായെങ്കിൽ, "രക്ഷിക്കാൻ" കഴിയുമോ? അത് നിലക്കാനും എന്നിട്ടും വാഗ്ദത്തം സ്വീകരിക്കാനും സാധ്യമാണോ? അബ്രഹാം ദൈവത്തെ വിശ്വസിച്ചു അത് അവന് നീതിയായി കണക്കിട്ടു (ഉല്പത്തി 15:16). അബ്രഹാമിന്റെ വിശ്വാസം നിന്നുപോയിരുന്നു എങ്കിൽ, കണക്കിട്ട നീതി നിന്നുപോകുമായിരുന്നോ?

"വിശ്വാസം" ആരംഭിക്കുന്നത് ഒരു പൂർണ്ണ ഒറ്റ പ്രാവശ്യ നടപടി (aorist tense) ആയിട്ടാണെന്നും, എങ്കിലും അത്, ഗ്രീക്കു പദപ്രകാരം *വർത്തമാന കാലമാ*കയാൽ, ക്രിസ്തീയ ജീവിതത്തിൽ തുടർന്നുകൊണ്ടേയിരിക്കുന്നു എന്നും തിരുവെഴുത്തിൽ നിന്നും നമുക്കറിയാം. വർത്തമാന കാലത്തിൽ പറഞ്ഞിരിക്കുന്ന കല്പനകൾ എല്ലാം തുടർന്നും, ആവർത്തിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. *വർത്തമാന കാലം* ഉപയോഗിക്കുമ്പോൾ, താഴെ പറയുന്ന പദങ്ങളോ ശൈലികളോ കൂടി നാം വായനക്കാർക്കു കൊടുത്താൽ, അവരുടെ ബൈബിൾ മനസ്സിലാക്കലിനെ ഉയർത്താൻ കഴിയും. ആ പദങ്ങൾ ഇവയാണ: ***ആവർത്തിച്ച്, അതായത് വീണ്ടും വീണ്ടും, സ്ഥിരമായി, തുടർച്ചയായി, പതിവായി, ഒരു സ്വഭാവമോ ജീവിതശൈലിയോ തടസ്സപ്പെടാതെയോ ആയി.***

ഈ താഴെ പറയുന്ന ഭാഗങ്ങളിൽ ഗ്രീക്കു ഭാഷയിലെ വർത്തമാന കാലം എങ്ങിനെ ബാധമാകുന്നു എന്നു നോക്കുക:

**യോഹന്നാൻ 3:16 "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന** (വർത്തമാന കാലം: വിശ്വസിക്കുന്നു, തുടർന്നും വിശ്വസിക്കുന്നു) **ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."** (ബ്രാക്കറ്റ്സ് എന്റേത്).

**എബ്രായർ 10:14 "ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്ന വർക്കു സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു."** (വർത്തമാന കാലം)

**1 യോഹന്നാൻ 3:9 "ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യു ന്നില്ല,** (വർത്തമാന കാലം: പാപം ഒരു ജീവിത ശൈലിയായി അവൻ തുടരുന്നില്ല) **അവന്റെ വിത്തു അവനിൽ വസിക്കുന്നു,** (വർത്തമാന കാലം: ദൈവത്തിന്റെ വിത്തു അവനിൽ വസിക്കുന്നു, അത് തുടരുന്നു) **ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവന്നു പാപം ചെയ്‌വാൻ കഴിക യുമില്ല."** (വർത്തമാന കാലം: ജീവിത ശൈലിയായി, തടസ്സം കൂടാതെ) (ബ്രാക്കറ്റ്സ് എന്റേത്).

**മർക്കോസ് 1:15 "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ."** (വർത്തമാന കാലം: മാനസ്സാന്തരപ്പെടുക, വിശ്വസിക്കുക, വിശ്വസിക്കുന്നത് തുടരുക)

**യോഹന്നാൻ 5:24 "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു (**വർത്തമാന കാലം: വിശ്വസിക്കുന്നു, തുടർന്നും വിശ്വസിക്കുന്നു) **നിത്യജീവൻ ഉണ്ടു. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു."** (ബ്രാക്കറ്റ്സ് എന്റേത്).

**ലൂക്കോസ് 15:7 "അങ്ങനെ തന്നേ മാനസാന്തരം കൊണ്ടു ആവശ്യമി ല്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ചുള്ളതിനേക്കാൾ മാന സാന്തരപ്പെടുന്ന (**വർത്തമാന കാലം: മാനസ്സാന്തരത്തിൽ തുടരുന്ന) **ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു."** (ബ്രാക്കറ്റ്സ് എന്റേത്).

**അപ്പോ. 17:30 "എന്നാൽ അിറയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യ മാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണ മെന്നു** (വർത്തമാന കാലം: മാനസ്സാന്തരത്തിൽ തുടരുന്നു) **മനുഷ്യരോടു കല്പിക്കുന്നു."** (വർത്തമാന കാലം: കല്പന തുടരുന്നു) (ബ്രാക്കറ്റ്സ് എന്റേത്)

**യോഹന്നാൻ 6:47 "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, വിശ്വസിക്കുന്നവനു** (വർത്തമാന കാലം: വിശ്വസിക്കുന്നു, തുടർന്നും വിശ്വസിക്കുന്നു) **നിത്യജീവൻ ഉണ്ടു."** (ബ്രാക്കറ്റ്സ് എന്റേത്).

**റോമർ 4:5 "പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതികരിക്കു ന്നവനിൽ വിശ്വസിക്കുന്നവനോ** (വർത്തമാന കാലം: വിശ്വസിക്കുന്നു, തുടർന്നും വിശ്വസിക്കുന്നു) **അവന്റെ വിശ്വാസം നീതിയായി കണക്കി ടുന്നു."** (ബ്രാക്കറ്റ്സ് എന്റേത്).

**അപ്പോ. 26:20 "ആദ്യം ദമസ്കോസിലും യെരുശലേമിലും യെഹൂദ്യ ദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു** (വർത്തമാന കാലം: മാനസ്സാന്തരത്തിൽ തുടരുന്നു) **ദൈവത്തിങ്കലേക്കു തിരിഞ്ഞു** (വർത്തമാന കാലം: തിരിയൽ തുടരുന്നു) **മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം** (വർത്തമാന കാലം: മാന സ്സാന്തരം തെളിയിക്കുന്ന പ്രവൃത്തികൾ/ക്രിയകൾ ചെയ്യുന്നത് തുടരുന്നു) **എന്നു പ്രസംഗിച്ചു."** (ബ്രാക്കറ്റ്സ് എന്റേത്).

***ഉപസംഹാരം:*** *വർത്തമാനകാലം* നൂറുകണക്കിന് പ്രാവശ്യം തിരു വെഴുത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ആ ബന്ധപ്പെട്ട തിരുവചന ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുകയല്ല എന്റെ ഉദ്ദേശ്യം. രക്ഷയ്ക്ക് ഉതകുന്ന വിശ്വാസം തുടർച്ചയായുള്ള ഒരു ക്രിയയാണെന്നും അർമ്മീനിയനിസവും കാൽവി നിസവും അതു പഠിപ്പിക്കുന്നു, അവർ വരുന്നത് വ്യത്യസ്ത കാഴ്ചപ്പാ ടുകളിൽ നിന്നാണെങ്കിലും.

നിത്യതയുടെ ഭദ്രത വിശ്വസിക്കുന്ന കാൽവിനിസം പഠിപ്പിക്കുന്നത് യഥാർത്ഥ വിശ്വാസികൾ ഇടറി വീണാലും അവരുടെ ക്രിസ്തീയ വിശ്വാ സത്തിൽ സ്ഥിരതയുള്ളവരായിരിക്കും. (1 കൊരിന്ത്യർ 1:8) നിത്യത യുടെ ഭദ്രതയിൽ വിശ്വസിക്കുന്നവർ വിശ്വസിക്കുന്നത്, യഥാർത്ഥ ക്രിസ്ത്യാനി പാപത്തിന് മരിച്ചവരാണെന്നും പാപത്തിൽ തുടരുകയില്ലാ

എന്നും ആകുന്നു. (റോമർ 6:1–3) പില്ക്കാലത്ത് ക്രിസ്തുവിൽ നിന്നും പിന്തിരിഞ്ഞു പോകുന്നവർ കാണിക്കുന്നത് അവർ ഒരിക്കലും വീണ്ടും ജനനം പ്രാപിച്ചവർ അല്ലായിരുന്നു എന്നാണ് (1 യോഹന്നാൻ 2:19).

അർമീനിയൻ ദൈവശാസ്ത്രം പഠിപ്പിക്കുന്നത് യഥാർഥ വിശ്വാസികൾക്ക് ക്രിസ്തീയ വിശ്വാസത്തിൽ നിന്നും വീണു പോകാൻ സാധിക്കും എന്നാണ്. അവർ പൊതുവെ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും അങ്ങിനെ വീണു പോകുന്നവർക്ക് അവരുടെ രക്ഷ നഷ്ടപ്പെടുന്നു എന്നാണ്. പേരിനു മാത്രം ക്രിസ്ത്യാനി എന്നു വിളിക്കപ്പെടുന്നവർക്ക്, തുടർച്ചയായി എതിർപ്പിൽ അല്ലെങ്കിൽ അവരുടെ മാനസ്സാന്തരം തെളിയിക്കുന്ന ഒരു ഫലവും ഇല്ലാതെ മനഃപൂർവ്വം പാപത്തിൽ തുടരുന്നവർക്ക് അവരുടെ സമ്പ്രദായം ഒരിടവും നൽകുന്നില്ല.

യോഹന്നാൻ അപ്പോസ്തലൻ പറഞ്ഞു, *"നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെയായി."* (1 യോഹന്നാൻ 1:8). ആ യോഹന്നാൻ ഇങ്ങിനെയും പറഞ്ഞു, *"ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല"* (1 യോഹന്നാൻ 3:9). ഇവിടെ നമുക്ക് ഒരു വിരോധാഭാസം തോന്നാമെങ്കിലും അത് തിരുവചനത്തിൽ പരസ്പര ബന്ധമില്ലാത്ത വിഷയമായി കാണുന്നില്ല. എല്ലാ ക്രിസ്ത്യാനികളും പാപം ചെയ്യും (1 യോഹ. 1:8), എങ്കിലും എല്ലാ ക്രിസ്ത്യാനികളും അനുസരിക്കുകയും ചെയ്യും (1 യോഹന്നാൻ 2:3). പാപവും ജഡികത്വവും ക്രിസ്ത്യാനികളിൽ നിലനില്ക്കുന്നു എങ്കിലും, പാപം എന്നത് അവരുടെ യജമാനനോ സവിശേഷതയോ അല്ല (1 യോഹന്നാൻ 3:9). ശരിയായ മാനസ്സാന്തരത്തിനും വിശ്വാസത്തിനും, മനസ്സിന്റെയും, ഹൃദയത്തിന്റെയും, ദിശയുടേയുംമാറ്റം ആവശ്യമാകുന്നു, അത് പൂർണ്ണമല്ലെങ്കിലും (അപ്പൊ.26:18, 1 യോഹന്നാൻ 1:8). 'ഫലം' എന്നത് ഇപ്പോഴും വിശ്വാസത്തിന്റെ വാസ്തവത്തെയും യഥാർത്ഥ്യത്തെയും കാണിക്കുന്നു. വിശ്വാസം, യഥാർഥ വിശ്വാസിയുടെ പെരുമാറ്റത്തെ നിയന്ത്രിക്കുകയും, അതോടനുബന്ധിച്ചുള്ള പ്രവൃത്തികളെ ഉളവാക്കുകയം ചെയ്യുന്ന, ഒരു പ്രകൃത്യതീതമായ, ഉറച്ച ബോധ്യമാണ് വിശ്വാസം. തക്കതായ പ്രവൃത്തികൾക്കു കാരണമാക്കുന്ന വിശ്വാസം എബ്രായർ 11–ാം അധ്യായത്തിൽ ഉള്ള ഉദാഹരണങ്ങളിൽ കാണിക്കപ്പെടുന്നു. വേറൊരു വാക്കിൽ പറഞ്ഞാൽ, നമ്മുടെ വിശ്വസിക്കുന്നതിന്റെ അനന്തര ഫലമാണ് നാം ചെയ്യുന്നതെല്ലം. യാക്കോബിന്റെ ലേഖനം 2:18 പറയുന്നു, *"എന്നാൽ ഒരു*

*ത്തൻ: നിനക്കു വിശ്വാസം ഉണ്ടു; എനിക്കു പ്രവൃത്തികൾ ഉണ്ടു എന്നു പറയുമായിരിക്കും. നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ചു തരിക; ഞാനും എന്റെ വിശ്വാസം പ്രവൃത്തികളാൽ കാണിച്ചു തരാം."*

പ്രവൃത്തിയേപ്പറ്റി നിഷേധ രൂപത്തിൽ അപ്പോസ്തലന്മാർ പറയുമ്പോൾ, അവർ പരാമർശിക്കുന്നത്, *'ന്യായ പ്രമാണത്തിന്റെ പ്രവൃത്തികളെ' ആണ്;* അതായത്, രക്ഷ നേടുവാനോ സമ്പാദിക്കുവാനോ ആയി ഒരാൾ ചെയ്യുന്നതെന്തും.

തിരുവെഴുത്ത് രക്ഷയുടെ ഫലമായ പ്രവൃത്തികളെ കുറിച്ചും വിശ്വാസത്തിന്റെ പ്രവൃത്തികളെ കുറിച്ചും പറയുന്നുണ്ട്. അവയെല്ലാം മാനസ്സാന്തരത്തിൽ നിന്നും, വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കുന്നതാണ് (അപ്പോ. 26:20, മത്തായി 3:7–10, 1 തെസ്സ 1:3, യാക്കോബ് 2:14–26). അവയെല്ലാം രക്ഷയുടെ തെളിവിനെ കാണിക്കുന്നു. മാനസ്സാന്തരത്തിനും വിശ്വാസത്തിനും ഇടയിൽ പ്രകടമാക്കപ്പെടുന്ന ഐക്യത എന്തെന്നാൽ, അവ രണ്ടിനും ഒരേ ഫലം അല്ലെങ്കിൽ തെളിവ് ആണുള്ളത്: സൽപ്രവൃത്തികൾ. സൽപ്രവർത്തികളാൽ അല്ല നാം രക്ഷിക്കപ്പെട്ടത് എന്നാൽ സൽപ്രവൃത്തികൾക്ക് വേണ്ടിയാണ് രക്ഷിക്കപ്പെട്ടത് (എഫെസ്യർ 2:8–10: എന്തിനാൽ എന്തിനുവേണ്ടി എന്നത് തമ്മിലുള്ള അന്തരം). പ്രവൃത്തികൾ വിശ്വാസത്തിന്റെ യഥാർത്ഥ്യത്തിന്റെ ഒരു പരീക്ഷയാണ്. ഒരു വ്യക്തിയുടെ ജീവിതത്തെയും പ്രവർത്തികളെയും ബാധിക്കാത്ത കൃപ യഥാർത്ഥ ദൈവ കൃപയല്ല (തീത്തോസ് 2:11–12). ഫലത്താൽ സത്യ വിശ്വാസികൾ അറിയപ്പെടും എന്ന് യേശു പഠിപ്പിക്കുന്നു (മത്തായി 3:8, 7:16–20, 25:34–40, യോഹന്നാൻ 13:35, 14:23, അപ്പോ. 26:20, റോമർ 2:6–11, യാക്കോബ് 2:14–18, 1 യോഹന്നാൻ 3:10).

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. വർത്തമാനകാലത്തിൽ കൊടുത്തിരിക്കുന്ന കല്പനകൾ എല്ലാം ____________________ ഉള്ളതാണ്.

2. യോഹന്നാൻ 3:16 വായിക്കുക. ഗ്രീക്കിലെ വർത്തമാനകാലപ്രകാരം യോഹന്നാൻ3:16 എന്താണ് പ്രസ്താവിക്കുന്നത്?

**യോഹന്നാൻ 3:16** – *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു*

3. 1 യോഹന്നാൻ 3:9 വായിക്കുക. ദൈവത്താൽ ജനിച്ച ആരും പാപം ചെയ്യുന്നില്ല. ഇതിന്റെ അർത്ഥം എന്താണ്?

**1 യോഹന്നാൻ 3:9** – *ദൈവത്തിൽ നിന്നും ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല. അവന്റെ വിത്ത് അവനിൽ വസിക്കുന്നു. ദൈവത്തിൽ നിന്നു ജനിച്ചതിനാൽ പാപം ചെയ്യുവാൻ കഴികയുമില്ല.*

4. ലൂക്കൊസ് 15:7 വായിക്കുക. ____________________ ഒരു പാപിയേച്ചൊല്ലി സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടാകും.

**ലൂക്കോസ് 15:7** – *അങ്ങനെ തന്നേ മാനസാന്തരം കൊണ്ടു ആവശ്യമി ല്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെ കുറിച്ചുള്ളതിനെക്കാൾ മാനസാ ന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും, എന്നു ഞാൻ നിങ്ങളോടു പറയുന്നു.*

5. അപ്പൊ. 17:30 വായിക്കുക. എല്ലായിടത്തും എല്ലാവരും ________________ ദൈവം കല്പിക്കുന്നു.

**അപ്പോ. 17:30** – *എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യ മാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണ മെന്നു മനുഷ്യരോടു കല്പിക്കുന്നു.*

6. അപ്പൊ. 26:20 വായിക്കുക. ഈ വാക്യം എന്താണ് പറയുന്നത്?

**അപ്പൊ. 26:20** – *ആദ്യം ദമസ്കൊസിലും യെരുശലേമിലും യെഹൂദ്യ ദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരത്തിന്നു യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം എന്നു പ്രസംഗിച്ചു.*

7. 1 യോഹന്നാൻ 2:3 വായിക്കുക. ദൈവത്തെ അറിയുന്നതിന്റെ, ദൈവവുമായി ഒരു വ്യക്തിപരമായ ബന്ധം ഉണ്ടാകുന്നതിന്റെ അനന്തരഫലം എന്താണ്?

**1 യോഹന്നാൻ 2:3** – *അവന്റെ കല്പനകളെ പ്രമാണിക്കുന്നു. എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു അതിനാൽ അറിയുന്നു.*

8. യാക്കൊബ് 2:18 വായിക്കുക. യാക്കൊബ് പറയുന്നു, "നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ചു തരിക (അത് അസാധ്യമാണ്) ഞാനും എന്റെ വിശ്വാസം ____________________ കാണിച്ചു തരാം.

**യാക്കോബ് 2:18** – *എന്നാൽ ഒരുത്തൻ: നിനക്കു വിശ്വാസം ഉണ്ടു. എനിക്ക് പ്രവൃത്തികൾ ഉണ്ട് എന്നു പറയുമായിരിക്കും. നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ചു തരിക. ഞാനും എന്റെ വിശ്വാസം പ്രവൃത്തികളാൽ കാണിച്ചു തരാം.*

9. 1 തെസ്സലൊനിക്യർ 1:3 വായിക്കുക. വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കുന്ന പ്രവർത്തികളെ ______________________________ എന്നു പരാമർശിക്കപ്പെടുന്നു.

**1 തെസ്സലൊനിക്യർ 1:3** – *നമ്മുടെ കർത്താവായ യേശു ക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു.*

10. ഗലാത്യർ 2:16, 21 വായിക്കുക. രക്ഷ അല്ലെങ്കിൽ ________________ ലഭിക്കാനുള്ള ശ്രമത്തിൽ ആളുകൾ ചെയ്യുന്നതാണ് ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ.(വാക്യം 21). അവയ്ക്ക് രക്ഷിക്കാൻ കഴിയുകയില്ല, രക്ഷിക്കുവാൻ ഉള്ള ശക്തിയും ഇല്ല.

**ഗലാത്യർ 2:16** – *യെഹൂദന്മാരത്രെ എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതികരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞിരിക്കകൊണ്ടു നാമും ന്യായ പ്രമാണത്തിന്റെ പ്രവൃത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടേണ്ടതിന്നു ക്രിസ്തു യേശുവിൽ വിശ്വസിച്ചു. ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടു കയില്ലല്ലോ*

**ഗലാത്യർ 2:21** – *ഞാൻ ദൈവത്തിന്റെ കൃപ വൃഥാവാക്കുന്നില്ല ന്യായപ്ര മാണത്താൽ നീതിവരുന്നു എങ്കിൽ ക്രിസ്തു മരിച്ചതു വെറുതെയല്ലോ.*

11. റോമർ 2:7–10 വായിക്കുക. ഈ വാക്യങ്ങൾ രണ്ടു വിഭാഗങ്ങളിൽ ഉള്ളവരുടെ ഫലം വിവരിക്കുന്നു. ആളുകളുടെ ആ രണ്ടു വിഭാഗങ്ങൾ ഏതൊക്കെയാണ്?

**റോമർ 2:7–10** – *നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ടു തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് നിത്യജീവനും, ശാഠ്യം പൂണ്ടു സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക് കോപവും ക്രോധവും കൊടുക്കും. തിന്മ പ്രവർത്തിക്കുന്ന ഏതു മനു ഷ്യാത്മാവിനും കഷ്ടവും സങ്കടവും ആദ്യം യെഹൂദനും പിന്നെ യവനനും ലഭിക്കും.*

# ഉത്തര സൂചിക

1. വർത്തമാനകാലത്തിൽ കൊടുത്തിരിക്കുന്ന കല്പനകൾ എല്ലാം ______________ ഉള്ളതാണ്.

   ***തുടരാൻ അഥവാ ആവർത്തിക്കാൻ***

2. യോഹന്നാൻ 3:16 വായിക്കുക. ഗ്രീക്കിലെ വർത്തമാനകാലപ്രകാരം യോഹന്നാൻ3:16 എന്താണ് പ്രസ്താവിക്കുന്നത്?

   ***തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന*** (വർത്തമാന കാലം: വിശ്വസിക്കുന്നു, തുടർന്നും വിശ്വസിക്കുന്നു) ***ഏവനും നശി ച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ ന ൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.***

3. 1 യോഹന്നാൻ 3:9 വായിക്കുക. ദൈവത്താൽ ജനിച്ച ആരും പാപം ചെയ്യുന്നില്ല. ഇതിന്റെ അർത്ഥം എന്താണ്?

   ***ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും പാപം ചെയ്കയില്ല.*** *(വർത്തമാനകാലം: അതായതു, അവന്റെ ജീവിത ശൈലിയായി, മാന സാന്തരം ഇല്ലാത്ത ഹൃദയം കാണിച്ചുകൊണ്ട് അവൻ പാപത്തിൽ തുടരുന്നില്ല).*

4. ലൂക്കൊസ് 15:7 വായിക്കുക. ______________ ഒരു പാപിയേച്ചൊല്ലി സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടാകും.

   ***മാനസാന്തരപ്പെട്ട് അതിൽ തുടരുന്ന***

5. അപ്പൊ. 17:30 വായിക്കുക. എല്ലായിടത്തും എല്ലാവരും ______________ ദൈവം കല്പിക്കുന്നു.

   ***മാനസാന്തരപ്പെട്ട് അതിൽ തുടരാൻ***

6. അപ്പൊ. 26:20 വായിക്കുക. ഈ വാക്യം എന്താണ് പറയുന്നത്?

   **അപ്പോ. 26:20 ആദ്യം ദമസ്കോസിലും യെരുശലേമിലും യെഹൂദ്യ ദേ ശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു** (വർത്തമാന കാലം: മാനസ്സാന്തരത്തിൽ തുടരുന്നു) **ദൈവത്തിങ്ക**

**ലേക്കു തിരിഞ്ഞു** (വർത്തമാന കാലം: തിരിയൽ തുടരുന്നു) **മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം** (വർത്തമാന കാലം: മാനസ്സാന്തരം തെളിയിക്കുന്ന പ്രവൃത്തികൾ/ക്രിയകൾ ചെയ്യുന്നത് തുടരുന്നു)

7. 1 യോഹന്നാൻ 2:3 വായിക്കുക. ദൈവത്തെ അറിയുന്നതിന്റെ, ദൈവവുമായി ഒരു വ്യക്തിപരമായ ബന്ധം ഉണ്ടാകുന്നതിന്റെ അനന്തരഫലം എന്താണ്?

***അവൻ പറയുന്നതു ചെയ്യുക, അവന്റെ കല്പനകൾ പാലിക്കുക***

8. യാക്കൊബ് 2:18 വായിക്കുക. യാക്കൊബ് പറയുന്നു, "നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ചു തരിക (അത് അസാധ്യമാണ്) ഞാനും എന്റെ വിശ്വാസം ____________________ കാണിച്ചു തരാം.

***പ്രവൃത്തികളാൽ അല്ലെങ്കിൽ ഞാൻ ചെയ്യുന്നതിനാൽ***

9. 1 തെസ്സലൊനിക്യർ 1:3 വായിക്കുക. വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കുന്ന പ്രവർത്തികളെ ______________________________ എന്നു പരാമർശിക്കപ്പെടുന്നു.

***വിശ്വാസത്തിന്റെ പ്രവർത്തികൾ***

10. ഗലാത്യർ 2:16, 21 വായിക്കുക. രക്ഷ അല്ലെങ്കിൽ ________________ ലഭിക്കാനുള്ള ശ്രമത്തിൽ ആളുകൾ ചെയ്യുന്നതാണ് ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ.(വാക്യം 21). അവയ്ക്ക് രക്ഷിക്കാൻ കഴിയുകയില്ല, രക്ഷിക്കുവാൻ ഉള്ള ശക്തിയും ഇല്ല.

***നീതീകരണം (നീതിത്വം)***

11. റോമർ 2:7–10 വായിക്കുക. ഈ വാക്യങ്ങൾ രണ്ടു വിഭാഗങ്ങളിൽ ഉള്ളവരുടെ ഫലം വിവരിക്കുന്നു. ആളുകളുടെ ആ രണ്ടു വിഭാഗങ്ങൾ ഏതൊക്കെയാണ്?

***വിശ്വാസികളും അവിശ്വാസികളും***

## പാഠം – 13

# രക്ഷയുടെ ഫലം – ഭാഗം 2

### *ഡോൺ ക്രോ*

ഈ വേദഭാഗം നോക്കുക: *"ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു. നീതി പ്രവർത്തിക്കാത്തവൻ ആരും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽനിന്നുള്ളവനല്ല."* (1 യോഹന്നാൻ 3:10). "ഇങ്ങിനെയാണ് നാം നമ്മെ രക്ഷിക്കുന്നത്" എന്ന് ആ തിരുവെഴുത്ത് പറഞ്ഞില്ല." അതു പറയുന്നു, *"ദൈവ മക്കൾ ആരാണെന്ന്* ***ഇങ്ങനെ നാം അറിയുന്നു****"* (യോഹ 3:10).

യേശു ഇപ്രകാരം പറഞ്ഞു, *"ആകയാൽ അവരുടെ ഫലത്താൽ* ***നിങ്ങൾ അവരെ തിരിച്ചറിയും****''* (മത്തായി 7:20).

തിരുവെഴുത്തിൽ ദൈവം രക്ഷയെ കുറിച്ച് രണ്ടു രീതിയിൽ പറയുന്നു: (1) രക്ഷ കൃപയാൽ വിശ്വാസത്തിൽ കൂടി ആകുന്നു എഫെസ്യർ 2:8–9. (2) ഓരോ രക്ഷിക്കപ്പെട്ട വ്യക്തിയും ചെയ്യാൻ പോകുന്ന സൽ പ്രവൃത്തികൾ അനുസരിച്ച് (എഫെ. 2:10). വിശ്വാസിയുടെ ഫലത്തെ കുറിച്ച് പറയുവാൻ നാം എന്തിന് ഭയപ്പെടണം? വേദപുസ്തകം ആ വിഷയത്തെ കുറിച്ച് പറയുന്നതിൽ നിന്നും ഒഴിഞ്ഞു നില്ക്കുന്നില്ലല്ലോ. നാം ദൈവ രാജ്യത്തിലും ദൈവത്തിന്റെ ഭരണത്തിൻ കീഴിലും ആണെന്ന് ***ഇങ്ങനെയാണ് നമുക്ക് അറിയാൻ കഴിയുന്നത്***.

**1 യോഹന്നാൻ 2:3–5 – അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിയുന്നു** *എന്നു നമുക്കറിയാം.* **"ഞാൻ അവനെ അറിയുന്നു" എന്നു പറയുകയും, എന്നാൽ അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു, സത്യം അവനിൽ ഇല്ല. എന്നാൽ ആരെങ്കിലും അവന്റെ വചനം**

**പ്രമാണിക്കുന്നു എങ്കിൽ, അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്നു** *ഇതിനാൽ നാം അറിയുന്നു.*

അവൻ നീതിമാൻ എന്ന് **നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു** എങ്കിൽ, നീതി ചെയ്യുന്നവനെല്ലാം അവനിൽ നിന്നും ജനിച്ചിരിക്കുന്നു എന്ന് **നിങ്ങൾക്ക് അറിയാം.** (1 യോഹന്നാൻ 2:29) (ഇത് അർത്ഥവത്തല്ലേ? ദൈവത്തിന്റെയും ക്രിസ്തുവിന്റെയും സ്വഭാവം നീതി ആയിരിക്കവെ, നീതി ചെയ്യുന്ന ഏവരും അവന്റെ സ്വഭാവം പങ്കിടുന്നതിന്റെ തെളിവു നൽകിക്കൊണ്ടിരിക്കുന്നു, അഥവാ യോഹന്നാൻ പറയുന്നതുപോലെ, അവനിൽ നിന്നും ജനിച്ചിരിക്കുന്നു).

**1 യോഹന്നാൻ 3:5–10 – "പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു, അവനിൽ പാപം ഇല്ല. അവനിൽ വസിക്കുന്ന ആരും പാപത്തിൽ തുടരുന്നില്ല.** *(ഗ്രീക്കു ഭാഷയിൽ ഇത് വർത്തമാന കാലത്തിലാണ്; ഇത് തുടർച്ചയായ അഥവാ പതിവായ ഒരു പ്രവൃത്തിയെ കാണിക്കുന്നു. വേദപുസ്തകം വായിക്കുന്ന വ്യക്തിക്ക് ഈ വേദഭാഗത്തേക്കുറിച്ചുള്ള അവരുടെ അറിവിനെ, താഴെ പറയുന്ന വാക്കുകൾ ഉപയോഗിച്ച് മെച്ചപ്പെടുത്താം: തുടർച്ചയായി, ആവർത്തിച്ച്, വീണ്ടും വീണ്ടും, വിഘ്നം കൂടാതെ, സ്ഥിരമായി, പതിവായി, ഒരു ജീവിത ശൈലിയായി)* **പാപത്തിൽ തുടരുന്ന** *(വർത്തമാന കാലം)* **ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല. കുഞ്ഞുങ്ങളേ, ആരും നിങ്ങളെ തെറ്റിക്കരുത്. അവൻ നീതിമാനായിരിക്കുന്നതുപോലെ നീതി ചെയ്യുന്നവൻ** *(വർത്തമാന കാലം: തുടർച്ചയായി, വീണ്ടും വീണ്ടും ചെയ്യുന്നു)* **നീതിമാൻ ആകുന്നു. പാപം ചെയ്യുന്നവൻ** *(വർത്തമാന കാലം: തുടർച്ചയായി, വീണ്ടും വീണ്ടും ചെയ്യുന്നു)* **പിശാചിന്റെ മകൻ ആകുന്നു. പിശാചു ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി. ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപത്തിൽ തുടരുന്നില്ല.** *(വർത്തമാന കാലം: ഒരു ജീവിത ശൈലിയായി, പശ്ചാത്താപമില്ലാതെ)* **അവന്റെ വിത്തു അവനിൽ വസിക്കുന്നു. ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവന്നു പാപം ചെയ്‌വാൻ കഴികയുമില്ല. ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു. നീതി പ്രവർത്തിക്കാത്തവൻ ആരും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ**

**നിന്നുള്ളവനല്ല." അവനിൽ വസിക്കുന്ന ആരും പാപം ചെയ്യുന്നില്ല. ശരിയായതു ചെയ്യാത്തവനും** (വർത്തമാനകാലം) **സഹോദരനെ സ്നേഹിക്കാത്തവനും** (വർത്തമാനകാലം) **ദൈവത്തിന്റെ മകനല്ല.** (ഊന്നൽ എന്റേത്) *(യോഹന്നാൻ പറയുന്നു, "ദൈവമക്കൾ ആരാണെന്നും പിശാചിന്റെ മക്കൾ ആരാണെന്നും ഇതിനാൽ അറിയാം." നീതി പ്രവർത്തിക്കാത്തവനും സ്നേഹം കാണിക്കാത്തവനും ദൈവത്തിന്റെ പ്രകൃതി ഇല്ലെന്നു കാണിക്കുന്നു. പുതു ജനനത്തിന്റെ തെളിവു പ്രധാനമല്ലേ ?)*

**1 യോഹന്നാൻ 3:14 –** *നാം* **മരണം** *വിട്ടു* **ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ** *നമുക്കു അറിയാം.* **സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു.** (ഊന്നൽ എന്റേത്).

**1 യോഹന്നാൻ 4:6 – ഞങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു, ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ** (അപ്പസ്തോലന്മാർ) **വാക്കു കേൾക്കുന്നു. ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങളുടെ** (അപ്പസ്തോലന്മാർ) **വാക്കു കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവു ഏതു എന്നും വഞ്ചനയുടെ ആത്മാവ് ഏത് എന്നും** *നമുക്കു ഇതിനാൽ അറിയാം.* (ബ്രാക്കറ്റ്സും ഊന്നലും എന്റേത്)

**1 യോഹന്നാൻ 4:8 – സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹം തന്നെ.** *(സ്നേഹം വിശ്വാസിയുടെ അടയാളമാണ്, എന്തുകൊണ്ടെന്നാൽ സ്നേഹം ദൈവത്തിന്റെ സ്വഭാവം ആകുന്നു.)*

**1 യോഹന്നാൻ 5:2 – നാം ദൈവത്തെ സ്നേഹിച്ചു** (വർത്തമാനകാലം: തുടർച്ചയായി അവനെ സ്നേഹിച്ചുകൊണ്ട്) **അവന്റെ കല്പനകളെ അനുസരിച്ചു** (വർത്തമാനകാലം: തുടർന്നും അനുസരിച്ചുകൊണ്ട്) **നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്നു അതിനാൽ അറിയാം.** (ബ്രാക്കറ്റ്സ് എന്റേത്)

**1 യോഹന്നാൻ 5:18–19 – ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല** *(വർത്തമാന കാലം: ഒരു ജീവിതശൈലിയായി, പശ്ചാത്താപമില്ലാതെ)* **എന്നും** *നാം അറിയുന്നു*, **ദൈവത്തിൽ നിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു** *(വർത്തമാന കാലം: തുടർന്നും സൂക്ഷിക്കുന്നു)*, **ദുഷ്ടൻ അവനെ തൊടുന്നതുമില്ല. നാം ദൈവത്തിൽ നിന്നുള്ളവർ എന്നു** *നാം അറിയുന്നു.* **സർവ്വലോ**

**കവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു** (ബ്രാക്കറ്റ്സും ഊന്നലും എന്റേത്).

**യോഹന്നാൻ അപ്പോസ്തലൻ ഇവയെല്ലാം നമ്മോട് പങ്കുവച്ചത് എന്തിനാണ്?** ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് ഞാൻ ഇത് എഴുതിയിരിക്കുന്നതു *നിങ്ങൾക്ക് നിത്യജീവൻ ഉണ്ടെന്നു അറിയേണ്ടതിനാണ്* (1 യോഹന്നാൻ 5:13).

*ഉപസംഹാരം:* നീതിയും, വിശുദ്ധിയും, സ്നേഹവും ആത്മാവിന്റെ ഫലവും വീണ്ടുജനനത്തിന്റെ തെളിവാണ്. ദൈവികമല്ലാത്ത ജീവിത ശൈലിയിൽ നമ്മൾ ജീവിക്കുമ്പോൾ, നാം ദൈവത്തിന്റെ വകയാണെന്നുള്ള ഒരു ഉറപ്പ് നമുക്ക് ഇല്ല. മനസാക്ഷി കുറ്റം വിധിക്കുന്നു, ദൈവത്തിൽ ഭാരമേല്പിക്കുവാൻ കഴിയുന്ന ഒരു വിശ്വാസം ഇല്ലാതെ വരുന്നു. പത്രോസ് നമ്മെ ഓർപ്പിക്കുന്നത് നമ്മുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുവാനാണ് (2 പത്രോസ് 1:10); അതായത്, മഹത്വമുള്ള സുവിശേഷത്തിനൊത്ത വണ്ണമുള്ള ഒരു ജീവിത രീതിയാൽ, നിങ്ങൾ ശരിക്കും ദൈവത്തിന്റേതാണെന്ന് നിങ്ങളുടെ ഹൃദയത്തിന് ഉറപ്പു കൊടുക്കുക. 'ഇങ്ങിനെയാണ് നാം രക്ഷിക്കപ്പെട്ടത്' എന്ന് ഞാൻ പറഞ്ഞില്ല; ഞാൻ പറഞ്ഞത് "ഇങ്ങിനെയാണ് നാം അവന്റേതാണ് എന്ന് നാം അറിയുന്നത്" എന്നാണ്.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. അപ്പൊ. 8:13–ഉം 18–22–ഉം വായിക്കുക. യോഹന്നാൻ 1 പറയുന്നത് ഒരു യഥാർത്ഥ വിശ്വാസിയിൽ ഉണ്ടാകുന്ന ഫലം അല്ലെങ്കിൽ തെളിവിനെ കുറിച്ചാണ്. ഇതെല്ലാം ഹൃദയത്തിൽ നിന്നും ഉത്ഭവിക്കുന്നതാണ്. വിശ്വാസിയുടെ ഹൃദയം ശരിയല്ലെന്നു കണ്ടാൽ (ശിമയോന്റേതു പോലെ) അവർ എന്താണു ചെയ്യേണ്ടത്?

**അപ്പൊ. 8:13** – *ശീമോൻ താനും വിശ്വസിച്ചു സ്നാനം ഏറ്റു ഫിലിപ്പൊസിനോടു ചേർന്നു നിന്നു, വലിയ വീര്യ പ്രവൃത്തികളും അടയാളങ്ങളും നടക്കുന്നതു കണ്ടു ഭ്രമിച്ചു.*

**അപ്പൊ. 8:18–22** – *അപ്പൊസ്തലന്മാർ കൈ വച്ചതിനാൽ പരിശുദ്ധാത്മാവ് ലഭിച്ചതു ശീമോൻ കണ്ടാറെ അവർക്കു ദ്രവ്യം കൊണ്ടു വന്നു. ഞാൻ ഒരുത്തന്റെ മേൽ കൈ വെച്ചാൽ അവന്നു പരിശുദ്ധാത്മാവു ലഭിപ്പാൻ തക്കവണ്ണം ഈ അധികാരം എനിക്കും തരേണം എന്നു പറഞ്ഞു. പത്രോസ് അവനോടു ദൈവത്തിന്റെ ദാനം പണത്തിനു വാങ്ങിക്കൊള്ളാം എന്നു നീ നിരൂപിക്കകൊണ്ടു നിന്റെ പണം നിന്നോടുകൂടെ നശിച്ചുപൊകട്ടെ. നിന്റെ ഹൃദയം ദൈവ സന്നിധിയിൽ നേരുള്ളതല്ലായ്കകൊണ്ട് ഈ കാര്യത്തിൽ നിനക്കു പങ്കും ഓഹരിയുമില്ല. നീ ഈ വഷളത്വം വിട്ട് മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്ക, പക്ഷെ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചു കിട്ടുമായിരിക്കും.*

2. 2 പത്രൊസ് 1:15–11 വായിക്കുക. ഒരു വ്യക്തി ദൈവത്താൽ വിളിക്കപ്പെട്ടതും തിരഞ്ഞെടുക്കപ്പെട്ടതും ആണെന്നുള്ളതിന്റെ തെളിവ് അല്ലെങ്കിൽ വ്യക്തത എന്താണ്?

**2 പത്രൊസ് 1:5–11** – *അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്താടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രീയ ജയവും ഇന്ദ്രീയ ജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദര പ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ. ഇവ നിങ്ങൾക്കുണ്ടായി വർദ്ധിക്കുന്നു എങ്കിൽ, നിങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ*

*പരിജ്ഞാനം സംബന്ധിച്ചു ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കയില്ല. അവയില്ലാത്തവനോ കുരുടൻ അത്രേ; അവൻ ഹ്രസ്വദൃഷ്ടിയുള്ളവനും തന്റെ മുമ്പിലത്തെ പാപങ്ങളുടെ ശുദ്ധീകരണം മറന്നവനും തന്നേ. അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരു നാളും ഇടറിപ്പാകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും.*

3. മത്തായി 25:34–40 വായിക്കുക. ഈ വാക്യം അനുസരിച്ച് വിശ്വാസിയാൽ പ്രകടമാക്കപ്പെടുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?

**മത്തായി 25:34–40** – *രാജാവ് തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്ക് വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു. ഞാൻ അതിഥിയായിരുന്നു നിങ്ങൾ എന്നെ ചേർത്തുകൊണ്ടു. നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു. രോഗിയായിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നു. തടവിൽ ആയിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിന്നു നീതിമാന്മാർ അവനോടു കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തു കൊൾകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നു ഉത്തരം പറയും. രാജാവ് അവരോടു എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും.*

4. യോഹന്നാൻ 13:35 വായിക്കുക. യേശുവിന്റെ ശിഷ്യന്മാർ എന്തിനാൽ അറിയപ്പെടുന്നു?

**യോഹന്നാൻ 13:35** – *നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും.*

5. മത്തായി 7:21–23 വായിക്കുക. ഈ വ്യക്തികൾക്ക് ദൈവരാജ്യത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടത് എന്തുകൊണ്ട്?

**മത്തായി 7:21–23** – *എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും.*

6. യോഹന്നാൻ 14:23 വായിക്കുക. ഒരു വ്യക്തി യേശുവിനെ സ്നേഹിക്കുന്നുവെങ്കിൽ, അവൻ/ൾ എന്തു ചെയ്യും?

**യോഹന്നാൻ 14:23** – *യേശു അവനോടു എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും. എന്റെ പിതാവു അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും*

7. അപ്പൊ. 26:20 വായിക്കുക. ഈ വാക്യം എന്താണ് പറയുന്നത്?

**അപ്പൊ. 26:20** – *ആദ്യം ദമസ്കൊസിലും യെരൂശലേമിലും യെഹൂദ്യദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം എന്നു പ്രസംഗിച്ചു.*

8. യാക്കൊബ് 2:17 വായിക്കുക. നിങ്ങളുടെ വിശ്വാസം സൽപ്രവൃത്തികളാൽ പിന്തുടരപ്പെടുന്നില്ലാ എങ്കിൽ, അത് ഏതു തരത്തിലുള്ള വിശ്വാസം ആകുന്നു?

**യാക്കൊബ് 2:17** – *അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു.*

# ഉത്തര സൂചിക

1. അപ്പൊ. 8:13–ഉം 18–22–ഉം വായിക്കുക. യോഹന്നാൻ 1 പറയുന്നത് ഒരു യഥാർത്ഥ വിശ്വാസിയിൽ ഉണ്ടാകുന്ന ഫലം അല്ലെങ്കിൽ തെളിവിനെ കുറിച്ചാണ്. ഇതെല്ലാം ഹൃദയത്തിൽ നിന്നും ഉത്ഭവിക്കുന്നതാണ്. വിശ്വാസിയുടെ ഹൃദയം ശരിയല്ലെന്നു കണ്ടാൽ (ശിമയോന്റേതു പോലെ) അവർ എന്താണു ചെയ്യേണ്ടത്?

   ***പാപങ്ങളെ (ദുഷ്ടതകളെ) ഓർത്ത് മാനസാന്തരപ്പെടുകയും ഹൃദയത്തിലെ നിരൂപണങ്ങൾ ക്ഷമിക്കാനായി ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്യുക***

2. 2 പത്രൊസ് 1:15–11 വായിക്കുക. ഒരു വ്യക്തി ദൈവത്താൽ വിളിക്കപ്പെട്ടതും തിരഞ്ഞെടുക്കപ്പെട്ടതും ആണെന്നുള്ളതിന്റെ തെളിവ് അല്ലെങ്കിൽ വ്യക്തത എന്താണ്?

   ***അവരുടെ പുതിയ പ്രകൃതിയുടെ ഗുണങ്ങളാകുന്ന, ആത്മാവിന്റെ എല്ലാ ഗുണങ്ങളും, അവർ അവരുടെ വിശ്വാസത്തോട് കൂട്ടി ചേർക്കുന്നു***

3. മത്തായി 25:34–40 വായിക്കുക. ഈ വാക്യം അനുസരിച്ച് വിശ്വാസിയാൽ പ്രകടമാക്കപ്പെടുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?

   ***വിശ്വാസത്തിൽ നിന്നും പുറപ്പെടുന്ന പ്രായോഗിക പ്രവൃത്തികൾ – വിശക്കുന്നവർക്ക് ആഹാരം കൊടുക്കുക, മറ്റുള്ളവർക്ക് ആതിഥ്യയേത്വം നൽകുക, അനാഥർക്ക് വസ്ത്രം കൊടുക്കുക, രോഗികളെ ശുശ്രൂഷിക്കുക, തടവിലുള്ളവരെ സന്ദർശിക്കുക ഇത്യാദി.***

4. യോഹന്നാൻ 13:35 വായിക്കുക. യേശുവിന്റെ ശിഷ്യന്മാർ എന്തിനാൽ അറിയപ്പെടുന്നു?

   ***തമ്മിൽ തമ്മിൽ കാണിക്കുന്ന സ്നേഹത്താൽ***

5. മത്തായി 7:21–23 വായിക്കുക. ഈ വ്യക്തികൾക്ക് ദൈവരാജ്യത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടത് എന്തുകൊണ്ട്?

***അവർ ദുഷ്ടത പ്രവർത്തിക്കുന്നവർ ആയിരുന്നു. ഗ്രീക്കു ഭാഷയിൽ വർത്തമാനകാലം ഉപയോഗിച്ചിരിക്കുന്നത്, ദുഷ്ടത അവരുടെ ജീവിതശൈലിയും സ്വഭാവവും ആയിരുന്നു എന്നു സൂചിപ്പിക്കുന്നു. അവരെ ഒരു നാളും അറിഞ്ഞിരുന്നില്ല എന്നു യേശു പറഞ്ഞു. ഒരിക്കലും ഒരു ഹൃദയമാറ്റം, ദൈവത്തിങ്കലേക്ക് അവരെ തിരിക്കുന്ന ഒരു മനം മാറ്റം, സംഭവിക്കാത്ത നഷ്ടരായ മതഭക്തിക്കാർ ആയിരുന്നു അവർ***

6. യോഹന്നാൻ 14:23 വായിക്കുക. ഒരു വ്യക്തി യേശുവിനെ സ്നേഹിക്കുന്നുവെങ്കിൽ, അവൻ/ൾ എന്തു ചെയ്യും?

***യേശുവിന്റെ വാക്കുകൾ പാലിക്കയോ അഥവാ അവൻ പറയുന്നതു ചെയ്യുകയോ ചെയ്യും***

7. അപ്പൊ. 26:20 വായിക്കുക. ഈ വാക്യം എന്താണ് പറയുന്നത്?

***നിങ്ങളുടെ പ്രവൃത്തികളാൽ നിങ്ങളുടെ മാനസ്സാന്തരത്തെ തെളിയിക്കുക***

8. യാക്കോബ് 2:17 വായിക്കുക. നിങ്ങളുടെ വിശ്വാസം സൽപ്രവൃത്തികളാൽ പിന്തുടരപ്പെടുന്നില്ലാ എങ്കിൽ, അത് ഏതു തരത്തിലുള്ള വിശ്വാസം ആകുന്നു?

***നിർജ്ജീവമായ വിശ്വാസം, രക്ഷയ്ക്ക് ഉതകാത്ത വിശ്വാസം (യാക്കൊബ് 2:14)***

പാഠം – 14

# ശിഷ്യത്വത്തിലേക്കുള്ള ഒരു വിളി

## *ആൻഡ്രൂ വോമ്മക്ക്*

ഇന്നു നാം ഒരു ശിഷ്യനായിരിക്കുന്നതിനെ കുറിച്ചും മറ്റുള്ളവരെ ശിഷ്യരാക്കുന്നതിനെ കുറിച്ചും ആണ് പറയാൻ പോകുന്നത്. വെറുതെ മതപരിവർത്തനം ചെയ്യുന്നവരേയും, യേശു കർത്താവാണെന്നു ഏറ്റു പറഞ്ഞ് പാപമോചനം പ്രാപിക്കുന്നവരേയും ഉണ്ടാക്കുവാനല്ല, പിന്നെയോ ശിഷ്യന്മാരെ ഉണ്ടാക്കുവാനാണ് യേശു നമ്മോടു കല്പിച്ചിരിക്കുന്നതെന്ന് നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യം പറഞ്ഞ രണ്ടു കാര്യങ്ങളും സുപ്രധാനമാണെങ്കിലും, അതു ഞാൻ ഒട്ടും കുറക്കുന്നുമില്ല, യഥാർഥ ലക്ഷ്യം വീണ്ടു ജനനത്തിൽ നിന്നും മുന്നോട്ടു പോയി പക്വതയിൽ എത്തുക എന്നതായിരിക്കണം. ക്രിസ്ത്യാനിയായ ഒരു ശിഷ്യന്റെ ലക്ഷ്യം, പോയി മറ്റുള്ളവരെ ശിഷ്യരാക്കുക എന്നതായിരിക്കണം.

പോയി ശിഷ്യന്മാരെ ഉണ്ടാക്കുക, അവരെ പക്വതയിലേക്ക് / തികവിലേക്ക് നയിക്കുക, അങ്ങനെ പൂർണ്ണതയുള്ള ശിഷ്യന്മാരെ ഉണ്ടാക്കാൻ കഴിവുള്ളവരായിരിക്കുക എന്നു യേശു നമ്മളോട് പറഞ്ഞു. ഇന്നത്തെ നമ്മുടെ സഭ ഇതു ചെയ്തിട്ടില്ല. മറ്റുള്ളവരെ വീണ്ടുജനനത്തിലേക്കു നയിക്കേണ്ട ചുമതല, പുരോഹിതന്മാർ, ശുശ്രൂഷക്കാർ എന്നൊക്കെ വിളിക്കപ്പെടുന്നവരുടെ മേൽ നാം വച്ചിരിക്കയാണ്. ലോകം ചുറ്റി സഞ്ചരിക്കുകയും വലിയ സുവിശേഷ മഹായോഗങ്ങൾ നടത്തുകയും അനേകായിരങ്ങൾ കർത്താവിനെ സ്വീകരിക്കുന്നതു കാണുകയും ചെയ്യുന്ന സുവിശേഷകന്മാർ നമുക്കുണ്ട്. അവരിൽ ചിലർക്ക്, ശരിക്കുള്ള വീണ്ടുജനനം ഉണ്ടായിട്ടില്ലെങ്കിലും, വികാരങ്ങൾ അനുഭവപ്പെടുന്നു, എന്നാൽ മറ്റു ചിലർക്ക് ശരിക്കുള്ള വീണ്ടുജനനം ഉണ്ടായി കർത്താവുമായുള്ള ബന്ധം ഉണ്ടാകുന്നു എന്നെനിക്കുറപ്പുണ്ട്.

എന്നാലും, മിക്കപ്പോഴും ശിഷ്യരാകുന്ന വിഷയത്തിന് വേണ്ടത്ര ഊന്നൽ കൊടുക്കുന്നില്ല, ദൈവം അങ്ങിനെയല്ല ഉദ്ദേശിച്ചിരിക്കുന്നത്.

കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന ഒരു വ്യക്തിയുമായി ഞാൻ ഇതിനെ താരതമ്യപ്പെടുത്തുന്നു. ഒരു കുഞ്ഞുണ്ടാവുക, അതിനേപ്പറ്റി ആവേശപ്പെടുക, പക്ഷേ അത് ജനിച്ചു കാണുന്നതിൽ മാത്രം സന്തോഷിക്കുക എന്നത് അങ്ങേയറ്റം നിരുത്തരവാദപരമായ ഒന്നാണ്. നിങ്ങൾക്ക് ഒരു കുഞ്ഞുണ്ടെങ്കിൽ, അതിനെ പഠിപ്പിക്കുവാനും വളർത്തുവാനും ഉള്ള ചുമതല ഏറ്റെടുക്കേിയിരിക്കുന്നു. നാം ജനങ്ങളോടു പറയുന്നു, “വീണ്ടുജനനം പ്രാപിക്കുക, യേശുവിനെ കർത്താവായി ഏറ്റു പറയുക എന്നതാണ് പ്രധാനപ്പെട്ട വിഷയം.” അതു സംഭവിക്കുമ്പോൾ, അവരുടെ പുറത്തു തലോടിക്കൊണ്ട് നാം പറയുന്നു, “നിങ്ങൾ ഇപ്പോൾ ഒരു ക്രിസ്ത്യാനി ആണ്. ദൈവത്തെ വിശ്വസിക്കുക, വേദപുസ്തകം പഠിക്കുക, എല്ലാം ശരിയാകും.” അതിലല്ല കർത്താവ് പ്രാധാന്യം കൊടുത്തിരിക്കുന്നത്.

ഇതു നിമിത്തം, കർത്താവിനോട് ഹൃദയപൂർവ്വമായ സമർപ്പണം ചെയ്തെങ്കിലും, തികവു പ്രാപിക്കാത്ത വളരെ ആളുകളെ നാം ഉണ്ടാക്കിയിരിക്കുന്നു. അവരെ സഹായിക്കാൻ ഒന്നും ഇല്ലാത്തതു കൊണ്ട്, അവരുടെ വിശ്വാസത്തെ പുനരുല്പാദിപ്പിക്കാൻ അവർക്കു കഴിയുന്നില്ല. യേശുവിനു വേണ്ടി ഉറപ്പുള്ള സാക്ഷികൾ ആയിരിക്കുന്നതിനു പകരം, അവർ നിഷേധ സാക്ഷികൾ ആയിത്തീരുന്നു. നാം പുറത്തു പോയി ജനങ്ങളെ തികഞ്ഞവരും, അവരുടെ വിശ്വാസം മറ്റുള്ളവരിൽ പുനരുല്പാദിപ്പിക്കാൻ പ്രാപ്തരും ആയ ശിഷ്യന്മാർ ആക്കത്തക്ക രീതിയിൽ അവരെ സമീപിക്കണമെന്നു ദൈവം ഉദ്ദേശിക്കുന്നു.

ആറു മാസത്തിൽ ഒരിക്കൽ നിങ്ങൾ ഒരാളെ കർത്താവിലേക്ക് നയിച്ച്, ആറു മാസം കൊണ്ട് അവരുടെ വിശ്വാസം മറ്റുള്ളവരിൽ പുനരുല്പാദിപ്പിക്കാൻ കഴിയുന്ന തികഞ്ഞ ഒരു ക്രിസ്ത്യാനി ആകത്തക്ക വിധം അവരെ പഠിപ്പിച്ചാൽ, ആറു മാസത്തിന്റെ അവസാനം, രണ്ടു ക്രിസ്ത്യാനികൾ ഉണ്ടാകും. പിന്നീട്, നിങ്ങൾ രണ്ടു പേരും ഓരോ വ്യക്തിയെ കർത്താവിലേക്ക് നയിച്ച്, മേല്പറഞ്ഞതുപോലെ ചെയ്താൽ, വർഷാവസാനം 4 ക്രിസ്ത്യാനികൾ ഉണ്ടാകും. ഇതിനെ, ഒരു വലിയ മീറ്റിംഗിൽ ആയിരക്കണക്കിന് ജനങ്ങളെ കർത്താവിലേക്ക് നയിക്കയും, യേശുവിനെ ഏറ്റുപറയാൻ മുഖാന്തരം ആകയും ചെയ്യുന്ന ഒരാളുമായി താരതമ്യപ്പെ

ടുത്തുവാൻ കഴിയുമെന്നു തോന്നുന്നില്ല. കൂടുതൽ ആൾക്കാരും പറയും, “ശിഷ്യത്വത്തിന്റെ ഈ രീതിയാൽ 4 പേരെ മാത്രമെ ഒരു വർഷം മാനസാന്തരപ്പെടുത്തുവാൻ കഴിയുന്നുള്ളൂ, എന്നാൽ മറ്റെ രീതി പ്രകാരം ആയിരക്കണക്കിന് ആൾക്കാർ മാനസാരന്തപ്പെടുന്നു. നമുക്ക് മറ്റെ രീതി സ്വീകരിക്കാം.” ആയിരക്കണക്കിന് ആൾക്കാരെ ക്രിസ്തുവിലേക്ക് നയിക്കുന്ന ആൾ ഒരു പക്ഷേ 12500 പേരെ കർത്താവിലേക്ക് കൊണ്ടുവന്നിരിക്കാം. അതു നല്ലതു തന്നെ, അതിനെ ആരും കുറ്റം പറയുകയും ഇല്ല. പക്ഷെ ലോകത്തിലെ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ അത് തൊട്ടിയിലെ ഒരു തുള്ളി പോലെ മാത്രമെയുള്ളൂ. അടിസ്ഥാനപരമായി സഭ അങ്ങിനെയാണ് പ്രവർത്തിക്കുന്നത്.

ശിഷ്യത്വത്തിന് നാം ഊന്നൽ കൊടുക്കയാണെങ്കിൽ, ആറുമാസത്തിൽ ഒരു വ്യക്തിയെ കർത്താവിലേക്കു നയിക്കുന്ന ആളും, മറ്റെ രണ്ടു പേരും അതു തുടർന്നു ചെയ്താൽ, പന്ത്രണ്ടര വർഷം കഴിയുമ്പോൾ ലോകജനസംഖ്യയേക്കാൾ കൂടുതൽ പേരെ അവർ ശിഷ്യത്വപ്പെടുത്തിയിരിക്കും. *അത് സാധ്യമല്ല* എന്നു ചിലർ ചിന്തിക്കും, എന്നാൽ അതു കണക്കുകൂട്ടി നോക്കാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. ഞാൻ അത് കൂട്ടിനോക്കി, പന്ത്രണ്ടര വർഷം കഴിയുമ്പോൾ, ആറു മാസത്തിൽ ഒരിക്കൽ ഒരു വ്യക്തിയെ പഠിപ്പിച്ച്, ക്രിസ്തുവിന്റെ സഭയുടെ പുനരുല്പാദിപ്പിക്കാൻ കഴിവുള്ള ഒരു അംഗമാക്കി തീർക്കുന്ന ആൾക്ക്, അഞ്ചര ബില്യൻ പേരെ ശിഷ്യത്വടുത്തുവാൻ കഴിയും, മറ്റെ രീതിയിൽ സംഭവിക്കുന്ന 12500 പേരുമായി തട്ടിക്കുമ്പോൾ.

വിജയവും തികവും സ്വയം അനുഭവിക്കുന്നതു മാത്രമല്ല, അതു മറ്റുള്ളവരിൽ പുനരുല്പാദിപ്പിക്കാനുള്ള ഒരാഗ്രഹം കൂടി ഉള്ള ഒരിടത്തേക്ക് നിങ്ങളെ എത്തിക്കാൻ ഞങ്ങൾക്കു സാധിച്ചാൽ, നിങ്ങൾ പരിശീലിപ്പിക്കപ്പെടുന്ന ആളിനു പകരം പരിശീലകൻ ആകുന്നുവെങ്കിൽ, ഒരാളെങ്കിലും ഈ ആശയം മനസ്സിലാക്കി, കർത്താവിനെ പിന്തുടർന്ന് തികവിലെത്തി, വേറാരാളെ ശിഷ്യത്വപ്പെടുത്താൻ തുടങ്ങിയാൽ സംഭവിക്കാവുന്ന കുറെ കാര്യങ്ങൾ ഇവിടെ പറയുന്നു. നിങ്ങൾ വർഷത്തിൽ ഒരു വ്യക്തി എന്ന കണക്കിന് ഇതു ചെയ്താൽ, വർഷാവസാനം രണ്ടുപേർ ഉണ്ടായിരിക്കും, നിങ്ങളും നിങ്ങൾ മുഖാന്തരം ശിഷ്യത്വത്തിലേക്ക് നയിക്കപ്പെട്ട വ്യക്തിയും. രണ്ടു വർഷത്തിന്റെ അവസാനം 4 പേർ കാണും. ഇത് തുടരുകയാണെങ്കിൽ, 10 വർഷത്തിന്റെ ഒടുവിൽ, ശിഷ്യത്വത്തിലേക്ക് നടത്തപ്പെട്ടതും

പുനരുല്പാദിപ്പിക്കാൻ കഴിവുള്ളതുമായ 1024 പേർ കാണും. ഇങ്ങനെ തുടർന്നാൽ, അതായത് പ്രാരംഭത്തിൽ ഒരാൾ മാത്രമേ ഇത് സ്വീകരിക്കുന്നുള്ളൂ എന്ന കണക്കിൻ പ്രകാരം, 20 വർഷത്തിന്റെ ഒടുവിൽ ദശലക്ഷത്തിൽ പരം ആൾക്കാർ കാണും. അത് മഹത്വകരം തന്നെ. ഈ വർദ്ധനാ രീതിയാണ് കർത്താവ് സ്ഥാപിച്ചത് – പോയി ശിഷ്യരാക്കുന്നത്, വെറും പരിവർത്തനം ചെയ്യിക്കുന്നന്നതല്ല, ദൈവരാജ്യം വികസിപ്പിക്കാനുള്ള ഏറ്റവും നല്ല രീതി ഇതാണ്. പക്ഷെ നമ്മുടെ മനോഭാവം പെട്ടെന്നുള്ള പരിഹാരം തേടുക എന്നതാണ്.

എത്രപേർ മഹായോഗങ്ങൾക്കു പോകയും, പ്രതിജ്ഞ എടുക്കുകയും, ക്രിസ്ത്യാനികളായി പ്രസ്താവിക്കയും അതേ സമയം കോപവും, പകയും, അസൂയയും കാരണം നിഷേധ സാക്ഷികൾ ആകുകയും ചെയ്യുന്നു? സ്ഥിതി വിവരകണക്കുകൾ നോക്കിയാൽ, എത്രയോ പേർ യഥാർഥ സുവിശേഷത്തിൽ നിന്നും മുഖം തിരിച്ചതായി കാണുന്നു. കാരണം, ക്രിസ്ത്യാനി എന്ന് പ്രസ്താവിക്കുന്നവരുടെ കപട ഭക്തി കണ്ടിട്ട്, അവർ വിചാരിച്ചു, *ഞാനും സഭയിലുള്ള ആ കപട ഭക്തിക്കാരേപ്പോലെ തന്നേ. അത് എനിക്ക് ആവശ്യം ഇല്ല.*

ആകെയുള്ള കാര്യം ശിഷ്യത്വം എന്ന രീതിയാണ് ലോകത്തെ സുവിശേഷീകരിക്കാനായി ദൈവം വെച്ചിരിക്കുന്നത്. നിങ്ങൾ വചനത്തിൽ തുടരുന്നതു വരെ സത്യം നിങ്ങളെ സ്വതന്ത്രമാക്കയില്ല (യോഹന്നാൻ 8:31–32). ദൈവത്തിന്റെ നിറവ് അനുഭവപ്പെടാനായി ഒരോ വ്യക്തിക്കുമായി ദൈവം ആഗ്രഹിക്കുന്നത് അതാണ്, മാത്രമല്ല അവൻ വെച്ചിരിക്കുന്ന സുവിശേഷീകരണത്തിന്റെ രീതിയും അത് തന്നെയാണ്. അതല്ല വഴി എന്നും വിചാരിച്ചു വേറെ വഴി പകരം ആക്കിയിട്ടുണ്ടോ, അതൊന്നും ഫലവത്തായിട്ടില്ല.

ശിഷ്യത്വത്തിന്റെ മൂല്യം മനസ്സിലാക്കാൻ ദൈവം അത് നിങ്ങളോട് സംസാരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾ തന്നെ ശിഷ്യരാകാനും മറ്റുള്ളവരെ ശിഷ്യരാക്കുവാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. "ക്രിസ്ത്യാനി"യാകുവാൻ യേശു ഒരിക്കലും ആരെയും വിളിച്ചിട്ടില്ല, അവൻ വിളിച്ചതു "ശിഷ്യർ" ആകുവാൻ ആണെന്നുള്ളത് അറിയുന്നത് നിങ്ങളെ അത്ഭുതപ്പെടുത്തിയേക്കാം. സുവിശേഷങ്ങൾ (മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ) നോക്കി, ശിഷ്യരാക്കുവാനുള്ള യേശുവിന്റെ വിളി കാണിക്കുന്ന, നിങ്ങൾക്കു കഴിയുന്നത്ര എണ്ണം തിരുവെഴുത്തുകൾ ഒരു പട്ടികയായി വേറൊരു കടലാസ്സിൽ രേഖപ്പെടുത്തുക.

2. അപ്പൊ. പ്രവൃത്തികളിൽ, "ക്രിസ്ത്യാനികൾ" ആകുവാനല്ല "ശിഷ്യർ" ആകാനാണ് ആൾക്കാർ വിളിക്കപ്പെട്ടിരുന്നത്. അപ്പൊ. പ്രവൃത്തികൾ നോക്കി, ശിഷ്യത്വത്തിലേക്ക് ആളുകൾ വിളിക്കപ്പെട്ടതു കാണിക്കുന്ന, നിങ്ങൾക്കു കഴിയുന്നത്ര എണ്ണം തിരുവെഴുത്തുകൾ ഒരു പട്ടികയായി വേറൊരു കടലാസ്സിൽ രേഖപ്പെടുത്തുക.

3. തിരുവെഴുത്തിൽ "ശിഷ്യന്മാർ (ശിഷ്യർ)" എന്ന പദം ആകെ 273 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. വേദപുസ്തകത്തിലാകെ "ക്രിസ്ത്യാനി (ക്രിസ്ത്യാനികൾ)" എന്ന പദം ആകെ 3 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. "ക്രിസ്ത്യാനി (ക്രിസ്ത്യാനികൾ)" എന്ന പദം ഉപയോഗിച്ചിരിക്കുന്ന 3 തിരുവചനങ്ങൾ വേറൊരു കടലാസിൽ ക്രമമായി രേഖപ്പെടുത്തുക.

4. മത്തായി 10:25 വായിക്കുക. ഈ വാക്യപ്രകാരം ശിഷ്യൻ എന്നു പറഞ്ഞാൽ എന്താണ്?

**മത്തായി 10:25** – *ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യന്നു മതി. യജമാനനെപ്പോലെയാകുന്നതു ദാസന്നും മതി. അവർ വീട്ടുടയവനെ ബെയെത്സെബൂൽ എന്നു വിളിച്ചു എങ്കിൽ വീട്ടുകാരെ എത്ര അധികം?*

5. ലൂക്കൊസ് 14:26 വായിക്കുക. ശരിയോ തെറ്റോ: യേശുവിന്റെ ശിഷ്യൻ എന്നാൽ മറ്റുള്ളവരുടെ ജീവനുവേണ്ടി സ്വന്തജീവനെ ഉപാധികൾ ഇല്ലാതെ യാഗമാക്കുക എന്നതാണ്.

**ലൂക്കോസ് 14:26** – *എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്ത ജീവനെയും കൂടെ പകക്കാതിരിക്കയും ചെയ്യുന്നവനു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല.*

6. ലൂക്കോസ് 14: 33 വായിക്കുക. ശരിയോ തെറ്റോ: യേശുവിന്റെ ശിഷ്യൻ ആയതുകൊണ്ട്, കുറഞ്ഞപക്ഷം ചില അവസരങ്ങളിൽ എങ്കിലും, യേശു ആദ്യം എന്ന അവകാശം വയ്ക്കാനായി, അക്ഷരാർഥത്തിൽ സകലതും ഉപേക്ഷിക്കണം.

**ലൂക്കൊാസ് 14:33** – *അങ്ങനെതന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ, അവനു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല.*

7. മത്തായി 19:29 വായിക്കുക. ശരിയോ തെറ്റോ: യേശുവിന്റെ നാമത്തിനു വേണ്ടി വീടോ, സഹോദരനെയോ സഹോദരിയെയോ, പിതാവിനെയോ മാതാവിനോയെ ഭാര്യയെയോ, മക്കളെയോ, വസ്തുവകകളെയോ ഉപേക്ഷിക്കേണ്ടി വന്നാൽ, അവർക്ക് നൂറുമടങ്ങ് ലഭിക്കയും നിത്യജീവന് അവകാശികളായി തീരുകയും ചെയ്യും.

**മത്തായി 19:29** – *എന്റെ നാമം നിമിത്തം വീടുകളേയോ, സഹോദരന്മാരേയോ സഹോദരികളേയോ അപ്പനേയോ അമ്മയേയോ മക്കളെയോ നിലങ്ങളെയോ വിട്ടു കളഞ്ഞവന്നു എല്ലാം നൂറുമടങ്ങു ലഭിക്കും. അവൻ നിത്യ ജീവനേയും അവകാശമാക്കും.*

8. അപ്പൊ. 14:22 വായിക്കുക. ശരിയോ തെറ്റോ: ശിഷ്യന്മാർ വിശ്വാസത്തിൽ നിലനിൽക്കണം.

**അപ്പൊ. 14:22** – *വിശ്വാസത്തിൽ നില നിൽക്കേണം എന്നും നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവ രാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നും പ്രബോധിപ്പിച്ചു ശിഷ്യന്മാരുടെ മനസ്സു ഉറപ്പിച്ചു പോന്നു.*

9. എബ്രായർ 10:14 വായിക്കുക. ശരിയോ തെറ്റോ: ശിഷ്യത്വത്തിന് ഊന്നൽ കൊടുക്കുന്ന തിരുവചനങ്ങളോടുള്ള ചിലരുടെ യഥാർഥ എതിർപ്പ്, ഒരു "ക്രിസ്ത്യാനി" ആയിരിക്കുവാൻ യാതൊരു ശ്രമവും വേണ്ടതില്ല

(അതു കൃപയാൽ ആകുന്നു) എന്നതാണ്, എന്നാൽ, ഒരു "ശിഷ്യൻ" ആയിരിക്കുവാൻ യഥാർത്ഥ ത്യാഗവും സമർപ്പണവും ആവശ്യമാണ്. സത്യം എന്തെന്നാൽ, ക്രിസ്തുവിനാലുള്ള വീണ്ടെടുപ്പിന് നമ്മുടെ ഭാഗത്തു നിന്ന് ഒരു യത്നവും വേണ്ട; അത് പൂർണ്ണതയുള്ളതും നമ്മുടെ യാതൊരു ശ്രമവും ആവശ്യം ഇല്ലാത്തതും തന്നെ, എന്നാൽ ക്രിസ്തുവിന്റെ വിളി നമ്മുടെ മുഴുവൻ ജീവിതത്തിനും വേണ്ടിയാണ്.

**എബ്രായർ 10:14** – *ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്കു സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു.*

10. അപ്പൊ. 11:26 വായിക്കുക. ശരിയോ തെറ്റോ: ക്രിസ്തുവിന്റെ വിളി രണ്ടു വിധത്തിലുള്ള വിശ്വാസികൾക്കുവേണ്ടി അല്ലായിരുന്നു, ചിലർ ജഡീക ക്രിസ്ത്യാനികളായിരിപ്പാനും മറ്റു ചിലർ ശിഷ്യരായിരിപ്പാനും. യഥാർത്ഥത്തിൽ, ക്രിസ്ത്യാനികളും ശിഷ്യന്മാരും ഒരുപോലെ ഇരിക്കേണ്ടവർ ആകുന്നു.

**അപ്പൊ. 11:26** – *അവർ ഒരു സംവത്സരം മുഴുവനും സഭായോഗങ്ങളിൽ കൂടുകയും ബഹുജനത്തെ ഉപദേശിക്കയും ചെയ്തു. ആദ്യം അന്ത്യോക്യായിൽ വച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന് പേർ ഉണ്ടായി.*

11. മത്തായി 28:19 വായിക്കുക. വിശ്വാസികളോടുള്ള യേശുവിന്റെ കല്പന പോയി ________________ ഉണ്ടാക്കുക എന്നതായിരുന്നു:

A. ശിഷ്യന്മാരെ
B. എല്ലാ രാജ്യങ്ങളിൽ നിന്നും മതപരിവർത്തിതരെ

**മത്തായി 28:19–20** – *ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു.*

12. മത്തായി 28:20 വായിക്കുക. ശരിയോ തെറ്റോ: യേശു കല്പിച്ചതൊക്കെയും അനുസരിക്കാൻ വിശ്വാസികൾ മറ്റുള്ളവരെ പഠിപ്പിക്കേതാകുന്നു.

13. യോഹന്നാൻ 1:12 വായിക്കുക. ശരിയോ തെറ്റോ: തന്നെ കൈക്കാള്ളുകയും തന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക്, യേശു തന്റെ പ്രയോജനങ്ങൾ (പാപക്ഷമ, നീതികരണം തുടങ്ങിയവ) വാഗ്ദാനം ചെയ്തു.

**യോഹന്നാൻ 1:12** – *അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.*

# ഉത്തര സൂചിക

1. "ക്രിസ്ത്യാനി"യാകുവാൻ യേശു ഒരിക്കലും ആരെയും വിളിച്ചിട്ടില്ല, അവൻ വിളിച്ചതു "ശിഷ്യർ" ആകുവാൻ ആണെന്നുള്ളത് അറിയുന്നത് നിങ്ങളെ അത്ഭുതപ്പെടുത്തിയേക്കാം. സുവിശേഷങ്ങൾ (മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ) നോക്കി, ശിഷ്യരാക്കുവാനുള്ള യേശുവിന്റെ വിളി കാണിക്കുന്ന, നിങ്ങൾക്കു കഴിയുന്നത്ര എണ്ണം തിരുവെഴുത്തുകൾ ഒരു പട്ടികയായി വേറൊരു കടലാസ്സിൽ രേഖപ്പെടുത്തുക.

2. അപ്പൊ. പ്രവൃത്തികളിൽ, "ക്രിസ്ത്യാനികൾ" ആകുവാനല്ല "ശിഷ്യർ" ആകാനാണ് ആൾക്കാർ വിളിക്കപ്പെട്ടിരുന്നത്. അപ്പൊ. പ്രവൃത്തികൾ നോക്കി, ശിഷ്യത്വത്തിലേക്ക് ആളുകൾ വിളിക്കപ്പെട്ടതു കാണിക്കുന്ന, നിങ്ങൾക്കു കഴിയുന്നത്ര എണ്ണം തിരുവെഴുത്തുകൾ ഒരു പട്ടികയായി വേറൊരു കടലാസ്സിൽ രേഖപ്പെടുത്തുക.

3. തിരുവെഴുത്തിൽ "ശിഷ്യന്മാർ (ശിഷ്യർ)" എന്ന പദം ആകെ 273 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. വേദപുസ്തകത്തിലാകെ "ക്രിസ്ത്യാനി (ക്രിസ്ത്യാനികൾ)" എന്ന പദം ആകെ 3 പ്രാവശ്യം ഉപ യോഗിച്ചിരിക്കുന്നു. "ക്രിസ്ത്യാനി (ക്രിസ്ത്യാനികൾ)" എന്ന പദം ഉപയോഗിച്ചിരിക്കുന്ന 3 തിരുവചനങ്ങൾ വേറൊരു കടലാസിൽ ക്രമമായി രേഖപ്പെടുത്തുക.

   ***അപ്പൊ. 11:26, 26:28 , 1 പത്രൊ. 4:16***

4. മത്തായി 10:25 വായിക്കുക. ഈ വാക്യപ്രകാരം ശിഷ്യൻ എന്നു പറഞ്ഞാൽ എന്താണ്?

   ***ഗുരുവിനെപോലെയോ യജമാനനെപ്പോലെയോ ആയിത്തീരുന്നവൻ ശിഷ്യൻ ആകുന്നു***

5. ലൂക്കൊസ് 14:26 വായിക്കുക. ശരിയോ തെറ്റോ: യേശുവിന്റെ ശിഷ്യൻ എന്നാൽ മറ്റുള്ളവരുടെ ജീവനുവേണ്ടി സ്വന്തജീവനെ ഉപാധികൾ ഇല്ലാതെ യാഗമാക്കുക എന്നതാണ്.

   ***ശരി***

6. ലൂക്കോസ് 14: 33 വായിക്കുക. ശരിയോ തെറ്റോ: യേശുവിന്റെ ശിഷ്യൻ ആയതുകൊണ്ട്, കുറഞ്ഞപക്ഷം ചില അവസരങ്ങളിൽ എങ്കിലും, യേശു ആദ്യം എന്ന അവകാശം വയ്ക്കാനായി, അക്ഷരാർഥത്തിൽ സകലതും ഉപേക്ഷിക്കണം.

*ശരി*

7. മത്തായി 19:29 വായിക്കുക. ശരിയോ തെറ്റോ: യേശുവിന്റെ നാമത്തിനു വേണ്ടി വീടോ, സഹോദരനെയോ സഹോദരിയെയോ, പിതാവിനെ യോ മാതാവിനോയെ ഭാര്യയെയോ, മക്കളെയോ, വസ്തുവകകളെയോ ഉപേക്ഷിക്കേണ്ടി വന്നാൽ, അവർക്ക് നൂറുമടങ്ങ് ലഭിക്കയും നിത്യജീവന് അവകാശികളായി തീരുകയും ചെയ്യും.

*ശരി*

8. അപ്പൊ. 14:22 വായിക്കുക. ശരിയോ തെറ്റോ: ശിഷ്യന്മാർ വിശ്വാസത്തിൽ നിലനിൽക്കണം.

*ശരി*

9. എബ്രായർ 10:14 വായിക്കുക. ശരിയോ തെറ്റോ: ശിഷ്യത്വത്തിന് ഊന്നൽ കൊടുക്കുന്ന തിരുവചനങ്ങളോടുള്ള ചിലരുടെ യഥാർഥ എതിർപ്പ്, ഒരു “ക്രിസ്ത്യാനി” ആയിരിക്കുവാൻ യാതൊരു ശ്രമവും വേണ്ടതില്ല (അതു കൃപയാൽ ആകുന്നു) എന്നതാണ്, എന്നാൽ, ഒരു “ശിഷ്യൻ” ആയിരിക്കുവാൻ യഥാർത്ഥ ത്യാഗവും സമർപ്പണവും ആവശ്യമാണ്. സത്യം എന്തെന്നാൽ, ക്രിസ്തുവിനാലുള്ള വീണ്ടെടുപ്പിന് നമ്മുടെ ഭാഗത്തു നിന്ന് ഒരു യത്നവും വേണ്ട; അത് പൂർണ്ണതയുള്ളതും നമ്മുടെ യാതൊരു ശ്രമവും ആവശ്യം ഇല്ലാത്തതും തന്നെ, എന്നാൽ ക്രിസ്തുവിന്റെ വിളി നമ്മുടെ മുഴുവൻ ജീവിതത്തിനും വേണ്ടിയാണ്.

*ശരി*

10. അപ്പൊ. 11:26 വായിക്കുക. ശരിയോ തെറ്റോ: ക്രിസ്തുവിന്റെ വിളി രണ്ടു വിധത്തിലുള്ള വിശ്വാസികൾക്കുവേണ്ടി അല്ലായിരുന്നു, ചിലർ ജഡീക ക്രിസ്ത്യാനികളായിരിപ്പാനും മറ്റു ചിലർ ശിഷ്യരായിരിപ്പാനും. യഥാർത്ഥത്തിൽ, ക്രിസ്ത്യാനികളും ശിഷ്യന്മാരും ഒരുപോലെ ഇരിക്കേണ്ടവർ ആകുന്നു.

*ശരി*

11. മത്തായി 28:19 വായിക്കുക. വിശ്വാസികളോടുള്ള യേശുവിന്റെ കല്പന പോയി ________________ ഉണ്ടാക്കുക എന്നതായിരുന്നു:

A. ***ശിഷ്യന്മാരെ***

12. മത്തായി 28:20 വായിക്കുക. ശരിയോ തെറ്റോ: യേശു കല്പിച്ചതൊക്കെയും അനുസരിക്കാൻ വിശ്വാസികൾ മറ്റുള്ളവരെ പഠിപ്പിക്കേതാകുന്നു.

*ശരി*

13. യോഹന്നാൻ 1:12 വായിക്കുക. ശരിയോ തെറ്റോ: തന്നെ കൈക്കൊള്ളുകയും തന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക്, യേശു തന്റെ പ്രയോജനങ്ങൾ (പാപക്ഷമ, നീതികരണം തുടങ്ങിയവ) വാഗ്ദാനം ചെയ്തു.

*ശരി*

പാഠം – 15

# നിങ്ങളുടെ സാക്ഷ്യം എങ്ങനെ ഉപയോഗിക്കാം

## *ഡോൺ ക്രോ*

വ്യക്തിപരമായ സാക്ഷ്യം ഉപയോഗിക്കുന്നതിനെ കുറിച്ച് ഇന്നു സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അപ്പോ. പ്രവർത്തികൾ 5:42 പറയുന്നു, *"പിന്നെ അവർ ദിനംപ്രതി ദൈവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കയും യേശുവിനെ ക്രിസ്തു എന്നു സുവിശേഷിക്കയും ചെയ്തുകൊണ്ടിരുന്നു."* ആദിമ സഭയിലെ ശിഷ്യന്മാർ ദിനം തോറും ദൈവാലയത്തിലും വീടുതോറും ഉപദേശിക്കയും യേശുവിനെ ക്രിസ്തു എന്നു പഠിപ്പിക്കയും സുവിശേഷിക്കയും ചെയ്തു കൊണ്ടിരുന്നു. വീടുതോറും എന്നുള്ള രീതി വളരേപ്പേർക്ക് അസ്വാഭാവീകവും അസ്വസ്ഥവും ആയി തോന്നാം. വാതിലുകൾ ശിഷ്യത്വത്തിനായി തുറക്കപ്പെടുക, വ്യക്തികൾ യേശുക്രിസ്തുവിങ്കലേക്ക് നയിക്കപ്പെടുക, ഈ വിഷയങ്ങളെ കുറിച്ച് ഞങ്ങളുടെ അനുഭവത്തിൽ നിന്നും പഠിച്ച ചില കാര്യങ്ങൾ ഇവിടെ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു.

അത് നിങ്ങൾ കേട്ടിരിക്കുന്നതുപോലെ അത്ര പ്രയാസമുള്ള ഒരു വിഷയം അല്ല. പൗലോസ് അപ്പോസ്തലൻ, തന്റെ വ്യക്തിപരമായ സാക്ഷ്യം മാനസാന്തരപ്പെടാത്ത ഒരു വ്യക്തിയോട് സംസാരിച്ചപ്പോൾ 3 പ്രാവശ്യം ഉപയോഗിച്ചതായി തിരുവെഴുത്തിൽ ഞാൻ ശ്രദ്ധിക്കുകയുായി. അപ്പോസ്തല പ്രവർത്തികൾ 9, 22, 26 ഈ അധ്യായങ്ങളിൽ പൗലോസ് തന്റെ സാക്ഷ്യവും അനുഭവവും പറയുന്നു, അവിശ്വാസികളുമായി സംസാരിച്ചപ്പോൾ തനിക്ക് എന്ത് സംഭവിച്ചു എന്നും പറയുന്നു. യേശുക്രിസ്തുവിന്റെ സന്ദേശം മറ്റുള്ളവരിൽ എത്തിക്കുവാനുള്ള ഏറ്റവും നല്ല

സമീപനങ്ങളിൽ ഒന്ന് "പ്രാർത്ഥനാ നടത്തം" എന്നു ഞങ്ങൾ വിളിക്കുന്ന ഒന്നാണ്. നമ്മൾ ഒരു വാതിൽക്കൽ ചെന്ന് മുട്ടി, അവരോടു പറയുക "ഞങ്ങൾ ഈ ഭാഗത്ത് ആൾക്കാർക്കായി പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. ദൈവം പ്രാർത്ഥന കേൾക്കയും ഉത്തരം തരികയും ചെയ്യുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു, നിങ്ങളുടെ കുടുംബത്തിൽ അങ്ങനെ പ്രാർത്ഥന ആവശ്യമായ എന്തെങ്കിലും – ആരോഗ്യപരമോ അല്ലാത്തതോ ആയ – പ്രശ്നങ്ങൾ ഉണ്ടായിരിക്കുമോ എന്നും, അതിനു വേണ്ടി ഞങ്ങൾ പ്രാർഥിക്കണമെന്ന് നിങ്ങൾക്കാഗ്രഹമുണ്ടോ എന്നും ചിന്തിക്കുകയായിരുന്നു." ചിലപ്പോൾ അവർ പറയും, "ഞങ്ങൾക്ക് ഒരു പ്രശ്നം ഉണ്ട്," എന്നിട്ട് പ്രാർത്ഥിക്കാൻ പറയും; എന്നാൽ മറ്റു ചിലപ്പോൾ അവർ അല്പം അസ്വസ്ഥരായി, ലജ്ജയോടെ "ഞങ്ങൾക്ക് ഇപ്പോൾ പ്രാർത്ഥനാ വിഷയം ഒന്നും ഇല്ല" എന്നു പറയും. അപ്പോൾ ഞങ്ങൾ അവരോട് ഞങ്ങളുടെ സാക്ഷ്യം പറയാൻ തുടങ്ങും.

ഞാൻ പറയും, "നിങ്ങൾക്ക് മക്കൾ ഉണ്ടെന്നു ഞാൻ കാണുന്നു, എനിക്ക് മൂന്നു മക്കളുണ്ട്. 1981 ഡിസംബർ 14–ാം തീയതി എന്റെ ഇരട്ട പെൺകുട്ടികൾ ജനിച്ചു. രണ്ടാമത്തേത് ജനിച്ചത് ജീവനില്ലാതെയാ യിരുന്നു." അപ്പോൾ അവർ മറുപടി പറയും, "അതു കേൾക്കുന്നതിൽ ഞങ്ങൾക്ക് ദുഃഖം ഉണ്ട്." അപ്പോൾ ഞാൻ പറയും, "ദുഃഖിക്കേണ്ട. എന്താണ് സംഭവിച്ചതെന്ന ഞാൻ പറയട്ടെ." ഞാൻ ആ കഥ പറയാൻ തുടങ്ങി. രണ്ടാമത്തെ ഇരട്ടകുഞ്ഞ് ബ്രീച്ച് ജനനം ആയിരുന്നു. അതായത് കാലാണ് ആദ്യം പുറത്തു വന്നത്. ജനന ക്രിയ നടന്നുകൊണ്ടിരിക്കു മ്പോൾ, ഓക്സിജൻ വിച്ഛേദിക്കപ്പെട്ടു. അത് ചലനമില്ലാതെ ആണ് ജനിച്ചത്, അതായത്, അത് ജനിച്ചപ്പോൾ മരിച്ച അവസ്ഥയിലായിരുന്നു.

സുതികർമ്മിണി ആ കുഞ്ഞിനെ എടുത്ത് അവളെ ശക്തിയായി അടിച്ച്, ദ്രാവകം ശ്വാസകോശത്തിൽ നിറഞ്ഞിട്ടുങ്കിൽ അതു പോകാൻ നന്നായി വലിച്ചെടുക്കയും അങ്ങിനെ അവർക്ക് ചെയ്യാവുന്നതൊക്കെയും ചെയ്തു. ഒടുവിൽ അവർ എല്ലാ ശ്രമങ്ങളും ഉപേക്ഷിച്ചു. ഞാൻ മറ്റുള്ള പിതാ ക്കളെ പോലെ തന്നെ ആയിരുന്നു. എനിക്ക് എന്റെ മകളെ നഷ്ടപ്പെട്ടു. എന്താണ് ഞാൻ ചെയ്യാൻ പോകുന്നത്? ആ നിമിഷത്തിൽ, വാതിൽക്കൽ നിന്നവരോട് ഞാൻ പറയും, "നിങ്ങൾ എപ്പോഴെങ്കിലും വേദപുസ്തകം അധികം വായിച്ചിട്ടുണ്ടോ എന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുന്നു." ചിലർ പറയും, "ഞാൻ അല്പം വായിച്ചിട്ടുണ്ട്", മറ്റുചിലർ പറയു, "ഇല്ല.

ശരിക്കും ഞാൻ വായിച്ചിട്ടില്ല." ഞാൻ വിശദീകരിക്കും, ഞാൻ ചോദിക്കുന്നതിന്റെ കാരണം എന്തെന്നാൽ, വേദപുസ്തകം അപ്പോ. പ്രവർത്തികൾ 10–ാം അധ്യായം 38–ാം വാക്യത്തിൽ പറയുന്നു, ദൈവം കൂടെ ഉണ്ടായിരുന്നതുകൊണ്ട്, യേശു നന്മ ചെയ്തും, പിശാചു ബാധിച്ചവരെ സൗഖ്യമാക്കിയും സഞ്ചരിച്ചു. എന്താണ് സംഭവിച്ചതെന്നു ഞാൻ പറയാൻ പോകുന്നു. അതിന്റെ അർത്ഥം എങ്ങനെ വേണമെങ്കിലും നിങ്ങൾക്ക് എടുക്കുകയോ വിട്ടുകളയുകയോ ചെയ്യാം. എന്റെ കുഞ്ഞു മരിച്ചതായിരുന്നു, കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ അവളെ അടക്കുന്ന കാര്യം ഞാൻ ഓർത്തു കൊണ്ടിരുന്നു. ഞാൻ സ്വയം ചിന്തിച്ചു, അവളെ കൈയിൽ പിടിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അവളെ എടുക്കാൻ ചെന്നപ്പോൾ, അവളുടെ മേൽ ഒരു ദുഷ്ട സാന്നിധ്യം ഉണ്ടായിരുന്നു. വേദപുസ്തകം അതിനെ ദുഷ്ടാത്മാവ് എന്നു പറയും. അത് എന്നെ ശാരീരികമായി ആക്രമിക്കയും, ഒരു നിമിഷത്തേക്ക് തളർത്തി കളയുകയും ചെയ്തു. അത് സംഭവിച്ച ഉടനെ തന്നെ ഞാൻ പറഞ്ഞു. "യേശുവിന്റെ നാമത്തിൽ, അശുദ്ധാത്മാവേ ഈ കുഞ്ഞിനെ വിട്ടു പോകാൻ ഞാൻ കല്പിക്കുന്നു, ഞാൻ യേശുവിന്റെ നാമത്തിൽ ഈ കുഞ്ഞിലേക്ക് ജീവൻ വരട്ടെ എന്നു ഞാൻ ആജ്ഞാപിക്കുന്നു." ആ ചെറിയ കുഞ്ഞ്, ഇതുവരെയും ശ്വസിച്ചിട്ടില്ലാതിരുന്ന കുഞ്ഞ്, അനങ്ങി ഒന്നു ശ്വാസം എടുത്തിട്ട് വീണ്ടും നിശ്ചലമായി. ഞാൻ വീണ്ടും പറഞ്ഞു, 'യേശു ക്രിസ്തുവിന്റെ നാമത്തിൽ, അശുദ്ധാത്മാവേ, നീ ഇപ്പോൾത്തന്നെ ഈ കുഞ്ഞിനെ വിട്ടുപോകാനും, അവളിലേക്ക് ജീവൻ വരാനും ഞാൻ കല്പിക്കുന്നു!' ഈ പ്രാവശ്യം പല തവണ അവൾ വീർപ്പുമുട്ടുകയും, ശ്വസിക്കയും, ശ്വസിക്കുന്നത് തുടരുകയും ചെയ്തു."

ഞാൻ സംസാരിച്ചു കൊണ്ടിരുന്ന ആ വ്യക്തിയുടെ പേര് വിളിച്ചു ഞാൻ പറഞ്ഞു, "ഒരാൾക്ക് 3 മിനിട്ടിൽ കൂടുതൽ ഓക്സിജൻ ലഭിക്കാതിരുന്നാൽ, ആ വ്യക്തിയുടെ തലച്ചോറിന് ക്ഷതം ഉണ്ടാകും എന്ന് നിങ്ങൾക്കറിയാമല്ലോ." എന്റെ പെൺകുഞ്ഞ് എല്ലാവിധത്തിലും പൂർണ്ണമാണ്. ഞങ്ങൾ അവൾക്ക് 'വീറ്റ' (Vita) എന്നു പേരിട്ടു. ലത്തീൻ ഭാഷയിൽ അതിന്റെ അർത്ഥം "ജീവൻ" എന്നാണ്. ദൈവം അവൾക്ക് ചെയ്തത് എന്താണെന്ന് പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നത് കൊണ്ടാണ് അവൾക്ക് ഞങ്ങൾ ആ പേരിട്ടത്. അവൻ അവളിലേക്ക് ജീവൻ തിരിച്ചു കൊണ്ടുവന്നു. ആ സമയം മുതൽ ഞാൻ വേദപുസ്തകം ധാരാളമായി പഠിച്ചു, ഇതാണ് ഞാൻ കണ്ടുപിടിച്ചത്: എന്റെ കുഞ്ഞിന്റെ മേൽ ഉണ്ടാ

യിരുന്ന ദുഷ്ടാത്മാവിനെ പോലെ, ഇരുട്ടിന്റെ ഒരു രാജ്യം, സാത്താന്റെ ഭരണവും ആധിപത്യവും ഉണ്ട്, ദൈവത്തിന്റ വാത്സല്യ പുത്രന്റെ ഒരു രാജ്യവും ഉണ്ട്.

“യേശു ഈ ഭൂമിയിൽ വന്നപ്പോൾ, മാനസാന്തരവും, അവനിലുള്ള വിശ്വാസവും വഴി – പാപമോചനം സ്വീകരിച്ച് അവനെ പിന്തുടർന്നുകൊണ്ട് – ഇരുട്ടിന്റെ രാജ്യത്തു നിന്നും അവന്റെ രാജ്യത്തിലേക്ക് കടക്കുവാൻ, ആളുകളെ ആഹ്വാനം ചെയ്യാൻ തുടങ്ങി. നിങ്ങൾ എന്താണു വിശ്വസിക്കുന്നതെന്ന് എനിക്ക് അറിയില്ല, പക്ഷേ, എന്റെ കുടുംബത്തിലും എന്റെ ജീവിതത്തിലും എന്തു സംഭവിച്ചു എന്ന് ഞാൻ പറയുകയാണ്. ഞങ്ങൾ നിങ്ങളുടെ വാതില്ക്കൽ വന്നതിന്റെ ശരിക്കുള്ള കാരണം എന്താണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. പോയി ശിഷ്യന്മാരെ ഉണ്ടാക്കുക എന്ന് യേശു നമ്മോടു പറഞ്ഞു. ഒത്തിരി പേർക്കും തിരക്കിനിടയിൽ ദേവാലയങ്ങളിൽ പോകാൻ കഴിഞ്ഞെന്നു വരില്ല, അല്ലെങ്കിൽ പോകുവാൻ ഉള്ള മനസ്സു ഇല്ലായിരിക്കാം എന്നതു ഞാൻ മനസ്സിലാക്കുന്നു. അവിടെ നിങ്ങൾക്കൊരു ചോദ്യം ഉണ്ടെങ്കിൽ, കൈ ഉയർത്തി. ‘പാസ്റ്റർ, നിങ്ങൾ പറഞ്ഞതിന്റെ അർത്ഥം എന്താണ്?’ എന്ന് ചോദിക്കാൻ സാധിക്കില്ല. അതുകൊണ്ടാണ് ഞങ്ങൾ നിങ്ങളുടെ വാതിൽക്കൽ വരുന്നത്. പത്തു മിനിട്ടിനുള്ളിൽ, ദൈവവചനത്തിൽ നിന്നും ഒരു കേന്ദ്രീകൃത പഠിപ്പിക്കൽ നടത്തും. അതിനുശേഷം എല്ലാവരും മനസ്സിലാക്കി എന്ന് തീർച്ച വരുത്തുവാൻ ഞങ്ങൾ തിരുവെഴുത്തിൽ നിന്നും ചില ചോദ്യങ്ങൾ ചോദിക്കും. അത് ഒരു ചർച്ച പോലെയാണ്. അവിടെ ഞങ്ങൾ പ്രസംഗിക്കയോ, വേദപുസ്തകം എന്താണ് പറയുന്നതെന്ന് അവരോട് പറയുകയോ അല്ല ചെയ്യുന്നത്, പിന്നെയോ, ചില ചോദ്യങ്ങളിൽ കൂടി വേദപുസ്തകം എന്തു പറയുന്നു എന്ന് കണ്ടുപിടിക്കുവാൻ അവരെ സഹായിക്കുകയാണ്.

“അതിന് നിങ്ങൾക്ക് താല്പര്യമാണോ? എങ്കിൽ നിങ്ങളുടെ സൗകര്യപ്രകാരം, ഒരു സമയം നിശ്ചയിച്ച്, നിങ്ങളുടെ വീട്ടിൽ വന്ന് സംസാരിക്കയും പാഠം തരികയും ചെയ്യും. ഏറ്റവും ആദ്യത്തെ പാഠത്തിൽ നിന്ന് നിങ്ങൾക്ക് ഒന്നും കിട്ടിയില്ലാ എങ്കിലോ, അത് നിങ്ങളെ സഹായിക്കയോ, പ്രോത്സാഹിപ്പിക്കയോ പടത്തുയർത്തുകയോ ചെയ്തില്ലാ എങ്കിലോ, ഞങ്ങൾ ഒരിക്കലും പിന്നീട് വരികയില്ല. ഞങ്ങൾ നിങ്ങളെ അസഹ്യപ്പെടുത്തുകയോ ഒരു സഭയിലോ സംഘടനയിലോ അതു പോലെ എന്തിലെങ്കിലും ചേരാൻ നിങ്ങളോടു ആവശ്യപ്പെടുകയോ

ചെയ്യുകയില്ല. യേശു നിങ്ങൾക്ക് വ്യക്തിപരമായി എന്താണ് ചെയ്തതെന്നു പറയാനും, ദൈവവചനം നിങ്ങൾ സ്വന്തമായി മനസ്സിലാക്കാൻ സഹായിക്കാനും മാത്രമാണ് ഞങ്ങളിവിടെ വന്നത്. വേദപുസ്തകത്തിൽ നമുക്ക് അറിയാൻ പാടില്ലാത്തതായും, പൂർണ്ണമായി മനസ്സിലാക്കാൻ കഴിയാത്തതുമായ ഒത്തിരി കാര്യങ്ങൾ ഉണ്ട്. നിങ്ങൾക്ക് ഒരു ചെറിയ പഠനം തരാനാണ് ഞങ്ങൾ ഇവിടെ വന്നിരിക്കുന്നത്. അതിൽ നിങ്ങൾക്ക് താല്പര്യം ഉണ്ടോ?" ഒത്തിരി ആൾക്കർ പറഞ്ഞിട്ടുണ്ട്, "എനിക്ക് താല്പര്യമുണ്ട്," അങ്ങിനെ അവരുടെ വീട്ടിൽ പോകാൻ ഒരു സമയം നിശ്ചയിച്ചിട്ട്, ഈ ശിഷ്യത്വ പാഠങ്ങൾ തുടങ്ങുന്നു. ദ്രുതഗതിയിൽ ഒരു സുവിശേഷവത്കരണം നടത്താനോ, എന്താണ് ചെയ്യുന്നതെന്നു അവർക്കു മനസ്സിലാകാത്ത അവസ്ഥയിൽ, അവരെക്കൊണ്ട് നിർബന്ധിച്ച് ഒരു ചെറിയ പ്രാർത്ഥന പറയിപ്പിക്കാനോ അല്ല ഞങ്ങൾ ഇവിടെ വന്നത്. ശിഷ്യത്വപാഠങ്ങൾ പ്രകാരം, യേശുവിനെയും അവന്റെ ക്രൂശീകരണത്തെയും മനസ്സിലാക്കാൻ അവരെ സഹായിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്.

ഞാൻ ഒരു പാസ്റ്ററോട് ശിഷ്യത്വ പാഠങ്ങളെ കുറിച്ച് പറഞ്ഞു. അദ്ദേഹം ചോദിച്ചു, "ഡോൺ, ഒന്നാമത്തെ പാഠത്തിന് ശേഷം എന്തു സംഭവിക്കുന്നു?" ഒന്നാമത്തെ പാഠത്തിന് ശേഷം, യേശു ക്രിസ്തുവിനോട് പ്രതികരിക്കാനും, അവൻ തരുന്ന ദയയും മോചനവും സ്വീകരിക്കാനും ചെയ്യേണ്ടതെന്താണെന്ന് അവർ മനസ്സിലാക്കുന്നു. ഞങ്ങൾ സ്വാധീനിക്കാൻ വരുന്ന വില്പനക്കാരല്ല, അതല്ല ഞങ്ങളുടെ സമീപനം. ആദ്യത്തെ പാഠം വഴി ഹൃദയപൂർവ്വം എന്താണു ചെയ്യേണ്ടത് എന്നുള്ള ഒരു അറിവിൽ അവർ എത്തിചേരുന്നു. ആ പാസ്റ്റർ ചോദിച്ചു "ശരി, പതിനഞ്ചാമത്തെ പാഠം കഴിയുമ്പോൾ എന്തു സംഭവിക്കുന്നു?" ഞാൻ പറഞ്ഞു, "15–ാമത്തെ പാഠത്തിനു ശേഷം, ഞങ്ങളുടെ കൂടെ തുടർന്നിരുന്ന വ്യക്തി ആണെങ്കിൽ, അവർ പാപങ്ങളെ കുറിച്ച് അനുതപിക്കയും, ജലത്താലും പരിശുദ്ധ ആത്മാവിനാലും സ്നാനപ്പെടുകയും ചെയ്തിരിക്കും. അങ്ങനത്തെ സംഭവങ്ങൾ ഞങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു, പതിനഞ്ചാമത്തെ പാഠം കഴിഞ്ഞിട്ടല്ല, ആറു പാഠങ്ങൾ കഴിഞ്ഞതിനു ശേഷം പോലും."

മത്തായി 28 ൽ യേശു പറഞ്ഞു, ലോക രാജ്യങ്ങളിൽ പോകുകയും ശിഷ്യന്മാരെ ഉണ്ടാക്കുകയും, ആ പ്രക്രിയയിൽ അവരെ പിതാവിന്റേയും, പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും അതിനോട് അനുബന്ധിച്ച്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം

കഴിപ്പിക്കുക എന്ന്. ശിഷ്യരാക്കുന്നതിനിടയിൽ, യേശു ക്രിസ്തുവിനെയും അവന്റെ ക്രൂശീകരണത്തെയും കുറിച്ച്, അവിശ്വാസിക്ക് ഞങ്ങൾ അറിവു കൊണ്ടുവരുന്നു. ആഴ്ച തോറും ആ അറിവു കൊണ്ടുവരുന്നതിനൊപ്പം, ഞങ്ങൾ അവരുമായി ഒരു ബന്ധം, ഒരു സുഹൃത് ബന്ധം ഉണ്ടാക്കുന്നു. അവർ ഞങ്ങളെ സ്നേഹിക്കാനും വിശ്വസിക്കാനും ഇടയാകുന്നു. ഞങ്ങൾ വരുന്നത് അവർക്ക് ദൈവവചനം കൊണ്ടുവരാനാണ്, അവരോട് പ്രസംഗിക്കാനല്ല. ഞങ്ങൾ വചനം വായിക്കയും അവരെക്കൊണ്ട് വായിപ്പിക്കയും, ദൈവ വചനത്തിൽ നിന്നു അവർ സ്വയം ഉത്തരം കാണത്തക്ക രീതിയിൽ ചോദ്യങ്ങൾ ചോദിക്കയും ചെയ്യുന്നു. ആഴ്ചകൾ കഴിയുന്തോറും യേശുവിനെ ഏറ്റുപറയുന്ന അവസ്ഥയിലേക്ക് അവർ എത്തുന്നു. കാരണം, യേശുവിനെ സ്വീകരിക്കുന്നതും അനുഗമിക്കുന്നതും സമർപ്പിക്കുന്നതും എന്താണെന്ന് അവർ മനസ്സിലാക്കുന്നു. ഇതര സുവിശേഷീകരണ രീതിയിൽ നിന്നും ഇതു വളരെ വ്യത്യാസം ഉള്ളതാണ്.

നാം നഷ്ടപ്പെട്ടവരെ സമീപിക്കുവാൻ ആദ്യമേതന്നെ പോകേണ്ട രീതി നമ്മുടെ വ്യക്തിപരമായ സാക്ഷ്യത്തിലൂടെയാണ്, നമുക്കോരോരുത്തർക്കും വ്യക്തിപരമായ ഒരു സാക്ഷ്യം ഉണ്ടായിരിക്കും.  പലപ്പോഴും നാം തന്നെ നമ്മുടെ ലഘുലേഖകൾ എഴുതുന്നു. ‘എന്റെ മകളുടെ മരണം’ എന്ന പേരിൽ ഞാൻ ഒരു ലഘുലേഖ എഴുതി. അത് ഞാൻ പല വീട്ടു വാതിൽക്കലും ഇടാറുണ്ട്. ഞങ്ങളുടെ സംഘത്തിലുള്ള മറ്റുള്ളവരും ലഘുലേഖകൾ എഴുതിയിട്ടുണ്ട്. മദ്യത്താലും മയക്കു മരുന്നിനാലും അടിമമയാക്കപ്പെട്ടിരുന്ന ജോസ് റോസ് ‘സ്വതന്ത്രമാക്കപ്പെട്ട അടിമ’ എന്നൊരു ലഘുലേഖ എഴുതിയിട്ടുണ്ട്. “മയക്കുമരുന്നിനടിമയായ ഒരു സുഹൃത്തിന്റെ മരണം” എന്ന തലക്കെട്ടിൽ, 15 വയസു മുതൽ മയക്കു മരുന്നിന് അടിമയായിരുന്ന, യേശു സ്വതന്ത്രനാക്കിയ, റോക്കി ഫോറി ഒരു ലഘുലേഖ എഴുതിയിട്ടുണ്ട്. ഈ അനുഭവ സാക്ഷ്യങ്ങൾ എല്ലാം ഞങ്ങൾ ആളുകളുടെ വാതില്ക്കൽ ചെന്ന് പറയും.

ചിലർ പറയുമായിരിക്കും, “ഞങ്ങൾക്ക് ശക്തിപരമായ ഒരു സാക്ഷ്യം ഇല്ല. എട്ട് മിനിട്ടുശേഷം എന്റെ കുഞ്ഞ് മരിച്ച അവസ്ഥയിൽ നിന്നും ഉയിർത്തപ്പെട്ടതായി ഞാൻ കണ്ടില്ല.” അതു പോലെയുള്ള അനുഭവസാക്ഷ്യങ്ങൾ പലർക്കും ഇല്ലായിരിക്കും. ആൻഡ്രൂ വൊമ്മാക്കിന്റേതു പോലെ ഒരു സാക്ഷ്യം നിങ്ങൾക്ക് ഉണ്ടായിരിക്കാം. പലരും നേരിടുന്ന പാപം, മ്ലേഛത, ദൈവത്തെ കൂടാതെയുള്ള അവസ്ഥ

എന്നിവയിൽ നിന്നും ചെറുപ്പകാലത്ത് അദ്ദേഹത്തെ അകറ്റി നിർത്തി, അദ്ദേഹത്തിന്റെ ജീവൻ നിലനിർത്തിയത് ദൈവശക്തിയായിരുന്നു. നമുക്കോരോരുത്തർക്കും ഓരോ സാക്ഷ്യമുണ്ട്. നിങ്ങളുടെ സാക്ഷ്യം ശക്തിപരമല്ല എന്ന് നിങ്ങൾക്ക് തോന്നുന്നു എങ്കിൽ, എന്റേത് ഉപയോഗിക്കുക. ശിഷ്യത്വ സുവിശേഷീകരണ സംഘത്തിന്റെ പ്രാരംഭത്തിൽ, ജോ റോസ് എന്റെ സാക്ഷ്യവുമായിട്ടാണ് ആൾക്കാരെ സമീപിച്ചത്. കുറച്ചു കഴിഞ്ഞപ്പോൾ എന്നെക്കാൾ മെച്ചമായി അദ്ദേഹം അതു പറഞ്ഞു. അതിനാൽ ഞാൻ പറയുമായിരുന്നു, “ജോ, പോയി ആൾക്കാരോട് എന്താണ് എനിക്കു സംഭവിച്ചതെന്നു പറയുക”

പൗലോസ് അപ്പൊസ്തലൻ തന്റെ അനുഭവസാക്ഷ്യം നഷ്ടപ്പെട്ട വ്യക്തികളിലേക്ക് എത്തുവാൻ ഉപയോഗിച്ചു എങ്കിൽ, നിങ്ങൾക്കും അതു ചെയ്യാം. ഇന്നത്തെ യുഗത്തിൽ കമ്പ്യൂട്ടറിൽ തന്റേതായ അനുഭവ സാക്ഷ്യത്തിന്റെ ഒരു ലഘുലേഖ തയ്യാറാക്കുന്നത് എത്രയോ നിഷ്പ്രയാസം ആണ്. “ഇത് ഞാൻ വേദപുസ്തക കടയിൽ നിന്നും വാങ്ങിയതല്ല. ഇതു എനിക്കു സംഭവിച്ചതാണ്, അതു ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുന്നു” എന്നു പറയുന്നത് കൂടുതൽ ഫലവത്തായിരിക്കും.

നിങ്ങൾ ഒരു വ്യക്തിപരമായ സാക്ഷ്യം – എന്താണ് നിങ്ങൾക്കു സംഭവിച്ചത് – നിങ്ങൾ യേശു ക്രിസ്തുവിലേക്ക് എങ്ങിനെ വന്നു – എഴുതുവാൻ ഞാൻ താല്പര്യപ്പെടുന്നു. എന്നിട്ട്, ആരുടെ എങ്കിലും വാതില്ക്കൽ കൊടുക്കുന്നതുപോലെ, അത് ആർക്കെങ്കിലും കൊടുക്കുക.

ഈ വിഷയത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യമെങ്കിൽ, www.krowtracts.com എന്ന എന്റെ വെബ്സൈറ്റിൽ "Tips on sharing your faith" എന്നത് നോക്കുക. നിങ്ങളുടെ വ്യക്തിപരമായ സാക്ഷ്യം എഴുതുക, അത് പങ്കിടുവാൻ പരിശീലിക്കുക, "Tips on sharing your faith' പഠിക്കുക. ഒരു സമയം ഒരാൾ എന്ന കണക്കിൽ, പുറത്തുപോയി സുവിശേഷവത്കരണം നടത്തുമ്പോൾ, നിങ്ങൾ അത് പഠിക്കുക, വെറുതെ വായിക്കുകയല്ല, എന്നത് വളരെ പ്രാധാനമാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാക്യങ്ങളും

1. മർക്കൊസ് 16:15 വായിക്കുക. ആരോടാണ് സുവിശേഷം പ്രസംഗിക്കേണ്ടത്?

**മർക്കോസ് 16:15** – *പിന്നെ അവൻ അവരോടു നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.*

2. മത്തായി 28:19–20 വായിക്കുക. ആരെയാണ് ശിഷ്യർ ആക്കേണ്ടത്?

**മത്തായി 28:19–20** – *ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ, ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിചെയ്തു.*

3. അപ്പൊ. 8:5, 26; 16:13–15, 23; 20:20–21വായിക്കുക. സുവിശേഷവത്കരണം എവിടെയാണ് നടന്നത?

**അപ്പൊ. 8:5** – *ഫിലിപ്പോസ് ശമര്യ പട്ടണത്തിൽ ചെന്നു അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു.*

**അപ്പൊ. 8:26** – *അനന്തരം കർത്താവിന്റെ ദൂതൻ ഫിലിപ്പൊസിനോടു നീ എഴുന്നേറ്റു തെക്കോട്ടു യെരുശലേമിൽ നിന്നു ഗസെക്കുള്ള നിർജ്ജന മായ വഴിയിലേക്കു പോക എന്നു പറഞ്ഞു.*

**അപ്പൊ. 16:13–15** – *ശബ്ബത്തുനാളിൽ ഞങ്ങൾ ഗോപുരത്തിനു പുറ ത്തേക്കു പോയി അവിടെ പ്രാർത്ഥനാ സ്ഥലം ഉണ്ടായിരിക്കും എന്നു ഞങ്ങൾ വിചാരിച്ചു പുഴവക്കത്തു ഇരുന്നു. അവിടെ കൂടിവന്ന സ്ത്രീക ളോടു സംസാരിച്ചു. തൂയത്തൈരാ പട്ടണക്കാരത്തിയും രക്താംബരം വില്ക്കുന്നവളുമായി ലുദിയ എന്നു പേരുള്ള ദൈവ ഭക്തയായൊരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. പൗലൊസ് സംസാരിച്ചത് ശ്രദ്ധിക്കേണ്ടതിന്നു കർത്താവു അവളുടെ ഹൃദയം തുറന്നു. അവളും കുടുംബവും സ്നാനം*

*ഏറ്റ ശേഷം നിങ്ങൾ എന്നെ കർത്താവിൽ വിശ്വസ്ത എന്നു എണ്ണിയിരിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ വന്നു പാർപ്പിൻ എന്നു അപേക്ഷിച്ചു ഞങ്ങളെ സംബന്ധിച്ചു.*

**അപ്പൊ. 16:23** – *അവരെ വളരെ അടിപ്പിച്ചശേഷം തടവിൽ ആക്കി കാരാഗൃഹപ്രമാണിയോടു അവരെ സൂക്ഷ്മത്തോടെ കാപ്പാൻ കല്പിച്ചു.*

**അപ്പൊ. 20:20–21** – *കർത്താവിനെ സേവിച്ചു എന്നും പ്രയോജനമുള്ളത് ഒന്നും മറച്ചു വയ്ക്കാതെ പരസ്യമായും വീടുതോറും നിങ്ങളോടു അറിയക്കയും ഉപദേശിക്കയും ചെയ്തു എന്നും. ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള വിശ്വാസവും യെഹൂദന്മാർക്കും യവനന്മാർക്കും സാക്ഷീകരിച്ചു എന്നും നിങ്ങൾ അറിയുന്നുവല്ലോ.*

4. മർക്കൊസ് 4:11–12 വായിക്കുക. യഥാർത്ഥ മാനസാന്തരം നടക്കുന്നതിനു മുമ്പായി ഒരു വ്യക്തി:

   A. കാണണം
   B. തിരിച്ചറിയണം
   C. കേൾക്കണം
   D. മനസ്സിലാക്കണം
   E. മേല്പറഞ്ഞതെല്ലാം

**മർക്കോസ് 4:11–12** – *അവരോടു അവൻ പറഞ്ഞത് "ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു. പുറത്തുള്ളവർക്കോ സകലവും ഉപമകളാൽ ലഭിക്കുന്നു." അവർ മനം തിരിയാതെയും അവരോടു ക്ഷമിക്കാതെയും ഇരിക്കത്തക്കവണ്ണം അവർ കണ്ടിട്ടും അറിയാതിരിപ്പാനും കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനും സംഗതി വരും.*

5. അപ്പൊ. 28:23–24 വായിക്കുക. പൗലൊസ് സുവിശേഷത്തെപ്പറ്റി വിശദീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തപ്പോൾ, യേശുവിന്റെ അവകാശവാദങ്ങൾ ആളുകളെ ബോദ്ധ്യപ്പെടുത്താൻ എത്ര സമയം പൗലോസ് അതു ചെയ്തു?

**അപ്പൊ. 28:23–24** – *ഒരു ദിവസം നിശ്ചയിച്ചിട്ടു പലരും അവന്റെ പാർപ്പിടത്തിൽ അവന്റെ അടുക്കൽ വന്നു; അവരോട് അവൻ*

*ദൈവരാജ്യത്തിനു സാക്ഷ്യം പറഞ്ഞു മോശെയുടെ ന്യായപ്രമാണവും പ്രവാചക പുസ്തകങ്ങളും ആധാരമാക്കി യേശുവിനെക്കുറിച്ച് അവർക്കു ബോധം വരുമാറ് രാവിലെ തുടങ്ങി സന്ധ്യവരെ വിവരിച്ചു. അവൻ പറഞ്ഞത് ചിലർ സമ്മതിച്ചു; ചിലർ വിശ്വസിച്ചില്ല.*

6. അപ്പൊ. 16:14 വായിക്കുക. ഒരു വ്യക്തി യഥാർത്ഥമായി ക്രിസ്തുവിലേക്ക് തിരിയുമ്പോൾ എന്താണ് തുറക്കപ്പെടേണ്ടത്?

**അപ്പൊ. 16:14** – *തുയത്തൈരാ പട്ടണക്കാരത്തിയും രക്താംബരം വില്ക്കുന്നവളുമായി ലിദിയ എന്നു പേരുള്ള ദൈവ ഭക്തയായൊരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. പൗലൊസ് സംസാരിച്ചത് ശ്രദ്ധിക്കേണ്ടതിനു കർത്താവു അവളുടെ ഹൃദയം തുറന്നു.*

7. അപ്പൊ. 2:37 വായിക്കുക. ഒരു വ്യക്തിയുടെ ഹൃദയം തുറക്കുകയും ആ വ്യക്തിക്ക് ബോധ്യം വരികയും ചെയ്യുമ്പോൾ എന്തു സംഭവിയ്ക്കുന്നു?

**അപ്പൊ. 2:37** – *ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു.*

8. അപ്പൊ. 16:31 ഉം 2:38 ഉം വായിക്കുക. അതിൻ പ്രകാരം ഒരു വ്യക്തി എന്താണ് ചെയ്യേണ്ടത്?

**അപ്പൊ. 16:31** – *കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നു അവർ പറഞ്ഞു.*

**അപ്പൊ. 2:38** – *പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും.*

9. അപ്പൊ. 2:42 ഉം യോഹന്നാൻ 8:31–32 വായിക്കുക. അപ്പോൾ ആ വ്യക്തി എന്തു ചെയ്യണം?

**അപ്പൊ. 2:42** – *അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു.*

**യോഹ 8:31–32** – *തന്നിൽ വിശ്വസിച്ച യെഹൂദന്മാരോട് യേശു: എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു.*

10. റോമർ 10:14–15 വായിക്കുക. പിന്നോട്ടുള്ള ക്രമപ്രകാരം (ഈ തിരുവെഴുത്തിൽ) ഒരു വ്യക്തി ക്രിസ്തുവിങ്കലേക്ക് എങ്ങിനെ വരും?

**റോമർ 10:14–15** – *എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും? "നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം" എന്ന് എഴുതിയിരിക്കുന്നുവല്ലോ.*

# ഉത്തര സൂചിക

1. മർക്കൊസ് 16:15 വായിക്കുക. ആരോടാണ് സുവിശേഷം പ്രസംഗിക്കേണ്ടത്?

   ***സകല സൃഷ്ടിയോടും, എല്ലാവരോടും***

2. മത്തായി 28:19–20 വായിക്കുക. ആരെയാണ് ശിഷ്യർ ആക്കേണ്ടത്?

   ***സകല രാജ്യത്തിലെ ജനങ്ങളെയും***

3. അപ്പൊ. 8:5, 26; 16:13–15, 23; 20:20–21വായിക്കുക. സുവിശേഷവത്കരണം എവിടെയാണ് നടന്നത?

   ***പട്ടണങ്ങളിൽ, മരുഭൂമികളിൽ, നദീതീരങ്ങളിൽ, ജയിലുകളിൽ, പൊതുസ്ഥലങ്ങളിൽ, വീടു തോറും***

4. മർക്കൊസ് 4:11–12 വായിക്കുക. യഥാർത്ഥ മാനസാന്തരം നടക്കുന്നതിനു മുമ്പായി ഒരു വ്യക്തി:

   ***E. മേല്പറഞ്ഞതെല്ലാം***

5. അപ്പൊ. 28:23–24 വായിക്കുക. പൗലൊസ് സുവിശേഷത്തെപ്പറ്റി വിശദീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തപ്പോൾ, യേശുവിന്റെ അവകാശവാദങ്ങൾ ആളുകളെ ബോദ്ധ്യപ്പെടുത്താൻ എത്ര സമയം പൗലോസ് അതു ചെയ്തു?

   ***രാവിലെ മുതൽ വൈകിട്ടു വരെ, മിക്കവാറും 6–8 മണിക്കൂർ***

6. അപ്പൊ. 16:14 വായിക്കുക. ഒരു വ്യക്തി യഥാർഥമായി ക്രിസ്തുവിലേക്ക് തിരിയുമ്പോൾ എന്താണ് തുറക്കപ്പെടേണ്ടത്?

   ***ഹൃദയം, ഒരാളുടെ ഏറ്റവും മദ്ധ്യത്തിലുള്ള ഭാഗം***

7. അപ്പൊ. 2:37 വായിക്കുക. ഒരു വ്യക്തിയുടെ ഹൃദയം തുറക്കുകയും ആ വ്യക്തിക്ക് ബോധ്യം വരികയും ചെയ്യുമ്പോൾ എന്തു സംഭവിയ്ക്കുന്നു?

   ***അവർ ശരിയായി പ്രതികരിക്കുന്നെങ്കിൽ, "ഞാനെന്താണു ചെയ്യേണ്ടത്?" എന്നവർ ചോദിക്കും***

8. അപ്പൊ. 16:31 ഉം 2:38 ഉം വായിക്കുക. അതിൻ പ്രകാരം ഒരു വ്യക്തി എന്താണ് ചെയ്യേണ്ടത്?

***മാനസാന്തരപ്പെട്ട്, കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിച്ച്, സ്നാനപ്പെടുക***

9. അപ്പൊ. 2:42 ഉം യോഹന്നാൻ 8:31–32 വായിക്കുക. അപ്പോൾ ആ വ്യക്തി എന്തു ചെയ്യണം?

***അപ്പസ്തോലന്മാരുടെ പഠിപ്പിക്കലിൽ തുടരുക. യേശുവിന്റെ വാക്കുകൾ പഠിക്കുന്നതും പ്രയോഗത്തിലാക്കുന്നതും തുടരുക***

10. റോമർ 10:14–15 വായിക്കുക. പിന്നോട്ടുള്ള ക്രമപ്രകാരം (ഈ തിരുവെഴുത്തിൽ) ഒരു വ്യക്തി ക്രിസ്തുവിങ്കലേക്ക് എങ്ങിനെ വരും?

***ആരെങ്കിലും അയക്കപ്പെടുന്നു. ആരോടെങ്കിലും പ്രസംഗിക്കുന്നു. ക്രിസ്തുവിന്റെ സന്ദേശം കേൾക്കുന്നതിനാൽ, അവർക്ക് വിശ്വസിക്കാൻ കഴിയുന്നു. വിശ്വസിക്കുന്നതിനാൽ, രക്ഷക്കായി അവർ കർത്താവിന്റെ നാമത്തെ വിളിക്കുന്നു***

## പാഠം – 16

# ഓരോരുത്തരുടെയും വരങ്ങൾ ശിഷ്യപ്പെടുത്താൻ ഉപയോഗിക്കുക

### *ഡോൺ ക്രോ*

ഓരോരുത്തരുടെയും വരങ്ങൾ മറ്റുള്ളവരെ ശിഷ്യരാക്കാൻ ഉപയോഗിക്കാം. ഈ ശിഷ്യത്വപരിശീലന പ്രവർത്തനപരിപാടി വർഷങ്ങളായി ഞങ്ങൾ വിജയകരമായി ചെയ്തു കൊണ്ടിരിക്കുന്നു. അതിലൂടെ വ്യക്തികൾ വീണ്ടു ജനനം പ്രാപിക്കുന്നതും, ആത്മാവിനാലും ജലത്താലും സ്നാനപ്പെടുന്നതും വഴി ആളുകളുടെ ജീവിതത്തിനു മാറ്റം വരുന്നത് ഞങ്ങൾ കാണുന്നു. ഒരു ദിവസം ഞാൻ എന്റെ സുഹൃത്തിനോടു സംസാരിച്ചുകൊണ്ടിരിക്കവെ പറഞ്ഞു, "ചില കാര്യങ്ങൾ നമുക്കില്ലാത്തതു പോലെ – അവ വിട്ടുപോകുന്നു." ആ സുഹൃത്ത് പറഞ്ഞു, "ഞാൻ വിചാരിച്ചതു എല്ലാം നന്നായി പോകുന്നു എന്നാണ്. എന്താണു പറഞ്ഞതിന്റെ അർത്ഥം?"

അകത്തേക്കു നോക്കിയിരിക്കുന്ന – ആളുകൾ ഇരുന്ന് പാസ്റ്ററുടെ പ്രസംഗം കേട്ട് വീട്ടിൽ പോകുന്ന – ഒരു സഭയെ, എങ്ങനെ കെട്ടിടത്തിന്റെ നാലു ചുമരുകൾക്കും അപ്പുറം എത്തുന്ന, പുറത്തേക്കു നോക്കുന്ന ഒരു സഭയാക്കാം എന്നതാണു ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാൻ പോകുന്നത്. യഥാർത്ഥ സ്ഥിതി വിവര കണക്കുകൾ പ്രകാരം: 95% ക്രിസ്ത്യാനികളും ഒരു വ്യക്തിയെപ്പോലും ക്രിസ്തുവിലേക്ക് നയിച്ചിട്ടില്ല എന്നും, 90% സുവിശേഷവത്കരണവും ക്രിസ്ത്യാനികളുടെ ഇടയിൽ തന്നെയാണ് എന്നുമാണ്. ലോകത്തിൽ ഏറ്റവും അധികം സുവിശേഷവത്കരണം നടക്കുന്ന സ്ഥലം ദേവാലയ മന്ദിരങ്ങൾ തന്നെ. സണ്ടേ സ്കൂൾ

മുറികളും ദേവാലയങ്ങളും ഒക്കെ നാം സുവിശേഷവത്കരിക്കുന്നു. നാം കെട്ടിടത്തെ സുവിശേഷവത്കരിക്കുന്ന രീതി കണ്ട്, സഭക്കൊരു പരിവർത്തനം ആവശ്യമെന്ന് നിങ്ങൾ വിചാരിക്കും.

മൂന്നാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈന്റെ സമയത്താണ് ദേവാലയ കെട്ടിടങ്ങൾ ഉണ്ടായത്. അതിനുശേഷം, നഷ്ടരായവരെ സമീപിക്കുതിനെ സംബന്ധിച്ച്, സഭ പുറം മേഖലകൾക്കു പകരം ഉൾതലങ്ങളിൽ പ്രവർത്തിക്കയും ദേവാലയ കെട്ടിടങ്ങൾക്കുള്ളിൽ ഒതുങ്ങിനില്ക്കയും ചെയ്തു തുടങ്ങി. നാം ഈ ഭിത്തിക്കുള്ളിൽ ഒതുങ്ങി നില്ക്കാതെ ബാഹ്യമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സ്ഥിതി വിവരകണക്കുകൾ പ്രകാരം 0.5% ശതമാനം (ഒരു ശതമാനത്തിൽ താഴെ) പരിപാടികൾ മാത്രമെ കെട്ടിടങ്ങളുടെ നാലു ചുമരുകൾക്കു പുറത്തേക്കു എത്തുന്നുള്ളൂ. അതുകാണിക്കുന്നത് ഇന്ന് നഷ്ടപ്പെട്ട ജനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന യാതൊരു വലിയ സംഘടനയും ഇല്ല എന്നു തന്നെയാണ്. ദേവാലയ മന്ദിരത്തിനു വെളിയിൽ ഉള്ള വ്യക്തികളിലേക്ക് എത്തി അവരെ ശിഷ്യത്വത്തിലേക്ക് നടത്തേണ്ടത്, ക്രിസ്തീയതയുടെ ഒരു ഭാഗമാണ്, അതിനെ വീണ്ടും കണ്ടു പിടിക്കേണ്ടിയിരിക്കുന്നു.

വിശ്വാസം വഴിയുള്ള നീതീകരണത്തിന്റെ വെളിപാട്, മാർട്ടിൻ ലൂതർ നവീകരണം വഴി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. 1800–കളിൽ ജോൺ വെസ്ലിയിൽ കൂടി ബഹുജന സുവിശേഷവത്ക്കരണം നടന്നു. എന്നാൽ വ്യക്തിപരമായ ശിഷ്യത്വ സുവിശേഷവത്കരണം അപ്പസ്തോലന്മാർക്കു ശേഷം നടന്നിട്ടില്ലാത്തതു പോലെ തോന്നുന്നു. "എനിക്ക് അറിയില്ല" എന്ന് നിങ്ങൾ പറയുമായിരിക്കും. ഈ പരിശീലന ക്രമത്തിലൂടെ, അത് എങ്ങിനെയാണ് എന്നു ഞങ്ങൾ കാണിച്ചുതരാം – അത് വളരെ എളുപ്പം ആണ്. നിങ്ങളുടെ സാക്ഷ്യം ഉപയോഗിച്ച് ആളുകളുമായി പ്രവർത്തിക്കാനും, പുതിയ ആളുകളെ അവരുടെ വീടുകളിൽ ചെന്നു കാണുവാനും എത്ര എളുപ്പമാണെന്നു ഞങ്ങൾ കാണിച്ചു തരാം. ഇപ്പോൾ ഇതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതാണ് നല്ല വാർത്ത.

നിങ്ങൾക്ക് ചെയ്യുവാൻ താല്പര്യമുള്ളത് മാത്രം, നിങ്ങൾ ചെയ്യണമെന്ന് വേറെ ആരെങ്കിലും ആഗ്രഹിക്കുന്നതല്ല (നിങ്ങൾ ശരിക്കും ചെയ്യാൻ ആഗ്രഹിക്കാത്തത്), എന്നാൽ കൃത്യമായും നിങ്ങൾ ചെയ്യണമെന്നാഗ്രഹിക്കുന്നത് ചെയ്യാൻ നിങ്ങൾ എങ്ങനെ ഇഷ്ടപ്പെടും?

അതിനെപ്പറ്റിയാണ് ഞങ്ങൾ പറയുന്നത്. “നോക്കൂ, ഇതാണ് ഞങ്ങൾ ചെയ്യുന്നത്: ആളുകളുടെ ജീവിതങ്ങളെ ഞങ്ങൾ സ്പർശിക്കുന്നു, അവർ രക്ഷിക്കപ്പെടുന്നു, വീണ്ടു ജനനം പ്രാപിക്കുന്നു, പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നു, ജലത്തിൽ സ്നാനപ്പെടുന്നു” എന്നു പറഞ്ഞു കൊണ്ട്, ശിഷ്യത്വ സുവിശേഷവത്കരണം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ആളുകളെ കാണിക്കുമ്പോൾ, അവർ പറയും, “അത് ഒരു വലിയ കാര്യം തന്നെ!” എന്നാൽ എന്റെ കൂടെ വരുവാൻ എത്രപേർ ആഗ്രഹിക്കുന്നു എന്നു ചോദിക്കുമ്പോൾ, ഇരുന്നൂറിൽ മൂന്നു പേർ മാത്രമേ തയ്യാറാകുകയുള്ളൂ. കാരണം, ശേഷം ഉള്ളവർ ഒന്നുകിൽ ഭയപ്പെട്ടാവാം അല്ലെങ്കിൽ എങ്ങിനെയാണ് ചെയ്യേണ്ടത് എന്ന് അറിയാത്തതായിരിക്കാം. അഥവാ, “അതു പോട്ടെ, വിഷമിക്കേണ്ട, ഭയപ്പെടേണ്ടതില്ല. ഞങ്ങൾ ബൈബിൾ ക്ലാസ്സുകളും, ശിഷ്യത്വ പാഠങ്ങളും നിങ്ങൾക്കായി ശരിയാക്കാം.” എത്രപേർ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നു? അപ്പോൾ കൂടുതൽ പേരുകാണും – പത്തോ പന്ത്രണ്ടോ – “ഞാൻ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നു” എന്ന് പറഞ്ഞുകൊണ്ട്. എന്നാൽ അത് അതും കടന്നു പോകയില്ല.

ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ വരങ്ങളും, നഷ്ടപ്പെട്ടവരിലേക്ക് എത്താനും, അവരെ സ്നേഹിക്കാനും, ശിഷ്യരാക്കാനും എങ്ങനെ ഉപ യോഗപ്പെടുത്താൻ സാധിക്കും എന്നു നിങ്ങളെ കാണിക്കുക എന്നതാണ് ഞങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നത്. അതിന് എല്ലാ വരങ്ങളും ആവശ്യമാണ്, ആ വരങ്ങളെല്ലാം ക്രിസ്തുവിന്റെ ശരീരത്തിൽ, പ്രാദേശിക സഭയിൽ മാത്രം കാണപ്പെടുന്നു. നിങ്ങളിൽ ചിലർ പറയും, “പരിശുദ്ധാത്മാഭിഷേകത്തിനും രോഗ സൗഖ്യത്തിനും അതുപോലെയുള്ള കാര്യങ്ങൾക്കും ആയി പ്രാർത്ഥിക്കാൻ ഞാൻ താല്പര്യപ്പെടുന്നു.” അതിനു മാത്രമായി നിങ്ങളെ കൊണ്ടുവരാനുള്ള ഒരു സമയം ഞങ്ങളുടെ ശിഷ്യത്വ പരിപാടിയിൽ ഉണ്ട്. മറ്റുള്ളവർ പറയും, “എനിക്കത് സുഖകരമായി തോന്നുന്നില്ല.'' എന്നാൽ നിങ്ങൾക്ക് ഒരു കേക്ക് ഉണ്ടാക്കാമോ? നിങ്ങൾക്ക് ഒരു കാർഡ് അയക്കാമോ? നിങ്ങൾക്ക് ഒരു ഫോൺ ചെയ്യാമോ? നിങ്ങൾക്ക് ഒരു വേലി പെയിന്റടിക്കാമോ? അവരുടെ വീട്ടിൽ നിന്നും ഒന്നു പുറത്തിങ്ങാനായി, ഞങ്ങൾ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഒറ്റയാൾ–മാതാവിന്റെ കുഞ്ഞിനെ നോക്കാമോ? ഇതുപോലെയുള്ള പ്രായോഗിക കാര്യങ്ങൾ ചെയ്യാമോ? മദ്ധ്യസ്ഥത എങ്ങനെ? നിങ്ങളിൽ കുറെപ്പേർ മദ്ധ്യസ്ഥതക്കും പ്രാർഥിക്കാനുമായി വിളിക്കപ്പെട്ടവരാണ്.

ഞങ്ങൾ ശുശ്രൂഷിച്ചു കൊണ്ടിരിക്കുന്നവരെ നിങ്ങൾക്കു കാണിച്ചുതരാം, അവരുടെ പേരുകൾ തരാം; അവർക്കു വേണ്ടിയും, ആഴ്ചതോറും ശിഷ്യത്വ സുവിശേഷവത്കരണം ചെയ്തുകൊണ്ടിരിക്കുന്ന കൂട്ടങ്ങൾക്കു വേണ്ടിയും, വ്യക്തിപരമായോ, കൂട്ടായോ നിങ്ങൾക്ക് പ്രാർത്ഥിക്കുകയോ മദ്ധ്യസ്ഥം പറയുകയോ ചെയ്യാം.

മറ്റുള്ളവരിലേക്ക് എത്താനും, അവരെ ശിഷ്യരാക്കുവാനും ഉള്ള അവസരം എല്ലാവർക്കും ഉണ്ട്. ഓരോ കഴിവും ഉപയോഗിക്കാൻ പറ്റിയ ഒരു പരിപാടി ഞങ്ങൾക്കുണ്ട്. ശിഷ്യത്വ പദവിയിൽ പുറത്തു പോയി ശുശ്രൂഷ ചെയ്യുവാനായി, ഒരു അദ്ധ്യാപകനും ഒരു സഹായിയും അടങ്ങിയ സംഘങ്ങളെ ഞങ്ങൾ വളർത്തിയെടുക്കുന്നു. പിന്നെ സഹായ ശുശ്രൂഷക്കാരായി രണ്ടു പേർ അവർക്കു പിന്നാലെ വന്ന് പ്രയോഗിക ചുമതലകൾ ചെയ്യുന്നു. അതായത്, ഭക്ഷണം കൊടുക്കുക, ഉണ്ടാക്കുക, കാര്യങ്ങൾ ക്രമമായി പോകുന്നുവോ എന്ന് ശ്രദ്ധിക്കുക ഇത്യാദി. ഞങ്ങൾക്കും ഞങ്ങൾ ശുശ്രൂഷ ചെയ്യുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുന്നവരും ഞങ്ങൾക്കുണ്ട്.

ഞങ്ങൾ കാണുന്നത് എന്താണെന്ന് നിങ്ങൾക്ക് അറിയാമോ? അവരെ പഠിപ്പിക്കുകയും അവരിൽ ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നതു കൊണ്ടും, ദൈവത്തിന്റെ സ്നേഹം അവരെ കാണിക്കുന്നതു കൊണ്ടും, ദൈവം അവരുടെ ജീവിതങ്ങളിൽ വ്യത്യാസം വരുത്തുന്നതു ഞങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. ഈ ശുശ്രൂഷയുടെ പ്രവർത്തനങ്ങൾ ആരാണ് ചെയ്യുന്നതെന്ന് നിങ്ങൾക്ക് അറിയാമോ? അതു ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടവർ – ജനങ്ങൾ – ആണ് അവയൊക്കെ ചെയ്യുന്നത്. എഫെസ്യർ 4:11 പറയുന്നതുപോലെ, അപ്പസ്തോലനെയും, പ്രവാചകനെയും, പ്രസംഗിയേയും, പുരോഹിതനെയും, അദ്ധ്യാപകനെയും തന്നിരിക്കുന്നത്, വിശുദ്ധരെ (വിശ്വാസികളെ) പൂർണ്ണതയിലേക്കു നടത്തി, അവരെ ശുശ്രൂഷയുടെ പ്രവൃത്തി ചെയ്യുവാൻ കെല്പുള്ളവരാക്കാനാണ്. സഭയാണ് ശുശ്രൂഷയുടെ പ്രവൃത്തി ചെയ്യുന്നത്, മുൻ പന്തിയിൽ കാണുന്ന, "പാസ്റ്റർ" എന്നു വിളിക്കപ്പെടുന്ന ആൾ മാത്രമല്ല. പാസ്റ്റർ പഠിപ്പിക്കയും, സേവന പ്രവൃത്തിക്കായി സഭയെ ഒരുക്കുകയും, അവർ പോയി അതു ചെയ്യുകയും ചെയ്യുമ്പോൾ, അതാണ് യഥാർത്ഥ വിജയം.

ഞാൻ ഉദാഹരിക്കട്ടെ. നാം ഒരു രാജ്യത്തിന്റെ മേൽ യുദ്ധം പ്രഖ്യാപിച്ചു എന്നിരിക്കട്ടെ. നമ്മുടെ രാഷ്ട്രതലവൻ പറയുകയാണ്, "യുദ്ധത്തിൽ

നമുക്ക് ഒത്തിരി ആൾക്കാരെ നഷ്ടപ്പെടുന്നു. ആയതിനാൽ, സൈന്യം വേണ്ടെന്നും, യുദ്ധത്തിന് സൈനിക മേധാവിമാരെ മാത്രം അയച്ചാൽ മതിയെന്നും ഞാൻ തീരുമാനിച്ചിരിക്കുന്നു." ലോകം മുഴുവൻ നമ്മെ നോക്കി പരിഹസിക്കും, യഥാർത്ഥത്തിൽ അതാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. അതെല്ലാം ചെയ്യാൻ നാം സൈനിക മേധാവികളെ, അഞ്ചിന ശുശ്രൂഷകരെ, മാത്രം അയക്കുന്നതിനാൽ, പിശാച് നമ്മെ പരിഹസിച്ചു കൊണ്ടിരിക്കുന്നു. "അത് അവർ ചെയ്യട്ടെ, അതു ചെയ്യാൻ നാം അവർക്കു വേതനം കൊടുക്കുന്നുണ്ട്." ഒരു സൈന്യത്തെ ഒരുക്കാൻ നാം പരാജയപ്പെട്ടു. ആ സേനയെ സജ്ജീകരിക്കാൻ ദൈവം ആഗ്രഹിക്കുന്നു, നമുക്കെല്ലാവർക്കും ലഭിച്ചിരിക്കുന്ന വരങ്ങൾ ശിഷ്യത്വ സുവിശേഷവത്കരണത്തിനായി ഉപയോഗിക്കാൻ സാധിക്കും.

ശിഷ്യത്വത്തിനുള്ള ഉപകരണങ്ങളുമായി സജ്ജമാക്കപ്പെട്ട ഒരു സേനയെ നിർമ്മിച്ചെടുക്കുന്നതിൽ സഹായിക്കാൻ – ഞങ്ങളുടെ പട്ടണത്തിൽ മാത്രമല്ല, ലോകത്തെല്ലായിടത്തും എത്തുന്ന – ഞങ്ങളാഗ്രഹിക്കുന്നു. ഞങ്ങൾ രൂപപ്പെടുത്തിയ, ശിഷ്യത്വത്തിനായുള്ള, ഈ പാഠങ്ങളും, ദൈവം ഞങ്ങൾക്കു നൽകിയിട്ടുള്ള എല്ലാ തന്ത്രങ്ങളും വഴി അതു സാധിക്കാം. എല്ലാവരും ഒത്തുകൂടി അവരുടെ വരങ്ങൾ നഷ്ടരായവരെ, പുതിയ വിശ്വാസികളെ, ശുശ്രൂഷിക്കാൻ ഉപയോഗിക്കുമ്പോൾ, പോയി രാജ്യങ്ങളെ ശിഷ്യരാക്കുക എന്ന യേശുവിന്റെ കല്പന പാലിക്കുമ്പോൾ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ശിഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അവയോടൊപ്പം ഉപയോഗിക്കേണ്ട വാകൃങ്ങളും

1. സുവിശേഷവത്കരണത്തിനും, ശിഷ്യത്വത്തിനും, നഷ്ടരായവരെ എത്തിപ്പിടിക്കുവാനുമായി ഞങ്ങൾ സംഘങ്ങളെ ക്രമീകരിക്കുന്ന രീതിയുടെ ഒരു ചുരുക്ക വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്. നിങ്ങളുടെ സഭയ്ക്ക് ഇതിൽ ഏതെങ്കിലും സംഘത്തിൽ ചേരാം. ശുശ്രൂഷക്കായുള്ള നിങ്ങളുടെ വരങ്ങളെല്ലാം ഉപയോഗിച്ച്, തുടർന്നടപടിക്കായുള്ള സംഘത്തിൽ നിങ്ങൾ തുടർന്നാൽ, ഒരു വ്യക്തിയെ നിങ്ങൾക്ക് രാജ്യത്തിലേക്കും, തികവിലേക്കും വേഗത്തിൽ കൊണ്ടുവരാൻ കഴിയും. താഴെയുള്ള ചോദ്യാവലി നിങ്ങളുടെ സഭാംഗങ്ങൾക്കു കൊടുക്കുവാനുള്ളതാണ്. അതിനുശേഷം തുടർ നടപടികൾക്കായി സംഘങ്ങളെ ക്രമീകരിക്കുക.

ഞാൻ ചെയ്യാൻ താല്പര്യപ്പെടുന്നത് ഇതാണ്: (ഒന്നോ അതിൽ കൂടുതലോ തിരഞ്ഞെടുക്കാം).

• പുതിയ ആൾക്കാരുമായി അവരുടെ വാതില്ക്കൽ സമ്പർക്കം ചെയ്യുക.

• മദ്ധ്യസ്ഥത: നഷ്ടരായവർക്കും ശിഷ്യത്വ സുവിശേഷവത്കരണ സംഘത്തിനുമായി പ്രാർത്ഥിക്കുക.

• ആവശ്യത്തിലിരിക്കുന്ന കുടുംബങ്ങൾക്ക് ആഹാരമോ മറ്റു വസ്തുക്കളോ കൊടുക്കുക.

• ഫോൺ വഴിയോ, സന്ദർശനം വഴിയോ മറ്റുള്ളവരുമായി സമ്പർക്കപ്പെടുക.

• ദയാ സുവിശേഷവത്കരണം: മറ്റുള്ളവർക്ക് ആഹാരം പാചകം ചെയ്യുക, ഒരു കാർഡ് അയയ്ക്കുക, ആവുന്ന സഹായം ചെയ്യുക.

• ഏകരായ മാതാക്കളും കുഞ്ഞുങ്ങളുമായി പ്രവർത്തിക്കുക.

• സഭയിക്കും മറ്റും വരുവാൻ ഗതാഗതം കൊടുക്കുക

- മറ്റുള്ളവ: ഞാൻ ഇത് ആഗ്രഹിക്കുന്നു.............................................

2. ശിഷ്യത്വ പാഠങ്ങൾ പഠിപ്പിച്ചതിനു ശേഷം, ഉപയോഗിക്കാവുന്ന ഒരു മാതൃകാ ഫോറം ആണ് താഴെ കാണിച്ചിരിക്കുന്നത്. എത്ര പാഠങ്ങൾ പഠിപ്പിച്ചു എന്നും അതിന്റെ ഫലം എന്താണെന്നും പാസ്റ്ററേയോ, ചുമതലപ്പെട്ടവരെയോ കാണിക്കുവാൻ ഈ ഫാറം സഹായകമാകും.

ശിഷ്യത്വപാഠങ്ങളെ തുടരുന്ന ഫലവീക്ഷണ ഫോറം

സന്ദർശന തീയതി / പാഠം :

പാഠം പഠിപ്പിച്ച വ്യക്തിയുടെ പേര് :

പഠിപ്പിച്ച സ്ഥലം :

പാഠ്യ വിഷയം :

പാഠം എങ്ങിനെ നടന്നു? :

3. യാക്കൊബ് 1:22 വായിക്കുക. നാം ദൈവത്തിന്റെ വചനം കേൾക്കുക മാത്രം ചെയ്താൽ, അതൊരിക്കലും പ്രാവർത്തികമാക്കുന്നില്ലെങ്കിൽ, നാം എന്താണ് ചെയ്തത്?

**യാക്കോബ് 1:22** – *എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.*

4. മത്തായി 7:24–27 വായിക്കുക. ഒരു ബുദ്ധിയുള്ള മനുഷ്യൻ ആയിരിക്കാൻ, യേശു പറയുന്നത് കേട്ടാൽ മാത്രം പോരാ, പിന്നെ എന്തു ചെയ്യണം?

**മത്തായി 7:24–27** – *ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവനൊക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ*

*വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലെച്ചു അതു വീണു; അതിന്റെ വീഴ്ച വലുതായിരുന്നു.*

5. എഫെസ്യർ 4:11–12 വായിക്കുക. ശുശ്രൂഷയുടെ പ്രവൃത്തികൾ ചെയ്യേണ്ടത് ആരാണ്?

**എഫെസ്യർ 4:11–12** – *അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു.*

6. അപ്പൊ. 8:1, 4 വായിക്കുക. വചനം പ്രസംഗിക്കുവാൻ എല്ലായിടത്തും പോയത് ആരാണ്?

**അപ്പൊ. 8:1** – *അവനെ കുല ചെയ്തതു ശൗലിന്നു സമ്മതമായിരുന്നു. അന്നു യെരുശലേമിലെ സഭക്കു ഒരു വലിയ ഉപദ്രവം നേരിട്ടു. അപ്പൊസ്തലന്മാർ ഒഴികെ എല്ലാവരും യെഹൂദ്യ ശമര്യ ദേശങ്ങളിൽ ചിതറിപ്പോയി.*

7. അപ്പൊ. 8:1, 4 വായിക്കുക. വചനം പ്രസംഗിക്കുവാൻ എല്ലാ ഇടങ്ങളിലും പോകാതിരുന്നത് ആരാണ്?

**അപ്പൊ. 8:4** – *ചിതറിപ്പോയവർ വചനം സുവിശേഷിച്ചും കൊണ്ടു അവിടവിടെ സഞ്ചരിച്ചു.*

8. അപ്പൊ. 11:19–22 വായിക്കുക. ആദിമ പുതിയ നിയമ സഭയിൽ ശുശ്രൂഷയുടെ പ്രവൃത്തി വിശ്വാസികൾ ചെയ്തു. അത് അപ്പൊസ്തലന്മാരുടെ നേതൃത്വത്തിലും ഉപദേശത്തിലും തുടരുകയും ചെയ്തു. ഇന്ന് നമ്മുടെ സഭകളിൽ, നേതൃത്വം കൊടുക്കുന്നവർ കാര്യങ്ങൾ തുടങ്ങുകയും, വിശ്വാസികൾ അതു തുടരുകയും ചെയ്യുന്നു. അപ്പൊ. 11:19–22 ഇതിനെ എങ്ങിനെ സ്ഥിരീകരിക്കുന്നു?

**അപ്പൊ. 11:19–22** – *സ്തെഫാനൊസ് നിമിത്തം ഉണ്ടായ ഉപദ്രവം ഹേതുവാൽ ചിതറിപ്പോയവർ യെഹൂദന്മാരോടല്ലാതെ മറ്റാരോടും വചനം സംസാരിക്കാതെ ഫൊയ്നീക്യ, കുപ്രൊസ്, അന്ത്യോക്യ*

*എന്നീ പ്രദേശങ്ങളോളം സഞ്ചരിച്ചു. അവരിൽ ചിലർ കുപ്രൊസ്കാരും കുറേനക്കാരും ആയിരുന്നു. അവർ അന്ത്യോക്യയിൽ എത്തിയശേഷം യവനക്കാരോടും കർത്താവായ യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിച്ചു. കർത്താവിന്റെ കൈ അവരോടുകൂടെ ഉണ്ടായിരുന്നു. വലിയൊരു കൂട്ടം വിശ്വസിച്ചു കർത്താവിങ്കലേക്കു തിരിഞ്ഞു. അവരെക്കുറിച്ചുള്ള ഈ വർത്തമാനം യെരുശലേമിലെ സഭയുടെ ചെവിയിൽ എത്തിയപ്പോൾ അവർ ബർന്നബാസിനെ അന്ത്യോക്യയോളം പറഞ്ഞയച്ചു.*

9. 1 കൊരിന്ത്യർ 12:14–18 വായിക്കുക. ക്രിസ്തുവിന്റെ ശരീരത്തിന്റെ ഓരോ ഭാഗവും ആവശ്യം ഉള്ളതുതന്നെ. നാം നമ്മളെ തമ്മിൽ തമ്മിൽ താരതമ്യപ്പെടുത്തരുത്. സമ്പൂർണ്ണ സമർപ്പണം എന്നത് എല്ലാം ചെയ്യുന്നതല്ല, ദൈവം നമ്മെ സജ്ജമാക്കിയതു ചെയ്യുക എന്നതാണ്. ഈ പാഠത്തിൽ നിന്നു ലഭിച്ച വിവരങ്ങൾ കൊണ്ടു നിങ്ങൾ എന്തു ചെയ്യും?

**1 കൊരിന്ത്യർ 12:14–18** – *ശരീരം ഒരു അവയവമല്ല പലതത്രേ. ഞാൻ കൈ അല്ലായ്കകൊണ്ടു ശരീരത്തിലുള്ളതല്ല എന്നു കാൽ പറയുന്നു. എങ്കിൽ അതിനാൽ അതു കരീരത്തിലുള്ളതല്ല എന്നു വരികയില്ല. ഞാൻ കണ്ണ് അല്ലായ്കകൊണ്ടു ശരീരത്തിലുള്ളതല്ല എന്നു ചെവി പറയുന്നു എങ്കിൽ, അതിനാൽ അതു ശരീരത്തിലുള്ളതല്ല എന്നും വരികയില്ല. ശരീരം മുഴുവൻ കണ്ണായാൽ ശ്രവണം എവിടെ? മുഴുവൻ ശ്രവണം ആയാൽ ഘ്രാണം എവിടെ? ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറായി വച്ചിരിക്കുന്നു.*

# ഉത്തര സൂചിക

1. സുവിശേഷവത്കരണത്തിനും, ശിഷ്യത്വത്തിനും, നഷ്ടരായവരെ എത്തിപ്പിടിക്കുവാനുമായി ഞങ്ങൾ സംഘങ്ങളെ ക്രമീകരിക്കുന്ന രീതിയുടെ ഒരു ചുരുക്ക വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്. നിങ്ങളുടെ സഭയ്ക്ക് ഇതിൽ ഏതെങ്കിലും സംഘത്തിൽ ചേരാം. ശുശ്രൂഷക്കായുള്ള നിങ്ങളുടെ കഴിവുകളെല്ലാം ഉപയോഗിച്ച്, തുടർന്നടപടിക്കായുള്ള സംഘത്തിൽ നിങ്ങൾ തുടർന്നാൽ, ഒരു വ്യക്തിയെ നിങ്ങൾക്ക് രാജ്യത്തിലേക്കും, തികവിലേക്കും വേഗത്തിൽ കൊണ്ടുവരാൻ കഴിയും. താഴെയുള്ള ചോദ്യാവലി നിങ്ങളുടെ സഭാംഗങ്ങൾക്കു കൊടുക്കുവാനുള്ളതാണ്. അതിനുശേഷം തുടർ നടപടികൾക്കായി സംഘങ്ങളെ ക്രമീകരിക്കുക.

ഞാൻ ചെയ്യാൻ താല്പര്യപ്പെടുന്നത് ഇതാണ്: (ഒന്നോ അതിൽ കൂടുതലോ തിരഞ്ഞെടുക്കാം).

- പുതിയ ആൾക്കാരുമായി അവരുടെ വാതില്ക്കൽ സമ്പർക്കം ചെയ്യുക.

- മദ്ധ്യസ്ഥത: നഷ്ടരായവർക്കും ശിഷ്യത്വ സുവിശേഷവത്കരണ സംഘത്തിനുമായി പ്രാർത്ഥിക്കുക.

- ആവശ്യത്തിലിരിക്കുന്ന കുടുംബങ്ങൾക്ക് ആഹാരമോ മറ്റു വസ്തുക്കളോ കൊടുക്കുക.

- ഫോൺ വഴിയോ, സന്ദർശനം വഴിയോ മറ്റുള്ളവരുമായി സമ്പർക്കപ്പെടുക.

- ദയാ സുവിശേഷവത്കരണം: മറ്റുള്ളവർക്ക് ആഹാരം പാചകം ചെയ്യുക, ഒരു കാർഡ് അയയ്ക്കുക, ആവുന്ന സഹായം ചെയ്യുക.

- ഏകരായ മാതാക്കളും കുഞ്ഞുങ്ങളുമായി പ്രവർത്തിക്കുക.

- സഭയിക്കും മറ്റും വരുവാൻ ഗതാഗതം കൊടുക്കുക

- മറ്റുള്ളവ: ഞാൻ ഇത് ആഗ്രഹിക്കുന്നു.............................................

2. ശിഷ്യത്വ പാഠങ്ങൾ പഠിപ്പിച്ചതിനു ശേഷം, ഉപയോഗിക്കാവുന്ന ഒരു മാതൃകാ ഫോറം ആണ് താഴെ കാണിച്ചിരിക്കുന്നത്. എത്ര പാഠങ്ങൾ പഠിപ്പിച്ചു എന്നും അതിന്റെ ഫലം എന്താണെന്നും പാസ്റ്ററേയോ, ചുമതലപ്പെട്ടവരെയോ കാണിക്കുവാൻ ഈ ഫാറം സഹായകമാകും.

ശിഷ്യത്വപാഠങ്ങളെ തുടരുന്ന ഫലവീക്ഷണ ഫോറം

സന്ദർശന തീയതി / പാഠം :

പാഠം പഠിപ്പിച്ച വ്യക്തിയുടെ പേര് :

പഠിപ്പിച്ച സ്ഥലം :

പാഠ്യ വിഷയം :

പാഠം എങ്ങിനെ നടന്നു?

3. യാക്കൊബ് 1:22 വായിക്കുക. നാം ദൈവത്തിന്റെ വചനം കേൾക്കുക മാത്രം ചെയ്താൽ, അതൊരിക്കലും പ്രാവർത്തികമാക്കുന്നില്ലെങ്കിൽ, നാം എന്താണ് ചെയ്തത്?

***നമ്മെതന്നെ ചതിക്കുകയാണ്***

4. മത്തായി 7:24–27 വായിക്കുക. ഒരു ബുദ്ധിയുള്ള മനുഷ്യൻ ആയിരിക്കാൻ, യേശു പറയുന്നത് കേട്ടാൽ മാത്രം പോരാ, പിന്നെ എന്തു ചെയ്യണം?

***അതു നാം ചെയ്യണം***

5. എഫെസ്യർ 4:11–12 വായിക്കുക. ശുശ്രൂഷയുടെ പ്രവൃത്തികൾ ചെയ്യേണ്ടത് ആരാണ്?

***വിശുദ്ധർ (വിശ്വാസികൾ), അല്ലാതെ പുരോഹിതന്മാർ എന്നു പരാമർശിക്കപ്പെടുന്ന ഒരു പ്രത്യേക വിഭാഗം അല്ല***

6. അപ്പൊ. 8:1, 4 വായിക്കുക. വചനം പ്രസംഗിക്കുവാൻ എല്ലായിടത്തും പോയത് ആരാണ്?

***ചിതറിപ്പാർത്ത വിശ്വാസികൾ***

7. അപ്പൊ. 8:1, 4 വായിക്കുക. വചനം പ്രസംഗിക്കുവാൻ എല്ലാ ഇടങ്ങളിലും പോകാതിരുന്നത് ആരാണ്?

***അപ്പൊസ്തലന്മാർ. ശിഷ്യത്വത്തിന്റെയും സുവിശേഷവത്കരണത്തിന്റെയും ഉത്തരവാദിത്വം ആദിമ സഭക്ക് ആയിരുന്നു എന്ന് ഇതിൽ നിന്നും കാണാം***

8. അപ്പൊ. 11:19–22 വായിക്കുക. ആദിമ പുതിയ നിയമ സഭയിൽ ശുശ്രൂഷയുടെ പ്രവൃത്തി വിശ്വാസികൾ ചെയ്തു. അത് അപ്പൊസ്തലന്മാരുടെ നേതൃത്വത്തിലും ഉപദേശത്തിലും തുടരുകയും ചെയ്തു. ഇന്ന് നമ്മുടെ സഭകളിൽ, നേതൃത്വം കൊടുക്കുന്നവർ കാര്യങ്ങൾ തുടങ്ങുകയും, വിശ്വാസികൾ അതു തുടരുകയും ചെയ്യുന്നു. അപ്പൊ. 11:19–22 ഇതിനെ എങ്ങിനെ സ്ഥിരീകരിക്കുന്നു?

***കർത്താവിങ്കലേക്ക് പുതിയ വിശ്വാസികൾ തിരിഞ്ഞത് സഭ കേട്ടപ്പോൾ, അവരെ സഹായിക്കാൻ ബർന്നബാസിനെ അവിടേക്ക് അയച്ചു (വാക്യം 22)***

9. 1 കൊരിന്ത്യർ 12:14–18 വായിക്കുക. ക്രിസ്തുവിന്റെ ശരീരത്തിന്റെ ഓരോ ഭാഗവും ആവശ്യം ഉള്ളതുതന്നെ. നാം നമ്മളെ തമ്മിൽ തമ്മിൽ താരതമ്യപ്പെടുത്തരുത്. സമ്പൂർണ്ണ സമർപ്പണം എന്നത് എല്ലാം ചെയ്യുന്നതല്ല, ദൈവം നമ്മെ സജ്ജമാക്കിയതു ചെയ്യുക എന്നതാണ്. ഈ പാഠത്തിൽ നിന്നു ലഭിച്ച വിവരങ്ങൾ കൊണ്ടു നിങ്ങൾ എന്തു ചെയ്യും?

***പുറത്തുപോയി എന്റെ ദാനങ്ങൾ/കഴിവുകൾ മറ്റുള്ളവരെ സഹായിക്കാൻ ഉപയോഗിച്ച്, ഈ കാര്യങ്ങൾ പ്രായോഗികമാക്കാം എന്ന് പ്രതീക്ഷിക്കുന്നു***

# CONTACT DETAILS

## INDIA

www.awmindia.net info@awmindia.net

## Locations:

### Hyderabad

42-343/1/188, Near Flora Hotel, Maruthi Nagar
A S Rao Nagar, Hyderabad 500 040, INDIA.
Ph: (040) 4028 0718

### Chennai

72-D, Nandhini Mahal, I Floor, Velachery Main Road
Velachery, Chennai 600 042, INDIA.
Ph: (044) 4202 1820

### Mumbai

Bethel, Plot No 305/E, Mith Chowky, Near Girdhar Park
Malad (W), Mumbai 400 064, INDIA.
Ph: +91 8976549515

### Delhi

Phone: +91 9560591787

## USA

Andrew Wommack Ministries Inc.
PO Box 3333, Colorado Springs CO 80934-3333
www.awmi.net

## UK

Andrew Wommack Ministries - Europe
PO Box 4392, Walsall, WS1 9AR, ENGLAND
www.awme.net